www.malankaralibrary.com

# ശ്രേഷ്ഠതയിലേക്ക്



ഡി. മംഗലത്ത്

www.malankaralibrary.com

# ശ്രേഷ്ഠതയിലേക്ക്

## ഗാന്ധിയൻ ആദർശങ്ങളും ക്രൈസ്തവമൂല്യങ്ങളും

ഡാനിയേൽ മംഗലത്ത് M. A., L. Ph., L. Th.
(എഡിറ്റർ)

No. 45

Oriental Institute of Religious Studies, India,
St. Thomas Apostolic Seminary,
Kottayam 686 010.

www.malankaralibrary.com

# ശ്രേഷ്ഠതയിലേക്ക്

## ഗാന്ധിയൻ ആദർശങ്ങളും ക്രൈസ്തവമൂല്യങ്ങളും

ഡാനിയേൽ മംഗലത്തു് M. A., L. Ph., L. Th.
(എഡിറ്റർ)

No. 45

Oriental Institute of Religious Studies, India,
St. Thomas Apostolic Seminary,
Kottayam 686 010.

www.malankaralibrary.com

SRESHTATHAYILEK:

The Gandhian Ideals and the Christian Values

(Malayalam)

Fr. Daniel Mangalath (Ed.)
St. Thomas Ap. Seminary
Kottayam 686 010

First published:
January 1981

Copyright to the editor

Cover design:
Thomas Vazhacharickal

Printed at:
Good Shepherd Press, Kottayam

Price: Rs. 12.00

Published by and available at:
Oriental Institute of Religious Studies,
St. Thomas Ap. Seminary, Vadavathoor,
Kottayam 686 010.

www.malankaralibrary.com

## കോ-എഡിറ്റേഴ്സ്

ജോസഫ് ആടിമാക്കീൽ
മാത്യു താന്നിയത്തു്
ദേവസ്സി പന്തല്ലൂക്കാരൻ
സെബാസ്റ്റ്യൻ പാട്ടത്തിൽ
ജേക്കബ് വടക്കേൽ

## ഈ ഗ്രന്ഥരചനയിൽ സഹകരിച്ചവർ

ഡേവീസ് കാവുങ്കൽ
ജേക്കബ് ചുണ്ടക്കാട്ട്
വിൻസൻറ് ചെമ്പകശ്ശേരി
ജോസഫ് തടത്തിൽ
ഹോർമീസ് തോട്ടക്കര
ജോൺ പുന്നോലിൽ
ജോർജ്ജ് മങ്കുഴിക്കരി
ജോസ് മഞ്ചപ്പിള്ളി
ജോർജ്ജ് മണ്ഡപത്തിൽ
തോമസ് മാടപ്പള്ളിൽ

www.malankaralibrary.com

# ആമുഖം

മനുഷ്യൻ ആദർശത്തിന്റെ യോദ്ധാവാണ്. ആദർശത്തിനുവേണ്ടിയുള്ള ജീവിതമാണ് ഒരുവനെ ശ്രേഷ്ഠനാക്കുക. ആദർശങ്ങൾ മൂല്യങ്ങളാണ്. മനുഷ്യാന്തസ്സിനനുയോജ്യമായ മൂല്യങ്ങൾ അന്വേഷിച്ചു കണ്ടെത്തുക, അവയെ ഉൾക്കൊണ്ട് അവയുടെ സാക്ഷാത്ക്കാരത്തിനായി ജീവിക്കുക: ഇതാണ് മാനുഷികമായ ജീവിതം. മനുഷ്യയാഥാർത്ഥ്യത്തെപ്പറ്റിയുള്ള വ്യക്തവും കൃത്യവുമായ ദർശനത്തിനു മാത്രമേ ജീവിതത്തെ ചൈതന്യവത്തും ആസ്വാദ്യവുമാക്കാൻ സാധിക്കൂ.

ശാസ്ത്രീയ സാങ്കേതിക രംഗങ്ങളിൽ അത്ഭുതാവഹമായ നേട്ടങ്ങൾ വരിച്ച ആധുനിക മനുഷ്യന്റെ ഏറ്റം വലിയ പ്രശ്നം അവൻ തന്നെയാണ്. 'ആരാണ് ഈ ഞാൻ?' 'ജീവിതത്തിന്റെ അർത്ഥമെന്ത്?' 'ലക്ഷ്യമെന്ത്?' 'അദ്ധ്വാനത്തിന്റെ മൂല്യമെന്ത്?' സ്വന്തം അസ്തിത്വത്തെപ്പറ്റി അവബോധമുള്ള ഏതൊരു വ്യക്തിയും ചോദിക്കേണ്ട ഈവക ചോദ്യങ്ങൾ പൂർവ്വാധികം ആവേശത്തോടും, പ്രസക്തിയോടുംകൂടി അവൻ ഇന്ന് ചോദിക്കുന്നു. തന്നെപ്പറ്റി തന്നെ ഒരുതരം അപരിചിതത്വം, ആന്തരിക അന്യവത്ക്കരണം അവനനുഭവപ്പെടുന്നു. ജീവിതത്തിന് അർത്ഥവും, ലക്ഷ്യവും ഇല്ല എന്ന തോന്നൽ അവനെ അസ്വസ്ഥനാക്കുന്നു. സ്വന്തം അന്തസ്സിനെപ്പറ്റി അവബോധമില്ലാത്ത മനുഷ്യന് മനുഷ്യോചിതമായി ജീവിക്കുവാൻ സാധിക്കുകയില്ല. മനുഷ്യനായി ജീവിക്കാത്ത മനുഷ്യൻ ഒരു വൈരുദ്ധ്യമാണ്. ഈ ആന്തരിക വൈരുദ്ധ്യത്തിന്റെ പ്രത്യാഘാതങ്ങൾ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും പ്രതിഫലിക്കുന്നു. അസ്തിത്വത്തിന്റെ ഭാണ്ഡവും പേറി, ജീവിതത്തിന്റെ അർത്ഥവും തേടി അലയുന്ന സമകാലീനൻ സുസ്ഥിതിക്കും, സമാധാനത്തിനുമായി എല്ലാ വാതിലിലും മുട്ടുന്നു.

മൂല്യശോഷണവും, നിരർത്ഥകവാദവും ശക്തിപ്പെട്ട ഇരുപതാം നൂറ്റാണ്ടിൽ അവ ഉയർത്തിവിട്ട കാർമേഘപടലങ്ങൾക്കിടയിലെ വെള്ളിരേഖയാണ് മൂല്യാന്വേഷിയായ ഗാന്ധിജി. പോർബന്തറിലെ മോഹൻദാസ് കരംചന്ദ്ഗാന്ധി 'മഹാത്മാഗാന്ധി' ആയതിന്റെ പിന്നിൽ മൂല്യാന്വേഷണത്തിന്റേയും, അർത്ഥദർശനത്തിന്റേയും, ആത്മബലത്തിന്റേയും, അദ്ധ്വാനത്തിന്റേയും വലിയൊരു കഥയുണ്ട്. സ്വന്തം ജീവിതം 'സത്യാന്വേഷണ' പരീക്ഷണശാലയാക്കിയ അദ്ദേഹം കണ്ടെത്തിയ 'സത്യം' സ്വന്തം ജീവിതത്തിൽ പ്രായോഗികമാക്കാൻ പരിശ്രമിച്ചു. ജീവിതസഖിയായി സത്യത്തെ സ്വയംവരം ചെയ്തു. അദ്ദേഹത്തിന്റെ ജീവിതനിയമം

www.malankaralibrary.com



സത്യം തന്നെയായ സ്നേഹമായിരുന്നു. ജീവിതശൈലി സത്യാഗ്രഹവും. സത്യത്തിനുവേണ്ടിയുള്ള ജീവിതം മോഹൻദാസ് കരംചന്ദ് ഗാന്ധിയെ മഹാത്മാഗാന്ധിയാക്കി. മനസ്സാക്ഷിയുടെ നിമന്ത്രണങ്ങൾ ദൈവത്തിൻെറ ശബ്ദമായി തിരിച്ചറിഞ്ഞു് തദനുസാരം പ്രവർത്തിച്ച ഗാന്ധിജി അതുല്യമായ ആത്മബലത്തിൻെറയും അപ്രതിരോദ്ധ്യമായ ആജ്ഞാശക്തിയുടേയും ഉടമയായി മാറി. സത്യത്തിനുവേണ്ടി പൊരുതി പോർക്കളത്തിൽ വീണ അദ്ദേഹത്തെ മരണം അമർത്യനാക്കി. സത്യത്തിനും, നീതിക്കും, സ്നേഹത്തിനും സാഹോദര്യത്തിനും, ഈശ്വരനും, മനുഷ്യനും വേണ്ടി ജീവിക്കുകയും രക്തസാക്ഷിയാവുകയും ചെയ്ത ഗാന്ധിജി ഭാരതസംസ്കാരത്തിൻെറയും, ആദ്ധ്യാത്മികതയുടേയും പ്രതീകവും പ്രതിനിധിയുമാണ്. പതിനായിരങ്ങളുടെ ഹൃദയകോവിലുകളിൽ ആദർശദീപമായി, മനുഷ്യത്വത്തിൻെറ മാനദണ്ഡമായി അദ്ദേഹം ഇന്നു് വിരാജിക്കുന്നു.

ഈശ്വരൻ സത്യമാണെന്നും, സത്യംതന്നെയാണ് ഈശ്വരനെന്നും തൻെറ ജീവിതപരീക്ഷണശാലയിൽ ഗാന്ധിജി കണ്ടെത്തി. ഈശ്വരനിൽ അടിയുറച്ചു് വിശ്വസിച്ച അദ്ദേഹം ഈശ്വരൻെറ പ്രതിഛായയായ മനുഷ്യൻെറ മാഹാത്മ്യത്തിലും വിശ്വസിച്ചു. ദൈവികസ്ഫുലിംഗങ്ങൾ ഉൾക്കൊള്ളുന്നവനായ മനുഷ്യൻ ഭൗതീകതയുടെ അതിർവരമ്പുകൾ ഉല്ലംഘിച്ചു് അമർത്യതയുടെ തീരങ്ങളിൽ എത്തിച്ചേരേണ്ടവനാണെന്നുള്ള കാര്യത്തിൽ അദ്ദേഹത്തിനു് സംശയമൊന്നും ഉണ്ടായിരുന്നില്ല. ഈശ്വരവിശ്വാസവും, മനുഷ്യമൂല്യബോധവും ഗാന്ധിയൻ ചിന്തയുടേയും ജീവിതത്തിൻെറയും മൂലക്കല്ലുകളാണ്. അദ്ദേഹത്തിൻെറ മതദർശനത്തിലും, മനുഷ്യദർശനത്തിലും, ധാർമ്മികവീക്ഷണത്തിലും, രാഷ്ട്രമീമാംസയിലും സാമ്പത്തികനയങ്ങളിലും, വിദ്യാഭ്യാസപരിപാടികളിലുമെല്ലാം ഇവയുടെ അലയൊലികൾ സുവ്യക്തമായി കേൾക്കാം. ഇവയുടെ ഉല്പന്നങ്ങളും, പ്രവർത്തനരീതികളുമായിരുന്നു അഹിംസയും സത്യാഗ്രഹവും. ഗാന്ധിജിയുടെ ആശയങ്ങളും, ജീവിതശൈലിയും ഏതൊരുവൻെറയും പരിചിന്തനത്തിനു് വിഷയമാകേണ്ടതാണ്; പ്രത്യേകിച്ചും 'മനുഷ്യ'നാകാൻ, അതും ശ്രേഷ്ഠനായ മനുഷ്യനാകാൻ ആഗ്രഹിക്കുന്നവരുടെ ചിന്തയ്ക്കു്.

സത്യത്തിനും പ്രകാശത്തിനും അമർത്യതയ്ക്കുമായി ആത്മാർത്ഥമായി പ്രാർത്ഥിച്ച ഭാരതമനസ്സാക്ഷിയുടെ ഉത്തമ സന്താനമാണു് ഗാന്ധിജി. അദ്ദേഹത്തിൻെറ സത്യാന്വേഷണവും, സത്യാഗ്രഹവും, സമർപ്പണവുമെല്ലാം നിത്യസത്യവും, നിത്യജീവനും, പരമപ്രകാശവുമായ ക്രിസ്തുവിലേയ്ക്കു് ഒരുവനെ നയിയ്ക്കും. ഗാന്ധിജി അന്വേഷിച്ച സത്യം നിത്യസത്യമല്ലേ? സത്യാഗ്രഹനിയമം സ്നേഹനിയമത്തിലധിഷ്ഠിതമല്ലേ? അദ്ദേഹം വിഭാവനം ചെയ്ത ധാർമ്മിക

www.malankaralibrary.com



സമൂഹം സത്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ മനുഷ്യസാഹോദര്യവും കൂട്ടായ്മയുമല്ലേ? ഗാന്ധിയൻ പാതകളിലൂടെയുള്ള അന്വേഷണം നമ്മിൽ ഉയർത്തുന്ന ചോദ്യങ്ങളാണിവ.

തുറന്ന മനസ്സോടെയുള്ള ഗാന്ധിയൻ ചിന്തകളുടെ പഠനം ഇന്ത്യൻ ആദ്ധ്യാത്മിക ശൈലിയെപ്പററിയും അതിനാധാരമായ മൂല്യങ്ങളെപ്പററിയും ആഴമായ അറിവ് പ്രദാനം ചെയ്യുന്നതോടൊപ്പം നിത്യസത്യമായ, യഥാർത്ഥ മൂല്യമായ ക്രിസ്തുവിനോട് കൂടുതൽ അടുക്കുവാനും സഹായിക്കും എന്ന ബോദ്ധ്യമാണ് ഈ ഗ്രന്ഥരചനയുടെ പിന്നിലുള്ള പ്രേരണ. ആശയപ്രചരണത്തേക്കാറം അനുഭവത്തിൻെറ പങ്കുവയ്ക്കലാണിത്. ഞങ്ങറംക്കുണ്ടായ അനുഭവത്തിനാധാരമായ അവസരം സഹൃദയക്കും സംപ്രാപ്യമാക്കുകയാണിവിടെ.

ഈ ഗ്രന്ഥം ഒരു വ്യക്തിയുടെ നേട്ടമല്ല. ഒരു സംഘത്തിൻെറ ഏതാണ്ട് അഞ്ചുവർഷത്തെ പഠനത്തിൻെറയും, ചർച്ചയുടെയും, പരിചിന്തനത്തിൻെറയും, ധ്യാനത്തിൻെറയുമെല്ലാം ആകെത്തുകയാണ്. ഞങ്ങളുടെ അനുഭവം ഞങ്ങറം പങ്കുവയ്ക്കുന്നു. ഈ പങ്കുവയ്ക്കൽകൊണ്ട് മനുഷ്യൻെറ അന്തസ്സിനേയും, ജീവിതത്തിൻെറ ലക്ഷ്യത്തേയും, അർത്ഥത്തേയും പററി കാര്യമായി ചിന്തിക്കുവാൻ അനുവാചകർക്കിടയായാൽ, ശ്രേഷ്ഠമനുഷ്യനായ ക്രിസ്തുവിലേയ്ക്ക് ഗാന്ധിജി ഒരു വഴികാട്ടിയായി അനുഭവപ്പെട്ടാൽ ഞങ്ങറം കൃതാർത്ഥരായി, ധന്യരായി.

ഈ ഗ്രന്ഥത്തിനു രൂപം നല്കുവാൻ സഹായിച്ച എല്ലാവരേയും നന്ദിയോടെ സ്മരിക്കുന്നു: ഈ സെമിനാരിയുടെ റെക്ടർ മോൺ. സഖറിയാസ് വാഴപ്പിള്ളി, പ്രൊക്കുറേറർ ഫാ. ജേക്കബ് പ്ലാത്തോട്ടം, ലൈബ്രേറിയൻ ഫാ. പോറം മാറോക്കി, ഓറിയൻറൽ ഇൻസ്റ്റിററ്യൂട്ടിൻെറ പ്രസിഡൻറ് ഫാ. സേവ്യർ കൂടപ്പുഴ, എല്ലാവിധ പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും നല്കിയ എൻെറ സഹാദ്ധ്യാപകർ; കൈയെഴുത്തുപ്രതി പകർത്തിയെഴുതിത്തന്ന സെബാസ്റ്റ്യൻ ചേമ്പാലക്കുന്നേൽ, പോളി പടയാട്ടി; പ്രസ്സ് പ്രൂഫ് വായിച്ചും മററു പലതരത്തിലും സഹായിച്ച ഇൻസ്റ്റിററ്യൂട്ടിൻെറ സെക്രട്ടറി റവ. വർഗ്ഗീസ് ചാലിശ്ശേരി, വർഗ്ഗീസ് വലിയപറമ്പിൽ, ജോയ് കറുകപ്പറമ്പിൽ, മാത്യു അറമ്പൻകുടിയിൽ, ജോസ് വടക്കേക്കുററ്, ജോസ് ഓലിയപ്പുറത്ത്; അനുബന്ധവും ഗ്രന്ഥസൂചിയും തയ്യാറാക്കാൻ സഹായിച്ച സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ, ജോർജ്ജ് വാണിയപ്പുരയ്ക്കൽ; കവർ ഡിസൈൻ ചെയ്ത തോമസ് വാഴചാരിക്കൽ,.... എല്ലാവർക്കും സ്നേഹവും നന്ദിയും.

സെ. തോമസ് സെമിനാരി
കോട്ടയം 686010
30–1–1981

ഡി. മംഗലത്ത്

www.malankaralibrary.com

# ഉള്ളടക്കം

ആമുഖം

ഉള്ളടക്കം

I മതദർശനം 13

A ഈശ്വരദർശനം 16

1 ദൈവാസ്തിത്വം 16
2 ദൈവം സത്യമാണ് 18
3 സത്യം ദൈവമാണ് 19
4 ദൈവം 'ധർമ്മം' ആണ് 20
5 ജീവിതലക്ഷ്യവും മാർഗ്ഗങ്ങളും 21

B ഗാന്ധിജിയും മതങ്ങളും 23

1 മതം എന്നാൽ എന്ത്? 24
2 ഗാന്ധിജിയെ സ്വാധീനിച്ച ഘടകങ്ങൾ 25
3 ഗാന്ധിജിയും വിവിധമതങ്ങളും 26
4 ഹിന്ദുമതം 27
5 ബുദ്ധമതം 29
6 ജൈനമതം 30
7 ക്രിസ്തുമതം 31

a) മതവുമായി പരിചയപ്പെടുന്നു 31
b) ക്രിസ്തു ഗാന്ധിജിയുടെ വീക്ഷണത്തിൽ 32

8 ഗാന്ധിജി ക്രിസ്തുമതത്തിന്റെ വിമർശകൻ 35

a) യേശുവിന്റെ ദൈവികത്വം 35
b) മിഷൻ പ്രവർത്തനം 36
c) മതപരിവർത്തനം 37
d) ക്രിസ്തുമതത്തെ നിരസിക്കുന്നു 37

C വിലയിരുത്തൽ 39

II മനുഷ്യദർശനം 43

A വ്യക്തിമാഹാത്മ്യം 45

1 പരിണാമമനുഷ്യൻ 46
2 വ്യക്തിയുടെ സ്വഭാവം 46
3 ജീവന്റെ ഏകതാഭാവം 50
4 ആദ്ധ്യാത്മിക ഹ്യൂമനിസം 51
5 വ്യക്തിയും സമൂഹവും 54
6 വിലയിരുത്തൽ 58

www.malankaralibrary.com



B സാമൂഹ്യപ്രശ്നങ്ങൾക്കെതിരെ 60

1 മതസൗഹാർദ്ദം 60
2 സ്ത്രീസമത്വം 61
3 മദ്യനിരോധനം 62
4 അയിത്തോച്ചാടനം 64

C വിദ്യാഭ്യാസം 67

1 വിദ്യാഭ്യാസലക്ഷ്യങ്ങൾ 68
a) സ്വഭാവരൂപവല്ക്കരണം 68
b) ഈശ്വരവിശ്വാസം 69
c) സാമൂഹ്യസേവനം 69
d) ഹരിജനസേവനം 70
e) സത്യാഗ്രഹി രൂപീകരണം 70
2 സാഹചര്യങ്ങൾ 71
a) ഗ്രാമീണഇന്ത്യ 71
b) ഇന്നത്തെ വിദ്യാഭ്യാസത്തിൻെറ വികലതകൾ 71
3 അടിസ്ഥാനവിദ്യാഭ്യാസം 75
4 ഉന്നതവിദ്യാഭ്യാസം 79
6 വിമർശനങ്ങൾ 80
6 വിലയിരുത്തൽ 81
7 ഉപസംഹാരം 84

D ധാർമ്മികസംസ്കാരം 85

1 ധാർമ്മികസംസ്കാരത്തിൻെറ അടിസ്ഥാനതത്ത്വങ്ങൾ 86
2 പാശ്ചാത്യസംസ്കാരത്തിൻെറ വിമർശകൻ 88
3 വിലയിരുത്തൽ 89

III ധാർമ്മികവീക്ഷണം 91

A വ്യക്തിയും ധാർമ്മികതയും 93

1 ധാർമ്മികതയുടെ സ്രോതസ്സ് 94
2 ധാർമ്മികപ്രവൃത്തി 95
3 മനസ്സാക്ഷി 96
4 ധാർമ്മികമതം 97

B അടിസ്ഥാനപുണ്യങ്ങൾ 100

1 അഹിംസ 100
2 സത്യം 101
3 അസ്തേയം 103
4 അപരിഗ്രഹം 104
5 ബ്രഹ്മചര്യം 105
6 നിർഭയത്വം 107
7 അടിസ്ഥാനപുണ്യങ്ങളും ക്രൈസ്തവമതവും 107

www.malankaralibrary.com



C മാർഗ്ഗവും ലക്ഷ്യവും 110

1 ധാർമ്മികാധിഷ്ഠിതമാർഗ്ഗം 110
2 അഹിംസാധിഷ്ഠിതമാർഗ്ഗം 111
3 ഗാന്ധിജിയും കാറൽമാർക്സും 111

IV രാഷ്ട്രീയദർശനം 115

A ഗാന്ധിയൻ രാഷ്ട്രീയത്തിന് ഒരാമുഖം 117

1 ഗാന്ധിയൻ രാഷ്ട്രീയത്തിന്റെ അടിസ്ഥാനം 118
2 ഗാന്ധിയൻ രാഷ്ട്രീയത്തിൽ മതത്തിനും ധാർമ്മികതക്കും ഉള്ള സ്ഥാനം 119
3 ഗാന്ധിയൻ രാഷ്ട്രീയം പ്രയോഗത്തിൽ 120
4 ഗാന്ധിയൻ രാഷ്ട്രീയചിന്തയിലെ മുഖ്യാശയങ്ങൾ 121
a) സ്വാതന്ത്ര്യം 121
b) സമത്വവും നീതിയും 121
5 സ്വാതന്ത്ര്യസമ്പാദനമാർഗ്ഗങ്ങൾ 122

B അഹിംസ 123

1 എന്താണ് ഹിംസ? 123
2 എന്താണ് അഹിംസ? 124
3 അഹിംസാസിദ്ധാന്തം പ്രായോഗികതലത്തിൽ 124
4 അഹിംസയും സത്യവും 126
5 അഹിംസയും ഭയവും 127
6 അഹിംസയുടെ ശക്തി 128
7 സഹനസമരസിദ്ധാന്തം 129
8 അഹിംസാസിദ്ധാന്തത്തിന്റെ പ്രസക്തി ഇന്ന് 130
9 അഹിംസാസിദ്ധാന്തവും ക്രിസ്തുമതവും 130

C സത്യാഗ്രഹം 132

1 എന്താണ് സത്യാഗ്രഹം? 132
2 സത്യാഗ്രഹവും നിവർത്തനസമരവും 132
3 സത്യാഗ്രഹസ്രോതസ്സ് 133
4 സത്യാഗ്രഹത്തിന്റെ വളർച്ച 134
5 സത്യാഗ്രഹത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ 135
a) ജീവന്റെ അടിസ്ഥാനപരമായ ഐക്യം 135
b) അഹിംസ 136
c) കർമ്മനിയമം 136
d) സഹനസിദ്ധാന്തം 137
e) മനുഷ്യനിലെ അടിസ്ഥാന നന്മ 137
f) സത്യമേവ ജയതേ! 138
6 സത്യാഗ്രഹം പ്രയോഗത്തിൽ 138
a) നിസ്സഹകരണം 139
b) നിയമലംഘനം 139
c) ഉപവാസം 140

www.malankaralibrary.com




7 സത്യാഗ്രഹത്തിൻെറ പ്രസക്തി 141
8 സത്യാഗ്രഹത്തിൻെറ സാവ്വത്രികത 142
9 സത്യാഗ്രഹവും ക്രൈസ്തവദശനവും 143

D ഗാന്ധിജി വിഭാവനം ചെയ്ത ക്ഷേമരാഷ്ട്രം 144

1 ആദശ്സമൂഹത്തിൻെറ ആവശ്യകത 144
a) ആസന്നമായ സ്വരാജ് 145
സ്വരാജിലെ ഭരണസംവിധാനം 147
b) അഹിംസാധിഷ്ഠിത സമൂഹം 149
പ്രബുദ്ധമായ അരാജകത്വം 149
c) രാമരാജ്യം (ആദശ്സമൂഹം) 150
2 രാമരാജ്യം വെറും സ്വപ്നമോ? 151
3 ഗാന്ധിജിയുടെ രാമരാജ്യവും ക്രിസ്തുവിൻെറ ദൈവരാജ്യവും 153

V സാമ്പത്തികശാസ്ത്രം 155

A ഗാന്ധിജി ഒരു ധനതത്ത്വശാസ്ത്രജ്ഞൻ 158

1 ഗാന്ധിയൻ ധനതത്ത്വശാസ്ത്രത്തിൻെറ പ്രത്യേകതകരം 161
2 ഗ്രാമവികസനം 163

B ഖാദി 165

1 ഖാദിപ്രസ്ഥാനം 167
2 ഖാദിയുടെ തത്ത്വം 167
3 ഖാദിയുടെ ലക്ഷ്യങ്ങരം 168
4 ഖാദിയുടെ മേന്മകരം 169
a) സാമ്പത്തികം 169
b) ധാമ്മികം 169
c) രാഷ്ട്രീയം 170
5 മററു ഗ്രാമീണവ്യവസായങ്ങരം 171
6 വിമശ്നങ്ങരം 172

C വ്യാവസായികസമ്പദ് വ്യവസ്ഥ 173

D ഗാന്ധിജിയും ഇസങ്ങളും 175

1 സോഷ്യലിസവും കമ്മ്യൂണിസവും 175
2 ട്രസ്റ്റിഷിപ്പ് 178

E മുതലാളി—തൊഴിലാളി ബന്ധങ്ങരം 182

1 മുതലാളിയുടെ കടമകരം 183
2 തൊഴിലാളികളുടെ കടമകരം 183
3 തൊഴിൽ സമരങ്ങരം 185

F ആഹാരാത്ഥാദ്ധ്വാനം 186

1 ആവശ്യകത 187

www.malankaralibrary.com



a) മതപരം 188
b) സാമ്പത്തികവികസനം 189
c) തൊഴിലിൻെറ മാഹാത്മ്യം 180
d) ആരോഗ്യസംരക്ഷണം 190
e) സേവനം 191
f) അഹിംസ 192
2 ശാരീരികവും ബുദ്ധിപരവുമായ പ്രയത്നം 192

G വിലയിരുത്തൽ 192

VI ഗാന്ധിജിയുടെ പ്രസക്തി 199

A ആധുനികലോകത്തിൽ 201

B ഭാരതത്തിൽ 206

C ക്രൈസ്തവജീവിതത്തിൽ 211

അനുബന്ധം 218

A ഗാന്ധിജിയുടെ ജീവിതത്തിലെ അവിസ്മരണീയങ്ങളായ ചില വർഷങ്ങൾ . 218

B ഗാന്ധിജി അനുഷ്ഠിച്ച ഉപവാസങ്ങൾ 221

വിഷയസൂചി 223

Selected Bibliography 227

A Writings of M. K. Gandhi 227

B Works on Gandhi 231

www.malankaralibrary.com

# I

# മതദർശനം

www.malankaralibrary.com

# മതദർശനം

മനുഷ്യകുലത്തിൻെറ ചരിത്രത്തോളം തന്നെ പഴക്കമുണ്ട് മതങ്ങൾക്ക്. ഏതെങ്കിലും തരത്തിലുള്ള മതവിശ്വാസവും, ദൈവാരാധനയും എല്ലാ ദേശങ്ങളിലുമുള്ള എല്ലാ ജാതി ജനപദങ്ങളുടെയിടയിലും കാണാം. പ്രാകൃതമനുഷ്യൻെറ മതം പ്രാകൃതമായിരിക്കാനെ തരമുള്ളല്ലോ. പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ ശക്തിവിലാസം കണ്ടമ്പരന്ന ആദിമമനുഷ്യൻ അവയെ ദൈവമായി കണക്കാക്കി ആരാധിച്ചു. കാററും മഴയും, ഇടിയും മിന്നലുമെല്ലാം അങ്ങനെ ദേവീദേവന്മാരായി. അതാണ് വിശ്വദേവതാവിശ്വാസവും, വിശ്വദേവതാരാധനയും. കാലാന്തരത്തിൽ മനുഷ്യനു തോന്നി ഈ ശക്തികൾക്ക പിന്നിൽ അവയെ നിയന്ത്രിക്കുന്ന വേറെ ആരൊക്കെയോ, എന്തൊക്കെയോ ഉണ്ടെന്ന്. തത്ഫലമായി ഇന്ദ്രനും, വരുണനും, ബ്രഹ്മാവും, അപ്പോളോവും, ജൂപ്പിററും മററും കടന്നു വന്നു. വിശ്വദേവതാവിശ്വാസം ബഹുദേവതാവിശ്വാസത്തിനു വഴിമാറിക്കൊടുത്തു. വിശ്വദേവതാരാധന, ബഹുദേവതാരാധനയ്ക്കും. മനുഷ്യൻെറ ആവശ്യങ്ങൾക്കനുസരണമായി, അവൻെറ ഭാവനാശക്തിക്കനുസരണമായി, ദേവന്മാർ പെരുകി. തങ്ങൾക്കജ്ഞാതനായ ഏതോ ഒരു ദേവനുണ്ടെന്ന് സംശയിച്ച ആതൻസുകാർ 'അജ്ഞാതദേവ'ന് (Acts 17,23)വേണ്ടിക്കൂടെയും, ബലിപീഠം പണിതുണ്ടാക്കി.

അനേകായിരം ദേവീദേവന്മാർക്കും മനുഷ്യനെ സംതൃപ്തനാക്കുവാൻ സാധിച്ചില്ല. കാരണം പരിപൂർണ്ണമായ സമർപ്പണമാണ് മതത്തിൻെറ അന്തസത്ത. പരിപൂർണ്ണമായ സമർപ്പണം ഏകവ്യക്ത്യുന്മുഖമായിരിക്കണം. സ്വന്തം ബലഹീനതയെക്കുറിച്ച് അവബോധമുള്ള, അസ്തിത്വപരമായി ആശ്രിതനായ മനുഷ്യൻ മതത്തിൽ അന്വേഷിക്കുന്നത് ഈ സമർപ്പണത്തിനു യോഗ്യനായ ഒരു വ്യക്തിയെയത്രെ. ഈ വ്യക്തി അനന്തനും, അസൃഷ്ടനും, അതുല്യനും, അപരിമേയനുമായിരിക്കണം. ഈദൃശനായ ഒരു പരമപുരുഷനെക്കുറിച്ച് വിവിധ വീക്ഷണങ്ങളും, സിദ്ധാന്തങ്ങളുമായി കടന്നുവന്നവരാണ് ലോകചരിത്രത്തിൽ നാം കാണുന്ന മതാചാര്യന്മാർ. ആ പരമസത്തയുമായി സായുജ്യം പ്രാപിക്കുന്നതിനു അവർ നിർദ്ദേശിച്ച മാർഗ്ഗങ്ങൾ വിവിധമതങ്ങളായി ഇന്നു് നിലകൊള്ളുന്നു.

ഒരു ഉത്തമരാഷ്ട്രീയ ആചാര്യൻ എന്നു് പ്രസിദ്ധിനേടി വിരാജിക്കുന്ന നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി ഈ നൂററാണ്ടിലെ പ്രമുഖ മതദാർശനികരിൽ ഒരാളാണെന്നു് നിസ്സംശയം പറയാം.

www.malankaralibrary.com



എല്ലാ മതങ്ങളേയും ഒരുപോലെ സ്നേഹിക്കുകയും, എല്ലാററിലെയും നന്മ ഉൾക്കൊള്ളുവാൻ പരിശ്രമിക്കുകയും ചെയ്ത അദ്ദേഹം സ്വന്തമായൊരു മതജീവിതശൈലി സ്വീകരിച്ചു. പുതിയ മതങ്ങളൊന്നും സ്ഥാപിച്ചില്ലെങ്കിലും മതത്തെക്കുറിച്ചും ഈശ്വരനെക്കുറിച്ചും ചില പുതിയ ഉൾക്കാഴ്ചകൾ നല്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. മതം മനുഷ്യനെ മയക്കുന്ന കറുപ്പല്ലെന്നും ജീവശ്വാസം പോലെതന്നെ മനുഷ്യന് അതാവശ്യമാണെന്നും അനുഭവിച്ചറിഞ്ഞ ആളായിരുന്നു അദ്ദേഹം. മററുള്ളവരുടെ മുൻപിൽ പ്രത്യക്ഷപ്പെടാൻ വേണ്ടി എടുത്തണിയുകയും അസൗകര്യമെന്നു തോന്നുമ്പോൾ അഴിച്ചുമാററുകയും ചെയ്യാവുന്ന ആടയാഭരണങ്ങളായിരുന്നില്ല അദ്ദേഹത്തിന് മതജീവിതവും, ഈശ്വരവിശ്വാസവും. പ്രത്യുത ജീവിതത്തിലെ എല്ലാ നിമിഷങ്ങളിലും, ജീവിതത്തിലെ എല്ലാ രംഗങ്ങളിലും മതവും, ഈശ്വരവിശ്വാസവും കടന്നുചെല്ലണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. സൗഹാർദ്ദത്തിൻെറ ഉത്തമനിദർശനമാണ് ഗാന്ധിജി. മതം മാററത്തെ സംബന്ധിച്ചുള്ള അദ്ദേഹത്തിൻെറ ചില അഭിപ്രായങ്ങൾ ശ്രദ്ധേയങ്ങളത്രെ. എങ്കിലും മതത്തെയും ഈശ്വരവിശ്വാസത്തേയുംപററിയുള്ള അദ്ദേഹത്തിൻെറ എല്ലാ അഭിപ്രായങ്ങളും അപ്രമാദമോ. ആത്യന്തികമോ ആയി ആരും കരുതണമെന്നില്ല.

## A. ഈശ്വരദർശനം

### 1. ദൈവാസ്തിത്വം

ഗാന്ധിജിയുടെ അന്വേഷണകുതുകിയായ മനസ്സ് ദൈവത്തെക്കുറിച്ച് പഠിക്കുവാനും അതു് ജീവിതത്തിൽ പകർത്തുവാനും പലവിധം ശ്രമിച്ചെങ്കിലും അതെല്ലാം തന്നിലുള്ള ദൈവികത്വത്തിൻെറ അടിസ്ഥാന വിശ്വാസത്തെ വർദ്ധിപ്പിക്കുന്നതിനാണ് കൂടുതലായും ഉപകരിച്ചതു്. അദ്ദേഹത്തിൻെറ വൈഷ്ണവകുലത്തിലുള്ള ജനനമാണ് ഈശ്വരവിശ്വാസത്തിനുള്ള അടിസ്ഥാനഹേതു. ഇന്നു് ഭാരതത്തിലുള്ള ഹിന്ദുക്കളിൽ ഭൂരിഭാഗം വരുന്ന വൈഷ്ണവർ ഈശ്വരാസ്തിത്വത്തിൽ വിശ്വസിക്കുന്നവരാണ്. വേദങ്ങളിലും, ഉപനിഷത്തുകളിലും വേദാന്തസൂത്രങ്ങളിലും അടിയുറച്ച ഒരു ജീവിതമാണ് അവരുടേതു്.

ക്രിസ്തീയ ദൈവശാസ്ത്രഗ്രന്ഥങ്ങളിൽ നിന്നും മതപരമായ ചർച്ചകളിൽ നിന്നും ദൈവാസ്തിത്വത്തെപ്പററി പഠിക്കുകയും അതു് യുക്തിക്കു് ചേർന്ന വിധത്തിൽ വിശദീകരിക്കുകയും ചെയ്തു ഗാന്ധിജി[1]. ഹിന്ദുമതത്തെക്കുറിച്ചുള്ള ഗ്രന്ഥങ്ങളിലും 'ഹിന്ദുധർമ്മ' എന്ന ഗ്രന്ഥത്തിലും ഈശ്വരാസ്തിത്വത്തെക്കുറിച്ച് വളരെ മനോഹരമായി വർണ്ണിച്ചിരിക്കുന്നതു് കാണാം. ''നാം സ്ഥിതി ചെയ്യുന്നുണ്ടെങ്കിൽ, നമ്മുടെ

---

1 Dhirendra Mohan Datta, *The Philosophy of Mahatma Gandhi* London: The University Wisconsin Press, 1958, p. 40.

www.malankaralibrary.com



പൂർവ്വികരും, അവരുടെ പൂർവ്വികരും സ്ഥിതി ചെയ്തിട്ടുണ്ടെങ്കിൽ എല്ലാ ജീവജാലങ്ങൾക്കും ഒരു പിതാവുണ്ട് എന്ന് വിശ്വസിക്കുക ഉചിതമാണ്''.[2] പ്രാപഞ്ചികവാദമുഖങ്ങൾ നോക്കുക: പ്രപഞ്ചത്തിനൊരു ക്രമീകരണമുണ്ട്. ജീവനുള്ള എല്ലാ വസ്തുക്കൾക്കും ഒരു സനാതന നിയമമുണ്ട്. ഇതു് അന്ധമായ ഒരു നിയമമല്ല. അന്ധമായ നിയമത്തിന് ജീവനുള്ള വസ്തുക്കളെ നയിക്കുക സാദ്ധ്യമല്ല. എല്ലാ ജീവജാലങ്ങളെയും ഭരിക്കുന്ന ആ നിയമമാണ് ദൈവം. നിയമവും, നിയമദാതാവും ഒന്നു തന്നെ.''[3] സാന്മാർഗ്ഗിക തത്വമാണ് ഗാന്ധിജി ഏററവുമധികം വിലമതിക്കുന്നതു്. മനസ്സാക്ഷി എന്നതു് ദൈവസ്വരമാണ്. അങ്ങനെ നശ്വരമായ ഈ പ്രപഞ്ചത്തിലൂടെ അദ്ദേഹം ദൈവത്തെ കണ്ടെത്തുന്നു. ''എൻെറ ചുററുപാടുമുള്ള എല്ലാം എപ്പോഴും മാററത്തിനു് വിധേയമാകുമ്പോൾ, മരിച്ചുകൊണ്ടിരിക്കുമ്പോൾ, ആ മാററത്തിൻെറയെല്ലാം പിന്നിൽ അനശ്വരമായ, മാററമില്ലാത്ത, എല്ലാററിനെയും യോജിപ്പിക്കുന്ന, എല്ലാം സൃഷ്ടിക്കുന്ന, എല്ലാററിനെയും ലയിപ്പിക്കുന്ന, വീണ്ടും സൃഷ്ടിക്കുന്ന, ജീവിക്കുന്ന, ഒരു ശക്തിയുണ്ടെന്നു് അവ്യക്തമായി ഞാൻ കാണുന്നു. ആ രൂപം നൽകുന്ന ദിവ്യശക്തിയാണ് ദൈവം.''[4]

ദൈവത്തെ നേരിട്ട് അനുഭവിക്കുന്നതിന് മററു തെളിവുകളുടെയൊന്നും ആവശ്യമില്ല. അഥവാ, ദൈവാനുഭവമില്ലാത്തവർക്ക് യാതൊരു വാദമുഖവും അവശ്യം തെളിവുകളാകുകയുമില്ല. ''നിർവ്വചനാതീതവും രഹസ്യവുമായ ഒരു ശക്തി എല്ലാററിലും പ്രവർത്തിക്കുന്നുണ്ട്. എനിക്കതു ദർശിക്കാൻ സാധിക്കുന്നില്ലെങ്കിലും ഞാനതു് അനുഭവിച്ചറിയുന്നു.''[5] ഇതിൽനിന്നു് ഒരു പടികൂടെ കടന്നു് അദ്ദേഹം ചിന്തിക്കുന്നു. ''ബുദ്ധിയെ മാത്രം തൃപ്തിപ്പെടുത്തുന്ന ഒരു ദൈവം, അത്രമാത്രം ചെയ്യുന്ന ഒരു ദൈവമുണ്ടെങ്കിൽ അവിടുന്നു ദൈവമല്ല.''[6]

ഗാന്ധിജിയ്ക്കു് ബുദ്ധിയേക്കാൾ അഭിഗമ്യമായതു് വിശ്വാസമായിരുന്നു. ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസം മതാത്മകജീവിതത്തിൻെറ ഒരു പ്രത്യേകതയാണ്. ''ദൈവത്തിൽ വിശ്വസിക്കുന്ന കോടിക്കണക്കിനു് വിജ്ഞന്മാരിൽ ഒരുവനാണ് ഞാൻ.'[7] ദൈവത്തിലുള്ള കലവറയില്ലാത്ത ഈ വിശ്വാസം ദൈ

---

2 Dhirendra Mohan Datta, *Op.cit*; p. 40

3 *Ibid.* p. 40

4 Young India, oct. 11, 1928, p. 340

5 Dhirendra Mohan Datta, *The Philosophy of Mahatma Gandhi*, p. 41.

6 *Ibid*, p. 41

7 *Ibid.* p. 41

വത്തിൽ പൂർണ്ണമായും ആശ്രയിക്കാൻ അദ്ദേഹത്തെ പഠിപ്പിച്ചു. ദൈവതിരുമനസ്സ് സനാതനമായ നിയമത്തിലൂടെ അനുഭവപ്പെടുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തന്റെ ദൈവവിശ്വാസം വിജ്ഞാനലക്ഷണമായി ഗാന്ധിജി കരുതി. ദൈവത്തെ അനുഗമിക്കുന്നത് യഥാർത്ഥ ജ്ഞാനത്തിന്റെ ലക്ഷണമാണ്. ദൈവത്തിലുള്ള ആശ്രയവും വിശ്വാസവും അജ്ഞന്മാരുടെ രക്ഷാകവചമായി ആധുനികർ ഒരുപക്ഷെ പുച്ഛിച്ചു തള്ളിയേക്കാം. കാരണം, ബുദ്ധിയുടെ പണിപ്പുരയിൽ അവർ ദൈവത്തെ കണ്ടെത്തുന്നില്ല. ഈശ്വരനെ അറിയുന്ന കാര്യത്തിൽ യുക്തി ദുർബ്ബലമാണ്. ദൈവം യുക്തിയുടെ പരിധിക്കതീതനാണ്. ഇക്കാര്യത്തിൽ വിശ്വാസമാണാവശ്യം. പഞ്ചേന്ദ്രിയങ്ങൾകൊണ്ടും യുക്തികൊണ്ടും കാണാൻകഴിയാത്തതിനെ വിശ്വാസം കാണിച്ചുതരുന്നു. ''നിങ്ങൾ എന്റെ കണ്ണു ചൂഴന്നു കളയുക, അതെന്നെ കൊല്ലാൻ പര്യാപ്തമല്ല; എന്റെ മൂക്കു മുറിച്ചുകളയുക, അതെന്നെ കൊല്ലുകയില്ല. എന്നാൽ എന്റെ ദൈവവിശ്വാസം നീക്കിക്കളയുക, അപ്പോൾ ഞാൻ മരിക്കും.''[8]

ദൈവാസ്തിത്വം ഗാന്ധിജിക്ക് ഒരു ദിവ്യാനുഭവമായിരുന്നു. ''ദൈവം എനിക്ക് ഒരു ജീവിക്കുന്ന യാഥാർത്ഥ്യമാണ്. ഞാനും നിങ്ങളും ഈ മുറിയിൽ ഇരിക്കുന്നു എന്നതിനേക്കാൾ സംശയരഹിതമായ ഒന്നാണ് അവിടുത്തെ അസ്തിത്വം. ഞാൻ വായുവും ജലവും കൂടാതെ ജീവിച്ചേക്കാം. എന്നാൽ അവിടുത്തെ കൂടാതെ ജീവിക്കുകയില്ല.''[9] അതിനാൽ അനിഷേധ്യമായ ദൈവാസ്തിത്വത്തെ തള്ളിപ്പറയുന്നവർ തങ്ങളെത്തന്നെയാണ് തള്ളിപ്പറയുന്നത്.

## 2. ദൈവം സത്യമാണ്

ഗാന്ധിജിയുടെ വീക്ഷണത്തിൽ ദൈവം സത്യമാണ്. ''സത്യം'' എന്ന പദത്തിന്റെ ഉത്ഭവം 'സത്' (ഉണ്ടായിരിക്കുന്ന, ഉണ്മയുള്ള) എന്ന പദത്തിൽനിന്നത്രെ. അതിനാൽ പരമമായ സത്യം പരമമായ ഉണ്മയുള്ള ദൈവമായിട്ടാണ് ഗാന്ധിജി കാണുന്നത്. തന്റെ ജീവചരിത്രത്തിൽ ഗാന്ധിജി ഇപ്രകാരം എഴുതിയിരിക്കുന്നു: ''സത്യമല്ലാതെ വേറെ ദൈവമില്ലെന്ന് എന്റെ ജീവിതാനുഭവം എന്നെ ബോദ്ധ്യമാക്കിയിരിക്കുന്നു.''[10] ഇത് പൂർണ്ണമായും ഒരാത്മീയാനുഭവമാണ്, പഞ്ചേന്ദ്രിയങ്ങളുടെ സഹായത്താലോ, സ്വാധീനത്താലോ ഉണ്ടാകുന്ന ഒന്നല്ല. അദ്ദേഹം പരമസത്തയെ സത്യമായിക്കണ്ടു. ആ പരമസത്ത ഏകമാണ്.

---

8 Nagraj Rao, *Contemporary Indian Philosophy,* Bombay, 1970, p. 73.
9 *Ibid.* p. 176
10 M. K. Gandhi, *Autobiography,* tran.sMahadeva Desai, Ahmedbad, 1966, p. 370.

www.malankaralibrary.com



ഗാന്ധിജിയുടെ ജീവിതം സത്യം തേടിയുള്ള ഒരു അന്വേഷണമായിരുന്നു. ആത്മകഥയുടെ പേരുതന്നെ 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' എന്നാണല്ലോ. ഈ അന്വേഷണത്തിൽ നിന്നു പിന്മാറാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. തന്റെ തെക്കെ ആഫ്രിക്കൻയാത്രയ്ക്കുപിന്നിൽ ജീവസന്ധാരണത്തിനുള്ള മാർഗ്ഗവും കത്തിയവാർ പ്രശ്നത്തിൽനിന്നുള്ള ഒളിച്ചോട്ടവുമായിരുന്നു ലക്ഷ്യമെന്ന് അദ്ദേഹംതന്നെ സമ്മതിക്കുന്നുണ്ടെങ്കിലും അദ്ദേഹം മറ്റൊരിക്കൽ പറഞ്ഞു, ''ഞാൻ എന്നെത്തന്നെ കണ്ടെത്തിയതു് ദൈവത്തെ അന്വേഷിക്കുന്നവനും, ആത്മസാക്ഷാത്കാരത്തിനായി പ്രവർത്തിക്കുന്നവനുമായാണു്.''[11]

ദൈവത്തെ സത്യമായിട്ടാണു് ഗാന്ധിജി ദർശിക്കുന്നതു്. സത്യമല്ലാത്ത ദൈവത്തെ അദ്ദേഹം ആരാധിക്കുന്നില്ല. ''ദൈവം പല തലങ്ങളിൽ വിഭിന്നരൂപത്തിൽ പ്രത്യക്ഷപ്പെടുന്നതുകൊണ്ടു് പലവിധത്തിൽ ദൈവത്തെ നിർവ്വചിക്കാം. എന്നാൽ ഞാൻ ദൈവത്തെ സത്യമെന്ന നിലയ്ക്കാണു് ആരാധിക്കുന്നതു്.[12] ദൈവം സത്യമാകുന്നു എന്ന ചിന്താഗതി ഗാന്ധിജിയുടെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ഒരു വഴിത്തിരിവായിരുന്നു. ഞാൻ ഈ നിഗമനത്തിലെത്തിയതു് അമ്പതുവർഷം മുമ്പാരംഭിച്ച അശ്രാന്തവും നിതാന്തവുമായ സത്യാന്വേഷണത്തിന്റെ ഫലമായാണു്''.'[13] നിരീശ്വരന്മാരും അവിശ്വാസികളുമായ സഹപ്രവർത്തകർ ദൈവയാഥാർത്ഥ്യത്തെ നിരസിച്ചപ്പോൾ അദ്ദേഹം ഒരു കാര്യം പഠിച്ചു: ദൈവം ഇല്ല എന്നു പറയാമെങ്കിലും സത്യം ഇല്ല എന്നു പറയുവാൻ സാധിക്കയില്ല. സത്യത്തെ നിഷേധിക്കുന്ന സത്യാന്വേഷി യഥാർത്ഥ സത്യാന്വേഷി അല്ലതന്നെ.

## 3. സത്യം ദൈവമാണു്

ഇതിൽനിന്നും അദ്ദേഹം സത്യം ദൈവമാണെന്നു പഠിച്ചു. ''സത്യം അന്വേഷിക്കുന്നവൻ യഥാർത്ഥത്തിൽ ദൈവത്തെയാണന്വേഷിക്കുന്നതു്. കാരണം സത്യം ദൈവമാകുന്നു.''[14] അദ്ദേഹംതന്നെ ഇതു് വിശദീകരിക്കുന്നു. ''സത്യം ദൈവമാകുന്നു; എന്തുകൊണ്ടെന്നാൽ നിരീശ്വരന്മാർ പോലും സത്യത്തിന്റെ മൂല്യത്തെ സന്ദേഹിക്കുന്നില്ല, ദൈവാസ്തിത്വത്തെ സന്ദേഹിക്കുന്നെങ്കിലും.''[15] സത്യം സ്ഥാപിക്കാനുള്ള അദമ്യമായ ആഗ്രഹത്തിൽനിന്നും ആവിർഭവിച്ചതാണു് അദ്ദേഹത്തിന്റെ സത്യാഗ്രഹവും ഉപവാസവും. ''നിങ്ങൾ സത്യം അറിയുകയും, ആ സത്യം നിങ്ങളെ സ്വതന്ത്രരാ

11 *Ibid* p. 14.
12 *Ibid.* pp. 11, 382.
13 Young India, Dec. 31, 1931, p. 428.
14 Speeches and Writings Oct. 1952–Feb. 1957, Delhi.
15 Clergy monthly, Vol. 33, May 1969, p. 197.

www.malankaralibrary.com



ക്കുകയും ചെയ്യും'' (Jn 8:32) എന്ന ക്രിസ്തുവിൻെറ വചസ്സുകൾ സത്യ മെന്ന ദൈവത്തെയാണ് ദ്യോതിപ്പിക്കുക. സത്യം ദൈവമാകുന്നു എന്ന ഗാന്ധിജിയുടെ കണ്ടുപിടുത്തത്തിന് അങ്ങനെ ക്രിസ്തുവിൻെറ വാക്കുകൾ ഉപോത്ബലകമായി നിലകൊള്ളുന്നു. ''ഞാൻ വഴി യും സത്യവും ജീവനും ആകുന്നു; എന്നിൽക്കൂടെയല്ലാതെ ഒരുവനും എൻെറ പിതാവിൻെറ അടുക്കലേക്ക് വരുന്നില്ല.''(Jn 14:6)

ദൈവം സത്യമാണെന്നു വിശ്വസിച്ച ഗാന്ധിജി തൻെറ 'സത്യാന്വേഷണപരീക്ഷണങ്ങളി'ലൂടെ സത്യത്തിൻെറ പൂർണ്ണിമ യായി ദൈവത്തെ അവതരിപ്പിക്കുന്നു. പരമമായ സത്യം ദൈവ മാണ്. ദൈവം എന്ന സംജ്ഞവഴി നാം എന്തു മനസ്സിലാക്കുന്നു വോ അതെല്ലാം സത്യം എന്ന വാക്കിലും അടങ്ങിയിരിക്കുന്നു. ദൈവം സത്യമല്ലാതെ മറെറാന്നാണെങ്കിൽ ആ ദൈവത്തെ ഞാൻ ശ്രദ്ധിക്കുന്നില്ല.''[16] ഗാന്ധിജിയുടെ ഈ വാക്കുകൾ ദൈവം സത്യ മാകുന്നു എന്നും സത്യം ദൈവമാകുന്നു എന്നുമുള്ള അദ്ദേഹത്തിൻെറ വിശ്വാസത്തെ ദൃഢതരമാക്കുന്നു.

## 4. ദൈവം 'ധമ്മം' ആണ്

ഗാന്ധിജി സത്യമായി ദർശിച്ച ദൈവത്തെ ശ്രീബുദ്ധൻ ധമ്മമായിട്ടാണ് വീക്ഷിച്ചത്. പരമസത്ത സനാതനനിയമമാ ണ് ബുദ്ധന്. ബുദ്ധൻെറ ധമ്മമാണ് ഗാന്ധിജിയുടെ ദൈവം.

ഗാന്ധിജിയും ബുദ്ധനും വ്യക്തിയല്ലാത്ത ദൈവത്തിൻെറ (impersonal god) ആരാധകരാണ്. താൻ വ്യക്തിയായ ദൈവ ത്തിൽ വിശ്വസിക്കുന്നുവോ എന്ന ചോദ്യത്തിന് ഗാന്ധിജി പറഞ്ഞ മറുപടി ഇതാണ്: ''ഇല്ല, ഞാൻ ദൈവത്തെ പ്രപഞ്ചനിയമമായി ട്ടാണ് (universal law) കാണുന്നത്. ദൈവം നിയമവും നിയമദാ താവുമാണ്.''[17] ദൈവം ജീവിതനിയമമായിരിക്കുന്നിടത്തോ ളംകാലം അവിടുത്തെ മറെറന്തായിട്ടും വിളിക്കാം. മററു വാക്കുക ളിൽ, നിയമവും നിയമദാതാവും ഒന്നാണെന്നാണ് ഗാന്ധിജിയുടെ നിഗമനം.

ശ്രീരാമനെ ഈശ്വരനായിക്കരുതി ജീവിച്ച് രാമനാമം ഉച്ച രിച്ചുകൊണ്ട് ജീവൻ വെടിഞ്ഞ ഗാന്ധിജി അദ്ദേഹത്തിൻെറ തന്നെ വിശ്വാസപ്രമാണത്തെ പുച്ഛിച്ച് തള്ളിയില്ലേ എന്നൊരു ചോദ്യം നാമേവരുടേയും നാവുകളിൽ ഉദിച്ചുയരുന്നുണ്ട്. ഈ ചോദ്യത്തി

16 M. K. Gandhi, *On Myself*, Bombay Bharatiya Vidya Bhawan, 1972, p. 42.

17 Dhirendra Mohan Datta, *The Philosophy of Mahatma Gandhi*, p. 40

www.malankaralibrary.com



ന്ന് ഗാന്ധിജി നല്കുന്ന ഉത്തരം ശ്രവിക്കുക: ''എന്റെ രാമൻ ചരിത്രപുരുഷനായ രാമനല്ല. അയോദ്ധ്യയിലെ രാജാവായ ദശരഥന്റെ പുത്രനല്ല. അവിടുന്ന് അനന്തനും, അജന്യനും, അദ്വിതീയനും ആകുന്നു. അവിടുത്തെ മാത്രം ഞാനാരാധിക്കുന്നു.''18

ഇങ്ങനെ ചിന്തിക്കുമ്പോൾ ഗാന്ധിജി വിഭാവന ചെയ്ത ഈശ്വരൻ പരിധികൾക്കതീതനും ശക്തനുമാണെന്ന് ദർശിക്കാം. അദ്ദേഹത്തിന്റെ ഈശ്വരചിന്തയിലെ ഔന്നത്യമാണ് ഇത് വ്യക്തമാക്കുക.

ഇനിയും, ഗാന്ധിജി തന്നെ ചിലപ്പോൾ ഈശ്വരനെ വ്യക്തിയായി വിവരിക്കുന്നത് കാണാം. വ്യക്തിയല്ലാത്ത ദൈവം (Impersonal god) സാധാരണക്കാരന് അഗ്രാഹ്യമായതിനാലാണ് ഇങ്ങനെ ചെയ്യുന്നതെന്ന് ഭഗവത്ഗീതയിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ അദ്ദേഹവും മറുപടി പറയുന്നു.

## 5. ജീവിതലക്ഷ്യവും മാർഗ്ഗങ്ങളും

ഈശ്വരാധിഷ്ഠിതമായ ചിന്തയും ഉൾക്കാഴ്ചയും ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുകയാണ് തന്റെ ജീവിതം വഴി ഗാന്ധിജി ചെയ്തത്. ഈശ്വരചിന്തയിലാണ് അദ്ദേഹം തന്റെ ജീവിതസൗധം പടുത്തുയർത്തിയത്. മനുഷ്യന്റെ പരമപ്രധാനമായ ലക്ഷ്യം ആത്മസാക്ഷാത്ക്കാരമാണ്. ആത്മസാക്ഷാത്ക്കാരം എന്നുവച്ചാൽ ഈശ്വര സാക്ഷാത്ക്കാരം എന്നായിരുന്നു അദ്ദേഹം വിവക്ഷിച്ചത്. കാരണം, ആത്മസാക്ഷാത്ക്കാരം ഈശ്വരസാക്ഷാത്ക്കാരത്തിലേക്കു മനുഷ്യനെ നയിക്കുന്നു. അദ്ദേഹത്തിന്റെ ജീവിത ലക്ഷ്യവും ഇതുതന്നെയായിരുന്നു. ഈശ്വരനെ മുഖാഭിമുഖം ദർശിക്കുക, അങ്ങനെ ആത്മനിർവൃതിയടയുക, ഇതിനുവേണ്ടി അദ്ദേഹം ജീവിച്ചു. ''ആത്മസാക്ഷാത്ക്കാരമായിരുന്നു ഞാൻ ആ മുപ്പതു വർഷം കൊണ്ട് നേടാൻ ശ്രമിച്ചത്; ഉന്നം വച്ച് കഠിനാദ്ധ്വാനം ചെയ്തതും. അതായത് ദൈവത്തെ മുഖാഭിമുഖം ദർശിക്കുക, മോക്ഷം പ്രാപിക്കുക.... ഞാൻ ചെയ്തതെല്ലാം—പ്രസംഗവും എഴുത്തുകളും, എന്റെ രാഷ്ട്രീയത്തിലെ നീക്കങ്ങളും എല്ലാം ഈ ഒരൊററ ഉദ്ദേശ്യത്തെ മുൻനിറുത്തിയായിരുന്നു.'' 19

ഈശ്വരനെ മുഖാഭിമുഖം ദർശിക്കുക എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനായി എല്ലാ ജീവിതത്തുറകളും—സാമൂഹികം, രാഷ്ട്രീയം, മതപരം തുടങ്ങിയവ—അദ്ദേഹം വിനിയോഗിച്ചു. ഇതിനുപയോഗിച്ചത് ജ്ഞാനമാർഗ്ഗം, ഭക്തിമാർഗ്ഗം, കർമ്മമാർഗ്ഗം എന്നിവയാണ്. ദൈവത്തെ അറിയുവാൻ ശ്രമിക്കുന്ന വ്യക്തി ദൈവാനുഭവ

---

18 *Ibid.* p. 24
19 M. K. Gandhi, *Autobiography*, p. 10

www.malankaralibrary.com



ത്തിൽ എത്തിച്ചേരുന്നു. അവൻ ദൈവവുമായി ഐക്യപ്പെടാൻ ശ്രമിക്കുന്നു, ഭക്തിമാർഗ്ഗം വഴി. ഈ ഭക്തിമാർഗ്ഗം കർമ്മമാർഗ്ഗത്തിനുള്ള ഒരുക്കമാണ്. സേവനം ചെയ്യാനുള്ള ഒരു മാർഗ്ഗമാണിത്. ''മനുഷ്യവർഗ്ഗത്തെ സേവിച്ചുകൊണ്ട് ഞാൻ ഈശ്വരനെ ദർശിക്കുവാൻ പരിശ്രമിക്കുന്നു. കാരണം, ഈശ്വരൻ ആകാശത്തിലോ, ഭൂമിയുടെ അടിയിലോ അല്ലെന്നും, പിന്നെയോ, എല്ലാവരിലുമാണെന്നും ഞാൻ മനസ്സിലാക്കുന്നു.''[20] അങ്ങനെ ജീവനുള്ള എല്ലാ വസ്തുക്കളുമായി താദാത്മ്യം പ്രാപിക്കുവാൻ സേവനം സഹായിക്കുന്നു.

ഈശ്വരസാക്ഷാത്ക്കാരമാണ് മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളുടെയും അടിസ്ഥാന ലക്ഷ്യം. ''ജീവിതം ഒരഭിലാഷമാണ്. അതിന്റെ ലക്ഷ്യം പൂർണ്ണതയ്ക്കായി പരിശ്രമിക്കുകയാണ്. എന്നുവച്ചാൽ ആത്മസാക്ഷാത്ക്കാരത്തിനായി ശ്രമിക്കുക.''[21] നിനക്കായി സൃഷ്ടിച്ച ആത്മാവ് നിന്നിൽ ലയിക്കുന്നതുവരെ അസ്വസ്ഥമായിരിക്കും എന്ന് ഏറ്റുപറഞ്ഞ വി. ആഗസ്റ്റിനോസിനെപ്പോലെ ഗാന്ധിജിയും ചിന്തിക്കുകയാണ്. ''ദൈവത്തെപ്പോലെ ആകുന്നതുവരെ മനുഷ്യൻ തന്നിൽത്തന്നെ സമാധാനം കണ്ടെത്തുന്നില്ല.''[22]

ജീവൻമുക്തി സമ്പാദിക്കുവാൻ ഗാന്ധിജി അത്യധികം ആഗ്രഹിച്ചു. ''ലോകത്തിൽ വച്ചുതന്നെ മോക്ഷം പ്രാപിക്കാൻ സാധിക്കാത്തതിനാൽ, സാക്ഷാത്ക്കാരം ലഭിക്കാത്തതിനാൽ, ഞാൻ അക്ഷമനാണ്.... എനിക്ക് നശ്വരമായ ഈ ഭൂമിയിൽ യാതൊരു തൃഷ്ണയുമില്ല. ഞാൻ പരിശ്രമിക്കുന്നത് സ്വർഗ്ഗത്തിനുവേണ്ടി, മോക്ഷത്തിനുവേണ്ടിയാണ്.''[23] ക്രിസ്തുവിന്റെ പ്രബോധനത്തോട് തത്തുല്യമായ ഒന്നാണിത്. ''നിങ്ങൾ നശ്വരമായ ലോകത്തിനുവേണ്ടിയല്ല, അനശ്വരമായ ആത്മാവിനുവേണ്ടി സമ്പാദിക്കുവിൻ. കള്ളൻ മോഷ്ടിക്കാത്തതും ചിതൽ നശിപ്പിക്കാത്തതുമായ സമ്പാദ്യത്തിനായി പണിപ്പെടുവിൻ'' (Mt 6:20). ഈശ്വരസായൂജ്യം പ്രാപിക്കാനുള്ള വ്യഗ്രതയിൽ ഗാന്ധിജി ഉദ്ഘോഷിക്കുകയാണ്: ''മനുഷ്യന്റെ ഈ ലോക ജീവിതലക്ഷ്യം ദിനംതോറും ഭൗതികോന്നമനത്തിനോ, സമ്പാദ്യത്തിനോ ആയി ശ്രമിക്കുകയല്ല; പ്രത്യുത തന്റെ സ്രഷ്ടാവിന്റെ പക്കലേക്ക് കൂടുതൽ അടുക്കുകയാണ്.''[24] ''മനുഷ്യൻ ജനിച്ചിരിക്കുന്നതു് അവന്റെ ഓരോ ബിന്ദുവും സ്രഷ്ടാവിനെ അറിയുന്നതിനുവേണ്ടിയാണ്.''[25] ഈശ്വരദർശനത്തിനായി കേവലം ബാഹ്യമായ കർമ്മാനുഷ്ഠാനങ്ങൾ മാത്രം ഉപ

20 Young India, Aug. 4, 1927.
21 Harijan, June 26, 1935
22 *Selected Works,* ed. Narayan, Navajeevan publishing house, Ahmedabad, Vol. VI, 1968 p. 114.

www.malankaralibrary.com



കരിക്കുകയില്ല. ശുദ്ധമായ മനസ്സോടെ ദൈവത്തെ സമീപിക്കുന്നവനു മാത്രമെ ദിവ്യദർശനം സാദ്ധ്യമാകൂ. ''മനസ്സ് ശുദ്ധമാകാതെ ഗോമതീനദിയിൽ കുളിച്ചതുകൊണ്ടോ, ദക്കോറേജിയിൽ ദർശനത്തിനായി പോയി കാലിലെ മണ്ണ് അവിടെയിട്ടിട്ട് മടങ്ങിയതുകൊണ്ടോ, യാതൊരു പ്രയോജനവുമില്ല.'' 26 ''മററുള്ളവർ ദർശിക്കുവാൻ വേണ്ടി അവരുടെ മുമ്പിൽ നിങ്ങൾ കാഹളം ഊതരുത്''' (Mt. 6: 2) എന്ന ക്രിസ്തുവിന്റെ ആഹ്വാനത്തിന്റെ മറെറാരു രൂപം മാത്രമാണിത്.

ഗാന്ധിജിയെപ്പോലെ എല്ലാ മനുഷ്യരും സത്യാന്വേഷികളായിരിക്കണം. വേറൊരു വിധത്തിൽപ്പറഞ്ഞാൽ, ദൈവത്തെ അന്വേഷിക്കുന്നവരായിരിക്കണം. മനുഷ്യൻ ദൈവത്തിനായി സൃഷ്ടിക്കപ്പെട്ടവനാണ്. അതിനാൽ ദൈവത്തിൽ വിലയം പ്രാപിക്കുന്നതുവരെ അവൻ അസന്തുഷ്ടനായിരിക്കും. ഈശ്വരസാക്ഷാത്ക്കാരത്തിലാണ് അവൻ സംതൃപ്തി കണ്ടെത്തേണ്ടത്. ''ഏകസത്യദൈവമായ അങ്ങയേയും അങ്ങ് അയച്ച ഈശോമിശിഹായേയും അറിയുക എന്നതാണ് നിത്യജീവൻ'' (Jn. 17:3) എന്ന ക്രിസ്തുവിന്റെ പ്രബോധനമനുസരിച്ച് ജീവിക്കുക. ഇതാണ് നിത്യജീവനെപ്പററിയുള്ള ക്രിസ്തീയ വീക്ഷണം. ഒരു യഥാർത്ഥ സത്യാന്വേഷി ദൈവത്തിൽ അഭയം ഗമിക്കുന്നു, ഈശോമിശിഹായിൽ വിശ്വസിക്കുന്നു. കാരണം, അവിടുന്നാണ് യഥാർത്ഥ സത്യം. ഇതിനുള്ള പ്രചോദനമാണ് സത്യാന്വേഷിയായ ഗാന്ധിജിയിൽ നിന്നു് നമുക്ക് ലഭിക്കുന്നത്.

## B. ഗാന്ധിജിയും മതങ്ങളും

പരിമിതനായ മനുഷ്യനു ഏതെങ്കിലും മാദ്ധ്യമങ്ങളിലൂടെ മാത്രമേ അപരിമിതനായ, യഥാർത്ഥ സത്യമായ ഈശ്വരനെ പ്രാപിക്കാൻ സാധിക്കുകയുള്ളൂ. അതിനുള്ള മാദ്ധ്യമങ്ങളാണ് മതങ്ങൾ. വിവിധ മതങ്ങൾ അവിടുത്തെ പ്രാപിക്കാനുള്ള വിവിധ പന്ഥാവുകളാണ്. ഒരു ദൈവം വിവിധ നാമങ്ങളാലും വിവിധ തലങ്ങളിലും ചിത്രീകരിക്കപ്പെടുന്നു.

ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ കേന്ദ്രബിന്ദുവും ജീവിതായോധനത്തിലെ ചെയ്തികളുടെ പ്രചോദനവും മതമായിരുന്നു. പൊതു ജീവിതത്തിൽ നമുക്ക പലരേയും കാണാം: മതത്തെപ്പററി അജ്ഞർ, മതഭ്രാന്തർ, മതവിരോധികൾ.

23 Young India, April 3, 1924
24 *Selected Works*, Vol. VI, p. 115
25 *Ibid.* p. 115
26 Mahadev Desai, *Day-to-day with Gandhi*, Vol. 13, p. 27

www.malankaralibrary.com



ചിലർ മതത്തെ പൊതുജീവിതത്തിൽ നിന്നു് വേർപെടുത്തിക്കാണിക്കുന്നു; വേറൊരു കൂട്ടർ ജനങ്ങളെ ചൂഷണം ചെയ്തു സ്വന്തം താല്പര്യങ്ങൾ നേടുവാനായി മതത്തെ ഉപയോഗിക്കുന്നു. എന്നാൽ ഗാന്ധിജി ഇവരിൽ നിന്നും വളരെ വിഭിന്നനാണു്. പൊതുജീവിതത്തിലും രാഷ്ട്രീയത്തിലും പ്രവർത്തിക്കുവാനുള്ള ശക്തി തനിക്കു ലഭിച്ചതു് മതത്തിലുള്ള ആഴമായ വിശ്വാസംകൊണ്ടാണു് എന്നദ്ദേഹം പറയുന്നു. ''എനിക്കു് ഒരു നിമിഷംപോലും മതം കൂടാതെ ജീവിക്കുക സാദ്ധ്യമല്ല. എൻെറ രാഷ്ട്രീയം പോലും മതത്തിൽ നിന്നു് ഉത്ഭൂതമായതാണു് എന്നു പറഞ്ഞു് എൻെറ സുഹൃത്തുക്കൾ എന്നെ പലപ്പോഴും കുററപ്പെടുത്താറുണ്ടു്. എന്നാൽ എൻെറ ജീവിതത്തിലെ ഓരോ പ്രവർത്തനവും മതാവബോധത്തിൽനിന്നു് ഉത്ഭവിക്കുന്നവയാണു്. എന്തെന്നാൽ മതമെന്നതു് ദൈവാവബോധത്തിൽ കഴിയുകയാണു്.[27]

## 1. മതം എന്നാൽ എന്തു്?

മതം എന്ന വാക്കുവഴി സാധാരണ വിവക്ഷിക്കുക പ്രപഞ്ചത്തെ സൃഷ്ടിച്ചു ഭരിക്കുന്ന, പ്രകൃതിക്കു് അതീതമായ ശക്തിയിൽ, ദൈവത്തിലുള്ള വിശ്വാസം എന്നാണു്. ഈ വിശ്വാസത്തിലധിഷ്ഠിതമായ ജീവിതമാണു് മതജീവിതം. ഓരോരുത്തരുടെയും പ്രകൃതിക്കും ആശയത്തിനും അനുസൃതമായി ഓരോരുത്തരും ഓരോ മതവും സ്വീകരിക്കുന്നു. ഗാന്ധിജിയും ഇതിൽ നിന്നും ഭിന്നമല്ല. എന്നാൽ ഒരു പടികൂടി കടന്നു് അദ്ദേഹം മതത്തെ വീക്ഷിക്കുന്നു. സത്യത്തിനുവേണ്ടിയുള്ള നിരന്തരമായ ഒരന്വേഷണമായി അദ്ദേഹം മതത്തെ ദർശിക്കുന്നു. ജീവിതത്തിൽ ദൈവത്തെ അംഗീകരിക്കുക, ആശ്രയിക്കുക ഇതാണു് മതം. അതിനാൽ ഗാന്ധിജി പറഞ്ഞു: ''നിങ്ങൾ എൻെറ ജീവിതത്തെ നിരീക്ഷിക്കുവിൻ. ഞാൻ എങ്ങനെ ജീവിക്കുന്നു, ഭക്ഷിക്കുന്നു, സംസാരിക്കുന്നു എന്നെല്ലാം നോക്കുവിൻ. അതിൻെറയെല്ലാം ആകെത്തുകയാണു് എൻെറ മതം''[28] മതമെന്നതുകൊണ്ടു് ഒരു പ്രത്യേക മതമല്ല അദ്ദേഹം ഉദ്ദേശിച്ചതു്, പ്രത്യുത എല്ലാ മതങ്ങളുടെയും അടിസ്ഥാനപരമായ സത്യത്തെയാണു്.[29]

സത്യവും അഹിംസയുമാകുന്ന ആധാരശിലകളിൽ പടുത്തുയർത്തിയിട്ടുള്ളതാണു് മതം. ഗാന്ധിജിയുടെ ജീവിതം സത്യത്തിനുവേണ്ടിയുള്ള നിലയ്ക്കാത്ത അന്വേഷണമാണു്. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള ഉപാധിയാണു് അഹിംസ അല്ലെങ്കിൽ അക്രമ

27 Dr. K. G. Saiyidain, *Significance of Gandhi—As Man and Thinker,* New Delhi, 1970, p. 23.

28 Harijan, Sept. 22, 1946, p. 321

29 J. Thekkinedath, *Love of Neighbour in Mahatma Gandhi,* Alwaye, 1973, p. 48

www.malankaralibrary.com


രാഹിത്യം. ഇവ രണ്ടുമായിരുന്ന ആന്തരികവും ബാഹ്യവുമായ തിന്മയോട് യുദ്ധം ചെയ്യുന്നതിനുള്ള ഗാന്ധിജിയുടെ ആഗ്നേയാസ്ത്രങ്ങൾ.

സത്യാഹിംസാദികളിൽ അധിഷ്ഠിതമായ മതത്തിന്റെ ജീവചൈതന്യം സ്നേഹമാണ്, കാടിന്റെ നിയമമല്ല. ഈ സ്നേഹം പ്രതിഫലം ഇച്ഛിക്കുന്നില്ല. വി. പൗലോസ് പറയുന്നതുപോലെ, സ്നേഹം നിസ്വാർത്ഥമാണ് (1 കോറി. 13:5). എന്നാൽ ഇവിടെ മതത്തിന്റെ പോരായ്മകളെ വിസ്മരിക്കുന്നില്ല. ചരിത്രത്തിലുണ്ടായിട്ടുള്ള ക്രൂരകൃത്യങ്ങൾ ചിലതിന് മതത്തിനു വലിയ പങ്കുണ്ട്– മതഭ്രാന്ത്, മതസഹിഷ്ണുതയില്ലുള്ള പരാജയം, മററു മതങ്ങളോടുള്ള അനാദരവ്. സ്നേഹവും ത്യാഗവുമാണ് ഏററവും അഭിലഷണീയം. ജഗത്ഗുരുവായ ക്രിസ്തുവിന്റെ ജീവിത സാക്ഷ്യം തന്നെ ഇതിന് ഉത്തമ നിദർശനമാണ്. ഗാന്ധിജിയുടെ വീക്ഷണത്തിൽ എല്ലാ മതങ്ങളും ഈശ്വരസാക്ഷാത്കാരത്തിനുവേണ്ടി നിലകൊള്ളുന്നു. ഈശ്വരനെ പ്രാപിക്കാനുള്ള വിവിധ പന്ഥാവുകളാണ്. ഒരു മതവും മററു മതങ്ങളേക്കാൾ ശ്രേഷ്ഠമല്ല. പരിമിതനായ മനുഷ്യനാൽ നിർമ്മിതമായതിനാൽ അവയെല്ലാം അപൂർണ്ണങ്ങളുമാണ്. അതിനാൽ മതസഹിഷ്ണുതയും മററു മതങ്ങളോടുള്ള ആദരവും അത്യാവശ്യമാണ്.

## 2. ഗാന്ധിജിയെ സ്വാധീനിച്ച ഘടകങ്ങൾ

ഗാഢമായ ആദ്ധ്യാത്മികത കെട്ടിപ്പടുക്കുന്നതിന് ഗാന്ധിജിയെ സഹായിച്ചത് അദ്ദേഹത്തിന്റെ ധാത്രിയാണ്. ''അമ്മയെ കുറിച്ച് എന്റെ സ്മരണയിൽ അവശേഷിക്കുന്ന അതിപ്രധാനമായ മുദ്ര ആത്മീയ പരിശുദ്ധിയുടേതാണ്. അവർ തികഞ്ഞ മതവിശ്വാസിയായിരുന്നു. ദിവസേന പ്രാർത്ഥനസ്കുശേഷമല്ലാതെ ആഹാരം കഴിക്കുന്ന കാര്യം അവർ ചിന്തിക്കുകപോലുമില്ല. വിഷ്ണുക്ഷേത്രമായ ഹാവേലിയിലേയ്ക്ക് പോവുക അവരുടെ ദിനകൃത്യങ്ങളിലൊന്നായിരുന്നു........കഠിനതമങ്ങളായ വ്രതങ്ങളിൽ അവർ ഏർപ്പെടാറുണ്ട്. ഒട്ടും പതറാതെ തന്നെ അവ അനുഷ്ഠിക്കുകയും ചെയ്യും''.[30] രാമായണത്തോടുള്ള പ്രതിപത്തി ലഭിച്ചതും അവർ വഴിയാണ്.

ചെറുപ്പത്തിലേതന്നെ ഗാന്ധിജി എല്ലാ ഹിന്ദുമതവിഭാഗങ്ങളെയും ഇതരമതങ്ങളെയും സഹിഷ്ണുതയോടെപരിഗണിച്ചു. മാതാപിതാക്കന്മാരോടൊത്ത് ശിവ, രാമ, വിഷ്ണു ക്ഷേത്രങ്ങളിൽ അദ്ദേഹം ദർശനം നടത്തുമായിരുന്നു. തന്റെ അച്ഛനുമായി സംഭാഷണം നടത്തിയിരുന്ന ജൈനസന്യാസിമാരുടെ സാമീപ്യവും, സംഭാഷണവും അദ്ദേഹത്തിൽ ആദ്ധ്യാത്മികാവബോധം അങ്കുരിപ്പിച്ചു.

30 മഹാത്മഗാന്ധി, ആത്മകഥ, തിരുവനന്തപുരം, 1925, p. 4

www.malankaralibrary.com



അതുപോലെതന്നെ പാഴ്സിമുസ്ലീം സുഹൃത്തുക്കളും ഗാന്ധിജിയെ സ്വാധീനിച്ചു.

16–ാം നൂററാണ്ടുമുതൽ ഇന്ത്യൻജനത വിദേശാധിപത്യത്തിൻ കീഴിൽ കിടന്നു് നട്ടംതിരിഞ്ഞു. സാമൂഹ്യ തിന്മകളേയും കെട്ടതികളേയും നിർമ്മാർജ്ജനം ചെയ്യുവാനായി പല സമുന്നത നേതാക്കളും 19–ാം നൂററാണ്ടിൽ മുൻനിരയിലേക്കു വന്നു. അവരിൽ പ്രധാനിയാണു് രാജാറാം മോഹൻറോയി (1772–1833). 1828–ൽ മതസാമൂഹ്യപരിഷ്ക്കരണങ്ങൾക്കായി അദ്ദേഹം ബ്രഹ്മസമാജം സ്ഥാപിച്ചു. 1875–ൽ ദയാനന്ദസരസ്വതിയുടെ (1824–1883) നേതൃത്വത്തിൽ ആര്യസമാജം സ്ഥാപിതമായി. ഹിന്ദുമതതത്ത്വങ്ങൾക്കനുസൃതമായ ഒരു ജീവിതം നയിക്കുന്നതിനു് ഒരു പ്രേരകശക്തിപോലെ ഇവയൊക്കെ വർത്തിച്ചു. 1877 ആയപ്പോഴേയ്ക്കും പാശ്ചാത്തീകരണത്തിനെതിരായി സ്വരാജ്യസ്നേഹത്തിന്റെ അലയടികൾ ബുദ്ധിജീവികളുടെയിടയിൽ ഉയർന്നുതുടങ്ങി. മതരാഷ്ട്രീയസാമൂഹികതലങ്ങളിൽ ഇവയുടെ മാറെറാലികൾ പ്രതിധ്വനിച്ചു. ഈ ദേശീയ നവോത്ഥാനത്തിൽ ശ്രീരാമകൃഷ്ണ പരമഹംസനും(1836-1886)വിവേകാനന്ദസ്വാമികളും (1863-1902) ശ്രദ്ധേയമായ പങ്കു വഹിച്ചിട്ടുണ്ടു്. ക്രിസ്തുമതവും ഗാന്ധിജിയുടെ മനസ്സിനെ ആകർഷിച്ചു. പുതിയനിയമം പ്രത്യേകിച്ചും ഗിരിപ്രഭാഷണം അദ്ദേഹത്തെ വളരെ സ്വാധീനിക്കുകയും ചെയ്തു.

മതങ്ങളെന്നപോലെ ചില പ്രധാന വ്യക്തികളും ഗാന്ധിജിയുടെ മതദർശനത്തിനു് രൂപം നൽകുന്നതിൽ വളരെയധികം സഹായിച്ചിട്ടുണ്ടു്. ടോൾസ്റ്റോയിയാണു് അവരിൽ പ്രധാനി. അദ്ദേഹത്തിന്റെ 'The Kingdom of God is within You' എന്ന ഗ്രന്ഥം ഗാന്ധിജിയുടെ മനസ്സിനെ വല്ലാതെ ആകർഷിച്ചു. അതിലെ പ്രധാന ആശയങ്ങളായ അഹിംസയും, സാർവ്വത്രികസ്നേഹവും ഏററവും അധികം പ്രാവർത്തികമാക്കിയതു് ഗാന്ധിജിയാണു്. ടോൾസ്റ്റോയി മുന്നോട്ടുവച്ച ആദർശം, സ്നേഹത്തിന്റെ ആദർശം ഗാന്ധിജിയെ അക്രമരാഹിത്യത്തിൽ ചലിക്കുന്നതിനു് പ്രേരിപ്പിച്ചു. Ruskin-ന്റെ 'Unto this Last' എന്ന ഗ്രന്ഥമാണു് മറെറാരു പ്രചോദനഹേതു. ഇവയെല്ലാം 'മഹാത്മാഗാന്ധി' എന്ന പുണ്യപുരുഷന്റെ രൂപീകരണത്തിൽ സുപ്രധാനമായ പങ്കു വഹിച്ചിട്ടുണ്ടു്.[31]

## 3. ഗാന്ധിജിയും വിവിധ മതങ്ങളും

എല്ലാ മതങ്ങളും ഈശ്വരനിലേക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങളായതുകൊണ്ടു് ഒരു പ്രത്യേക ലക്ഷ്യത്തിനുവേണ്ടി ഏതുമതം തെരഞ്ഞെടുക്കാനും ഒരുവനു് അവകാശമുണ്ടു് എന്നദ്ദേഹം അഭിപ്രായ

---

31 രവീന്ദ്രനാഥടാഗോറാണു് ആദ്യമായി 'മഹാത്മാവു്' എന്നു് ഗാന്ധിജിയെ വിളിച്ചതു്.

www.malankaralibrary.com



പ്പെട്ട. 1947—ൽ Inter Asian Relation Conference—ൽ 'പൗരസ്ത്യ സന്ദേശം' (Message of the East) എന്ന പ്രബന്ധത്തിൽ മനുഷ്യചരിത്രത്തിലെ പ്രധാന മതനേതാക്കന്മാരുടെ ഒരു ലിസ്റ്റ് അദ്ദേഹം അവതരിപ്പിച്ചു. സൊറാസ്റ്റർ, ബുദ്ധൻ, ക്രിസ്തു, മുഹമ്മദ്, ശ്രീരാമൻ ശ്രീകൃഷ്ണൻ ഇവരെല്ലാം ഗാന്ധിജിയുടെ ദൃഷ്ടിയിൽ തുല്യരാണ്. ഓരോ വ്യക്തിയും അവനവൻെറ മതങ്ങളിലെ സത്താപരമായ പഠനങ്ങളെ പിൻതുടരുമ്പോൾ അവൻ രക്ഷപ്രാപിക്കുന്നു.

## 4. ഹിന്ദുമതം

ഗാന്ധിജി ഒരിക്കൽ ഡോ. രാധാകൃഷ്ണനോട് പറഞ്ഞു: ''എൻെറ മതം ഹിന്ദുമതമാകുന്നു. എനിക്കറിയാവുന്ന എല്ലാ മതങ്ങളുടേയും എല്ലാ നല്ല ഗുണങ്ങളും അതിലുണ്ട്.''[32]

ഹിന്ദുമതം മനുഷ്യജീവിതത്തിൻെറ മാത്രം ഐക്യമല്ല; പ്രത്യുത എല്ലാ ജീവജാലങ്ങളുടേയും ഐക്യമാണ് ആഗ്രഹിക്കുക. ഇതിനെ 'അദ്വൈതസിദ്ധാന്തം'[33] എന്നു വിളിക്കും. ഇതുകൊണ്ടുദ്ദേശിക്കുന്നതു് എല്ലാ ജീവജാലങ്ങളുടേയും ഐക്യമാണ്. ഈ ആശയം ഗാന്ധിജിയെ വളരെയധികം സ്വാധീനിച്ചു. സ്നേഹമാണ് ഹിന്ദുമതത്തിൻെറ പ്രമാണം. പരസ്പരമുള്ള സ്നേഹം മാത്രമല്ല, ശത്രുക്കളോടുള്ള സ്നേഹമാണ് പ്രധാനം. ''യഥാർത്ഥസ്നേഹം നിന്നെ ദ്വേഷിക്കുന്നവരെ സ്നേഹിക്കുക എന്നതാണ്.'[34]

ഹിന്ദുമതത്തിൻെറ ഏററം പ്രധാന തത്ത്വങ്ങൾ (അഹിംസയും, അക്രമരാഹിത്യവുമാണ്). ഗാന്ധിജിയുടെ അഭിപ്രായത്തിൽ പതഞ്ജലിയുടെ യോഗസൂത്രങ്ങളിൽ അഹിംസ പഞ്ചസൂക്തങ്ങളിൽ ഒന്നാണ്. ഇതു് കൊല്ലാതിരിക്കുക എന്നു മാത്രമല്ല ഉദ്ദേശിക്കുന്നതു്: എല്ലാ സൃഷ്ടികളോടുമുള്ള സന്മനസ്സും ആദരവും കൂടി ദ്യോതിപ്പിക്കുന്നു. ഹൈന്ദവമതഗ്രന്ഥങ്ങളിൽവച്ച് ഗാന്ധിജിയെ ഏററവുമധികം സ്വാധീനിച്ചതു് ഭഗവത്ഗീതയാണ്. ''ഹിന്ദുമതം എന്നെ പൂർണ്ണമായും തൃപ്തനാക്കുന്നു.... സംശയങ്ങൾ എന്നെ ആവരണം ചെയ്യുമ്പോൾ, നിരാശ എന്നെ തുറിച്ചുനോക്കുമ്പോൾ, ചക്രവാളത്തിൽ പ്രത്യാശയുടെ കിരണങ്ങൾ കാണാതാവുമ്പോൾ ഞാൻ ഗീതയിലേക്ക് തിരിയുന്നു, അതു് എന്നെ പൂർണ്ണമായും സമാശ്വസിപ്പിക്കുന്നു.''[35] ഗീതയിലെ 'അപരിഗ്രഹം' 'സമഭാവം'

---

32 S. Radhakrishnan & I. H. Murhead (eds), *Contemporary Indian Philosophy,* London: 1952, p 21.

33 ശങ്കരാചാര്യരുടെ അദ്വൈതസിദ്ധാന്തമല്ല—പരമസത്തയും പരമസത്യവും ഒന്നു മാത്രം: ബ്രഹ്മൻ. ഈ പ്രപഞ്ചവും അതിലുള്ളവയും ഈ യാഥാർത്ഥ്യത്തിൻെറ ഭിന്നഭാവങ്ങൾ മാത്രം.

34 Harijan, March 3, 1946, p. 28.

35 മഹാത്മഗാന്ധി, ആത്മകഥ. p. 50

www.malankaralibrary.com



തുടങ്ങിയ ആശയങ്ങൾ അദ്ദേഹത്തെ ആകർഷിച്ചു. എന്നാൽ ഒരു പ്രശ്നമുണ്ടായി: എങ്ങനെയാണ് സമഭാവം പരിശീലിക്കുകയും വച്ചുപുലർത്തുകയും ചെയ്യുക; എല്ലാം പരിത്യജിച്ചിട്ട് സർവ്വശക്തനെ അനുഗമിക്കണമോ? അധികം താമസിയാതെ മറുപടി ലഭിച്ചു: സ്വന്തമായിട്ടുള്ളതെല്ലാം പരിത്യജിക്കാതെ അവിടുത്തെ അനുഗമിക്കുക സാദ്ധ്യമല്ല. ഇതു മനസ്സിലാക്കുന്നതിനു 'ട്രസ്റ്റി' എന്ന പദം വളരെ ഉപകരിച്ചു.[36] ''മോക്ഷം നേടാനാഗ്രഹിക്കുന്നവൻ തന്റെ കൈവശം വളരെയധികം സമ്പത്തുണ്ടെങ്കിലും അതിലല്പംപോലും തന്റേതാണെന്നു് കരുതാതെ ഒരു ട്രസ്റ്റിയെപ്പോലെ പെരുമാറുകയാണു വേണ്ടതു്.''[37] അതായതു് അപരിഗ്രഹവും, സമഭാവനയും ഹൃദയപരിവർത്തനം കൊണ്ടല്ലാതെ കൈവരുകയില്ല. ഇങ്ങനെ ഒരു ബോദ്ധ്യം ഉണ്ടായിക്കഴിഞ്ഞപ്പോൾ അദ്ദേഹത്തിനുണ്ടായിരുന്ന ഇൻഷ്വറൻസിടപാടു് അവസാനിപ്പിച്ചു. തന്റെ അച്ഛനെപ്പോലെ കരുതിയിരുന്ന ജ്യേഷ്ഠനേയും, ബന്ധുമിത്രാദികളേയും ദൈവംതന്നെ പരിരക്ഷിക്കുമെന്നു് അദ്ദേഹത്തിനു് ബോദ്ധ്യപ്പെട്ടു. അതുകൊണ്ടു് അന്നോളം മിച്ചം വച്ചിരുന്ന മുഴുവൻ തുകയും ജ്യേഷ്ഠനയച്ചുകൊടുക്കുകയും ഇനിമേൽ തന്നിൽനിന്നു് ഒന്നും പ്രതീക്ഷിക്കരുതു് എന്നു് അറിയിക്കയും ചെയ്തു.

ഗീതയുടെ പഠനമനുസരിച്ചു് ആത്മസാക്ഷാത്ക്കാരത്തിനുള്ള പ്രധാന മാർഗ്ഗം 'കർമ്മയോഗ' മാണു്. ഫലേച്ഛകൂടാതെ കർമ്മം ചെയ്യുന്നതാണു് കർമ്മയോഗം. ഇതിനു് 'നിഷ്കാമകർമ്മം' എന്നാണു് പേർ. ''നിനക്കു് കർമ്മത്തിൽ മാത്രമേ അധികാരമുള്ളു; കർമ്മഫലങ്ങളിൽ അധികാരമില്ല. ഇച്ഛ അരുതു്. അതിനാൽ നീ ഒരിക്കലും ഫലത്തെ ഉദ്ദേശിച്ചു് കർമ്മം ചെയ്യുന്നവനായി ഭവിക്കരുതു്. കർമ്മം ചെയ്യാതിരിക്കുന്നതിൽ സക്തിയും പാടില്ല'' (ഗീത II.47). ഗീതയിൽ വിശ്വസിക്കുന്ന ഒരുവൻ ഫലേച്ഛകൂടാതെ കർമ്മം ചെയ്യുന്നു. പ്രവൃത്തിയുടെ ഉദ്ദേശ്യം സ്വാർത്ഥത ആകരുതു്. യാതൊരുവൻ സകല ഇച്ഛകളേയും ഉപേക്ഷിച്ചു് യാതൊന്നിലും മമതയില്ലാത്തവനായി, അഹങ്കാരരഹിതനായി ജീവിക്കുന്നുവോ, അവൻ മോക്ഷം പ്രാപിക്കുന്നു എന്നാണു് ഗീതയുടെ അടിസ്ഥാനതത്വം (II. 61).

ഗാന്ധിജി ഹിന്ദുമതത്തിനു ചെയ്തിട്ടുള്ള സേവനം വിലയേറിയതാണു്. ഇന്ത്യയിൽ നടമാടിയിരുന്ന ജാതീയ വ്യവസ്ഥിതിക്കും അയിത്താചാരനയത്തിനും എതിരായി അദ്ദേഹം ശക്തമായി സ്വരമുയർത്തി. അന്നുവരെ സമുദായത്തിൽ യാതൊരു സ്ഥാനവുമി

36 ഗീതയുടെ പഠനത്തിൽ 'ട്രസ്റ്റി' എന്നതു് എല്ലാം ഉണ്ടെങ്കിലും അതൊന്നും തന്റേതാണെന്നു് ചിന്തിക്കാതിരിക്കുന്നതിനാണു്.

37 മഹാത്മഗാന്ധി, ആത്മകഥ, p.222

www.malankaralibrary.com



ല്ലാതിരുന്ന സ്ത്രീകളുടെ സമത്വത്തിനുവേണ്ടിയും അദ്ദേഹം വാദിച്ചു. ശൈശവ വിവാഹത്തെ എതിർത്തു. ഗാന്ധിജി തന്റെ വിവാഹത്തെ ഒരു 'ദുഃഖകരമായ സ്നേഹബന്ധം' എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ ശ്രമഫലമായി വിവാഹപ്രായം സ്ത്രീകളുടേത് 14-ഉം പുരുഷന്മാരുടേത് 18-ഉം ആയി ഉയർത്തി. (ഇപ്പോൾ ഇന്ത്യയിൽ 18-ഉം 21-ഉം ആണ്). വിധവകളുടെ വിവാഹവും പ്രോത്സാഹിപ്പിച്ചു. പർദാ സമ്പ്രദായവും നിർത്തലാക്കാൻ സഹായിച്ചു. അങ്ങനെ സ്ത്രീകൾക്ക നഷ്ടപ്പെട്ടിരുന്ന സാമൂഹികജീവിതം വീണ്ടെടുത്തു. ഇന്ത്യയിൽ നടമാടിയിരുന്ന രക്തബലി—ദേവന്മാരെ പ്രീതിപ്പെടുത്തുവാൻ മനുഷ്യരെ കുരുതികൊടുക്കുക— അവസാനിപ്പിക്കാൻ അദ്ദേഹം അശ്രാന്തപരിശ്രമം നടത്തി.

## 5. ബുദ്ധമതം

ഹിന്ദുമതത്തിന്റെ ഒരു നവീകരണപ്രസ്ഥാനം ആണ് ബുദ്ധമതം; ഗാന്ധിജിയുടെ അഭിപ്രായത്തിൽ ''....ഞാൻ ബുദ്ധമതത്തേയോ, ജൈനമതത്തേയോ ഹിന്ദുമതത്തിൽ നിന്ന് വ്യത്യസ്തമായി കണക്കാക്കുന്നില്ല.''[38] ബുദ്ധൻ പഠിപ്പിച്ച എല്ലാ പ്രധാന തത്വങ്ങളും ഹിന്ദുമതത്തിന്റെ പ്രധാന തത്വങ്ങൾ തന്നെയാണ്. അദ്ദേഹത്തിന്റെ അഗാധമായ ത്യാഗവും ജീവിതപരിശുദ്ധിയും ഹിന്ദുമതത്തിൽ മായാത്ത മുദ്ര പതിപ്പിച്ചിട്ടുണ്ട്.

ഹിന്ദുമതത്തിൽ വേരുറച്ചിരുന്ന അയിത്താചാരത്തെ ബുദ്ധമതം എതിർത്തു. ഏററം താഴ്ന്ന വിഭാഗമായ ശൂദ്രരെ ബ്രാഹ്മണരുടെക്കൂടെ ബുദ്ധൻ തന്റെ ആശ്രമത്തിൽ സ്വീകരിച്ചു, താമസിപ്പിച്ചു. വലിയവനെന്നോ, ചെറിയവനെന്നോ, കുലീനനെന്നോ, പഞ്ചവനെന്നോ ഉള്ള വ്യത്യാസം കൂടാതെ എല്ലാവരേയും സമന്മാരായും സ്നേഹിതന്മാരായും അദ്ദേഹം പരിഗണിച്ചു.

ബുദ്ധമതത്തിലെ അഹിംസാസിദ്ധാന്തവും ഗാന്ധിജിയെ വളരെയധികം സ്വാധീനിച്ചു. തന്റെ സഹജീവികളോട് എങ്ങനെ വർത്തിക്കണം എന്ന് അദ്ദേഹം പഠിച്ചു; അതു മററുള്ളവരെ പഠിപ്പിച്ചു. അഹിംസയെന്നതുകൊണ്ടർത്ഥമാക്കുന്നത് എല്ലാ ജീവജാലങ്ങളോടുമുള്ള സ്നേഹവും ആദരവുമാണ്. ഈ അഹിംസാസിദ്ധാന്തം ഗാന്ധിജി തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ശ്രമിച്ചു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിക്കൊടുക്കുന്നതിന് അദ്ദേഹം സ്വീകരിച്ച മാർഗ്ഗം അക്രമരാഹിത്യത്തിന്റേതാണ്. തെക്കേ ആഫ്രിക്കയിൽ വച്ച് അദ്ദേഹത്തെ ഒരു വെള്ളക്കാരൻ മർദ്ദിച്ച് ഒരു പല്ലു കളഞ്ഞ

38 Young India, Oct. 20, 1927, p.352

www.malankaralibrary.com



പ്പോഴും അദ്ദേഹം എതിർത്തില്ല. അതുപോലെതന്നെ ബുദ്ധമതം പഠിപ്പിക്കുന്ന സമഭാവനയും അദ്ദേഹത്തെ ആകർഷിച്ചു. ഇതിൽ നിന്ന് പ്രചോദിതനായി ഇന്ത്യയിൽ നടമാടിയിരുന്ന ജാതീയ വ്യവസ്ഥിതിക്കും തീണ്ടൽ തൊടീൽ വ്യവസ്ഥിതിക്കും എതിരായി പ്രവർത്തിച്ചു.

കഷ്ടപ്പാടുകൾ ആഗ്രഹത്തിൽനിന്നും ഉടലെടുക്കുന്നു. കഷ്ടപ്പാടുകളുടെ അന്ത്യം ആഗ്രഹങ്ങളുടെ നിർമ്മാർജ്ജനം കൊണ്ടുമാത്രം സാദ്ധ്യമാകുന്നു എന്ന് ബുദ്ധൻ പഠിപ്പിക്കുന്നു. മനുഷ്യന്റെ സ്വാർത്ഥപരമായ ആഗ്രഹങ്ങളാണ് ദുഃഖത്തിനു കാരണം. വ്യഗ്രതയും കഷ്ടപ്പാടുകളും ഇതിൽനിന്നു ജനിക്കുന്നു. ദുഃഖനിവാരണമാർഗ്ഗം ആഗ്രഹങ്ങളുടെ നിയന്ത്രണവും നിർമ്മാർജ്ജനവുമാണ്. ഭാവികാര്യങ്ങളെക്കുറിച്ചു ചിന്തിച്ച് ആകുലപ്പെടാതിരിക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചതു് ഈ ബുദ്ധമതാശയമാണ്.

## 6. ജൈനമതം

ഗാന്ധിജിയെ സ്വാധീനിച്ച മറ്റൊരു മതമാണ് ജൈനമതം. ഈ മതവും ഹിന്ദുമതമാകുന്ന അടിസ്ഥാനത്തിൽ പണിതുയർത്തിയ പുത്തൻഗോപുരമാണ്.[39] ജൈനമതത്തിന്റെ ഒരു പ്രധാന തത്ത്വമാണ് അഹിംസ. ജീവനുള്ള യാതൊന്നിനേയും ഹനിക്കാതിരിക്കുക എന്ന തത്ത്വം അക്ഷരാർത്ഥത്തിൽ തന്നെ പാലിക്കുവാൻ ജൈനമതം അനുശാസിക്കുന്നു. എല്ലാ ജീവജാലങ്ങൾക്കും തുല്യമായ അന്തസ്സ്, സത്താപരമായ സമത്വം ഉണ്ട്.

മോഷ്ടിക്കരുത് എന്ന തത്ത്വം അദ്ദേഹം സ്വീകരിച്ചു. ഈ വ്രതം നിഷേധാത്മകമായി മാത്രം അനുഷ്ഠിച്ചാൽ പോരാ. ദാനമായി ലഭിക്കാത്ത യാതൊന്നും സ്വീകരിക്കുവാനോ ഉപയോഗിക്കുവാനോ യതികൾക്ക് അനുവാദമില്ല. ദാനങ്ങൾ സ്വീകരിക്കുന്ന കാര്യത്തിൽ പോലും പല നിയമങ്ങളുമുണ്ട്. നിർവ്വാണത്തിന് വിഘാതമായി ലഭിക്കുന്ന ദാനങ്ങൾ സ്വീകരിക്കരുത്. ദാരിദ്ര്യത്തിന്റെ പരമകാഷ്ഠ ജൈനമതത്തിലുണ്ട്—ദിഗംബര പ്രസ്ഥാനം. വസ്ത്രം ധരിക്കുന്നവനിൽ, താൻ ധരിക്കുന്ന വസ്ത്രംപോലും തന്റേതാണെന്ന ബോധം ഉണ്ടാകരുത്. അഞ്ചു വ്രതങ്ങളുടെ അനുഷ്ഠാനം പ്രാധാന്യമർഹിക്കുന്നതാണ്. ജീവൻ നശിപ്പിക്കാതിരിക്കുക, അസത്യം പറയാതിരിക്കുക, മോഷണം നടത്താതിരിക്കുക, ചാരിത്ര്യം സംരക്ഷിക്കുക, ഭൗമികവസ്തുക്കൾ ഉപേക്ഷിക്കുക എന്നിവയാണവ. ഗാന്ധിജിയുടെ ജീവിതം പരിശോധിക്കുകയാണെങ്കിൽ ഈ പുണ്യങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ എത്രമാത്രം പ്രാവർത്തികമാ

39 *Ibid.* p. 352

www.malankaralibrary.com



യി എന്നു മനസ്സിലാക്കാൻ സാധിക്കും. വലിയ ഒരു ത്യാഗജീവിതത്തിന്റെ ഫലമായിട്ടാണ് ഈ പുണ്യങ്ങൾ സമ്പാദിക്കാൻ സാധിച്ചത്.

മറെറാരു പ്രധാന തത്വമായ 'അനേകാന്തവാദം' അനുശാസിക്കുന്നു എല്ലാ വസ്തുക്കളും സങ്കീർണ്ണമാണെന്നു്. ഇതിൽ നിന്നുത്ഭവിച്ചതാണു് '' സ്യാദ്‌വാദം'—ആപേക്ഷികവാദം. അപൂർണ്ണജീവികൾ വസ്തുക്കളെ ഭാഗികമായി മാത്രം മനസിലാക്കുന്നു. എല്ലാ ജ്ഞാനവും ആപേക്ഷികമാണ്. നമ്മുടെ ദൃഷ്ടിപോലെയാണ് നാം പദാർത്ഥങ്ങളെ അറിയുന്നത്. അറിവ് ഒരിക്കലും പൂർണ്ണമല്ല. ഈ തത്വത്തിൽ നിന്നാണ് അദ്ദേഹത്തിന്റെ മതസഹിഷ്ണുതാ മനോഭാവം ഉടലെടുത്തത്. ക്രിസ്ത്യാനിയെ ക്രിസ്ത്യാനിയായി കാണാനും മുസൽമാനെ മുസൽമാനായും ഹിന്ദുവിനെ ഹിന്ദുവായി കാണാനും അദ്ദേഹത്തിനു കഴിഞ്ഞു.

## 7. ക്രിസ്തുമതം

അക്രമത്തെ അക്രമംകൊണ്ടു് പരാജയപ്പെടുത്താൻ സാധിക്കയില്ലെന്നു് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. എന്നാൽ സ്നേഹത്തിൽ നിന്നുയിർക്കൊണ്ട അക്രമരാഹിത്യം പ്രശ്നങ്ങളെ വിജയകരമായി നേരിടാനുള്ള അനുയോജ്യമായ ആയുധമാണ്. ഇതു് ഗാന്ധിജി സ്വന്തം ജീവിതത്തിൽ നിന്നു മനസ്സിലായി. ഇക്കാര്യത്തിൽ അദ്ദേഹത്തെ ഏററവുമധികം സ്വാധീനിച്ചതു് ക്രിസ്തുമതത്തിലെ ഗിരിപ്രഭാഷണമാണ്.

a) മതവുമായി പരിചയപ്പെടുന്നു.

ക്രിസ്തുവുമായി ഗാന്ധി പരിചയപ്പെടുന്നതു് പല ഘട്ടങ്ങളിലൂടെയാണ്. ചെറുപ്പത്തിലേതന്നെ ക്രിസ്തുമതവുമായി പരിചയപ്പെട്ടെങ്കിലും ആ അനുഭവങ്ങൾ ഗാന്ധിജിയെ വെറും തെററിദ്ധാരണകളിലേക്കാണ് നയിച്ചത്. ഇതുമൂലം ക്രിസ്തുമതത്തോടു് ഒരുതരം വിപ്രതിപത്തിയാണ അനുഭവപ്പെട്ടതു്. ''അക്കാലത്തു് മിഷനറിമാർ ഹൈസ്കൂളിനു സമീപമുള്ള ഒരു കവലയിൽ നിന്നുകൊണ്ടു് ഹിന്ദുക്കളേയും അവരുടെ ദേവന്മാരേയും ചീത്ത പറഞ്ഞിരുന്നു. എനിക്കതു സഹിക്കാൻ കഴിഞ്ഞില്ല....ഏതാണ്ടു് അക്കാലത്തു് ഒരു പേരുകേട്ട ഹിന്ദു ക്രിസ്തുമതത്തിൽ ചേർന്നതായി ഞാൻ അറിഞ്ഞു. മതം മാറിയ അവസരത്തിൽ അയാൾക്കു് ഗോമാംസവും മദ്യവും കഴിക്കേണ്ടതായും വസ്ത്രങ്ങൾ മാറേണ്ടതായും വന്നുവെന്നു് പട്ടണംമൊട്ടുക്കു വാർത്ത പരന്നു. അതിനാൽ പിന്നീടു് ഹാററ് ഉൾപ്പെടെയുള്ള യൂറോപ്യൻ വസ്ത്രങ്ങൾ അണിഞ്ഞുകൊണ്ടാണ് അയാൾ നടക്കാൻ തുടങ്ങിയതു്. ഇതെന്നെ വിറളി പിടിപ്പിച്ചു....ആ പുതിയ വിശ്വാസി തന്റെ പൂർവ്വികരുടെ മതത്തേയും ആചാരങ്ങളേയും രാജ്യ

www.malankaralibrary.com



ത്തെക്കുറിച്ചും അധിക്ഷേപിക്കാൻ ആരംഭിച്ചിരിക്കുന്നതായും ഞാൻ കേട്ടു. ഇതെല്ലാം ക്രിസ്തുമതത്തെ വെറുക്കാൻ എന്നെ പ്രേരിപ്പിച്ചു.''[40] ഈ ബാല്യകാലാനുഭവങ്ങളുമായി ഗാന്ധിജി നിയമം പഠിക്കാൻ ഇംഗ്ലണ്ടിലേക്കു പോയി. കേവലം നാമമാത്ര ക്രിസ്ത്യാനികളുമായി പരിചയപ്പെട്ടപ്പോൾ അദ്ദേഹത്തിന് ഒരാഘാതമേററതു പോലെ അനുഭവപ്പെട്ടു. എന്നാൽ കുറെ സസ്യഭുക്കുകളായ ക്രിസ്ത്യാനികളുമായി പരിചയപ്പെട്ടതോടെ ബോദ്ധ്യമായി ഭക്ഷണമോ പാനീയമോ അല്ല മതത്തിൻെറ കാതൽ എന്ന്. ഒരു സ്നേഹിതൻ അദ്ദേഹത്തെ ബൈബിൾ വായിക്കാൻ ആഹ്വാനം ചെയ്തു. ആദ്യഭാഗമായ പഴയനിയമം അദ്ദേഹത്തെ അധികം ആകർഷിച്ചില്ല. എന്നാൽ പുതിയനിയമം പ്രത്യേകിച്ചും ഗിരിപ്രഭാഷണം നേരിട്ടു ഹൃദയത്തിൽ തന്നെ തറച്ചു. അതിലെ ചില ഭാഗങ്ങൾ അദ്ദേഹത്തെ കോരിത്തരിപ്പിച്ചു. ''നിങ്ങൾ തിന്മയെ എതിർക്കാതിരിക്കുക, നിങ്ങളുടെ വലത്തെ ചെകിട്ടിൽ ആരെങ്കിലും അടിച്ചാൽ ഇടത്തേതും കൂടി അയാൾക്കു കാണിച്ചു കൊടുക്കുക; ആരെങ്കിലും നിങ്ങളുടെ മേലങ്കി എടുക്കുന്നുവെങ്കിൽ കുപ്പായംകൂടെ കൊടുക്കുക.'[41] അതുപോലെതന്നെ, പല ക്രിസ്തീയ ഗ്രന്ഥങ്ങളുമായി പരിചയപ്പെട്ടു—ടോൾസ്റ്റോയിയുടെ 'The Kingdom of God is within You', ജോൺ റസ്കിൻെറ 'Unto this last'. മററു പ്രശസ്ത ഗ്രന്ഥകാരന്മാരുടെ ഗ്രന്ഥങ്ങളും അദ്ദേഹം വായിച്ചു മനസിലാക്കി. തെക്കേ ആഫ്രിക്കയിൽവച്ചാണ് ക്രിസ്തീയ സാഹിത്യം നന്നായി അദ്ദേഹം മനസ്സിലാക്കിയതു്.

ധാരാളം ക്രിസ്തീയ സുഹൃത്തുക്കളെുമുണ്ടായിരുന്ന അദ്ദേഹത്തിന്. ക്രിസ്തുമതം ആശ്ലേഷിക്കുന്നതിന് അവർ അദ്ദേഹത്തെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ധാരാളം ഗ്രന്ഥങ്ങൾ വായിച്ചു. അങ്ങനെ ഹിന്ദുവായിരുന്ന ഗാന്ധിജി ക്രിസ്തുമതവും നന്നായി പഠിച്ചു.

## b) ക്രിസ്തു ഗാന്ധിജിയുടെ വീക്ഷണത്തിൽ

യേശുവിൻെറ ജീവിതം ഈശ്വരനെ കൂടുതൽ മനസ്സിലാക്കാൻ തന്നെ സഹായിച്ചു എന്ന് മഹാത്മജി ഏററു പറയുന്നുണ്ട്. മററാരും ചെയ്തിട്ടില്ലാത്തവിധം യേശു ദൈവത്തിൻെറ ഹൃദയവും മനസ്സും വെളിപ്പെടുത്തി. അവിടുന്ന് ഒരു വലിയ ജഗദ്ഗുരുവാണ്. ചരിത്രത്തിൽ അവിടുത്തെ സ്ഥാനം ഉന്നതമാണ്. ഒരു മനുഷ്യവ്യക്തിക്ക് എത്രമാത്രം പൂർണ്ണതയോടു് അടുത്തു വരാമോ അത്രത്തോളം പൂർണ്ണത യേശു പ്രാപിച്ചിട്ടുണ്ട്. എന്നാൽ പരിപൂർണ്ണനല്ല: ദൈവം മാത്രമാണ് പരിപൂർണ്ണനായിട്ടുള്ളതു്. യേശു കുരിശിൽ

---

40 മഹാത്മഗാന്ധി, ആത്മകഥ, p. 53

41 M. K. Gandhi, *The Message of Jesus Christ*, Bombay, 1964, p.2.

www.malankaralibrary.com



മരിച്ചതു് അപൂർണ്ണനായതുകൊണ്ടാണു്. എന്നാൽ അവിടുത്തെ ഭൂമിയിലെ മൂന്നു കൊല്ലത്തെ പരസ്യജീവിതം എടുത്തു കാണിച്ചുകൊണ്ടു് യേശുവിൻെറ മഹത്വം ഗാന്ധിജി കാണിക്കുന്നു. അവിടുത്തെ ജീവിതവും പ്രബോധനങ്ങളും സ്വന്തമാക്കുന്നില്ലായെങ്കിൽ ജീവിതം അപൂർണ്ണമാണെന്നു് ഗാന്ധിജി ഹിന്ദുക്കളെ ഉപദേശിക്കുന്നു. യേശുവിൻെറ ജീവിതവും മാതൃകയും എല്ലാവർക്കും പ്രചോദനമരുളുന്നു. അങ്ങനെ നോക്കുമ്പോൾ യേശു ക്രിസ്ത്യാനികളുടെ മാത്രമല്ല, എല്ലാ ജനതതിയുടേതുമാണു്.

സാമ്രാജ്ഗിക മൂല്യാധിഷ്ഠിതമാണു് യേശുവിൻെറ പ്രബോധനങ്ങളെങ്കിലും അവിടുത്തെ എല്ലാ പഠനങ്ങളും അന്തിമമായി ഗാന്ധിജി കണക്കാക്കുന്നില്ല. ക്രിസ്തുമതത്തിൻെറ അന്തഃസത്ത സ്നേഹമാണു്. ക്രിസ്തു സ്നേഹത്തിൻെറ മൂർത്തിമത്ഭാവമാണു്. അവിടുത്തെ ജീവിതംതന്നെ ഇതിനുത്തമ തെളിവാണു്: സാധാരണജനങ്ങളുടെയിടയിൽ സാധാരണക്കാരനെപ്പോലെ ജീവിച്ചു. ആവശ്യമുള്ള സഹായമെല്ലാം ചെയ്തുകൊടുത്തു. രോഗികളെ ശുശ്രൂഷിച്ചു. കാനായിലെ കല്യാണത്തിൽവച്ചു് ആവശ്യം മനസ്സിലാക്കി വിഷമസ്ഥിതിയിൽ സഹായിച്ചു. (Jn 2. 1–8) അവസാനം മററുള്ളവർക്കുവേണ്ടി സ്വജീവൻ ഹോമിച്ചു. ഇതു് സ്നേഹമല്ലാതെ മററെന്താണു്? എല്ലാവരേയും സ്നേഹിച്ചു, ശത്രുക്കളെപ്പോലും. 'രോഗികൾക്കാണു് വൈദ്യനെക്കൊണ്ടാവശ്യം' (Mt 9: 12) എന്നു പറഞ്ഞു് തൻെറ ആഗമനോദ്ദേശ്യം വെളിപ്പെടുത്തുന്നു. ശത്രുസ്നേഹത്തിൻെറ ഉച്ചകോടിയാണു് ക്രിസ്തു. ലോകം മുഴുവൻ മാതൃകയായി എടുത്തിരിക്കുന്നതും ക്രിസ്തുവിനെത്തന്നെയാണു്. അതേസമയം ക്രിസ്ത്യാനികളെ ഗാന്ധിജി കുററപ്പെടുത്തുകയും ചെയ്യുന്നു. ക്രിസ്ത്യാനികൾ ഈ ആദർശം അവരുടെ ജീവിതത്തിൽ പ്രദർശിപ്പിക്കുന്നില്ല. യുദ്ധം, വിദ്വേഷം, ദാരിദ്ര്യം, ഹിംസ തുടങ്ങിയവ ഇതിനുദാഹരണങ്ങളാണു്. അതിനാൽ ക്രിസ്ത്യാനികൾ ആ പേരിനു യോജിച്ചവരല്ലെന്നു് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

യേശുവിൻെറ പ്രബോധനങ്ങളുടെ ആന്തരാർത്ഥം ഗ്രഹിക്കുക എളുപ്പമല്ലെന്നും അതിൻെറ ആദ്ധ്യാത്മിക പ്രബുദ്ധതയെ വ്യാഖ്യാനിക്കുക അസാദ്ധ്യമാണെന്നും ചില ക്രിസ്തീയ സുഹൃത്തുക്കൾ ഗാന്ധിജിയെ ഉപദേശിച്ചു. എന്നാൽ യേശു ലോകത്തിനു നല്കിയ മഹനീയ മാതൃകയെ വിലയിരുത്തുമ്പോൾ ആ ഉപദേശത്തിനു യാതൊരു വിലയുമില്ലെന്നു് അദ്ദേഹത്തിനു് അനുഭവപ്പെട്ടു. ''ഫലേച്ഛകൂടാതെ തന്നെത്തന്നെ മുഴുവനായി നല്കിയതിൻെറ ഏററവും വലിയ മാതൃകയാണു് യേശു. ഇന്നു് ആ യേശു ഒരിക്കൽക്കൂടി ലോകത്തിലേയ്ക്കു വരികയാണെങ്കിൽ, അവിടുത്തെ നാമം കേട്ടിട്ടില്ലെങ്കിലും ആ മാതൃക പിൻതുടരുന്നവരെ അവിടുന്നു്

www.malankaralibrary.com



അനുഗ്രഹിക്കും.''[42] ക്രൈസ്തവ മിഷനറി സുഹൃത്തുക്കളോട് അദ്ദേഹം പറയുന്നു ''നിങ്ങൾ യേശുവിന്റെ പ്രബോധനങ്ങൾ ആധുനിക സംസ്കാരവുമായി കൂട്ടിക്കുഴയ്ക്കരുത്. നിങ്ങൾ 'വലയിട്ടു പിടിക്കുന്ന' ജനങ്ങളെ ഉപദ്രവിക്കരുത്. പൗരസ്ത്യദേശത്തെ മനുഷ്യജീവിതങ്ങളെ നശിപ്പിക്കുക എന്നതു് ആ മതത്തിന്റെ ഒരു ഭാഗമല്ല. അവരിലുള്ള ഗുണങ്ങളെ നിങ്ങൾ അംഗീകരിക്കുക, അവർക്കെതിരായി നിങ്ങൾ വിധിക്കാതിരിക്കുക.''[43]

ഗാന്ധിജിയുടെ അഭിപ്രായത്തിൽ, യേശുവിന്റെ സന്ദേശം മുഴുവൻ ഗിരിപ്രഭാഷണത്തിൽ അടങ്ങിയിരിക്കുന്നു. പലരും പല വിധത്തിൽ ഇതിനെ വ്യാഖ്യാനിക്കുന്നു. എന്നാൽ ഗിരിപ്രഭാഷണത്തെമാത്രം അംഗീകരിക്കുകയും അതിനെ തന്റേതായ വിധത്തിൽ വ്യാഖ്യാനിക്കുവാൻ അനുവദിക്കുകയും ചെയ്താൽ താനൊരു ക്രിസ്ത്യാനിയാണെന്നു് അംഗീകരിക്കാമെന്നു് അദ്ദേഹം പറയുന്നു. പലരും ക്രിസ്തീയതത്വമെന്നു പറയുന്നതു് ഗിരിപ്രഭാഷണത്തെ അകററി നിറുത്തിക്കൊണ്ടാണു്.[44] ക്രിസ്തീയ തത്വങ്ങൾ താൻ ഗ്രഹിച്ചതു് ഇതിൽനിന്നുമാണെന്നു് അദ്ദേഹം സമ്മതിക്കുന്നു. ഒരു കരണത്തടിക്കുന്നവനു് മറേറതുകൂടി കാണിച്ചുകൊടുക്കുക, ഒരു മൈൽ കൂടെ നടക്കുവാൻ പറയുന്നവനോടു കൂടി രണ്ടു മൈൽ നടക്കുക എന്ന തത്വം അദ്ദേഹത്തെ വളരെ ആകർഷിച്ചു. ''നിങ്ങൾക്കു് അല്പം വെള്ളം തന്നു് സഹായിച്ചവക്കു് നല്ലൊരു വിരുന്നു പകരം നൽകി സല്ക്കരിക്കുക'' തുടങ്ങിയ ശ്യാമൾഭട്ടിന്റെ വാക്യങ്ങളുമായി അദ്ദേഹം ഇതു താരതമ്യപ്പെടുത്തി,[45]

ഗാന്ധിജിയെ ഏററവുമധികം സ്വാധീനിച്ച ഒരു വസ്തുത ക്രിസ്തീയ ഉപവിയാണു്. ഉപവിയെന്നതു്, സഹനത്തിൽ സന്തോഷിക്കുകയാണു്, ഉപദ്രവിക്കുന്നവനോടു് ക്ഷമിക്കുകയാണു്, അവനെ അധികമായി സ്നേഹിക്കുകയാണു്. എന്നാൽ ഗാന്ധിജി തന്റെ ക്രിസ്തീയ സുഹൃത്തുക്കളെ കുററപ്പെടുത്തുന്നു. കാരണം, അവർ മതപരിവർത്തനത്തിനായി ഇന്ത്യയിലെ പാവങ്ങൾക്കു് ഭക്ഷണസാധനങ്ങൾ നൽകുന്നു, രോഗികളെ ശുശ്രൂഷിക്കുന്നു. ഇതു് കച്ചവടമാണു്, ഉപവി പ്രവർത്തനമല്ല.

പാപമോചനം ക്രിസ്തുമതത്തിന്റെ ഒരു പ്രധാനതത്വമാണു്. പ്രകൃത്യാ തന്നെ തിന്മയിലേക്കു് ചാഞ്ഞിരിക്കുന്ന മനുഷ്യരെ രക്ഷിക്കാൻ ക്രിസ്തു ഒരു രക്ഷകനായി വന്നു. അവിടുത്തെ കുരിശു

42 *Ibid* p. 59.
43 M. K. Gandhi, *Modern and Ancient Civilization*, Bombay, 1970. p. 84.
44 M. K· Gandhi, *Message of Jesus Christ*, p. 24.
45 മഹാത്മഗാന്ധി, ആത്മകഥ. p. 100

www.malankaralibrary.com



മരണം വഴി എല്ലാവരുടെയും പാപങ്ങളുടെ കറ എന്നേക്കുമായി കഴുകിക്കളഞ്ഞു. എന്നാൽ ഇതു വസ്തുനിഷ്ഠമായ (objective salvation) രക്ഷയാണ്. ഓരോരുത്തരും അതിനോടു് സഹകരിക്കുമ്പോഴാണ് വ്യക്തിപരമായി രക്ഷപ്രാപിക്കുന്നതു് (subjective-salvation). ഇതു് അനുസ്യൂതവും അവിരാമവുമായ പരിശ്രമം വഴി നേടിയെടുക്കാവുന്നതാണ്. ഈ സത്യം അംഗീകരിച്ചുകൊണ്ടു് ഗാന്ധിജി പറയുന്നു, ഇതു് യഥാർത്ഥ മനസ്താപത്താലുണ്ടാകുന്ന ഒരു ഹൃദയപരിവർത്തനമാണ്; ദൈവത്തിങ്കലേക്കു് യാത്ര ചെയ്യുന്ന ഒരു വ്യക്തിയ്ക്കു് പാപത്തിൽനിന്നു് അകന്നിരിക്കുക എളുപ്പവുമാണ്.

## 8. ഗാന്ധിജി ക്രിസ്തുമതത്തിൻെറ വിമർശകൻ

ക്രിസ്തുമതം ഗാന്ധിജിയിൽ അസംതൃപ്തി ഉളവാക്കി. അദ്ദേഹത്തിനു പലവിധ ആത്മസംഘട്ടനങ്ങളേയും നേരിടേണ്ടി വന്നു. ഒരു വശത്തു് ക്രിസ്തുമതത്തിൽ ചേരണമെന്നു പറഞ്ഞു് തന്നെ നിർബ്ബന്ധിക്കുന്ന തൻെറ ഉത്തമ ക്രിസ്തീയ സുഹൃത്തുക്കൾ, മറുവശത്തു് നാമമാത്ര ക്രിസ്ത്യാനികളും അവരുടെ തത്ത്വദീക്ഷയില്ലാത്ത ജീവിതവും. സത്യത്തിനുവേണ്ടിയുള്ള വ്യക്തിപരമായ ഒരു അന്വേഷണമായി ഈ വെല്ലുവിളിയെ അദ്ദേഹം ദർശിച്ചു. ഈ അന്വേഷണത്തിൻെറ അവസാനം അദ്ദേഹം ക്രിസ്തുമതം നിരസിക്കുകയും ഹിന്ദുമതത്തിൽ ഉറച്ചുനിൽക്കുകയും ചെയ്തു.

### a) യേശുവിൻെറ ദൈവികത്വം

കാലത്തിൻെറ ഗതിയിൽ ഗാന്ധിജിയ്ക്കു് ക്രിസ്തുമതത്തെപ്പററി ധാരാളം പ്രശ്നങ്ങൾ ഉളവായി. തെക്കെ ആഫ്രിക്കയിൽ വച്ചു് ഒരു ക്രിസ്ത്യാനിയാകുന്ന കാര്യത്തെപ്പററി അദ്ദേഹം ആലോചിച്ചതാണ്. പല ചോദ്യങ്ങളും ഉന്നയിച്ചു. എന്നാൽ തൃപ്തികരമായ മറുപടി കിട്ടിയില്ല. തന്നെ മാനസാന്തരപ്പെടുത്താൻ ശ്രമിച്ച സുഹൃത്തുക്കളോടു് അദ്ദേഹം ചോദിച്ചു. ''എന്തുകൊണ്ടാണ് ഈശ്വരനു് ഒരു പുത്രൻ മാത്രമുള്ളതു്? ഒരു പുത്രനുണ്ടെങ്കിൽ എന്തുകൊണ്ടു് പലരില്ല? ക്രിസ്ത്യാനിയായെങ്കിൽ മാത്രമേ എനിക്കു രക്ഷപ്രാപിക്കാനും സ്വർഗ്ഗം പ്രാപിക്കാനും സാധിക്കയുള്ളോ? സ്വർഗ്ഗം എന്നതു ക്രിസ്ത്യാനികൾക്കു മാത്രമുള്ളതാണോ?''[46] ''ക്രിസ്തുമതം സ്വീകരിക്കാത്തപക്ഷം മോക്ഷം സിദ്ധിക്കയില്ലെന്നു വിശ്വസിക്കാൻ എനിക്കു സാദ്ധ്യമല്ല. ലോകത്തിൻെറ പാപം മുഴുവൻ തൻെറ രക്തം കൊണ്ടും മരണം കൊണ്ടും ക്രിസ്തു പരിഹരിച്ചു എന്നു് അക്ഷരംപ്രതി വിശ്വസിക്കാനും ഞാൻ തയ്യാറല്ല. യേശുവിനെ ഒരു രക്തസാക്ഷിയായും, ത്യാഗമൂർത്തിയായും, ദിവ്യഗുരുവായും കരുതാൻ ഞാൻ ഒരുക്ക

46 Louis Fischer, *Gandhi—His Life and Message for the World*, NewYork, 1954, p. 131.

www.malankaralibrary.com



മാണ്. എന്നാൽ ഇന്നോളം ജനിച്ചിട്ടുള്ളവരിൽവച്ച് ഏററം പരിപൂർണ്ണനായ മനുഷ്യനാണ് യേശു എന്നംഗീകരിക്കാൻ എനിക്കു സാദ്ധ്യമല്ല. യേശു മാത്രമല്ല ഈശ്വരൻെറ പുത്രൻ. ദൈവത്തിനു മക്കളുണ്ടാകാമെങ്കിൽ നാമെല്ലാം അവിടുത്തെ മക്കളാണ്. ഇങ്ങനെ ചിന്തിക്കുമ്പോൾ ക്രിസ്തുമതത്തെ ഒരു പൂർണ്ണമതമായോ അല്ലെങ്കിൽ ഏററവും ഉത്തമമായ മതമായോ കണക്കാക്കാൻ എനിക്കു് സാദ്ധ്യമല്ല''47

## b) മിഷൻപ്രവർത്തനം

സുവിശേഷ പ്രഘോഷണം ഏതൊരു ക്രൈസ്തവൻേറയും കടമയാണ്. സുവിശേഷത്തിൽ വിശ്വസിച്ചാൽ മാത്രം പോരാ; അതു പ്രസംഗിക്കയും വേണം. എന്നാൽ സുവിശേഷ പ്രഘോഷണത്തിനു് ഏററം പററിയ മാർഗ്ഗം സുവിശേഷാധിഷ്ഠിതമായ ജീവിതം നയിക്കുകയാണ്. വെറും പ്രസംഗം ഗാന്ധിജി ഇഷ്ടപ്പെട്ടിരുന്നില്ല. ഓരോരുത്തരുടേയും മനസ്സാക്ഷിയനുസരിച്ച് ജീവിക്കുന്നവരെയാണ് അദ്ദേഹം ഇഷ്ടപ്പെട്ടതു്. അവരുടെ ജീവിതം നിശ്ശബ്ദമാണ്. അതാണ് ഏററം ഫലവത്തായിട്ടുള്ള സാക്ഷ്യം. ഇതിനെ ഒരു റോസാപുഷ്പത്തോടു് അദ്ദേഹം താരതമ്യപ്പെടുത്തുന്നു. റോസാപുഷ്പത്തിനു് അതിൻെറ സൗരഭ്യത്തെപ്പററി പ്രസംഗിക്കേണ്ടയാവശ്യമില്ല. അതിൻെറ സൗരഭ്യം തന്നെയാണ് പ്രസംഗം. ഇതുപോലെ ഒരു ക്രിസ്ത്യാനിയുടെ ജീവിതമായിരിക്കണം അവൻെറ പ്രസംഗം.

താൻ വിശ്വസിക്കുന്ന മതം മാത്രമാണ് യഥാർത്ഥ മതം എന്നുള്ള ധാരണയാണ് മിഷൻ പ്രവർത്തനത്തിനു കാരണം. അവർ മററു മതങ്ങളെ അവഗണിക്കുകയും രക്ഷയ്ക്കുള്ള മാർഗ്ഗമായി തങ്ങളുടേതിനെ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. എന്നാൽ ഒരു യഥാർത്ഥ മതാനുയായി ചെയ്യേണ്ടതു് എല്ലാ മതാനുയായികളേയും അവരായിരിക്കുന്ന അവസ്ഥയിൽ കാണുക എന്നതാണ്; ഒരു ഹിന്ദു നല്ല ഹിന്ദുവാകുന്നതിലും ഒരു മുസ്ലീം നല്ല മുസ്ലീമാകുന്നതിലും സന്തോഷിക്കയാണ് വേണ്ടതു്. മിഷനറി ജനങ്ങളുടെ ഇടയിലേയ്ക്കു പോകേണ്ടതു് അവരിൽ ഒരുത്തനെപ്പോലെയാണ്. അവരെ സേവിക്കുക എന്നതായിരിക്കണം ലക്ഷ്യം. എന്നാൽ ഇവിടെയെത്തിയ പാശ്ചാത്യരുടെ ഉദ്ദേശ്യം ക്രിസ്ത്യാനികളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നതായിരുന്നു. അവരുടെ ഭാവനയിലുള്ള ക്രിസ്തുമതമാണ് ഇവിടെ കാഴ്ചവെച്ചതു്; യേശുവിൻെറ യഥാർത്ഥ സന്ദേശമല്ല.48 യൂറോപ്യർ ഇവിടെവന്നു് ഇന്ത്യൻ രീതിയനുസരിച്ചു പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നെങ്കിൽ അവർ കൂടുതൽ സ്വീ

47 മഹാത്മഗാന്ധി, ആത്മകഥ, pp. 139, 140.

48 M. K. Gandhi, *Message of Jesus Christ*, p. 36,

www.malankaralibrary.com



കാര്യരായെന്നെ, അതിനാൽ ഗാന്ധിജി തറപ്പിച്ചുപറയുന്നു, സുവി ശേഷവേലയ്ക്കുള്ള ഏറ്റം പററിയ മാർഗ്ഗം ഉത്തമജീവിതമാതൃക യാണു്.

c) മതപരിവർത്തനം

മിഷൻപ്രവർത്തനംവഴി മതപരിവർത്തനമാണു് പാശ്ചാത്യർ ആഗ്രഹിച്ചതു്. ഗാന്ധിജി ഏററവുമധികം എതിർത്തതു് ഇതിനെ യാണു്. ഒരാറം മറെറാരാളെ മാനസാന്തരപ്പെടുത്തുന്നതിൽ അർത്ഥ മില്ല. മറെറാരാളുടെ വിശ്വാസത്തെ നശിപ്പിക്കുന്നതിനു പകരം അവനെ അവൻെറ മതത്തിൻെറ തന്നെ ഒരു നല്ല അനുയായിയാക്കു വാനാണു് ഒരുവൻെറ കഴിവു് പ്രയോഗിക്കേണ്ടതു്.

അഗാധമായ ആത്മീയ സത്യങ്ങൾ വാക്കുകൾ കൊണ്ടു് കൈ മാറാവുന്നതല്ല. ജീവിതത്തിൽ കൂടിമാത്രമേ അതു് പ്രകാശിപ്പിക്കു വാൻ സാധിക്കുകയുള്ളു. മാനസാന്തരമെന്നതു് തികച്ചും ആന്തരിക മാണു്. അതു് ഈശ്വരനുമാത്രം ചെയ്യാൻ സാധിക്കുന്ന ഒരു കാര്യ മാണു്. ആദ്ധ്യാത്മികകാര്യങ്ങളിൽ എല്ലാവർക്കും സ്വാതന്ത്ര്യം നൽ കണം. ഒരുവൻെറ ഇഷ്ടംപോലെ മതം സ്വീകരിക്കാൻ അനുവാദം നൽകണം. ആരും അതു് തടയരുതു്. ഇന്ത്യയെ മാനസാന്തരപ്പെ ടുത്താൻ ശ്രമിച്ചവരോടു് ഗാന്ധിജി പറയാൻ ആഗ്രഹിച്ചിട്ടുണ്ടു്: ''വൈദ്യാ നീ നിന്നെത്തന്നെ സുഖപ്പെടുത്തുക.''[49]

ഗാന്ധിജി ഇന്ത്യയിലെ മതപരിവർത്തനം എതിർക്കാനുള്ള പ്രധാന കാരണം മതം ഒരു കച്ചവടവസ്തുവായി തരംതാഴ്ത്തപ്പെട്ടു എന്നതാണു്. വിദ്യാർത്ഥികൾക്കു് പുസ്തകങ്ങളും ഫീസും മററും കൊടുത്തു് അവരെ വശീകരിക്കാൻ ശ്രമിച്ചു. അദ്ദേഹം പറയുന്നു: ''മിഷനറിമാർക്കു് ക്രിസ്തുവിൻെറ സുവിശേഷം അറിയിക്കാൻ അവ കാശമുണ്ടു്. മററുള്ളവരെ അതിലേക്കു് ക്ഷണിക്കുകയും ചെയ്യാം. എന്നാൽ ഭൗതിക വസ്തുക്കളും മററും കൊടുത്തു് ജനങ്ങളെ മതം മാറാൻ നിർബ്ബന്ധിക്കരുതു്.''[50]

d) ക്രിസ്തുമതത്തെ നിരസിക്കുന്നു

ഗാന്ധിജി ഈവക പ്രശ്നങ്ങളുടെ മുൻപിൽ തലപുകഞ്ഞാ ലോചിച്ചു. ഇവ പരിഹരിക്കാതെ മുന്നോട്ടു പോകുക പ്രയാസമാ യി തോന്നി. ക്രിസ്ത്യാനികളുടെ ക്രിസ്തീയമല്ലാത്ത പ്രവൃത്തികൾ, ഗിരിപ്രഭാഷണത്തിൻെറ നേരെ കണ്ണടച്ചുകൊണ്ടുള്ള അവരുടെ ജീവിതം, അദ്ദേഹത്തെ നിരാശനാക്കി. ഇതിനാൽ ക്രിസ്തുവിനെ അംഗീകരിച്ചെങ്കിലും ക്രിസ്തുമതത്തെ അദ്ദേഹം അംഗീകരിച്ചില്ല.

---

49 *Ibid.* p. 34
50 മഹാത്മഗാന്ധി, സാമൂഹ്യജീവിതം, തിരുവനന്തപുരം, 1962, p. 490

www.malankaralibrary.com



ക്രിസ്തീയ സുഹൃത്തുക്കളുമായുള്ള സമ്പർക്കം വഴി ഗാന്ധിജി ക്രിസ്തുമതം ആശ്ലേഷിക്കാൻ ഒരുമ്പെട്ടെങ്കിലും ഹിന്ദുമതത്തിലുള്ളതിനേക്കാൾ കൂടുതലായി യാതൊന്നും ബൈബിളിൽ ഇല്ല എന്നാണ് ഗാന്ധിജിയ്ക്കു മനസ്സിലാക്കാൻ സാധിച്ചതു്. അതിന്റെയർത്ഥം ഒരു നല്ല ഹിന്ദുവായിരിക്കുക എന്നു പറഞ്ഞാൽ ഒരു നല്ല ക്രിസ്ത്യാനിയായിരിക്കുക എന്നതാണ്. തന്നെയുമല്ല, യഥാർത്ഥത്തിൽ ഈശ്വരൻ ഒന്നേയുള്ളു. ആ ഈശ്വരനെ പ്രാപിക്കാൻ പല വഴികളുണ്ട്. ക്രിസ്തുമതവും, ഹിന്ദുമതവും മററു മതങ്ങളുമെല്ലാം ഇതിനുള്ള ഓരോ മാർഗ്ഗങ്ങളാണ്.[51] ഈ കാരണങ്ങളാൽ അദ്ദേഹം ഹിന്ദുമതത്തിൽതന്നെ ഉറച്ചു നില്ക്കാൻ തീരുമാനിക്കുകയും ക്രിസ്തുമതത്തെ നിരസിക്കുകയും ചെയ്തു. ഗാന്ധിജിയുടെ അഭിപ്രായത്തിൽ ഹിന്ദുമതം വളരെ വിശാലമായ ഒരു മതമാണ്, മററു മതങ്ങളെ സഹിഷ്ണുതാബോധത്തോടെ കണക്കാക്കുകയും മററു നേതാക്കന്മാരുടെ പഠനങ്ങളെ ഉൾക്കൊള്ളാൻ കഴിവുള്ളതുമാണ്. ഈ കാര്യത്തിൽ ക്രിസ്തുമതം ഒരു പരാജയമാണെന്നാണ് ഗാന്ധിജിയുടെ മതം.[52] 1925 ജൂലൈ 28-നു കൽക്കട്ടായിലെ വൈ. എം. സി. എ. ഓഫീസിൽ വച്ച് ഒരു മിഷനറി കോൺഫ്രൻസിൽ അദ്ദേഹം പറഞ്ഞു: ''ഏററം വിനീതനായി ഞാൻ പറയുന്നു, ഹിന്ദുമതം എന്റെ ആത്മാവിനെ പൂർണ്ണമായും സാന്ത്വനപ്പെടുത്തുന്നു. ഭഗവത്ഗീതയിലും ഉപനിഷത്തുകളിലും നിന്നു് എനിക്കു് പ്രത്യാശയുടെ കിരണങ്ങൾ കിട്ടുന്നു, ഗിരിപ്രഭാഷണത്തിൽ നിന്നു് ലഭിക്കാത്തതുപോലും.''[53]

## C. വിലയിരുത്തൽ

ഗാന്ധിജിയുടെ ക്രിസ്തുമതവീക്ഷണം വിലയിരുത്തുമ്പോൾ നമുക്കു പലതും മനസിലാക്കാൻ കഴിയും. അദ്ദേഹത്തിന്റെ 'പ്രസംഗത്തേക്കാളുത്തമം ജീവിത മാതൃക' എന്ന തത്വം അങ്ങേയററം ശ്ലാഘനീയമാണ്. സുവിശേഷം പ്രസംഗിക്കാതെ അതു് ജീവിച്ചു കാണിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്യുന്നു. എന്നാൽ പ്രകൃത്യാതന്നെ മനുഷ്യനിൽ നന്മയും തിന്മയും ഉള്ളതുകൊണ്ടു അവന്റെ പ്രവർത്തനങ്ങളിലും അതു് പ്രതിഫലിക്കും. അതിനാൽ മററുള്ളവരെ ബോദ്ധ്യപ്പെടുത്തണമെങ്കിൽ പ്രസംഗവും ആവശ്യമാണ്. മാതൃകയോടു കൂടിയ പ്രസംഗം വളരെയധികം ഫലവത്താണ്. യേശുവിന്റെ കുരിശുമരണം സ്നേഹത്തിന്റെ മൂർത്തീഭാവമാണ്. എന്നാൽ ഗാന്ധിജി അതു് അപൂർണ്ണതയുടെ ഒരു തെളിവായി ചൂണ്ടിക്കാണിക്കുന്നു: യേശു അപൂർണ്ണനായതുകൊണ്ടാണ് കുരിശിൽ മരിച്ചതു്. എന്നാൽ

51 M. K. Gandhi, *Message of Jesus Christ*, p. 13

52 Nirmal minz, *Mahatma Gandhi and Hindu Christian Dialogue*, The Christian Literature Society, Madras. 1970, p. 166

53 C, F. Andrews, *Mahatma Gandhi's Ideas*, London, 1949, p.73

www.malankaralibrary.com



ഇതിനെപ്പററി ചിന്തിക്കുന്ന ഒരാറംക്കു മനസിലാകും യേശുവിൻെറ മരണം തൻെറ സ്നേഹിതക്കുവേണ്ടിയുള്ള ആത്മബലിയാണെന്നു്. ''അവൻ നമുക്കുവേണ്ടി സ്വന്തം പ്രാണനെ തന്നതിൽനിന്നു് നമ്മോടുള്ള അവൻെറസ്നേഹം നാമറിയുന്നു' (യോഹ. 3:16;1 യോഹ. 3:16).

ഗാന്ധിജിയുടെ വീക്ഷണത്തിൻെറ മററൊരു ന്യൂനത, അദ്ദേഹം യേശുവിനെ ദൈവത്തിൻെറ ഏക പുത്രനായി കണക്കാക്കുന്നില്ല എന്നതാണു്: നാമെല്ലാം ഈശ്വരൻെറ മക്കളാണു്. അവിടുത്തേക്കു് പ്രത്യേകമായി മക്കളൊന്നുമില്ല. എന്നാൽ ക്രിസ്ത്വാനുയായികറംക്കു് വളരെ ഭിന്നമായ അഭിപ്രായമാണുള്ളതു്—ക്രിസ്തു ദൈവത്തിൻെറ ഏക പുത്രനാണെന്നു് അവർ വിശ്വസിക്കുന്നു. ''ദൈവത്തിൻെറ ഏകപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായിൽ ഞങ്ങറം വിശ്വസിക്കുന്നു.'' എന്നാൽ ഇവിടെ ഗാന്ധിജിയെ വിമർശിച്ചിട്ടു് കാര്യമില്ല. കാരണം,അദ്ദേഹം ഹൈന്ദവതത്ത്വശാസ്ത്രപശ്ചാത്തലത്തിൽനിന്നുകൊണ്ടാണു് ചിന്തിക്കുന്നതു്. രക്ഷാകര ചരിത്രത്തിലൂടെയുള്ള ദൈവത്തിൻെറ ആവിഷ്ക്കരണം അദ്ദേഹം മനസ്സിലാക്കുന്നില്ല. തന്നെയുമല്ല, യേശു ദൈവത്തിൻെറ പുത്രനാണു് എന്നു് സമ്മതിക്കാൻ പ്രത്യേക ദൈവാനുഗ്രഹം കൂടിയേ തീരു. ''ആത്മാവിനാൽ നയിക്കപ്പെടുന്നവനല്ലാതെ ഒരുവനും മിശിഹാ ദൈവമാണെന്നു് ഏററുപറയുന്നില്ല.'' (1 Cori. 12:3).

ക്രിസ്തുമതത്തെപ്പററിയുള്ള അദ്ദേഹത്തിൻെറ വിമർശനവും യുക്തിക്കു് ചേർന്നതല്ല. കുറച്ചു ക്രിസ്ത്യാനികളെ കണ്ടിട്ടു് ക്രിസ്തുമതത്തെക്കുറിച്ചു് പൊതുവായ ഒരു നിഗമനത്തിലെത്തിച്ചേരുന്നതു് ശരിയല്ല. ഒരു കെട്ടിടത്തിൻെറ ഒരു വശം കണ്ടിട്ടു് കെട്ടിടം ഇതുപോലെയാണു് എന്നു് പറയുന്നതിൽ യാഥാർത്ഥ്യം തെല്ലും ഇല്ല. കുരുടന്മാർ ആനയെ കണ്ടതുമാതിരിയായിരിക്കും ഈ അറിവു്. അതിനാൽ കുറച്ചു് നാമമാത്ര ക്രിസ്ത്യാനികളെ കണ്ടിട്ടു് ക്രിസ്തുമതം ഇങ്ങനെയാണു് എന്ന നിഗമനം തെററാണു്. ഏതു് സമുദായത്തിൽ ചെന്നാലും വെറും പേരിനുമാത്രമുള്ള മതാനുയായികളെ കണ്ടുമുട്ടാൻ സാധിക്കും. അതിനാൽ നാം ഒരു മതത്തെ വിലയിരുത്തുമ്പോറം അതിലെ എല്ലാ വശങ്ങളും പഠിക്കേണ്ടിയിരിക്കുന്നു.

ക്രിസ്തുമതത്തിൻെറ പ്രത്യേകത അതു് ദൈവപുത്രനാൽതന്നെ സ്ഥാപിതമാണു് എന്നതാണു്. ദൈവത്തിൽനിന്നുതന്നെയാണു് അതിൻെറ ആരംഭം. ഇതര മതങ്ങളിൽനിന്നു് അതിനെ വേർതിരിക്കുന്ന വസ്തുതയും ഇതുതന്നെ. പക്ഷെ, മനുഷ്യൻ കൈകാര്യം ചെയ്യുമ്പോറം അതിൽ തെററുകറം ഉണ്ടാകാം. മനുഷ്യർ അപൂർണ്ണരാണു്, ബലഹീനരാണു്, ക്രിസ്തുമതത്തിനുള്ള കുറവു് ഇതുമാത്രമാണു്. എന്നാൽ ഇതിൻെറ സ്ഥാപകൻ ദൈവമായതുകൊണ്ടു് അവിടുന്നു തന്നെ അതിനെ നേർവഴിയിൽക്കൂടി നയിച്ചുകൊള്ളും. തെററിൽ

www.malankaralibrary.com



അകപ്പെട്ടാലും നശിക്കുകയില്ല. കാററും കോളുമുള്ള സാഗരത്തിൽപ്പെട്ട് ഉലഞ്ഞാലും അത് നശിക്കാതെ മുന്നോട്ടു കുതിക്കുക തന്നെ ചെയ്യും. ''ലോകാവസാനത്തോളം ഞാൻ നിങ്ങളുടെ കൂടെ ഉണ്ടായിരിക്കും'' (Mt. 28:20). ക്രിസ്തുനാഥന്റെ ഈ വാക്കുകളാണ് ക്രിസ്ത്യാനികൾക്കുള്ള അവലംബം, പ്രത്യാശ. ഈ പ്രത്യാശയാണ് അവരെ നയിക്കുന്നത്.

ഗാന്ധിജി മിഷനറിമാരായ പാശ്ചാത്യരേയും അവരുടെ പ്രവർത്തനങ്ങളേയും വിമർശിക്കുന്നു. ചിലർ സുവിശേഷ പ്രഘോഷണം ഒരു കച്ചവടം എന്നപോലെ കണക്കാക്കി; പുരാതനകാലങ്ങളിലെ ക്രയവിക്രയം പോലെ! രോഗികളെ ശുശ്രൂഷിച്ച്, പാവങ്ങൾക്ക് ഭക്ഷണസാധനങ്ങൾ നൽകി, വിദ്യാർത്ഥികൾക്ക് പുസ്തകങ്ങളും നോട്ടുബുക്കുകളും മററും കൊടുത്ത്, അവരെ വശീകരിക്കാൻ ശ്രമിച്ചു, ക്രിസ്തുമതത്തിലേക്ക് ചേർക്കാൻ ശ്രമിച്ചു. ഇതിനെ അദ്ദേഹം ശക്തിയുക്തം എതിർത്തു. എന്നാൽ മലയാളഭാഷയിൽ ഒരു ചൊല്ലുണ്ട്: ''വിശപ്പടക്കിയിട്ട് വേദമോതുക'' എന്നു്. പാവങ്ങളുടെ വിശപ്പടക്കിയെങ്കിൽ മാത്രമേ അവരോട് വേദം പറയാൻ സാധിക്കുകയുള്ളു. ഗാന്ധിജി നിർബ്ബന്ധപൂർവ്വമുള്ള മതപരിവർത്തനത്തേയും കുററപ്പെടുത്തുന്നു. എന്നാൽ ഇത് ക്രിസ്തുമതാദർശമല്ല. ക്രിസ്തുമതം ആശ്ലേഷിക്കാൻ ആരും ആരെയും നിർബ്ബന്ധിക്കുന്നില്ല. മററുള്ളവർക്ക് ക്രിസ്തുവിനെ കാണിച്ചുകൊടുക്കുക എന്നതാണ് ക്രിസ്ത്യാനികളുടെ കടമ. ഇതിൽനിന്നുത്ഭവിക്കുന്നതാണ് മതപരിവർത്തനം. നിർബ്ബന്ധത്താലുള്ള ഒരു പ്രക്രിയയല്ലത്. ഗാന്ധിജിയുടെ കാലത്ത് അങ്ങനെ നടന്നിട്ടുണ്ട്. അത് ക്രിസ്തുമതത്തിന്റെ ഒരു പോരായ്മ തന്നെയാണ്. പാശ്ചാത്യർ ചില ഭാരതീയരെ നിർബ്ബന്ധിച്ചു മതാനുയായികളാക്കി. അവർ യൂറോപ്പിലുള്ള അവരുടെ നയം ഇവിടെയും പ്രവൃത്തിപഥത്തിൽ വരുത്താൻ ശ്രമിച്ചു. രാജാവ് ക്രിസ്ത്യാനിയെങ്കിൽ പ്രജകളും ക്രിസ്ത്യാനികൾ! ഇതായിരുന്നു യൂറോപ്യൻ നിയമം. ഭാരതത്തിൽ നടന്നതും ഇതിന്റെ ഒരു ഭാഗം മാത്രം. എന്നാൽ ഇത് ക്രിസ്തുനാഥൻ ആഹ്വാനം ചെയ്യുന്ന ആദർശമല്ല. അവിടുത്തെ മനസ്സിലാക്കിക്കഴിയുമ്പോഴുള്ള ജനങ്ങളുടെ പ്രത്യുത്തരമാണ് മതപരിവർത്തനം. മാനസാന്തരമാണ് മതപരിവർത്തനത്തിന്റെ കാതൽ.

മനുഷ്യന്റെ സമഗ്രവിമോചനമാണ് മതത്തിന്റെ ലക്ഷ്യം. മറിച്ച്, ആത്മീയത മാത്രമാണ് എന്നു പറഞ്ഞു് മതത്തിന്റെ

www.malankaralibrary.com



പ്രാധാന്യത്തെ തരംതാഴ്ത്തുന്നതു് മൗഢ്യമാണു്. മനുഷ്യന്റെ മാനുഷികത കണക്കിലെടുക്കുമ്പോൾ ആത്മീയതയ്ക്കു് തണലേകുന്ന ഭൗതികതയുടെ സ്ഥാനവും പ്രധാനമാണു്. ഇതാണു് മനുഷ്യത്വപരമായ പ്രസ്ഥാനങ്ങളുടെ (humanitarian works) സ്ഥാനം. മനുഷ്യനെ മനുഷ്യനാക്കുന്നതിനാണിതു്. ആത്മീയ ഭൗതിക ഘടകങ്ങളുള്ള മനുഷ്യൻ പരാശക്തിയുമായി ബന്ധപ്പെടുമ്പോൾ അവന്റെ ആവശ്യങ്ങളെ നിരത്തിവയ്ക്കുന്നു. മനുഷ്യവിശുദ്ധികൾ് അതാവശ്യവുമാണു്. അങ്ങനെ മതത്തിലൂടെ മനുഷ്യൻ അവന്റെ വികസനം കൈവരിക്കുന്നു.

ക്രിസ്തുമതത്തേപ്പററിയുള്ള ഗാന്ധിജിയുടെ വിമർശനങ്ങൾ ക്രിസ്തീയ മൂല്യങ്ങളെപ്പററി കൂടുതൽ ബോധവാന്മാരാകാൻ ക്രിസ്ത്യാനികളെ പ്രേരിപ്പിക്കുന്നു. യഥാർത്ഥ ക്രിസ്തുശിഷ്യന്മാരാകാനുള്ള ആഹ്വാനം ഗാന്ധിജിയുടെ വാക്കുകളിൽ മുഴങ്ങുന്നു. നസ്രായനായ യേശുവിന്റെ പാതയിലൂടെ ചരിക്കുവാനുള്ള പ്രചോദനവും പ്രേരണയും ഗാന്ധിജിയുടെ ജീവിതം പ്രദാനം ചെയ്യുന്നതോടൊപ്പം, ഗാന്ധിജിയുടെ ജീവിതം ക്രിസ്തീയമനസ്സാക്ഷിയുടെ മുന്നിൽ ഉയർന്നു നില്ക്കുന്ന ഒരു ചോദ്യചിഹ്നം കൂടിയാണു്.

www.malankaralibrary.com

# II

# മനുഷ്യദർശനം

www.malankaralibrary.com

# മനുഷ്യദർശനം

## A. വ്യക്തിമാഹാത്മ്യം

ഗാന്ധിയൻ തത്വസംഹിതയുടെ കേന്ദ്രബിന്ദു വ്യക്തിയിൽ നിക്ഷിപ്തമാണ്. വ്യക്തിയെക്കുറിച്ച് വ്യവസ്ഥിതമായ ഒരു പ്രതിപാദനം ഗാന്ധിജി നടത്തിയിട്ടില്ല. വ്യത്യസ്ത സന്ദർഭങ്ങളിലും സാഹചര്യങ്ങളിലും വ്യക്തിയെക്കുറിച്ച് അദ്ദേഹത്തിന്റെ ബോധമണ്ഡലത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങളുടെ ആകെത്തുകയാണ് അദ്ദേഹത്തിന്റെ മനുഷ്യദർശനം. 'ദർശനം' എന്നു പറയാവുന്ന ഒന്ന് അദ്ദേഹത്തിനുണ്ടെങ്കിൽ അത് വ്യക്തിയുടെ അതുല്യതയിലും, ഏകതാനതയിലും, ആത്മശക്തിയിലുമുള്ള അഗാധമായ വിശ്വാസത്തിൽ നിന്നും യാഥാർത്ഥീഭവിച്ച ഒന്നാണ്. അനുഭവങ്ങളുടെ ആത്മശോധനയിലൂടെ അറിച്ചെടുത്ത ജീവിത മൂല്യങ്ങളേയും, സത്യാന്വേഷണപരീക്ഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞ ഉൾക്കാഴ്ചകളേയും, മാനവസമുദായത്തിന് അദ്ദേഹം നല്കി. വ്യക്തിയെ രൂപാന്തരീകരിച്ച് മുക്തനാക്കുന്ന സത്യമായിരുന്നു അദ്ദേഹത്തിന്റെ അവിരാമമായ അന്വേഷണ പ്രക്രിയയുടെ ലക്ഷ്യം.

സമൂഹങ്ങളുടെയും, സംഘടനകളുടെയും, യന്ത്രത്തിന്റേതുമായ ഈ യുഗത്തിൽ ഒരൊററ മനുഷ്യവ്യക്തിക്കുള്ള സിദ്ധികളേയും സാദ്ധ്യതകളേയും അദ്ദേഹം നമുക്ക് മനസ്സിലാക്കിത്തന്നു. മാത്രമല്ല വ്യക്തിയുടെ സാദ്ധ്യതകളെ ഏററവും ഉയർന്ന രീതിയിൽ അദ്ദേഹം അനുദിന ജീവിതത്തിൽ ആവിഷ്കരിച്ച് കാണിക്കുകയും ചെയ്തു. ഗാന്ധിജിയുടെ സാമൂഹ്യ—രാഷ്ട്രീയ പ്രവർത്തനങ്ങൾ വ്യക്തികേന്ദ്രീകൃതമായിരുന്നു. അവയുടെയൊക്കെ പരമമായ ലക്ഷ്യം പട്ടിണിപ്പാവങ്ങൾക്ക് ഭക്ഷണവും, ചൂഷിതക്ക് മോചനവും നല്കുക മാത്രമായിരുന്നില്ല. മറിച്ച് ഈശ്വരനിലേയ്ക്ക് മനുഷ്യനെ നയിക്കുന്ന പ്രയാണത്തിലെ ഒരു ദുർഘടഘട്ടം കടന്നുപോകുവാൻ മനുഷ്യകുലത്തെ സഹായിക്കുകയായിരുന്നു. അദ്ദേഹം ഇപ്രകാരം എഴുതി, ''വ്യക്തി എത്രതന്നെ എളിയവനായാലും, വ്യക്തിയോടുള്ള നീതി എനിക്ക് സർവ്വസ്വവുമാണ്. മററുള്ളവയെല്ലാം അത് കഴിഞ്ഞു വരുന്നു.''[1] വ്യക്തിയുടെ അന്തസ്സിനും, മൂല്യത്തിനും അദ്വിതീയമായ സ്ഥാനം അദ്ദേഹം കല്പിച്ചു. അതോടൊപ്പംതന്നെ വ്യക്തി സമൂഹത്തിന്

---

1 ബി. കെ അഹ്ലുവാലിയ, ഗാന്ധി പല കാഴ്ചപ്പാടിലൂടെ, p. 13

www.malankaralibrary.com



ചെയ്യേണ്ട ആത്മസമർപ്പണത്തേയും സ്വാർത്ഥപരവും, അഹന്താപരവുമായ ആവശ്യങ്ങളുടെ നിയന്ത്രണത്തേയും അദ്ദേഹം ഊന്നിപ്പറഞ്ഞു.

ഗാന്ധിജിയുടെ വിസ്മയാവഹമായ ജീവിതവിജയത്തിന്റെ രഹസ്യം ജനലക്ഷങ്ങളുമായുള്ള സജീവ സമ്പർക്കമായിരുന്നു. അതിൽ നിന്നും അവരുടെ വിചാരവികാരങ്ങളെപ്പററി വിലപ്പെട്ട അറിവ് അദ്ദേഹത്തിന് ലഭിച്ചു. ഗാന്ധിജിയുടെ മനുഷ്യദർശനത്തിലേക്കുള്ള വഴിയിൽ അറിവിന്റെ ആസ്ഥാനവും, മാർഗ്ഗദർശിയും, ചവിട്ടുപടിയുമായിവർത്തിച്ചത് പ്രസ്തുത അനുഭവസമ്പത്താണ്.

## 1. പരിണാമമനുഷ്യൻ

പരിണാമപ്രക്രിയയുടെ ഉത്തമ ഉല്പന്നമാണ് മനുഷ്യനെന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു. മൃഗീയതയിൽനിന്നും മനുഷ്യത്വത്തിലേയ്ക്കും അസത്യത്തിൽ നിന്നും സത്യത്തിലേയ്ക്കും അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേയ്ക്കും വാനരനിൽ നിന്നും മാനവനിലേയ്ക്കു മാനവനിൽ നിന്നും വാനവനിലേയ്ക്കും സ്വാർത്ഥതയിൽ നിന്നും വിശ്വസ്നേഹത്തിലേയ്ക്കുമുള്ള പരിണാമത്തിന്റെ കണ്ണികളെയാണ് അദ്ദേഹം വിവക്ഷിക്കുക. എല്ലാ മനുഷ്യരും ഈ പരിണാമസരണിയിലൂടെയാണ് അവന്റെ പരമമായ ലക്ഷ്യത്തിലേയ്ക്ക്, ഈശ്വരസായുജ്യത്തിലേയ്ക്ക് നടന്നടുക്കുക.

മനുഷ്യന്റെ മുൻപിൽ തുറന്നു കിടക്കുന്ന രണ്ടു പ്രധാന വഴികളിൽ ഇഷ്ടമുള്ളതിനെ തിരഞ്ഞെടുത്ത് പരിണാമപ്രക്രിയ തുടരുവാൻ അവനു സാധിക്കും. നന്മയുടെയും തിന്മയുടെയും വഴികളാണവ. കൂടുതൽ മോഹനവും വശ്യവുമായ തിന്മയുടെ പാതയെ പുൽകുവാനാണ് മനുഷ്യന്റെ നിസർഗ്ഗസിദ്ധമായ അഭിവാഞ്ഛ. മൃഗത്തിൽ നിന്നും പരിണാമം പ്രാപിച്ച മനുഷ്യൻ ഇനി പരിണാമപ്രക്രിയ തുടരേണ്ടത് അവൻ ബോധപൂർവ്വം തെരഞ്ഞെടുക്കുന്ന പന്ഥാവിൽ കൂടിയായിരിക്കും. ഇവിടെ മൃഗത്തിൽ നിന്നും മനുഷ്യനുള്ള ശ്രേഷ്ഠതയും മാഹാത്മ്യവും വ്യത്യാസവും ഗാന്ധിജി ചൂണ്ടിക്കാണിക്കുന്നു. മനുഷ്യനെ മനുഷ്യനാക്കുന്നത് അവന്റെ ആന്തരികതയാണ്. അവനെ നയിക്കുന്നത് സ്നേഹത്തിന്റെ ശക്തിയാണ്. ഇതാണവനെ മൃഗത്തിൽ നിന്നും വ്യതിരിക്തനാക്കുന്നത്. ശക്തിയുടെ നിയമം മൃഗങ്ങളെ നയിക്കുമ്പോൾ മനുഷ്യനെ നയിക്കുന്നത് സ്നേഹത്തിന്റെ ജീവിതനിയമമാണ്. അതിനെ അനുധാവനം ചെയ്യുവാൻ ഓരോ വ്യക്തിയും ബാദ്ധ്യസ്ഥനാണ്.

## 2. വ്യക്തിയുടെ സ്വഭാവം.

മഹാത്മജിയെ സംബന്ധിച്ചിടത്തോളം യഥാർത്ഥ വ്യക്തി അടിസ്ഥാനപരമായും അനശ്വരമായ ഒരു ആദ്ധ്യാത്മിക യാഥാർത്ഥ്യ

www.malankaralibrary.com



മാണ്; ഒരു ഈശ്വരാംശമാണ്. തന്മൂലം അവന്റെ ഭൗതിക സ്വഭാവത്തെയും അതിന്റെ താല്പര്യങ്ങളെയും, മൃഗീയ വാസനകളെയും ശോധന ചെയ്ത് അവന്റെ പരമലക്ഷ്യമായ ഈശ്വരനിലേയ്ക്ക് അവൻ പ്രയാണം ചെയ്യണമെന്ന് അദ്ദേഹം ഉപദേശിക്കുന്നു. എത്ര മാത്രം മൃഗീയതയിലേയ്ക്ക് വഴുതി വീണ വ്യക്തിയാണെങ്കിലും നന്മയിലേയ്ക്ക് നിഷ്ക്രമിക്കുവാനുള്ള ഒരുൾപ്രചോദനം സുഷുപ്താവസ്ഥയിൽ അവനിൽ കുടികൊള്ളുന്നുണ്ട്. നമ്മിൽ സന്തതം വസിക്കുന്ന ഈശ്വരനെ തിരിച്ചറിയുകയും സാക്ഷാൽക്കരിക്കുകയുമാണ് മനുഷ്യാസ്തിത്വത്തിന്റെ ലക്ഷ്യം.

പരിമിത പരിതസ്ഥിതികളിലും തുച്ഛമായ കഴിവുകളോടുകൂടിയും ജനിക്കുന്ന മനുഷ്യൻ ഒരിക്കലും തികച്ചും പരിപൂർണ്ണനാകുന്നില്ല. അവന്റെ അസ്തിത്വഭാവംമുതൽതന്നെ അവൻ മാലാഖയല്ല. തിന്മയുടെ പിടിയിൽ നിന്നും ഒരു വ്യക്തിയും വിമുക്തനല്ലതന്നെ. ഇക്കാര്യത്തിൽ വ്യക്തികൾ തമ്മിൽ ആനുപാതികമായും ആപേക്ഷികമായും വ്യത്യാസമുണ്ടെന്ന് അദ്ദേഹം സമ്മതിക്കുന്നുണ്ട്. ഒരു മനുഷ്യനും മുഴുവനും പരിപൂർണ്ണനല്ലാതിരിക്കെ എന്തുകൊണ്ടാണ് നാം ചിലരെയൊക്കെ ദൈവമനുഷ്യർ (men of God) എന്നു വിളിക്കുന്നത്? ഗാന്ധിജി നൽകുന്ന ഉത്തരം ശ്രദ്ധേയമാണ്; ദൈവമനുഷ്യർ അവരുടെ തെറ്റുകളെക്കുറിച്ച് ബോധവാന്മാരാണ്. ദൈവത്തിന്റെ കരുണയ്ക്കു മാത്രമെ കന്മഷപൂരിതമായ മനുഷ്യഹൃദയത്തെ പവിത്രീകരിക്കാനാകൂ എന്നദ്ദേഹം വിശ്വസിച്ചു.

ഒരു യാഥാസ്ഥിതിക ഹിന്ദുവായ അദ്ദേഹം പുനർജന്മത്തിൽ വിശ്വസിച്ചിരുന്നു. തന്മൂലം കഴിഞ്ഞ ജന്മത്തിൽ മനുഷ്യനിൽ അടിഞ്ഞുകൂടിയ തിന്മയുടെ പ്രതിഫലനവും സ്വാധീനവും ഈ ജന്മത്തിലും ഉണ്ടാകുമെന്ന് അദ്ദേഹം വാദിച്ചു. അദ്ദേഹം പറയുന്നു: ''ഞാൻ മുജ്ജന്മത്തിലും പുനർജന്മത്തിലും വിശ്വസിക്കുന്നു. നമ്മുടെ എല്ലാ ബന്ധങ്ങളും മുൻജന്മ പ്രവണതകളുടെ (Past samskaras) ഫലമാണ്.''2

ആത്മാവും ശരീരവുമുള്ള ഒരു സങ്കീർണ്ണ ജീവിയാണ് മനുഷ്യൻ. അവന്റെ ശരീരം പ്രകൃതിയുടെ ഉല്പന്നവും അംശവുമാണ്. പഞ്ചമൂലകങ്ങളാൽ നിർമ്മിതമായ മനുഷ്യൻ അതിൽത്തന്നെ അപൂർണ്ണനാണ്. പഞ്ചമൂലകങ്ങളായ വായുവും, ജലവും, ഭൂമിയും, അഗ്നിയും, ഈഥറും (ether) ചേർന്ന മൂല സമുച്ചയം മനുഷ്യശരീരഘടനയ്ക്ക് ഹേതുവാണ്. എന്നാൽ മനുഷ്യൻ വെറും ഭൗതിക യാഥാർത്ഥ്യങ്ങളുടെ ഒരു സംഗ്രഹമല്ല. മറിച്ച് അരൂപി അനാവരണം ചെയ്യുന്ന മനസ്സാക്ഷിയും, യുക്തി വിചാരവും, വികാരശക്തിയും അവനിൽ

2 V. P. Varma, *The Political Philosophy of Mahatma Gandhi and Survodaya.* p. 55.

www.malankaralibrary.com



അന്തർലീനമാണ്. ആത്മാവിന്റെ ഉത്ഭവത്തെ കുറിച്ചുള്ള അദ്ദേഹത്തിന്റെ നിഗമനം യാഥാസ്ഥിതിക ഹിന്ദുവിശ്വാസത്തിൽ നിന്നും വിഭിന്നമല്ല. ദൈവത്തെ സ്രഷ്ടാവായിട്ട് അംഗീകരിക്കുന്നുണ്ടെങ്കിലും മനുഷ്യാത്മാവിന്റെ സ്രഷ്ടാവായിട്ട് അവർ അംഗീകരിക്കുന്നില്ല. ഈശ്വരന്റെ ഒരു സ്ഫുലിംഗമായിട്ടാണ് (Divine spark) മനുഷ്യാത്മാവിനെ അവർ ദർശിക്കുക.[3]

മനുഷ്യശരീരം ക്ഷയോന്മുഖവും, നാശോന്മുഖവുമാണ്' എന്നാൽ ആത്മാവാകട്ടെ അനശ്വരവും, ആദ്യന്തവിഹീനവും, അഭയവുമാണ്. തന്മൂലം ശരീരം ഇല്ലെങ്കിലും ആത്മാവ് സ്ഥിതിചെയ്യുന്നു, അല്ലെങ്കിൽ ആത്മാവിന്റെ ഉണ്മയ്ക്ക് ശരീരം ഒരവശ്യഘടകമല്ലയെന്ന് ഗാന്ധിജി വാദിക്കുന്നു. ദൈവവുമായി തുലനം ചെയ്യുമ്പോൾ മനുഷ്യൻ പരന്നുകിടക്കുന്ന പാരാവാരത്തിലെ വെറും ഒരു ഉദകപ്പോളയ്ക്ക് സദൃശമാണ്. ദൈവത്തിന്റെ അരൂപി അവനിലുണ്ടെങ്കിലും അതിനെ മൃഗീയവാസനകൾക്കതീതമായി സംസ്കരിച്ചെടുത്തെങ്കിൽ മാത്രമെ അവന്റെ ജീവിതലക്ഷ്യം സംലബ്ധമാകുകയുള്ളു.

എല്ലാ ജീവജാലങ്ങൾക്കും ആത്മാവുണ്ടെന്ന ചിന്താഗതി ഗാന്ധിജിയിൽ പ്രബലമായിരുന്നു. എന്നാൽ താഴ്ന്ന ജീവികളിൽ നിന്നും വ്യത്യസ്തവും, സർവ്വപ്രധാനവുമായ മനുഷ്യാത്മാവിന്റെ മഹത്വത്തെ അദ്ദേഹം ബഹുമാനിച്ചു. ധാർമ്മികവിദ്യാഭ്യാസത്തിലൂടെയും ബോധവത്ക്കരണത്തിലൂടെയും മാത്രമേ മനുഷ്യന്റെ അധമ സ്വഭാവത്തെ ഉന്മൂലനം ചെയ്ത് ഉദാത്തമായ സ്വഭാവത്തെ ഉദ്ഗ്രഥിച്ചെടുക്കുവാൻ സാധിക്കുകയുള്ളു. ഗാന്ധിജി പറയുന്നു, ''ചിന്തയിലൂടെ മനുഷ്യന്റെ പാപത്തേയും സ്വഭാവത്തേയും രൂപാന്തരീകരിക്കുവാൻ സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.[4]

മനുഷ്യസ്വഭാവത്തിന്റെ മതാത്മകമായ പുനർനിർമ്മാണത്തെക്കുറിച്ച് അദ്ദേഹം ബോധവാനായിരുന്നു. ശാശ്വതമായ രാഷ്ട്രീയ സാമൂഹിക പരിവർത്തനത്തിന് ഇത് അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം മനസ്സിലാക്കി.[5] രാഷ്ട്രീയ തത്വശാസ്ത്രത്തിൽ ഗാന്ധിജി ആവശ്യപ്പെടുന്ന അടിസ്ഥാനമായ കാര്യമാണ് ഈ ധാർമ്മിക ശുചീകരണം. ആദ്ധ്യാത്മിക നവീകരണവും അടിസ്ഥാനവിദ്യാഭ്യാസംകൊണ്ട് വ്യക്തമാക്കുന്ന 'സത്യാഗ്രഹി ആദർശവും' ഇത് തന്നെയാണ്.

---

3 M. K. Gandhi, *Autobiography*, p. 203.

4 M. K. Gandhi. *Harijan*, 1940.

5 V. P. Varma, *The Political Philosophy of Mahatma Gandhi and Survodaya*, p.63.

www.malankaralibrary.com



വിശുദ്ധമായ ജീവിതത്തിലൂടെ മാത്രമെ ഒരുവന് തന്റെ ആദ്ധ്യാത്മിക സാദ്ധ്യതകളെ പുറത്തുകൊണ്ടുവന്ന് സഹജീവികളെ സ്വാധീനിക്കുവാൻ സാധിക്കുന്നുള്ളു. ഈ സാദ്ധ്യതകളെക്കുറിച്ച് ബോധവാനായിരുന്ന ഗാന്ധിജി അതുവഴി മററുള്ളവരെ സ്വാധീനിച്ചു. 1946—ലും 1947—ലും ഉണ്ടായ കിരാതവും, രക്തപങ്കിലവുമായ വർഗ്ഗീയ കലാപത്തിന്റെയും മററും തീവ്രതയെ കുറയ്ക്കുവാനും, ഉന്മൂലനം ചെയ്യുവാനും ഗാന്ധിജി ഉപയോഗിച്ചതു് തന്റെ വ്യക്തിപരമായ ജീവിത നൈർമ്മല്യത്തിന്റെയും, ധാർമ്മിക ശക്തിയുടെയും ഉത്തമമായ മാതൃകയിലൂടെയാണ്. മനുഷ്യന്റെ ധാർമ്മികശക്തിയുടെ അന്തസത്തയെ ആവിഷ്കരിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ചരിത്രപരമായ മനശാസ്ത്ര സമീപനത്തിന്റെ കേന്ദ്രബിന്ദു.

എല്ലാ മനുഷ്യരും അടിസ്ഥാനപരമായി നല്ലവരാണ്. കാരണം, മനുഷ്യൻ ഒരു ആദ്ധ്യാത്മികഭാവം ഉൾക്കൊള്ളുന്നു. ഈ ആദ്ധ്യാത്മികഭാവത്തെ ഉയർത്തിക്കൊണ്ടുവരുവാൻ നിരന്തരവും, നിതാന്തവുമായ പരിശ്രമം ആവശ്യമാണ്. തിന്മയിൽ നിന്നും, ധാർമ്മികച്യുതിയിൽനിന്നും അകന്ന് അതിസ്വാഭാവികതലത്തിലേയ്ക്കുയരണമെങ്കിൽ നിരന്തരമായ പരിശ്രമവും ദൈവാനുഗ്രഹവും (grace) വേണമെന്നു് ഗാന്ധിജി നിർദ്ദേശിക്കുന്നു.[6]

വ്യക്തിയിലുള്ള സദ്ഗുണങ്ങൾ സമൂഹത്തിൽ പ്രതിഫലിക്കണമെന്ന് ഗാന്ധിജി നിഷ്കർഷിച്ചു. അതുകൊണ്ട് അദ്ദേഹം ധാർമ്മികപുണ്യങ്ങളുടെ (Moral Virtues) സ്വാംശീകരണത്തിന് പരമ പ്രാധാന്യം നൽകി. ധാർമ്മികപുരോഗതി കൈവരിയ്ക്കാത്ത സമൂഹത്തിന്റെ അധഃപതനം അനിവാര്യമാണ്. തന്മൂലം കളങ്കമില്ലാത്തതും കന്മഷരഹിതവുമായ ധാർമ്മികതത്വസംഹിതയും ജീവിതവീക്ഷണവും വ്യക്തിയിലും, സമൂഹത്തിലും വളർന്നുവരേണ്ടതാണ്. ഇതു സാധിക്കേണ്ടതു് ധാർമ്മികനിയമങ്ങൾ മനുഷ്യബന്ധങ്ങളിലൂടെ സാക്ഷാത്കരിക്കപ്പെടുന്നതു വഴിയാണ്. അങ്ങനെ സമുത്കൃഷ്ടമായ ഒരു ധർമ്മത്തെ, ആത്മശക്തിയെ അനുസരിക്കുക വ്യക്തിയുടെ അന്തസ്സിന് അനുപേക്ഷണീയമാണ്.[7] വ്യക്തികളെ നിയന്ത്രിക്കുവാനുള്ള നിർദ്ദേശങ്ങൾ നിയമപരമായിരിക്കുന്നതിലും കൂടുതൽ ധാർമ്മികമായിരിക്കണമെന്ന് അദ്ദേഹം വാദിച്ചു. ''അദ്ദേഹം വെറും ഒരു സദാചാരവാദിയായിരുന്നില്ല. മറിച്ച് മനുഷ്യന് ശ്രേഷ്ഠമായ ഒരു ഭാവി ഉണ്ടെന്നും അവൻ കൂടുതൽ ഉന്നതവും ഉദാത്തവുമായ ഒരു ഘട്ടത്തിലേക്ക് പുരോഗമിക്കുകയാണെന്നും അദ്ദേ

---

6 V. P. Varma, *Op. cit.* p. 65.
7 Young India 11-8-1920(for Pacifists p.4)quoted by G Kumarapillai സാമൂഹ്യജീവിതം. p 5.

www.malankaralibrary.com



ഹം വിശ്വസിച്ചു.''[8] ഈ ഉത്കൃഷ്ടമായ ഘട്ടത്തിൽ എത്തിച്ചേരുവാൻ എല്ലാ വ്യക്തികൾക്കും സാധിക്കും. കാരണം, നന്മയായിട്ടുള്ളതിനൊന്നിനും ക്ഷയം സംഭവിക്കുകയില്ല എന്ന അടിസ്ഥാന തത്വം തന്നെ. പൗരാണിക വേദാന്തചിന്താഗതി അദ്ദേഹത്തെ സ്വാധീനിച്ചിരിക്കണം. ''അവിരതമായ കാലചക്രഭ്രമണത്തിന്റെ ചുവടു പിടിച്ച് ധാർമ്മിക പ്രവർത്തനത്തിന് അദ്ദേഹം രൂപം നല്കി. ഇവിടെ യാതൊന്നും യഥാർത്ഥത്തിൽ നഷ്ടപ്പെടുന്നില്ല.[9] തന്മൂലം പാപത്തിന്റെയും തിന്മയുടെയും ശക്തി ലോകത്തിലുണ്ടെങ്കിലും ഗാന്ധിജി തന്റെ ശുഭാപ്തി വിശ്വാസം കൈവെടിയുന്നില്ല. പ്രപഞ്ചത്തിലുള്ള ധാർമ്മിക നിയമങ്ങളിലും, പ്രാപഞ്ചിക പ്രവർത്തനങ്ങളുടെ പിന്നിൽ അന്തർലീനമായ ശക്തിയിലുമുള്ള വിശ്വാസവും അവയോട് ഭാവാത്മകവും ക്രിയാത്മകവുമായ ഒരു സമീപനം സ്വീകരിക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കി.

## 3. ജീവന്റെ ഏകതാഭാവം

ജീവശാസ്ത്രപരമായി പറഞ്ഞാൽ മനുഷ്യർ എല്ലാവരും ഒരു വർഗ്ഗമാണ്. വിവിധ ജാതികളും, വർണ്ണങ്ങളും, വിവിധ മതാനുയായികളും വ്യത്യസ്ത വ്യക്തികളും വ്യതിരിക്തസ്വഭാവക്കാരുമാണെങ്കിലും ഈ വൈധർമ്മ്യങ്ങളെക്കാൾ ഉപരി മനുഷ്യർ തമ്മിലുള്ള സാധർമ്മ്യമാണ് മുന്നിട്ടുനിൽക്കുക. മനുഷ്യർ തമ്മിൽ ശാരീരികമായും മാനസികമായും ആശയപരമായും വികാരപരമായും ഐക്യപ്പെട്ടിരിക്കുന്നു എന്നതു് അവിതർക്കിതമായ ഒരു വസ്തുതയാണ്. അടിസ്ഥാനപരമായ മനുഷ്യന്റെ ആദ്ധ്യാത്മിക സ്വഭാവത്തെ യാതൊരു വൈരുദ്ധ്യങ്ങൾക്കും നിഷേധിക്കുവാൻ സാധിക്കുകയില്ല. ആചാരവിചാരങ്ങളിലും ആഹാരവികാരങ്ങളിലും എന്തെല്ലാം വ്യത്യാസങ്ങൾ ഉണ്ടെങ്കിലും മനുഷ്യൻ അടിസ്ഥാനപരമായി ഐക്യപ്പെട്ടിരിക്കുന്നു. സത്യാഗ്രഹത്തിന്റെ മാർഗ്ഗത്തിലൂടെ തന്റെ പ്രതിയോഗിയുടെ മനസ്സു തിരിക്കുവാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച തത്വശാസ്ത്രം മനുഷ്യന്റെ അടിസ്ഥാനപരമായ ഐക്യത്തിലും, ആശയങ്ങളിലുമുള്ള വിശ്വാസമായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധേയമാണ്: ''ഒരാൾ ആത്മീയമായി ഉയരുകയാണെങ്കിൽ ലോകം മുഴുവൻ അയാളോടൊപ്പം ഉയരുന്നു. ഒരാൾ ആത്മീയമായി അധഃപതിക്കുകയാണെങ്കിൽ ലോകംമുഴുവൻ അയാളോടൊപ്പം അധഃപതിക്കുന്നു.''[10] എല്ലാ ജീവനും ഒന്നാണ് എന്ന ഹിന്ദുമതത്തിലെ കേന്ദ്രതത്വത്തിന് ഗാന്ധിജിയുടെ പ്രവർത്തന

---

8 ബി, കെ. അഹ്ലുവാലിയാ, *Op. cit.* p. 77.
9 V. P. Varma, *Op. cit.* p. 65.
10 ബി. കെ. അഹ്ലുവാലിയാ *Op cit,* 168.

www.malankaralibrary.com



ങ്ങൾ സാക്ഷ്യം വഹിച്ചു എന്ന് ഫാ. തോമസ് മേർട്ടൻ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. മാനുഷികതാല്പര്യങ്ങളിൽ ഒരു ഐക രൂപ്യമുണ്ടെന്നും ഈ ഐകരൂപ്യമാണ് മനുഷ്യരിലുള്ള അന്തർ ഗതമായ സത്യത്തെ പുറത്തുകൊണ്ടുവരുന്നതെന്നും അദ്ദേഹം വിശ്വ സിച്ചു.

ജീവൻെറ ഏകതാഭാവമാണ് (unity of life) രാഷ്ട്രീയ സാമൂ ഹ്യമണ്ഡലങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുവാൻ ഗാന്ധിജിയെ പ്രേരി പ്പിച്ചതു്. അദ്ദേഹം തൻെറ ആത്മകഥയുടെ അവസാന അദ്ധ്യായ ത്തിൽ ഇപ്രകാരം എഴുതി, ''സത്യത്തിൻെറ സാർവ്വലൗകികവും സർവ്വവ്യാപിയുമായ ആത്മാവിനെ മുഖത്തോടുമുഖം കാണണമെ ങ്കിൽ ഒരാൾക്ക് ഏററവും എളിയ ജീവിയെപ്പോലും തന്നോടൊപ്പം സ്നേഹിക്കാൻ കഴിയണം. അങ്ങനെ ആയിത്തീരുന്ന ഒരാൾക്ക് ഒരു മണ്ഡലത്തിൽനിന്നും ഒഴിഞ്ഞുനില്ക്കുവാൻ സാധിക്കുകയില്ല.''[11] ആത്മാവ് എല്ലാവരിലും ഒന്നായിരിക്കുന്നതുകൊണ്ട് അതിൻെറ സിദ്ധികളും സാദ്ധ്യതകളും എല്ലാവർക്കും ഒരുപോലെയാണെന്ന് അദ്ദേഹം പറയുന്നു. അതുകൊണ്ട് അടിസ്ഥാനപരമായ പുണ്യ ങ്ങൾ (അടിസ്ഥാനപുണ്യങ്ങൾ കാണുക) മനുഷ്യവർഗ്ഗത്തിലെ ഏററവും പ്രാകൃതവ്യക്തിക്കുപോലും വളർത്തിയെടുക്കാവുന്നതാണ്. ഇതാണ് മനുഷ്യനെ മററു സൃഷ്ടികളിൽനിന്നും വേർതിരിച്ചു കാണിക്കുന്ന അംശം.

മനുഷ്യൻെറ അടിസ്ഥാനപരമായ ഐക്യം അവൻെറ പ്രവ ർത്തനങ്ങളുടെ സംഘാതവും സാമൂഹ്യവുമായ ഒരു സ്വഭാവം ഉൾക്കൊ ള്ളുന്നുണ്ട്. ധാർമ്മികമായി ഒരു വ്യക്തി ഉണ്ടാക്കുന്ന മുറിവ് സമൂഹ ത്തിൻെറ സിരകളെ നേരിട്ടോ അല്ലാതെയോ ബാധിക്കുമെന്ന് അദ്ദേഹം പറയുന്നു. സാമൂഹ്യമനസ്സാക്ഷിയുടെ ഒരു ഭാഗമാണ് വ്യക്തികളുടെ മനസ്സാക്ഷിയെന്ന് കാൻെറു പറഞ്ഞിരിക്കുന്നതു് തിക ച്ചും അർത്ഥവത്താണ്. ജീവൻെറ ഏകതാഭാവത്തിൽ അധിഷ്ഠിത മായ ഗാന്ധിജിയുടെ അദ്വൈതം, സ്രഷ്ടമെങ്കിലും ഓരോവ്യക്തിയ്ക്കും തൻെറതായ വ്യക്തിത്വവും സ്രഷ്ടാവിൽനിന്നുള്ള വ്യതിരിക്തതയും അംഗീകരിക്കുന്ന ക്രിസ്ത്യാനിക്ക് പൂർണ്ണമായി മനസ്സിലാക്കുക ദുഷ്ക രമായിരിക്കും.

## 4. ആദ്ധ്യാത്മിക ഹ്യൂമനിസം

മനുഷ്യവർഗ്ഗത്തിൻെറ പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും വേണ്ടി ഒരു വ്യക്തി തന്നെത്തന്നെ അർപ്പിക്കുവാൻ തയ്യാറാകുമ്പോ ഴാണ് ഒരു വ്യക്തി ഒരു ഹ്യൂമനിസ്റ്റാകുന്നതു്. മഹാത്മജി പറയുന്നു, ''എൻെറ വിശ്വാസം ദൈവത്തിലാണ് അതുകൊണ്ട് മനുഷ്യ

11 ബി. കെ. അഹ്ലുവാലിയാ, ഗാന്ധി പല കാഴ്ചപ്പാടിലൂടെ, p. 74

www.malankaralibrary.com



രിലും ഞാൻ വിശ്വസിക്കുന്നു.''[12] ദൈവം മനുഷ്യനും മററു ജീവ ജാലങ്ങളുമായി ജീവാത്മകമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടു് മനുഷ്യസ്നേഹത്തിലൂടെയും സേവനത്തിലൂടെയും ദൈവസാക്ഷാത്ക്കാരം നേടുവാൻ ഒരു വ്യക്തിയ്ക്കു സാധിക്കുന്നു.

ഒരു ഹ്യൂമനിസ്റ്റെന്ന നിലയിൽ പ്രധാനമായും രണ്ടു വസ്തുതകഠം ഗാന്ധിയിൽ ദർശിക്കുവാൻ നമുക്കു സാധിക്കും. പ്രഥമത സാധാരണ മനുഷ്യൻെറ ആവശ്യങ്ങഠംക്കും പ്രതീക്ഷകഠംക്കും ആശയങ്ങഠംക്കും അദ്ദേഹം ഉന്നതസ്ഥാനം നല്കി. കൃഷിക്കാരനും, തോട്ടിയും, ചുമട്ടുതൊഴിലാളിയും എല്ലാം അദ്ദേഹത്തിൻെറ സവിശേഷ പരിഗണനയ്ക്കു് പാത്രീഭൂതരാണു്. അവരുടെ വികാരങ്ങളെ ഉഠംക്കൊള്ളുവാൻ അദ്ദേഹം ശ്രമിച്ചു. ഭാരതത്തിലെ ദരിദ്രരായ ഏതാണ്ടു് 80 ശതമാനത്തോളം വരുന്ന ജനസംഖ്യയുടെ അവസ്ഥാവിശേഷം അദ്ദേഹത്തിൻെറ ഹൃദയത്തെ വ്രണപ്പെടുത്തി.

പണത്തിൻെറയും ലൗകികസമ്പത്തിൻെറയും നടുവിൽനിന്നു കൊണ്ടു് സ്വന്തം താല്പര്യങ്ങഠം സംരക്ഷിക്കുവാനും സുരക്ഷിതമാക്കുവാനും ശ്രമിക്കുന്ന ലോകത്തിനെതിരെ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൻെറ, ദാരിദ്ര്യമനുഭവിക്കുന്ന ജനവിഭാഗത്തിൻെറ വികാരങ്ങളെ അദ്ദേഹം ഉയർത്തിക്കാട്ടി. ആ ദരിദ്രരിൽ അദ്ദേഹം 'നാരായണനെ' ദർശിച്ചു.

മനുഷ്യവർഗ്ഗത്തോടുള്ള നിറഞ്ഞുകവിഞ്ഞൊഴുകുന്ന സ്നേഹമായിരുന്നു ഗാന്ധിജിയുടെ ഹ്യൂമനിസത്തിൻെറ കേന്ദ്രബിന്ദു. ഒരു സന്യാസിക്കു സദൃശമായ ജീവിതമാണു് അദ്ദേഹം നയിച്ചിരുന്നതെങ്കിലും മററുള്ളവരുടെ സുഖഭോഗങ്ങളുടെ നേരെ അദ്ദേഹം നെററി ചുളിച്ചില്ല. മറിച്ചു് രാപകൽ അവരുടെ ജീവിതം മെച്ചപ്പെടുത്താനായി പണിയെടുത്തു. സ്വന്തം ജീവിതത്തിൽ അദ്ദേഹം ദാരിദ്ര്യം പകർത്തിക്കാട്ടി. എന്നാൽ ഭാരതത്തിലെ ജനങ്ങളുടെ സാമ്പത്തികോന്നമനത്തിനുവേണ്ടി ഇത്ര പിടിവാശിയോടെ വേറെ ആരും പണിയെടുത്തിട്ടില്ല.[13] ഗാന്ധിജിയിൽ നിർലീനമായിരുന്ന ആത്മാർത്ഥതയെക്കുറിച്ചും ആത്മകാമരാഹിത്യത്തെക്കുറിച്ചും (unselfishness) സർവ്വോപരി അടിസ്ഥാനപരമായ സാർവ്വലൗകിക മനുഷ്യസ്നേഹത്തെക്കുറിച്ചും ജനറൽ സ്മാട്ടസ് വളരെ പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ടു്.[14] വർണ്ണവർഗ്ഗവിവേചനം കൂടാതെ സമൂഹത്തിലെ ഓരോ വ്യക്തിയേയും അദ്ദേഹം സ്നേഹിച്ചു. കുഷ്ഠരോഗികളെപ്പോലും തൻെറ ആശ്രമത്തിൽ താമസിപ്പിച്ചു ചികിത്സിക്കുവാനും അതിൽനിന്നും സംജാതമാകുന്ന വ്യക്തിപരവും സാമൂഹ്യവുമായ

12 V. P. Varma, *Op. cit.* p. 55
13 ബി. കെ. അഹ്‌ലുവാലിയാ, *Op. cit* p, 57.
14 V. P. Varma *Op. cit.* p. 72.

www.malankaralibrary.com



ബുദ്ധിമുട്ടുകളെയും പ്രതിസന്ധികളെയും തരണം ചെയ്യാനുമുള്ള തന്റേടം അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന ഹ്യൂമനിസത്തിന്റെ ഉത്തമ നിദർശനമാണ്.

ഗാന്ധിജിയുടെ സ്വാധീനവും അനന്യസാധാരണമായ നേതൃത്വവും അദ്ദേഹത്തിന്റെ സാർവ്വലൗകിക സ്നേഹത്തിൽ നിന്നും മനുഷ്യവർഗ്ഗത്തിലുള്ള വിശ്വാസത്തിൽ നിന്നുമാണ് ഉടലെടുത്തത്. ആത്മശക്തി എന്ന ആന്തരികശക്തിയിൽ നിന്നാണ് അദ്ദേഹം തന്റെ ബലം ആർജ്ജിച്ചത്. എല്ലാ മനുഷ്യരിലും അന്തർലീനമായ നന്മയിൽ ദൃഢവിശ്വാസമില്ലാത്ത ഒരാൾക്ക് ഈ ആന്തരികശക്തിയിലോ അക്രമരാഹിത്യത്തിലോ വിശ്വസിക്കുവാൻ സാദ്ധ്യമല്ല. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മനുഷ്യവർഗ്ഗം മുഴുവൻ ഒന്നാണ്: 'ഞാൻ ഭാരതത്തിന്റെ ഒരു എളിയ സേവകനാണ്. ഭാരതത്തെ സേവിക്കുവാൻ ശ്രമിക്കുക വഴി മനുഷ്യവർഗ്ഗത്തെ മുഴുവൻ ഞാൻ സ്നേഹിക്കുന്നു. ഞാൻ മനുഷ്യനും മനുഷ്യസ്നേഹിയും ആയിരിക്കുന്നതുകൊണ്ടാണ് ഞാൻ ദേശസ്നേഹി ആയിരിക്കുന്നത്''![15]

ഗാന്ധിജിയെ ഒരു ഹ്യൂമനിസ്റ്റാക്കുന്ന രണ്ടാമത്തെ ഘടകം മനുഷ്യന്റെ അഭ്യുദ്ധാരണത്തിലും (Redemption) പുനരുജ്ജീവനത്തിലു (Re-generation) മുള്ള അഗാധമായ വിശ്വാസമായിരുന്നു. മനുഷ്യനെ ഓർത്ത് ഒരിക്കലും അദ്ദേഹം നിരാശനായിരുന്നില്ല. 1946-47 ൽ ഉണ്ടായ രൂക്ഷമായ വർഗ്ഗീയകലാപങ്ങളുടെയും അതിന്റെ പ്രത്യാഘാതങ്ങളുടെയും നടുവിൽ അദ്ദേഹം അചഞ്ചലനായി ഗതിവിഗതികളെ വീക്ഷിക്കുകയാണുണ്ടായത്. ഏതാണ്ട് 25 വർഷത്തോളം തന്റെ തപസ്യയിലൂടെ വളർത്തിക്കൊണ്ടുവന്ന ആത്മസൗധത്തിന്റെ അടിത്തറ ഇളക്കുവാൻ പോരുന്നതായിരുന്നെങ്കിലും അദ്ദേഹം പ്രതീക്ഷ കൈവെടിഞ്ഞില്ല. അഗാധമായ ആദ്ധ്യാത്മികതയുടെ ഉടമയായ ആ ഹ്യൂമനിസ്റ്റ് ഇപ്രകാരം എഴുതി, ''മനുഷ്യവർഗ്ഗത്തിലുള്ള നിങ്ങളുടെ വിശ്വാസം ഒരിക്കലും നഷ്ടപ്പെടുത്തരുത്. മനുഷ്യവർഗ്ഗം ഒരു പാരാവാരമാണ്. ആ പാരാവാരത്തിലെ ഒന്നോ രണ്ടോ തുള്ളി വെള്ളം ചീത്തയായതുകൊണ്ട് ആ പാരാവാരം മുഴുവനും മലിനമാകുന്നില്ല.[16]

പാശ്ചാത്യലോകത്തെ സംബന്ധിച്ചിടത്തോളം വ്യക്തിതാല്പര്യങ്ങൾ പരിരക്ഷിക്കാനുള്ള ഒരു തത്വശാസ്ത്രമായിട്ടാണ് ഹ്യൂമനിസത്തെ വിവക്ഷിക്കുക. ദൈവശാസ്ത്രപരമായ ഒരു ലോകവീക്ഷണത്തെക്കാളുപരി വ്യക്തിസ്വാതന്ത്ര്യത്തെയും അവന്റെ വ്യക്തിത്വത്തെയും അവർ കൂടുതൽ ഊന്നിപ്പറയുന്നു. ഹെർഡറും എറാസ്

---

15 ബി. കെ. അഹലുവാലിയാ, *Op. cit*, p. 80

16 V. P. Varma, *Op. cit.* p. 72.

www.malankaralibrary.com



മൂസുമൊക്കെ നവോത്ഥാനകാലഘട്ടത്തിൽ ബൈബിളിനെയും പാപ്പാധികാരത്തെയും നിലവിലിരുന്ന മതാത്മകവും ദൈവകേന്ദ്രീകൃതവുമായ ഹ്യൂമനിസത്തെയും എതിർത്തവരാണ്.

കാറൾ മാർക്സിന്റെയും ഫൊയർബാക്കിന്റെയുമൊക്കെ ഹ്യൂമനിസ്റ്റു ചിന്താഗതി ഭൗതികാധിഷ്ഠിത നിഗമനങ്ങളിൽ നിന്നും ഉടലെടുത്തവയായിരുന്നു. ഇന്നത്തെ ആധുനിക ശാസ്ത്രാധിഷ്ഠിത ഹ്യൂമനിസ്റ്റുകൾ (scientific humanists) ദൈവകേന്ദ്രീകൃത വീക്ഷണത്തെ നിരാകരിക്കുന്നു. എന്നാൽ ഭാരത പാരമ്പര്യമനുസരിച്ചുള്ള ഹ്യൂമനിസം ഇതിൽ നിന്നെല്ലാം വിഭിന്നവും വ്യതിരിക്തവുമാണ്. അതു് തികച്ചും ഭൗതികാതീതസത്തയിൽ, ഈശ്വരകേന്ദ്രീകൃതമായ ഒന്നാണ്. ആധുനിക ഭാരതത്തിൽ രവീന്ദ്രനാഥടാഗോറും, ശ്രീ അരവിന്ദനുമൊക്കെ ആഴമുള്ള ദൈവവിശ്വാസികളും തദ്വാരാ ആദ്ധ്യാത്മിക ഹ്യൂമനിസത്തിന്റെ പ്രണേതാക്കളുമായിരുന്നു.

പാശ്ചാത്യലോകത്തിൽ ദൈവത്തിന്റെ സാർവ്വഭൗമികതയ്ക്കെതിരായി മനുഷ്യനെ ഉയർത്തുന്ന വ്യക്തികേന്ദ്രീകൃതമായ ഹ്യൂമനിസം ഉടലെടുത്തപ്പോൾ, ഭാരതത്തിൽ മനുഷ്യവ്യക്തിയുടെ ആദ്ധ്യാത്മിക സിദ്ധികളെ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ഒരു ഹ്യൂമനിസം രൂപം കൊണ്ടു. ആദ്ധ്യാത്മിക ഹ്യൂമനിസത്തിലൂടെ മനുഷ്യനിലുള്ള സാർവ്വലൗകികമൂല്യങ്ങളെ ഗാന്ധിജി എടുത്തു കാട്ടി.

വ്യക്തികൾ തമ്മിലുള്ള വ്യത്യാസം വെറും ഉപരിപ്ലവകരമായ ഒന്നാണ്. എന്നാൽ മനുഷ്യനിലുള്ള ആത്മാവു് അനശ്വരവും അമർത്ത്യവുമാണ്. അതുകൊണ്ടു് എല്ലാ മനുഷ്യരോടും മാന്യമായും ബഹുമാനപുരസ്സരവും പെരുമാറണം. ആരും ദൈവതിരുമുമ്പിൽ നിസ്സാരരല്ല. വ്യക്തിയുടെ ഈ ശ്രേഷ്ഠാംശത്തെ പരിരക്ഷിക്കുകയും ആദരിക്കുകയും വേണമെന്നു് ഗാന്ധിജിയിലെ ഹ്യൂമനിസ്റ്റ് വാദിച്ചു.

## 5. വ്യക്തിയും സമൂഹവും

മനുഷ്യൻ അടിസ്ഥാനപരമായി ഒരു സാമൂഹ്യ ജീവിയാണെന്ന കാര്യം ഗാന്ധിജി ഒരിക്കലും വിസ്മരിച്ചിരുന്നില്ല. വ്യക്തിയും സമൂഹവും പരസ്പരം പ്രവർത്തിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നു. അവയെ ഒരേ സമയം ഉദ്ധരിക്കേണ്ടവയാണ്. അദ്ദേഹം സ്വയം കണ്ടെത്തിയ പാതയിലൂടെ സഞ്ചരിച്ച് വ്യക്തിയുടെയും വ്യക്തി അവിഭാജ്യവും അനിവാര്യവുമായിരിക്കുന്ന സമൂഹത്തിന്റെയും ആഗ്രഹങ്ങൾ, ലക്ഷ്യങ്ങൾ, ആവശ്യങ്ങൾ ഇവയുടെ സമഞ്ജസ സമ്മേളനം എന്നു വിളിക്കാവുന്ന ഒരു സാമൂഹ്യ നീതിശാസ്ത്രത്തിനു്—സർവ്വോദയത്തിനു്—രൂപം നല്കി (ക്ഷേമരാഷ്ട്രം കാണുക). എല്ലാവർക്കും, തുല്യ (equity) അവകാശങ്ങളോടുകൂടി ജീവിക്കുവാൻ ഒരു സമൂഹമി

www.malankaralibrary.com



ല്ലെങ്കിൽ വ്യക്തി ഒരു അമൂർത്ത ആശയമായി അവശേഷിക്കുമെന്ന് അദ്ദേഹം പറയുന്നു. അതിനാൽ ഗാന്ധിജി പരമപ്രാധാന്യം നല്കി യതു് വ്യക്തിയുടെ സമഗ്രവികസനത്തിനും അതിനുതകുന്ന വിധത്തിൽ സമൂഹത്തെ ക്രമപ്പെടുത്തുന്നതിനുമാണ്. മനുഷ്യനു് സഹജീവികളോടും ഭൗതികവസ്തുക്കളോടുമുള്ള ബന്ധം അദ്ദേഹത്തിന്റെ ദീർഘവും സംഭവബഹുലവുമായ ജീവിതത്തിലെ അവിരാമമായ ഗവേഷണത്തിന്റെ വിഷയമായിരുന്നു. ഗാന്ധിജിയുടെ 'സ്വരാജ്'' എന്ന ആശയം വ്യക്തിയുടെ ആന്തരികബാഹ്യസ്വാതന്ത്ര്യത്തെയും സമൂഹത്തിലെ ബാഹ്യസ്വാതന്ത്ര്യത്തേയും ഒന്നുപോലെ ഉൾക്കൊള്ളുന്നതാണ്.

ഒരു വിപ്ലവകാരിയുടെ പ്രവർത്തനവ്യഗ്രതയുള്ള സാമൂഹ്യപരിഷ്കർത്താവായിരുന്നു ഗാന്ധിജി. അടിച്ചമർത്തപ്പെട്ടതും, അവഗണിക്കപ്പെട്ടതും തന്മൂലം കഷ്ടപ്പെടുന്നതുമായ ജനവിഭാഗത്തിന്റെ കണ്ണുനീർ തുടച്ചുമാററുവാൻ അദ്ദേഹം ആഗ്രഹിച്ചു.

'ദക്ഷിണാഫ്രിക്കയിലെ ബോവറന്മാരാൽ ചൂഷിതരായ സുളുക്കളും, കരാറുമൂലം ദേഹാദ്ധ്വാനത്തിനു ബാദ്ധ്യസ്ഥരായ തൊഴിലാളികളും, അഹമ്മദ്ബാദിലെ മിൽ തൊഴിലാളികളും, ചമ്പാരനിലെ കൃഷകരും, ഖൈരായിലെ ക്ഷാമബാധിതരായ ജനങ്ങളും, കത്തിയവാറിലെ റെയിൽവേ യാത്രക്കാരും, 'ഖിലാഫത്ത'പ്രസ്ഥാനത്തിൽ നീതി അന്വേഷിക്കുന്ന മുസ്ലീമുകളും, നൗഖാലിയിലെ ഹിന്ദുക്കളും, കല്ക്കത്തായിലെയും ബീഹാറിലെയും മുസ്ലീമുകളും, വൈക്കത്തെ ഹരിജനങ്ങളും എന്നു വേണ്ട സമൂഹത്തിലെ വേദന അനുഭവിക്കുന്നവർ ആരുതന്നെ ആയാലും അവരുടെ പ്രശ്നം സ്വന്തം ചുമതലയിൽ ഏറെറടുത്തു നടത്തുന്നതിൽ ഗാന്ധിജി ബദ്ധശ്രദ്ധനായിരുന്നു.[17]

ഹിന്ദുമതത്തെ ജീർണ്ണിപ്പിച്ചിരുന്ന സാമൂഹ്യശാപമായ അസ്പൃശ്യതയ്ക്കെതിരെയുള്ള സമരം വ്യക്തിമാഹാത്മ്യത്തോടും സമൂഹത്തോടുമുള്ള ഗാന്ധിജിയുടെ ആദരവിനും ആഭിമുഖ്യത്തിനുമുള്ള ഉത്തമനിദർശനമാണ്. സമുദായത്തിന്റെ വെല്ലുവിളികളെ ഉല്ലംഘിച്ചുകൊണ്ടാണു് വിപ്ലവകരമായ ഈ പ്രസ്ഥാനത്തിനു് അദ്ദേഹം ഇറങ്ങിതിരിച്ചതു്. ഗാന്ധിജി പറയുന്നു, ''ഞാൻ ഇനിയും ജനിക്കുന്നുണ്ടെങ്കിൽ ഒരു അയിത്തക്കാരനായി ജനിക്കാനാണിഷ്ടപ്പെടുക.''[18] അയിത്തത്തിന്റെ പേരിൽ അകററിനിർത്തിയിരുന്ന ജനവിഭാഗവുമായി താദാത്മ്യപ്പെടുവാനുള്ള അദ്ദേഹത്തിന്റെ അദമ്യമായ ആഗ്രഹത്തെയാണു് ഇതു സൂചിപ്പിക്കുക. അയിത്തത്തെ മനുഷ്യരാശിക്കെതിരായിട്ടുള്ള അതിനിന്ദ്യമായ കുററകൃത്യമായി അദ്ദേഹം കരുതി.

---

17 ബി. കെ. അഹ്ലുവാലിയാ, *Op cit*, p. 163.
18 *Ibid*, p. 163.

www.malankaralibrary.com



ഹരിജനോദ്ധാരണത്തിനുവേണ്ടി ഗാന്ധിജി നടത്തിയിട്ടുള്ള കുരിശുയുദ്ധം, ചരിത്രപരമായി, മാനുഷികാവകാശങ്ങൾക്കും അന്തസ്സിനുംവേണ്ടിയുള്ള അദ്ദേഹത്തിന്റെ സമരത്തിലെ ഏററവും ഉജ്ജ്വലഭാഗമായിട്ടാണ് ഭാരതജനത കണക്കാക്കുക.

വ്യക്തികൾ തമ്മിലുള്ള മാനുഷികബന്ധങ്ങൾ കൂടുതൽ ദൃഢതരമാക്കുവാൻ ഗ്രാമീണ ജീവിതശൈലിയാണ് അദ്ദേഹം വിഭാവനം ചെയ്തതു്. ഗ്രാമജീവിതത്തിലെ അമിതമായ വ്യയശീലവും വിരസതയും നാഗരികതയുടെ ആത്മാവില്ലാത്ത ശൂന്യതയും ക്രമരാഹിത്യവും കീഴടക്കപ്പെട്ടാലേ വ്യക്തിയ്ക്ക് തന്റെ വ്യക്തിത്വത്തിന്റെ പരിപൂർണ്ണത നേടുവാൻ സാധിക്കൂ. കുടുംബം ജീവിക്കുന്നതിനായി വ്യക്തി മരിക്കുകയും നാട് ജീവിക്കുന്നതിനായി 'കുടുംബം' മരിക്കുകയും ലോകം ജീവിക്കുന്നതിനായി നാട് മരിക്കുകയും ആവശ്യമാണെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. അങ്ങനെ അദ്ദേഹം തന്റെ വിശ്വമാനുഷികസ്നേഹം ലോകം മുഴുവൻ വിഗിരണം ചെയ്യുവാൻ പരിശ്രമിച്ചു. 'മനുഷ്യരാശി നിലനില്ക്കുന്നതിനുവേണ്ടി എന്റെ രാജ്യം മുഴുവൻ മരിക്കുന്നതിൽ എനിക്കു സന്തോഷമേയുള്ളു'വെന്ന് ഒരിക്കൽ അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. ഗാന്ധിജി പറയുന്നു, ''വ്യക്തിസ്വാതന്ത്ര്യത്തെ ഞാൻ വിലമതിക്കുന്നുണ്ടെങ്കിലും മനുഷ്യൻ മുഖ്യമായും ഒരു സാമൂഹ്യജീവിയാണെന്ന കാര്യം നിങ്ങൾ മറക്കരുത്. തന്റെ വ്യക്തിത്വത്തെ സാമൂഹ്യപുരോഗതിയുടെ ആവശ്യങ്ങൾക്കനുസരിച്ച് ഒതുക്കിനിർത്തുവാൻ പഠിച്ചതുകൊണ്ടാണ് ഇന്നത്തെ പദവിയിലേയ്ക്ക് അവൻ ഉയർന്നത്. അനിയന്ത്രിതമായ വ്യക്തിത്വം കാട്ടിലെ മൃഗത്തിന്റെ ധർമ്മമാണ്. വ്യക്തിസ്വാതന്ത്ര്യത്തിന്റേയും സാമൂഹ്യനിയന്ത്രണത്തിന്റേയും ഇടയിൽ ഒരു മദ്ധ്യപ്രമാണം ഉണ്ടാക്കുവാൻ നാം പഠിക്കണം. സമൂഹത്തിന്റെ മുഴുവൻ ക്ഷേമത്തിനുവേണ്ടി സ്വമനസ്സാലെ സാമൂഹ്യനിയന്ത്രണത്തിനു വഴങ്ങുക വ്യക്തിയേയും അവൻ ഏതു സമൂഹത്തിലെ അംഗമാണോ ആ സമൂഹത്തേയും ധന്യമാക്കുന്നു.''[19]

രാഷ്ട്രീയത്തിന്റെ വിഷലിപ്തവലയങ്ങളിലേക്ക് അദ്ദേഹം ആകർഷിക്കപ്പെട്ടതു് മനുഷ്യവർഗ്ഗത്തോടു് അദ്ദേഹത്തിനുണ്ടായിരുന്ന സ്വതസിദ്ധവും സർവ്വശ്രേഷ്ഠവുമായ സ്നേഹത്താലും അവരുടെ മോചനം നേടുന്നതിലുള്ള ആഗ്രഹത്താലുമാണ്. (ഗാന്ധിജിയുടെ രാഷ്ട്രീയവീക്ഷണം കാണുക.) മനുഷ്യന്റെ സമഗ്രവിമോചനമായിരുന്നു ദേശീയസ്വാതന്ത്ര്യത്തെക്കാൾ അദ്ദേഹത്തിനു വലുതു്.

---

19 മഹാത്മഗാന്ധി, സാമൂഹ്യജീവിതം, p 24.

www.malankaralibrary.com



ഗാന്ധിജിയ്ക്കു് സജീവരാഷ്ട്രീയജീവിതത്തിൽ അഞ്ചു പ്രധാനപ്പെട്ട പ്രശ്നങ്ങളുമായാണു് ഏറ്റുമുട്ടേണ്ടി വന്നതു്. അവ വർണ്ണവിവേചനം, വർഗ്ഗീയ മേധാവിത്വം, യുദ്ധം, അയിത്തം, സ്വസമുദായികഎതിർപ്പ് ഇവയായിരുന്നു. സത്യത്തിന്റെയും അഹിംസയുടെയും അക്രമരാഹിത്യത്തിന്റെയും വിട്ടുവീഴ്ചയില്ലാത്ത മാർഗ്ഗത്തിലൂടെ സഞ്ചരിച്ച് ഈ സാമൂഹ്യതിന്മകൾക്കെതിരെ അദ്ദേഹം പോരാടി. സത്യവും അക്രമരാഹിത്യവും മററു് ഏതൊരു രംഗത്തുമെന്നപോലെ രാഷ്ട്രീയരംഗത്തും നിലനില്ക്കണം. 'എന്റെ രാഷ്ട്രീയം ദുഷിച്ചതല്ല. അതു് അവിഭാജ്യമാംവിധം സത്യവും അക്രമരാഹിത്യവുമായി ബന്ധപ്പെട്ടിരിക്കുന്നു.'[20] ഈ ബന്ധമാണു് ഏതു തിന്മയോടും അതു് ഏതുനിലയിൽ നിലനില്ക്കുന്നതായി തോന്നിയാലും നിസ്സഹകരിക്കുവാൻ പ്രേരിപ്പിച്ചതു്. അദ്ദേഹത്തിന്റെ ഉള്ളിലുള്ള മതാത്മകതയെ എത്രമാത്രം വികസിപ്പിക്കുവാൻ രാഷ്ട്രീയം ഉപകരിച്ചുവോ അത്രമാത്രമേ അദ്ദേഹം രാഷ്ട്രീയത്തിൽ പ്രവർത്തിക്കുവാൻ വ്യഗ്രത കാട്ടിയുള്ളു. സത്യത്തിന്റെ സനാതനപ്രകാശനമായ മതജീവിതത്തിന്റെ ആവിഷ്കരണമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെയും ജീവിതചര്യയുടെയും മൂലഹേതു.

ഗാന്ധിജി വെറുമൊരു രാഷ്ട്രീയനേതാവോ സാമൂഹ്യപരിഷ്കർത്താവോ പാവപ്പെട്ടവരുടെ ഒരു സ്നേഹിതനോ മാത്രമായിരുന്നില്ല. അദ്ദേഹം പ്രഥമവും പ്രധാനവുമായി ഈശ്വരന്റെ ഒരു മനുഷ്യനായിരുന്നു. മനുഷ്യകുലത്തെ കുറേക്കൂടി ഉയർന്ന ചിന്തയുടെയും പ്രവൃത്തിയുടെയും മണ്ഡലത്തിലേയ്ക്കു് നയിക്കുവാൻ ശ്രമിച്ച ഏററവും വലിയ മനുഷ്യസ്നേഹികളിൽ ഒരാൾ.

ഈശ്വരവിശ്വാസത്തിനു് മനുഷ്യരാശിയോളം പ്രായമുണ്ടെന്നു വാദിച്ച ഗാന്ധിജി ഈശ്വരനെയും മതത്തെയും വ്യക്തി—സാമൂഹ്യ—രാഷ്ട്രീയ മണ്ഡലവുമായി സംയോജിപ്പിച്ചു. മനുഷ്യജീവിതത്തിൽ മതത്തിനുള്ള സൃഷ്ടിപരവും സർഗ്ഗാത്മകവുമായ സ്വാധീനത്തെക്കുറിച്ചു് ഗാന്ധിജി തികച്ചും ബോധവാനായിരുന്നു. മതം ഒരു അന്ധവിശ്വാസമല്ല. ഒരു ബാഹ്യ അനുഷ്ഠാനവുമല്ല. മറിച്ചു് ഈശ്വരനിലും അദ്ദേഹത്തിന്റെ സജീവ സാന്നിദ്ധ്യത്തിലുമുള്ള വിശ്വാസമാണു്; ഒരു ഭാവിജീവിതത്തിലും സത്യത്തിലും അഹിംസയിലുമുള്ള വിശ്വാസമാണു് മതം.[20a] (ഗാന്ധിജിയുടെ മതദർശനം കാണുക).

---

20 ബി. കെ. അഹ്ലുവാലിയാ, *Op. cit.* p. 262.
20a M. K. Gandhi. *Autobiography*, p. 24.

www.malankaralibrary.com



## 6. വിലയിരുത്തൽ

ഗ്രീക്ക ചിന്തകനായ സോഫോക്ലീസ് ഒരിക്കൽ പറയുകയുണ്ടായി: "അത്ഭുതങ്ങൾ വളരെയുണ്ട്. എന്നാൽ മനുഷ്യനോളം വിചിത്രമായ മറ്റൊരത്ഭുതവുമില്ല." അത്ഭുതപ്രപഞ്ചത്തിലെ അത്ഭുതപ്രതിഭാസമാണ് മനുഷ്യൻ. ഈ അത്ഭുതപ്രതിഭാസത്തിന്റെ സിദ്ധികളെയും സാദ്ധ്യതകളെയും കുറിച്ചുള്ള പഠനം മനുഷ്യരാശിയോളംതന്നെ പഴക്കമുണ്ട്. കാലത്തിന്റെ നിർഗ്ഗളമായ പ്രവാഹത്തിൽ ചരിത്രത്തിന്റെ ഏടുകളിലെ വിവിധഘട്ടങ്ങളിൽ മനുഷ്യമാഹാത്മ്യത്തിനു് ഉയർച്ചയും താഴ്ചയും സംഭവിച്ചിട്ടുണ്ട്.

പാശ്ചാത്യസംസ്കാരം മനുഷ്യനെ പുറമെ നിന്നും വീക്ഷിക്കുവാനും വിലയിരുത്തുവാനും ശ്രമിച്ചപ്പോൾ പൌരസ്ത്യസംസ്കാരം അവന്റെ ഉള്ളിൽ നിന്നാരംഭിച്ചു, അവനെക്കുറിച്ചുള്ള, അവന്റെ സ്വഭാവത്തെക്കുറിച്ചുള്ള, അന്വേഷണം. ഗാന്ധിജിയെ അനശ്വരനാക്കിത്തീർത്തു് മനുഷ്യന്റെ ആത്മീയശക്തിയെ പുറത്തുകൊണ്ടുവന്നതിലും അങ്ങനെ വ്യക്തിയുടെ മാഹാത്മ്യത്തെ, അവൻ ഒരു ആദ്ധ്യാത്മീക പ്രതിഭാസമെന്ന നിലയിൽ ഉയർത്തിക്കൊണ്ടുവന്നതിലുമാണ്.

ഗാന്ധിജിയുടെ ചിന്തയുടെയും പ്രവൃത്തിയുടെയും കേന്ദ്രബിന്ദു വ്യക്തിയായിരുന്നു. മനുഷ്യനാണ് ചരിത്രം സൃഷ്ടിക്കുന്നതു് അല്ലാതെ ചരിത്രം മനുഷ്യനെ സൃഷ്ടിക്കുന്നില്ല എന്നു് മാർക്സിനു് അദ്ദേഹം മറുപടി കൊടുത്തു. മനുഷ്യൻ സാമൂഹ്യ ലക്ഷ്യപ്രാപ്തിക്കുതകുന്ന വെറും ഒരു മാദ്ധ്യമമായി പരിഗണിച്ചിരുന്ന മാർക്സിയൻ ചിന്താഗതിയേയും അദ്ദേഹം എതിർത്തു. മനുഷ്യരെല്ലാം നല്ലതാണ്. അവരിൽ വലിയവരെന്നോ ചെറിയവരെന്നോ വ്യത്യാസമില്ല. എല്ലാവരും തുല്യരാണ്. തന്മൂലം എല്ലാവരുടേയും നന്മ (sarvodaya) അദ്ദേഹം ആഗ്രഹിച്ചു. ഒരു ദൈവികസ്ഫുലിംഗം (Divine spark) എന്ന നിലയിൽ മനുഷ്യനെ ആദരിക്കാനും ബഹുമാനിക്കാനും അദ്ദേഹം ലോകത്തെ പഠിപ്പിച്ചു. മാനുഷികസ്നേഹത്തെക്കുറിച്ചും മനുഷ്യന്റെ ദൈവോന്മുഖ പ്രയാണത്തെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ ദർശനധാരകൾ ചിന്തോദ്ദീപകമാണ്.

എന്നാൽ ജീവന്റെ ഏകതാനതയിൽ നിന്നും (unity of life) ഉരുത്തിരിയുന്നആഏകാത്മകത തികച്ചും താദാത്മ്യപരമായ(Identical ഒന്നാണ്. ഇതു് മോണോതേയിസ്റ്റിക്ക്(ഏകദൈവവാദം) ചിന്താഗതിക്കു നിരക്കുന്നതല്ല. കാരണം, താദാത്മ്യഐക്യത്തിൽ (Identical unity) ദൈവവും മനുഷ്യനും തമ്മിൽ അന്തിമതലത്തിൽ വ്യത്യാസമില്ല (അഭിന്നമാണ്.)

www.malankaralibrary.com



സാമൂഹ്യസേവനത്തിനു ഗാന്ധിജിയെ പ്രേരിപ്പിക്കുന്ന തത്വശാസ്ത്രം താദാത്മ്യൈക്യവാദമാണ്. ക്രൈസ്തവർ മററുള്ളവരെ സഹോദരന്മാരും സഹോദരിമാരുമായി വീക്ഷിക്കുന്നു. എന്നാൽ ഗാന്ധിജി മററുള്ളവരെ പരമപുരുഷൻെറ, കേവലയാഥാർത്ഥ്യത്തിൻെറ (absolute reality) ആപേക്ഷിക (relative) ഘടകമായിട്ടാണ് വീക്ഷിക്കുക. ക്രൈസ്തവചിന്താഗതി മനുഷ്യനെ ദൈവമക്കളായി ദർശിക്കുന്നു. തന്മൂലം അവനെ സ്നേഹിക്കുകയും, സേവിക്കുകയും, ബഹുമാനിക്കുകയും ചെയ്യേണ്ടതു് ദൈവസ്നേഹിയുടെ ധർമ്മമാണ്. മനുഷ്യനും മാനുഷികമൂല്യങ്ങൾക്കും വില ഇടിഞ്ഞുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിൽ മനുഷ്യൻെറ ഉത്തമവും ഉദാത്തവുമായ അംശത്തെ ഭാരതത്തിലും ഭാരതത്തിനു പുറത്തും അദ്ദേഹം പ്രതിഫലിപ്പിച്ചു. മനുഷ്യ-മത—ദർശനങ്ങളുടെ താത്വികമായ നീതീകരണം എന്തുതന്നെ ആയാലും അവയെ എല്ലാം ഉല്ലംഘിക്കത്തക്കവിധം പ്രായോഗികജീവിതത്തിൽ മററുള്ളവരെ സ്നേഹിക്കാനും സേവിക്കാനുമുള്ള ഒരു വലിയ ഹൃദയത്തിൻെറ ഉടമയായിരുന്നു അദ്ദേഹം.

ഗാന്ധിജിയുടെ മാർഗ്ഗം ആത്മാവിൻെറ മാർഗ്ഗമാണ്. അടിമത്തത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്കുള്ള പരിവർത്തനം അദ്ദേഹത്തിൻെറ ആദർശങ്ങളുടെയും മാർഗ്ഗങ്ങളുടെയും മാററു് പ്രായോഗികതലത്തിൽ ഉരച്ചുകാട്ടി. സ്വാതന്ത്ര്യത്തിലൂടെ മനുഷ്യസാഹോദര്യം വളർത്തിയെടുക്കാനാണ് അദ്ദേഹം പരിശ്രമിച്ചതു്. അങ്ങനെ ഒരു കർമ്മയോഗിയുടെ പന്ഥാവിലൂടെ ഈശ്വരനെ പ്രാപിക്കുന്നവൻെറ നിലയിൽ ചരിത്രത്തിലെ അത്ഭുതപ്രതിഭാസമായി ഗാന്ധിജി പരിണമിച്ചു. അക്രമരാഹിത്യം, മാനവജീവിതനിയമത്തിൻെറ മാഗ്നാകാർട്ടയായി അദ്ദേഹം ദർശിച്ചു. മനുഷ്യൻെറ ശ്രേഷ്ഠതയും അവൻെറ പരമമായ മുക്തിയും അവൻെറ തന്നെ ഉള്ളിൽ, അവൻെറ ആത്മാവിലാണ് കുടികൊള്ളുന്നതു്.[21] യഥാർത്ഥമായ ആത്മികത ഒരു വ്യക്തിയുടെ എല്ലാ പ്രവൃത്തിയിലും വ്യക്തിയെന്ന നിലയിലും, സമൂഹത്തിലെ ഒരംഗമെന്ന നിലയിലും പ്രകടമാക്കേണ്ടിയിരിക്കുന്നു. ഭൗതികശരീരമെന്നപോലെ സാമൂഹ്യ—രാഷ്ട്രീയ സാമ്പത്തികശരീരങ്ങളും ആത്മാവിൻെറ ആലയങ്ങളാണ്. മനുഷ്യവ്യക്തിയുടെ അന്തസ്സിനെപ്പററിയുള്ള അവബോധം വദ്ധിപ്പിക്കുവാനും മനുഷ്യവർഗ്ഗത്തിൻെറ ധാർമ്മികനിലവാരം ഉയർത്തുവാനും ഗാന്ധിജി ചെയ്ത സേവനം അവിസ്മരണീയമാണ്. യാഥാർത്ഥ്യമൂല്യങ്ങൾക്കു് ഊന്നൽ നല്കി വ്യക്തിമാഹാത്മ്യത്തിൽ അധിഷ്ഠിതമായ ഒരു ജീവിതരീതിക്കു് രൂപവും ഭാവവും നല്കാൻ ഗാന്ധിജി ശ്രമിച്ചു. ആന്തരികമായ തുറവിയും സ്നേഹവും ബാഹ്യമായ സേവനവുമാണ് മനുഷ്യജീവിതം ധന്യമാക്കുന്നതു്.

---

21 ബി. കെ. അഹ്ലുവാലിയ, ഗാന്ധിജി പല കാഴ്ചപ്പാടിലൂടെ, p. 198

www.malankaralibrary.com



## B. സാമൂഹ്യപ്രശ്നങ്ങൾക്കെതിരെ

സമത്വസുന്ദരമായ ഒരു സമൂഹം ഭാരതത്തിൽ ഉണ്ടായിക്കാണുവാൻ ഗാന്ധിജി ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സാമൂഹ്യജീവിതത്തിന്റെ അടിസ്ഥാനം ആദ്ധ്യാത്മികമായിരിക്കണം. സത്യത്തിലും അഹിംസയിലും അതു് അധിഷ്ഠിതമായിരിക്കണം. മനുഷ്യരെല്ലാം സഹോദരന്മാരാണെന്ന ധാരണയും അതിനനുയോജ്യമായ സഹകരണവുമാണു് സമൂഹത്തിന്റെ ജീവൻ. പുരോഗതിയുടെ മാനദണ്ഡം ധാർമ്മികമായ വളർച്ചയാണു്. വ്യക്തികൾ അവകാശങ്ങൾ വിസ്മരിക്കാതെ കടമകൾക്കു് പ്രാധാന്യം കൊടുക്കുന്നു; സ്വാതന്ത്ര്യം ഉപേക്ഷിക്കാതെ സമൂഹത്തിനു വേണ്ടി ജീവിക്കുന്നു. വ്യക്തിയും സമൂഹവും തമ്മിലുള്ള സമഞ്ജസമായ അനുരഞ്ജനമാണു് വിജയത്തിന്റെ രഹസ്യവും വളർച്ചയുടെ അടയാളവും. ഈ വീക്ഷണത്തിന്റെ വെളിച്ചത്തിൽ ഗാന്ധിജി ഭാരതത്തിലെ ചില സാമൂഹികതിന്മകളെ ചൂണ്ടിക്കാണിച്ചു് അവയ്ക്കു് പരിഹാരം നിർദ്ദേശിക്കുന്നു.

### 1. മതസൗഹാർദ്ദം

ഗാന്ധിജിയെ ആഴമായി സ്പർശിച്ച സാമൂഹ്യപ്രശ്നമായിരുന്നു മതത്തിന്റെ പേരിലുള്ള സംഘട്ടനങ്ങൾ. സമ്പൂർണ്ണ മതസൗഹാർദ്ദമായിരുന്നു ഗാന്ധിജിയുടെ ആദർശം. അതിനു് അടിസ്ഥാനമായി അദ്ദേഹം ചൂണ്ടിക്കാണിച്ചതു് എല്ലാ മതങ്ങളും അടിസ്ഥാനപരമായി ഒന്നാണെന്നുള്ള ആശയമാണു്. മതങ്ങളുടെ അടിസ്ഥാനപരമായ ഐക്യം പരസ്പരസഹിഷ്ണുതയോടെ പ്രവർത്തിക്കുവാൻ നമ്മെ ചുമതലപ്പെടുത്തുന്നു. മതത്തിന്റെ പേരിൽ ന്യൂനപക്ഷമെന്നോ, ഭൂരിപക്ഷമെന്നോ ഉള്ള ചേരിതിരിവു് അർത്ഥശൂന്യമാണു്. ദേശീയതാവും മതവും തമ്മിൽ കൂട്ടിക്കുഴക്കുന്നതും തെററാണു്. അങ്ങനെ സ്വതന്ത്രഭാരതം ഒരു മതേതര രാഷ്ട്രമായിരിക്കണമെന്നാണു് ഗാന്ധിജി ആഗ്രഹിച്ചതു്.

എന്നാൽ ഈ ആദർശത്തിൽ നിന്നും എത്രയോ വിഭിന്നമായിരുന്നു യാഥാർത്ഥ്യം. ഏകോദരസഹോദരന്മാരെപ്പോലെ പ്രവർത്തിക്കേണ്ട ഹിന്ദുക്കളും മുസ്ലീങ്ങളും മതത്തിന്റെ പേരിൽ ക്രൂരവും ഭീകരവുമായ സംഘട്ടനങ്ങളിൽ ഏർപ്പെട്ടുതുടങ്ങി. ഹിന്ദുക്കൾ പള്ളിക്കു മുൻപിൽക്കൂടി സംഗീതാലാപത്തോടെ ഘോഷയാത്ര നടത്തി മുസ്ലീങ്ങളെ ചൊടിപ്പിച്ചു. മുസ്ലീങ്ങൾ ഗോവധങ്ങളിലൂടെ ഹിന്ദുക്കളെയും കുപിതരാക്കി. ദേവാലയങ്ങളുടെ വിശുദ്ധി അവഹേളിക്കപ്പെട്ടു. സ്ത്രീകളുടെമേൽ മതം തിരിഞ്ഞുള്ള ആക്രമണമായി. ഹിന്ദുക്കൾക്കു് മുസൽമാനെയോ, മുസൽമാനു് ഹിന്ദുക്കളെയോ കൊല്ലുന്നതിനു് യാതൊരു മടിയുമില്ലാതെയായി.[22]

22 *Day Today with Gandhi*, vol 2; p. 313.

www.malankaralibrary.com



ഈ ദുരവസ്ഥയ്ക്കുള്ള പരിഹാരമായി ഗാന്ധിജി നിർദ്ദേശിച്ചത് പരസ്പരധാരണ, പരസ്പരബഹുമാനം, സഹിഷ്ണുത, ഹൃദയവിശാലത, ധീരത, സർവ്വമതപ്രാർത്ഥന, ഉപവാസം തുടങ്ങിയവയായിരുന്നു. അദ്ദേഹം പറയുന്നു: നമ്മളെല്ലാവരും— ഹിന്ദുക്കളും, മുസ്ലീങ്ങളും, പാഴ്സികളും, ക്രിസ്ത്യാനികളുമെല്ലാം —ഈശ്വരൻെറ മുൻപിൽ സമന്മാരാണ്. ഒരേ ഈശ്വരൻെറ ആരാധകരാണ്. പിന്നെ എന്തിനാണ് നാം തമ്മിൽ സമരം.[23]

അദ്ദേഹം, 'യംങ്ഇൻഡ്യ'യിൽ ഇപ്രകാരം എഴുതി: ''ഇന്നത്തെ ആവശ്യം ഒരൊററമതമല്ല. ഭിന്നമതഭക്തന്മാരുടെ പരസ്പര ബഹുമാനവും സഹിഷ്ണുതയുമാണ്.''

## 2. സ്ത്രീസമത്വം

സ്ത്രീകൾക്ക് പുരുഷനു് തുല്യം സ്ഥാനം ഉണ്ടായിരിക്കണം എന്നാണ് ഗാന്ധിജിയുടെ അഭിപ്രായം. പുരുഷനു് തുല്യമായ അവകാശങ്ങൾക്ക് സ്ത്രീ എല്ലാ രംഗത്തും അർഹയാണ്. സ്ത്രീകൾ പല രീതിയിലുള്ള പരാധീനതകളിലും അടിമത്തങ്ങളിലുമാണ്. സ്ത്രീകളെ പർദ്ദയ്ക്കുള്ളിൽ മാത്രമായി ഒതുക്കിനിർത്തുന്നരീതി തീർത്തും കിരാതമാണ്. സ്ത്രീകളുടെ ശൈശവവിവാഹവും, വിധവാവിവാഹങ്ങളുടെ നിരോധനവും, സതിയും ശതക്കണക്കിനു് സ്ത്രീകളുടെ ഭാവിയെ നിർദ്ദാക്ഷിണ്യം നശിപ്പിക്കുന്നു. വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന സ്ത്രീധനസമ്പ്രദായവും അനേകരുടെ ജീവിതം വഴിമുട്ടിക്കുന്ന തിനും, അപഥസഞ്ചാരത്തിനും കാരണമാകുന്നു. ദേവദാസി സമ്പ്രദായവും, ദാരിദ്ര്യവും ഒക്കെ വ്യവസ്ഥാപിതമായ വേശ്യാപ്രവൃത്തികൾക്ക് കളമൊരുക്കുകയാണ്. സ്ത്രീകളുടെ മനുഷ്യത്വത്തിനു് പ്രാധാന്യം കല്പിക്കാതെ അവരെ കാമപൂർത്തീകരണത്തിനുള്ള ഉപകരണം മാത്രമായി പലരും വീക്ഷിക്കുന്നു; തത്ഫലമോ, അനിയന്ത്രിതമായ ജനസംഖ്യാവർദ്ധനവും. മററു ചിലരാകട്ടെ സന്താനനിയന്ത്രണത്തിനായി ഏതു് തരത്തിലുള്ള മാർഗ്ഗങ്ങളും അവലംബിക്കുവാൻ തയ്യാറാകുന്നു.

ഈ ദുരവസ്ഥയെ ഉന്മൂലനം ചെയ്യുവാനായി ഗാന്ധിജി ഭാരതീയരുടെ നിസ്വാർത്ഥവും, വിവേകപൂർണ്ണവുമായ സഹകരണം ആവശ്യപ്പെട്ടു. അതിനു് അവശ്യാവശ്യം സ്ത്രീകളുടെ വ്യക്തിമാഹാത്മ്യം മനസ്സിലാക്കിക്കൊണ്ടു്, പുരുഷനു് തുല്യം അവരെ പരിഗണിക്കുകയും ബഹുമാനിക്കുകയുമാണ്. അദ്ദേഹം പറയുന്നു, ''പുരുഷൻെറ സഹചാരിണിയാണ് സ്ത്രീ. അവൻേറതിനോടു തുല്യമായ മാനസിക കഴിവുകളോടുകൂടിയവൾ. പുരുഷൻെറ കർമ്മങ്ങളുടെ ഏതു് സൂക്ഷ്മാംശങ്ങളിലും പങ്കുകൊള്ളാനുള്ള അവകാശം അവൾക്കുണ്ടു്. അവനുള്ളത്രതന്നെ സ്വാതന്ത്ര്യത്തിനും സ്ഥാനാധികാര

23 *Harijan*, 30—3—1970; സാമൂഹ്യജീവിതം, p. 29.

www.malankaralibrary.com



ത്തിനും അവൾക്ക് അവകാശവുമുണ്ട്. സ്വന്തം പ്രവർത്തനരംഗത്തിൽ പുരുഷനെന്നപോലെ അവൾക്കും സമുന്നതമായ ഒരു സ്ഥാനത്തിന് അവകാശമുണ്ട്''.[24] സ്ത്രീ അവളുടെ കുടുംബത്തിലെ രാജ്ഞിയാണ്; അടിമയല്ല. ഒരിക്കലും അവളുടെ അവകാശാധികാരങ്ങൾ അപഹരിച്ച് അവളെ തരംതാഴ്ത്തരുത്. സേവനമനോഭാവത്തിന്റേയും ത്യാഗത്തിന്റേയും സജീവ മൂർത്തിയാണ് സ്ത്രീ. ''സ്ത്രീപുരുഷന്മാർ പദവിയിൽ സമത്വമുള്ളവരാണെങ്കിലും, അഭിന്നരല്ല. പരസ്പരപൂരകമായ ഒരു നിസ്തുല ജോടിയാണ്. അവർ പരസ്പരം സഹായിക്കുന്നു, തന്മൂലം അവരിൽ ഒരാളില്ലാതെ മറ്റേയാളുടെ നിലനില്പിനെപ്പറ്റി ആലോചിക്കാനേ വയ്യ. അവരിൽ ഏതെങ്കിലും ഒരാളുടെ പദവിക്കു കോട്ടം തട്ടിക്കുന്ന എന്തും രണ്ടാളുടെയും തുല്യനാശത്തിന് ഇടവരുത്തുമെന്ന് ഈ പരമാർത്ഥങ്ങളിൽ നിന്ന് സിദ്ധമത്രെ.''[25]സ്ത്രീപുരുഷ ബന്ധങ്ങളിൽ ലൈംഗികതയ്ക്ക് അമിതപ്രാധാന്യം നൽകുന്നത് ശരിയല്ല. ഭോഗാസക്തിയല്ല, ആത്മനിയന്ത്രണമാണവിടെ ആവശ്യം. ജനപ്പെരുപ്പനിയന്ത്രണത്തിന്റെ പേരിൽ മനുഷ്യത്വരഹിതമായ കൃത്രിമ ജനനനിയന്ത്രണോപാധികൾ സ്വീകരിക്കുന്നതിനേയും ഗാന്ധിജി അപലപിച്ചിരുന്നു. അങ്ങനെ സ്ത്രീപുരുഷബന്ധം പവിത്രവും മാനുഷികവുമായി കരുതണം. ഈ രീതിയിലുള്ള മനോഭാവത്തിലൂടെ സ്ത്രീകൾക്ക് സമത്വവും ഉന്നമനവും കൈവരുത്താമെന്ന് ഗാന്ധിജി വിശ്വസിച്ചു.

## 3. മദ്യനിരോധനം

ഭാരതത്തെ നിർജ്ജീവമാക്കുന്ന ഒരു ശാപമായിട്ട് ഗാന്ധിജി ലഹരിപദാർത്ഥങ്ങളുടെ ഉപയോഗത്തെ കരുതി. ഇതിന്റെ ഫലമായി ഉണ്ടാകുന്ന ധാർമ്മികവും സാമ്പത്തികവും ആരോഗ്യപരവുമായ കെടുതികൾ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ''ധാർമ്മികമായ നഷ്ടം സാമ്പത്തികമായ നഷ്ടത്തേക്കാൾ വലുതാണ്. കുടിയും ലഹരിസാധനങ്ങളും അവ ശീലിച്ചവരേയും അവകൊണ്ട് കച്ചവടം നടത്തുന്നവരേയും അധഃപതിപ്പിക്കുന്നു. കുടിയൻ ഭാര്യയും, അമ്മയും, സഹോദരിയും തമ്മിലുള്ള വ്യത്യാസം വിസ്മരിക്കുകയും സമചിത്തതയുള്ളപ്പോൾ താൻ ചെയ്യാൻ ലജ്ജിക്കുന്ന തരം കർമ്മങ്ങൾ ചെയ്തുപോകുകയും ചെയ്യുന്നു....''[26] ഈ രോഗം വ്യക്തിയേയും, കുടുംബത്തേയും നശിപ്പിക്കുന്നതുപോലെ രാഷ്ട്രത്തേയും നശിപ്പിക്കും. ഗാന്ധിജി

24 ബോംബെ ഭഗിനീ സമാജത്തിന്റെ വാർഷിക സമ്മേളനത്തിൽ നിന്ന്; സാമൂഹ്യജീവിതം. p. 241.

25 20–2–1915–ൽ ബോംബെ ഭഗിനി സമാജത്തിന്റെ വാർഷികത്തിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്; സാമൂഹ്യജീവിതം, p. 243

26 *Young India*, 4–2–1926, സാമൂഹ്യജീവിതം, p. 349

www.malankaralibrary.com



പറയുന്നു, ''മദ്യപാനശീലത്തിനു് ഇരയായ ഒരു രാഷ്ട്രത്തിൻെറ മുഖത്തു് തുറിച്ചുനോക്കുന്നതു് നാശമല്ലാതെ മററൊന്നുമല്ല. ആ ശീലം കൊണ്ടു് സാമ്രാജ്യങ്ങൾ നശിപ്പിക്കപ്പെട്ടതായി ചരിത്രം രേഖപ്പെടുത്തുന്നു.........റോമിനെ നാശത്തിനു സഹായിച്ച കാരണങ്ങളിലൊന്നു് ഈ രാക്ഷസീയ ദുർവൃത്തിയായിരുന്നു. അതിനാൽ നിങ്ങൾക്ക മാന്യമായി ജീവിക്കണമെന്നുണ്ടെങ്കിൽ ഈ തിന്മയെ നിങ്ങൾ വർജ്ജിക്കണം—ഇനിയും സമയമുള്ളതുകൊണ്ടു്.''[27]

വ്യക്തികളേയും, സമൂഹത്തേയും, രാഷ്ട്രത്തേയും നാശത്തിൻെറ നീർച്ചുഴിയിലേക്കു് നയിക്കുന്ന ഈ മാറാരോഗത്തിൽ നിന്നും സമൂഹത്തെ രക്ഷിക്കുവാൻ രാഷ്ട്രംതന്നെ മുന്നോട്ടു് വരണമെന്നു് ഗാന്ധിജി ആഹ്വാനം ചെയ്തു. അതിനു് നിയമം മുഖേനയുള്ള മദ്യനിരോധനമാണു് ആവശ്യമെന്നു് ഗാന്ധിജി ഉറക്കെ പ്രഖ്യാപിച്ചു. നിയമം മുഖേനയുള്ള മദ്യനിരോധനം ഒരിക്കലും ബലപ്രയോഗമോ അഹിംസാവിരുദ്ധമോ അല്ല. കാരണം, മദ്യപാനം മൂലം സ്നേഹധർമ്മം പൂർണ്ണമായി സാക്ഷാത്ക്കരിക്കാത്തതു കൊണ്ടു് ഇഷ്ടത്തിനെതിരായും, ഗത്യന്തരമില്ലാതെയും ശിക്ഷാനിയമത്തിൻെറ പരിമിതമായ ഒരു വ്യവസ്ഥയെ ഗാന്ധിജി അനുവദിച്ചു.[28] മദ്യവർജ്ജനം നടപ്പിലാക്കുന്നതിനു വേണ്ടി ഒരു സമഗ്രപരിപാടി തന്നെ അദ്ദേഹം ആവിഷ്കരിക്കുകയുണ്ടായി. മദ്യഷാപ്പുകളെല്ലാം ലഘുഭക്ഷണശാലകളും വിനോദസ്ഥലങ്ങളുമാക്കി മാററുക, നിയമവിരുദ്ധമായ മദ്യം വാററലും കടിയും കണ്ടുപിടിക്കുവാൻ എക്സൈസ് ഉദ്യോഗസ്ഥന്മാരെ നിയമിക്കുക, അദ്ധ്യാപകരും, വിദ്യാർത്ഥികളും മദ്യവർജ്ജന പ്രചരണത്തിനായി സഹകരിക്കുക, മദ്യം കലരാത്ത പാനീയങ്ങളും, ലഹരിസാധനങ്ങൾക്ക പകരം ഉപയോഗിക്കാവുന്ന മററു സാധനങ്ങളും, മദ്യാസക്തരെ അവരുടെ ശീലത്തിൽ നിന്നു് പിന്തിരിപ്പിക്കുവാനുള്ള മാർഗ്ഗങ്ങളും നിർദ്ദേശിക്കുവാൻ ഡോക്ടർമാർ സഹായിക്കുക, തൊഴിലാളികൾക്കു് വിശ്രമിക്കാനും, ആരോഗ്യകരവും, ആദായകരവുമായ ലഘുഭക്ഷണസാധനങ്ങൾ കിട്ടാനും, അനുയോജ്യമായ കളികളിലേർപ്പെടാനും, സൗകര്യമുള്ള വിനോദശാലകൾ തുറക്കുക, തുടങ്ങിയവയാണു് ഈ സമഗ്രപരിപാടിയിലെ ചില പ്രവർത്തനോപാധികൾ. സ്ത്രീകൾക്കും ഇവിടെ പ്രവർത്തിക്കുവാൻ അവസരമുണ്ടു്. മദ്യഷാപ്പുകൾ പിക്കററു ചെയ്തുകൊണ്ടു് മദ്യവ്യാപാരവും മദ്യപാനവും അവസാനിപ്പിക്കുവാൻ അവർക്കു് സഹായിക്കാം. വിദ്യാർത്ഥികൾ ലഹരിപദാർത്ഥങ്ങൾ പാടേ വർജ്ജിച്ചുകൊണ്ടു് മററുള്ളവരേയും അതിനായി പ്രേരിപ്പിക്കണം. അതുപോലെ പത്രങ്ങൾ മദ്യങ്ങളെക്കുറിച്ചുള്ള പരസ്യങ്ങൾ ഒഴിവാക്കിക്കൊണ്ടു് മദ്യപാനത്തിൻെറ ദൂഷ്യഫലങ്ങൾ പ്രസിദ്ധീകരിക്കുക.

---

27 *Young India*, 11–4–1929; സാമൂഹ്യജീവിതം, p. 351–52
28 *Young India*, 8–8–1929; സാമൂഹ്യജീവിതം. p. 358

www.malankaralibrary.com



മദ്യനിരോധനം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും ഗാന്ധിജി ബോധവാനായിരുന്നു. ഒന്നാമത്തെ പ്രശ്നം മദ്യത്തൊഴിലാളികളുടെ തൊഴിലില്ലായ്മയാണ്. അതിനു ഗാന്ധിജി നിർദ്ദേശിക്കുന്ന മാർഗ്ഗം ഇതാണ്: അവർ ചെത്തു നിറുത്തേണ്ട ആവശ്യമില്ല. പക്ഷേ, അവർ ചെത്തുമ്പോൾ ലഭിക്കുന്ന നീര് ചക്കര ഉണ്ടാക്കുവാനായിട്ടു മാത്രമേ ഉപയോഗിക്കാവൂ. ഇത്തരത്തിലുണ്ടാകുന്ന ചക്കര കരിമ്പു ശർക്കരയേക്കാൾ ശ്രേഷ്ഠവുമാണ്. മദ്യപാനം നടത്തുകയില്ലെന്നു പ്രതിജ്ഞ ചെയ്യുന്നവർ അവരുടെ സമയം ഉപയോഗപ്രദമായവിധം ചെലവഴിച്ചില്ലെങ്കിൽ, മദ്യപാനാസക്തി അവരിൽ ഉണർത്തി അവർ വീണ്ടും മദ്യപാനത്തിൽ നിപതിക്കുമെന്നുള്ളതാണ് മറെറാരു പ്രശ്നം.[29] അതിനു ഗാന്ധിജി പറയുന്നത് അവർ ചക്കയിൽ നൂൽ നൂററാൽ മതിയെന്നാണ്. അതിലൂടെ അവർക്കു സാമ്പത്തികമായ ഉന്നമനവും കൈവരിക്കുവാൻ സാധിക്കുമല്ലോ.[30] മദ്യനിരോധനത്തിലൂടെയുണ്ടാകുന്ന സാമ്പത്തിക നഷ്ടവും ഒരു പ്രശ്നം തന്നെ. അതിനു പരിഹാരമായി ഗാന്ധിജി നിർദ്ദേശിക്കുന്നതു് പട്ടാളച്ചെലവിൻെറ കുറയ്ക്കലും, പുതിയ നികുതികളുടെ ഏർപ്പെടുത്തലുമാണ്.[31] മദ്യത്തിനു പകരമായി മററ് എന്തെങ്കിലും വേണമെന്നു പറയുന്നവരോട് ഗാന്ധിജി പറയുന്നു: ''മദ്യത്തിനു പകരം'' 'പാനകം' കുടിക്കുന്ന പണ്ടത്തെ സമ്പ്രദായം വീണ്ടും നടപ്പിലാക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.''തണുത്തവെള്ളം, ശർക്കര, ചെറുനാരങ്ങാനീര്, സബ്ജാവിത്ത് (ജീരകം) ഇവകൊണ്ടാണ് അവ ഉണ്ടാക്കുന്നതു്. ഇതു് ഓജസ്സുണ്ടാക്കുകയും ശരീരത്തെ തണുപ്പിക്കുകയും ചെയ്യും.''[32] മദ്യനിരോധനത്തോടൊപ്പം മയക്കുമരുന്നുകളും കാപ്പിയും ചായയുംപോലും വർജ്ജിക്കാൻ മഹാത്മാവ് ആവശ്യപ്പെടുന്നുണ്ട്.

## 4. അയിത്തോച്ചാടനം

മനുഷ്യർ എല്ലാവരും ഒരേ ദൈവികതേജസ്സിൻെറ സ്ഫുലിംഗങ്ങളാകയാൽ, ആരും ജന്മനാ ഉത്തമനോ അധമനോ ആകുന്നില്ല. ഈ യാഥാർത്ഥ്യത്തെ മുന്നിൽ കണ്ടുകൊണ്ട് എല്ലാവർക്കും സമത്വം അംഗീകരിക്കുന്ന ഒരു സമൂഹം ഭാരതത്തിൽ രൂപം കൊണ്ടുകാണുവാൻ ഗാന്ധിജി ആഗ്രഹിച്ചു. അതിനു പ്രഥമമായി ആവശ്യമായി വന്നിരിക്കുന്നതു് ഹിന്ദുമതത്തിൻെറ ഒരു കളങ്കമായി നിലനില്ക്കുന്ന അയിത്തത്തെ ഉച്ചാടനം ചെയ്യുകയാണ്. ജാതീയ വ്യവസ്ഥയിൽ നിന്നുമാണ് അയിത്തത്തിൻെറ ഉത്ഭവം. അധഃകൃതരെന്ന ലേബലിൽ അവഗണിക്കപ്പെട്ട ഒരു സമൂഹമായിട്ടാണ് അയിത്തക്കാരെ

29 സാമൂഹ്യജീവിതം, p. 383
30 *Young India* 16–6–1927; സാമൂഹ്യജീവിതം, p. 374
31 *Harijan,* 24–12–1938; സാമൂഹ്യജീവിതം, p. 387
32 *Harijan* 28–8–1937; സാമൂഹ്യജീവിതം, p. 389

www.malankaralibrary.com



മററുള്ളവർ വീക്ഷിച്ചിരുന്നത്. അവർക്ക് പല മാനുഷികാവകാശങ്ങളും നിഷേധിക്കപ്പെട്ടു. സാമ്പത്തികമായി അവർ അടിമകളെക്കാൾ അടിച്ചമർത്തപ്പെട്ടവരാണ്. ക്ഷേത്രങ്ങളിൽ അവർക്ക് പ്രവേശനമില്ല. പൊതുറോഡുകൾ, വിദ്യാലയങ്ങൾ, ആസ്പത്രികൾ, കിണറുകൾ, ടാപ്പുകൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവ മററു സവർണ്ണ ഹിന്ദുക്കളെന്നപേരിലറിയപ്പെടുന്നവർ ഉപയോഗിക്കുന്ന രീതിയിൽ അയിത്തക്കാർ ഉപയോഗിച്ചുകൂടാ. ഡോക്ടർമാർ, വക്കീലന്മാർ, പുരോഹിതന്മാർ മുതലായവർ അയിത്തക്കാർക്ക് നീതിപൂർവ്വമായ സേവനം ചെയ്യുന്നതിന് സന്നദ്ധരല്ലായിരുന്നു.[33]

മനുഷ്യനെ മൃഗമാക്കുന്ന ഈ അയിത്തത്തെ ഉന്മൂലനം ചെയ്യുക ഗാന്ധിജിയുടെ ഏററവും വലിയ ആഗ്രഹമായിരുന്നു. ''അയിത്തക്കാരുടെ മോചനവും ഗോസംരക്ഷണവുമാണ് എന്റെ ജീവനെ നിലനിർത്തുന്ന ഏററവും ശക്തമായ ആഗ്രഹങ്ങളിൽ രണ്ടെണ്ണം. ഈ രണ്ട് ആഗ്രഹങ്ങളും സാധിച്ചാൽ സ്വരാജായി, അതിലാണ് എന്റെ മോക്ഷവും.''[34] അയിത്തോച്ചാടനത്തിനുള്ള പ്രഥമമാർഗ്ഗം അഹിംസയാണ്. അതായത് ലോകത്തെ മുഴുവൻ— മനുഷ്യരേയും ഇതരജീവികളേയും—തന്നെപ്പോലെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുക. അതിന് മനുഷ്യനും മനുഷ്യനും തമ്മിലും വ്യത്യസ്തവർഗ്ഗങ്ങൾ തമ്മിലുമുള്ള മതിൽക്കെട്ടുകൾ പൊളിച്ചുകളയണം.[35] ഈ ലക്ഷ്യപ്രാപ്തിക്കായി സവർണ്ണരെ പ്രബുദ്ധരാക്കുക ആവശ്യമാണ്. കാരണം, അജ്ഞതമൂലമാണ് അവർ അയിത്തക്കാരെ മർദ്ദിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നത്. അതുകൊണ്ട് സാമൂഹ്യപരിഷ്കർത്താക്കൾ സവർണ്ണർ പാർക്കുന്ന സ്ഥലങ്ങളിൽ ചെന്ന് പ്രസംഗം, ഉപദേശം, സന്മാതൃക മുതലായവയിലൂടെ ജ്ഞാനദീപം അവരുടെ ഇടയിൽ കൊളുത്തി അവരുടെ മർദ്ദനങ്ങൾ അവസാനിപ്പിക്കുവാൻ പ്രേരിപ്പിക്കണം.[36] ഉപദ്രവിക്കപ്പെടുന്ന സാധു ഹരിജനങ്ങളെ സംരക്ഷിക്കുവാൻ ഗവണ്മെൻറും തയ്യാറാകണം. അയിത്തോച്ചാടനത്തിന്റെ വിജയത്തിന് ആവശ്യമായിരിക്കുന്നത് സവർണ്ണഹിന്ദുക്കളുടെ ഹൃദയപരിവർത്തനമാണെന്ന് ഗാന്ധിജി പറയുന്നു. സവർണ്ണഹിന്ദുക്കൾ ഹിന്ദുമതത്തിനുവേണ്ടിയും തങ്ങൾക്കുവേണ്ടിത്തന്നെയും ചെയ്യേണ്ട ഒരു പ്രായശ്ചിത്തമാണ് അയിത്തോച്ചാടനം. ''ശുദ്ധീകരിക്കേണ്ടത് അയിത്തക്കാരെയല്ല; ഉയർന്ന ജാതികളെന്നു പറയപ്പെടുന്നവരെയാണ്. അയിത്തക്കാർക്ക് മാത്രമായുള്ള ഒരു ദുരാചാരവുമില്ല. അഴുക്കും വൃത്തിഹീനതയും പോലും. സ്വന്തം ദോഷങ്ങൾ കാണാൻ നമ്മെ, ഉയർന്ന ജാതി ഹിന്ദുക്കളെ, കണ്ണില്ലാത്തവ

33 *My Soul's Agony*, 5, 11, 32; സാമൂഹ്യജീവിതം, p. 431
34 *Young India*, 4–5–1921; സാമൂഹ്യജീവിതം, p. 417
35 *From Yarvada Mandir*; സാമൂഹ്യജീവിതം, p. 416
36 *Harijan*, 31–8–1935; സാമൂഹ്യജീവിതം, p. 443

www.malankaralibrary.com



രാക്കുന്നതും, നാം മർദ്ദിച്ചവരും ഇപ്പോഴും നാം മർദ്ദിച്ചുകൊണ്ടിരിക്കുന്നവരുമായ പതിതസഹോദരങ്ങളുടെ ദോഷങ്ങളെ വലുതാക്കി കാണിക്കുന്നതും നമ്മുടെ ദുഷ്ടതയാണ്........''[37] ''നിയമത്തിന്റെ പോലും ബലം കൊണ്ട് അയിത്തം നശിപ്പിക്കപ്പെടുകയില്ല. ഈശ്വരനോടും മനുഷ്യനോടും ചെയ്യുന്ന ഒരപരാധമാണ് അതെന്ന് ഭൂരിപക്ഷം ഹിന്ദുക്കൾ മനസ്സിലാക്കി, അതിനെക്കുറിച്ച് ലജ്ജിക്കാൻ തുടങ്ങിയാലേ അതു നശിക്കൂ. മറ്റു വാക്കുകളിൽ, അതൊരു പരിവർത്തനമാണ്. അതായത് ഹിന്ദുഹൃദയം ശുദ്ധീകരിക്കൽ.''[38]

അയിത്തോച്ചാടനത്തിലൂടെ സമ്പൂർണ്ണസമത്വം കൈവരിക്കുവാൻ അവർണ്ണർക്കും ചെയ്യുവാനുണ്ട് കാര്യങ്ങൾ. ഗാന്ധിജി പറയുന്നു, ''നിങ്ങൾ ഹിന്ദുസമുദായത്തെ ശുചീകരിക്കുകയാണെന്നു മനസ്സിലാക്കണം. അതിനാൽ സ്വജീവിതം നിങ്ങൾ ശുദ്ധമാക്കണം. ആർക്കും നിങ്ങളെ കുററംപറയാൻ കഴിയാത്തവണ്ണം നിങ്ങൾ ശുചിത്വമുള്ളവരായിത്തീരണം........''[39] ഈ ലക്ഷ്യപ്രാപ്തിക്കായി ഹരിജൻ കുട്ടികളെ നല്ല ആചാരങ്ങളും, നല്ല സംഭാഷണവും, നല്ല പെരുമാററവും, നല്ല ശുചിത്വവും പഠിപ്പിക്കുന്നതിനായി വിദ്യാഭ്യാസത്തിന്റെ പ്രാരംഭഘട്ടം ചിലവഴിക്കണം. അതുപോലെ മാംസവർജ്ജനവും അവർ നേടിയെടുക്കണം.

സത്യാഗ്രഹവും ഉപവാസവുമായിരുന്നു അയിത്തോച്ചാടനത്തിനായി ഗാന്ധിജി സ്വയം അവലംബിച്ച മററു ചില മാർഗ്ഗങ്ങൾ. ഇതിലൂടെ പല സ്ഥലങ്ങളിലും ഹരിജനങ്ങൾക്ക് ക്ഷേത്രപ്രവേശനവും വിദ്യാലയ പ്രവേശനവും അദ്ദേഹം നേടിക്കൊടുത്തു. അയിത്തക്കാരെ വിളിക്കുവാൻ 'ഹരിജൻ', ഈശ്വരന്റെ മനുഷ്യൻ, എന്ന പദമാണ് ഗാന്ധിജി ഇഷ്ടപ്പെട്ടത്. ജോലിയുടെ പേരിലും ഒരാളെ അയിത്തക്കാരനെന്നു തരംതിരിക്കുവാൻ സാദ്ധ്യമല്ല. കാരണം, എല്ലാ ജോലിയും തുല്യശ്രേഷ്ഠതയുള്ളവയാണ്. മിശ്രഭോജനവും മിശ്രവിവാഹവും ഒക്കെ അയിത്തോച്ചാടനത്തെ ത്വരിതപ്പെടുത്തുമെന്നു ഗാന്ധിജി വിശ്വസിച്ചിരുന്നു. ദേശീയ വിദ്യാലയങ്ങളും ഹോസ്റ്റലുകളും അയിത്തോച്ചാടനത്തിനുള്ള വേദികളായി കാണുവാൻ ഗാന്ധിജി ആഗ്രഹിച്ചു. ഈ പ്രവർത്തനമണ്ഡലത്തിൽ അദ്ദേഹം നേടിയ ഒരു വിജയം തന്നെയാണ് ക്ഷേത്രപ്രവേശന ബില്ല്. അങ്ങനെ അയിത്തോച്ചാടനത്തിനുവേണ്ടിയുള്ള ഗാന്ധിജിയുടെ അശ്രാന്തമായ പരിശ്രമം ഭാരതത്തിലെ സവർണ്ണരുടെ ഇടയിൽ വലിയ ഒരു പരിവർത്തനത്തിനു വഴിതെളിച്ചുവെന്നുള്ളത് അഭിമാനാർഹമാണ്.

---

37 *Young India*, 26-12-1924; സാമൂഹ്യജീവിതം, p. 444—45

38 *Harijan* 23–9–1939; സാമൂഹ്യജീവിതം, p. 478

39 *Young India* 4–2–1921

www.malankaralibrary.com



## C. വിദ്യാഭ്യാസം

നവഭാരതസൃഷ്ടിക്കുവേണ്ടി ഭഗീരഥപ്രയത്നം നടത്തിയ ഗാന്ധിജി, വിദ്യാഭ്യാസരംഗത്തും സാരവത്തായ ഒരു പരിവർത്തനം വരുത്തുന്നതിന് ആഗ്രഹിച്ചു. ഭാരതത്തെ സകലവിധ അടിമത്തങ്ങളിൽ നിന്നും മോചിപ്പിക്കുവാൻ അടിയന്തിരവും, അടിസ്ഥാനപരവുമായി ചെയ്യേണ്ടതു് വിദ്യാഭ്യാസമണ്ഡലം പരിഷ്കരിക്കുകയാണെന്നു് അദ്ദേഹം മനസ്സിലാക്കി. കാരണം ഇന്നത്തെ വിദ്യാഭ്യാസപദ്ധതി അതു് ലക്ഷ്യംവയ്ക്കുന്ന കാര്യങ്ങൾ പ്രാപിക്കാനുതകുന്നില്ല. ഗാന്ധിജിയുടെ വാക്കുകളിൽ ''വിദ്യാഭ്യാസം എന്ന പദത്തിനു് ഞാൻ നല്കുന്ന അർത്ഥം കുട്ടിയിലും മനുഷ്യനിലുമുള്ള കായികവും, മാനസികവും ആദ്ധ്യാത്മികവുമായ എല്ലാ മാനുഷികവൈശിഷ്ട്യങ്ങളേയും ആവിഷ്കരിക്കുകയാണു്.''[40] എന്നാൽ ഇന്നു് സർവ്വകലാശാലാ ബിരുദവുംനേടി പുറത്തിറങ്ങുന്ന വിദ്യാസമ്പന്നന്മാർ ആരുംതന്നെ ഈ ലക്ഷ്യങ്ങൾ പ്രാപിച്ചവരല്ല. കുറെ വിജ്ഞാനസൂക്തങ്ങൾ അവർ ഹൃദിസ്ഥമാക്കിയിട്ടുണ്ടെന്നതു് വാസ്തവംതന്നെ. പക്ഷേ അവക്കു് പ്രായോഗികജീവിതത്തിൽ എന്തെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനോ, സ്വന്തം ജീവിതായോധനം പരാശ്രയം കൂടാതെ നടത്തുന്നതിനോ ഉള്ള കെല്പില്ലെന്നതാണു് സത്യം. മാത്രമല്ല ജീവിതത്തിൻെറ പരുപരുത്ത യാഥാർത്ഥ്യങ്ങളുമായി ഏറ്റുമുട്ടേണ്ടിവരുമ്പോൾ അവരിൽ പലരും ചിറകുകുഴഞ്ഞു നിലംപതിക്കുന്നു. അതുപോലെ വിദ്യാഭ്യാസത്തിലൂടെ അവശ്യം കരസ്ഥമാക്കേണ്ട സ്വഭാവരൂപവല്ക്കരണം ഇന്നു് വെറും ഒരു മരീചികതന്നെ. പരിപാവനമായ വിദ്യാലയം വിട്ടിറങ്ങുന്ന വിദ്യാസമ്പന്നരിൽ പലരും പരിഷ്കാരത്തിൻേറയും പഠിപ്പിൻേറയും പേരിൽ അനീതിയും, അക്രമവും കലർന്ന പ്രവൃത്തികൾ ചെയ്യുന്നതിൽ യാതൊരു അപാകതയും കാണുന്നില്ല. ഈ രീതിയിലുള്ള വികലമായ വിദ്യാഭ്യാസംപോലും ഭാരതത്തിലെ ചെറിയ ഒരു ന്യൂനപക്ഷത്തിനു മാത്രമേ ലഭിക്കുന്നുള്ളതാനും. ഈ യാഥാർത്ഥ്യങ്ങളൊക്കെ കണക്കിലെടുത്തുകൊണ്ടു് ഗാന്ധിജി അടിസ്ഥാനവിദ്യാഭ്യാസത്തിനു്—ഗ്രാമവ്യവസായങ്ങൾ മുഖേനയുള്ള ഗ്രാമീണ ദേശീയവിദ്യാഭ്യാസപദ്ധതിക്കു്—രൂപവും ഭാവവും നല്കി. കൈത്തൊഴിൽ മുഖേനയുള്ള വിദ്യാഭ്യാസ സമ്പ്രദായമാണിതു്. ഈ രീതിയിൽ വിദ്യ അഭ്യസിക്കുന്നവർ സത്സ്വഭാവികളും, വിദ്യാസമ്പന്നരും സ്വാവലംബികളും, തൊഴിലുള്ളവരും, രാഷ്ട്രീയപ്രബുദ്ധതയാർജ്ജിച്ചവരും, രാഷ്ട്രീയസേവകരും ആയിത്തീരുമെന്നു് ഗാന്ധിജി ആത്മാർത്ഥമായി വിശ്വസിച്ചു. ഈ രീതിയിലുള്ള വിദ്യാഭ്യാസപദ്ധതി നടപ്പിലാക്കുവാൻ മഹാത്മജി ഭാരതീയരോടു് ആവശ്യപ്പെട്ടു.

---

40. ഗാന്ധി, അടിസ്ഥാന വിദ്യാഭ്യാസം, p.63.

www.malankaralibrary.com



## 1. വിദ്യാഭ്യാസലക്ഷ്യങ്ങൾ

മനുഷ്യൻെറ സമഗ്രമായ വികാസവും വളർച്ചയുമാണ് വിദ്യാഭ്യാസം ലക്ഷ്യമാക്കുന്നത്.[41] അടിസ്ഥാനവിദ്യാഭ്യാസത്തിൻെറ ലക്ഷ്യമായി ഗാന്ധിജി നിർദ്ദേശിക്കുന്നത് സ്വയംപര്യാപ്തമായ വിദ്യാഭ്യാസം, വിദ്യാർത്ഥികളുടെ സമഗ്രവികസനം, സ്വരാജ് എന്നിവയത്രെ. ഈ വിദ്യാഭ്യാസം സിദ്ധിക്കുന്ന ഒരുവൻ സ്വാശ്രയശീലനും, സ്വതന്ത്രനുമായിരിക്കണം.[42] ഏഴുവർഷക്കാലത്തെ ശിക്ഷണത്തിനു ശേഷം ഡോ. ആര്യനായകം ഏഴു കുട്ടികളെ ഗാന്ധിജിയുടെ അടുക്കൽ കൊണ്ടുചെന്നു. ഇവരിൽനിന്നു് അങ്ങു് എന്തു പ്രതീക്ഷിക്കുന്നു എന്നു് ആര്യനായകം ചോദിച്ചതിനു മറുപടിയായി ഗാന്ധിജി പറഞ്ഞു: ''സ്കൂളും അതിൻെറ കടമ യഥാവിധി നിർവ്വഹിച്ചിട്ടുണ്ടെങ്കിൽ 14 വയസ്സു പ്രായമായ കുട്ടികൾ സത്യസന്ധരും, ശുദ്ധരും, ആരോഗ്യവാന്മാരുമായിരിക്കണം. ഗ്രാമീണരോടു് അനുഭാവമനോഭാവമുള്ളവരായിരിക്കണം അവർ. അവരുടെ ബുദ്ധിയോടൊപ്പം കൈകളും തുല്യമായി വികസിച്ചിട്ടുണ്ടാകണം. അവരിൽ യാതൊരു മാലിന്യവും ഉണ്ടാകുവാൻ പാടില്ല. അവർ സൂക്ഷ്മബുദ്ധികളായിരിക്കാമെങ്കിലും ധനാർജ്ജനത്തെക്കുറിച്ചു് ചിന്തിക്കുന്നേയില്ല. അവർ കണ്ടെത്തുന്ന സത്യസന്ധമായ ഏതു തൊഴിലും ചെയ്യുവാൻ അവർ ഒരുക്കമായിരിക്കും. നഗരജീവിതത്തിനുവേണ്ടി അത്യാശ പുലർത്തുന്നവരായിരിക്കില്ല അവർ. സ്കൂളിൽവച്ചു് സഹകരണത്തിൻേറയും, സേവനത്തിൻേറയും പാഠങ്ങൾ ഗ്രഹിച്ചിട്ടുള്ള അവർ തങ്ങളുടെ ചുറ്റുപാടുകളിലേയ്ക്കും അതിൻെറ ചൈതന്യം പ്രസരിപ്പിക്കും. അവർ ഒരിയ്ക്കലും യാചകരോ പരോപജീവികളോ ആയിരിക്കുകയില്ല.''[43]

### a) സ്വഭാവരൂപവല്ക്കരണം

വിദ്യാഭ്യാസപദ്ധതിയിലൂടെ ആത്യന്തികമായി നേടേണ്ടതു് സ്വഭാവരൂപവല്ക്കരണമാണു്. ഗാന്ധിജി പറയുന്നു: ''നല്ലൊരു സ്വഭാവം നമ്മിൽ രൂപപ്പെടുത്തുവാൻ സഹായിക്കുന്നതിനെ മാത്രമേ യഥാർത്ഥവിദ്യാഭ്യാസമെന്നു വിളിക്കാനാവൂ.[44] ''ഒരവസരത്തിൽ കൊളമ്പിലെ അസംഹിതാകോളേജ്'' വിദ്യാർത്ഥികളോടു ഗാന്ധിജി പറഞ്ഞു: പരിശുദ്ധമായ സ്വഭാവത്തിൻെറ അടിത്തറയിൽ കെട്ടിപ്പെടുത്തതല്ലെങ്കിൽ ഈ മഹത്തായ കലാശാലയിൽ നിന്നു നിങ്ങൾക്കു് ലഭിക്കുന്ന വിദ്യാഭ്യാസം മുഴുവനും ശൂന്യമായി

---

41 Gandhi, *To the Students,* p. 125
42 *Ibid.,* p. 121
43 Gandhi, *Basic Education,*pp. 107-108.
44 *Ibid,*p. 5

www.malankaralibrary.com



ത്തീരും.[45] വിദ്യാഭ്യാസപ്രക്രിയയെ കെട്ടിടനിർമ്മാണത്തോടാണ് ഗാന്ധിജി ഉപമിക്കുക. മനുഷ്യവ്യക്തിത്വമാകുന്ന കെട്ടിടത്തിൻെറ അടിത്തറ നല്ല സ്വഭാവമായിരിക്കണം. ഈ ഉറച്ച അടിത്തറമേൽ പണിയാതിരുന്നാൽ വിദ്യാഭ്യാസമാകുന്ന സൗധം പ്രലോഭനങ്ങളിൽപ്പെട്ട് വീണു നശിക്കും. ബുദ്ധിയോടൊപ്പം ഹൃദയവും വികസിക്കുന്നില്ലെങ്കിൽ നാം ബുദ്ധിമതികളായ കള്ളന്മാരും കൊള്ളക്കാരുമായിത്തീർന്നെന്നും വരാം. സത്യസന്ധതയും, നിഷ്കളങ്കതയും, സത്ചിന്തയും, സാർവ്വത്രിക സ്നേഹവുമായിരിക്കും, സത്സ്വഭാവിയുടെ മുഖമുദ്ര. സത്സ്വഭാവരൂപവൽക്കരണത്തിന് ഈ ഗുണവിശേഷങ്ങൾ വളർത്തിയെടുക്കുന്നതോടൊപ്പം ദുഷിച്ച പല പ്രവണതകളും ഉന്മൂലനം ചെയ്യേണ്ടതായുണ്ട്. അന്ധമായ അനുകരണങ്ങൾ, വിവേചനാരഹിതമായ ഗ്രന്ഥപാരായണവും, സിനിമകളും, വിനാശകരങ്ങളായ ലഹരിപദാർത്ഥങ്ങളുടെ ഉപയോഗവും മററും വിദ്യാർത്ഥികളെ അപഥമാർഗ്ഗങ്ങളിലൂടെ ചരിപ്പിക്കും. ഇവയിലെല്ലാം സത്സ്വഭാവികളായ അദ്ധ്യാപകർക്ക് വലിയ സ്വാധീനം ചെലുത്തുവാൻ കഴിയും.[46]

## b) ഈശ്വരവിശ്വാസം

ഈശ്വരവിശ്വാസം വിദ്യാഭ്യാസത്തിൻെറ ലക്ഷ്യങ്ങളിലൊന്നാണെന്നു കേൾക്കുമ്പോൾ ആധുനികർ നെററിചുളിച്ചേക്കും. എന്നാൽ ഈശ്വരവിശ്വാസത്തിലൂടെയല്ലാതെ ഏററം പ്രധാന ലക്ഷ്യമായ സത്സ്വഭാവരൂപവല്ക്കരണം നമുക്കസാദ്ധ്യമായിരിക്കും. ''നിങ്ങൾക്കു ലഭിക്കുന്ന വിദ്യാഭ്യാസം ദൈവത്തിൽ നിന്നകന്നു മാറാനാണ് നിങ്ങളെ പ്രേരിപ്പിക്കുന്നതെങ്കിൽ, അതു് നിങ്ങളെ എങ്ങനെ സഹായിക്കുമെന്നും, നിങ്ങൾ ലോകത്തെ എങ്ങനെ സഹായിക്കുമെന്നും എനിക്കറിഞ്ഞുകൂടാ''[47]. എല്ലാ മതങ്ങളും തുല്യമെന്നു വിശ്വസിച്ച ഗാന്ധിജി, വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ സത്സ്വഭാവരൂപവൽക്കരണത്തിനുവേണ്ടി എല്ലാ മതങ്ങൾക്കും പൊതുവായ വിശ്വാസങ്ങളും ധർമ്മസംഹിതകളും പഠിപ്പിക്കണമെന്ന അഭിപ്രായക്കാരനായിരുന്നു.

## c) സാമൂഹ്യസേവനം

വിദ്യാർത്ഥികൾ അവരുടെ അവധിക്കാലങ്ങൾ വിനോദയാത്രക്കോ ട്യൂട്ടോറിയൽ ക്ലാസുകൾക്കോ ആയി മാററി വയ്ക്കാതെ ഗ്രാമസേവനത്തിന് ഉപയോഗിക്കണമെന്ന് ഗാന്ധിജി വിദ്യാർത്ഥികളോട് ആഹ്വാനംചെയ്തു. ഭാരതം ഗ്രാമങ്ങളുടെ ഒരു ശൃംഖലയാണ്. അവിടെ അജ്ഞതയും, അന്ധവിശ്വാസവും, അശുചിത്വവും, ദാരി

45 Gandhi, *To the Students*, p. 114–15
46 Gandhi, *My Views on Education*, p. 48
47 *Young India*, 4–8–1927

www.malankaralibrary.com



ദ്ര്യവുമെല്ലാം കൊടികുത്തി വാഴുകയാണ്. അവിടേയ്ക്ക് വിദ്യാർത്ഥികൾ സ്നേഹത്തോടും, സേവനമനോഭാവത്തോടും, ലാളിത്യത്തോടും കൂടി കടന്നുചെല്ലുക. ഗാന്ധിജിയുടെ അഭിപ്രായത്തിൽ വിദ്യാർത്ഥികൾ ആദ്യമായി ചെയ്യേണ്ടത് ചർക്ക പ്രചരിപ്പിക്കുകയാണ്. തദ്വാരാ ഗ്രാമങ്ങളിലെ സാമ്പത്തിക നിലവാരം പൊതുവെ ഉയർത്തുന്നതിനു കഴിയും. അലസതയും തൊഴിലില്ലായ്മയും ദാരിദ്ര്യവുമൊക്കെ ഓടിയൊളിക്കും. സ്വാശ്രയശീലവും ദേശീയബോധവും ഓരോ പൗരനിലും ഉദയം ചെയ്യും. അടുത്തതായി, ഗ്രാമങ്ങളിലെ ശുചിത്വം മെച്ചപ്പെടുത്തുന്നതിനായി ശ്രദ്ധിക്കണം. ആവശ്യമുള്ളത്ര അഴുക്കുചാലുകൾ നിർമ്മിക്കണം, പൊതുക്കിണറുകൾ ശുദ്ധിയാക്കണം, കക്കൂസുകൾ ഉണ്ടാക്കണം. അതോടൊപ്പം ശുചിത്വത്തിന്റേയും, ആരോഗ്യത്തിന്റേയും പ്രാഥമിക പാഠങ്ങൾ ഗ്രാമീണർക്ക് പകർന്നു നല്കണം. അക്ഷരാഭ്യാസമില്ലാത്തവരും അജ്ഞരുമായ മുതിർന്നവർക്ക് വേണ്ടി നിശാക്ലാസുകളും നടത്തുക ആവശ്യമാണ്. അതുപോലെ സമൂഹത്തിലെ തിന്മകളായ ശൈശവ വിവാഹം. സതി, ആഭാടമനസ്ഥിതി, തുടങ്ങിയവയ്ക്കെതിരായും പ്രവർത്തിക്കണം.

d) ഹരിജനസേവനം

സാമൂഹ്യസേവനത്തിന്റെ ഒരു സുപ്രധാനഘടകമാണ് ഹരിജനസേവനം. ഹരിജനങ്ങൾ അന്ധവിശ്വാസികളും ശുചിത്വരഹിതരുമാണ്. കൂടുതൽ ക്ഷമയും സഹനവും ആവശ്യപ്പെടുന്ന പ്രവർത്തനമണ്ഡലമാണിത്. സത്സ്വഭാവികളായ ക്ഷമാശീലർക്ക് മാത്രമേ ഇവിടെ പ്രവർത്തിക്കാനൊക്കൂ. ദുഷ്ക്കരമായ ഈ പ്രവർത്തനത്തിനും വിദ്യാർത്ഥികൾ തയ്യാറായിരിക്കണം.

e) സത്യാഗ്രഹി രൂപീകരണം.

വിദ്യാഭ്യാസത്തിന്റെ വിവിധങ്ങളായ ലക്ഷ്യങ്ങളെ ഒററ വാക്കിൽ ചുരുക്കാമെങ്കിൽ അതാണ് സത്യാഗ്രഹരൂപീകരണം. സത്യം അന്വേഷിക്കുന്ന, സത്യത്തിനുവേണ്ടി വാദിക്കുന്ന, സത്യസ്ഥാപനത്തിനുവേണ്ടി മരിക്കുവാൻ പോലും തയ്യാറുള്ളവനാണ് ശരിയായ സത്യാഗ്രഹി. ദുസ്വഭാവിക്ക് സത്യാഗ്രഹി ആകുക സാദ്ധ്യമല്ല. അതുപോലെ ഈശ്വരവിശ്വാസിയല്ലാത്തവനും. ഗാന്ധിജി വിഭാവനം ചെയ്യുന്ന സത്യാഗ്രഹി ഒരു നിഷേധാത്മകനോ ഒരു നിസ്സഹകരണക്കാരനോ അല്ല. അവൻ ഒരു ജനസേവകനാണ്, നിർമ്മാണപ്രവർത്തകനാണ്. ഈവിധ ഗുണവിശേഷങ്ങളാണ് ഒരുവൻ വിദ്യാഭ്യാസത്തിലൂടെ ആർജ്ജിക്കേണ്ടത്.

www.malankaralibrary.com



## 2. സാഹചര്യങ്ങൾ

ഭാരതത്തിലെ സാഹചര്യങ്ങൾ ഓരോന്നും കണക്കിലെടുത്തുകൊണ്ടാണ് ഗാന്ധിജി അടിസ്ഥാന വിദ്യാഭ്യാസം എന്ന നൂതന പദ്ധതി ആവിഷ്കരിച്ചത്. ഇന്ത്യൻ ഗ്രാമീണജനതയുടേയും അതിലൂടെ ഇന്ത്യ മുഴുവൻെറയും സമഗ്രവിമോചനവും വികാസവും അദ്ദേഹം ലക്ഷ്യംവച്ചു. ഇന്ത്യൻ ജനതയെ അദ്ദേഹം അടുത്തറിഞ്ഞു. അവരുടെ ആശകളും ആശങ്കകളും ഹൃദയത്തുടിപ്പുകളും അനുഭവിച്ചറിഞ്ഞു് അവർക്കു വേണ്ടതെന്താണെന്നു് മനസ്സിലാക്കിയശേഷം അവർക്കുവേണ്ടി സ്വയമായി മെനഞ്ഞെടുത്തതാണ് അടിസ്ഥാന വിദ്യാഭ്യാസം. അതിനു് അദ്ദേഹത്തെ പ്രേരിപ്പിച്ച സാഹചര്യങ്ങൾ പലതാണ്.

### a) ഗ്രാമീണ ഇന്ത്യ

ഗ്രാമങ്ങളുടെ ശൃംഖലയാണ ഭാരതം. അജ്ഞത അവരുടെ മുഖമുദ്രയാണ്. ദാരിദ്ര്യം അവരുടെ സന്തതസഹചാരിയും. ഇതിൻെറ കൂടെ കടന്നുവരുന്ന അന്ധവിശ്വാസവും. ഇവയിൽ നിന്നെല്ലാം മുതലെടുപ്പു നടത്തുന്ന ജമീന്ദാരന്മാരും മുതലാളികളും ആവശ്യത്തിലേറെയുണ്ട്. അതുപോലെ അനാരോഗ്യപരമായ ജീവിത സാഹചര്യങ്ങളിൽ ജീവിക്കുന്ന അവർ രോഗികളായിത്തീരുന്നതിൽ യാതൊരു അത്ഭുതത്തിനും അവകാശമില്ലല്ലോ. മുൻകാലങ്ങളിൽ കുടിൽവ്യവസായങ്ങൾക്കു പ്രസിദ്ധമായിരുന്ന ഭാരതീയ ഗ്രാമങ്ങൾ. ഇന്നവയെല്ലാംതന്നെ വൻഫാക്ററിികളുടെ പിടിയിലമർന്നു കഴിഞ്ഞിരിക്കുന്നു. പ്രത്യേകമായ തൊഴിലുകളൊന്നുമില്ലാത്തതിനാൽ അലസരായി ജീവിതം തള്ളിനീക്കുകയാണ് ഗ്രാമീണർ. തൊഴിലില്ലായ്മ എന്ന ഭീകരസത്വം അവരെ ഇന്നു ഗ്രസിച്ചിരിക്കുന്നു. ഇതാണ് നമ്മുടെ ഇന്നത്തെ ഗ്രാമങ്ങളുടെ ഒരു വിഹഗവീക്ഷണം.

ഈ പ്രശ്നങ്ങൾക്കെല്ലാം ഒററയടിക്കു പരിഹാരം കാണുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ഇവ കണ്ടില്ലെന്നു് നടിക്കുന്നതും ഭൂഷണമല്ല. ഗ്രാമീണരെ അതിയായി സ്നേഹിച്ച ഗാന്ധിജി അവരുടെ സമുദ്ധാരണത്തിനുവേണ്ടി അടിസ്ഥാനവിദ്യാഭ്യാസത്തിനു രൂപം കൊടുത്തു. കൈത്തൊഴിലിലൂടെയുള്ള ഈ വിദ്യാഭ്യാസത്തിലൂടെ എല്ലാ തിന്മകളുടെയും ഹേതുവായ അജ്ഞതയും രൂക്ഷമായിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയും, ദാരിദ്ര്യവും ഒരു പരിധിവരെയെങ്കിലും പരിഹരിക്കാമെന്നു് ഗാന്ധിജി പ്രത്യാശിച്ചു.

### b) ഇന്നത്തെ വിദ്യാഭ്യാസത്തിൻെറ വികലതകൾ

അക്ഷരാഭ്യാസം വിദ്യാഭ്യാസമായി കണക്കാക്കപ്പെടുന്നു. ഭാഷാപഠന പദ്ധതികൾക്കാണ് വിജ്ഞാനസമ്പാദനത്തേക്കാൾ മുൻഗണന. അതുപോലെ, സമഗ്രമനുഷ്യൻെറ സമഗ്രവികസനത്തിനു് ഉതകുന്ന ഒരു വിദ്യാഭ്യാസമല്ല ഇന്നുള്ളത്. ഇന്നത്തെ വിദ്യാഭ്യാസ

www.malankaralibrary.com



ത്തിലൂടെ ഒരുവൻെറ ബുദ്ധി വികസിക്കുന്നുണ്ടായിരിക്കാം. പക്ഷേ അവൻെറ ശാരീരികവും മാനസികവും ആത്മീയവുമായ വശങ്ങളെ അവഗണിച്ചിരിക്കുന്ന പ്രതീതിയാണ് ഇന്നു് പൊതുവെ അനുഭവപ്പെടുക.

ബ്രാഹ്മണമേധാവിത്വത്തിൻെറ കാലത്തു് വിദ്യ ഉന്നതകുലജാതർക്കായി സംവരണം ചെയ്യപ്പെട്ടിരുന്നു. ഇന്നു് ജാതിയുടെ സ്ഥാനം ധനം കൈയടക്കിയിരിക്കുകയാണു്. ന്യൂനപക്ഷമായ ധനികർ വിദ്യാസമ്പന്നരായിത്തീരുകയും ദരിദ്രരും അജ്ഞരുമായ ഭൂരിപക്ഷത്തെച്ചൂഷണം ചെയ്യുകയുംചെയ്യുന്ന പ്രതിഭാസമാണിന്നു നാം നമ്മുടെ രാജ്യത്തു് കാണുക. ഈ ഊരാക്കുടുക്കിൽനിന്നും ഭാരതജനതയെ സ്വതന്ത്രരാക്കുവാൻ, വിദ്യാഭ്യാസം ചിലവു് കുറച്ചുകൊണ്ടു് സാർവ്വത്രികമാക്കുവാനുള്ള ഏററവും നല്ല പദ്ധതിയാണു് അടിസ്ഥാനവിദ്യാഭ്യാസം.

ഡിഗ്രി നേടിയാൽ വിജ്ഞാനികളായി, അഭ്യസ്തവിദ്യരായി എന്നൊക്കെ അഭിമാനിക്കുന്നവർ ധാരാളമുണ്ടു്. എന്നാൽ പ്രായോഗികജീവിതത്തിൽ അവർ മിക്കപ്പോഴും ഒരു പരാജയമായിരിക്കും. അവർ പലതും കാണാപ്പാഠം പഠിച്ചിട്ടുണ്ടു്. എന്നാൽ ഒന്നുംതന്നെ പ്രായോഗികമായി ചെയ്യാനറിഞ്ഞുകൂടാ. സർവ്വകലാശാല നല്കുന്ന ബിരുദവും കക്ഷത്തിലാക്കി ജോലിതേടി അലയുന്ന യുവജനങ്ങൾ നമ്മുടെ വിദ്യാഭ്യാസപദ്ധതി ഒരു പരാജയമാണെന്നു് ഉറക്കെ വിളിച്ചു പറയുകയല്ലേ ചെയ്യുന്നതു്.

ഗാന്ധിജി 'യംഗ്ഇൻഡ്യ'യിൽ ഇപ്രകാരം എഴുതി: ''ഈ വിദ്യാഭ്യാസം ജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നുണ്ടോ എന്ന ചോദ്യം ഇവിടെ ഉത്ഭവിക്കുന്നു. ഇന്ത്യയുടെ ഇതരഭാഗങ്ങളിലെന്നപോലെ ബറോഡയിലെ ജനങ്ങളും പ്രധാനമായും കൃഷിക്കാരാണു്. ഈ കൃഷിക്കാരുടെ കുട്ടികൾ കൂടുതൽ നല്ല കൃഷിക്കാരാകുമോ? തങ്ങൾക്കു കൈവന്ന വിദ്യാഭ്യാസം കൊണ്ടു് ഭൗതികമോ, സദാചാരപരമോ ആയി വല്ല അഭ്യുന്നതിയും അവർ പ്രദർശിപ്പിക്കുന്നുണ്ടോ.... ബറോഡയിലെ കൃഷിക്കാർ മററു സ്ഥലങ്ങളിലെ അവരുടെ സഹോദരങ്ങളേക്കാൾ കൂടുതൽ ഭേദപ്പെട്ടവരോ ആനന്ദമനുഭവിക്കുന്നവരോ അല്ല. ക്ഷാമകാലത്തെ ഏതൊരു കൃഷിക്കാരെയുംപോലെ നിസ്സഹായരാണവർ. അവരുടെ ഗ്രാമങ്ങളിലെ ശുചീകരണം ഇന്ത്യയിലെ മററു ഭാഗങ്ങളിലെന്നപോലെതന്നെ പ്രാകൃതമാണു്....'[48] ഇങ്ങനെ വിദ്യാഭ്യാസം ലക്ഷ്യംവയ്ക്കുന്ന സ്വാശ്രയബോധമോ, ജീവിതഗന്ധിയായ മാററമോ ഒന്നും ഇന്നത്തെ വിദ്യാഭ്യാസരീതിയിലൂടെ നമുക്കു് ലഭിക്കുന്നില്ലയെന്നു് ഗാന്ധിജി ഖേദപൂർവ്വം വ്യക്തമാക്കുകയാണു്.

48 എൻ. പി. പിള്ള, വിദ്യാഭ്യാസം, p. 74.

www.malankaralibrary.com



നമ്മുടെ വിദ്യാഭ്യാസപദ്ധതി പാശ്ചാത്യ വിദ്യാഭ്യാസ രീതിയുടെ അന്ധമായ അനുകരണമാണെന്നും, ഇംഗ്ലീഷ് വിദ്യാഭ്യാസം നമ്മെ അടിമത്തത്തിലേയ്ക്കാണ് നയിച്ചിരിക്കുന്നതെന്നും ഗാന്ധിജി വിശ്വസിച്ചു. ഗാന്ധിജി ഇപ്രകാരം എഴുതി: ''യൂറോപ്യന്മാർ ഉപേക്ഷിച്ചുകഴിഞ്ഞവയാണ് നമ്മുടെ ഇടയിൽ പ്രചാരമുള്ള സമ്പ്രദായങ്ങളെന്ന് ഓർക്കുന്നതു് നന്ന്. അവർക്കിടയിലെ പഠിപ്പുള്ളവർ ഓരോ രീതികൾ തുടർച്ചയായി മാററിക്കൊണ്ടിരിക്കുന്നു. നമ്മൾ അവർ വലിച്ചെറിഞ്ഞ സമ്പ്രദായങ്ങൾ അജ്ഞതമൂലം മുറുകെ പിടിക്കുകയാണ്........ഇംഗ്ലീഷ് വിദ്യാഭ്യാസം സ്വീകരിക്കുന്നതുമൂലം നാം രാജ്യത്തെ അടിമത്തത്തിലാഴ്ത്തിയെന്ന കാര്യം ശ്രദ്ധേയമാണ്. കാപട്യം, ഭീഷണി തുടങ്ങിയതെല്ലാം വദ്ധിച്ചിട്ടുണ്ട്. ഇംഗ്ലീഷ് അറിയുന്ന ഇന്ത്യക്കാർ ജനങ്ങളെ ചതിക്കാനും പേടിപ്പെടുത്താനും മടിച്ചിട്ടില്ല........എനിക്കൊരു നീതിന്യായക്കോടതിയിൽ പോകണമെങ്കിൽ, ആശയവിനിമയത്തിനു് ഇംഗ്ലീഷ് ഭാഷയെ ആശ്രയിക്കണം. ഞാനൊരു ബാരിസ്റ്ററായാൽ, മാതൃഭാഷ സംസാരിക്കയില്ലെന്നു മാത്രമല്ല, സ്വന്തം മാതൃഭാഷയിൽ നിന്നു് മറെറാരാൾ എനിക്കു് കാര്യം ഭാഷാന്തരപ്പെടുത്തിത്തരുകയും വേണം. ഇതൊരു വേദനാജനകമായ കാര്യമല്ലേ? ഇതു് അസംബന്ധമല്ലേ? ഇതൊരു ദാസ്യചിഹ്നമല്ലേ? ഇതിനു ഞാൻ കുററപ്പെടുത്തേണ്ടതു് ഇംഗ്ലീഷുകാരെയോ, എന്നെത്തന്നെയോ? നാമാണു്, ഇംഗ്ലീഷറിയുന്ന ഇന്ത്യാക്കാരാണ്, ഇന്ത്യയെ അടിമപ്പെടുത്തിയതു്. രാജ്യത്തിൻെറ ശാപം നമ്മുടെ മേലാണ്, ഇംഗ്ലീഷുകാരുടെ മേലല്ല.''[49]

നമ്മുടെ വിദ്യാഭ്യാസത്തിൻെറ മറെറാരു ദോഷവശമായി ഗാന്ധിജി ചൂണ്ടിക്കാണിക്കുന്നതു് അതു് സാഹിത്യത്തിനു് അമിതപ്രാധാന്യം നല്കി തൊഴിലിനേയും ദേഹാദ്ധ്വാനത്തേയും അവഗണിക്കുന്നുവെന്നതാണ്. ഗാന്ധിജി പറയുന്നു. ''മററു രാജ്യങ്ങളുടെ പരമാത്ഥസ്ഥിതി എന്തെങ്കിലുമായിക്കൊള്ളട്ടെ, എൺപതു ശതമാനത്തിലധികം ജനങ്ങൾ കൃഷ്കരും, മറെറാരു പത്തു ശതമാനം വ്യവസായങ്ങളെ ആശ്രയിച്ചു കഴിയുന്നവരുമടങ്ങുന്ന ഇന്ത്യയിൽ ഏതായാലും, വിദ്യാഭ്യാസം സാഹിത്യപ്രധാനമാക്കി ആൺകുട്ടികളേയും പെൺകുട്ടികളേയും ഭാവി ജീവിതത്തിൽ, ദേഹാദ്ധ്വാനത്തിനു പററാത്തവരാക്കിത്തീർക്കുന്നതു് ഒരു കുററമാണ്. നമ്മുടെ സമയത്തിൻെറ അധിക ഭാഗവും ഭക്ഷ്യസമ്പാദനത്തിനു വിനിയോഗിക്കേണ്ടി വരുന്നതിനാൽ, അത്തരം തൊഴിലുകളുടെ മാന്യതയെപ്പററി നമ്മുടെ കുട്ടികളെ ശൈശവം മുതൽ പഠിപ്പിക്കണം എന്ന അഭിപ്രായമാണ് എനിക്കു സുദൃഢമായുള്ളതു്. ഒരു കൃഷ്കൻെറ മകൻ സ്കൂ

49 *Ibid,* p. 64–65

www.malankaralibrary.com



ളിൽ പോയതിന ശേഷം, പതിവുപോലെ, കാർഷികത്തൊഴിലിന പററാത്തവനാകണമെന്ന വരാൻ കാരണമൊന്നം ഞാൻ കണ്ടന്നില്ല. നമ്മുടെ സ്കൂഠംകുട്ടികഠം മനുഷ്യാദ്ധ്വാനത്തെ അവജ്ഞയോടു കൂടിയല്ലെങ്കിൽ, അനിഷ്ടത്തോടുകൂടി കാണുന്നു എന്നതു് ദയനീയമായ ഒരു കാര്യമാണു്.''[50]

ഇന്നത്തെ വിദ്യാഭ്യാസക്രമത്തിൽ വിദ്യാർത്ഥികളെ വിഷമിപ്പിക്കുന്ന ഒന്നാണു് പാഠപുസ്തകങ്ങളുടെ കാര്യം. ജീവിതഗന്ധിയല്ലാത്ത നിരവധി പാഠപുസ്തകങ്ങളാണു് വിദ്യാർത്ഥികഠംക്കു് പഠിക്കുവാനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. അതു് അവക്കു് ഒരു വലിയ ഭാരമാണെന്നതിന സംശയമില്ല. പ്രാഥമിക വിദ്യാഭ്യാസം ഗുരുമുഖത്തു നിന്ന തന്നെ ലഭിക്കുന്നതല്ലേ നല്ലതു്. അഥവാ പാഠപുസ്തകങ്ങഠം ഉണ്ടെങ്കിൽ അതു് അദ്ധ്യാപകർമാത്രം ഉപയോഗിക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യമെന്നാണു് ഗാന്ധിജിയുടെ അഭിപ്രായം.[51] സ്വന്തം ചുററുപാടുകളുടേയും സാഹചര്യങ്ങളുടേയും പശ്ചാത്തലത്തിൽ നിന്നും പഠിക്കുന്ന ജീവിതയാഥാർത്ഥ്യങ്ങഠംക്കും വിവേചനാശീലത്തിനും മാത്രമേ ഒരുവനെ പക്വതയാർജ്ജിച്ച, വിദ്യാസമ്പന്നനായ ഒരു മനുഷ്യനാക്കി മാററുവാൻ സാധിക്കുകയുള്ളു എന്നു് ഗാന്ധിജിക്കു് ബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ടു് അത്തരത്തിലുള്ള ഒരു വിദ്യാഭ്യാസമാണു് ഗാന്ധിജി അഭിലഷിച്ചതു്.

സാമ്പത്തിക പരാധീനത മൂലം വിദ്യാഭ്യാസം വെറും ന്യൂനപക്ഷത്തിനുമാത്രം സാധിക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനു്, എല്ലാവക്കും വിദ്യാഭ്യാസം ലഭിക്കത്തക്കരീതിയിൽ, വിദ്യാഭ്യാസത്തിനാവശ്യമായ ചെലവുകഠം കുട്ടികഠം തന്നെ അവരുടെ വിദ്യാഭ്യാസത്തോടു കൂടി സ്വയം തൊഴിൽ ചെയ്തുകൊണ്ടു് സമ്പാദിക്കണം. അതിലൂടെ അവർ സ്വാശ്രയശീലരും, കുടുംബത്തിനു് തുണയുമായിത്തീരും. ഇന്നത്തെ വിദ്യാഭ്യാസപദ്ധതിയിൽ പാടേ അവഗണിച്ചിരിക്കുന്ന ഒരു വശമാണിതു്. കേവലം അക്ഷരാഭ്യാസവും സാഹിത്യാഭ്യസനവും ഇംഗ്ലീഷു ഭാഷാപഠനവുമാണു് യഥാർത്ഥ വിദ്യാഭ്യാസമെന്നു നാം കരുതുന്നു. എന്നാൽ ഓരോ വ്യക്തിയുടേയും സമഗ്രവും സമ്പൂർണ്ണവും ആയ വളർച്ചയും വികാസവും നടക്കണം. അതിലൂടെ സമൂഹത്തിൻെറ ഉയർച്ചയും ഉന്നമനവും സാദ്ധ്യമാകണം. ഈ പദ്ധതി അംഗുലീപരിമിതമായ വ്യക്തികളിൽ ഒതുങ്ങി നില്ക്കാതെ ഭാരതത്തിലെ ഓരോ പൗരനും ലഭിക്കുകയും വേണം. അഹിംസയിലും, സത്യത്തിലും ഈശ്വരവിശ്വാസത്തിലും, ധാർമ്മികതയിലും അടിയുറച്ച ഒരു ക്ഷേമ രാഷ്ട്രം ഭാരതത്തിൽ സൃഷ്ടിക്കുന്നതിനു് വിദ്യാ

50 *Ibid*, p. 93.
51 *Ibid*, p. 95

www.malankaralibrary.com



ഭ്യാസരീതിക്കു് കാതലായ പരിവർത്തനം വരുത്തണമെന്നു് ഗാന്ധിജി ആഗ്രഹിച്ചു. ഈ ലക്ഷ്യങ്ങൾ സാധിക്കുന്നതിനു വേണ്ടി അദ്ദേഹം രൂപം ചെയ്തതാണു് അടിസ്ഥാന വിദ്യാഭ്യാസം.

## 3 അടിസ്ഥാന വിദ്യാഭ്യാസം

ഇന്നുള്ള വിദ്യാഭ്യാസ പദ്ധതിയിൽ നിന്നും തികച്ചും വിഭിന്നമാണു് അടിസ്ഥാന വിദ്യാഭ്യാസം. ഏഴു വർഷക്കാലത്തെ പാഠ്യപദ്ധതിയാണു് അതു് ഉൾക്കൊള്ളുക. 7—ാം വയസ്സിൽ ഒരു കുട്ടിയെ സ്കൂളിൽ ചേർക്കുന്നു. 14—ാം വയസ്സിൽ അവൻ പഠനം പൂർത്തിയാക്കി ജീവിതത്തിനൊരുങ്ങുന്നു. ഇപ്പോൾ നിലവിലിരിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നും വ്യത്യാസമുള്ളതാണെങ്കിലും ഇന്നത്തെ സെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസത്തിൻെറ നിലവാരം അടിസ്ഥാന വിദ്യാഭ്യാസത്തിനുണ്ടായിരിക്കും.

കൈത്തൊഴിൽ മാദ്ധ്യമത്തിലൂടെ വിജ്ഞാനം പകർന്നു നല്കുക എന്നതാണു് അടിസ്ഥാന വിദ്യാഭ്യാസത്തിൻെറ ഏററം പ്രധാനപ്പെട്ട സവിശേഷത. സ്ലേററും പുസ്തകവുമായി സ്കൂളിലെത്തി 'തറ', 'പറ' എന്നു് എഴുതിത്തുടങ്ങുകയല്ല ഈ പാഠ്യപദ്ധതിപ്രകാരം ഒരു കുട്ടി ആദ്യമായി ചെയ്യുക. എഴുതുവാൻ പഠിപ്പിക്കുന്നതിനു മുമ്പായി വായിക്കുവാൻ പഠിപ്പിക്കുന്നു. പിന്നീടു് പക്ഷിമൃഗാദികളുടെ പടം വരയ്ക്കുവാൻ പഠിപ്പിക്കും. അതിനു ശേഷമാണു് അക്ഷരങ്ങൾ എഴുതുന്നതിനു തുടങ്ങുക. അപ്പോൾ അവൻെറ കയ്യക്ഷരം ഭംഗിയുള്ളതും വടിവൊത്തതും ആയിരിക്കും.

ഈ പഠന രീതിക്കു് അടിസ്ഥാനമായി നില്ക്കുന്നതു് കൈത്തൊഴിൽ ആണു്. ആദ്യം തന്നെ കുട്ടിയെ ഒരു കൈത്തൊഴിൽ പഠിപ്പിക്കുന്നു. അതു് നൂൽ നൂല്പായിരിക്കണം എന്നാണു് ഗാന്ധിജിയുടെ ആഗ്രഹം. കൈത്തൊഴിൽ അഭ്യസനത്തിനുവേണ്ടി മാത്രമല്ല അവനെ അതു പഠിപ്പിക്കുന്നതു് പ്രത്യുത, അതിലൂടെ അവനു് വിവിധ വിജ്ഞാന ശാഖകൾ—കണക്കു, ഭൂമിശാസ്ത്രവും, ചരിത്രവും എല്ലാം പഠിക്കുന്നതിനു സാധിക്കുന്നു. ഇതു് എങ്ങനെയാണു് സാധിക്കുകയെന്നു് ഉടൻ തന്നെ നാം ചോദിക്കും. അതിനു്, നൂൽ നൂല്പു പഠിപ്പിക്കുവാൻ തുടങ്ങുമ്പോൾ ശരിയായ തക്ലി നിർമ്മാണ രീതികൾ ശാസ്ത്രീയമായിത്തന്നെ കുട്ടികൾക്കു് പറഞ്ഞു കൊടുക്കണം. അതിലൂടെ അവരറിയാതെതന്നെ അവർക്കു ജ്യോമട്രിയിലെ പ്രാഥമിക വിജ്ഞാനം നാം നല്കിക്കഴിഞ്ഞു. പിന്നീടു് നൂൽ നൂല്ക്കുന്നതിനാവശ്യമായ പരുത്തി എവിടെ കൃഷി ചെയ്യുന്നുവെന്നു പറയണം. അതിനുശേഷം അവിടുത്തെ മണ്ണിൻെറ പ്രത്യേകതയും കാലാവസ്ഥയും മററും വിവരിക്കാം. അപ്പോൾ ഭൂമിശാസ്ത്രവിജ്ഞാനവും കുട്ടികൾക്കു സംസിദ്ധമാകും. പിന്നീടു്, നെയ്ത്തു വ്യവസായത്തിൻെറ

www.malankaralibrary.com



മുൻകാല ചരിത്രം—സമുന്നതമായിരുന്ന ഭൂതകാലം—കുട്ടികൾക്ക് പറഞ്ഞു കൊടുക്കണം. വിദേശികളുടെ ആഗമനം, ഇന്ത്യൻ വ്യവസായങ്ങൾക്കും ഇന്ത്യൻ രാഷ്ട്രീയത്തിനുതന്നെയും വന്നു ഭവിച്ച മാററങ്ങൾ, സ്വാതന്ത്ര്യസമരം, അതിന്റെ നേതാക്കൾ എന്നിവരുടെ കാര്യവും കുട്ടികളോട് അനായസകരമായി കഥയുടെ ലാഘവത്തോടെ വിവരിക്കാനാവും. നൂൽ നൂല്പു കഴിയുമ്പോൾ അവ എത്രയുണ്ടെന്ന് അറിയണമെങ്കിൽ കുട്ടികൾ എണ്ണം പഠിക്കണം. അതിനുള്ള ആഗ്രഹം അവരിൽ തനിയെ രൂപം കൊള്ളും. അപ്പോൾ അതു് അവരെ പഠിപ്പിക്കുക എളുപ്പമാണ്, ഇതാണ് അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ മിനിമം പ്ലാൻ.

അടിസ്ഥാന വിദ്യാഭ്യാസം, വിദ്യാഭ്യാസത്തെ സംബന്ധിച്ച നിർവ്വചനവും ലക്ഷ്യവുമായി ഒത്തുപോകുന്നതാണ്. ഗാന്ധിജിയുടെ വീക്ഷണത്തിൽ വിദ്യാഭ്യാസം വ്യക്തിയുടെ സമഗ്രവികസനത്തിനുതകണം. ബുദ്ധിയോടൊപ്പം ശരീരവും ആത്മാവും വളരണം. ഇതിനു കൈത്തൊഴിലധിഷ്ഠിതമായ പഠനപദ്ധതി സഹായകമാണ്. എന്നാൽ പാഠ്യപദ്ധതിയിലെ ഒരു വിഷയമെന്നനിലയിൽ കൈത്തൊഴിലിനെ വീക്ഷിക്കുന്നതു് ശരിയല്ല. ഗാന്ധിജിപറയുന്നു; ''കൈത്തൊഴിലും വിജ്ഞാനാജ്ജനവുമല്ല, പ്രത്യുത കൈത്തൊഴിലിലൂടെയുള്ള വിജ്ഞാനമത്രേ, അടിസ്ഥാന വിദ്യാഭ്യാസം.''[52] ഈ കൈത്തൊഴിൽ മാദ്ധ്യമമാണ് അടിസ്ഥാന വിദ്യാഭ്യാസത്തെ മററു വിദ്യാഭ്യാസപദ്ധതികളിൽ നിന്നെല്ലാം വേർതിരിച്ചു നിർത്തുന്നതു്. അതുവഴി ദൂരവ്യാപകഫലങ്ങൾ ഗാന്ധിജി പ്രതീക്ഷിക്കുന്നുണ്ട്. ആദ്യമായി വിദ്യാഭ്യാസം സ്വയംപര്യാപ്തമാകും. തൊഴിലില്ലായ്മ പ്രശ്നത്തിനു് ചെറിയൊരു പരിഹാരമെങ്കിലും ആകാതിരിക്കില്ല ഈ പദ്ധതി. തൊഴിലിനോടുള്ള വെറുപ്പ് മാററാനും എല്ലാവരേയും തൊഴിൽ ചെയ്യുവാൻ പ്രേരിപ്പിക്കുവാനും ഇതിനു കഴിയും. വിദ്യാരംഭഘട്ടത്തിൽ അമൂർത്തങ്ങളായ ആശയങ്ങളും സംഖ്യകളും മററും ഗ്രഹിക്കുവാൻ കുട്ടികൾക്ക് ബുദ്ധിമുട്ടായിരിക്കും. എന്നാൽ കൈത്തൊഴിൽ മാദ്ധ്യമത്തിലൂടെ പഠനം നടത്തുമ്പോൾ അവർക്ക് പഠനം അനായാസകരവും സുഗ്രാഹ്യവുമാകും. അങ്ങനെ ഇന്ത്യൻ ഗ്രാമീണരുടെ അടിയന്തിരാവശ്യങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം നല്കുവാൻ പര്യാപ്തമാണ് അടിസ്ഥാന വിദ്യാഭ്യാസം.

ഇതിന്റെ മറെറാരു പ്രത്യേകത ഇംഗ്ളീഷിന്റെ അഭാവമാണ്. ബോധനഭാഷ പ്രാദേശിക ഭാഷയായിരിക്കും. അതാണല്ലോ ഓരോരുത്തർക്കും സുപരിചിതമായിട്ടുള്ളതു്. ഇംഗ്ലീഷ് വാക്കുകളുടെ അക്ഷരങ്ങളും ഉച്ചാരണങ്ങളും പഠിച്ചു് സമയം കളയേണ്ട ആവശ്യമില്ല. ഇംഗ്ളീഷ് പഠനത്തിനായി ഓരോ വിദ്യാർത്ഥിയും

52 Gandhi, *Basic Education,* p. 9.

www.malankaralibrary.com



വിലയേറിയ വർഷങ്ങൾ നഷ്ടപ്പെടുത്തുന്നതായി അദ്ദേഹം ആരോപിക്കുന്നു.[53] രാഷ്ട്രപിതാവ് പറയുന്നു: ''കുട്ടികളുടെമേൽ ഇംഗ്ളീഷ് വച്ചുകെട്ടുന്നത് അവരുടെ വളർച്ചയെ തടയുകയാണ്; അവരുടെ കല്പനാശക്തിയെ നശിപ്പിക്കുകയാണ്. ഭാഷാപഠനം പ്രധാനമായും സ്മരണശക്തിയെ വികസിപ്പിക്കാനുള്ള ഒരു പരിശീലനമാണ്. ആരംഭംമുതല്ക്കേ ഇംഗ്ളീഷ് പഠിക്കുന്നത് കുട്ടിക്ക് അനാവശ്യമായ ഒരു ഭാരമായിരിക്കും. മാതൃഭാഷയെ അവഗണിച്ചുകൊണ്ടേ അവനത്തു ചെയ്യാൻ സാധിക്കൂ. ഗ്രാമത്തിലായാലും നഗരത്തിലായാലും കുട്ടിയുടെ വികാസത്തിന്റെ അസ്ഥിവാരം മാതൃഭാഷയാകുന്ന കരിം പാറയായിരിക്കണമെന്നു ഞാൻ കരുതുന്നു. ഇത്ര സ്പഷ്ടമായ ഒരു വസ്തുതയെ തെളിയിക്കേണ്ടിവരുന്നതു് ദുർഭഗയായ ഹിന്ദുസ്ഥാനത്തിൽ മാത്രമാണ്.[54]

അഹിംസാസിദ്ധാന്തത്തിലാണ് അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ അടിത്തറ പാകിയിരിക്കുന്നതു്. സാമുദായിക മത്സരങ്ങളെ ഉൻമൂലനം ചെയ്ത് യഥാർത്ഥമായ സ്വാതന്ത്ര്യത്തോടുകൂടിയുള്ള സ്കൂളിന്റെ പ്രവർത്തനത്തിന് അഹിംസയാണ് പ്രഥമവും പ്രധാനവുമായ മാർഗ്ഗമെന്ന് ഗാന്ധിജി വ്യക്തമാക്കി. ''അതിനു നമ്മുടെ ശക്തി മുഴുവൻ അഹിംസയിൽ കേന്ദ്രീകരിക്കേണ്ടിവരും. ഹിററ്ലറുടേയും മുസ്സോളിനിയുടേയും സ്കൂളുകൾ ഹിംസയെ തങ്ങളുടെ അടിസ്ഥാന സിദ്ധാന്തമായി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ നമ്മുടെ സിദ്ധാന്തം........അഹിംസയാണ്. അതിനാൽ നമുക്ക് എല്ലാ സമസ്യകളേയും അഹിംസാമാർഗ്ഗത്തിലൂടെ പരിഹരിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഗണിതശാസ്ത്രം, നമ്മുടെ ചരിത്രം, നമ്മുടെ വിജ്ഞാനം മുതലായവയെല്ലാം അഹിംസാത്മകമായ ദൃഷ്ടിയോടുകൂടിയാണ് നാം സമീപിക്കുക. ഈ വിഷയങ്ങളിലെ സമസ്യകൾക്ക് അഹിംസയുടെ നിറം നല്കുന്നതാണ്.''[55]

അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ പ്രത്യേക മേന്മകളെക്കുറിച്ചു പറയുന്നിടത്തു് ഗാന്ധിജി ചൂണ്ടിക്കാണിക്കുകയാണ്: ''ഇതുനിമിത്തം കുട്ടികൾക്കുണ്ടാകുന്ന ആത്മവിശ്വാസത്തെപ്പററിയും കാര്യക്ഷമതയെപ്പററിയും ചിന്തിക്കുക. തങ്ങൾ രാഷ്ട്രത്തിന്റെ വരുമാനം വർദ്ധിപ്പിക്കുകയും അസമാനമായ വിതരണത്തിന്റെ പ്രശ്നം പരിഹരിക്കുകയും ചെയ്യുകയാണെന്ന ബോധവും അവരിലുളവാകും. ഇതിന്റെയെല്ലാം പരിണാമം എന്തായിരിക്കും! ഇതൊരു രാഷ്ട്രീയ ഉണർവ്വിലേക്ക് നമ്മെ നയിക്കുകയാണ്.''[56] അങ്ങനെ അടി

53 Gandhi, *To the Students*, p. 102.
54 ഗാന്ധി, അടിസ്ഥാനവിദ്യാഭ്യാസം, p. 172.
55 *Ibid*. p. 110.
56 *Ibid*. pp. 154–55.

www.malankaralibrary.com



സ്ഥാനവിദ്യാഭ്യാസത്തിലൂടെ വിദ്യാർത്ഥികൾ സ്വാശ്രയശീലവും നാടിന് രാഷ്ട്രീയവും സാമ്പത്തികവുമായ പുരോഗതിയും കൈവരിക്കുക സാദ്ധ്യമായിത്തീരുന്നു.

ഈ വിദ്യാഭ്യാസത്തിന്റെ മറെറാരു സവിശേഷത ദേശീയ ഉണർവ്വാണ്. ''അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയിൽ നൂൽനൂല്പും മററു കുടിൽവ്യവസായങ്ങളും തിരഞ്ഞെടുത്തിട്ടുള്ളത് അവയ്ക്ക് ഗ്രാമങ്ങളുടെ ആവശ്യങ്ങൾ പൂർത്തിയാക്കാൻ കഴിയുമെന്നു കരുതിയിട്ടാണ്. അതിനാൽ ഗ്രാമവ്യവസായങ്ങൾ മുഖേന വിദ്യ അഭ്യസിക്കുന്ന കുട്ടികൾ തങ്ങളുടെ അറിവിനെ വീടുകളിലേയ്ക്കു വ്യാപിപ്പിക്കണം. ഇങ്ങനെ നമ്മുടെ ഗ്രാമവ്യവസായങ്ങളെ പുനരുദ്ധരിച്ചാൽ ഗ്രാമീണരുടെ ശരാശരി വരവ് എളുപ്പത്തിൽ ഇരട്ടിപ്പിക്കുവാൻ കഴിയുമെന്ന് നിങ്ങൾക്ക് കാണാം. നിങ്ങൾ ജനങ്ങളുടെ സേവകന്മാരാവുകയും ഈ പദ്ധതിയിൽ ക്രിയാത്മകമായ താല്പര്യം പ്രദർശിപ്പിക്കാൻ തുടങ്ങുകയും ചെയ്താൽ ഇന്നു ജില്ലാബോർഡുകളിൽ കാണുന്ന മിക്ക കലഹങ്ങളും അവസാനിക്കും.''[57]

ഖാദിയ്ക്കുമുണ്ട് അടിസ്ഥാനവിദ്യാഭ്യാസത്തിൽ സ്ഥാനം. എല്ലാവരും ദിവസേന ഒരു മണിക്കൂർ വീതം നൂൽ നൂല്ക്കുന്നതായാൽ ഇന്ത്യയ്ക്കാവശ്യമായ വസ്ത്രം മുഴുവനും ഇവിടെ നിർമ്മിക്കുവാൻ കഴിയുമെന്ന് ഗാന്ധിജി വിശ്വസിച്ചു. അതുകൊണ്ടാണ് അദ്ദേഹം ഖാദിയ്ക്ക് വളരെ പ്രാധാന്യം നല്കിയത്.

ഭാരതത്തിൽ അടിസ്ഥാന വിദ്യാഭ്യാസത്തോടുകൂടി മതപഠനം നടത്തുന്നതിനോട് ഗാന്ധിജിക്ക് വലിയ അഭിപ്രായമില്ലായിരുന്നു. കാരണം, പല മതക്കാരാണല്ലോ ഭാരതത്തിലുള്ളത്. അതുകൊണ്ട് എല്ലാ മതങ്ങൾക്കും പൊതുവായ തത്വങ്ങളും നീതിസംഹിതകളും മാത്രമേ ഗവണ്മെന്റ് ഇത്തരം സ്കൂളുകളിൽ പഠിപ്പിക്കാവൂ.[58]

അടിസ്ഥാന വിദ്യാഭ്യാസം കഴിഞ്ഞു് പാസ്സാകുന്ന കുട്ടികൾക്കു കൊടുക്കേണ്ട സർട്ടിഫിക്കററുകളുടെ കാര്യത്തെപ്പററി ഗാന്ധിജി ഇപ്രകാരം പറഞ്ഞു: ''ആ യോഗ്യതയ്ക്കുപററിയ ഒരു പേജുണ്ടായിരിക്കണം. അത് ചെറുതും കണിശവുമായിരിക്കണം. അല്പം പോലും അതിശയോക്തിയില്ലാതെ യോഗ്യത എന്തെല്ലാമാണെന്ന് സർട്ടിഫിക്കററിൽ ശുദ്ധ ഹിന്ദുസ്ഥാനിയിൽ ശരിയായി എഴുതിയിരിക്കണം....''[59]

ഇത്തരത്തിലുള്ള അടിസ്ഥാന വിദ്യാഭ്യാസം സാക്ഷാത്കരിക്കുവാൻ യോഗ്യതയും കഴിവുകളുമുള്ള അദ്ധ്യാപകരാണ് ആവശ്യ

57 *Ibid.* p. 155
58 *Ibid.* p. 181
59 *Ibid.* p. 181

www.malankaralibrary.com



മെന്ന് ഗാന്ധിജിക്ക് ഉറച്ച ബോദ്ധ്യമുണ്ടായിരുന്നു. അവർ വെറും വേതനഭോഗികളാകാതെ സേവനതല്പരരും, ദേശഭക്തരും, ത്യാഗസമ്പന്നരും, സംസ്കാരചിത്തരും, കൈത്തൊഴിലിൽ പരിശീലനം സിദ്ധിച്ചവരുമായിരിക്കണം. അതുപോലെ രാഷ്ട്രീയ ഗതിവിഗതികളാൽ ആടിയുലയാത്ത വിശ്വാസവും ആത്മധൈര്യവും അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ വിജയത്തിനു് അനിർവാര്യമാണ്. ഗാന്ധിജി പറയുന്നു: ''എല്ലാ കാര്യവും നിങ്ങളുടെ വിശ്വാസത്തേയും ദൃഢനിശ്ചയത്തേയും ആശ്രയിച്ചാണിരിക്കുന്നത്. നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ തീച്ചയായും ഒരു വഴിയുണ്ടാവും. ഇതു് അവശ്യം പ്രവൃത്തിയിൽ കൊണ്ടുവരേണ്ട ഒരു പദ്ധതിയാണെന്നു നിങ്ങൾ മനസ്സിലുറപ്പിക്കുന്നതായാൽ ഏതു വിഷമതയും ദൂരീകരിക്കപ്പെടും, നിങ്ങളുടെ വിശ്വാസം സജീവമായിരിക്കണമെന്നു മാത്രം. അനേകായിരം ആളുകൾ തങ്ങൾക്ക് ഈശ്വരവിശ്വാസമുണ്ടെന്നു പറയുന്നു. പക്ഷേ, ചെറിയ ഒരാപത്തു വരുമ്പോഴേയ്ക്കു് ഭയപ്പെട്ടോടുന്നതായാൽ അവരുടെ വിശ്വാസം കേവലം നിർജ്ജീവമാണ്. സജീവവിശ്വാസമുള്ള ഒരാൾക്ക് തന്റെ പരിപാടി നടപ്പാക്കുന്നതിനാവശ്യമായ അറിവും കുശലതയും ഉണ്ടായിത്തീരുന്നതാണ്.''[60]

## 4 ഉന്നതവിദ്യാഭ്യാസം

രാഷ്ട്രപിതാവു് അടിസ്ഥാന വിദ്യാഭ്യാസത്തിനാണ് ഏററവുമധികം പ്രാധാന്യം കൊടുത്തതെങ്കിലും ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചും അദ്ദേഹത്തിനു് വ്യക്തമായ ധാരണകൾ ഉണ്ടായിരുന്നു. ഗാന്ധിജി ഹരിജനിൽ ഇപ്രകാരം എഴുതി. ''ഞാൻ പ്രാഥമിക വിദ്യാഭ്യാസത്തിന് ഏററവുമധികം പ്രാധാന്യം നല്കുന്നു. എന്റെ അഭിപ്രായത്തിൽ അതു് ഇംഗ്ലീഷ് ഒഴികെ ഇന്നത്തെ മെട്രിക്കുലേഷന തുല്യമായിരിക്കണം....ഞാൻ കോളേജു വിദ്യാഭ്യാസത്തിൽ വിപ്ലവാത്മകമായ പരിവത്തനംവരുത്തുകയും അതിനെ രാഷ്ട്രത്തിന്റെ ആവശ്യകതകളോടു ബന്ധപ്പെടുത്തുകയും ചെയ്യും. മെക്കാനിക്കൽ എഞ്ചിനീയർമാർക്കും മററും ചില ഡിഗ്രികളൊക്കെ ഉണ്ടായിരിക്കും. അവയെ വിഭിന്ന വ്യവസായങ്ങളോട് കൂട്ടിച്ചേർക്കും. തങ്ങൾക്കാവശ്യമായ ബിരുദധാരികളുടെ പരിശീലനത്തിനുവേണ്ട ചിലവു് അതതു സ്ഥാപനങ്ങൾ വഹിക്കണം.......അതുപോലെതന്നെ മില്ലുടമകൾ തങ്ങൾക്കാവശ്യമായ ബിരുദധാരികളെ തയ്യാറാക്കുന്നതിനായി ഒരു കോളേജ് നടത്തുന്നതാണ്. പേരെടുത്തുപറയാവുന്ന മററു വ്യവസായങ്ങളും അങ്ങനെ ചെയ്യുന്നതാണ്. വ്യാപാരികൾക്കും തങ്ങളുടേതായ ഒരു കോളേജ് ഉണ്ടായിരിക്കും. പിന്നെ ബാക്കിയുള്ളതു് ലളിതകലകളും വൈദ്യവും കൃഷിയുമാണ്. ഇന്നു സ്വകാര്യമായി നടത്തുന്ന പല ആർട്ട്സ് കോളേജുകളും സ്വാവലംബികളാ

60 ഹരിജൻ, 20–10–39; അടിസ്ഥാനവിദ്യാഭ്യാസം, p. 157–58

www.malankaralibrary.com



ണ്ട്. അതിനാൽ സ്റ്റേറ്റ് സ്വന്തമായി കോളേജുകൾ നടത്തുന്നത് നിർത്തൽ ചെയ്യും. മെഡിക്കൽകോളേജുകൾ ആസ്പത്രികളോട് കൂട്ടിച്ചേർക്കും. അവയ്ക്ക് കൂടുതൽ പ്രചാരമുള്ളത് ധനികർക്കിടയിലാകയാൽ അവർ നല്ലുന്ന സംഭാവനകൾകൊണ്ട് കോളേജുകൾ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കാം. കാർഷിക കോളേജുകൾക്ക് ആ പേരിനർഹതയുണ്ടാകണമെങ്കിൽ അവ സ്വാവലംബികളാകണം. കാർഷികകോളേജിൽ പഠിച്ച ചില ബിരുദധാരികളുടെ കാര്യത്തിൽ എനിക്കുണ്ടായ അനുഭവം വേദനാജനകമാണ്. അവരുടെ അറിവ് ഉപരിപ്ലവമാണ്. അവർക്ക് പ്രായോഗികമായ അനുഭവമില്ല. എന്നാൽ രാഷ്ട്രത്തിന്റെ ആവശ്യങ്ങളെ പൂർത്തിയാക്കുന്ന സ്വാവലംബികളായ കൃഷിസ്ഥലങ്ങളിൽവച്ച് പരിശീലനം നല്ലുന്നതായാൽ അവിടെ പഠിക്കുന്നവർക്ക് ഉദ്യോഗം കിട്ടിയതിനുശേഷം (തങ്ങളുടെ യജമാനന്മാരുടെ ചിലവിന്മേൽ) അനുഭവം നേടേണ്ടതായി വരില്ല.''61

## 5. വിമർശനങ്ങൾ

ഗാന്ധിജിയുടെ ജീവിതകാലത്തുതന്നെ പലരും ഈ പദ്ധതിയെ എതിർത്തിരുന്നു. ഇന്നാകട്ടെ ഇതിനെ വിസ്മരിച്ചിരിക്കുകയാണ്. പല വിമർശനങ്ങളും ഏകപക്ഷീയവും മുൻവിധിയോടു കൂടിയതും ബാലിശങ്ങളുമായിരുന്നുവെന്ന് അവ വിശകലനം ചെയ്യുമ്പോൾ ബോദ്ധ്യമാകും.

വിമർശകർ പറയുന്നു: പ്രകൃതിവിഭവങ്ങൾ വേണ്ടവിധം ചൂഷണം ചെയ്യാത്തതുകൊണ്ടാണ് ഇന്ത്യ ദരിദ്രയായിരിക്കുന്നത്. ഈ പ്രവൃത്തി ചെയ്യേണ്ടത് ഓരോ രംഗത്തും പ്രത്യേകം വൈദഗ്ദ്ധ്യം സിദ്ധിച്ചവർ ആയിരിക്കണം. കുട്ടികൾ വിദ്യാഭ്യാസമാർഗ്ഗമായി നൂൽനൂൽക്കുമ്പോൾ വലിയ നഷ്ടമുളവാക്കും. അതുപോലെ നൂൽനൂററു ജീവിതം നയിക്കുന്നവർക്ക് അതൊരു പ്രശ്നമായിത്തീരുകയും ചെയ്യും.

നിയമസാധുതയുള്ള ശിശുവേല എന്നാണ് ചിലർ അടിസ്ഥാന വിദ്യാഭ്യാസത്തെ വിളിക്കുക. ചെറുപ്പംമുതലേ കുട്ടികളെക്കൊണ്ടു വേലയെടുപ്പിച്ചാൽ അവരുടെ സർഗ്ഗപ്രതിഭ കൂമ്പടയുവാൻ ഇടയുണ്ട്. ജീവിതപ്രശ്നങ്ങളിൽ നിന്നും വിമുക്തരാക്കി അവരെ വളരുവാൻ അനുവദിക്കുകയാണ് വേണ്ടത്.

കൈത്തൊഴിലിലൂടെ എപ്പോഴും വിജ്ഞാനം പകർന്നുനല്കാമെന്ന കരുതുന്നതു മൗഢ്യമല്ലേ? കുറെ കഴിയുമ്പോൾ കൈത്തൊഴിൽപഠനം വെറും യാന്ത്രികാചരണമായി മാറും. പുസ്തകപഠനം ഇപ്പോഴെന്നപോലെ ഉയർന്നുവരികയും ചെയ്യും.

61 *Ibid*. p. 65–66

www.malankaralibrary.com


വേറെ ചിലക്കുള്ള സംശയം ഗാന്ധിയൻ സിദ്ധാന്തമനുസരിച്ച് സേവനം ചെയ്യുവാൻ സന്നദ്ധരായിട്ടുള്ള അദ്ധ്യാപകരെ നാം എവിടെ നിന്നും കണ്ടെത്തും എന്നുള്ളതാണ്. ഇന്നത്തെ സാഹചര്യത്തിൽ അവരുടെ സംശയം ന്യായപൂർണ്ണമാണ്. കാരണം ഇന്നു പഠിപ്പിക്കുക ഒരു ധർമ്മമല്ല, ജീവിതമാർഗ്ഗം മാത്രമായി തരംതാഴ്ന്നിരിക്കുന്നു.

ഗാന്ധിയൻ സിദ്ധാന്തങ്ങൾക്കു പൊതുവിൽ സംഭവിച്ചതു് വിദ്യാഭ്യാസത്തെ സംബന്ധിച്ചും ഭവിച്ചു എന്നു കരുതിയാൽ മതി. ബ്രിട്ടീഷുകാർ ഉപയോഗിച്ച വിദ്യാഭ്യാസ പദ്ധതിയിൽ നാം കടിച്ചുതൂങ്ങിക്കിടക്കുന്നു. അതിനേക്കാൾ മെച്ചമായി ഒന്നും ഇല്ല എന്നുള്ള വികലമായ ധാരണയിൽ നമ്മുടെ മനസ്സ് കുടുങ്ങിക്കിടക്കുന്നു. അടിമ അവൻെറ അടിമത്തത്തിൽ അഭിമാനം കൊള്ളുവാൻ തുടങ്ങിയാൽ, ജയിൽപുള്ളി കൈവിലങ്ങ് വളയായി കരുതുവാൻ തുടങ്ങിയാൽ അവരുടെ മുക്തി ആയിരം കാതം ദൂരെ മാത്രം.

## 6. വിലയിരുത്തൽ

ഗാന്ധിജി പറഞ്ഞു എന്ന ഏകകാരണം കൊണ്ടു് ഒരു കാര്യത്തിനും അപ്രമാദിത്വം ഉണ്ടെന്നു വരില്ല. വിദ്യാഭ്യാസത്തെപ്പററി ഗാന്ധിജി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അപ്പാടെ സ്വീകാര്യമോ നിഷിദ്ധമോ അല്ല. അതുകൊണ്ടു് നമുക്കു് കരണീയമായിട്ടുള്ളതു് ഒരു അനുരൂപണമാണ്, കൊള്ളാവുന്നവ സ്വീകരിക്കുക, അല്ലാത്തവ തിരസ്കരിക്കുക, അന്ധമായ അനുകരണവും വ്യക്തിപൂജയും നമുക്കാവശ്യമില്ല.

അടിസ്ഥാനവിദ്യാഭ്യാസത്തിൻെറ പ്രായോഗികതയെക്കുറിച്ചു് സംശയിക്കുന്നവർ അതൊന്നു പരീക്ഷിച്ചു നോക്കുകയാണ് വേണ്ടതു്. കൈത്തൊഴിൽ മാദ്ധ്യമത്തിലൂടെയുള്ള ഈ വിദ്യാഭ്യാസപദ്ധതി, വിദ്യാഭ്യാസത്തിൻെറ പ്രാരംഭഘട്ടത്തിൽ കൂടുതൽ വിജയപ്രദമാകുവാൻ സാദ്ധ്യതയുണ്ടു്. പാവകളും കളിക്കോപ്പുകളും വിജ്ഞാനമാദ്ധ്യമങ്ങളായി ഉപയോഗിക്കുന്ന നഴ്സറി സ്കൂളുകളും കിൻഡർ ഗാർട്ടനുകളും ഈ യാഥാർത്ഥ്യമല്ലേ വിളിച്ചറിയിക്കുന്നതു്.

വിദ്യാരംഭത്തോടൊപ്പം ഒരുവൻ ക്രിയാത്മകമായി പ്രവർത്തിക്കുവാൻ പ്രാപ്തനാവുകയും ചെയ്യുന്നുണ്ടു് അടിസ്ഥാനവിദ്യാഭ്യാസത്തിലൂടെ. വിദ്യാഭ്യാസം പൂർത്തിയാകുമ്പോൾ സ്വയം കണ്ടെത്തിയ തൊഴിലിലൂടെ അവനു് പരാശ്രയം കൂടാതെ ജീവിക്കുവാൻ സാധിക്കുകയും ചെയ്യും. അതിലൂടെ നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മക്കു ചെറിയ തോതിലെങ്കിലും പരിഹാരം ഉണ്ടാക്കുവാൻ സാധിക്കും. എന്നാൽ ഇന്നത്തെ വിദ്യാഭ്യാസം വീടിനും നാടിനും കൊള്ളാത്ത കുറെ ബിരുദധാരികളെ പുറത്തുവിടുകയാണ്. എവി

www.malankaralibrary.com



ടെനിന്നു് വന്നുവെന്നോ എന്തുചെയ്യണമെന്നോ ഒന്നും ബോധമില്ലാത്ത ബിരുദധാരിസംഘം വിയക്കാതെ, കൈയിൽ മണ്ണു പററിക്കാതെ നാലും അഞ്ചും അക്കമുള്ള തുക ശമ്പളം വാങ്ങി സുഖമായി ജീവിക്കുവാനുള്ള മാർഗ്ഗമായിട്ടാണു് ഇന്നു് വിദ്യാഭ്യാസത്തെ വീക്ഷിക്കുന്നതു്. അവിടെ തൊഴിലിന്റെ മാഹാത്മ്യത്തെക്കുറിച്ചോ തൊഴിലിന്റെ ആവശ്യകതയെക്കുറിച്ചോ വിദ്യാർത്ഥികൾ ബോധവാന്മാരാകുന്നില്ല. ഫലമോ രൂക്ഷമായ തൊഴിലില്ലായ്മയും ദാരിദ്ര്യവും; ഇവയ്ക്കു് ഗവണ്മെൻറു കാണുന്ന പരിഹാരമോ തൊഴിലില്ലായ്മ വേതനവും. പുണ്ണുരോഗത്തിനു് ഓല ഓതിക്കെട്ടുന്നതിനു്തുല്യമായ നടപടിയാണിതു്. എന്നാൽ അടിസ്ഥാന വിദ്യാഭ്യാസം നിർദ്ദേശിക്കുന്ന കൈത്തൊഴിൽ മാദ്ധ്യമത്തിലൂടെയുള്ള വിദ്യാഭ്യാസം ഉദ്ധൃതപ്രശ്നങ്ങൾക്കു് പരിഹാരമാർഗ്ഗമായിരിക്കുമെന്നതിനു് സംശമില്ല.

അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ മറെറാരു മേന്മ അതു് വ്യക്തിയുടെ സമഗ്രവികസനത്തിൽ ശ്രദ്ധിക്കുന്നു എന്നതാണു്. ഒരുവന്റെ ബൗദ്ധികവും ശാരീരികവും മാനസികവും ആത്മീയവുമായ വികസനമാണതു് ലക്ഷ്യം വയ്ക്കുന്നതു്. അല്ലാതെ വിദ്യാഭ്യാസം എന്നതു് അക്ഷരാഭ്യാസമോ ഇംഗ്ലീഷ്ഭാഷാപഠനമോ മാത്രമല്ല.

സാർവ്വത്രികവിദ്യാഭ്യാസമായിരുന്നു ഗാന്ധിജിയുടെ ലക്ഷ്യം. കുബേരകുചേലഭേദമന്യേ വിദ്യ എല്ലാവർക്കും സിദ്ധിക്കണം. അതു സൗജന്യവും നിർബ്ബന്ധിതവുമായിത്തീർന്നാലെ സാർവ്വത്രികമാവുകയുള്ളുവെന്നു് ഗാന്ധിജി വിശ്വസിച്ചു. ഈ ലക്ഷ്യപ്രാപ്തിക്കു പററിയ മാർഗ്ഗംതന്നെയാണു അടിസ്ഥാനവിദ്യാഭ്യാസം. ഇതിൽ നിന്നെല്ലാം അടിസ്ഥാനവിദ്യാഭ്യാസം അന്യൂനമാണെന്നു് ആരും ധരിക്കേണ്ട. വിദ്യാരംഭഘട്ടത്തിൽ, ഗൃഹാന്തരീക്ഷത്തിൽ നിന്നും വിദ്യാലയത്തിലേക്കു കടന്നുവരുന്ന ഒരു കുട്ടിക്കു വിദ്യ പകന്നു കൊടുക്കുവാൻ കൈത്തൊഴിൽ മാദ്ധ്യമം നല്ലതാണു്. പക്ഷേ, എത്ര നാൾവരെ ഈ മാദ്ധ്യമം ഉപയോഗപ്രദമാണു് എന്ന കാര്യത്തിൽ സംശയമുണ്ടു്. സാമാന്യഗണിതവും ഇന്ത്യൻ ഭൂമിശാസ്ത്രവും ഒക്കെ കൈത്തൊഴിലിലൂടെ പകന്നു നല്കാം. എന്നാൽ ഗണിതശാസ്ത്രത്തിലെ എല്ലാ കാര്യങ്ങളുമോ, പരിണാമസിദ്ധാന്തമോ, ആകർഷണസിദ്ധാന്തമോ, ആപേക്ഷികസിദ്ധാന്തമോ ഒക്കെ കൈത്തൊഴിൽ മാദ്ധ്യമത്തിലൂടെ എങ്ങനെയാണു് മനസ്സിലാക്കുവാൻ കഴിയുക? വിദ്യാഭ്യാസത്തിനു് ആശയപരമായ ഒരു തലമുണ്ടു്. ഈ തലത്തിൽ ഒരുവനെ മുന്നോട്ടു നയിക്കുവാൻ പററിയതല്ല അടിസ്ഥാന വിദ്യാഭ്യാസം. ഗാന്ധിയൻ വിദ്യാഭ്യാസത്തിലൂടെ മുന്നേറിയാൽ തത്ത്വശാസ്ത്രവും സാഹിത്യവും സുകുമാരകലകളും വേണ്ടത്ര പരിപോഷിപ്പിക്കപ്പെടുകയില്ലെന്നു തീർച്ച. അതുകൊണ്ടു് അടി

www.malankaralibrary.com



സ്ഥാനവിദ്യാഭ്യാസം വിദ്യാരംഭത്തിലെ മൂന്നോ നാലോ വർഷങ്ങളിൽ മാത്രം കൈത്തൊഴിൽ മാദ്ധ്യമത്തിനു പ്രാധാന്യം നല്കുക. അതിനുശേഷം കുട്ടികളുടെ മാനസികനിലവാരം ഉയരുന്നതനുസരിച്ച് ആശയാധിഷ്ഠിതമായ പാഠ്യപദ്ധതിക്കു സ്ഥാനം നൽകുക. ഈ അവസരത്തിലും ഓരോരുത്തരും തുടങ്ങിവച്ച കൈത്തൊഴിൽ ഉപേക്ഷിക്കരുത്.

നൂൽനൂൽപ്പിനെ സംബന്ധിച്ച ഗാന്ധിജിയുടെ പിടിവാശിയും എത്രമാത്രം സ്വീകാര്യമാണെന്നു വിലയിരുത്തേണ്ടിയിരിക്കുന്നു. ഓരോ പ്രദേശത്തും, ഓരോ വ്യക്തിക്കും അഭികാമ്യവും അനുയോജ്യവുമായ കൈത്തൊഴിലുകൾ സ്വീകരിക്കുകയല്ലേ ഉത്തമം?

നമ്മുടെ വിദ്യാഭ്യാസപദ്ധതിയിൽനിന്നും ഇംഗ്ലീഷിനെ ഒഴിവാക്കി നിറുത്തുക അത്ര ബുദ്ധിപൂർവ്വകമായിരിക്കുകയില്ല. അതു പോലെ ഉന്നതവിദ്യാഭ്യാസത്തോടും ഗാന്ധിജിയ്ക്കു വലിയ താല്പര്യമില്ല. രാഷ്ട്രത്തിനോ സമൂഹത്തിനോ അത്യാവശ്യമുള്ളിടത്തോളം പേരെ മാത്രം പഠിപ്പിക്കുക എന്നാണദ്ദേഹത്തിന്റെ നിലപാട്. അതു ശരിയല്ല. കാരണം അനുദിനം വിജ്ഞാനം വളർന്നു വികസിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, അടിസ്ഥാനവിദ്യാഭ്യാസത്തിലൂടെ ഒരുവൻ വിജ്ഞാനത്തിലേക്കും ജീവിതത്തിലേക്കും കടന്നുവരുന്നതേയുള്ളു. അതുകൊണ്ട് അവന്റെ സമഗ്രമായ വ്യക്തിത്വവികാസത്തിന് ഉന്നതവിദ്യാഭ്യാസം അത്യാവശ്യം തന്നെ. ഓരോ വ്യക്തിക്കും കഴിവുള്ളിടത്തോളം വളരാനും വികസിക്കുവാനും അവകാശമുണ്ട്.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളെ സംബന്ധിച്ചുള്ള ഗാന്ധിജിയുടെ വീക്ഷണം തികച്ചും സ്വീകാര്യമാണ്. സ്വഭാവരൂപവൽക്കരണവും ജനസേവനവുമാണ് വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യങ്ങൾ എന്നു പറയാം. എന്നാൽ നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസ പദ്ധതിയിലൂടെ നാം ഈ ലക്ഷ്യങ്ങൾ പ്രാപിക്കുന്നുണ്ടോ? കേരളത്തിലെ ക്രിസ്തീയ സമൂഹങ്ങൾ ഈ ചോദ്യത്തിനു പ്രത്യേകമായി മറുപടി പറയേണ്ടതുണ്ട്. കാരണം, വിദ്യാഭ്യാസരംഗത്തെ വൻശക്തികൾ അവരാണ്. ഇന്ന് സേവനമനോഭാവവും സ്വഭാവ രൂപവല്ക്കരണവും മാറി ബിസിനസ് മനസ്ഥിതിയും സ്വജനപക്ഷപാതവും കുറെ ഒക്കെ ഈ പാവനരംഗത്തും കടന്നുകൂടിയിട്ടില്ലേ എന്നു പലരും സംശയിക്കുന്നു. നേട്ടങ്ങൾ നിഷേധിക്കാതെ തന്നെ, മാനുഷികമൂല്യങ്ങളും ക്രൈസ്തവാദർശങ്ങളും വിദ്യാർത്ഥികളിൽ വളർത്തുന്നതിൽ ഇന്നു ക്രൈസ്തവ വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്തു ചെയ്യുന്നു, എത്രകണ്ടു വിജയിക്കുന്നു, എന്നും ചിന്തിക്കേണ്ടതുണ്ട്. സാഹചര്യങ്ങൾ നന്നായി ഉപയോഗിച്ച്, പക്വതയും, വിവേകവും, മൂല്യബോധവുമുള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ

www.malankaralibrary.com


കൂടുതൽ അർപ്പണമനോഭാവത്തോടും, ലക്ഷ്യബോധത്തോടുംകൂടി, ക്രൈസ്തവസമൂഹം നിസ്വാർത്ഥമായി വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കേണ്ടതു് ഇന്നിന്റെ ആവശ്യമാണ്.

## 7. ഉപസംഹാരം

പ്രതിഭാധനനായ ഗാന്ധിജിയുടെ വ്യക്തിപ്രഭാവം അടുത്തറിഞ്ഞവരും കണ്ടെത്തിയവരും തീരെചുരുങ്ങും. അദ്ദേഹത്തിന്റെ വിപ്ലവാശയങ്ങൾ പലതും ഇന്നും വിസ്മരിച്ചിരിക്കുകയാണ്. പലക്കും ഇന്നു് ഗാന്ധിജി പഴഞ്ചനാണ്. രാഷ്ട്രപിതാവിന്റെ ആശയാഭിലാഷങ്ങൾ ഭരണഘടനയുടെ ഒരു അനുബന്ധമെന്നനിലയിൽDirective principles ആയി ചേർത്തിരിക്കുന്നു. നിർബ്ബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം 7വയസ്സിനും 14 വയസ്സിനും ഇടയിലുള്ളവർക്കു നൽകണമെന്നു് അതിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അതു് പ്രായോഗികമാക്കുവാൻ മഹാത്മാവു നിർദ്ദേശിച്ച മാർഗ്ഗത്തെപ്പററി മൗനമവലംബിച്ചിരിക്കുന്നു.

അപ്രായോഗികം എന്ന ലേബലിൽ പലരും ഗാന്ധിയൻ സിദ്ധാന്തങ്ങളെ തള്ളിക്കളയുന്നുണ്ട്. പരീക്ഷിച്ചുനോക്കിയ ശേഷമാണോ അവരിങ്ങനെ പറയുന്നതു്? ഇത്രയേറെ പ്രായോഗികമായ വിദ്യാഭ്യാസപദ്ധതി ഇവിടെ ഉണ്ടായിട്ടും ഇന്നും മോഡലുകൾക്കായി നാം പടിഞ്ഞാറോട്ടു നോക്കി നില്ക്കുകയാണ്. ഇതേ ആശയങ്ങൾ തന്നെ ഒരു പാശ്ചാത്യൻ പറഞ്ഞിരുന്നുവെങ്കിൽ ഒരുപക്ഷെ, അവയെ അംഗീകരിച്ചു നടപ്പാക്കുന്ന ആദ്യരാജ്യം ഭാരതമായിരുന്നേനെ. ഇന്ത്യയിൽ ജനിച്ചു എന്നതാണ് ഗാന്ധിജിയുടെ പരാജയം എന്നു തോന്നിപ്പോകുകയാണ്.

തന്റെ വിദ്യാഭ്യാസപദ്ധതിയേക്കുറിച്ചു് ഗാന്ധിജിക്കു് ഇതേ പറയുവാനുള്ളു: ''ഈ പദ്ധതി അതിന്റെ പൂർണ്ണതയിൽ നടപ്പാക്കുകയും പ്രചരിപ്പിക്കുകയും ചെയ്താൽ അതു് ഇൻഡ്യയിൽ ഒരു നിശബ്ദവിപ്ലവം തന്നെ അഴിച്ചുവിടും. സ്വരാജ് ഒരു യാഥാർത്ഥ്യമായിത്തീരുകയും ചെയ്യും.''[62] അദ്ദേഹം വീണ്ടും പറയുന്നു: ''ഈ പദ്ധതി പരീക്ഷിച്ചുനോക്കി പരാജയപ്പെട്ടാലും രാഷ്ട്രത്തിനു് നഷ്ടമൊന്നും വരാൻപോകുന്നില്ല. ഭാഗികമായിമാത്രം വിജയിച്ചാലും അതൊരു വൻനേട്ടമായിരിക്കും.''[62a] ഇതുതന്നെയാണ് ഗാന്ധിജിക്കു് ഇന്നും പറയുവാനുള്ളതു്. പക്ഷേ ആരു പൂച്ചയ്ക്കു മണികെട്ടും? വേറാരുമല്ല, നാം തന്നെ അതിനു ധൈര്യപൂർവ്വം തയ്യാറാകണം. ഗാന്ധിസം അറിയുകയും അതനുസരിച്ചു് ജീവിക്കുകയും ചെയ്യുന്ന ഒരു തലമുറ ഇവിടെ ഉദയം ചെയ്യണം. അപ്പോൾ മാത്രമേ ശോഭനമായ പുതിയൊരാകാശവും പുതിയൊരു ഭൂമിയും ഇവിടെ സംജാതമാകൂ.

---

62 ഹരിജൻ 30–4–36; *Basic Education,* p. 68.
62a M. K. Gandhi, *My views on Education*, p. 98.

www.malankaralibrary.com



## D. ധാർമ്മികസംസ്കാരം

ജീവജാലങ്ങളിൽ സാംസ്കാരിക ജീവിയായി മനുഷ്യൻ മാത്രമേയുള്ളു. ലോകചരിത്രം സംസ്കാരങ്ങളുടെ വളർച്ചയുടേയും തളർച്ചയുടേയും പരമ്പരയാണെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയുണ്ടാവില്ല. പ്രസിദ്ധങ്ങളായിരുന്ന നിരവധി പുരാതന സംസ്കാരങ്ങളുടെ കഥകൾ ചരിത്രം നമുക്ക് പ്രദാനം ചെയ്യുന്നു. വ്യത്യസ്തങ്ങളായ നിരവധി സംസ്കാരങ്ങളുടെ സമുച്ചയമാണ് ആധുനിക സംസ്കാരം. സംസ്കാരങ്ങൾ വിഭിന്നങ്ങളായതിനാൽ അതിനേക്കുറിച്ചുള്ള നിർവ്വചനങ്ങളും സ്വാഭാവികമായി വിഭിന്നമായിരിക്കും. തലമുറകളിലൂടെ കൈമാറാവുന്ന രീതിയിൽ മനുഷ്യൻ നേടിയെടുത്തിട്ടുള്ള നേട്ടങ്ങളുടെ ആകെത്തുകയാണ് സംസ്കാരം അഥവാ നാഗരികത എന്നു സാമാന്യമായിപ്പറയാം. മനുഷ്യന്റെ നേട്ടങ്ങൾ എന്തൊക്കെയാണ്? ശാസ്ത്രീയ കണ്ടുപിടുത്തങ്ങളും ഭൗതിക പുരോഗതിയും മാത്രമാണോ? ചിലരുടെ അഭിപ്രായത്തിൽ ഭൗതിക സുഖസൗകര്യങ്ങളുടെ തോതനുസരിച്ചാണ് നാഗരികതയുടെ നിലവാരം നിശ്ചയിക്കേണ്ടതു്. അക്കൂട്ടർക്ക് സുഖസമൃദ്ധി സംസ്കാരത്തിന്റെ പര്യായമാണ്. മനുഷ്യനെ വെറും ഭൗതികനായി മാത്രം കാണാൻ തയ്യാറാകാതിരുന്ന ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം സംസ്കാരത്തിന് ഒരു ആന്തരികവശമുണ്ട്. ധാർമ്മിക മനുഷ്യന്റെ സംസ്കാരം അവശ്യം ധാർമ്മികമായേ പററൂ അദ്ദേഹത്തിന്റെ വീക്ഷണത്തിൽ.

സംസ്കാരത്തിനു ഗാന്ധിജി നല്കുന്ന നിർവചനം ശ്രദ്ധേയമാണ്. ''കടമയുടെ മാർഗ്ഗം മനുഷ്യനു് നിർദ്ദേശിച്ചുകൊടുക്കുന്ന പ്രവർത്തനശൈലിയാണ് സംസ്കാരം. കർമ്മാനുഷ്ഠാനവും ധാർമ്മികാനുഷ്ഠാനങ്ങളും ഒന്നു തന്നെയാണ്. സന്മാർഗ്ഗികമായി ജീവിക്കുക എന്നുവച്ചാൽ മനസ്സിനേയും ദുരാശകളെയും നിയന്ത്രിക്കുകയെന്നാണ്. അപ്രകാരം പ്രവർത്തിക്കുമ്പോൾ നാം നമ്മെത്തന്നെ അറിയും. സംസ്കാരം എന്ന ഗുജറാത്തിവാക്കിന്റെ അർത്ഥം നല്ല ജീവിതം എന്നത്രെ.[63] നാഗരികതയെ സംബന്ധിച്ച് ഗാന്ധിജിക്കുള്ള വീക്ഷണം ഇതു വ്യക്തമാക്കുന്നു. ഭൗതികപുരോഗതിയുടെ മാനദണ്ഡമുപയോഗിച്ച് സാംസ്കാരികതയുടെ നിലവാരം അളക്കാൻ ഗാന്ധിജി തയ്യാറായിരുന്നില്ല. സാംസ്കാരിക പുരോഗതി എന്നതുവഴി ഗാന്ധിജി അർത്ഥമാക്കിയതു് കർമ്മബന്ധിതമായ ധാർമ്മികതയുടെ പുരോഗതിയെന്നാണ്.[64] ധാർമ്മികതയിലും സദാചാരത്തിലും വേരുറയ്ക്കാത്ത നാഗരികതകൾ നൈമിഷികം മാത്രമാണെന്നു് റോം, ഗ്രീസ്, ഈജിപ്റ്റ് മുതലായ പുരാതന സംസ്കാരങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് സമർത്ഥി

63 M.K. Gandhi, *Home Rule or Hindu Swaraj*, pp. 48-49.
64 V.P. Varma, *Op.Cit.*, p. 89.

www.malankaralibrary.com



ക്കകയാണദ്ദേഹം.[65] ധാർമ്മിക സദാചാരനിയമങ്ങൾ പാലിക്കാത്ത നാഗരികതകൾ വന്ധ്യവും അവശ്യം നാശോന്മുഖവുമാണ്.[66] ഗാന്ധിജി വിഭാവനം ചെയ്ത യഥാർത്ഥ സംസ്ക്കാരം ഒരു ധാർമ്മിക സംസ്ക്കാരമത്രേ.

## 1. ധാർമ്മികസംസ്ക്കാരത്തിൻെറ അടിസ്ഥാന തത്ത്വങ്ങൾ

സത്യത്തെ പരമയാഥാർത്ഥ്യമായി കണ്ടെത്തുവാനുള്ള ത്വരയാണ് ധാർമ്മികസംസ്കാരത്തിൻെറ തത്ത്വങ്ങളിലൊന്ന്. ഈ ലോകത്തിലെ യാഥാർത്ഥ്യങ്ങൾ നശ്വരങ്ങളാണ്. അവ ശാശ്വതസത്യങ്ങളല്ല. എന്നാൽ സർവ്വതും മായയാണെന്നു പറഞ്ഞ് പുറംതള്ളാൻ ഗാന്ധിജി തയ്യാറല്ല.. പരമസത്യവുമായി താരതമ്യം ചെയ്യുമ്പോൾ അവ നശ്വരമാണെന്ന് നമുക്ക് മനസ്സിലാകും. അതുകൊണ്ട് ഭൗതിക വസ്തുക്കളുടെ സമാർജ്ജനത്തിലൂടെയോ ശാരീരിക സുഖത്തിൻെറ പാരമ്യത്തിലൂടെയോ ഒരു നാഗരികത കെട്ടിപ്പടുക്കുവാൻ നാം തുനിയരുത്. പകരം, നശ്വരമായ അവസ്ഥക്ക് അർഹമായ സ്ഥാനം മാത്രം നല്കിയശേഷം അനശ്വരമായതിലേക്ക് നാം മുന്നേറണം. ആ അനശ്വരസത്യം ദൈവം തന്നെയാണ്.[67]

അനശ്വരസത്യത്തെ നേടുന്നവർ ജീവിതത്തിൽ മിതത്വം പാലിക്കണം. മിതത്വമാണ് ധാർമ്മിക സംസ്കാരത്തിൻെറ മറെറാരുവശം. ഇതുവഴി ഗാന്ധിജി ഉദ്ദേശിച്ചത് ആഡംബരവസ്തുക്കളുടെ പരിവർജ്ജനമാണ്. ഈ തത്ത്വം ഗാന്ധിജി ആവിഷ്ക്കരിക്കുന്നത് അനുഭവമാകുന്ന അദ്ധ്യാപകൻ നല്കുന്ന അറിവിനെ അധികരിച്ചാണ്. അദ്ദേഹത്തിൻെറ ജീവിതം മിതത്വത്തിൻേറയും സരളതയുടേയും പര്യായമായിരുന്നല്ലോ. മനുഷ്യനെ പ്രാകൃതയുഗത്തിലേക്ക് വലിച്ചിഴയ്ക്കാനുള്ള ആഗ്രഹമല്ല, പ്രത്യുത അവൻെറ യഥാർത്ഥക്ഷേമവും മുക്തിയും ആയിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. സംസ്കാരത്തിൻെറ യഥാർത്ഥസ്വഭാവത്തെക്കുറിച്ച് ഗാന്ധിജി ഇപ്രകാരം പറയുന്നു: ''...........അതിൻെറ യഥാർത്ഥ അർത്ഥത്തിൽ സംസ്കാരം എന്ന വാക്കിൻെറ അർത്ഥം ആവശ്യങ്ങളുടെ വർദ്ധനവ് എന്നല്ല; പ്രത്യുത ബോധപൂർവ്വവും ആത്മപ്രേരിതവുമായ ആവശ്യനിയന്ത്രണമാണ്. ഇതിനുമാത്രമേ യഥാർത്ഥസന്തോഷം പ്രദാനം ചെയ്യാനൊക്കൂ. അതോടൊപ്പം അത് സേവനത്തിനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നു.'[68] സുഖജീവിതത്തിനുള്ള സാധനസാമഗ്രികൾ കുന്നുകൂട്ടുന്നതിലുള്ള വ്യഗ്രതയിൽ മനുഷ്യൻ സമാധാനം നശിപ്പിക്കുന്നു. സമൂഹ

---

65 M. K. Gandhi, *Modern Vs Ancient Civilization,* pp. 15–16

66 V. P. Varma, *Op. Cit,* p. 89

67 *Ibid*. p. 50.

68 *Ibid*. p. 90.

www.malankaralibrary.com



ത്തിലെ ബലഹീനന്മാരോടു ചെയ്യുന്ന അപരാധമാണ്, അവയ്ക്കുകൂടി അത്യാവശ്യമുള്ള വസ്തുക്കൾ ന്യൂനപക്ഷംവരുന്ന ധനികർ സംഭരിച്ചു വെയ്ക്കുക എന്നതു്. കൂടാതെ അപരിഗ്രഹത്തിന്റെ ലംഘനവും.

ആവശ്യങ്ങളുടെ നിയന്ത്രണം എന്ന ആശയം അതിരുകടക്കാതെ ഗാന്ധിജി സൂക്ഷിച്ചു. അതിഭൗതികമായവ നേടുവാൻ ഭൗതികമായവ മുഴുവൻ വച്ചൊഴിയണമെന്നോ, ആത്മാവിന്റെ രക്ഷയ്ക്കായി ശരീരത്തെ ഇല്ലായ്മ ചെയ്യണമെന്നോ ഒന്നും അദ്ദേഹം ആവശ്യപ്പെട്ടില്ല. ആത്മീയ ശാരീരികാവശ്യങ്ങൾ എപ്രകാരം കൈകാര്യം ചെയ്യണമെന്ന് ഗാന്ധിജിയിൽ നമുക്ക് കാണുവാൻ സാധിക്കും. ആത്മീയശാരീരികാവശ്യങ്ങളുടെ നിയന്ത്രണവും ന്യായമായ പൂർത്തീകരണവുമാണ് ധാർമ്മിക സംസ്കാരത്തിന്റെ മൂന്നാമത്തെ തത്ത്വം.[69] ഇപ്പോഴത്തെ വിദ്യാഭ്യാസപദ്ധതി ശരീരവികസനത്തിനു വേണ്ടത്ര പരിഗണന നല്കുന്നില്ല എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം. ആരോഗ്യപാലനത്തിനായി പ്രാണായാമവും പ്രകൃതിചികിത്സയും അദ്ദേഹം നിർദ്ദേശിച്ചു.

ഇപ്രകാരമുള്ള ഒരു ധാർമ്മികസംസ്കാരത്തിന്റെ വളർച്ചക്കും നിലനില്പിനും മതത്തിനും മതമൂല്യങ്ങൾക്കും വലിയ സ്ഥാനമുണ്ട്. ഇന്ത്യയുടെ സംസ്കാരം ഏകമായിരിക്കണമെന്ന് ഗാന്ധിജി അഭിലഷിച്ചു. മനുഷ്യർ തമ്മിലുള്ള അന്തരം അകററി സ്ഥിതിസമത്വം സ്ഥാപിക്കപ്പെടണം. വ്യക്തിത്വം ബഹുമാനിക്കപ്പെടണം. സ്ത്രീത്വം ആദരിക്കപ്പെടണം. സാമൂഹ്യതിന്മയായ അയിത്തം അപ്രത്യക്ഷമാകണം. എല്ലാ മതവിശ്വാസങ്ങളും അവയുടെ ആചാരങ്ങളും അംഗീകരിക്കപ്പെടണം.[70] 'അപ്പോൾ സൗഹൃദത്തിന്റെ സംസ്കാരം ഉടലെടുക്കും. വിവിധമതങ്ങളുടെ ജന്മഭൂമിയായ ഭാരതത്തിനു് പാശ്ചാത്യസംസ്കാരത്തിൽ നിന്നു് ഒന്നുംതന്നെ ഉൾക്കൊള്ളുവാനില്ലെന്ന പക്ഷക്കാരനായിരുന്നു ഗാന്ധിജി.[71] ഭൗതികതയെ ആരാധിക്കുന്ന പാശ്ചാത്യസംസ്കാരം സ്വീകരിക്കുകയും, ആന്തരികമൂല്യങ്ങളെ കൈവെടിയുകയും ചെയ്താൽ ബോൾഷെവിസം നമ്മുടെ പുണ്യഭൂമിയിലും പടർന്നുപിടിക്കുമെന്നു് അദ്ദേഹം മുന്നറിയിപ്പു നല്കി.[72]

ഗ്രാമപശ്ചാത്തലമാണു് ധാർമ്മികസംസ്കാരത്തിന്റെ വളർച്ചയ്ക്കു് ഏററം പററിയതെന്നു് ഗാന്ധിജി വിശ്വസിച്ചു. ഗ്രാമീണ കൃഷീവലന്മാർ ജീവിതത്തിൽ മിതത്വം പാലിക്കുന്നു. സത്യത്തിനും, ധാർമ്മികമൂല്യങ്ങൾക്കും അവരുടെ ജീവിതത്തിൽ അദ്വിതീയമായ

69 *Ibid.* pp. 93–94
70 *Ibid.* pp.96—97
71 M. K. Gandhi *Modern Vs Ancient Civilization,* p. 43, f. n. 1
72 *Ibid.* pp. 50–51.

www.malankaralibrary.com



സ്ഥാനമുണ്ട്. മതവിശ്വാസമാകട്ടെ അവരുടെ ജീവിതത്തിന്റെ ഭാഗവും. നമ്മുടെ കാലാവസ്ഥ, ജനസംഖ്യ എന്നിവയുടെ പ്രത്യേകതയും ഗ്രാമീണസംസ്കാരത്തിനനുകൂലമാണ്.[73] പാശ്ചാത്യ നാഗരികത വളർത്തിയെടുക്കുവാനുള്ള ഉദ്യമത്തെ ഗാന്ധിജി അപലപിച്ചു. മാത്രമല്ല, നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഗ്രാമീണസംസ്കാരത്തെ പോഷിപ്പിക്കുവാൻ തന്നാൽ കഴിയുന്നതെല്ലാം അദ്ദേഹം ചെയ്തു.

## 2. പാശ്ചാത്യസംസ്കാരത്തിന്റെ വിമർശകൻ

ധാർമ്മികസംസ്കാരത്തിന്റെ പ്രവാചകനും പ്രചാരകനുമായിരുന്ന ഗാന്ധിജി ഒപ്പം പാശ്ചാത്യ സംസ്കാരത്തിന്റെ നിശിതവിമർശകനുമായിരുന്നു. മദ്ധ്യകാലഘട്ടം നിലനിർത്തിപ്പോന്ന അതിരുകടന്നതും ഏകപക്ഷീയവുമായ ആദ്ധ്യാത്മികതയ്ക്കെതിരായുള്ള പ്രതിപ്രവർത്തനത്തിന് തുടക്കം കുറിച്ചു നവോത്ഥാന കാലഘട്ടം. അതു് നേരേ എതിർദിക്കിലേയ്ക്ക്—ഭൗതിക ദിക്കിലേയ്ക്ക്—അതിരുവിട്ടുപോയി. ജീവിതത്തിന്റെ വിവിധമണ്ഡലങ്ങളിൽനിന്നും ഈശ്വരനെ കുടിയിറക്കി. പകരം ഭൗതികതയെ പ്രതിഷ്ഠിച്ചു പൂജിക്കുവാൻ തുടങ്ങി. ആ ഭൗതികാരാധനയുടെ ആ പ്രകടനമാണ് ഇന്നത്തെ പാശ്ചാത്യസംസ്കാരം. ആ സംസ്കാരത്തെ നഖശിഖാന്തം ഗാന്ധിജി എതിർത്തു.

ശാസ്ത്രവും സാങ്കേതികവിദ്യയും വളർന്നപ്പോൾ ഈശ്വരൻ അന്ധവിശ്വാസമായി മാറി; മതാചാരങ്ങൾ അനാചാരങ്ങളും. ആധുനികർ അവയൊക്കെ നിരസിച്ചു. പക്ഷേ, അവനറിഞ്ഞില്ല വിലപ്പെട്ട പലതും അവനു നഷ്ടപ്പെട്ട കാര്യം. ഈശ്വരവിശ്വാസവും മതജീവിതവും കൈവെടിഞ്ഞ മനുഷ്യന് ധാർമ്മികതയും കൈമോശം വന്നു.....സമ്പത്തു വർദ്ധിക്കുമ്പോൾ ധാർമ്മികത തകരുകയാണെന്ന് വാലസ് എന്ന ശാസ്ത്രജ്ഞൻ രേഖപ്പെടുത്തുന്നു. കുടുംബ ബന്ധങ്ങൾപോലും അതിവേഗം ശിഥിലമായിക്കൊണ്ടിരിക്കുകയാണ്.[74] ധാർമ്മികത്തകർച്ചയുടെ അനന്തരഫലം മനുഷ്യനുണ്ടാകുന്ന വിലയിടിവാണ്. യന്ത്രയുഗസംസ്കാരത്തിൽ മനുഷ്യൻ യന്ത്രത്തിന്റെ ഭാഗമാണ്. സ്വാർത്ഥതയ്ക്കും ചൂഷണത്തിനുമാണവിടെ സ്ഥാനം. ഗാന്ധിജിയുടെ വീക്ഷണത്തിൽ പാശ്ചാത്യസംസ്കാരത്തിന്റെ ജീവസ്രോതസ് ചൂഷണമാണ്. അതുതന്നെയാണതിന്റെ അടിസ്ഥാനവും.[75] സരളതയും, നിഷ്കളങ്കതയും, ധാർമ്മികതയും ഒക്കെ ജീവിതാദർശങ്ങളായി സ്വീകരിച്ചിരുന്ന ഗാന്ധിജിയ്ക്ക് പാശ്ചാത്യ സംസ്കാരത്തെ അംഗീകരിക്കുവാനോ സ്വീകരിക്കുവാനോ സാധി

73 V. P. Varma, *Op. Cit.*, p. 95
74 M. K. Gandhi, *Modern Vs Ancient Civilization*, p. 40
75 *Ibid.* p. 76

www.malankaralibrary.com



ച്ചില്ല. നിർമ്മതത്വവും അധാർമ്മികതയുമെല്ലാം മുഖമുദ്രയായിരുന്ന ആ നാഗരികത പൈശാചികമെന്നുവരെ അദ്ദേഹം വിശേഷിപ്പിച്ചു.[76]

ഒരു ഡാനിഷ് സുഹൃത്ത് ഗാന്ധിജിയ്ക്ക് ഒരു ലേഖനത്തിന്റെ ചില ഭാഗങ്ങൾ അയച്ചുകൊടുത്തു.[77] അതിൽ വിവിധ പാശ്ചാത്യ രാജ്യങ്ങളിലെ ജീവിതരീതിയും പ്രവർത്തനങ്ങളുമെല്ലാം വിശകലനം ചെയ്യുന്നുണ്ട്. പാശ്ചാത്യ സംസ്കാരം പ്രധാനമായും ക്രിസ്തീയ സംസ്കാരമാണെന്നാണല്ലോ കരുതപ്പെടുക. ക്രൈസ്തവജീവിത രീതിയുടെ മാഗ്നാകാർട്ടയായ "ഗിരിഗീത" അനുദിനജീവിതത്തിൽ പകർത്തുന്നതിൽ വന്ന പരാജയമാണ് ഈ രാജ്യങ്ങളിൽക്കാണുന്നത്. പാശ്ചാത്യസംസ്കാരം ഇന്ന് ക്രൈസ്തവവിരുദ്ധമായ ഒന്നായിത്തീർന്നിട്ടുണ്ടെന്ന് ഗാന്ധിജി വ്യക്തമാക്കുന്നുണ്ട്.[78]

## 3. വിലയിരുത്തൽ

ആന്തരികചൈതന്യം ചോർന്നുപൊയ്ക്കൊണ്ടിരിക്കുന്ന ആധുനിക സംസ്ക്കാരങ്ങൾ നാശത്തിന്റെ പാതയിലൂടെയാണ് മുന്നേറുക. കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് വിജയിക്കണമെങ്കിൽ ഇപ്പോഴത്തെ അന്ധമായ മുന്നേററം തടയണം. അല്ലാത്തപക്ഷം നാമാവശേഷമായിത്തീർന്നിട്ടുള്ള പല സംസ്ക്കാരങ്ങളുടേയും പട്ടികയിൽ ആധുനികസംസ്ക്കാരവും അധികം താമസിയാതെ ചെന്നുചേരും. അതിനെതിരായുള്ള മുന്നറിയിപ്പാണ് ഗാന്ധിജി നല്കുന്നത്.

ധാർമ്മിക സംസ്ക്കാരത്തിന്റെ ആവശ്യകതയെക്കുറിച്ച് ഊന്നിപ്പറയുന്ന ഗാന്ധിജി ആധുനികമനുഷ്യന്റെ ജീവിതത്തിന്റെ തന്നെ ഭാഗമായിത്തീർന്നിട്ടുള്ള പലതിനേയും ചോദ്യം ചെയ്യുന്നു. ജീവിതസൗകര്യങ്ങൾ വർദ്ധിക്കുന്നതും, ശാസ്ത്രവും, സാങ്കേതികവിദ്യയും നേട്ടങ്ങൾ കൈവരിക്കുന്നതും മനുഷ്യരാശിയുടെ പുരോഗതിക്കും, ചരിത്രത്തിന്റെ മുന്നോട്ടുള്ള ഗതിക്കും ആവശ്യമാണ്. ലളിതജീവിതശൈലിയുടെ പേരിൽ ആരോഗ്യകരമായ വളർച്ച തടയുന്നത്, അതിനായി യത്നിക്കാതിരിക്കുന്നത്, നന്നല്ല.

പ്രാചീനശിലായുഗത്തിൽ നിന്ന് ശൂന്യാകാശയുഗത്തിലേയ്ക്ക് മനുഷ്യനെ എത്തിക്കുന്നതിൽ ശാസ്ത്രവും, സാങ്കേതികവിദ്യയും വഹിച്ചിട്ടുള്ള പങ്ക് ഒട്ടും അപ്രധാനമല്ല.. അവയുടെ നേട്ടങ്ങൾ മനുഷ്യന്റെ തന്നെ യഥാർത്ഥമായ പുരോഗതിയ്ക്കായിട്ടാണോ, അതോ അപരനെ ചൂഷണം ചെയ്യാനും അടിമപ്പെടുത്തുവാനുമാണോ നാം ഉപയോഗിക്കുന്നത് എന്നതാണ് പ്രധാനപ്പെട്ട സംഗതി. സ്വന്തം കണ്ടുപിടുത്തങ്ങളുടെ മുമ്പിൽ ഭീതിയോടെ നില്ക്കുകയാണിന്നു

76 *Ibid.* p. 5
77 *Ibid.* p. 60-63
78 *Ibid.* p. 84

www.malankaralibrary.com



മനുഷ്യൻ. സ്വന്തം നേട്ടങ്ങൾ മനുഷ്യകുലത്തിന്റെ മുഴുവൻ ക്ഷേമൈശ്വര്യങ്ങൾക്കായി വിനിയോഗിക്കുവാൻ സന്നദ്ധതയുള്ള ഒരു നാഗരികതയാണ് നമുക്കാവശ്യം. ഭൗതികപുരോഗതിയോടൊപ്പം ധാർമ്മികതയും പുരോഗമിക്കുന്നില്ല എന്നതാണ് ഇന്നിന്റെ പ്രശ്നം. ആ പ്രശ്നപരിഹാരത്തിന് ഗാന്ധിജിയുടെ സംഭാവന മററു മനുഷ്യസ്നേഹികളുടേതുപോലെ അമൂല്യമാണ്; ശാശ്വതമാണ്. ''അർദ്ധനഗ്നനായ ആ ഫക്കീറി''ന്റെ 'ഉന്നതചിന്തയും ലളിതജീവിതവും' വ്യക്തികളുടേയും സമൂഹങ്ങളുടേയും ജീവിതനിയമവും, പ്രവർത്തനശൈലിയുമാകുമ്പോൾ മാത്രമെ സംസ്ക്കാരം ധാർമ്മികമാകൂ.

www.malankaralibrary.com

# ധാർമ്മികവീക്ഷണം

## A. വ്യക്തിയും ധാർമ്മികതയും

സദാചാരത്തെയും മതത്തെയും കുറിച്ച് ഗാന്ധിജിക്ക് ഉത്തമവും, വ്യക്തവുമായ ചില കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നു. നിലവിലിരിക്കുന്ന ധാർമ്മികസംഹിതകൾക്ക് നവ്യമായ ഒരുൾക്കാഴ്ചയും അന്തസ്സും പകരുവാൻ പര്യാപ്തമായിരുന്നു അവ. അദ്ദേഹത്തിൻെറ ധാർമ്മികദർശനത്തിൻെറ ഏററവും വലിയ സവിശേഷത അതു് മനുഷ്യദർശനത്തിലും വിശ്വദർശനത്തിലും അധിഷ്ഠിതമായിരുന്നു എന്നതാണ്. മനുഷ്യൻെറ പരമമായലക്ഷ്യം ഈശ്വരസാക്ഷാത്കാരമാണ്. അതിനാൽ വ്യക്തിയുടെ ചലനങ്ങൾ ഈ ലക്ഷ്യത്തെ ഉന്നംവച്ചുള്ളതായിരിക്കണം. വ്യക്തി വ്യാപരിക്കുന്ന എല്ലാ മണ്ഡലങ്ങളിലും — രാഷ്ട്രീയ — മത — സാമൂഹ്യരംഗങ്ങളിൽ ഇതിൻെറ സ്വാധീനം ഒളിഞ്ഞോ തെളിഞ്ഞോ പ്രത്യക്ഷപ്പെടേണ്ടതാണ്. സാമൂഹ്യബന്ധങ്ങളുടെ ശൃംഖലയിൽ വ്യക്തിയും വ്യക്തിയും തമ്മിൽ കണ്ടുമുട്ടുന്നു. മനുഷ്യനിൽ ദൈവത്തെ ദർശിച്ചുകൊണ്ടു് അവിടെ ഉരുത്തിരിയുന്ന ബന്ധങ്ങൾ മനുഷ്യനിലുള്ള ദൈവച്ഛായയെ അവനു് വെളിപ്പെടുത്തുന്നു. തദ്വാര, സഹോദരനെ സേവിക്കുവാനും സ്നേഹിക്കുവാനും അവൻ നിർബന്ധിതനായിത്തീരുന്നു. ഇപ്രകാരമുള്ള സഹോദരസേവനം ദൈവാരാധനതന്നെയാണ്.

മനുഷ്യജീവിതത്തിൻെറയും മതാത്മക ജീവിതത്തിൻെറയും അടിസ്ഥാന ശിലയായി ധാർമ്മികനിയമങ്ങളെ ഗാന്ധിജി വീക്ഷിച്ചു. വ്യക്തിയുടെയും, സമൂഹത്തിൻെറയും അസ്തിത്വവും, ആരോഹണവും ഇതിനെ ആശ്രയിച്ചാണ് സ്ഥിതിചെയ്യുക. ധാർമ്മികജീവിതം മനുഷ്യൻെറ അധമവികാരങ്ങൾക്കും അനാശാസ്യപ്രവണതകൾക്കും കടിഞ്ഞാണിടുകയും നാശക്കുപത്തിൽനിന്നും അവനെ രക്ഷിക്കുകയും ശാന്തിയും ആന്തരികസമാധാനവും അവനു പ്രദാനം ചെയ്യുകയും ചെയ്യുന്നു.

മനുഷ്യചരിത്രത്തോളം തന്നെ പ്രാചീനമാണ് ധർമ്മശാസ്ത്രവും. മനുഷ്യജീവിതത്തിൻെറ വികാസപരിണാമങ്ങൾക്കൊപ്പം ധാർമ്മികതയും സമൂഹത്തിൽ വളർന്നുവന്നുവെന്നു് ഗാന്ധിജിസമർത്ഥിക്കുന്നു. ഓരോ വ്യക്തിയും ചരിത്രത്തിലൂടെ കടന്നുവന്നു് സ്വയം തന്നെത്തന്നെ മനസ്സിലാക്കുകയും അപഭ്രംശങ്ങളെ അടിവേ

www.malankaralibrary.com



രോടെ പിഴതുകളയുകയും ചെയ്താൽ മാത്രമേ അവനിൽ ധാർമ്മിക മനുഷ്യൻ രൂപം പ്രാപിക്കൂ. മനുഷ്യൻ തന്റെ നിയതമായ ഉൺമയിൽ നിന്നും (Being)അനന്തവും പരിപൂർണ്ണവും ആയതിലേക്ക് വളരണമെങ്കിൽ ധാർമ്മികനിയമങ്ങളെ സ്വാംശീകരിച്ച് ജീവിക്കേണ്ടിയിരിക്കുന്നു.

## 1. ധാർമ്മികതയുടെ സ്രോതസ്സ്

ധാർമ്മികനിയമം മനുഷ്യനിർമ്മിതമല്ല. മറിച്ച് അതു മാററമില്ലാത്തതും പരമവുമായ ഒരു തത്വമാണെന്നാണ് ഗാന്ധിജിയുടെ അഭിമതം. അതുകൊണ്ട് ധാർമ്മിക നിയമങ്ങളെല്ലാം മാററമില്ലാത്തവയാണെന്നും നിത്യം നിലനില്ക്കുന്നവയാണെന്നും അദ്ദേഹം വാദിക്കുന്നു. ഒരു വ്യക്തി അറിവില്ലായ്മകൊണ്ട് തിന്മയെ നന്മയായി മനസ്സിലാക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നുവരാം. എന്നാൽ ഇതു് ധാർമ്മികനിയമത്തെ ഒരുതരത്തിലും ബാധിക്കുകയില്ല. അതു് നിത്യസത്യമായി നിലകൊള്ളുന്നു.

ധാർമ്മിക നിയമങ്ങരം വ്യക്തിയുടേയോ, രാഷ്ട്രത്തിന്റേയോ സൃഷ്ടിയല്ല. അങ്ങനെയായിരുന്നെങ്കിൽ ധാർമ്മിക നിയമങ്ങരംക്ക് അവയുടെ സാവർത്രിക സ്വഭാവമോ നിത്യത്വമോ ഉണ്ടാകുമായിരുന്നില്ല. അവ മനുഷ്യന്റെ നിയന്ത്രണങ്ങരംക്ക് അധീനമായിരുന്നേനേ. ആകയാൽ ധാർമ്മിക നിയമം ദൈവാവിഷ്കൃതവും, നിത്യവും പരമവുമാണെന്ന് അദ്ദേഹം സിദ്ധാന്തിക്കുന്നു.

ധാർമ്മികതയെ സംബന്ധിച്ചുള്ള നിയമങ്ങരം ദൈവികവും പരമവും ആണെന്ന് പറയുന്നതിന്റെ അർത്ഥം വ്യക്തമാണ്. ദൈവികമായതെന്തും ദൈവത്തിൽനിന്നും വന്നു എന്ന സത്യം സാമാന്യബുദ്ധിക്ക് നിരക്കുന്നതാണ്. ഗാന്ധിജി പറയുന്നു. "ധാർമ്മിക നിയമങ്ങരം ദൈവത്തിൽ നിന്നും വരുന്നവയാണ്. ദൈവത്തെ ഒരു വ്യക്തിയായി കാണാതെ തത്വമായി കാണുന്ന ഗാന്ധിജി ഒരു പടി കൂടി കടന്ന് പലപ്പോഴും ധാർമ്മിക നിയമത്തേയും ദൈവത്തേയും ഒന്നായി കാണുന്നു: ദൈവം സത്യവും, സ്നേഹവും ധാർമ്മിക ശാസ്ത്രവും, ധാർമ്മികതയും നിർഭയത്വവും, ജീവന്റേയും, പ്രകാശത്തിന്റേയും ഉറവിടവുമാണ്. എങ്കിലും അവിടുന്ന് ഇവയെല്ലാം അതീതനാണ്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ നിയമവും, നിയമദാതാവും വ്യത്യസ്തങ്ങളല്ല, ഒന്നുതന്നെയാണ്. അലംഘ്യവും, അനശ്വരവുമായ ധാർമ്മികനിയമങ്ങരം വ്യക്തി ജീവിതത്തിന്റെ വിവിധ മേഖലകളിലേയ്ക്ക് ദൈവം നിവേശിപ്പിച്ചിരിക്കുകയാണ്. വ്യക്തിബന്ധങ്ങളുടെ ബാഹ്യ—ആന്തരികതകളുടെ നിയാമകശക്തിയായി അതു് പ്രവർത്തിക്കുകയും, പ്രതിപ്രവർത്തിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

# III

# ധാർമ്മികവീക്ഷണം

www.malankaralibrary.com



## 2. ധാർമ്മികപ്രവൃത്തി

ഒരു നല്ല മാനുഷികപ്രവൃത്തിയാണ് (human act) ധാർമ്മിക പ്രവൃത്തിയെന്നു് (moral act) നമുക്കു് സാമാന്യമായി വിവക്ഷിക്കാം. ഒരു വ്യക്തി പൂർണ്ണമായ അറിവോടും, സമ്മതത്തോടും സ്വാതന്ത്ര്യമായി ചെയ്യുന്ന പ്രവൃത്തിയാണ് യഥാർത്ഥത്തിൽ മാനുഷികപ്രവൃത്തി. ഇവിടെ വ്യക്തിസ്വാതന്ത്ര്യത്തിനും ഉത്തരവാദിത്വത്തിനും പ്രാധാന്യം കല്പിച്ചിരിക്കുന്നു. ഏതാണ്ട് ഇതേ ആശയം തന്നെയാണ് ധാർമ്മികപ്രവൃത്തിയെക്കുറിച്ച് ഗാന്ധിജിക്കുള്ളതു്.

ഗാന്ധിജിയുടെ വീക്ഷണത്തിൽ ധാർമ്മികപ്രവൃത്തി എന്നതു് ഓരോ മനുഷ്യൻേറയും പൂർണ്ണമായ അറിവിൽനിന്നും ഉരുത്തിരിയുന്ന ഉത്തരവാദിത്വപൂർണ്ണമായ ഒരു ക്രിയയാണ്. യാന്ത്രികമായ പ്രവൃത്തികൾ ധാർമ്മികമോ, അധാർമ്മികമോ അല്ല. എന്നാൽ ഒരു പ്രത്യേകരീതിയിൽ പ്രവർത്തിക്കുന്നതാണ് നല്ലതു് എന്നു് കരുതി പ്രവർത്തിച്ചാൽ അതു് ധാർമ്മികമാകും. നാം ദിവസവും ചെയ്യുന്ന പ്രവൃത്തികളിൽ സിംഹഭാഗവും ധാർമ്മികേതരമാണെന്നാണ് ഗാന്ധിജിയുടെ അഭിമതം. എന്താണ് ചെയ്യുന്നതു് എന്ന അവബോധമോ, എന്തിനാണ് ചെയ്യുന്നതു് എന്ന ബോദ്ധ്യമോ ഇല്ലാതെയാണ് പലരും അനിർവാര്യമായ അനുദിനകാര്യങ്ങളിൽ ഏർപ്പെടുക. പ്രത്യക്ഷത്തിൽ നല്ലതെന്നു തോന്നുന്ന മാനുഷിക പ്രവൃത്തികൾ ധാർമ്മികമാകണമെന്നില്ല. ഇവിടെ ഉദ്ദേശശുദ്ധികൂടി ഉണ്ടാകണം. ആദർശങ്ങളുടെ സാക്ഷാത്ക്കാരമായിരിക്കണം പ്രവൃത്തിയുടെ പരമോന്നതലക്ഷ്യം.

ഇനിയും, നല്ല ഉദ്ദേശം ഒന്നുകൊണ്ടുമാത്രം പ്രവൃത്തി ധാർമ്മികമാകുന്നില്ല. അതു് ആന്തരികവും ബാഹ്യവുമായ സമ്മർദ്ദങ്ങളിൽ നിന്നു് വിമുക്തമായിരിക്കണം. ഭയം കൊണ്ടോ സമ്മർദ്ദം കൊണ്ടോ ചെയ്യുന്ന പ്രവൃത്തികൾ ധാർമ്മികേതരമായി നിലകൊള്ളും. ഫാക്ടറിയുടമ സമരഭീതികൊണ്ട് ശമ്പളം വർദ്ധിപ്പിച്ചുകൊടുത്താൽ അതു് ധാർമ്മികേതരമായ പ്രവൃത്തിയാണ്. എന്നാൽ തൊഴിലാളികളുടെ ജീവിതനിലവാരം ഉയരണം എന്ന ഉദ്ദേശത്തോടെ വേതനം വർദ്ധിപ്പിച്ചാൽ അതു് ശ്രേഷ്ഠമായ ഒരു ധാർമ്മികപ്രവൃത്തി ആയിമാറും.

ഭയത്തിൽ നിന്നും ബാഹ്യസമ്മർദ്ദത്തിൽനിന്നും സ്വതന്ത്രമായിരിക്കണമെന്നതുപോലെതന്നെ പ്രവൃത്തി ഫലേച്ഛയിൽ നിന്നും, സ്വാർത്ഥതയിൽനിന്നും വിമുക്തമായിരിക്കണം. ഒരു പ്രവൃത്തിയുടെ ധാർമ്മികതയുടെ മാനദണ്ഡം അതിൽ നിന്നും നിഷ്ക്രമിക്കുന്ന ഫലമല്ല. ഫലദാതാവ് ദൈവമാണ്. ഒരു വ്യക്തിയുടെ

www.malankaralibrary.com



കടമ ചെയ്യേണ്ടതു് നന്നായി ചെയ്യുകയാണു്. നിസ്വാർത്ഥമായ നിഷ്കാമമായ, കർമ്മനിർവ്വഹണത്തിലൂടെ ഒരുവൻ മുക്തിയിലേക്കടുക്കുന്നു.

## 3. മനസ്സാക്ഷി

ഗാന്ധിജിയുടെ ധർമ്മശാസ്ത്രവീക്ഷണത്തിൽ നിയമവും നിയമദാതാവും ഒന്നു തന്നെയാണു് എന്നു് നാം കണ്ടു. പ്രസ്തുതനിയമം മനുഷ്യജീവിതത്തിലേയ്ക്കു് എങ്ങനെയാണു് കടന്നുവരുന്നതെന്നു് പരിശോധിക്കുക യുക്തിസഹമാണു്. മനസ്സാക്ഷിയുടെ സ്വരമാണു് ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അവനു ലഭിച്ചിരിക്കുന്ന ധാർമ്മികനിയമം എന്നാണു് ഗാന്ധിജിയുടെ അഭിപ്രായം. മനസ്സാക്ഷിയുടെനിയമം (Law of Conscience) നമ്മുടെ സത്തയുടെ തന്നെ നിയമം ആണെന്നാണു് ഗാന്ധിജിയുടെ അഭിമതം. ശരിയായ നിയമവും അതനുസരിച്ചുള്ള പ്രവർത്തനപഥവും മനുഷ്യവ്യക്തിക്കു് സംലബ്ധമാകണമെങ്കിൽ ക്രമപ്രവർദ്ധകമായ ധാർമ്മികശുചീകരണം മനുഷ്യവ്യക്തിയിൽ സംഭവിച്ചുകൊണ്ടിരിക്കണം.[1] എന്തു ത്യാഗം സഹിച്ചും മനസ്സാക്ഷിയുടെ ആമന്ത്രണം ഉപജീവിച്ചു് ജീവിതം ക്രമപ്പെടുത്താമെന്നു് അദ്ദേഹം പറയുന്നു. ചിലപ്പോൾ നാടും വീടും ഉപേക്ഷിക്കേണ്ടിവരും. മററു ചിലപ്പോൾ ബാഷ്പാകുലരാകേണ്ടിവരും. ഈ ആന്തരികചോദനയെ അദ്ധ്യവസ്യാനം ചെയ്യുക ശ്രമകരമാണു്. എന്നിരുന്നാലും ഇതിന്റെ പ്രേരകശക്തി എല്ലാവരിലും വ്യക്തമാണു്. ദൈവവും, നിയതമായ രീതിയിൽ വളർത്തിയെടുത്ത മനസ്സാക്ഷിയും ഒരേനാണയത്തിന്റെ ഇരുപുറങ്ങളായിട്ടാണു് ഗാന്ധിജി മനസ്സിലാക്കുന്നതു്. ദൈവത്തിന്റെ സ്വരം പ്രതിധ്വനിക്കുന്നു. ശുദ്ധമായ മനഃസ്സാക്ഷിയിൽ മനഃസ്സാക്ഷിയുടെ സ്വരം ദൈവത്തിന്റെ സ്വരം തന്നെയാണു്. ദൈവത്തെ ഒരു തത്ത്വമായി മാത്രം മനസ്സിലാക്കിയ ഗാന്ധിജിയ്ക്കു് ഇതു വളരെ എളുപ്പമായിരുന്നു. ശരിയായ ശിക്ഷണത്തിൽ വളരാത്ത മനസ്സാക്ഷിയുടെ സ്വരം പിശാചിന്റെ സ്വരമാണെന്നു് ഗാന്ധിജി പറയുന്നുണ്ടു്. ദൈവത്തിന്റെ സ്വരവും സാത്താന്റെ സ്വരവും വിവേചിച്ചറിയുവാൻ ബുദ്ധിമുട്ടു് നേരിടുമ്പോൾ ഏററം വിനീതരായി—ശുദ്ധമനസ്സരായി—പ്രാർത്ഥനയിൽ മുഴുകുവാൻ ഗാന്ധിജി തന്റെ അനുയായികളെ ഉപദേശിച്ചിരുന്നു.

നിയമങ്ങൾകൊണ്ടു് മെനഞ്ഞെടുത്ത ചട്ടക്കൂടിനുള്ളിൽ കഴിയുന്ന വ്യക്തികൾക്കു് സ്വതന്ത്രമായി ചിന്തിക്കുവാനും അവരുടെ ആത്മാവബോധത്തിൽനിന്നു് ഉയർന്നുവരുന്ന ആന്തരികസ്വരം അനുസരിച്ചു് ജീവിക്കുവാനും പ്രവർത്തിക്കുവാനുമുള്ള തന്മയത്വം നഷ്ടപ്പെടുന്നു. ഈദൃശവ്യക്തികളുടെ ആന്തരികചേതനയും അതിനെ പ്രചോ

1. V. P. Varma, *Op. Cit*, p. 84.

www.malankaralibrary.com



ദിപ്പിക്കേണ്ട അതിസ്വാഭാവിക ദൈവികചേതനയും തമ്മിൽ യഥാർത്ഥത്തിൽ ബന്ധമററിരിക്കുകയാണ്. ലോക മതനേതാക്കളാരും സ്വന്തം മനഃസാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കുവാൻ ആരേയും ഉപദേശിച്ചിരുന്നില്ല. അന്ധരായ മതാവലംബികളുടെ അന്തഃചേതനയെ ഉണർത്തുവാൻ ഗാന്ധിജിയുടെ ദർശനധാര സ്വാധീനം ചെലുത്തുമെന്നതു് തർക്കമററ വസ്തുതയാണ്. മനഃസാക്ഷിയെ സംബന്ധിച്ചുള്ള ഗാന്ധിജിയുടെ താത്വികവീക്ഷണങ്ങളോട്ട് നീതിപുലർത്തുന്ന ഒന്നായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ഒരു മതത്തിന്റേയും തത്വസംഹിതകളെ അന്ധമായി സ്വീകരിക്കാതെതന്നെ ഉത്തമമായ ധാർമ്മികജീവിതം നയിക്കുവാൻ അദ്ദേഹത്തിനു് സാധിച്ചു. സ്വന്തം മനഃസാക്ഷിയോട്ട് അദ്ദേഹത്തിനുണ്ടായിരുന്ന തുറന്നതും, നിസ്വാർത്ഥവുമായ ബഹുമാനവും, സമീപനവുമാണ് അദ്ദേഹത്തെ ഇതിനു പ്രാപ്തനാക്കിയതു്. മതം ഏതായാലും അതിന്റെ അടിസ്ഥാനമൂല്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ടും, മററു മതങ്ങളിലെ മൂല്യങ്ങളെ അംഗീകരിച്ചും സ്വാംശീകരിച്ചും അവനവന്റെ മനഃസാക്ഷിക്കനുസരിച്ച് ജീവിക്കുന്നതിലാണ് മതജീവിതത്തിന്റെ കാതൽ അടങ്ങിയിരിക്കുന്നതു്. മതവിദ്യാഭ്യാസം വെറും ബുദ്ധിവികസന ഉപാധിയായി അധഃപതിക്കാതെ വ്യക്തിയുടെ സർവ്വതോമുഖമായ അഭ്യുന്നതി ലക്ഷ്യം വച്ചുകൊണ്ടുള്ളതായിരിക്കണം. ഇതിന്റെ വെളിച്ചത്തിൽവേണം ഇന്നു് നിലവിലുള്ള മതവിദ്യാഭ്യാസ പരിപാടികളെ വിലയിരുത്തുവാൻ. നിർമ്മലവും സന്തുലിതവുമായ മനഃസാക്ഷിയുള്ള വ്യക്തികളെ വാർത്തെടുക്കുന്നതനുസരിച്ചായിരിക്കും ഭാവിസമൂഹത്തിന്റെ മേന്മയും പുരോഗതിയും.

## 4. ധാർമ്മികമതം

ഒരു പ്രായോഗികവാദിയായ ഗാന്ധിജി മതത്തിന്റെ അതിസ്വാഭാവികവും ദൈവശാസ്ത്രപരവുമായ തലങ്ങളെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുവാൻ അധികം ശ്രമിച്ചിട്ടില്ല. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം മതവും ധാർമ്മികതയും പരസ്പര പൂരകങ്ങളാണ്. ഒന്നു് മററതിനെ പുഷ്ടീകരിക്കുകയും, പവിത്രീകരിക്കുകയും ചെയ്യുന്നു. വ്യക്തികളെ അവരുടെ പ്രവർത്തനങ്ങളുടെ വെളിച്ചത്തിൽ മതാനുയായി ആയി കാണുവാൻ അദ്ദേഹം ശ്രമിച്ചു. മതത്തിന്റെ അന്തസത്തയും അന്തർധാരയും ധാർമ്മികതയാണ്. ധാർമ്മികത ഒരു വ്യക്തിയിൽ അവതരിക്കുമ്പോഴാണ് അതു് മതമായി.

യുക്തിസഹവും ധാർമ്മികവുമല്ലാത്ത ഒരു മതത്തേയും അദ്ദേഹം അംഗീകരിച്ചിരുന്നില്ല. ധാർമ്മികത ഇല്ലാത്ത ഒരു വ്യക്തി മതാനുയായി ആണ് എന്നുപറയുന്നതിൽ അർത്ഥമില്ല. അനാസക്തിയിൽ രൂഢമൂലമായ കർമ്മയോഗമാണ് ഗാന്ധിയൻ ധാർമ്മികമതത്തിന്റെ സാരാംശം. ധാർമ്മികതയില്ലാത്ത മതം 'മണലിൽ

www.malankaralibrary.com



പണിത ഭവനം' പോലെയാണ്. ഒരു വ്യക്തിയുടെ ജീവിതാന്തസ്സും സാഹചര്യങ്ങളും ആവശ്യപ്പെടുന്ന കടമകൾ സ്വമനസ്സാലെ സ്വീകരിക്കുകയും അവയെ പൂർത്തീകരിക്കുകയുംചെയ്യുക എന്നതാണ് 'കർമ്മയോഗം' കൊണ്ട് ഗാന്ധിജി മനസ്സിലാക്കിയിരുന്നത്. ഗീതയുടെ പശ്ചാത്തലത്തിൽ മോക്ഷപ്രാപ്തിക്കുള്ള മാർഗ്ഗം കർമ്മയോഗമാണ്. അതായത് ഫലേച്ഛകൂടാതെയുള്ള ധർമ്മാനുഷ്ഠാനം; നിഷ്കാമ കർമ്മം. കർമ്മയോഗം വ്യക്തികളിൽ ക്രമേണ ഒരുതരം അലൗകികമായ ആദ്ധ്യാത്മിക അവബോധം സൃഷ്ടിക്കുവാൻ സഹായിക്കുന്നു. ഗീത ആവിഷ്കരിച്ചിരിക്കുന്ന കർമ്മയോഗിയെ ഗാന്ധിജി തൻെറ ജീവിതത്തിൽ അവതരിപ്പിച്ചു എന്നതാണു പ്രായോഗിക ധർമ്മശാസ്ത്രത്തിനു് അദ്ദേഹം നല്കിയ സംഭാവന. ഗാന്ധിജിയുടെ വീക്ഷണത്തിൽ, ഒരർത്ഥത്തിൽ, സത്യാന്വേഷികളായ അജ്ഞേയവാദികളും (agnostics) നിരീശ്വര വാദികളും (atheists) മതാനുയായികളാണ്. സത്യാന്വേഷികളായ അവർ യഥാർത്ഥത്തിൽ ദൈവാന്വേഷികളാണ്; സത്യം ദൈവമാണ്. സദാചാരികളായ അവർ ധാർമ്മികനിയമം അംഗീകരിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നതിനാൽ മതാനുയായികളാണ്. ധാർമ്മികതയ്ക്കു് പ്രാധാന്യം കൊടുത്തതിനാലാണ് ഗാന്ധിജിയുടെ മതദർശനത്തെ ധാർമ്മികമതം എന്നു് വിവക്ഷിക്കുക.

യുക്തിക്കു നിരക്കാത്ത ഈശ്വരദർശനങ്ങളും മതാനുഷ്ഠാനങ്ങളും പരിത്യജിക്കുകയും അതേസമയംതന്നെ ധാർമ്മിക ജീവിതം നയിക്കുകയും ചെയ്യുന്നവർ യഥാർത്ഥത്തിൽ മതാനുയായികളാണ്. ഒരു മതത്തിൻെറ ജയാപജയങ്ങൾ അടങ്ങിയിരിക്കുന്നതു് പ്രസ്തുതമതം ഉൾക്കൊള്ളുന്ന ധാർമ്മിക മൂല്യങ്ങൾ ആ മതത്തിൻെറ അനുയായികൾ എങ്ങനെ പ്രാവർത്തികമാക്കുന്നു എന്നതിലാണ്. ഗാന്ധിജിയുടെ അഭിപ്രായത്തിൽ യഥാർത്ഥ ധാർമ്മികത മതത്തിൻെറ ഏറിയ ഭാഗവും ഉൾക്കൊള്ളുന്നു. ധാർമ്മികതയ്ക്കുവേണ്ടി ധാർമ്മികതയെ യാതൊരു സ്വാർത്ഥലക്ഷ്യവുമില്ലാതെ ആചരിക്കുന്ന ഒരുവനെ മതാത്മക ജീവിതം നയിക്കുന്നവൻ എന്നു വിളിക്കാം. അല്പംകൂടെ വ്യക്തമായി പറഞ്ഞാൽ യഥാർത്ഥ ധാർമ്മികത യഥാർത്ഥമതത്തെ ഉൾക്കൊള്ളുന്നു. മതമില്ലാതെ ധർമ്മം ആചരിക്കുവാൻ സാദ്ധ്യമല്ല. അതായതു് ധാർമ്മികത ഒരു മതമായി ആചരിക്കപ്പെടണം.

ഗാന്ധിജിക്കു് മതത്തെക്കുറിച്ചും ധാർമ്മികതയെക്കുറിച്ചും ഉണ്ടായിരുന്ന ആശയങ്ങൾ മാംസം ധരിച്ചതായിരുന്നു അദ്ദേഹത്തിൻെറ ജീവിതം. പ്രസ്തുത ജീവിതത്തിൽ നിന്നുമാത്രമേ മേൽ വിവരിച്ച ആശയങ്ങൾ നമുക്കു് ശരിക്കു് മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. മനുഷ്യൻ ആദർശത്തിൻെറ പടയാളിയായിരിക്കണമെന്നു് വിശ്വസിച്ച ഗാന്ധിജി താൻ സ്വന്തമാക്കിയ ആദർശങ്ങൾക്കുവേ

www.malankaralibrary.com



ങ്ങി പടപൊരുതി ജീവൻ ഹോമിച്ച യോഗിവര്യനാണ്. മത ങ്ങൾ പ്രദാനം ചെയ്യുന്ന മഹനീയാദർശങ്ങൾക്കുവേണ്ടി ജീവിക്കു കയും, വേണ്ടിവന്നാൽ ജീവൻ ഹോമിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ മതജീവിതം നയിക്കുന്നവൻ. മററുവിധത്തിൽ പറ ഞ്ഞാൽ ജീവിതം ജീവിക്കുന്ന ഒരു മതമായി മാറണം—ധാർമ്മികത യായിമാറണം.

ഈ ആശയമനുസരിച്ച് ജീവിതത്തിന്റെ ഒരു ഭാഗവും നമു ക്ക് മതത്തിൽനിന്നോ ധാർമ്മികതയിൽനിന്നോ മാററി നിറുത്തു വാൻ സാധ്യമല്ല. വ്യാപാരമായാലും കൃഷിയായാലും രാഷ്ട്രീയ മായാലും മറെറന്തുതന്നെ ആയാലും ജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്നതിനാൽ അവയെല്ലാം ധാർമ്മികാത്മകമതത്തിന്റെ അ തിർത്തിയിൽ പെടും. അതുകൊണ്ടാണ് ഗാന്ധിജിയ്ക്ക് രാഷ്ട്രീയ രം ഗത്തു് ഒരു കർമ്മയോഗിയായി പരിലസിക്കുവാനും രാഷ്ട്രീയത്തെ ധാർമ്മികവും മതാത്മകവുമായി കാണുവാനും സാധിച്ചതു്. രാഷ്ട്രീ യം വെറും അവസരവാദവും, കച്ചവടവുമായി അധഃപതിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ഗാന്ധിയേപ്പോലുള്ള രാഷ്ട്രീയ യോഗികളെ യാണ് നമ്മുടെ നാടിനാവശ്യം.

ജീവിതം ഒരു മതമായി മാറണം എന്നതു് എല്ലാവരെ സം ബന്ധിച്ചും പ്രസക്തമാണ്. അംഗസംഖ്യയിൽ ലോകത്തിലെ ഏററവും വലിയ മതങ്ങളിലൊന്നായ ക്രിസ്തുമതത്തെ സംബന്ധി ച്ചിടത്തോളം ആദർശങ്ങളുടെ കാര്യത്തിൽ മുന്നിലാണ്. യേശുവി ന്റെ സ്നേഹം, സേവനം, സഹനം, മുതലായവ ഗാന്ധിജിയേപ്പോലു ള്ള അനേകരെ സ്വാധീനിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. എന്നാൽ ക്രിസ്ത്യാനികളെന്നവകാശപ്പെടുന്നവരിൽ പലരിലും ഇവയുടെ സ്വാ ധീനം പലപ്പോഴും കാണുന്നില്ല. നിരീശ്വരത്വം വളർന്നു വരുന്ന ആ ധുനിക യുഗത്തിൽ ക്രിസ്തുമതത്തിനെന്നല്ല ഏതു മതത്തിനും എന്തെ ങ്കിലും പ്രസക്തിയോ വിലയോ ഉണ്ടാകണമെങ്കിൽ സദാചാരബോ ധവും ആദർശനിഷ്ഠയും ജീവിതവിശുദ്ധിയുമുള്ള അനുയായികൾ അവ യ്ക്കു് ഉണ്ടാകേണ്ടിയിരിക്കുന്നു.

ഗാന്ധിജിയുടെ വീക്ഷണത്തിന്റെ മറെറാരു പ്രത്യേകത അ തു് ജീവിതത്തിന്റെ എല്ലാ തലത്തേയും എന്നതുപോലെ എല്ലാ സ മയത്തേയും ബാധിക്കുന്നു എന്നതാണ്. ഒന്നോ രണ്ടോ നല്ല പ്രവൃ ത്തികൾ ചെയ്താൽ ഒരുവൻ നല്ലവനെന്ന പേരിനർഹനായിത്തീരു ന്നില്ല. ജീവിതത്തിലെ എല്ലാ നിമിഷവും നല്ലതാഗ്രഹിക്കുകയും നല്ലതു് പ്രവർത്തിക്കുകയും വേണം. അതായതു്, നന്മയിലേയ്ക്കു് ഒരു ചാച്ചിലുണ്ടായിരിക്കണം. നന്മയോടു് ഒരു പ്രതിപത്തിയുണ്ടായി രിക്കണം. ചുരുക്കത്തിൽ ഒരു മനുഷ്യൻ അറിവോടും സമ്മതത്തോടും നിശ്ചയ ദാർഢ്യത്തോടും കൂടി ധാർമ്മികതയുടെ വഴി നിരന്തരമായി

www.malankaralibrary.com



പൂർകംമ്പോഠം അവൻ ധർമ്മം അനുസരിച്ച് ജീവിക്കുന്നവനാണെന്ന് പറയാം. ധാർമ്മികജീവിതമാണ് ഒരുവനെ നല്ലവനാക്കുന്നത്.

## B. അടിസ്ഥാനപുണ്യങ്ങൾ

മനുഷ്യസ്നേഹിയായ മഹാത്മാഗാന്ധി മനുഷ്യനിലെ അടിസ്ഥാന നന്മയിൽ വിശ്വസിച്ചു. എങ്കിലും അവന്റെ തിന്മയിലേക്കുള്ള ചാച്ചിലിനേയും അദ്ദേഹം അവഗണിച്ചില്ല. അതുകൊണ്ടാണ് ഗാന്ധിജി, മനുഷ്യജീവിതത്തിന്റെ ആധാരശിലയായിട്ട് ധാർമ്മികതയേയും ധാർമ്മിക നിയമങ്ങളേയും ദർശിച്ചത്. മനുഷ്യനിലെ അധമവശങ്ങൾക്ക് കടിഞ്ഞാണിട്ടുകൊണ്ട്, സഹജീവികൾക്ക് ചെയ്യാവുന്ന ഏററവും വലിയ നന്മകളും, സേവനങ്ങളും ചെയ്യുക എന്നതായിരുന്നു ഗാന്ധിജിയുടെ ജീവിത നിയമം. അതിനുള്ള ഉപാധിയായി അദ്ദേഹം അടിസ്ഥാന പുണ്യങ്ങളെ കരുതി. അഹിംസ, സത്യം, അസ്തേയം, അപരിഗ്രഹം, ബ്രഹ്മചര്യം, നിർഭയത്വം എന്നിവയാണ് അവ. ഭാരതീയ വേദഗ്രന്ഥങ്ങളും, ഉപനിഷത്തുക്കളും, ക്രിസ്തുവിന്റെ മലയിലെ പ്രസംഗവും, ടോൾസ്റ്റോയിയുടെ The Kingdom of God is Within You എന്ന പുസ്തകവും, അടിസ്ഥാനപുണ്യങ്ങളേപ്പററിയുള്ള ആശയരൂപവല്കരണത്തിൽ ഗാന്ധിജിയെ സഹായിച്ചു. സ്വന്തം ജീവിതത്തിൽ ഇവയെല്ലാം പ്രാവർത്തികമാക്കുവാൻ പ്രയത്നിച്ച ഗാന്ധിജി, സ്വന്തം അനുയായികൾക്ക് പ്രത്യേകിച്ചും സത്യാഗ്രഹ ആശ്രമ വാസികൾക്ക് ജീവിത വ്രതങ്ങളായി ഇവ നിർദ്ദേശിച്ചു. ദുർബലരായ മനുഷ്യർക്ക് ഇവ പൂർണ്ണമായും പ്രായോഗികമാക്കുക പ്രയാസമായിരിക്കും. എങ്കിലും അവിരാമമായ പരിശ്രമത്തിലൂടെ ഇവ കുറെയെങ്കിലും സാക്ഷാത്കരിക്കുവാൻ സാധിക്കും. ഈ ആദർശങ്ങൾ ഓരോരുത്തരുടെയും ജീവിത നിയമവും പ്രവർത്തന ശൈലിയുമായി രൂപാന്തരപ്പെടുത്തുകയാണെങ്കിൽ അവിടെ ധാർമ്മികതയുണ്ടാകും, സംസ്കാരമുണ്ടാകും. മനുഷ്യൻ ആദർശത്തിന്റെ യോദ്ധാവാകുമ്പോൾ അവൻ സഹജീവികൾക്ക് ഹോബ്സ് പറയുന്നതുപോലെ ചെന്നായോ, സാർത്ര് പറയുന്നതുപോലെ നരകമോ ആയിത്തീരാതെ ഇണയും തുണയും സ്വർഗ്ഗവുമായിത്തീരും. ഇവിടെയാണ് ധാർമ്മികതയുടേയും അടിസ്ഥാനപുണ്യങ്ങളുടേയും പ്രസക്തി.

### 1. അഹിംസ

അഹിംസ എന്ന പദത്തിന്റെ വാച്യാർത്ഥം ഹിംസിക്കാതിരിക്കുക, വ്രണപ്പെടുത്താതിരിക്കുക എന്നൊക്കെയാണ്. എന്നാൽ ഈ പദത്തിന് ചക്രവാളംപോലെ വിശാലമായ അർത്ഥമാണുള്ളത്. അത് സ്നേഹത്തിന്റെ പരമകാഷ്ഠയായ ശത്രുസ്നേഹംവരെ ഉൾക്കൊള്ളുന്നു. അഹിംസയുടെ ഭാവാത്മക അർത്ഥം സജീവവും അപരിമിതവും പരിപൂർണ്ണവുമായ സ്നേഹം ആണ്.

www.malankaralibrary.com



ഗാന്ധിജിയുടെ ജീവിത നിയമമായിരുന്ന അഹിംസാസിദ്ധാന്തത്തിന് പ്രചോദനം ലഭിച്ചത് സന്മാർഗ്ഗദീപങ്ങളായ ഭാരതീയോപനിഷത്തുക്കളിൽ നിന്നും ജൈന, ബുദ്ധ, ക്രൈസ്തവമതങ്ങളിൽ നിന്നുമാണ്. യേശുക്രിസ്തുവിന്റെ ഗിരിഗീതയിലെ ശത്രുസ്നേഹം ഗാന്ധിജിയുടെ അഹിംസാത്മക വീക്ഷണത്തിന് പുതിയ മാനം പകന്നു. എന്നാൽ ജൈനമതത്തിന്റെ അതികക്ശവും മനുവിന്റെ പ്രായേണ കക്ശരഹിതവുമായ അഹിംസാ വീക്ഷണങ്ങൾ ഗാന്ധിജിക്കു സ്വീകാര്യമായില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ''യഥാർത്ഥമായ ഒരു അഹിംസാരാധകന്റെ പ്രവൃത്തികളെല്ലാം സഹതാപത്തിൽ നിന്നാണ് ഉയിർക്കൊള്ളുന്നത്. അവന്റെ കഴിവിന്റെ പരമാവധി ഉപയോഗിച്ചുകൊണ്ട് എല്ലാ പ്രവർത്തനങ്ങളിലും ഏറ്റവും ചെറിയ ജീവികളിൽ ഒന്നിനെപ്പോലും ഹിംസിക്കാതെ, രക്ഷിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു.''[1a]

ഈ സ്നേഹപ്രമാണം ജീവിതത്തിന്റെ മുഴുവൻ അടിത്തറയായിരിക്കണം. വിചാരത്തിലും വചനത്തിലും, പ്രവൃത്തിയിലുമെല്ലാം ഈ നിയമം പ്രാവർത്തികമായെങ്കിൽ മാത്രമേ ഒരുവൻ യഥാർത്ഥ അഹിംസാത്മകൻ ആകുന്നുള്ളു. ഗാന്ധിജി പറയുന്നു: ''അശുദ്ധവിചാരം, എടുത്തുചാട്ടം, നുണ, പക, വിദ്വേഷം തുടങ്ങിയവയിലൂടെയെല്ലാം അഹിംസാതത്ത്വം ലംഘിക്കപ്പെടുന്നു.''[2] എന്നാലിതു് ഒരുവനെ അനീതി പ്രവർത്തിക്കുന്ന ശത്രുവിനെതിരേ അക്രമരഹിതമായി പോരാടുന്നതിൽ നിന്നും തടയുന്നില്ല. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം, ഹൃദയത്തിൽ നിന്നും ഉയിർക്കൊള്ളുന്ന നിർമ്മലവും, നിസ്വാർത്ഥവും അപ്പൂർണമനോഭാവമുൾക്കൊള്ളുന്നതുമായ സ്നേഹം അഥവാ അഹിംസ ശ്രേഷ്ഠപുണ്യമാണ്. കാരണം ഇതിലൂടെ മാത്രമേ ഒരുവന് ആത്മസാക്ഷാത്കാരവും, ഈശ്വരസാക്ഷാത്കാരവും കരഗതമാകൂ. ഗാന്ധിജിയുടെ ജീവിതം ഈ ധർമ്മത്തിൽ അധിഷ്ഠിതമാക്കിയിരുന്നു. തന്റെ തെക്കേ ആഫ്രിക്കൻ സമരത്തിലും വിമോചന സമരത്തിലും പ്രസംഗങ്ങളിലുമെല്ലാം അഹിംസാധർമ്മത്തിന്റെ സ്വാധീനം സ്പഷ്ടമാണ്.

## 2. സത്യം

ഗാന്ധിജിയുടെ ജീവിതം നിരന്തരമായ ഒരു സത്യാന്വേഷണ പരീക്ഷണമായിരുന്നു. ഗാന്ധിജി സത്യത്തെ ആത്യന്തിക യാഥാർത്ഥ്യമായിട്ടും അഥവാ ദൈവമായിട്ടും, ദൈവത്തെ സത്യമായിട്ടും ദർശിച്ചു.

---

1a *Young India*, Aug. 11, 1920

2 J. Thekkinedath, *Love of Neighbour in Mahatma Gandhi*, Alwaye: Pontifical Institute of Theology and Philosophy, 1973. p. 152.

www.malankaralibrary.com



അതുപോലെ തന്നെ സത്യത്തെ ഒരു ഗുണവിശേഷമായും ഗാന്ധിജി വിഭാവനചെയ്തു. ഒരുവന്റെ വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലുമെല്ലാം സത്യം പ്രകാശിക്കണമെന്ന് ഗാന്ധിജി നിഷ്കർഷിച്ചു.[3] അദ്ദേഹം സബർമതി ആശ്രമവാസികളോട് ഇപ്രകാരം പറയുകയുണ്ടായി: ''ചെറുപ്പക്കാരും വൃദ്ധന്മാരും സ്ത്രീകളും പുരുഷന്മാരുമായ നാമെല്ലാവരും മരണത്തിലൂടെ സത്യവുമായി താദാത്മ്യം പ്രാപിക്കുന്നതുവരെയുള്ള എല്ലാസമയത്തും— അദ്ധ്വാനിക്കുമ്പോഴും ഭക്ഷിക്കുമ്പോഴും പാനംചെയ്യുമ്പോഴും വിനോദത്തിലേർപ്പെടുമ്പോഴുമെല്ലാം —പൂർണ്ണമായി സത്യത്തിനുവേണ്ടി സമർപ്പിക്കുകയാണെങ്കിൽ എത്ര മനോഹരമായിരിക്കും! സത്യമാകുന്ന ദൈവം എനിക്ക് ഒരു അമൂല്യനിധിയാണ്. അതുപോലെയായിരിക്കട്ടെ നിങ്ങൾക്ക് ഓരോരുത്തർക്കും.''[4]

സത്യത്തിലധിഷ്ഠിതമായ ജീവിതത്തിന് പ്രതിബന്ധങ്ങളാണ് വിഷയാസക്തി, കോപം, അതിമോഹം, മൂഢത, അഹങ്കാരം, വഞ്ചന തുടങ്ങിയ തിന്മകളെന്ന് ഗാന്ധിജി വിശ്വസിച്ചു. ഈ മാരകമായ തിന്മകളിൽ നിന്നും, ഈശ്വരദാനങ്ങളാകുന്ന ബുദ്ധിയെയും യുക്തിയെയും അന്ധമാക്കുന്ന അശുദ്ധവികാരങ്ങളിൽ നിന്നുമെല്ലാം മുക്തിനേടി ധാർമ്മികമായ പക്വതയും ദൃഢതയും സിദ്ധിച്ച ഒരുവനേ പ്രതിസന്ധികളിൽ സത്യത്തെ ഉപേക്ഷിക്കാതെ ഉപാസന നടത്തുവാൻ സാധിക്കുകയുള്ളൂ. ഇതിന് അവിരാമവും അനുസ്യൂതവുമായ പരിശ്രമമാണ് കരണീയമായിട്ടുള്ളത്.

ആവശ്യമുള്ള സത്യം, ആവശ്യമായ സമയത്ത് സ്വീകാര്യമായി പറയുകഎന്നതായിരുന്നു ഗാന്ധിജി സത്യത്തെ സംബന്ധിച്ചു സ്വീകരിച്ച പ്രായോഗികതത്ത്വം.[5] ഇപ്രകാരമല്ല പ്രവർത്തിക്കുന്നതെങ്കിൽ ഒരുവൻ സത്യം പറയുന്നതുകൊണ്ട് ആഗ്രഹിക്കുന്നതിനു വിപരീതമായ ഫലമേ ഉളവാകുകയുള്ളൂ. ഗാന്ധിജി പറയുന്നു: ''സൗമ്യമായ ഭാഷയിലൂടെ വേണം ഒരുവൻ സത്യം സംസാരിക്കുവാൻ. അവന് അപ്രകാരം ചെയ്യുവാൻ സാധിക്കുകയില്ലെങ്കിൽ സംസാരിക്കാതിരിക്കുകതന്നെയാണ് ഉത്തമം. നാവിനെ നിയന്ത്രിക്കുവാൻ കഴിയാത്ത ഒരുവനിൽ സത്യം ഇല്ല എന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്.''[6]

സത്യം ബ്രൂയത്, പ്രിയം ബ്രൂയത്
നാ ബ്രൂയത് സത്യം അപ്രിയം[7]

3 *Ibid*, p. 152
4 *Ibid*. p. 152
5 *Young India*, Sept. 17, 1925.
6 *Ibid*
7 Manu. 4. 138.

www.malankaralibrary.com



എന്ന മനുവിന്റെ അനുശാസനമാണ് ഗാന്ധിജിയെ ഈ തത്ത്വത്തിലേക്ക് നയിച്ചത്.

'സത്യമേവ ജയതേ' എന്ന ഭാരതീയ ചിന്താസൂക്തം അക്ഷരാർത്ഥത്തിൽ മനസ്സിലാക്കിയ മഹാത്മജി, സ്വന്തം ജീവിതത്തിൽ എന്തെങ്കിലും തെററ് പററിയാൽ അതു് തുറന്നു പറയാൻ മടികാണിച്ചിരുന്നില്ല.[8] സത്യവും സ്നേഹവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. സത്യമാണ് ആത്യന്തികമായ യാഥാർത്ഥ്യം. അതിനെ പ്രാപിക്കാനുള്ള മാർഗ്ഗമാണ് അഹിംസ. അങ്ങനെ സത്യസാക്ഷാത്ക്കാരത്തിലൂടെ മുന്നേറുന്ന ഒരുവന്റെ ജീവിതത്തിലെ എല്ലാ മണ്ഡലങ്ങളിലും സത്യവും സ്നേഹവും നിഴലിക്കും. സത്യവാൻ സഹോദര സ്നേഹത്തിനായി സ്വന്തം ജീവിതം സമർപ്പിക്കുവാൻ തയ്യാറാകും. ഇതാണ് ഗാന്ധിജിയിൽ നാം കാണുന്ന അനുകരണാർഹമായ സവിശേഷത.

## 3. അസ്തേയം

അപഹരിക്കാതിരിക്കുക എന്നത്രേ അസ്തേയത്തിന്റെ വാച്യാർത്ഥം. സത്യത്തിലും സ്നേഹത്തിലും വിശ്വസിക്കുകയും ജീവിക്കുകയും ചെയ്യുന്ന വ്യക്തിക്ക് അപരന്റെ വസ്തുവകകൾ അപഹരിക്കുക സാദ്ധ്യമല്ല. ജൈനമതം അസ്തേയം എന്ന അടിസ്ഥാന പുണ്യത്തിന്റെ ആവശ്യകത ശക്തിയുക്തം പ്രകടമാക്കുന്നുണ്ട്. ജൈനമതപ്രകാരം മനുഷ്യന്റെ ബാഹ്യജീവനാണ് അവന്റെ വസ്തുവകകൾ. അവ കൂടാതെ അവനു ജീവിക്കുക ദുഷ്കരം. അതുകൊണ്ട് ഒരുവന്റെ ജീവന്റെ നിലനില്പിനാവശ്യമായവ അപഹരിക്കുന്നവൻ അവന്റെ ജീവനെത്തന്നെയാണ് അപഹരിക്കുന്നതു്. അങ്ങനെ ഓരോ മനുഷ്യനും സ്വന്തമായുള്ള വസ്തുവകകളുടെയും ജീവിതത്തിനുതകുന്ന എല്ലാത്തിന്റേയും സംരക്ഷണത്തിന്റെ ആവശ്യത്തെയാണ് അസ്തേയം അർത്ഥമാക്കുകയും ലക്ഷ്യം വയ്ക്കുകയും ചെയ്യുന്നതു്. ഗാന്ധിജിയുടെ അഭിപ്രായത്തിൽ നമുക്ക് ആവശ്യമില്ലാത്ത ഒരു വസ്തുത നമ്മുടെ കൈവശം വയ്ക്കുകയാണെങ്കിൽ, അതും ഒരുതരം മോഷണമാണ്.[9] കാരണം, അതാവശ്യമായിരിക്കുന്ന ഒരുവനിൽ നിന്നുമാണ് നാം അതു മാററി സൂക്ഷിക്കുന്നതു്.[10] മറെറാരുവന്റെ വസ്തുവകകളുടെയും ആശയങ്ങളുടെയും മോഷണം, നമുക്കാവശ്യമി

8 അക്രമരഹിതമായ നിയമലംഘനത്തിലൂടെ അധർമ്മത്തെ പരാജയപ്പെടുത്താമെന്ന് കരുതിയ ഗാന്ധിജി, അതിനുവേണ്ട പരിശീലനം ലഭിക്കാത്ത കുറെ ആളുകളുമായി ചൗരിചൗരായിൽ പ്രവർത്തിക്കുവാൻതുടങ്ങി. പക്ഷെ, അദ്ദേഹത്തിന്റെ അനുയായികൾ പെട്ടെന്ന് അക്രമാസക്തരായി തീർന്നു. ഇതിനെ ഗാന്ധിജി സ്വന്തം ഹിമാലയൻ അബദ്ധം എന്ന് വിശേഷിപ്പിച്ചു.

9 Diary, Nov. 22, 44

10 C. F. Andrews, *Mahatma Gandhiji's Ideas*, p. 106

www.malankaralibrary.com



ല്ലാത്ത സാധനങ്ങളുടെ സംരക്ഷണം, തുടങ്ങിയവയെല്ലാം അസ്തേയത്തിന് എതിരായ അപരാധങ്ങളാണ്. ഈ രീതിയിലുള്ള അസ്തേയാധിഷ്ഠിതമായ സമൂഹജീവിതമാണ് ഗാന്ധിജി, അദ്ദേഹത്തിൻെറ ആശ്രമവാസികളിൽനിന്നും ഭാരതീയരിൽനിന്നും പ്രതീക്ഷിച്ചത്.

## 4. അപരിഗ്രഹം

ഈ വ്രതം എല്ലാ രീതിയിലുമുള്ള ഉടമസ്ഥാവകാശത്തെ നിഷേധിക്കുന്നു. ഈ അർത്ഥത്തിൽ സന്യാസികൾക്ക് മാത്രമല്ലാതെ സാധാരണക്കാർക്ക് സാദ്ധ്യമായ ഒന്നല്ല ഇത്. അതുകൊണ്ട് അപരിഗ്രഹപാലനത്തിനായി സാധാരണക്കാരൻ ആവശ്യമില്ലാത്തതൊന്നും ഉടമസ്ഥതയിൽ സൂക്ഷിക്കാതിരുന്നാൽ മതി എന്നാണ് ഗാന്ധിജിയുടെ അഭിപ്രായം. എന്നാൽ ആവശ്യമില്ലാത്ത ആഗ്രഹങ്ങളൊന്നുംതന്നെ മനുഷ്യനു കാണുകയില്ല. അതുകൊണ്ട് ഗാന്ധിജി വ്യക്തമാക്കുന്നു: "അന്നന്നത്തേക്ക് ആവശ്യമായിട്ടുള്ളതിൽ കവിഞ്ഞ് ഒന്നും സമ്പാദിച്ചു കൂട്ടരുത്".[11] ഭാവിയിലേക്ക് സമ്പാദിച്ചുവെയ്ക്കുന്നവൻ ദൈവവിശ്വാസത്തെയും ദൈവപരിപാലനയെയും നിരാകരിക്കുകയാണെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. അതുപോലെ സത്യത്തിൽ വിശ്വസിക്കുകയും സത്യസാക്ഷാത്കാരത്തിനായി പരിശ്രമിക്കുകയും ചെയ്യുന്നവനും ധനസമ്പാദനത്തിൽ ശ്രദ്ധിക്കുകയില്ല. കാരണം, അവൻ സത്യത്തിൻെറ വിജയത്തിൽ വിശ്വസിക്കുന്നു. ഭാവിയെപ്പററിയുള്ള വ്യഗ്രതയിൽനിന്നും ഒഴിഞ്ഞുജീവിക്കാൻ ഗാന്ധിജി ആഹ്വാനം ചെയ്യുന്നു: "ഈ ധർമ്മത്തിൽ പുരോഗതി പ്രാപിക്കുന്ന മനുഷ്യൻ അവൻെറ ആവശ്യങ്ങൾ സ്വന്തം ഇഷ്ടപ്രകാരം കുറയ്ക്കുന്നു. കാരണം, ആവശ്യങ്ങളുടെ വർദ്ധനവിലല്ല, പ്രത്യുത അവയുടെ ബോധപൂർവ്വവും സ്വാഭീഷ്ടപൂർവ്വവുമുള്ള ചുരുക്കലിലാണ് യഥാർത്ഥ സംസ്കാരമെന്ന് അവൻ മനസ്സിലാക്കും.'[12]

ഭാരതത്തിലെ ദാരിദ്ര്യത്തിൻെറ അടിസ്ഥാനകാരണം അപരിഗ്രഹത്തിൻെറ അഭാവമാണെന്ന് ഗാന്ധിജി ആത്മാർത്ഥമായി വിശ്വസിച്ചു. അദ്ദേഹം പറയുന്നു: "ജീവിതത്തിൻെറ നിലനില്പിന് അവശ്യാവശ്യമായ കാര്യങ്ങൾ ഇല്ലാതെ പതിനായിരക്കണക്കിനു മനുഷ്യർ വിശന്നു വലഞ്ഞു മരിക്കുമ്പോൾ, ധനവാന്മാർ അവർക്ക് ആവശ്യമില്ലാതെ അനാവശ്യമായി വസ്തുവകകൾ സമ്പാദിച്ച്, അവയെ വേണ്ടവിധത്തിൽ സൂക്ഷിക്കാതെ മോശമാക്കി നഷ്ടപ്പെടുത്തിക്കളയുകയാണ്. എന്നാൽ ഓരോരുത്തനും അവനവനു ആവശ്യമായവ മാത്രം സൂക്ഷിച്ചിരുന്നെങ്കിൽ, ആവശ്യമുള്ളവരായി ആരും ഉണ്ടാകാതെ, എല്ലാവരും സംതൃപ്തരാകുമായിരുന്നു.[13] സ്നേഹമു

11 Diary, Nov 24 p. 44
12 J. Thekkinedath. *Op. Cit*, p. 155
13 *Ibid*. p. 156

www.malankaralibrary.com



ള്ളിടത്തേ അപരിഗ്രഹം സാദ്ധ്യമാവൂ. സ്നേഹവും തനിക്കുവേണ്ടി മാത്രമുള്ള സമ്പാദ്യവും ഒരുമിച്ചു പോവുകയില്ലെന്നു ഗാന്ധിജി മനസ്സിലാക്കി. പരിപൂർണ്ണമായ സ്നേഹം പരിപൂർണ്ണമായ അപരിഗ്രഹം സാദ്ധ്യമാക്കിത്തീർക്കുന്നു. മനുഷ്യന്റെ അപരിത്യാജ്യമായ സമ്പത്താണ് ശരീരം. എന്നാൽ അപരന്റെ നന്മയ്ക്കുവേണ്ടി അവൻ അതും പരിത്യജിക്കാൻ തയ്യാറാകണം. ഇതു് ക്ഷിപ്രസാദ്ധ്യമായ ഒന്നല്ല. ഇതു് ഒരു ആദർശമാണ്. ഗാന്ധിജി ഈ പുണ്യ പരിശീലനത്തിനു വേണ്ടി തന്റെ വസ്തുവകകളും ബാങ്കുസമ്പാദ്യവുമെല്ലാം സ്വന്തം ജ്യേഷ്ഠനു നല്കുകയുണ്ടായി. അതിലുമുപരിയായി ഹിന്ദു—മുസ്ലീം മൈത്രിക്കു വേണ്ടി സ്വന്തം ജീവൻ നല്കിക്കൊണ്ടു് ഒരു പരിപൂർണ്ണ അപരിഗ്രഹിയായിത്തീർന്നു.

## 5. ബ്രഹ്മചര്യം

മൂലാർത്ഥത്തിൽ ബ്രഹ്മചര്യം എന്നതു് ബ്രഹ്മത്തിൽ ചരിക്കുക, ബ്രഹ്മത്തിനായി സമർപ്പിക്കപ്പെടുക എന്നൊക്കെയാണ്. വേദങ്ങളേയും ദൈവത്തേയും സൂചിപ്പിക്കുന്ന പദമാണ് ബ്രഹ്മം. അതുകൊണ്ടു് വേദാഭ്യാസത്തിനും ബ്രഹ്മസാക്ഷാത്ക്കാരത്തിനും വേണ്ടിയുള്ള സമർപ്പണമായി വേണം ബ്രഹ്മചര്യത്തെ ദർശിക്കുക. എന്നാൽ ബ്രഹ്മചര്യം എന്നതുകൊണ്ടു് സാധാരണയായി അർത്ഥമാക്കുക ജനനേന്ദ്രിയങ്ങളുടെ നിയന്ത്രണത്തേയാണ്. മനുവിന്റെ അഭിപ്രായപ്രകാരം വിദ്യാർത്ഥികൾ പൂർണ്ണ ബ്രഹ്മചാരികളായിരിക്കണം. വിദ്യാഭ്യാസത്തിനുശേഷം അവക്ക് വിവാഹജീവിതത്തിലൂടെ കുടുംബജീവിതം നയിക്കാം. അപ്പോഴും ഭാര്യയോടു് വിശ്വസ്തത പുലർത്തിക്കൊണ്ടു് ഒരുവനു് ബ്രഹ്മചര്യം പാലിക്കുവാൻ സാധിക്കും. എന്നാൽ 50 വയസ്സിനു ശേഷം പ്രത്യേകിച്ചും ബുദ്ധിജീവികൾ പരിപൂർണ്ണമായ ലൈംഗികനിയന്ത്രണമുള്ളവരായിരിക്കണം. ഈ ഉപദേശങ്ങൾ ഗാന്ധിജിയെ സ്വാധീനിക്കുകയുണ്ടായി. സ്വന്തം ജീവിതാനുഭവവും സാഹചര്യങ്ങളുടെ ആവശ്യവും കണക്കിലെടുത്തുകൊണ്ടു് ബ്രഹ്മചര്യത്തെക്കുറിച്ചു് അദ്ദേഹം സ്വന്തമായൊരു വീക്ഷണം രൂപീകരിച്ചു.

ആശ്രമജീവിതത്തിന്റെ ആധാരശിലയായിട്ടാണ് ഗാന്ധിജി ഈ ധർമ്മത്തെ കണക്കാക്കിയതു്.[14] കാരണം ഇതിന്റെ ആചരണത്തിലൂടെ മാത്രമേ ഒരുവനു് സത്യസാക്ഷാത്ക്കാരം സാദ്ധ്യമാവുകയുള്ളൂ. ബ്രഹ്മചര്യം പാലിക്കുന്നതിനു് ആത്മനിയന്ത്രണം അവശ്യാവശ്യംതന്നെ. അതുകൊണ്ടാണ് ബ്രഹ്മചര്യത്തെ ''എല്ലായ്പ്പോഴും എല്ലാ സമയത്തും വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലുമുള്ള എല്ലാ ഇന്ദ്രിയങ്ങളുടെയും നിയന്ത്രണമെന്നു്'' ഗാന്ധിജി നിർവചിച്ചിരിക്കുന്നതു്.[15]

---

14 Zahner, *Hinduism*, p. 182.
15 *Young India*, June 5, 1924, p. 153

www.malankaralibrary.com



ഈ രീതിയിലുള്ള ബ്രഹ്മചര്യജീവിതം അസാദ്ധ്യമാണെന്ന് പലരും പറയും. അവരോട് ഗാന്ധിജി പറയുന്നത് ശ്രദ്ധേയമാണ്: മൂലാർത്ഥത്തിൽ ബ്രഹ്മചര്യം എന്നത് ഒരുവനെ ദൈവവുമായി ബന്ധപ്പെടുത്തുന്ന ജീവിതസ്വഭാവമാണ്. ഇത് സർവ്വേന്ദ്രിയങ്ങളുടെയും നിയന്ത്രണത്തിൽ അടങ്ങിയിരിക്കുന്നു. എന്നാൽ സാധാരണയായി ഇതിനെ ജനനേന്ദ്രിയങ്ങളുടെ നിയന്ത്രണമായിട്ടാണ് മനസ്സിലാക്കുന്നത്. ഈ സങ്കുചിതാർത്ഥം ബ്രഹ്മചര്യത്തെ വികലമായി വീക്ഷിക്കുന്നതിനും അത് അസാദ്ധ്യമാണെന്നുള്ള ധാരണയ്ക്കും ഇടയാക്കി. എന്നാൽ സർവ്വേന്ദ്രിയ നിയന്ത്രണരഹിതമായ ജനനേന്ദ്രിയനിയന്ത്രണം അസാദ്ധ്യമാണ്. കാരണം അവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. മനസ്സിനേയും ഒരു ഇന്ദ്രിയമായി കണക്കാക്കുക. മനോനിയന്ത്രണം കൂടാതെയുള്ള ബാഹ്യമായ നിയന്ത്രണം നിഷ്പ്രയോജനമത്രെ. കാററിനെ നിയന്ത്രിക്കുന്നതിലും ക്ലേശകരമാണ് മനോനിയന്ത്രണം. എന്നാൽ, നമ്മിലുള്ള ദൈവത്തിൻെറ ആന്തരികാസ്തിത്വം നമ്മെ മനോനിയന്ത്രണത്തിനു കഴിവുററവരാക്കുന്നു. അതുകൊണ്ട്, ക്ലേശകരമാണെന്ന കാരണത്താൽ അത് അസാദ്ധ്യമെന്ന് ആരും ചിന്തിക്കാതിരിക്കട്ടെ.[16]

ബ്രഹ്മചര്യപാലനത്തിന് ഭക്ഷണനിയന്ത്രണം അവശ്യാവശ്യമെന്ന് ഗാന്ധിജി വിശ്വസിച്ചു. അദ്ദേഹം ആത്മകഥയിൽ ഇപ്രകാരം എഴുതി; ''വേവിക്കാത്ത പഴങ്ങളും ഫലങ്ങളുമാണ് ബ്രഹ്മചാരിക്ക് ഉത്തമമായ ഭക്ഷണമെന്ന് എൻെറ ആറുവർഷത്തെ പരീക്ഷണം എനിക്കു കാണിച്ചുതന്നു. ഈ ഭക്ഷണരീതി അവലംബിച്ചപ്പോഴും ഞാൻ അനുഭവിച്ചിരുന്ന വികാരവിമോചനം, ആ ഭക്ഷണരീതി മാററിയതിനുശേഷം എനിക്ക് ആസ്വദിക്കുന്നതിന് സാധിച്ചിട്ടേയില്ല. ഭക്ഷിണാഫ്രിക്കയിൽ ഫലമൂലാദികൾ മാത്രമടങ്ങിയ ഭക്ഷണക്രമമനുസരിച്ച് ജീവിച്ചപ്പോഴും ബ്രഹ്മചര്യപാലനത്തിനായി എനിക്ക് പ്രത്യേകമായ പരിശ്രമമൊന്നും ആവശ്യമായിരുന്നില്ല. എന്നാൽ ഞാൻ പാല് ഉപയോഗിക്കുവാൻ തുടങ്ങിയതുമുതൽ ബ്രഹ്മചര്യസംരക്ഷണം ശ്രമകരമായിത്തീന്നു.[17] ഗാന്ധിജി തൻെറ ആശ്രമനിവാസികളോട് മദ്യവും മാംസവും വികാരോദ്ദീപകങ്ങളായ മററു ഭക്ഷണപദാർത്ഥങ്ങളും വജ്ജിക്കുന്നതിനു നിദ്ദേശിച്ചിരുന്നു. മാത്രവുമല്ല, ഭക്ഷണം ജീവൻ നിലനിത്തുന്നതിനുവേണ്ടിയല്ലാതെ സന്തോഷത്തിനോ രസനയുടെ സംതൃപ്തിക്കോ അല്ല എന്ന മനോഭാവം അവർ വളത്തിക്കൊണ്ടുവരണമെന്നും അവരെ ഉപദേശിച്ചു. ഒരുവനു് ഭക്ഷണത്തിലുള്ള ഈ നിയന്ത്രണം സാദ്ധ്യ

16 Dhirendra Mohan Datta, *Philosophy of Mahatma Gandhi*, p. 101—102.
17 Autobiography, p. 157.

www.malankaralibrary.com



മായാൽ മററെല്ലാ ഇന്ദ്രിയങ്ങളേയും നിയന്ത്രിക്കുന്നതിനു കഴിയുമെന്നും ഗാന്ധിജി വിശ്വസിച്ചു.[18] അങ്ങനെ ബ്രഹ്മചര്യം എന്നതു് അഹിംസാവാദിയുടെ ജീവിതശൈലിയാണു്.

## 6. നിർഭയത്വം

അഞ്ചു് അടിസ്ഥാനപുണ്യങ്ങളോടു ഗാന്ധിജി നവമായി ചേർത്ത പുണ്യമാണു് നിർഭയത്വം. ''നിർഭയത്വം/എന്നതു് രോഗം, ദേഹോപദ്രവം, മരണം, ദാരിദ്ര്യം, ഉററവരുടെയും ഉടയവരുടെയും വേർപാടു്, തേജോവധം തുടങ്ങിയ ഭയങ്ങളിൽ നിന്നുള്ള മോചനമാണു്.''[19] ഭീകരവും മാരകവുമായ ആയുധങ്ങളുമായി അന്യായമായി യുദ്ധം ചെയ്യുന്ന അധികാരികൾക്കെതിരേ നിർഭയരായി, അഹിംസാത്മകമായി മരണംവരെ പോരാടുവാൻ ഈ പുണ്യത്തിലൂടെ ഗാന്ധിജി നമ്മോടു് ആവശ്യപ്പെടുന്നു.[20] ബ്രിട്ടീഷ് അടിമത്തത്തിൽ കഴിഞ്ഞിരുന്ന ഭാരതത്തെ സ്വതന്ത്ര്യയാക്കണമെങ്കിൽ അവളുടെ തനയരെ തളച്ചിരിക്കുന്ന ഭയമാകുന്ന ചങ്ങല ഭഞ്ജിക്കുകയേ മാർഗ്ഗമുള്ളവെന്നു് ദാർശനികനായ ഗാന്ധിജി മനസ്സിലാക്കി. അങ്ങനെ അദ്ദേഹം നിർഭയത്വം അഥവാ അഭയ എന്ന ധർമ്മം ഭാരതമക്കൾക്കു് മോചനദ്രവ്യമായി നിർദ്ദേശിച്ചുകൊടുത്തു.

ഭീരുക്കൾക്കു് ഒരിക്കലും സന്മാർഗ്ഗികളോ സത്യാന്വേഷകരോ ആയിരിക്കുന്നതിനു സാദ്ധ്യമല്ല. ധാർമ്മികധീരതയാണു് ഏററവും വലിയ സാഹസികത. എന്നാലതു്, മററുള്ളവരെ മർദ്ദിച്ചുവശരാക്കുന്നതിലല്ല അടങ്ങിയിരിക്കുന്നതു്. പ്രത്യുത, അപരൻെറ നന്മയ്ക്കു വേണ്ടി നിർഭയമായി ക്ഷമയോടുകൂടി സഹിക്കുന്നതിനും ജീവൻ പോലും ത്യജിക്കുന്നതിനും പ്രേരിപ്പിക്കുന്ന ഹൃദയവിശാലതയിലാണു്. ദൈവവിശ്വാസത്തിൽനിന്നും ഉടലെടുക്കുന്ന ഒരു മനഃസ്ഥിതിയാണു് നിർഭയത്വം. ''നമുക്കു് ഭയപ്പെടേണ്ടവനായി ഒരുവൻ മാത്രമേയുള്ളു. അവൻ ദൈവമാണു്. നാം ദൈവത്തെ ഭയപ്പെടുമ്പോൾ, എത്ര മഹോന്നതനായ മനുഷ്യനാണെങ്കിലും അവനെ ഭയപ്പെടേണ്ടതില്ല''.[21]

## 7. അടിസ്ഥാനപുണ്യങ്ങളും ക്രൈസ്തവമതവും

സമൂഹജീവിയായ മനുഷ്യൻെറ സമാധാനപൂർണ്ണമായ സഹവർത്തിത്വത്തിനും, ആത്യന്തിക ലക്ഷ്യമായ സത്യസാക്ഷാത്കാരത്തിനും ഉള്ള ഉപാധിയായിട്ടാണല്ലോ മഹാത്മജി അടിസ്ഥാനപുണ്യങ്ങളെ ദർശിച്ചതു്. പരിമിതനായ മനുഷ്യൻെറ ഈശ്വരസാക്ഷാത്ക്കാരമാർഗ്ഗങ്ങളായ മതങ്ങളും ഈ അടിസ്ഥാന പുണ്യങ്ങൾ പല

18 *Young India,* June, 1924, p. 186.
19 From Yervada Mandir, p. 27. Thekkinedathu *O.p. Cit,* p. 157.
20 Dhirendra Varma, *Philosophy of Mahatma Gandhi,* p. 102
21 C. F. Andrews, *Mahatma Gandhi's Ideas,* p. 108

www.malankaralibrary.com



രൂപങ്ങളിലും ഭാവങ്ങളിലും ആവിഷ്ക്കരിക്കുന്നു. സാക്ഷാൽ സത്യമാകുന്ന ദൈവത്തെ പ്രാപിക്കുവാൻ വെമ്പൽകൊള്ളുന്ന മനുഷ്യനോട് ക്രിസ്തുനാഥൻ പറയുകയാണ്, ''വഴിയും സത്യവും ജീവനും ഞാനാകുന്നു. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ ചരിക്കുന്നില്ല.''[22] സത്യത്തെ അനുഗമിക്കുന്നവൻ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും പ്രവർത്തനങ്ങളിലും സഹജീവിയോടു വിശ്വസ്തത പുലർത്തണമെന്ന് ദൈവീകദൂതനായ മൂശയിലൂടെ യഹോവ ആഹ്വാനം ചെയ്തിരിക്കുന്നു.[23] സ്നേഹം അല്ലെങ്കിൽ അഹിംസയാണ് ഈശ്വര സാക്ഷാത്ക്കാരത്തിനുള്ള മനുഷ്യന്റെ സാധന. അവനെ ഇതരരിൽനിന്നും വേർതിരിക്കുന്ന മുഖമുദ്രയും സ്നേഹം തന്നെ. ക്രിസ്തുനാഥൻ പറയുന്നു: ''നിങ്ങൾ എന്റെ അനുയായികളാണെന്ന് ലോകം അറിയുവാൻ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ.''[24] ഇപ്രകാരം സത്യസ്നേഹാധിഷ്ഠിതമായ ജീവിതം നയിക്കുന്ന ഒരു ക്രൈസ്തവന് നാളെയെക്കുറിച്ച് ആകുലചിത്തനാവുകയോ വസ്തുവകകൾ സംഭരിച്ചുവെയ്ക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. മനുഷ്യവർഗ്ഗത്തെ സംരക്ഷിച്ചുകൊണ്ടിരിക്കുന്ന പിതാവായ ദൈവത്തിലുള്ള വിശ്വാസവും ശരണവും സ്നേഹവുമാണ് അവനെ നയിക്കേണ്ടത്. ക്രിസ്തുനാഥൻ പറയുന്നു: ''എന്തു ഭക്ഷിക്കും, എന്തു പാനം ചെയ്യും, എന്തു ധരിക്കും എന്നു ചിന്തിച്ച് നിങ്ങൾ ആകുലരാകേണ്ട....ഇവ നിങ്ങൾക്ക് ആവശ്യമാണെന്ന് നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് അറിയുന്നു. അതുകൊണ്ട് ആദ്യമായി ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുവിൻ. ആവശ്യമുള്ളതെല്ലാം അപ്പോൾ നിങ്ങൾക്കു ലഭിക്കും.''[25] അതുപോലെ അപരന്റെ വസ്തുവകകൾ അപഹരിക്കുകയോ അന്യായമായി ആഗ്രഹിക്കുകയോ ചെയ്യരുതെന്നുള്ളതും ക്രൈസ്തവന്റെ അടിസ്ഥാനപ്രമാണങ്ങളിൽ ഒന്നാണ്.[26] ക്രൈസ്തവമതം ബ്രഹ്മചര്യത്തിനും പ്രധാന്യം നല്കുന്നുണ്ട്. പരമമായ ലക്ഷ്യപ്രാപ്തിക്കായി പരിശ്രമിക്കേണ്ട മനുഷ്യൻ വിവേചനയോടുകൂടിയ ആത്മനിയന്ത്രണം പാലിക്കണമെന്ന് ക്രിസ്തുനാഥൻ തന്റെ അനുയായികളോട് പറയുന്നു: ''നിങ്ങൾ ലോകത്തിലാണ് ജീവിക്കുന്നത്, എങ്കിലും നിങ്ങൾ ലോകത്തിന്റെ വശീകരണങ്ങൾക്ക് വിധേയരാകരുത്.'' സകലവിധ അടിമത്തങ്ങൾക്കുമുള്ള നിവാരണ മാർഗ്ഗമായിട്ടാണ് ഗാന്ധിജി നിർഭയത്തെ വീക്ഷിക്കുന്നത്. ഭയപ്പെടേണ്ടവനായിട്ടുള്ളത്, ദൈവം മാത്രമാണ്. അതുപോലെ ദൈവസ്നേഹത്തിലൂടെ സകലവിധ ബന്ധനങ്ങളിൽനിന്നും വിമുക്തനായ

22 യോഹ. 14:6
23 പുറ. 20:16
24 യോഹ. 13:35
25 മത്താ 6:25—34
26 പുറ. 20:17

www.malankaralibrary.com



ക്രൈസ്തവന് ലോകത്തിൽ സധൈര്യം വ്യാപരിക്കുവാൻ കഴിയും. അവന് സ്വന്തം ആത്മാവിനേയും ശരീരത്തേയും നശിപ്പിക്കുന്നവനെ മാത്രമേ ഭയപ്പെടേണ്ടതായിട്ടുള്ളൂ.[27]

അടിസ്ഥാനപുണ്യങ്ങളെക്കുറിച്ചുള്ള ഗാന്ധിജിയുടെ വീക്ഷണവും തദനുസാരമുള്ള ജീവിതവും ഓരോ ക്രൈസ്തവന്റേയുംനേക്ക് ഒരു വെല്ലുവിളിയാണ്. കാരണം ഗാന്ധിജിക്കുമുമ്പേ ഈ അടിസ്ഥാനപുണ്യങ്ങളെക്കുറിച്ച് ക്രിസ്തു മനുഷ്യരെ ബോധവാന്മാരാക്കി. എന്നാൽ അനശ്വരമായ ആ സന്ദേശം പല ക്രൈസ്തവരിലും ആഴമായി വേരൂന്നിയില്ല. അതുകൊണ്ടാണ് ഗാന്ധിജി ക്രിസ്ത്യാനികളെക്കുറിച്ച് ''ഞാൻ ക്രിസ്തുവിനെ സ്നേഹിക്കുന്നു, എന്നാൽ ക്രിസ്ത്യാനികളെ വെറുക്കുന്നു'' എന്നു പറഞ്ഞത്.

## ഉപസംഹാരം

ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അടിസ്ഥാനപുണ്യങ്ങൾ പ്രാവർത്തികമാക്കുവാൻ ഗാന്ധിജി ആഗ്രഹിച്ചു. സഹോദരസേവനത്തിനും, ഭാരതസ്വാതന്ത്ര്യത്തിനും ഇത്രയും പററിയ മററ് ഉപാധികൾ ഇല്ലെന്ന് ഗാന്ധിജി മനസ്സിലാക്കി. അദ്ദേഹത്തിന് മനുഷ്യസഹോദരങ്ങളിൽ ഈശ്വരനെ ദർശിക്കുന്നതിനു കഴിഞ്ഞു. തന്മൂലം അവർക്ക് അർഹമായ സേവനം ചെയ്യുകയാണ് ആത്മസാക്ഷാത്കാരത്തിനുള്ള എളുപ്പവഴിയെന്ന് ഗാന്ധിജിക്ക് ഉറച്ച ബോദ്ധ്യമുണ്ടായിരുന്നു. ഇതുതന്നെ അദ്ദേഹം എല്ലാ മനുഷ്യരിൽനിന്നും പ്രത്യേകിച്ചും ഭാരതീയരിൽനിന്നും പ്രതീക്ഷിച്ചു. ഈ ആറ് അടിസ്ഥാനപുണ്യങ്ങളോടൊപ്പം മററു ചില വ്രതങ്ങൾകൂടി സത്യാഗ്രഹിആശ്രമവാസികൾ പാലിക്കണമെന്ന് ഗാന്ധിജി നിർബന്ധിക്കുകയുണ്ടായി. സ്വദേശി, ഹരിജനസേവനം, ഖാദി, മാതൃഭാഷാമാദ്ധ്യമത്തിലൂടെയുള്ള വിദ്യാഭ്യാസം, മതാത്മകരാഷ്ട്രീയം തുടങ്ങിയവയാണ് അവ. ഇവയൊക്കെ അപ്രായോഗികങ്ങൾ എന്ന ലേബലിൽ അവഗണിക്കുന്നതിന് ഗാന്ധിജി അനുവദിച്ചിരുന്നില്ല. കാരണം, 'മരത്തിന്റെ മുകളിൽ തൊടുവാൻ ആകാശത്തെ ലക്ഷ്യം വയ്ക്കണം' എന്ന ടോൾസ്റ്റോയിയുടെ അഭിമതക്കാരനായിരുന്നു ഗാന്ധിജിയും. മനുഷ്യൻ ആദർശങ്ങളെ മുമ്പിൽ കണ്ടുകൊണ്ട്, അതനുസരിച്ചു ജീവിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയെന്നതാണ് അഭിലഷണീയം. ഗാന്ധിജി സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ പരിശ്രമിച്ച ഈ അടിസ്ഥാന ധർമ്മങ്ങൾ ഭാരതീയരായ ഓരോരുത്തരും സ്വന്തം ജീവിതശൈലിയാക്കി മാററിയിരുന്നുവെങ്കിൽ ഇന്നു ഭാരതത്തെ രൂക്ഷമായി അലട്ടുന്ന മിക്കവാറും എല്ലാ പ്രശ്നങ്ങളും അപ്രത്യക്ഷമായേനെ.

27. ലൂക്ക. 12:4–6

www.malankaralibrary.com



## C. മാർഗ്ഗവും ലക്ഷ്യവും

മനുഷ്യന്റെ സമഗ്രമായ ഉന്നമനം സമൂലമായ സാമ്പത്തിക പരിവർത്തനങ്ങൾ കൊണ്ടുമാത്രമേ സാദ്ധ്യമാകുകയുള്ളു എന്ന് ചിലർ വിശ്വസിച്ചപ്പോൾ രക്തരൂക്ഷിതമായ സാർവ്വത്രിക വിപ്ലവത്തിൽ കൂടി മാത്രമേ അഭിവൃദ്ധി കൈവരികയുള്ളു എന്നു മററു ചിലർ വിശ്വസിച്ചു. എന്നാൽ വേറൊരു വിഭാഗം ചിന്തിക്കുന്നത് സാമൂഹ്യപരിതഃസ്ഥിതികളിലുണ്ടാകേണ്ട മാററങ്ങളെപ്പററിയാണ്. മനുഷ്യന്റെ സമഗ്രമായ ഉന്നമനത്തിനു ഈ മാർഗ്ഗങ്ങളെല്ലാം അപര്യാപ്തമായതിനാൽ തികച്ചും വിഭിന്നമായ മറെറാരു ചിന്താഗതി ഉടലെടുത്തു: മനുഷ്യവ്യക്തികളുടെ ആന്തരിക നവീകരണത്തിൽ നിന്നും ഉടലെടുക്കുന്ന സാമൂഹ്യപരിവർത്തനത്തിനുമാത്രമേ മനുഷ്യനെ അവന്റെ മഹോന്നതലക്ഷ്യത്തിൽ എത്തിക്കാൻ സാധിക്കൂ. ഈ ചിന്താഗതിക്കാരനായിരുന്നു ഗാന്ധിജി.

### 1. ധാർമ്മികാധിഷ്ഠിതമാർഗ്ഗം

വിപ്ലവാശയങ്ങൾ പ്രബലപ്പെട്ടുവരുന്ന ഒരു സമൂഹത്തിൽ മൂല്യബോധത്തിനോ ധാർമ്മിക നിഷ്ഠയ്ക്കോ അർഹമായ സ്ഥാനമുണ്ടായിരിക്കുകയില്ല. തന്നെയുമല്ല മാർഗ്ഗത്തിന്റെ പാവനതയും ധാർമ്മികതയും നോക്കിയിരുന്നാൽ ലക്ഷ്യം നാസ്തിയായിരിക്കുമെന്നാണ് പലരുടേയും അഭിപ്രായം. എന്നാൽ ഗാന്ധിജി ഈ അഭിപ്രായത്തോട് യോജിക്കുന്നില്ല. ലക്ഷ്യത്തെ ഒരു വൃക്ഷത്തോടും മാർഗ്ഗത്തെ അതിന്റെ വിത്തിനോടും ഉപമിക്കാം, എന്നാണ് ഗാന്ധിജിയുടെ അഭിപ്രായം. ഏതിനം ചെടിയുടെ ബീജം നടുന്നുവോ ആ ഇനം ചെടി മാത്രമേ അതിൽനിന്നും മുളയ്ക്കുകയുള്ളു. ബീജ വൃക്ഷങ്ങൾക്ക് തമ്മിലുള്ള അഭേദ്യമായ ഈ ബന്ധം മാർഗ്ഗലക്ഷ്യങ്ങൾ തമ്മിലുണ്ടെന്നാണ് ഗാന്ധിജിയുടെ പക്ഷം. അതിനാൽ മാർഗ്ഗത്തിന്റെ ഗതിവിഗതികളനുസരിച്ച് ലക്ഷ്യത്തിനും അതിനേറതായ വ്യത്യാസങ്ങളുണ്ടാകും. മാർഗ്ഗം ശുദ്ധമാണ് എങ്കിൽ ലക്ഷ്യവും ശുദ്ധം; മാർഗ്ഗം അശുദ്ധമാണെങ്കിൽ ലക്ഷ്യവും തഥൈവ.

ഗാന്ധിജി മാർഗ്ഗത്തിന്റെ പാവനതക്ക് വളരെയധികം പ്രാധാന്യം നൽകി, കാരണം, അദ്ദേഹം പറയുന്നു: ''മാർഗ്ഗം നമുക്ക് നിയന്ത്രിക്കാൻ സാധിക്കും. എന്നാൽ ലക്ഷ്യത്തിന്റെമേൽ ഒരിക്കലും നിയന്ത്രണശക്തിയില്ല. അപ്രകാരമുള്ള ലക്ഷ്യത്തെ നിയന്ത്രിക്കാൻ ശ്രമിച്ചാൽ അതൊരിക്കലും നമ്മുടെ ഹിതത്തിനു വഴങ്ങിത്തരുകയില്ല. മാർഗ്ഗത്തെ നിയന്ത്രിച്ചുകൊണ്ട് ആ മാർഗ്ഗത്തിൽക്കൂടി ലക്ഷ്യപ്രാപ്തി നേടുകയാണു നല്ലതു്.''[28] മാർഗ്ഗത്തെ ശരിയായി നിയന്ത്രിച്ചാൽ നാം ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കാം.

28 Nirmal Kumar Bose, *Selections from Gandhi,* Navajeevan publication House, Ahamedbad, 1948, p. 37.

www.malankaralibrary.com



മാർഗ്ഗത്തിൻെറ പാവനതയുടെ നിദാനം മനുഷ്യൻെറ ധാർമ്മികതയാണ്. ഇതാകട്ടെ അവൻെറ ആന്തരിക ശക്തിയിലധിഷ്ഠിതവും. ഈ ആന്തരികതയും ധാർമ്മികതയുമാണ് അവനെ മൃഗത്തിൽ നിന്നും ഭിന്നനാക്കുന്നത്. അതിനാൽ കേവലം കായികബലത്തിൽ മാത്രം ആശ്രയിക്കുന്നവനായിരിക്കരുത് മനുഷ്യൻ. തൻെറ ആന്തരികശക്തിക്കനുസരിച്ച് അവൻ പ്രവർത്തിക്കണം.

## 2. അഹിംസാധിഷ്ഠിതമാർഗ്ഗം

ധാർമ്മികാധിഷ്ഠിതമാർഗ്ഗം അഹിംസയുടെ മാർഗ്ഗമാണ്. ലക്ഷ്യം എത്രതന്നെ ശ്രേഷ്ഠമായിരിക്കട്ടെ, അതു കൈവരിക്കാൻ അഹിംസാമാർഗ്ഗം മാത്രമേ സ്വീകരിക്കാവൂ. കാരണം, ഹിംസയിലൂടെ നേടിയെടുക്കുന്ന നേട്ടങ്ങൾ ശാശ്വതമല്ല. തിന്മയിലൂടെ നന്മ നേടിയെടുക്കാമെന്ന ചിന്ത വെറും വ്യാമോഹമാണ്. തിന്മയ്ക്ക് നന്മ പ്രദാനം ചെയ്യാൻ സാദ്ധ്യമല്ല. ''എവിടെ അഹിംസയുണ്ടോ അവിടെ സത്യമുണ്ട്. സത്യമാകുന്നു ദൈവം. എവിടെ സത്യവും അഹിംസയും മുന്നിട്ടു നില്ക്കുന്നുവോ അവിടെ ശാന്തിയും സമാധാനവും കളിയാടുന്നു.''[29]

## 3. ഗാന്ധിജിയും കാറൽമാർക്സും

'സർവ്വരാജ്യതൊഴിലാളികളേ സംഘടിക്കുവിൻ, നഷ്ടപ്പെടുവാൻ വിലങ്ങുകൾ മാത്രം, നേടിയെടുക്കാൻ ഒരു ലോകമുണ്ടുതാനും' എന്ന ആഹ്വാനവുമായി 19-ാം നൂററാണ്ടിലെ വ്യവസായ വിപ്ലവത്തിൻെറ കെടുതികളിൽപ്പെട്ടു നട്ടം തിരിഞ്ഞ തൊഴിലാളിവർഗ്ഗത്തിൻെറ സമുദ്ധാരകനായി മാർക്സ് രംഗപ്രവേശം ചെയ്തു. ചൂഷിതരായ ഇവരുടെ ക്ഷേമം കൈവരിക്കുന്നതിനു് ഏതു മാർഗ്ഗവും അവലംബിക്കാം എന്നതായിരുന്നു അദ്ദേഹത്തിൻെറ പക്ഷം. ചൂഷിതരുടെ ക്ഷേമത്തിനായി മാർക്സിനെപ്പോലെതന്നെ വാദിച്ച വ്യക്തിയാണ് ഗാന്ധിജി. എന്നാൽ ക്ഷേമമെന്ന ആ ലക്ഷ്യം പ്രാപിക്കാനുള്ള ഗാന്ധിജിയുടെ മാർഗ്ഗം മാർക്സിൻേറതിൽനിന്ന് തുലോം ഭിന്നമാണ്.

മാർക്സിസ്റ്റ് തത്ത്വമനുസരിച്ച് ലോകത്തിൽ പല വിപ്ലവങ്ങളും ആഞ്ഞടിച്ചിട്ടുണ്ട്. എന്നാൽ അവയെല്ലാംതന്നെ 'ബൂർഷ്വാ' വിപ്ലവങ്ങളായിരുന്നു. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന് എന്തെങ്കിലും ഗുണം ചെയ്യുന്നതിനു് അവയൊന്നും സാധിച്ചിട്ടില്ല. മാത്രമല്ല, കുത്തകമുതലാളിമാരും അധികാരവർഗ്ഗവും കൂടുതൽ ചൂഷകരാകുകയാണ് ചെയ്തത്. എന്നാൽ മാർക്സ് വിഭാവനം ചെയ്ത തൊഴിലാളി (Proletariate) വിപ്ലവം ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒന്നാണ്. വിപ്ലവാനന്തരം മുതലാളിതൊഴിലാളി

29 Harijan, sept. 29. 1946.

www.malankaralibrary.com



യെന്നോ, ഉള്ളവനും ഇല്ലാത്തവനുമെന്നോ യാതൊരു വ്യത്യാസവുമുണ്ടായിരിക്കയില്ല. അതായത്ത് പ്രോലിറേററിയററ് വിഭാഗം മാത്രം അവശേഷിക്കും. സമ്പന്നവർഗ്ഗത്തെ വേരോടെ പിഴുതെറിയുകയും തൊഴിലാളികളുടെ സർവ്വാധിപത്യം സ്ഥാപിക്കപ്പെടുകയും ചെയ്യും, ഇതാണ് ലക്ഷ്യം.

ഈ ലക്ഷ്യപ്രാപ്തിക്ക് ഏതു മാർഗ്ഗവും സ്വീകാര്യമാണ്. കാരണം മാർക്സിൻെറ അഭിപ്രായത്തിൽ ലക്ഷ്യം മാർഗ്ഗത്തെ നീതീകരിക്കുന്നു: ലക്ഷ്യം നല്ലതെങ്കിൽ അതിനു സ്വീകരിക്കുന്ന മാർഗ്ഗവും നല്ലതായിരിക്കും. അതിനാൽ രക്തരൂക്ഷിതമായ മാർഗ്ഗവും സ്വീകാര്യമാണ്.

## ഉപസംഹാരം

മാർഗ്ഗങ്ങളെക്കുറിച്ച് രണ്ടു വ്യത്യസ്ത വീക്ഷണത്തിൻെറ ഉടമകളായ ഗാന്ധിജിയും കാറൽമാർക്സും പാവപ്പെട്ടവരെ ചൂഷണം ചെയ്യുന്ന പ്രവണത എന്തുവില കൊടുത്തും ഇല്ലായ്മചെയ്യണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചു. മാനവ പുരോഗതിയാണ് ഇരുവരും ലക്ഷ്യം വച്ചത്. എന്നാൽ ഗാന്ധിജി ധാർമ്മികതയും അഹിംസയും മാർഗ്ഗങ്ങളായി സ്വീകരിച്ചപ്പോൾ മാർക്സ് ലക്ഷ്യപ്രാപ്തിക്കുവേണ്ടി നിർദ്ദേശിച്ചത് വിപ്ലവമായിരുന്നു. മുതലാളിമാരെ പാവപ്പെട്ടവരുടെ ട്രസ്റ്റികളായി അവതരിപ്പിക്കുന്ന ഗാന്ധിജിയും സമ്പന്നവർഗ്ഗത്തെ മുഴുവൻ ചൂഷകരെന്നു മുദ്രകുത്തുന്ന മാർക്സും തമ്മിൽ എത്രയോ കാതം അകലമാണുള്ളത്.

മാർക്സിൻെറ വീക്ഷണത്തിൽ മനുഷ്യൻ വെറും ഭൗതികനാണ്. അവൻെറ ക്ഷേമവും ഭൗമികമാണ്. ഈ ഭൗമിക പറുദീസാ കെട്ടിപ്പടുക്കുന്നതിനു് വേണ്ടിവന്നാൽ ഏതുമാർഗ്ഗവും സ്വീകരിക്കാം. എന്നാൽ ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം മനുഷ്യൻ അതിഭൗതികനാണ്, ആത്മീയനാണ്. മനുഷ്യോചിതമായ ആത്മീയ പറുദീസാ കെട്ടിപ്പടുക്കുന്നതിനുവേണ്ടി ധാർമ്മികതക്ക് പ്രാധാന്യം കൊടുത്ത് മനുഷ്യൻ ജീവിക്കണം.

മനുഷ്യൻ ചരിത്രത്തിൻെറ ഉല്പന്നമാണ് മാർക്സിൻെറ ദൃഷ്ടിയിൽ. ചരിത്രമാണ് അവനെ സൃഷ്ടിക്കുന്നത്. ചരിത്രത്തിൻെറ ഗതിയിൽ മനുഷ്യൻ എന്ന ജീവിയും വെളിച്ചം കണ്ടു. സാമൂഹ്യഘടകങ്ങളും സാമ്പത്തിക ബന്ധങ്ങളും അവനെ നിയന്ത്രിക്കുന്നു. എന്നാൽ മനുഷ്യൻ ചരിത്രത്തിൻെറ ഉല്പന്നവസ്തുവല്ലെന്നും, പ്രത്യുത, മനുഷ്യനാണ് ചരിത്രത്തെ സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതെന്നും ഗാന്ധിജി സിദ്ധാന്തിക്കുന്നു. സൃഷ്ടിയുടെ മകുടമായ മനുഷ്യൻ സൃഷ്ടിജാലങ്ങളുടെ കടിഞ്ഞാൺ പിടിച്ചിരിക്കുന്നു. മനു

www.malankaralibrary.com



ഷ്യവ്യക്തികളിൽ വരുന്ന മാററങ്ങാം ചരിത്രത്തിലും സാമൂഹ്യസാമ്പത്തിക ഘടകങ്ങളിലും പ്രതിഫലിക്കുന്നു. അങ്ങനെ മനുഷ്യൻ എല്ലാററിൻേറയും നായകൻ ആയിത്തീരുന്നു.

മനുഷ്യവ്യക്തിയുടെ അന്തസ്സിനെപ്പററി ബോധ്യമുള്ള എല്ലാവക്കും 'ലക്ഷ്യത്തേപ്പോലെ തന്നെ മാർഗ്ഗവും പവിത്രമായിരിക്കണം' എന്ന ഗാന്ധിയൻ നിലപാടിൻെറ ധാർമ്മികത സ്പഷ്ടമാണ്. ക്രൈസ്തവ പഠനവും ഇതുതന്നെ.

www.malankaralibrary.com

# IV

# രാഷ്ട്രീയദർശനം

www.malankaralibrary.com

# രാഷ്ട്രീയദർശനം

## A. ഗാന്ധിയൻ രാഷ്ട്രീയത്തിനു് ഒരാമുഖം

ആത്മസാക്ഷാത്കാരോപാധിയായി കർമ്മമാർഗ്ഗമവലംബി ച്ചിരുന്ന ഗാന്ധിജിയ്ക്കു് സ്വസഹോദരങ്ങളനുഭവിക്കുന്ന അടിമത്തവും അജ്ഞതയും കണ്ടില്ലെന്നു നടിക്കുവാൻ കഴിഞ്ഞില്ല. മററു മനുഷ്യരേയും സ്വതന്ത്രരും വിജ്ഞാനികളുമാക്കേണ്ടതു് തന്റെ ജീവിതലക്ഷ്യമായി അദ്ദേഹം കരുതി. പ്രസ്തുതലക്ഷ്യപ്രാപ്തിയ്ക്കു് രാഷ്ട്രീയപ്രവർത്തനം സഹായകമാണെന്ന ചിന്തയാണു് അദ്ദേഹത്തെ രാഷ്ട്രീയ വേദിയിലേക്കാനയിച്ചതു്.

ലോകത്തിലെ സമുന്നത നേതാക്കന്മാരിൽ ഒരുവനായ ഗാന്ധിജി ആദ്യമായിതന്നെ സവിശേഷതരത്തിലുള്ള ഒരു രാഷ്ട്രീയ തത്ത്വസംഹിതയ്ക്കു് രൂപം കൊടുക്കുകയും പിന്നീടു് ജനലക്ഷങ്ങളെ പ്രസ്തുത തത്ത്വങ്ങൾക്കനുസരണം നയിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ അദ്ദേഹത്തെ പല ഘടകങ്ങളും സ്വാധീനിച്ചിട്ടുണ്ടു്. രാഷ്ട്രീയപാരമ്പര്യമുള്ള കുടുംബത്തിൽ പിറന്ന ഗാന്ധിജിയ്ക്കു് ദേശീയസ്നേഹം കൈമുതലായുണ്ടായിരുന്നു. പാശ്ചാത്യവിദ്യാഭ്യാസവേളയിൽ സ്വാതന്ത്ര്യത്തിന്റെ മാധുരിയും മേന്മയും അനുഭവിച്ചറിയുവാൻ അദ്ദേഹത്തിനു് അവസരമുണ്ടായി. ഗീത, ബൈബിൾ, ഖുറാൻ തുടങ്ങിയ മതഗ്രന്ഥങ്ങളും ഗാന്ധിജിയുടെ രാഷ്ട്രീയചിന്തകളെ സാരമായി ബാധിച്ചിട്ടുണ്ടു്. കൂടാതെ സ്വദേശികളും വിദേശികളുമായ ഏതാനും രാഷ്ട്രീയാചാര്യന്മാരുടെ ആശയങ്ങളും താൻ സ്വാംശീകരിച്ചതായി ഗാന്ധിജിതന്നെ ഏററുപറയുന്നുണ്ടു്. അവരിൽ ചിലരാണു് ഗോഖലെ, ദാദാബായു് നവറോജി, ടോൾസ്റ്റോയു്, തോറോ, റസ്കിൻ തുടങ്ങിയവർ. ഗോഖലെയിൽ മിന്നിത്തിളങ്ങിയിരുന്ന ആദർശധീരത, ജീവിതലാളിത്യം, ധാർമ്മികത, ദാദാബായു് നവറോജിയിൽ പ്രകാശിച്ചിരുന്ന രാഷ്ട്രീയപ്രബുദ്ധത, സ്വാതന്ത്ര്യതൃഷ്ണ മുതലായവ ഗാന്ധിജിയെ ഹഠാദാകർഷിച്ചു. ടോൾസ്റ്റോയു് ഊന്നിപ്പറഞ്ഞ വ്യക്തിയുടെ പരിപൂർണ്ണ സ്വാതന്ത്ര്യം എന്ന ആശയം, തോറോയുടെ ഏററവും കുറച്ചു് അധികാരം പ്രയോഗിക്കുന്ന ഗവണ്മെൻറാണു് ശ്രേഷ്ഠമായതു് എന്ന ആപ്തവാക്യം, "Unto This Last" എന്ന തന്റെ ഗ്രന്ഥത്തിലൂടെ റസ്കിൻ വ്യക്തമാക്കിയ സർവ്വമനുഷ്യരുടേയും സമഗ്ര വികസനം എന്ന പ്രഖ്യാപിതലക്ഷ്യം മുതലായവ ഗാന്ധിജി സർവ്വാത്മനാ സ്വീകരിച്ചു.

www.malankaralibrary.com



ഗാന്ധിജി തന്റെ രാഷ്ട്രീയതത്ത്വസംഹിത ആദ്യമായി പരീക്ഷിച്ചു നോക്കിയത് താൻ അഭിഭാഷകവൃത്തിയനുഷ്ഠിച്ചിരുന്ന ദക്ഷിണാഫ്രിക്കയിലാണ്. ഇംഗ്ലീഷുകാർ ഭരിക്കാൻ വേണ്ടി സൃഷ്ടിക്കപ്പെട്ടവരും, ആഫ്രോ—എഷ്യൻ വംശജർ ഇംഗ്ലീഷുകാരാൽ ഭരിക്കപ്പെടേണ്ടവരുമാണെന്ന അവകാശവാദത്തെ ഗാന്ധിജി വെല്ലുവിളിച്ചു. വെള്ളക്കാരന്റെ യജമാനമനോഭാവത്തിനും സാമ്രാജ്യമോഹത്തിനും കടിഞ്ഞാണിടാൻ അജ്ഞരും ദുർബലരുമായി കഴിഞ്ഞിരുന്ന കറുത്ത വർഗ്ഗക്കാരെ അദ്ദേഹം ഒരുമിച്ചുകൂട്ടി. അവരുടെ മാനുഷികമായ അവകാശങ്ങളും, അടിസ്ഥാനാനുകൂല്യങ്ങളും ഇവ നേടിയെടുക്കുന്നതിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു.

തങ്ങളുടെ സമരനൗകയെ സ്വാതന്ത്ര്യത്തിന്റെ തുറമുഖത്തേക്കാനയിക്കാൻ പ്രാപ്തമായ ആ നേതൃത്വത്തെ ഉററു നോക്കിയിരുന്ന ഭാരതജനതയുടെ അനിഷേധ്യ നേതാവായിത്തീരാൻ ഗാന്ധിജിക്ക് അധികസമയം വേണ്ടിവന്നില്ല. ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിലെ നിസ്തുലവും നിർമ്മലവുമായ സേവനമാണ് അദ്ദേഹത്തെ രാഷ്ട്രപിതാവാക്കിത്തീർത്തത്. അമേരിക്കൻ നീഗ്രോസ്വാതന്ത്ര്യസമരത്തിന്റെ മുന്നണിപ്പോരാളിയും രക്തസാക്ഷിയുമായ മാർട്ടിൻ ലൂതർകിങ്ങ് ഒരിക്കൽ അഭിപ്രായപ്പെട്ടു, തനിക്കു വിശ്വാസം ക്രിസ്തുവിൽ നിന്നും ലഭിച്ചുവെങ്കിൽ, മാർഗ്ഗരേഖ ഗാന്ധിജിയിൽ നിന്നാണ് ലഭിച്ചത് എന്ന്. നാനാജാതി മതസ്ഥരായ ഭാരതജനതയെ കോർത്തിണക്കുകയും ലോകം മുഴുവന്റെയും പ്രശംസാപാത്രവും അനുകരണഹേതുവുമാകുകയും ചെയ്ത ഗാന്ധിജിയുടെ രാഷ്ട്രീയ ചിന്തയുടെ വിശദാംശങ്ങളിലേയ്ക്കു് അല്പമായി നമുക്കൊന്നു കടന്നുചെല്ലാം.

## 1. ഗാന്ധിയൻ രാഷ്ട്രീയത്തിന്റെ അടിസ്ഥാനം

അടിയുറച്ച ഈശ്വരവിശ്വാസവും തീവ്രമായ മനുഷ്യസ്നേഹവുമാണ് ഗാന്ധിയൻ രാഷ്ട്രീയത്തിന്റെ അടിസ്ഥാനശിലകൾ. ഗാന്ധിജി വിഭാവനം ചെയ്യുന്ന ദൈവം കേവലം ബൗദ്ധികതലത്തിൽ മാത്രം നിലകൊള്ളുന്നവനല്ല. പിന്നെയോ സദാ പ്രവർത്തനാത്മകനും ആലംബഹീനരെ ആശ്വസിപ്പിക്കുന്നവനും മററുള്ളവരെ മർദ്ദനത്തിൽ നിന്നും മർദ്ദകരെ മർദ്ദനപ്രവണതയിൽ നിന്നും സ്വതന്ത്രനാക്കുന്നവനുമാണ്. ജീവിതത്തിന്റെ അതിസൂക്ഷ്മതന്ത്രികളെപ്പോലും ചലിപ്പിക്കുന്ന ഒരു ദൈവമാണവിടുന്ന്. എല്ലാ മനുഷ്യരിലും അവിടുന്നു വസിക്കുന്നു. ഗാന്ധിജി എഴുതുന്നു ''അജ്ഞരായ ജനലക്ഷങ്ങളുടെ ഹൃദയങ്ങളിൽ കേന്ദ്രീകരിച്ച ദൈവത്തെയല്ലാതെ മറെറാരു ദൈവത്തേയും ഞാനംഗീകരിക്കുകയില്ല''.[1] ഇപ്രകാരമുള്ള ഒരു ദൈവത്തിൽ അജിതമായി വിശ്വസിക്കുന്നവന് സഹോദര

1 Quoted by V. P. Varma, *Op. Cit., p.*40

www.malankaralibrary.com



സ്നേഹം ഒഴിച്ചുകൂടാൻ വയ്യാത്തതാണ്. നമ്മുടെ ജീവിതചൈതന്യം സ്വയം ദാനത്തിലൂടെ സഹോദരനുവേണ്ടി വിനിയോഗിക്കുമ്പോഴാണ് മനുഷ്യാസ്തിത്വം അർത്ഥപൂർണ്ണമാവുക. ഭാരതീയരെ വിദ്യാസമ്പന്നരും ബ്രിട്ടീഷുകാരെ വിവേകമതികളുമാക്കാൻ വേണ്ടി സ്വന്തം ജീവൻ ഹോമിക്കുവാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചത് ഈ ഈശ്വരസ്നേഹവും സഹോദരസ്നേഹവുമത്രെ.

## 2. ഗാന്ധിയൻ രാഷ്ട്രീയത്തിൽ മതത്തിനും ധാർമ്മികതയ്ക്കും ഉള്ള സ്ഥാനം

''വിശുദ്ധനാകാൻ ശ്രമിക്കുന്ന ഒരു രാഷ്ട്രീയക്കാരൻ'' എന്നാണ് ഗാന്ധിജി സ്വയം പരിചയപ്പെടുത്തിയിട്ടുള്ളത്. ഗാന്ധിജിയുടെ ജീവിതം തീർത്തും മതാത്മകമായിരുന്നു. രാഷ്ട്രീയപ്രവർത്തനങ്ങളും മതാനുഷ്ഠാനങ്ങളുമെല്ലാം പരസ്പരപൂരകങ്ങളായി അദ്ദേഹം കരുതി. ജീവിതത്തിലെ ഓരോ പ്രവൃത്തിയുടേയും ലക്ഷ്യം ഈശ്വരദർശനം തന്നെ. അദ്ദേഹം ഒരിക്കൽ പറഞ്ഞു, ''മതം രാഷ്ട്രീയത്തിൽ നിന്നും വിഭിന്നമാണെന്നു പറയുന്നവർക്ക് മതമെന്താണർത്ഥമാക്കുന്നതെന്നറിഞ്ഞുകൂടാ.''[2] മതവും രാഷ്ട്രീയവും പൊരുത്തപ്പെടാത്ത യാഥാർത്ഥ്യങ്ങളാണെന്ന ധാരണ സ്വജീവിതദൃഷ്ടാന്തംവഴി ഗാന്ധിജി തിരുത്തി. രാഷ്ട്രീയപ്രവർത്തനങ്ങൾ ഈശ്വരനെ മുൻനിർത്തി ആത്മീയകാര്യങ്ങളിലെന്നപോലെ പരിശുദ്ധമായ വിധത്തിൽ നടത്തണമെന്നദ്ദേഹം പ്രഖ്യാപിച്ചു.

മതത്തിന്റെ അനുപേക്ഷണീയഘടകമായി ധാർമ്മികതയെ അദ്ദേഹം പരിഗണിച്ചു. ഗാന്ധിജി എഴുതുന്നു, '' നിലത്തു വിതയ്ക്കപ്പെട്ട വിത്തിനു വെള്ളം എപ്രകാരം ആവശ്യമാണോ, അപ്രകാരം തന്നെയാണ് മതത്തിനു് ധാർമ്മികത.[3] തന്റെ മതാത്മകതയെ ധാർമ്മികമതം (Ethical Religion) എന്നാണദ്ദേഹം വിളിച്ചിരുന്നത്. ഈ ധാർമ്മികമതത്തിന്റെ അടിത്തറയിൽ ഒരു രാഷ്ട്രീയസൗധം കെട്ടിപ്പടുക്കുക, തദ്വാരാ ഈശ്വരദർശനവും വിശുദ്ധിയുമാർജ്ജിക്കുക എന്നതായിരുന്നു ഗാന്ധിജിയുടെ ജീവിതലക്ഷ്യം. തന്റെ സാമൂഹ്യപ്രവർത്തനങ്ങളിലും രാഷ്ട്രീയ വേദികളിലും അത്ഭുതങ്ങൾ വിരചിക്കുവാൻ ഗാന്ധിജിക്ക്കഴിഞ്ഞതിന്റെ രഹസ്യം നിക്ഷിപ്തമായിരിക്കുന്നത് അദ്ദേഹത്തിന്റെ ധാർമ്മികമതബോധനത്തിലാണ്. ഗാന്ധിജിയുടെ വിചാരത്തിലും വാക്കിലും പ്രവൃത്തിയിലുമെല്ലാം ഒരു ആദ്ധ്യാത്മിക ചൈതന്യം സദാ പരിലസിച്ചിരുന്നതായി കാണുന്നതിന്റെ കാരണവും മറ്റൊന്നല്ല. ചുരുക്കത്തിൽ, രാഷ്ട്രീയം, മതം, ധാർമ്മികത ഇവ മൂന്നും ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം അവിഭാജ്യ

---

2 Dr. K Nagaraja & *Co.(editors)*, *Radhakrishnan Readers'* Associate Advertisers and printers, Bombay, 1st ed, 1969, p. 555.

3 V. P Varma, *Op. cit.* p. 60.

www.malankaralibrary.com



മായി ബന്ധപ്പെട്ടിരിക്കുന്നു. മററു വാക്കുകളിൽ പറഞ്ഞാൽ തന്റെ ആദ്ധ്യാത്മികവും ധാർമ്മികവുമായ വീക്ഷണങ്ങളെ ജീവിത ബന്ധിയാക്കാനുള്ള ഒരുത്തമ വേദിയെന്ന നിലയിലാണ് അദ്ദേഹം രാഷ്ട്രീയത്തെ കണക്കാക്കിയതും അതിൽ പ്രവർത്തിച്ചതും വിജയിച്ചതും.

## 3. ഗാന്ധിയൻ രാഷ്ട്രീയം പ്രയോഗത്തിൽ

ഗാന്ധിജിയുടെ രാഷ്ട്രീയ പ്രവർത്തനങ്ങളുടെയെല്ലാം പരമലക്ഷ്യം ജനങ്ങളെ മനുഷ്യോചിതമായി ജീവിക്കുന്നതിനു് പ്രബുദ്ധരാക്കുക എന്നതായിരുന്നു. ഈ അർത്ഥത്തിലാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയ സിദ്ധാന്തത്തെ ഒരു വിദ്യാഭ്യാസ പരിപാടി എന്നു വിശേഷിപ്പിക്കുക. പാശ്ചാത്യ—പൗരസ്ത്യ പണ്ഡിത—പാമര ഭേദമെന്യെ എല്ലാവരേയും ഈ വിദ്യാഭ്യാസ പദ്ധതിയിൽ അദ്ദേഹം ഉൾപ്പെടുത്തി. മനുഷ്യപ്രശ്നങ്ങളുടെ അടിസ്ഥാനകാരണം അജ്ഞതയാണെന്ന ബോദ്ധ്യം, വിശ്വസാഹോദര്യത്തിലും വ്യക്തിമാഹാത്മ്യത്തിലുമുള്ള വിശ്വാസം എന്നിവയാണ് ഇപ്രകാരമൊരു വിദ്യാഭ്യാസ പദ്ധതിക്കു് രൂപം കൊടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചതു്. ഈ പദ്ധതി ഭരണീയരായ ഭാരതീയരെ സ്വാതന്ത്ര്യതൃഷ്ണയും ദൈവസ്നേഹവും സഹനസമരസിദ്ധാന്തവും പഠിപ്പിച്ചുവെങ്കിൽ ഭരണകർത്താക്കളായ ബ്രിട്ടീഷുകാരെ കാരുണ്യവും വിവേകവും പഠിപ്പിച്ചു. ഇതുവഴി ഭാരതീയർ ഭയവും ദാസ്യമനോഭാവവും ഇംഗ്ലീഷുകാർ കിരാതത്വവും സാമ്രാജ്യമോഹവും യജമാനമനോഭാവവും കൈവെടിയുമെന്നായിരുന്നു രാഷ്ട്രപിതാവിന്റെ കണക്കുകൂട്ടൽ. ഭാരതീയരിൽ ബ്രിട്ടീഷുകാരോടു് വെറുപ്പും വിദ്വേഷവും ഉണ്ടാക്കുവാൻ ഗാന്ധിജി ഒരിക്കലും പരിശ്രമിച്ചിട്ടില്ലെന്നതു് എടുത്തുപറയേണ്ട സംഗതിയത്രെ.

ആദർശപരവും ബൗദ്ധികവും മാത്രമായിരുന്നില്ല ഈ വിദ്യാഭ്യാസരീതി. പ്രത്യുത, ജീവിതത്തിനുവേണ്ടിയും ജീവിതത്തിലൂടെയുമുള്ള വിദ്യാഭ്യാസ സംവിധാനമാണ് ഗാന്ധിജി വിഭാവനം ചെയ്തതു്. സ്വാശ്രയബോധം, ലളിതജീവിതം, കായികവേല മുതലായവയിലുള്ള പ്രായോഗികജ്ഞാനവും വിദ്യാഭ്യാസത്തിലൂടെ പകർന്നു കൊടുക്കേണ്ടതാണെന്നു് അദ്ദേഹം നിഷ്കർഷിച്ചു. മനുഷ്യനിൽ കുടികൊള്ളുന്ന തിന്മയിലേക്കുള്ള വാസനകൾ ഉന്മൂലനം ചെയ്തു് ആത്മവിശുദ്ധിവരുത്തി ഓരോരുത്തരേയും ജനസേവകരാക്കിത്തീർക്കുക എന്നതും ഈ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായിരുന്നു. ഹിംസയ്ക്കും അസത്യത്തിനും ഈ പദ്ധതിയിൽ സ്ഥാനമില്ല. കാരണം ഗാന്ധിജിയുടെ അഭിപ്രായത്തിൽ അവ അടിമത്തത്തിലേക്കാണു് നയിക്കുക. മനുഷ്യന്റെ സമ്പൂർണ്ണമായ സ്വാതന്ത്ര്യസമാർജ്ജനമായിരുന്നല്ലോ ഈ വിദ്യാഭ്യാസം വഴി ഗാന്ധിജി ഉന്നം വച്ചിരുന്നതു്.

www.malankaralibrary.com



## 4. ഗാന്ധിയൻ രാഷ്ട്രീയ ചിന്തയിലെ മുഖ്യാശയങ്ങൾ

ഗാന്ധിജിയുടെ രാഷ്ട്രീയ പ്രതിപാദനങ്ങളിൽ ഊന്നിപ്പറഞ്ഞിരുന്ന ഏതാനും വസ്തുതകളാണ് ഇവിടെ പരാമർശ്യം.

### a) സ്വാതന്ത്ര്യം

ഒരുവൻെറ മനഃസാക്ഷിക്കനുസൃതം ജീവിക്കുന്നതിനുള്ള ശക്തിയായിട്ടാണ് ഗാന്ധിജി സ്വാതന്ത്ര്യത്തെ നിർവ്വചിക്കുന്നതു്—വ്യക്തികളുടെ മനഃസാക്ഷിസ്വാതന്ത്ര്യത്തെ നിഹനിക്കുവാൻ ഒരു അധികാരസ്ഥാനവും മുതിരരുതെന്ന് അദ്ദേഹം കർശനമായി താക്കീതു ചെയ്യുന്നു. സ്വാതന്ത്ര്യം മനുഷ്യൻെറ ജന്മസ്വത്താണെന്നും സ്വതന്ത്രമായി വേണം മനുഷ്യൻ ജീവിക്കാനെന്നും അദ്ദേഹം ഉൽബോധിപ്പിക്കുന്നു. യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിച്ചു ജീവിക്കണമെങ്കിൽ ആത്മധൈര്യം വേണം. ആത്മധൈര്യത്തിനു് ഏററവും അപരിത്യാജ്യമായിട്ടുള്ളതു് ഒരു ഉത്തമ മനഃസാക്ഷിയത്രെ. സ്വന്തം ദുർവാസനകൾക്കനുസരിച്ചു് ധിക്കാരപരമായും നിരുത്തരവാദിത്തപരമായും വ്യാപരിക്കുന്നതല്ല സ്വാതന്ത്ര്യം എന്നു് ഗാന്ധിജി വ്യക്തമാക്കിയിട്ടുണ്ടു്. വ്യക്തിസ്വാതന്ത്ര്യത്തെ വാനോളം ശ്ലാഘിച്ച ഗാന്ധിജി തന്നെ അതിൻെറ വിനിയോഗം സമൂഹത്തിൻെറ പൊതു താത്പര്യങ്ങൾക്കു് ഹാനികരമാകരുതെന്നു് നിഷ്കർഷിക്കുന്നു. ഭാരതീയരുടെ രാഷ്ട്രീയവും സാമ്പത്തികവും ബൗദ്ധികവും സാംസ്കാരികവും എന്നുവേണ്ട സമഗ്രമായ സ്വാതന്ത്ര്യസമ്പാദനത്തിനുവേണ്ടിയാണ് ഗാന്ധിജി സ്വരമുയർത്തിയതും.

### b) സമത്വവും നീതിയും

ഗാന്ധിജിയുടെ രാഷ്ട്രീയ സിദ്ധാന്തത്തിൽ സമുന്നതസ്ഥാനമലങ്കരിക്കുന്ന രണ്ടു പദങ്ങളാണ് സമത്വവും നീതിയും. ഇതിനു നിദാനം മനുഷ്യമാഹാത്മ്യത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ നിഗമനങ്ങളത്രെ. മനുഷ്യനിലെ ആദ്ധ്യാത്മികസത്തയെ—ഈശ്വരാംശത്തെക്കുറിച്ചു് തികഞ്ഞ അവബോധമുണ്ടായിരുന്ന ഗാന്ധിജി ഇപ്രകാരമെഴുതിയിരിക്കുന്നു. ''അവിടുന്നു് (ദൈവം) എൻെറ സത്തയിലും അതുപോലെ നിങ്ങളിലും എല്ലാ വസ്തുക്കളിലും വ്യാപരിച്ചിരിക്കുന്നതുകൊണ്ടു്—ഇതിൽനിന്നും ലോകത്തിലെ എല്ലാ ജീവികളും തമ്മിലുള്ള സമത്വത്തെ ഞാൻ അംഗീകരിക്കുന്നു.'[4] സമത്വം അംഗീകരിക്കപ്പെടുകയും അനുവർത്തിക്കപ്പെടുകയും ചെയ്യുന്ന ഒരു സമൂഹത്തിൻെറ സ്ഥാപനത്തിനാണ് അദ്ദേഹം യത്നിച്ചതു്. അനുദിന ജീവിതത്തിൽ സമത്വം ഒരു യാഥാർത്ഥ്യമായിത്തീരണമെങ്കിൽ രാഷ്ട്രീയബോധവത്കരണം, സാംസ്കാരിക ഉന്നമനം, സാമ്പത്തിക

4. *Harijan*, 30-1-1937

www.malankaralibrary.com



സ്വയംപര്യാപ്തത എന്നിവ അത്യാവശ്യമാണെന്ന് ഗാന്ധിജി അനുസ്മരിപ്പിച്ചു. സമത്വം താത്ത്വികമായി എല്ലവരും അംഗീകരിച്ചാൽ പ്രായോഗികതലത്തിൽ നീതി തനിയെ ഉണ്ടാകുന്നതാണ്. സമത്വവും നീതിയും പരസ്പരപൂരകങ്ങളാണ്. ജീവിക്കുവാനും വളരുവാനുമുള്ള അവകാശം—നീതിയുടെ അടിസ്ഥാനാവകാശങ്ങൾ—ആർക്കും നിഷേധിക്കാൻ പാടില്ലെന്ന് രാഷ്ട്രപിതാവ് ഊന്നിപ്പറയുകയുണ്ടായി. മനുഷ്യാവകാശങ്ങൾക്കുവേണ്ടി മുറവിളികൂട്ടിയ ഗാന്ധിജി പൗരൻെറ കടമകളെ വിസ്മരിച്ചില്ല. ഓരോ മനുഷ്യനും വൈയക്തികജീവിതത്തിലും സാമൂഹ്യതലത്തിലും തൻെറ ഉത്തരവാദിത്തങ്ങൾ ശരിക്കും നിറവേറേറണ്ടതുണ്ട്.

നിലവിലുണ്ടായിരുന്ന ഭരണസംവിധാനങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരു രാഷ്ട്രീയ സിദ്ധാന്തത്തിൻെറ ഉപജ്ഞാതാവാണ് ഗാന്ധിജി. പാശ്ചാത്യരീതിയിലുള്ള ജനാധിപത്യം അദ്ദേഹം വെറുത്തു. കാരണം, ജനാധിപത്യവ്യവസ്ഥിതിയിൽ ന്യൂനപക്ഷം അവഗണിക്കപ്പെട്ടു. ''ഒരു വ്യക്തിയുടെ അഭിപ്രായമാണെങ്കിലും തന്മൂലമുണ്ടാകുന്ന നന്മ വലുതാണെങ്കിൽ അതിന് അനേകരുടെ അഭിപ്രായങ്ങളേക്കാൾ വിലമതിക്കണം''[5] എന്നാണ് ഗാന്ധിജിയുടെ പക്ഷം. ഫാസിസം, നാസിസം എന്നിവയുടെ മറുപതിപ്പുകളായി മാത്രമേ പാശ്ചാത്യ ജനാധിപത്യവ്യവസ്ഥിതികളെ അദ്ദേഹം കണക്കാക്കിയുള്ളു. കമ്മ്യൂണിസ്റ്റു പ്രസ്ഥാനങ്ങളെല്ലാം തന്നെ ഗാന്ധിജി അസ്വീകാര്യങ്ങളായി കരുതി. 'ലക്ഷ്യം മാർഗ്ഗത്തെ നീതീകരിക്കുന്നു'വെന്ന പ്രമാണം, ഈശ്വരനിഷേധം, വ്യക്തിസ്വാതന്ത്ര്യധ്വംസനം തുടങ്ങിയവ ഉൾക്കൊള്ളുന്നതിനാലാണ് അദ്ദേഹം മാർക്സിസത്തെ ഉപേക്ഷിച്ചതു്. ഈദൃശ ഭരണസംവിധാനങ്ങളിലെല്ലാം അസന്തുഷ്ടനായ ഗാന്ധിജി അഹിംസാമാർഗ്ഗങ്ങളിലൂടെ നേടിയെടുക്കുന്ന ധാർമ്മികാടിസ്ഥാനമുള്ള ഒരു ജനാധിപത്യവ്യവസ്ഥിതിക്കുവേണ്ടി പൊരുതി.

## 5. സ്വാതന്ത്ര്യസമ്പാദനമാർഗ്ഗങ്ങൾ

ലോകത്തിൽ പല രാഷ്ട്രമീമാംസകരും ചിന്തിച്ചിട്ടുപോലുമില്ലാത്ത അതുല്യമായ രണ്ടു മാർഗ്ഗങ്ങളാണ് സ്വാതന്ത്ര്യസമ്പാദനത്തിന് ഗാന്ധിജി നിർദ്ദേശിച്ചതു്. അവയാണ് അഹിംസയും സത്യാഗ്രഹവും. ഗാന്ധിയൻ രാഷ്ട്രീയ സിദ്ധാന്തത്തിൻെറ മുഖമുദ്രകളും മുഖ്യനേട്ടങ്ങളുമായി ഇവ പ്രശോഭിക്കുന്നു.

---

5 quoted by V. P. Varma, *Op. Cit,* P. 240

www.malankaralibrary.com



## B. അഹിംസ

സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള മനുഷ്യന്റെ അവകാശത്തേയും ബാദ്ധ്യതയേയും കുറിച്ച് വ്യവസ്ഥാപിതമായും ജീവസ്സുറ്റിയായും നല്ലപ്പെട്ടിട്ടുള്ള പ്രബോധനങ്ങളിൽവച്ച് അദ്വിതീയ സ്ഥാനമർഹിക്കുന്നതാണ് ഗാന്ധിജിയുടെ അഹിംസാസിദ്ധാന്തം. ഗാന്ധിജി തന്റെ പ്രവർത്തനങ്ങളുടെയെല്ലാം പ്രചോദനവും അടിസ്ഥാനവുമായി കരുതിയതു് ഈ സിദ്ധാന്തത്തെയാണ്. സ്വന്തം അമ്മയിൽ നിന്നാണ് സ്നേഹത്തിന്റെ ബാലപാഠങ്ങൾ അദ്ദേഹം അനുഭവിച്ചറിഞ്ഞതു്. അഹിംസാസിദ്ധാന്തത്തെ കെട്ടിപ്പടുക്കുന്നതിൽ മതഗ്രന്ഥങ്ങളും മതസ്ഥാപകരും രാഷ്ട്രീയാചാര്യന്മാരും ഗാന്ധിജിയെ സാരമായി സ്വാധീനിച്ചിട്ടുണ്ട്. ഭഗവദ്ഗീത മഹാത്മജിയെ അഹിംസയിലേക്ക് മാടിവിളിച്ചു. അതോടൊപ്പം തന്നെ ബൈബിൾ, ക്രിസ്തുവിന്റെ സ്നേഹവിപ്ലവസമാഹാരമായ ഗിരിഗീതയെ അദ്ദേഹത്തിനു് പരിചയപ്പെടുത്തി. ശ്രീബുദ്ധൻ, ജിനൻ, ടോൾസ്റ്റോയ്, തോറോ മുതലായവരുടെ പ്രബോധനങ്ങളും ഗാന്ധിജി വിലമതിക്കുകയും സ്വായത്തമാക്കുകയും ചെയ്തു. ദക്ഷിണാഫ്രിക്കയിൽ വച്ച് അഹിംസാസിദ്ധാന്തം നിവർത്തനസമരം (Passive-Resistance) എന്നാണ് അറിയപ്പെട്ടിരുന്നതു്.

### 1. എന്താണ് ഹിംസ?

വ്യാപകാർത്ഥത്തിൽ വേദനിപ്പിക്കുന്നതോ നശീകരണസ്വഭാവമുള്ളതോ ആയ എന്തും ഹിംസ അഥവാ അക്രമമാണെന്നു പറയാം. അതായതു് ജീവനുള്ള എന്തിനെങ്കിലും വേദന ഉളവാക്കുന്ന ഏതൊരു കൃത്യവും ഹിംസയാണ്. ഇങ്ങനെ നോക്കുമ്പോൾ മനുഷ്യജീവിതത്തിലെ വിവിധ തലങ്ങളിൽ വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും ഹിംസ അല്ലെങ്കിൽ അക്രമം പതിയിരിക്കുന്നുവെന്നു് കാണാം. വിചാരത്തിന്റെ കാര്യമെടുത്താൽ തിന്മകലർന്ന ചിന്തകൾ, ഗൂഢാലോചനകൾ, പ്രതികാരമനോഭാവം, സ്വാർത്ഥചിന്ത, കലഹപ്രിയം, മുതലായവയെല്ലാം ഹിംസയാണ്. വാക്കിന്റെ അഥവാ സംസാരത്തിന്റെ തലത്തിലേക്കു് കടന്നാൽ, ഏഷണി, ദൂഷണം, തെററായ വിമർശനങ്ങൾ, അനാശാസ്യശാസനങ്ങൾ തുടങ്ങിയവയെല്ലാം ഹിംസയത്രെ. പ്രവർത്തനമണ്ഡലത്തെ സംബന്ധിച്ചിടത്തോളം ആക്രമണങ്ങൾ, മർദ്ദനം, മൃഗീയപെരുമാററരീതികൾ, കൊലപാതകം, വഞ്ചന, മാത്സര്യം, യുദ്ധം, ചൂഷണം മുതലായവയെല്ലാം ഹിംസയ്ക്കുദാഹരണങ്ങളാണ്. ചുരുക്കത്തിൽ ഏതെങ്കിലുമൊരു ജീവിയെ എത്ര ഉന്നതമായ ലക്ഷ്യത്തിനായാലും, അതിന്റെ തന്നെ നന്മക്കുവേണ്ടിയും താത്പര്യത്തിനനുസൃതമായും അല്ലാതെ, കൊല്ലുകയോ വേദനിപ്പിക്കുക പോലുമോ ചെയ്യുന്നതാണ്

www.malankaralibrary.com



ഹിംസ. സ്നേഹശൂന്യമായതെന്തും ഹിംസയാണെങ്കിൽ ഒരു പ്രവൃത്തി ഹിംസയോ അഹിംസയോ എന്ന് തീരുമാനിക്കേണ്ടതിന്റെ മാനദണ്ഡം അതിനാധാരമായ മനഃസ്ഥിതിയാണ്.

## 2. എന്താണ് അഹിംസ?

വാച്യാർത്ഥത്തിൽ അഹിംസ, ഹിംസയില്ലാത്ത അക്രമരഹിതമായ പ്രവൃത്തിയാണ്. എന്നാൽ അക്രമത്തിൽനിന്നും ഒഴിഞ്ഞുമാറിയതുകൊണ്ടുമാത്രം ആർക്കും ശരിയായ അർത്ഥത്തിൽ അഹിംസ പാലിക്കുവാൻ സാദ്ധ്യമല്ല. അക്രമം പ്രവർത്തിക്കാതിരിക്കുകയെന്നതു് വെറുമൊരു നിസ്സാരമനോഭാവം മാത്രമെ ആകുന്നുള്ളു. ഇതിലുപരി അഹിംസക്കു് ഒരു ഭാവാത്മകമാനവും കൂടിയുണ്ടു്. നിഷേധാത്മകമായി 'പാപമെ പരപീഡന' മെന്നും ഭാവാത്മകമായി ''പരോപകാരമെ പുണ്യം'' എന്നും അഹിംസയെ വ്യാഖ്യാനിക്കാം.

ഭാവാത്മകമായി ചിന്തിക്കുമ്പോൾ അഹിംസ സ്നേഹം തന്നെയാണെന്നു് കാണാം. ഈ സ്നേഹം ആത്മാർത്ഥത നിറഞ്ഞതും സന്തോഷ സമന്വിതം ഹൃദയത്തിൽ നിന്നുയരുന്നതുമായ ഒരു മനോഭാവമാണു്. അപരനു് നന്മ വരുത്തുന്നതിനു് എന്തും സഹിക്കുന്നതിനുള്ള മനോഭാവമാണിതു്. ഈ അർത്ഥത്തിൽ ക്രിയാത്മകസഹനത്തിനും ആത്മസമർപ്പണത്തിനും ഒരുവനെ പ്രേരിപ്പിക്കുകയും പരിപൂർണ്ണമായ നിസ്വാർത്ഥതയോടൊപ്പം ശത്രുസ്നേഹംവരെ ആവശ്യപ്പെടുന്നതുമാണു് അഹിംസ. മററുള്ളവർക്കു് ഹാനികരമായി എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യാതെ, ചിന്തിക്കുക മാത്രം ചെയ്താലും അതു് അഹിംസക്കെതിരാണെന്നു് ഇതിൽനിന്നും വ്യക്തമാകുന്നു. അതു് സ്നേഹരാഹിത്യമാണു്, അതിനാൽ ഹിംസതന്നെയാണു്.

## 3. അഹിംസാസിദ്ധാന്തം പ്രായോഗികതലത്തിൽ

അഹിംസാസിദ്ധാന്തം പൂർണ്ണാർത്ഥത്തിൽ പ്രാവർത്തികമാകുവാൻ ഒരു മനുഷ്യനും സാദ്ധ്യമല്ലെന്നുള്ളതു് അവിതർക്കിതമത്രെ. ഇതു് ശരിക്കും മനസ്സിലാക്കിയ ഗാന്ധിജി തന്റെ സിദ്ധാന്തത്തിൽ ഒഴിച്ചുകൂടാനാവാത്ത ഹിംസകൾ, സാഹചര്യങ്ങൾ നിമിത്തം അഹിംസയാകുന്ന ഹിംസകൾ എന്നിങ്ങനെ ഹിംസയെ പല വിധത്തിൽ നോക്കിക്കാണുന്നുണ്ടു്.

മനുഷ്യന്റെ അനുദിനജീവിതത്തിലെ അവശ്യം ചെയ്യാതെ നിവൃത്തിയില്ലാത്തതും അതു് ചെയ്യാതെ ജീവിതം അസാദ്ധ്യമായിത്തീരുന്നതുമായ ഹിംസകളെയാണു് ഒഴിച്ചുകൂടാനാവാത്തവയെന്നു് ഗാന്ധിജി വിശേഷിപ്പിക്കുക. മനുഷ്യനു് അനിവാര്യമാണു് ശ്വാസോച്ഛ്വാസം. തദ്വാരാ നിരവധിജീവികൾ നിഹനിക്കപ്പെടുന്നു. എന്നാൽ ഇതു് അപരിത്യാജ്യമാണു്. ഇതുപോലെ ഇരിക്കുമ്പോഴും,

www.malankaralibrary.com



നടക്കുമ്പോഴും, വസ്ത്രം ധരിക്കുമ്പോഴുമെല്ലാം സൂക്ഷ്മജീവികൾ കൊല ചെയ്യപ്പെടുന്നു. ഇപ്രകാരമുള്ള ഹിംസകൾ ഒഴിവാക്കുവാനാണ് ജൈനസന്യാസികൾ മുഖാവരണം ധരിക്കുന്നതും, ചൂൽ കൊണ്ടുനടക്കുന്നതും. കൂടാതെ മത്സ്യമാംസാദികൾ ഭക്ഷിക്കുമ്പോൾ, ധാന്യങ്ങളും പച്ചക്കറികളും ഭക്ഷിക്കുമ്പോൾ, ഒരു മുറിയിലേക്ക് പ്രകാശം കടത്തിവിടുമ്പോൾ, കീടനാശിനികൾ പ്രയോഗിക്കുമ്പോൾ മുതലായ വിവിധ അവസരങ്ങളിലും ഒഴിച്ചുകൂടാനാവാത്ത ഹിംസ നാം ചെയ്യുന്നു.

ഇത്രതന്നെ ഒഴിച്ചുകൂടാനാവാത്തവയല്ലെങ്കിലും ഹിംസാത്മകമായ പലതും അനുദിനജീവിതത്തിൽ നമുക്ക് ചെയ്യേണ്ടിവരാറുണ്ട്. മാതാപിതാക്കന്മാരും മേലധികാരികളും, ശിക്ഷ അനിവാര്യ സന്ദർഭങ്ങളിൽ ശിക്ഷിക്കുന്നത്, തൊഴിലാളികളിൽ നിന്ന് കൂടുതൽ ജോലി ആവശ്യപ്പെടുന്നത്, നാൽക്കാലികളെക്കൊണ്ട് അമിതഭാരം വലിപ്പിക്കുന്നത് മുതലായവ ഇതിനുദാഹരണമാണ്.

അടുത്തതായി, അഹിംസയായി മാറുന്ന ഹിംസയെക്കുറിച്ച് പ്രതിപാദിക്കാം. ജീവജാലങ്ങളെ കൊല്ലുക അതിൽത്തന്നെ ഹിംസയാണെങ്കിലും ചില പ്രത്യേക സാഹചര്യങ്ങളിൽ അത് അഹിംസാസിദ്ധാന്തത്തിന് എതിരല്ലാതായിത്തീരുന്നുവെന്ന് ഗാന്ധിജി പ്രസ്താവിക്കുന്നു. ഉദാഹരണത്തിന് ഒരു പേപ്പട്ടിയെ കൊല്ലുക, അഹിംസയായിട്ടാണ് ഗാന്ധിജി കരുതുക.[6] വിഷബാധയേററ ഒരു പശുവിനെയും പൂച്ചയെയും കൊലപ്പെടുത്തുവാൻ ഗാന്ധിജി സ്വാനുയായികളെ അനുവദിച്ചു.

ഇത്തരം ഹിംസകളിൽ അവശ്യം പാലിക്കേണ്ട ചില നിബന്ധനകളുണ്ട്. അതിൽ ഏററവും പ്രധാനപ്പെട്ടതാണ് ഹിംസിക്കപ്പെടുന്ന ജീവിയെ അതനുഭവിക്കുന്ന വേദനയിൽ നിന്നും രക്ഷിക്കുകയെന്ന നിസ്വാർത്ഥവും തീവ്രവുമായ ആഗ്രഹം. ഇതുപോലെതന്നെ പ്രധാനപ്പെട്ട മറെറാന്നാണ് വേറൊരു മാർഗ്ഗവുമില്ലാത്തതുകൊണ്ട് ഈ ഹിംസ നടത്തുന്നുവെന്നുള്ളത്. ഈദൃശാവസരത്തിൽ പ്രസ്തുത ജീവികളുടെ ഉപദ്രവത്തിൽ നിന്നും മനുഷ്യകുലത്തെ രക്ഷിക്കകയെന്നതിനേക്കാൾ അവയുടെതന്നെ വർഗ്ഗത്തെ രക്ഷിക്കുന്നതിനാണ് നാം പ്രാധാന്യം കല്പിക്കേണ്ടതെന്നും ഗാന്ധിജി അനുശാസിക്കുന്നു. അക്രമാസക്തനായി വരുന്ന ഒരു ഭ്രാന്തനേയും മേലുദ്ധരിച്ച വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വധിക്കുന്നുവെങ്കിൽ ആ ഹിംസ ന്യായീകരിക്കത്തക്കതാണെന്നാണ് അദ്ദേഹത്തിൻെറ പക്ഷം.[7]

---

6 Desai Mahadev H, *Day To Day with Gandhi*, Narhari D. Parikh(ed), Hemantkumar G. Nilkant(Tr.), Sarva Seva Sangh Prakasan, Varanasi,1968, Vol.VIII,p.282.

7 *Young India*, 4— 11— 1926 p. 41

www.malankaralibrary.com



എങ്കിലും ഒരു ജീവിയുടെ ജീവൻ നിലനിർത്താനും രക്ഷിക്കാനും മറ്റൊന്നിനെ ഹനിക്കുന്നതിനെ ഗാന്ധിജി അംഗീകരിക്കുന്നില്ല. മനുഷ്യന് ആത്മാവില്ലെന്നും അതിനാൽ അവൻ വധിക്കപ്പെടുന്നതിൽ തെറ്റില്ലെന്നും വാദിക്കുന്നവരോട് അദ്ദേഹം അല്പം പോലും യോജിക്കുന്നില്ല.[8] കാരുണ്യവധവും മൃഗബലികളും ഗാന്ധിജി നിഷിദ്ധമെന്നു വിധിച്ചു.

അക്രമമെന്നതു് കോപത്തിൽ നിന്നുയരുന്നതും വധിക്കപ്പെടുന്ന ജീവിയോട് തിന്മചെയ്യണമെന്നുള്ള ആഗ്രഹത്തിൽ നിന്നും ഉയിർകൊള്ളുന്നതുമത്രെ. എന്നാൽ ഒഴിച്ചുകൂടാനാവാത്ത ഹിംസയിൽ തദൃശ രോഷമോ ദ്വേഷ്പ്രവണതയോ ഇല്ല. അധാർമ്മികമായ നശീകരണമോ ശത്രുവധമോ ഒന്നുംതന്നെ സംഭവിക്കുന്നില്ല. അതു് സ്നേഹത്താലും കാരുണ്യത്താലും പ്രേരിതവും ഹിംസിക്കപ്പെടുന്ന ജീവിയുടെ നന്മയെ ലക്ഷ്യം വച്ചുകൊണ്ടുള്ളതുമാണ്.[9] പക്ഷെ അനിർവാര്യമായ ഈദൃശ അഹിംസാകൃത്യങ്ങൾ സ്ഥലകാലഭേദങ്ങൾക്കും തജ്ജന്യമായ പ്രത്യേകതകൾക്കും വിധേയമാകയാൽ അവ കൃത്യമായി നിർവ്വചിക്കപ്പെടാനാവില്ലെന്നു ഗാന്ധിജിതന്നെ സമ്മതിക്കുന്നുണ്ട്.

## 4. അഹിംസയും സത്യവും

ഗാന്ധിജിയുടെ പ്രബോധനങ്ങളിൽ സത്യം, അഹിംസ എന്നീ രണ്ടാശയങ്ങൾ അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നതു കാണാം. അദ്ദേഹത്തിന്റെ വീക്ഷണപ്രകാരം സത്യം സ്നേഹമായി അവതാരം ചെയ്യുന്നു. ആ സ്നേഹം പ്രവൃത്തിപഥത്തിലേയ്ക്കു വരുമ്പോൾ അതു വീണ്ടും അഹിംസയായി അവതരിക്കുന്നു.[10] ഗാന്ധിജിയുടെ സത്യസംബന്ധിയായ പ്രതിപാദനങ്ങൾ ഐകരൂപ്യമുള്ളതും സുവ്യക്തവും പ്രകടവുമാണെങ്കിൽ അഹിംസയെക്കുറിച്ചുള്ളവ കൂടുതൽ അസ്ഥിതപരവും മാനുഷികവുമാണ്.[11] പ്രവൃത്തിപഥത്തിൽ ഉത്തരോത്തരം പ്രകാശിതമാകുന്ന സത്യത്തെ അഹിംസയാണ് താങ്ങിനിർത്തുന്നതെന്നു ഗാന്ധിജി ഉദ്ഘോഷിക്കുന്നു.[12]

---

8 Desai Mahadev H., *Day To Day with Gandhi,* Vol. VIII, p. 344

9 *Ibid,* p. 282.

10 Ramachandran G. and Mahadevan T. K., (Editors), *Gandhi–His Relevance For Our Times,* New Delhi. Gandhi Peace Foundation, 2nd ed. 1967, p. 13

11 Krasa, *Truth and Non–Violences,* A UNESCO Symposium on Gandhi Peace Foundation, 1969, p. I4

12 Ramachandran G. and Mahadevan T. K. (eds), *Op. Cit.* p. 57.

www.malankaralibrary.com



ലോകപുരോഗതിക്കും മാനവജന്മം ധന്യമാകുന്നതിനും സത്യവും അഹിംസയും അനുപേക്ഷണീയമത്രേ. അവയുടെ അസാന്നിദ്ധ്യം നാശവും സാന്നിദ്ധ്യം ശാന്തിയും സമാധാനവും സൃഷ്ടിക്കും.[13] സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ സമുദായം മാത്രമേ അധഃപതനത്തിൽ നിന്നു രക്ഷ നേടുകയുള്ളു. സത്യത്തിൻെറയും അഹിംസയുടെയും ലക്ഷ്യം മനുഷ്യൻെറ വിമോചനവും സമഗ്രമായ വികസനവുമാണെന്നു ബോദ്ധ്യമുണ്ടായിരുന്നതുകൊണ്ടാണു ഗാന്ധിജി അവ സ്വജീവിത പ്രമാണങ്ങളായി സ്വീകരിച്ചതും അങ്ങനെ ചെയ്യാൻ തൻെറ അനുയായികളോടു ആവശ്യപ്പെട്ടതും. വൈയക്തികജീവിതത്തിൻെറയും സാമൂഹ്യജീവിതത്തിൻെറയും സുസ്ഥിതിക്കും ഉന്നമനത്തിനും സത്യവും അഹിംസയും കൂടിയേ തീരൂ. കാരണം അഹിംസ എവിടെയുണ്ടോ അവിടെ സത്യവുമുണ്ടു്. സത്യം എവിടെയുണ്ടോ, അവിടെ ദൈവവുമുണ്ടു്. ദൈവാനുഗ്രഹമാണല്ലോ സർവ്വ പുരോഗതിക്കും നിദാനം.

## 5. അഹിംസയും ഭയവും

തന്നെ ആക്രമിക്കാൻ വരുന്നവനെ തിരിച്ചടിക്കാതെ ആക്രമണവിധേയനാകുകയാണു അഹിംസാവാദി ചെയ്യുന്നതു്. തന്നിമിത്തം അഹിംസാവാദം പലപ്പോഴും ബലഹീനൻെറ, ഭീരുവിൻെറ, രക്ഷാമാർഗ്ഗമായി തെററിദ്ധരിക്കപ്പെടാറുണ്ടു്. എന്നാൽ അഹിംസാസിദ്ധാന്തം ധീരന്മാരുടെ മാത്രം ആയുധമാണു്. ശത്രുവിനെ തിരിച്ചാക്രമിക്കുന്നവനെക്കാറം ശക്തനാണു എതിർക്കാൻ കഴിവുണ്ടായിട്ടും അങ്ങനെ ചെയ്യാതിരിക്കുന്നവൻ. അതായതു് അക്രമിയെ മുട്ടനമുറയനുസരിച്ചു് തോല്പിക്കാനുള്ള കഴിവും അറിവും ഉണ്ടായിരുന്നിട്ടും അപ്രകാരം ചെയ്യാതിരിക്കുന്ന അഹിംസാവാദിയാണു യഥാർത്ഥത്തിൽ ധീരൻ. സ്വന്തം കൈയ്യിൽ നിറതോക്കിരിക്കുമ്പോഴുംപോലും ശത്രുവിൻെറ തോക്കിനു നേരെ വിരിമാറു കാണിക്കുവാൻ ചങ്കുറപ്പുള്ളവനാണവൻ.[14] അദ്ദേഹം എതിരാളിയെ വധിക്കുകയില്ലെന്നുമാത്രമല്ല വേദനിപ്പിക്കുകപോലുമില്ല. എന്തെന്നാൽ സ്നേഹമാണു അദ്ദേഹത്തിൻെറ ശക്തി. മരിക്കേണ്ടിവന്നാലും സ്നേഹത്തിനോ അഹിംസയ്ക്കോ എതിരായ ഒരു വാക്കോ, പ്രവൃത്തിയോ വിചാരമോ, ആ അഹിംസാവാദിയിലുണ്ടായിരിക്കുകയില്ല. ആത്മസഹനത്തിലൂടെ ശത്രുവിൻെറ മാനസാന്തരം സിദ്ധിക്കുകയാണു അദ്ദേഹത്തിൻെറ ലക്ഷ്യം. സ്വന്തം മൃഗീയതയെപ്പററി ബോധമുണ്ടാകുമ്പോഴാണു ശത്രു മാനസാന്തരപ്പെടുക.

---

13 *Harijan,* 29–9–1946, p. 332

14 Desai Mahadev H., *Day To Day with Gandhi,* Vol. V. p. 319

www.malankaralibrary.com



അഹിംസാസിദ്ധാന്തിയുടെ ജീവിതത്തിൽ ഭയത്തിനു സ്ഥാനമില്ല.[15] ഭീരുത്വത്തേക്കാൾ അക്രമത്തേയാണ് ഗാന്ധിജി സ്വീകാര്യമായി കണക്കാക്കിയത്. കാരണം ഭീരുത്വം വെറുപ്പിൽ നിന്നു ജനിക്കുന്നതും അസന്മാർഗ്ഗികവുമാണ്. എന്നാൽ അഹിംസയാകട്ടെ സ്നേഹപ്രചോദിതവും ശ്രേഷ്ഠപുണ്യവുമാണ്. അതുകൊണ്ടു തന്നെയാണ് ഭീരുത്വവും അഹിംസയും പൊരുത്തപ്പെടുകയില്ലെന്ന് പറയുന്നതും. അതിനാൽ അഹിംസാസിദ്ധാന്തം ഭീരുത്വം പരിത്യജിച്ച് ധാർമ്മികശക്തിയും ആത്മധൈര്യവും ആർജ്ജിക്കണമെന്നാവശ്യപ്പെടുന്നു.

ആയുധധാരണം തന്നെ ഭീരുത്വത്തിന്റെ ലക്ഷണമാണെന്നാണ് ഗാന്ധിജിയുടെ നിഗമനം. കാരണം ശത്രു ഏതു നിമിഷവും തന്നെ ആക്രമിച്ചേക്കുമെന്ന് ആയുധധാരി ഭയപ്പെടുന്നു. ആ ഭയത്തിൽനിന്ന് വിമുക്തനാകുവാനും ശത്രുവിനെ വകവരുത്തുവാൻ തനിക്കു കഴിയുമെന്ന് തന്നെത്തന്നെയും ശത്രുവിനെയും ബോദ്ധ്യപ്പെടുത്തുവാനുമാണ് അയാൾ സദാ ആയുധം കൈവശം സൂക്ഷിക്കുന്നത്. മറുവശത്ത് ശത്രുവും ഇതുപോലെതന്നെ ആയുധസംഭരണത്തിലേർപ്പെടുന്നു. ഇരുകൂട്ടരും ഒരു ദൂഷിതവലയത്തിലേർപ്പെട്ടിരിക്കുകയാണ്. ലോകരാഷ്ട്രങ്ങൾ പ്രതിവർഷം ഭീമമായ സംഖ്യ ആയുധീകരണത്തിനായി ചെലവാക്കുന്നത് ഈ ഭയത്തിന്റെ അടിസ്ഥാനത്തിലാണ്.

അഹിംസ പാലിക്കണമെങ്കിൽ ധൈര്യത്തോടൊപ്പം സഹനശീലവും ക്ഷമയും അനുപേക്ഷണീയമാണ്. സ്വന്തം സഹോദരിയുടെ ചാരിത്ര്യം നഷ്ടപ്പെടുത്തിയവന്റെയും, മാറിൽ കഠാരി കുത്തിയിറക്കിയവന്റെയും പാദം ചുംബിക്കാൻ മാത്രം ക്ഷമാശീലം അഭ്യസിച്ചിട്ടുള്ളവനാകണം അഹിംസാസിദ്ധാന്തി.[16] ഈദൃശ ക്ഷമ എത്ര കഠിനഹൃദയനായ ശത്രുവിന്റെയും മനം കവരുകയും അവനെ നിർവീര്യനാക്കുകയും മാനസാന്തരപ്പെടുത്തുകയും ചെയ്യുമെന്നാണ് ഗാന്ധിജിയുടെ പ്രഘോഷണവും പ്രത്യാശയും അനുഭവവും.

## 6. അഹിംസയുടെ ശക്തി

ശാസ്ത്രസാങ്കേതിക വിദ്യകൊണ്ട് മനുഷ്യൻ കണ്ടുപിടിച്ചിട്ടുള്ള ഏററവും ശക്തമായ ആയുധത്തേക്കാൾ ശക്തമാണ് അഹിംസ.[17] അതുല്യമായ ഈ ആയുധം കൈയ്യിലുള്ളവൻ അധൃഷ്യനും ജിതനുമാണ്. അവനെപരാജയപ്പെടുത്തുക അസാദ്ധ്യമാണ്.[18]എന്നാൽ

15 Narayan (ed) *The Selected Works of Mahatma Gandhi,* Ahmedabad-14, 1968, Vol. VI. p. 156

16 Desai Mahadev H, *Day To Day with Gandhi,* Vol. IV. p. 97

17 Narayan (ed), *Op. Cit.,* p.162.

18 *Ibid.* p. 164

www.malankaralibrary.com



അഹിംസാസിദ്ധാന്തത്തിലൂടെ പ്രവർത്തിക്കുന്നതു് സർവ്വശക്തനായ ദൈവംതന്നെയാണു്. ജീവിതത്തിന്റെ ഓരോ വേദിയിലും അഹിംസാനുസരണം ജീവിച്ചു് അതിന്റെ സാർവ്വത്രികമായ ശക്തിയും സാദ്ധ്യതകളും അനുഭവിച്ചറിഞ്ഞവനാണു് ഗാന്ധിജി. അരനൂററാണ്ടു കാലത്തെ അനുഭവത്തിൽ ഒരിക്കൽപോലും അഹിംസ പരാജയപ്പെട്ടിട്ടില്ലെന്നു് അദ്ദേഹം ഉറച്ചു വിശ്വസിക്കുന്നു.[19] അഹിംസയുടെ ശക്തിയിൽ ആത്മാർത്ഥമായി വിശ്വസിച്ച ഗാന്ധിജി പ്രസ്താവിക്കുകയാണു്, അതു് ഉപയോഗശൂന്യവും ഫലരഹിതവുമാണെന്നു് പറയുവാൻ താൻ നിർബന്ധിതനാവുകയാണെങ്കിൽ ആ അവസ്ഥയിൽ വേദനിക്കുന്ന തന്റെ ഹൃദയത്തിനു് വിശ്രമസ്ഥലം മരണം മാത്രമാണെന്നു്.[20]

## 7. സഹനസമരസിദ്ധാന്തം

ഗവണ്മെൻറിന്റെ അധാർമ്മികവും അനീതിപരവും അക്രമാസക്തവുമായ നീക്കങ്ങളെ ചെറുക്കുന്നതിനു് ഗാന്ധിജി കണ്ടുപിടിച്ച ഒരു മാർഗ്ഗമാണു് നിസ്സഹകരണ പ്രസ്ഥാനം. സമാധാനപരവും സ്നേഹപൂർണ്ണവും തികച്ചും നൂതനവുമായ ഒരു പരിപാടിയായാണു് ഇതു് സമാരംഭിച്ചതു്. മനസ്സാക്ഷിക്കും സാമൂഹ്യക്ഷേമത്തിനും വിഘാതമായ ഏതൊരു നിയമത്തെയും എതിർക്കുവാൻ ഭരണീയർ ബാദ്ധ്യസ്ഥരാണെന്നും എന്നാൽ അതു് മാരകായുധോപയോഗം കൊണ്ടായിരിക്കരുതെന്നും ഗാന്ധിജി ഉപദേശിച്ചു. ഇങ്ങനെ നിസ്സഹകരണ പ്രസ്ഥാനങ്ങളെല്ലാം സഹനസമരങ്ങളായി രൂപാന്തരപ്പെട്ടു. അധികാര ദുർവിനിയോഗവും പീഡനങ്ങളും സ്വയം ഏററുവാങ്ങി സഹിക്കുക, പ്രതികാരം ചെയ്യാതിരിക്കുക, വിദ്വേഷംപോലും അവരോടു് തോന്നാതിരിക്കുക–ഇതാണു് സഹനസമരസിദ്ധാന്തത്തിന്റെ പ്രായോഗിക വശം. ഇതിന്റെ ജീവസ്രോതസ്സു് അഹിംസാസിദ്ധാന്തമാണു്. അഹിംസ അജയ്യമാകയാൽ സഹനസമരങ്ങൾ ഒരു കാരണവശാലും പരാജയപ്പെടുകയില്ല. അവയുടെ അന്തിമ വിജയം കുടികൊള്ളുന്നതു് അക്രമിയുടെ മാനസാന്തരംകൂടി സംഭവിക്കുമ്പോഴാണു്. ഈ സഹനസമരമാർഗ്ഗമവലംബിച്ചുകൊണ്ടാണു് ഗാന്ധിജി സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തെ പരാജയപ്പെടുത്തിയതെന്നു് അനുസ്മരിച്ചാൽ, അതിന്റെ ശക്തി നമുക്കു് ഊഹിക്കാവുന്നതേയുള്ളു.

സഹനസമരങ്ങൾ വിജയിക്കണമെങ്കിൽ സുശിക്ഷിതരായ സന്നദ്ധഭടന്മാർ ആവശ്യമാണു്. അഹിംസയുടെ മൂല്യവും പ്രയോജ്യതയും പരിശീലനരീതികളും ആത്മനിയന്ത്രണവും ഏവരും അഭ്യ

19 *Ibid.* p. 163
20 Desai Mahadev H., *Day To Day with Gandhi,* Vol. V. p. 32

www.malankaralibrary.com



സിക്കണം. ഗാന്ധിജിയുടെ ലേഖനങ്ങളുടെയും പ്രഭാഷണങ്ങളുടെയും മുഖ്യോദ്ദേശ്യം സ്വാനുയായികളെ പ്രബുദ്ധരാക്കി അവരെ അഹിംസാവാദികളാക്കുകയായിരുന്നു.

## 8. അഹിംസാസിദ്ധാന്തത്തിന്റെ പ്രസക്തി ഇന്ന്

വ്യക്തിവൈരവും യുദ്ധഭീഷണികളും അനുദിനം വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ഒരു ലോകത്തിൽ അഹിംസാസിദ്ധാന്തത്തിന് എന്താണ് പ്രസക്തി? സന്തോഷവും സമാധാനവും കളിയാടുന്ന ഒരു സ്ഥിതിവിശേഷമാണ് ജാതിമതവർഗ്ഗ വർണ്ണലിംഗഭേദമെന്യെ ഏവരും ആഗ്രഹിക്കുക. എന്നാൽ അക്രമമാർഗ്ഗത്തിലൂടെ അതു നേടിയെടുക്കുക സാദ്ധ്യമല്ലെന്ന് കഴിഞ്ഞ മഹായുദ്ധങ്ങൾ ലോകത്തെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. യുദ്ധംവഴി കരഗതമാകുന്ന ശാന്തി ക്ഷണികമാണെന്നുമാത്രമല്ല അത് തുടർന്നുള്ള യുദ്ധങ്ങൾ അനിവാര്യമാക്കുകയും ചെയ്യുന്നു. അഹിംസാസിദ്ധാന്തത്തിന്റെ അടിയന്തിരാവശ്യകതയാണ് ഇത് വിളിച്ചറിയിക്കുന്നത്. അഹിംസാവാദം ജീവിതത്തിന്റെ എല്ലാ തലങ്ങളിലും പ്രായോഗികമാക്കേണ്ടത് ഇന്നിന്റെ ഏററവും പ്രധാന ആവശ്യമാണ്. ഇതിന് മുൻകൂറായി വേണ്ടത് ജനങ്ങളുടെ ധാർമ്മികപുരോഗതിയാണ്. സഹോദരനെ സ്നേഹിക്കുവാനും ബഹുമാനിക്കുവാനുമുള്ള സന്നദ്ധത എല്ലാവരിലുമുണ്ടാകണം. അപ്പോൾ ആരും ഒരിക്കലും ഹിംസാത്മക മാർഗ്ഗങ്ങൾ കൈക്കൊള്ളുകയില്ല. അഹിംസാസിദ്ധാന്തങ്ങൾക്കനുസരണം ജീവിക്കുവാനുള്ള ധാർമ്മികനിലവാരം സൃഷ്ടിക്കുകയാണ് ഇതിന്റെ വിജയത്തിന് അത്യന്താപേക്ഷിതമായിട്ടുള്ളത്. അപ്പോൾ കലഹപ്രിയവും യുദ്ധഭീഷണികളും സ്വയമേവ അപ്രത്യക്ഷമാവുകയും സന്തോഷവും സമാധാനവും എങ്ങും കളിയാടുകയും ചെയ്യും. അന്തർദേശീയ സഹകരണത്തേയും നിരായുധീകരണത്തേയും കുറിച്ചെല്ലാം രാഷ്ട്രത്തലവന്മാർ ചർച്ചകൾ നടത്തുന്നുണ്ട്. ഗാന്ധിജി വിഭാവനം ചെയ്ത അഹിംസയുടെ പാതയിലേക്ക് ലോകം തിരിച്ചുവരുന്നതിന്റെ നാന്ദിയായി ഈ പുത്തൻപ്രവണതകളെ പരിഗണിക്കാം. എന്തായാലും അഹിംസാമാർഗ്ഗത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് ജനങ്ങൾ ഉത്തരോത്തരം ബോധവാന്മാരായി വരുന്നുണ്ട് എന്നതിൽ അഭിപ്രായാന്തരമില്ല. ഇത് ഏററം ശുഭോദർക്കം തന്നെ.

## 9. അഹിംസാസിദ്ധാന്തവും ക്രിസ്തുമതവും

അഹിംസയോടുള്ള സമീപനത്തിൽ ഗാന്ധിജിയുടേയും ക്രിസ്തുവിന്റേയും പ്രബോധനങ്ങൾക്കു തമ്മിൽ വലിയ സാധർമ്മ്യമുണ്ട്. ദൈവസ്നേഹത്തെപ്പോലെ പ്രധാനപ്പെട്ടതാണ് പരസ്നേഹമെന്ന് ക്രിസ്തു പഠിപ്പിക്കുകയും 'നിന്നെപ്പോലെ നിന്റെ അയൽക്കാരെ സ്നേഹിക്കുക' എന്ന് കല്പിക്കുകയും ചെയ്തു. വ്യക്തിമാഹാത്മ്യത്തെ അങ്ങേയററം ഉയർത്തിപ്പിടിക്കുന്നുണ്ട് ക്രിസ്തുമതം. മനുഷ്യ

www.malankaralibrary.com



വ്യക്തിത്വത്തെ വിലയിടിച്ചു കാണിക്കുന്ന ഒരു സംരംഭത്തേയും സഭ അനുവദിക്കുന്നില്ലെന്നു മാത്രമല്ല അതിനെതിരായി സുധീരം പോരാട്ടുന്നുമുണ്ട്.[21] ഗാന്ധിജിയാകട്ടെ മനുഷ്യനെയെന്നല്ല ജീവജാലങ്ങളിലൊന്നിനേയും വേദനിപ്പിക്കരുതെന്ന് നിഷ്കർഷിക്കുന്നു.[22] ജീവൻ ദൈവത്തിൻെറ അനുപമദാനമാണെന്നും അതിനെ ഹനിക്കുവാൻ ആർക്കും അവകാശമില്ലെന്നും ഗാന്ധിജിയും ക്രിസ്തുവും ഒരുപോലെ അനുശാസിക്കുന്നു. അതിനാലാണ് അഹിംസാസിദ്ധാന്തവും, ക്രിസ്തീയ ധാർമ്മികതയും ഭ്രൂണഹത്യ, കാരുണ്യവധം മുതലായവ നിഷിദ്ധമായി കരുതുന്നത്. ഗാന്ധിജി തൻെറ രാഷ്ട്രീയ സിദ്ധാന്തത്തെ വർഗ്ഗവിദ്വേഷത്തിലും സംഘട്ടനത്തിലും അടിയുറപ്പിക്കാതെ വർഗ്ഗസമത്വത്തിലും മനുഷ്യസാഹോദര്യത്തിലും പടുത്തുയർത്തിയതിൻെറ കാരണവും മറ്റൊന്നല്ല.

എത്ര പ്രകോപനപരമായ സാഹചര്യമുണ്ടായാലും എല്ലാപ്പോഴും അഹിംസാത്മകമായി വർത്തിക്കണമെന്ന സിദ്ധാന്തം ഗാന്ധിജിക്ക് ലഭിച്ചത് ക്രൂശിതനായ ക്രിസ്തുവിൽ നിന്നാണ്. തന്നെ അധിക്ഷേപിക്കുകയും മർദ്ദിക്കുകയും ചെയ്ത യഹൂദപ്രമാണിമാരേയും റോമൻ സൈനികരേയും ശപിക്കുകയോ ശിക്ഷിക്കുകയോ ചെയ്യാതെ അവരോട് ക്ഷമിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത ക്രിസ്തുവിൻെറ മാതൃകയാണ് ഗാന്ധിജി അനുകരിക്കുവാൻ ശ്രമിച്ചത്. ശത്രുക്കളോട് പൊറുക്കുവാനും അവരെ സ്നേഹിക്കുവാനുമുള്ള ചൈതന്യം സുവിശേഷങ്ങളിലെ ഗിരിഗീതയിൽ നിന്നാണ് തനിക്കു ലഭിച്ചതെന്ന് അദ്ദേഹം പ്രഖ്യാപിച്ചിട്ടുമുണ്ട്. സ്വസ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാറം വലിയ സ്നേഹമില്ലെന്നു പഠിപ്പിക്കുകയും സ്വന്തം ജീവിതത്തിൽ അതു് പ്രാവർത്തികമാക്കുകയും ചെയ്ത ക്രിസ്തുവാണ് 'നീ സ്നേഹിക്കുന്ന വസ്തുവിനെ രക്ഷിക്കണമെന്ന് നിനക്കാഗ്രഹമുണ്ടെങ്കിൽ നീ അതിനുവേണ്ടി മരിക്കുകയാണ്‌വേണ്ടതു്, അതിനെ വധിക്കുകയല്ല''[23] എന്നു പറയുവാൻ ഗാന്ധിജിയെ ശക്തനാക്കിയതു്. ചുരുക്കത്തിൽ എല്ലാ മനുഷ്യരും സ്നേഹത്തിലും സന്തോഷത്തിലും സഹവർത്തിത്വത്തിലും—അഹിംസാസിദ്ധാന്തത്തിൻെറ പാതയിൽ—ചരിക്കണമെന്നാണ് അഹിംസാസിദ്ധാന്തവും ക്രിസ്തുമതവും മുഖ്യമായും ഉപദേശിക്കുന്നതു്.

---

21 cfr. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ: സഭ ആധുനിക ലോകത്തിൽ, ഖണ്ഡിക. 1. ബാംഗ്ലൂർ, 1971, p. 418

22 Gandhi M. K. *The Law of Love*, Anand T. Hingarain(eds), Pocket Gandhi Series No. 3, Bombay, 3rd ed. 1970, p. 18

23 Desai Mahadev H., *Day To Day WithGandhi*, Vol. VIII, p. 345

www.malankaralibrary.com



## C. സത്യാഗ്രഹം

സത്യാഗ്രഹം ലോകരാഷ്ട്രീയത്തിനു് ഗാന്ധിജി നൽകിയ ഏറ്റവും വലിയ സംഭാവനയാണു്. തോക്കിൻകുഴലിലൂടെ നേടുന്ന വിജയം സ്ഥായിയും മനുഷ്യോചിതവുമല്ല. വാളെടുക്കാതെ, ബലപ്രയോഗംകൂടാതെ അക്രമത്തിനും അനീതിക്കുമെതിരെ പൊരുതി വിജയിക്കാമെന്നുള്ളതാണു് സത്യാഗ്രഹത്തിന്റെ പ്രത്യേകത.

### 1. എന്താണു് സത്യാഗ്രഹം?

ദക്ഷിണാഫ്രിക്കയിൽവച്ചു് അവിടത്തെ മർദ്ദകഗവണ്മെന്റിനെതിരെ ഗാന്ധിജി സമാരംഭിച്ച ഒരഹിംസാത്മകപ്രസ്ഥാനമാണു് സത്യാഗ്രഹം.[24] 'സത് ആഗ്രഹം' എന്നായിരുന്നു ഇതിന്റെ പ്രഥമാഭിധാനം.[25] 'നല്ല ആഗ്രഹം' എന്നേ ഈ പദത്തിനർത്ഥമുള്ളു. എന്നാൽ സത്യാഗ്രഹത്തിനു് കുറച്ചുകൂടി ആഴമായ അർത്ഥവും വ്യാപ്തിയുമുണ്ടു്. 'സത്' 'ആഗ്രഹം' എന്നീ രണ്ടു സംസ്കൃതപദങ്ങൾ കൂടിച്ചേർന്നതാണു് ഈ വാക്കു്. സത്യത്തിലുള്ള സ്ഥിരത, സത്യത്തിനുവേണ്ടിയുള്ള ആഗ്രഹം, അന്വേഷണം, 'സത്യം മുറുകെ പിടിക്കുക' എന്നൊക്കെയാണു് ഈ വാക്കിനർത്ഥം. ഗാന്ധിജി സത്യാഗ്രഹത്തെ നിർവ്വചിക്കുന്നതു് 'ആത്മസഹനത്തിലൂടെ സത്യം കണ്ടെത്തുവാനുള്ള മാർഗ്ഗം' എന്നാണു്.[26] അതു് ഒരു ആത്മശക്തി (Soul Force) ആണു്.

### 2. സത്യാഗ്രഹവും നിവർത്തനസമരവും (Passive Resistance)

ആദ്യഘട്ടത്തിൽ സത്യാഗ്രഹത്തെ നിവർത്തനസമരമെന്നാണു് ഗാന്ധിജി വിശേഷിപ്പിച്ചിരുന്നതു്. എന്നാൽ ആ പദത്തിനു് അദ്ദേഹം തുടങ്ങിവച്ച പുത്തൻപ്രസ്ഥാനത്തിന്റെ അർത്ഥവും വ്യാപ്തിയും പൂർണ്ണമായി ഉൾക്കൊള്ളുവാൻ കഴിയുകയില്ലാത്തതിനാലാണു് പിന്നീടു് അതുപേക്ഷിച്ചു് 'സത്യാഗ്രഹം' സ്വീകരിച്ചതു്.

സത്യാഗ്രഹം ഒരു ധാർമ്മികായുധമാണു്. ധാർമ്മികശക്തിയുള്ളവർക്കേ അതുപയോഗിക്കാനാവൂ. അതു് സ്നേഹശക്തിയാണു്. അതിന്റെ അന്തസത്ത തന്നെ സ്നേഹമാണു്, സത്യാഗ്രഹി ഒരിക്കലും തന്റെ പ്രതിയോഗിയുടെ നാശം ആഗ്രഹിക്കുകയോ അതിനായി പരിശ്രമിക്കുകയോ ചെയ്യുന്നില്ല. ശത്രുവിലുള്ള തിന്മ മാത്രമേ സത്യാഗ്രഹി വെറുക്കുന്നുള്ളു. സത്യാഗ്രഹി അയാളുടെ ഒരു മിത്രമാണു്. സത്യം എന്താണെന്നു് തന്റെ പ്രതിയോഗിയെ മനസ്സിലാ

---

24 Gandhi M.K., *The Story of My Experiments With Truth*, Mahadev Desai (tr.) Ahmedbad, Navajivan Publishing House, 2nd ed, 1972, p. 239

25 Gandhi M. K., *Satyagraha in South Africa*, Narayan (ed.), Ahmedbad–14, 1968, p. 172

26 *Young India*, 23–3–1921, p. 90

www.malankaralibrary.com



ക്കുകയാണ് അയാളുടെ ലക്ഷ്യം. സാഹചര്യങ്ങൾ എത്രമാത്രം പ്രകോപനപരമായാലും അയാൾ അക്രമമാർഗ്ഗങ്ങൾ അവലംബിക്കുകയില്ല. ആത്മസഹനം വഴി അക്രമിയെ മാനസാന്തരപ്പെടുത്തുന്നതിനാണ് അയാൾ ശ്രമിക്കുക. ദൈവശക്തിയാൽ നിയന്ത്രിതവും പ്രചോദിതവുമായ ഒരു ആദ്ധ്യാത്മിക വീക്ഷണമാണ് സത്യാഗ്രഹത്തിനടിസ്ഥാനം.

എന്നാൽ നിവർത്തനസമരം ഒരു യുദ്ധമുറയാണ്. ആക്രമണം പരോക്ഷമാണെന്നു മാത്രം. അതിനു കാരണം നേരിട്ട് എതിർത്തു തോല്പിക്കാനുള്ള ശക്തിയില്ലായ്മയാണ്. ബലഹീനതയുടെ അടയാളമാണ് നിവർത്തനസമരം. അതു് നമ്മെ ശക്തിപ്പെടുത്തുകയില്ല, നശിപ്പിക്കുകയേ ഉള്ളു. ശത്രുവിന്റെ നന്മയോ മാനസാന്തരമോ അതിന്റെ ലക്ഷ്യമല്ല. സ്നേഹത്തിനും സമാധാനത്തിനും അതിൽ സ്ഥാനവുമില്ല. തന്നെയുമല്ല ഏതു സമയവും അതു് പ്രത്യക്ഷമായ സായുധസമരമായിത്തീരാനും സാദ്ധ്യതയുണ്ട്. ഗാന്ധിജി തന്നെ പറയുന്നു, 'സത്യാഗ്രഹവും നിവർത്തനസമരവും തമ്മിൽ ധ്രുവാന്തരമുണ്ടെന്നു്.'[27]

## 3. സത്യാഗ്രഹസ്രോതസ്സ്

ഗാന്ധിജിയുടെ സത്യാഗ്രഹപ്രസ്ഥാനത്തിന്റെ അടിസ്ഥാന ഉറവിടം പൗരാണിക ഇൻഡോ—ആര്യന്മാരുടെ ഇടയിൽ നിലവിലിരുന്ന യാഗമാണ്. പ്രസ്തുതയാഗത്തിന്റെ മുഖ്യഘടകമാണ് ആത്മബലി. ഉദ്ദേശസാദ്ധ്യത്തിനായി തന്നെത്തന്നെ പ്രതികാരാത്മകമായി അർപ്പിക്കുക എന്ന യാഗസിദ്ധാന്തത്തിന്റെ പ്രായോഗികവികസിതരൂപമാണ് ഗാന്ധിജിയുടെ സത്യാഗ്രഹം.

അഹിംസാസിദ്ധാന്തത്തിന്റെ മകുടമായ സത്യാഗ്രഹം ഹൈന്ദവസംസ്കാരത്തിന്റേയും ആർഷഭാരതത്തിന്റേയും ഒരമൂല്യ പൈതൃകമാണ്. തന്നിമിത്തം സത്യാഗ്രഹപ്രസ്ഥാനത്തിന്റെ ഉദ്ഭവവും വളർച്ചയും അന്വേഷിക്കുമ്പോൾ വേദോപനിഷത്തുകൾ, ഗീത തുടങ്ങിയ ഹിന്ദുമതഗ്രന്ഥങ്ങളുടെ സ്ഥാനം മറക്കുവാനോ അവയുടെ സ്വാധീനം നിഷേധിക്കുവാനോ സാദ്ധ്യമല്ല.[28] അതുപോലെതന്നെ ബുദ്ധജൈനമത സിദ്ധാന്തങ്ങളുടെ സ്വാധീനവും പ്രത്യേകം പ്രസ്താവ്യമത്രെ.

ഗാന്ധിജിയുടെ സത്യാഗ്രഹപ്രസ്ഥാനത്തിന്റെ മറ്റൊരു സ്രോതസ്സ് ബൈബിളാണ്, പ്രത്യേകിച്ച് പുതിയനിയമത്തിലെ ഗിരിപ്രഭാഷണം. കൂടാതെ ടോൾസ്റ്റോയ്, തോറോ, റസ്കിൻ തുട

27 M.K. Gandhi, *Science of Satyagraha*, Edited by Anand T. Hingorani, Bombay, 1970, p. 26

28 Sridharni Krishnalal, *War without Violence,* Bombay, 1962, p. 164.

www.malankaralibrary.com



ങ്ങിയ ചിന്തകന്മാരുടെ ഗ്രന്ഥങ്ങളും ഗാന്ധിജിക്ക് നവീനാശയങ്ങൾ പ്രദാനം ചെയ്തു. ഈദൃശസ്രോതസ്സുകളോട് തൻെറ പ്രബോധനങ്ങൾക്കുള്ള കടപ്പാട് ഗാന്ധിജിതന്നെ പലപ്പോഴും അംഗീകരിച്ചിട്ടുള്ളതാണ്.

ചില പാശ്ചാത്യഗ്രന്ഥകാരന്മാർ സത്യാഗ്രഹം ഒരു പഴയ പാശ്ചാത്യചിന്തയുടെ ഭാരതീയാവിഷ്കരണമാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.[29] ഇതിൻെറ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്.

## 4. സത്യാഗ്രഹത്തിൻെറ വളർച്ച

സത്യാഗ്രഹസിദ്ധാന്തത്തിന് നാല് വിവിധ പരിണാമഘട്ടങ്ങളുണ്ട്.[30] അനീതിപരമായ എന്തിനോടെങ്കിലുമുള്ള ബോധപൂർവ്വവും ധീരവുമായ എതിർപ്പാണ് സത്യാഗ്രഹം പ്രഥമഘട്ടത്തിൽ. മതസ്വാതന്ത്ര്യം, മനസ്സാക്ഷിസ്വാതന്ത്ര്യം, മനുഷ്യമഹത്വം മുതലായവയുടെ അംഗീകരണവും അവയുടെ നിഷേധത്തിലുള്ള പ്രതിഷേധവുമാണ് ഈ ഘട്ടത്തിൽ സത്യാഗ്രഹം അർത്ഥമാക്കുക.

ദ്വിതീയഘട്ടത്തിൽ സത്യാഗ്രഹം മുഖ്യമായും ഒരു മനോഭാവമാണ്. നിർഭയത്വസമന്വിതമായ സ്നേഹത്തിൻേറയും അഹിംസയുടേയും മനോഭാവവും അധാർമ്മികമായ പൊതുനിയമങ്ങളുടെ ലംഘനവും കൂടിച്ചേർന്നതാണ് ഈ ഘട്ടത്തിലെ സത്യാഗ്രഹം.

രണ്ടാംഘട്ടത്തിലെ മനോഭാവങ്ങളോടുകൂടി ആദ്ധ്യാത്മിക ശക്തിയും കൂടിച്ചേരുമ്പോൾ സത്യാഗ്രഹം തൃതീയഘട്ടത്തിലേക്കു പ്രവേശിക്കുന്നു. ഈ ഘട്ടത്തിൽ സർവ്വപ്രധാനമായ സ്ഥാനമാണ് ദൈവത്തിന് നല്കിയിരിക്കുന്നത്. ഗാന്ധിജി തന്നെ പറയുന്നു, 'അഹിംസാത്മകസമരത്തിൽ ദൈവംതന്നെയാണ് പദ്ധതികൾക്ക് രൂപം കൊടുക്കുന്നതും സമരം നയിക്കുന്നതും.[31] തന്നിമിത്തം സത്യാഗ്രഹം ഒരു ദൈവികസംരംഭം (Divine endeavour) ആണെന്നു പറയാം. ഈശ്വരാനുഗ്രഹം ഒന്നുമാത്രമാണ് സത്യാഗ്രഹിയെ താങ്ങി നിർത്തുന്ന ശക്തി. ഗാന്ധിജിയുടെ വാക്കുകളിൽ, "സത്യാഗ്രഹത്തിൻെറ നാരായവേരാണ് പ്രാർത്ഥന. ഈശ്വരനാണ് സത്യാഗ്രഹിയെ സ്വേച്ഛാധിപതിയുടെ മൃഗീയശക്തിയിൽ നിന്നു രക്ഷിക്കുക."[32]

---

29 Herman A. L., Satyagraha—"A new Indian word for some old ways of western thinking", *Philosophy East and West,* Vol 19. No. 2, April 1969, pp. 142—143.

30 *Young India,* 14—1—1920, p. 5.

31 *The Collected Works of Mahatma Gandhi,* Vol. IX, p.14.

32 *The Collected Works,* Vol. III, p. 62.

www.malankaralibrary.com



സത്യാഗ്രഹത്തിനു് ഒരു ദൈവിക അനുമതി(Divine Sanction) ഉണ്ടെന്നു പറയുന്നതു് ഈ അർത്ഥത്തിലാണു്. ബൗദ്ധികശക്തി ശാരീരികശക്തിയെക്കാളും ആത്മീയശക്തി ബൗദ്ധികശക്തിയേക്കാളും ശ്രേയസ്കരമാണെന്നു് ഗാന്ധിജി അടിയുറച്ചു വിശ്വസിച്ചിരുന്നു. സത്യാഗ്രഹിയെ സംബന്ധിച്ചിടത്തോളം ഈശ്വരവിശ്വാസത്തിനുള്ള പ്രാധാന്യമാണു് ഈ തൃതീയഘട്ടത്തിൻെറ സവിശേഷത.

സത്യാഗ്രഹത്തിൻെറ നാലാമത്തെ ഘട്ടം പ്രതിയോഗിയുടെ മാനസാന്തരത്തെ കേന്ദ്രീകരിച്ചിരിക്കുന്നു.[33] ഓരോ മനുഷ്യനിലും അവനെത്ര ദുഷ്ടനായി കാണപ്പെട്ടാലും നന്മയുടെ ഒരംശമെങ്കിലും കുടികൊള്ളുന്നുണ്ടു് എന്ന വിശ്വാസമാണു് ഈ മാനസാന്തരത്തിനുള്ള ഉറപ്പു്. സത്യാഗ്രഹിയുടെ സഹനസന്നദ്ധതയും ക്ഷമയുമാണു് ഇതിനു് ഏററവും ആവശ്യം. സത്യാഗ്രഹത്തിൻെറ മൂർച്ചയേറിയ ഖഡ്ഗം പ്രയോഗിക്കുന്നതു് മനുഷ്യനിലെ തിന്മയുടെ ആവരണം മാററി ഗുപ്തമായിരിക്കുന്ന നന്മയെ വെളിപ്പെടുത്തുവാനാണു്.

സത്യാഗ്രഹത്തിൻെറ ഈ വളർച്ച നമ്മെ അനുസ്മരിപ്പിക്കുന്ന യാഥാർത്ഥ്യം ഇതാണു്: മനുഷ്യനിലുള്ള തെററുകൾ തിരുത്തുക അവൻെറ അടിസ്ഥാന കർത്തവ്യമാണെന്നതിൽ സംശയമില്ല. തെററുകളെ ദൂരീകരിച്ചാൽ മാത്രം പോരാ അവയുടെ സ്ഥാനത്തു് മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന നന്മകൾ പരിപോഷിപ്പിക്കുകകൂടി വേണം. ഇതിനു് ഈശ്വരസഹായം അത്യന്താപേക്ഷിതമാണെന്നു് ഗാന്ധിജി പഠിപ്പിക്കുന്നു; 'എന്നെക്കൂടാതെ നിങ്ങൾക്കൊന്നും ചെയ്യുവാൻ കഴിയുകയില്ലെന്നു്'[34] സ്വശിഷ്യരെ ഉപദേശിച്ച ക്രിസ്തുവിനെപ്പോലെ.

## 5. സത്യാഗ്രഹത്തിൻെറ അടിസ്ഥാനതത്ത്വങ്ങൾ

### a) ജീവൻെറ അടിസ്ഥാനപരമായ ഐക്യം (Unity of life)

പ്രാപഞ്ചികയാഥാർത്ഥ്യങ്ങളെല്ലാം പരമമായ യാഥാർത്ഥ്യത്തിൻെറ വിവിധ രൂപങ്ങളാണു്. ജീവജാലങ്ങളിലെല്ലാം കുടികൊള്ളുന്നതു് ഒരേ ഒരു ജീവനാണു്. ഈ അർത്ഥത്തിൽ ഒരു ജീവനും ഒരു അരൂപിയും മാത്രമെയുള്ളു. അതുകൊണ്ടാണു് എല്ലാവരും സഹോദരീ സഹോദരന്മാരാണെന്നും ആരും ആരുടെയും ശത്രുക്കളല്ലെന്നും ഗാന്ധിജി വാദിച്ചതു്. ജീവൻെറ അടിസ്ഥാനപരമായ ഈ ഐക്യവും പരസ്പരാശ്രയത്വവുമാണു് സത്യാഗ്രഹത്തിൻെറയും അഹിംസയുടെയും അടിസ്ഥാനതത്ത്വം. എല്ലാവരിലും ഒരു ജീവൻതന്നെയാണു്

33 *Young India*, 24—4—1924, p. 133
34 യോഹ. 14; 5

www.malankaralibrary.com



സ്പന്ദിക്കുന്നത് എന്ന തത്ത്വം എല്ലാവരെയും സ്നേഹിക്കുവാനും ബഹുമാനിക്കുവാനും നമ്മെ നിർബ്ബന്ധിക്കുന്നു. ഗാന്ധിജി പ്രസ്താവിക്കുന്നു: ''ഞാൻ അദ്വൈതത്തിൽ വിശ്വസിക്കുന്നു. മനുഷ്യന്റെയും അക്കാരണത്താൽ തന്നെ ജീവനുള്ള സകലത്തിന്റെയും സത്താപരമായ ഐക്യത്തിൽ ഞാൻ വിശ്വസിക്കുന്നു.[35] ആത്യന്തികമായി എല്ലാ ജീവനും ഒന്നാണെങ്കിൽ ഏതെങ്കിലും ഒരു ജീവിയെ വേദനിപ്പിക്കുന്ന വ്യക്തി തന്നെത്തന്നെയാണ് വേദനപ്പിക്കുന്നത്. ഹിംസ ചെയ്യുന്നവൻ ജീവന്റെ അടിസ്ഥാനപരമായ ഐക്യത്തെയാണ്, പരമമായ സത്യത്തെയാണ് നിഷേധിക്കുന്നത്. അതുവഴി ആത്മസാക്ഷാത്കാരത്തിനുള്ള കഴിവും അവസരവും പരിമിതപ്പെടുത്തുകയുമാണ് ചെയ്യുക. ആകയാൽ സാക്ഷാത്കാരത്തിനുള്ള ഏകമാർഗ്ഗം അഹിംസയാണ്.

## b) അഹിംസ (Non-violence)

അഹിംസ എന്ന പദത്തിന്റെ വാച്യാർത്ഥം 'ഉപദ്രവിക്കാതിരിക്കുക' 'കൊല്ലാതിരിക്കുക' എന്നൊക്കെയാണ്. എന്നാൽ അതിന്റെ പൂർണ്ണവും ഭാവാത്മകവുമായ അർത്ഥം സ്നേഹം എന്നാണ്. ഗാന്ധിജിയുടെ അഭിപ്രായത്തിൽ സത്യദർശനത്തിനുള്ള ഏകമാർഗ്ഗമാണ് അഹിംസ.[36] എതിരാളിയെപ്പോലും ഒരിക്കലും വേദനിപ്പിക്കുകയില്ലെന്നുള്ളതാണ് അഹിംസയുടെ മുഖ്യസവിശേഷത. സത്യത്തിന്റെയും അഹിംസയുടെയും അരൂപിക്ക് വിരുദ്ധമായതെല്ലാം അക്രമമാണ്. മനുഷ്യരിൽ പകയും വൈരാഗ്യവും വളർത്തുകയും അവരെ സത്യമാർഗ്ഗഭ്രംശത്തിന് പ്രേരിപ്പിക്കുകയുമാണ് അക്രമത്തിന്റെ ലക്ഷ്യം. ആകയാൽ യഥാർത്ഥ സത്യാഗ്രഹി അക്രമം ഉപേക്ഷിക്കണം. സത്യാഗ്രഹത്തിന്റെ അടിസ്ഥാനഘടകങ്ങളാണ് സ്നേഹവും അഹിംസയും. അതുകൊണ്ടു തന്നെയാണ് അഹിംസാത്മകമായ സമരം[37] എന്നു ഗാന്ധിജി സത്യാഗ്രഹത്തെ വിശദീകരിച്ചത്.

## c) കർമ്മനിയമം

ഓരോരുത്തനും അവനവന്റെ പ്രവൃത്തിയ്ക്കനുസരിച്ച പ്രതിഫലം തീർച്ചയായും ലഭിക്കും എന്ന് കർമ്മനിയമം പഠിപ്പിക്കുന്നു. ഇതനുസരിച്ച് നന്മ ചെയ്യുന്നവന് സമ്മാനവും തിന്മ ചെയ്യുന്നവന് ശിക്ഷയും ലഭിക്കും. സത്യാഗ്രഹികൾ കർമ്മനിയമത്തിൽ വിശ്വസിക്കണമെന്നും അതു ജീവിതപ്രമാണമായി സ്വീകരിക്കണമെന്നും ഗാന്ധിജി ഉപദേശിച്ചിട്ടുണ്ട്. തദ്വാരാ ജനങ്ങൾ ധാർമ്മികജീവി

35 V. P. Varma, *Op. Cit.*
36 Venkatarangaiya M., *Gandhiji's Gospel of Satyagraha*, Bombay, 1966, p. 7
37 Shridharni K., *War Without Violence*, Bombay, 1962, p.16

www.malankaralibrary.com



തം നയിക്കുന്നതിലും ദുഷ്കൃത്യങ്ങൾ പരിത്യജിക്കുന്നതിലും ഉത്സുകരായിത്തീരുമെന്ന് അദ്ദേഹത്തിന് ഉറപ്പുണ്ടായിരുന്നു. അഹിംസാസിദ്ധാന്തത്തെ ജനഹൃദയങ്ങളിൽ പ്രതിഷ്ഠിക്കുന്നതിന് കമ്മ്യൂണിസമപ്രബോധനം ഗാന്ധിജിയെ വളരെയേറെ സഹായിച്ചിട്ടുണ്ട്.

d) സഹനസിദ്ധാന്തം

സഹനത്തിന് ഒരു ദൈവികശക്തിയുണ്ടെന്നും ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിന് അതിനൊരു പ്രത്യേക കഴിവുണ്ടെന്നുമുള്ള ഭാരതീയരുടെ ചിരകാല വിശ്വാസമാണ് ഈ സിദ്ധാന്തത്തിനടിസ്ഥാനം. ഒരു പ്രവൃത്തിയുടെ മഹത്ത്വം അടങ്ങിയിരിക്കുന്നത് അതിലുള്ള ത്യാഗത്തിലും സഹനത്തിലുമാണെന്നും[38] പരമമായ ഒരു ലക്ഷ്യത്തിനുവേണ്ടി ഒരാൾ എത്രമാത്രം സഹിച്ചാലും അതൊരിക്കലും അധികമാകില്ലെന്നുമാണ് ഇത് സത്യാഗ്രഹിയെ ഉദ്ബോധിപ്പിക്കുന്നത്. എല്ലാ പ്രവൃത്തികളും ആത്മബലിയുടെ മനോഭാവത്തോടെ ചെയ്യുവാൻ ഇത് ആഹ്വാനം ചെയ്യുന്നു. ഗാന്ധിജിയുടെ അഭിപ്രായത്തിൽ സ്വയം സത്യം കണ്ടെത്തുന്നതിനും പ്രതിയോഗിയെ സത്യത്തിലേക്കാനയിക്കുന്നതിനും ഏറ്റവും പര്യാപ്തമായ മാർഗ്ഗം ആത്മസഹനമാണ്. ഒരു യഥാർത്ഥസത്യാഗ്രഹി തിന്മയെ ബാഹ്യമായി എതിർക്കുന്നതിനുപകരം അതു സുധീരം സഹിക്കുന്നു. ഈ സഹനം തന്റെ തെറ്റുകളെക്കുറിച്ച് അനുതപിക്കുവാൻ അപരനെ നിർബ്ബന്ധിക്കുകയും അയാൾ അക്രമമുപേക്ഷിച്ച് സത്യത്തിന്റെ പാത പുല്കുകയും ചെയ്യും.[39]

e) മനുഷ്യനിലെ അടിസ്ഥാന നന്മ

ഗാന്ധിയൻ ചിന്താധാരകളുടെയെല്ലാം അടിസ്ഥാനം മനുഷ്യന്റെ ആത്മനന്മയിലുള്ള വിശ്വാസമാണ്. പ്രപഞ്ചയാഥാർത്ഥ്യങ്ങളെല്ലാം ഒരേയൊരു പരമസത്തയിൽനിന്നുദ്ഭവിച്ചു, അതിന്റെ ഭാഗഭാഗിത്വങ്ങളും മൂർത്തീഭാവങ്ങളുമാണെന്ന ഹൈന്ദവ വിശ്വാസമാണ് ഈ തത്ത്വത്തിനാസ്പദം. ഇതനുസരിച്ച് ഒരോ മനുഷ്യനിലും ദൈവാംശം കുടികൊള്ളുന്നു. തന്നിമിത്തം അടിസ്ഥാനപരമായി ഓരോ വ്യക്തിയിലും നന്മയുണ്ട്.[40] ഈ അർത്ഥത്തിൽ ഒരാളേയും ദുഷ്ടനെന്നു വിളിക്കുക സാദ്ധ്യമല്ല. ബാഹ്യമായി തിന്മയിലേക്കുള്ള ചാച്ചിലുകൾ ഒരുവൻ പ്രകടിപ്പിച്ചാൽപോലും അടിസ്ഥാനപരമായി അവനിൽ നന്മ സ്ഥിതി ചെയ്യുന്നു. അവസരവും പ്രേരണയും നല്കിയാൽ ദുഷ്ടന്മാരായി കരുതപ്പെടുന്നവരിൽ ഗുപ്തമായിരിക്കുന്ന

38 *Young India*, 16–6–1920, p. 3

39 Cfr. *Young India*, 19–3–1925

40 Cfr. N. A. Nikam, *Gandhiji's Discovery of Religion*, Bombay, Ist ed 1963, p. 32

www.malankaralibrary.com



നന്മയെ പുറത്തുകൊണ്ടുവരുന്നതിനും അവരെ സത്യപ്രകാശത്തിലേക്കാനയിക്കുന്നതിനും കഴിയും. ഇതുതന്നെയാണ് സത്യാഗ്രഹിയുടെ ലക്ഷ്യവും ദൗത്യവും.

f) സത്യമേവ ജയതേ!

സത്യാഗ്രഹത്തിന്റെ അടിസ്ഥാനം സത്യം വിജയിക്കും എന്ന വിശ്വാസമാണ്.[41] സത്യം മാത്രമേ ശാശ്വതമായി വിജയിക്കുകയുള്ളു, എന്നത് ഭാരതീയക്ക് പുരാതന കാലം മുതൽ ഉണ്ടായിരുന്ന ഒരു വിശ്വാസമത്രെ. ഈ വിശ്വാസവും പ്രത്യാശയുമാണ് അക്രമത്തിനും അനീതിക്കുമെതിരെ അന്ത്യം വരെ സമരം ചെയ്യുവാൻ സത്യാഗ്രഹിയെ ശക്തനാക്കുന്നത്. സത്യത്തെ എന്നന്നേക്കുമായി മറച്ചുവെയ്ക്കുവാൻ ആർക്കും സാധിക്കുകയില്ലെന്നുള്ളതിന് ചരിത്രം തന്നെ ഉത്തമ തെളിവാണ്. സത്യത്തിന് ദൈവം എന്ന പദത്തേക്കാറം കൂടുതൽ അർത്ഥപൂർണ്ണതയുണ്ടെന്ന് ഗാന്ധിജി കരുതുന്നു.[42]

സത്യാഗ്രഹത്തിന്റെ അടിസ്ഥാന തത്ത്വങ്ങളാണ് മേൽപ്രസ്താവിച്ച ആറു കാര്യങ്ങൾ. അവയെല്ലാം തന്നെ പ്രധാനപ്പെട്ടവയാണെങ്കിലും, അഹിംസ അവയുടെ നട്ടനായകത്വം വഹിക്കുന്നു. പ്രസിദ്ധ ദാർശനികനായ റോമയിൻ റോളൻറിന്റെ വാക്കുകളിൽ സത്യാഗ്രഹത്തിന്റെ ആത്മാവ് സ്നേഹവും സത്യവും സഹനവുമാണ്.

## 6. സത്യാഗ്രഹം പ്രയോഗത്തിൽ

ഏതാനും പേർ തിന്മ പ്രവർത്തിക്കുകയും അപരർ അതിന്റെ ഭവിഷ്യത്തുകൾ അനുഭവിക്കുകയും ഏതു വിധേനയും തിന്മ തുടച്ചുമാററണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു സമൂഹമാണ് സത്യാഗ്രഹം പ്രയോഗത്തിലാക്കാൻ പററിയ വേദി. തിന്മയിൽ ഉറച്ചു നില്ക്കുന്നവരെ അതിൽ നിന്ന് തിരിച്ച് സത്യത്തിലേക്കാനയിക്കുന്നതിനാണ് സത്യാഗ്രഹം ഉപയോഗപ്പെടുത്തുക. എന്നാൽ സത്യാഗ്രഹത്തിന്റെ വ്യവസ്ഥാപിത മാർഗ്ഗങ്ങളവലംബിക്കുന്നതിനു മുമ്പ് തിന്മക്കെതിരായി പ്രയോഗിക്കാവുന്ന ചില മാർഗ്ഗങ്ങളുണ്ട്. തിന്മയുടെ ഹീനതയെക്കുറിച്ച് അതു പ്രവർത്തിക്കുന്നവനെ ബോധ്യപ്പെടുത്തുകയും നന്മയിലേക്കു വരുവാൻ ആഹ്വാനം ചെയ്യുകയും അനീതിക്കെതിരെ അന്ത്യംവരെ പൊരുതുമെന്ന് മുന്നറിയിപ്പു നല്കുകയും ചെയ്യുക. ആവശ്യമെങ്കിൽ ഈ പരിശ്രമങ്ങളിൽ മദ്ധ്യസ്ഥന്മാരുടെയും കോടതികളുടേയും സഹായം തേടാവുന്നതാണ്. ഈ അനുരഞ്ജന മാർഗ്ഗങ്ങളെല്ലാം പരീക്ഷിച്ചിട്ടും ഫലമില്ലാതാകുമ്പോഴാണ് സത്യാഗ്രഹമാർഗ്ഗങ്ങൾ പ്രയോഗിക്കേണ്ടത്.[44]

41 M. K. Gandhi, *Satyagraha in South Africa*, p. 285
42 K. Kripalani, *All Men are Brothers*, Alahabad, 1966, p. 78
43 R. R. Diwakar, *Saga of Satyagraha*, New Delhi, 1969, p. 41.
44 *Young India*, 20–10–1927, pp. 353–354.

www.malankaralibrary.com



ഏതൊരു സമരമാർഗ്ഗത്തിന്റേയും അന്തിമ ലക്ഷ്യം പ്രതിയോഗിയെ ഇനിയും അതിക്രമങ്ങൾ പ്രവർത്തിക്കുവാൻ അശക്തനാക്കുകയാണ്. ഹിംസാത്മക സമരങ്ങളിൽ ഇതു സാധിക്കുന്നതു് ശത്രുവിനെ ദേഹോപദ്രവമേല്പിച്ചുകൊണ്ടു് അഥവാ നശിപ്പിച്ചുകൊണ്ടാണ്. സത്യാഗ്രഹത്തിലാകട്ടെ സമാധാനമാർഗ്ഗങ്ങളിലൂടെയുള്ള മനഃപരിവർത്തനത്തിലൂടെയാണ് ഇതു് സാധിക്കുക.

a) നിസ്സഹകരണം (Non–Co–operation)

ഗാന്ധിജി പ്രസ്താവിക്കുന്നു, ''ഏററവും ക്രൂരനും ബലവാനുമായ സ്വേച്ഛാധിപതിക്കുപോലും ഭരണീയരുടെ സമ്മതമില്ലാതെ തുടർന്നു ഭരിക്കുക സാദ്ധ്യമല്ല. പ്രജകൾ അവരുടെ പിൻതുണ പിൻവലിക്കുന്ന ക്ഷണത്തിൽ അയാളുടെ അധികാരം ഇല്ലാതാകുന്നു.''[45] ഈ തത്ത്വമാണ് നിസ്സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാനം. അധാർമ്മികമായും അനീതിപരമായും പ്രവർത്തിക്കുന്നവരിൽ നിന്നു് സമൂഹത്തിന്റെ പിന്തുണ പിൻവലിപ്പിച്ചു് അവരെ ഒററപ്പെടുത്തി നിർവീര്യരാക്കുക എന്നതാണ് നിസ്സഹകരണ പ്രസ്ഥാനം കൊണ്ടുദ്ദേശിക്കുക.

നിഷേധാത്മകവും ക്രിയാത്മകവുമായ രണ്ടു വശങ്ങളുണ്ടു് ഈ പ്രസ്ഥാനത്തിന്. നിഷേധാത്മകമായി അധർമ്മികളോട് സഹകരിക്കാതിരിക്കുക; ക്രിയാത്മകമായി തിന്മ നിർമ്മാർജ്ജനം ചെയ്യുക. ഇതു രണ്ടും കൂടുമ്പോൾ മാത്രമേ നിസ്സഹകരണപ്രസ്ഥാനം സമ്പൂർണ്ണ വിജയമാകൂ.

നിസ്സഹകരണം ഒരു സത്യാഗ്രഹ മാർഗ്ഗമെന്ന നിലയിൽ പ്രയോഗിക്കുന്നതു്[46] ഔദ്യോഗിക കർത്തവ്യങ്ങളിൽ നിന്നും വിരമിച്ചുകൊണ്ടാണ്. ജോലി രാജിവയ്ക്കുക, കോടതികളും സ്കൂളുകളും ബഹിഷ്കരിക്കുക, നികുതി നല്കാതിരിക്കുക, ജനജീവിതത്തിന് സ്തംഭനമുണ്ടാകാതിരിക്കാൻ സമാന്തര സ്ഥാപനങ്ങൾ നടത്തുക ഇവയാണ് ഗാന്ധിജി ഉപദേശിക്കുകയും അനുവർത്തിക്കുകയും ചെയ്ത പ്രമുഖ നിസ്സഹകരണ മാർഗ്ഗങ്ങൾ. വ്യക്തികളുടെ ജീവിതത്തിലും സാമൂഹ്യതലത്തിലും എന്നു വേണ്ട ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ഈ മാർഗ്ഗങ്ങൾ അവലംബിക്കാം; പ്രായഭേദമെന്യേ എല്ലാവർക്കും ഇതിൽ പങ്കെടുക്കുകയും ചെയ്യാം.

b) നിയമലംഘനം (Civil Disobedience)

സാധാരണയായി നിയമാനുസൃതം ജീവിക്കുന്ന പൗരന്മാർ അനീതിപരവും ജനദ്രോഹപരവുമായ നിയമങ്ങളെ സംഘടിതമായി എതിർക്കുന്നതാണ് സിവിൽ നിയമ ലംഘനം. ഈ മാർഗ്ഗം വി

45 Shridharni K., *War Without Violence*, p. 34
46 *Ibid.* pp. 34–36.

www.malankaralibrary.com



ജയിക്കണമെങ്കിൽ സത്യാഗ്രഹിക്ക് സുദീർഘവും വ്യവസ്ഥാപിതവുമായ ശിക്ഷണം നല്കേണ്ടതുണ്ട്. കാരണം പ്രതിയോഗികൾ എന്തു മാർഗ്ഗമുപയോഗിച്ചും ഈ നീക്കങ്ങളെ തകർക്കുവാൻ പരിശ്രമിക്കും. തദവസരത്തിൽ സത്യാഗ്രഹി ക്ഷമാപൂർവ്വമായ സഹനത്തിനു തയ്യാറാവണം. ഇതു് പ്രതിയോഗികളുടെ മനശ്ശക്തിയെ ക്ഷയിപ്പിക്കുകയും വീണ്ടും തിന്മ പ്രവർത്തിക്കുന്നതിനു് അവരെ അപ്രാപ്തരാക്കുകയും ചെയ്യും. താമസംവിനാ ഇരുകൂട്ടരും സന്ധിസംഭാഷണങ്ങൾക്കും അനുരഞ്ജനത്തിനും അന്വേഷണമാരംഭിക്കും ഇതാണ് സിവിൽ നിയമലംഘനത്തിനു് പിന്നിലുള്ള മനഃശ്ശാസ്ത്രം.[47]

c) ഉപവാസം (Fast)

സത്യാഗ്രഹത്തിന്റെ ഏററവും ശക്തമായ ആയുധമാണ് ഉപവാസം. സഹനസിദ്ധാന്തത്തിന്റെ ഉച്ചകോടിയാണിതു്.[48] ഉപവാസമനുഷ്ഠിക്കുന്നതു് സത്യാന്വേഷണ മാർഗ്ഗമെന്ന നിലയ്ക്കും പാപപ്പരിഹാരത്തിനും ആത്മവിശുദ്ധീകരണത്തിനും ആയിരിക്കണമെന്നും സ്വാർത്ഥതാത്പര്യങ്ങളെ മുൻനിറുത്തി ആയിരിക്കരുതെന്നും ഗാന്ധിജി പ്രത്യേകം മുന്നറിയിപ്പു നൽകുന്നു. പ്രസ്തുത ലക്ഷ്യങ്ങൾക്കായി അദ്ദേഹംതന്നെ സംഘടിപ്പിച്ച ഉപവാസങ്ങൾ പ്രഖ്യാതങ്ങളാണ്. ഈ ഉപവാസയജ്ഞങ്ങളാണ് സത്യാഗ്രഹപ്രസ്ഥാനങ്ങളെ വിജയിപ്പിക്കാനുള്ള ശക്തി ഗാന്ധിജിക്കു നൽകിയതു്.

പ്രതിയോഗിയുടെ മനസ്സാക്ഷിയോടുള്ള ഒരപേക്ഷയാണ് ഉപവാസം. അയാളുടെ ഹൃദയത്തിൽ ഒളിഞ്ഞു കിടക്കുന്ന നന്മയുടെ കണികകളെ തട്ടിയുണർത്തുവാൻ അതുപകരിക്കും. കൂടാതെ പൊതുജനങ്ങളുടെ സഹാനുഭൂതിയും പിൻബലവും സമാർജ്ജിക്കുവാൻ അതിനു കഴിയുന്നു. മേൽപ്രസ്താവിച്ച മാർഗ്ഗങ്ങൾ പരിചയപ്പെട്ടതിനു ശേഷമേ ഈ മാർഗ്ഗം അവലംബിക്കാവൂ എന്നു് ഗാന്ധിജി നിഷ്കർഷിച്ചിട്ടുണ്ട്. അതും പരിചയസമ്പന്നരുടെ നേതൃത്വത്തിൽ മാത്രം.[49]

രക്തസാക്ഷിത്വമാണ് ഉപവാസത്തിന്റെ പരിസമാപ്തി. ശത്രുവിനെ പാടേ തറപററിക്കുന്ന മരണകരമായ ഒരു നീക്കമാണതു്. രണ്ടു മാർഗ്ഗങ്ങളേ അതിനു മുൻപിൽ അവശേഷിക്കുന്നുള്ളു: ഒന്നുകിൽ പ്രതിയോഗി മാനസാന്തരപ്പെട്ടു് സ്വയം കീഴടങ്ങുക, അല്ലെങ്കിൽ സത്യാഗ്രഹി മനഃപൂർവ്വം മരണം വരിക്കുക. ഗാന്ധിജിയുടെ ഉററ സുഹൃത്തായ ടാഗോർ പോലും ഈ മാർഗ്ഗമവലംബിക്കുന്നതിന്റെ

47 *Young India*, 27–3–1930.
48 *Harijan*, 18–2–1933, p. 4.
49 *Harijan*, 18—3—1939, p. 56.

www.malankaralibrary.com



പേരിൽ അദ്ദേഹത്തെ നിശിതമായി വിമർശിച്ചിട്ടുണ്ട്. എന്നാൽ ബാഹ്യസമ്മർദ്ദങ്ങളൊന്നും ഗാന്ധിജിയെ ചഞ്ചലചിത്തനാക്കാൻ പര്യാപ്തമായില്ല. അദ്ദേഹത്തിന്റെ ബോദ്ധ്യങ്ങൾക്ക ദൃഢിപകരുവാനേ അവസ്ഥ കഴിഞ്ഞുള്ളു. മനുഷ്യന്റെ ആത്യന്തികലക്ഷ്യമായ സത്യത്തെ കണ്ടുമുട്ടുന്നതിനുള്ള ഒരു മാർഗ്ഗമായാണ് സത്യാഗ്രഹി ഉപവാസം സ്വീകരിക്കുക. ഈ ലക്ഷ്യത്തിനായി ജീവൻ ഹോമിക്കേണ്ടിവന്നാലും അത് അധികമല്ലെന്നാണ് ഗാന്ധിജിയുടെ പക്ഷം. സുശിക്ഷിതരായവർ മാത്രമേ അന്തിമമാർഗ്ഗമെന്ന നിലയിൽ ഉപവാസം അവലംബിക്കാവൂ എന്ന് രാഷ്ട്രപിതാവ് പ്രത്യേകം അനുശാസിച്ചിട്ടുണ്ട്.[50] ഭാരതത്തിന്റെ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജിയുടെ 'മരണംവരെയുള്ള ഉപവാസങ്ങൾ' (Fasts unto Death) കൊണ്ട് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ കുറച്ചൊന്നുമല്ല.

## 7. സത്യാഗ്രഹത്തിന്റെ പ്രസക്തി

ധാർമ്മികമായി സമ്പൂർണ്ണന്യായീകരണമുള്ള ഒരു സമരമാർഗ്ഗമാണ് അഹിംസയിൽ അധിഷ്ഠിതമായ സത്യാഗ്രഹം. തിന്മയെ സമൂലം പിഴുതുമാററുന്നതിന് സത്യാഗ്രഹത്തോളം ഉപയുക്തമായ ഇതര മാർഗ്ഗമില്ല. മനുഷ്യമനസ്സിനെ സ്നേഹത്തിലേക്കും സത്യത്തിലേക്കും ആനയിക്കുന്നതിനുള്ള ഉത്തമമാർഗ്ഗവും ഇതുതന്നെ. അക്രമം മൃഗീയ നിയമമാണ്. പ്രശ്നങ്ങളുടെ സങ്കീർണ്ണത പ്രവൃദ്ധമാക്കാനല്ലാതെ പരിഹരിക്കാൻ അതു് ഒട്ടും ഉതകില്ല. ഇവിടെയാണ് സത്യാഗ്രഹത്തിന്റെ പ്രസക്തി നാം ദർശിക്കുക.

ഏതൊരു നൂതനസിദ്ധാന്തത്തിന്റെയും മാഹാത്മ്യം നിർണ്ണയിക്കുക അതിന്റെ പ്രായോഗികതയാണ്. അപ്രായോഗികദർശനങ്ങൾ അസ്വീകാര്യങ്ങളാണ്. അൾഡസ് ഹക്സിലി അദ്ദേഹത്തിന്റെ 'ലക്ഷ്യവും മാർഗ്ഗവും' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു, ''അഹിംസ ഒരുതരം അപ്രായോഗികസിദ്ധാന്തമാണ്. ഒരു പക്ഷെ ചുരുക്കം ചിലക്കുമാത്രം അതു് പ്രായോഗികമായിരിക്കാം എന്നുപലരും ആക്രോശിക്കുന്നതു കേട്ടിട്ടുണ്ട്. എന്നാൽ ശാസ്ത്രീയവും സന്ദർഭോചിതവുമായി നടത്തിയ ഒരു അഹിംസാത്മകപ്രസ്ഥാനവും വിജയിക്കാതിരുന്നിട്ടില്ല.'[51] ദക്ഷിണാഫ്രിക്ക, ഭാരതം തുടങ്ങിയ രാജ്യങ്ങളിലെ അനുഭവങ്ങൾ ഇതാണ് തെളിയിക്കുക. ഗാന്ധിജിതന്നെ പറയുന്നതു് ശ്രദ്ധിക്കുക: ''അമ്പതു നീണ്ട സംവത്സരങ്ങൾ ഞാൻ ഈ മാർഗ്ഗം കൃത്യമായി ശാസ്ത്രീയരീതിയിൽതന്നെ ജീവിതത്തിന്റെ വിവിധതുറകളിൽ........പരിശീലിച്ചു നോക്കിയിട്ടുള്ളതാണ്''.[52]

---

50 *Harijan*, 21—4—1946, p. 93.
51 Cfr. R. R. Diwaker, *Saga of Satyagraha*, p. 44.
52 *Ibid* p. 46

www.malankaralibrary.com



സത്യാഗ്രഹംപോലുള്ള അഹിംസാത്മകമാർഗ്ഗങ്ങളുടെ അനുപേക്ഷണീയത ഇന്നു് ഏററിവരികയാണു്. അക്രമവും,അനീതിയും,ചൂഷണവും,കൊലയും,കൊള്ളിവയ്പും നടമാടുന്ന ഇന്നത്തെ സമൂഹത്തിൽ ശാശ്വതശാന്തി കൈവരുത്തുവാൻ ബലപ്രയോഗം കൊണ്ടു് സാദ്ധ്യമല്ല. സാന്മാർഗ്ഗിക ബോധവൽക്കരണം നടത്തി സ്നേഹത്തിലും സാഹോദര്യത്തിലും ജീവിക്കുവാൻ എവരേയും കഴിവുള്ളവരാക്കുക. അഹിംസാമാർഗ്ഗങ്ങൾ മാത്രം അവലംബിക്കുന്ന സത്യാഗ്രഹികളുടേതായ ഒരു സമൂഹം വാർത്തെടുക്കുകയാണു് ഇന്നു് ലോകത്തെ ഗ്രസിച്ചിരിക്കുന്ന പ്രശ്നങ്ങളും അസ്വസ്ഥതകളും ദൂരീകരിക്കുന്നതിനുള്ള ഏകമാർഗ്ഗം.

## 8. സത്യാഗ്രഹത്തിൻെറ സാർവ്വത്രികത

എല്ലാ രാഷ്ട്രങ്ങളിലും ജനപദങ്ങളിലും പ്രായോഗികമായ ഒരു സമരമുറയാണോ സത്യാഗ്രഹം? മനുഷ്യസ്വഭാവം അടിസ്ഥാനപരമായി ഒന്നാണെന്നുള്ള പൊതുതത്ത്വമാണു് സത്യാഗ്രഹത്തിൻെറ അടിത്തറ. നന്മയെ സ്നേഹിക്കുവാനും തിന്മയെ വെറുക്കുവാനുമുള്ള അഭിവാഞ്ഛ മനുഷ്യസഹജമത്രേ. ഏററവും കഠിനഹൃദയനായ മനുഷ്യൻെറ അന്തരാളത്തിൽപോലും നന്മയുടെ ഒരു വെള്ളിരേഖ കാണാതിരിക്കയില്ല. അതിനാൽ സത്യാഗ്രഹം ഒരു സനാതന സാർവത്രിക സമരോപാധിയാണു്.[53]

സത്യാഗ്രഹം ആദ്യമായി പ്രായോഗികമാക്കേണ്ടതു് വ്യക്തികളുടെ ജീവിതത്തിലാണു്. വൈയക്തികജീവിതത്തെ നിയന്ത്രിക്കുന്ന ധാർമ്മികനിയമവും പെരുമാററച്ചട്ടവുമായി തീരണം സത്യാഗ്രഹം. അതു് ഒരു ജീവിതദർശനവും ജീവിതരീതിയുമാണു്. സത്യവും അഹിംസയും ജീവിതാദർശമായുള്ള ജീവിതശൈലിയുടെ ഉടമയാണു് യഥാർത്ഥ സത്യാഗ്രഹി. തൻെറ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും അയാൾ സത്യസന്ധനായിരിക്കും. ചുരുക്കത്തിൽ സത്യത്തിലുള്ള നിരന്തരമായ വളർച്ചയും സത്യത്തിനുവേണ്ടിയുള്ള നിസ്തന്ദ്രമായ സമരവുമാണു് സത്യാഗ്രഹം.

വൈയക്തികജീവിതത്തിൽ സത്യാഗ്രഹം പൂർണ്ണമായും പ്രാവർത്തികമാകുമ്പോൾ കുടുംബം, സമൂഹം, രാഷ്ട്രം തുടങ്ങി മനുഷ്യബന്ധങ്ങളുടെ സർവ്വതലങ്ങളിലേക്കും അതു് വ്യാപിക്കും. സ്വന്തം ജീവിതത്തിൽ സത്യാഗ്രഹമാർഗ്ഗത്തിലൂടെ ധാർമ്മികവികാസം പ്രാപിച്ച സത്യാഗ്രഹിക്കു മാത്രമെ മററുള്ളവരെ യഥാർത്ഥ സത്യാഗ്രഹികളാക്കുവാൻ കഴിയൂ. സത്യസാക്ഷാത്കാരം ജീവിതലക്ഷ്യമായി സ്വീകരിച്ച സത്യാഗ്രഹിക്കു് സമുദായത്തിലെ അക്രമത്തിനും

---

53 Cfr. *Harijan*, 31-3-1964, p 64; *Young India* 3-11-1927, p 369.

www.malankaralibrary.com



അനീതിക്കുമെതിരെ നിഷ്ക്രിയനായിരിക്കുക സാദ്ധ്യമല്ല. കാരണം, അവ സത്യത്തിന്റെതന്നെ നിഷേധമാണ്.

ഒരു യഥാർത്ഥ സത്യാഗ്രഹി അഹിംസാത്മക മാർഗ്ഗങ്ങൾ ജീവിതത്തിലെ എല്ലാ മണ്ഡലങ്ങളിലും പ്രായോഗികമാക്കും. സ്ഥലകാലഭേദങ്ങൾക്ക് അതീതമായി സത്യാഗ്രഹം പ്രയോഗിക്കാവുന്നതാണ്. ഇതിനുത്തമോദാഹരണമാണ് ഗാന്ധിജിയുടെ ജീവിതം. അദ്ദേഹം പറയുന്നു, ''ഞാനൊരു യഹൂദനായിരുന്നുവെങ്കിൽ ഹിററ്ലർക്കെതിരായും സത്യാഗ്രഹം നടത്തുമായിരുന്നു.''[54] സത്യാഗ്രഹത്തിന്റെ സാർവ്വത്രികതയെക്കുറിച്ച് ഗാന്ധിജിക്ക് ഉറച്ചവിശ്വാസമാണുണ്ടായിരുന്നത്. അതുകൊണ്ടാണ് അറബികൾക്കും നാസ്സികൾക്കുമെതിരെ അഹിംസാത്മകമായ സമരമുറകൾമാത്രമെ സ്വീകരിക്കാവൂ[55] എന്ന് അദ്ദേഹം യഹൂദന്മാരെ ഉദ്ബോധിപ്പിച്ചത്.

## 9. സത്യാഗ്രഹവും ക്രൈസ്തവദർശനവും

ക്രിസ്തുവിന്റെ മനുഷ്യദർശനവും ഗാന്ധിജിയുടെ സത്യാഗ്രഹിയെക്കുറിച്ചുള്ള ആശയങ്ങളും തമ്മിൽ വളരെയധികം സാധർമ്മ്യമുണ്ട്. സത്യാഗ്രഹികളുടെ രാജകുമാരനെന്ന് ഗാന്ധിജി ക്രിസ്തുവിനെ വിശേഷിപ്പിച്ചു.[56] സത്യമായി അവതരിച്ച് സത്യത്തിനു സാക്ഷ്യംവഹിച്ച് സത്യത്തിനുവേണ്ടി ക്രൂശിതനായ ക്രിസ്തുവിനെ ഇപ്രകാരം അദ്ദേഹം ചിത്രീകരിച്ചതിൽ ഒട്ടും അതിശയോക്തിയില്ല.

''നിങ്ങൾ സത്യം ഗ്രഹിക്കുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും''[57] എന്നുപഠിപ്പിച്ച 'സത്യവും വഴിയും ജീവനുമായ'[58] ക്രിസ്തുവിന്റെ അനുയായികൾ യഥാർത്ഥത്തിൽ സത്യാഗ്രഹികളാണ്. 'ലോകത്തിന്റെ ദീപവും ഭൂമിയുടെ ഉപ്പുമായി'[59] ധാർമ്മികാന്ധകാരത്തിൽനിന്ന് ലോകത്തെ വിമോചിക്കുകയാണ്, സത്യത്തിനു സാക്ഷ്യംവഹിക്കുകയാണ്, ഒരു ക്രിസ്ത്യാനിയുടെ ദൗത്യം. ഗാന്ധിജിയുടെ സത്യാഗ്രഹിയും ചെയ്യേണ്ടതു് ഇതുതന്നെയാണ്. ഇപ്രകാരം ഗാന്ധിജിയുടെ സത്യാഗ്രഹി ക്രൈസ്തവാദർശത്തിലേക്കും ദൗത്യത്തിലേക്കും വിരൽചൂണ്ടുന്നു.

---

54 Cfr. Louis Fischer, *The Life of Mahatma Gandhi,* p. 136

55 V.P. Varma, *The Political Philosophy of Mahatma Gandhi and Sarvodaya,* p. 169

56 *Young India,* 19–1–1927, p. 23

57 യോഹ. 8:32

58 യോഹ. 14:6

59 മത്താ. 5:13–16

www.malankaralibrary.com



## D. ഗാന്ധിജി വിഭാവനംചെയ്ത ക്ഷേമരാഷ്ട്രം

ഗാന്ധിയൻ രാഷ്ട്രീയ സിദ്ധാന്തത്തിൻെറ പരിസമാപ്തിയാണ് അദ്ദേഹത്തിൻെറ ക്ഷേമരാഷ്ട്രത്തെക്കുറിച്ചുള്ള സങ്കല്പം. ശ്രമകരവും അവിരാമവുമായ ഒരു തപസ്യയുടെ ഫലമായി അഹിംസാമാർഗ്ഗമവലംബിച്ചുകൊണ്ട് സത്യമാകുന്ന അടിസ്ഥാനശിലയിൽ പടുത്തുയർത്തുന്ന ഒന്നാണ് ഈ ക്ഷേമരാഷ്ട്രം. ജി. എൻ. ധവാൻ അദ്ദേഹത്തിൻെറ 'മഹാത്മാഗാന്ധിയുടെ രാഷ്ട്രീയദർശന'മെന്ന ഗ്രന്ഥത്തിൽ പറയുന്നു, ''ഗാന്ധിജിയുടെ വീക്ഷണത്തിൽ ആദർശസമൂഹമെന്നതു് രാഷ്ട്രരഹിത ജനാധിപത്യമാണ്; സാമൂഹ്യജീവിതം സ്വയം നിയന്ത്രിതമാകുവാൻമാത്രം പരിപൂർണ്ണമായിത്തീർന്ന പ്രബുദ്ധമായ അരാജകത്വത്തിൻെറ (Enlightened Anarchy) അവസ്ഥയാണ്.''[60] രാമരാജ്യം, ദൈവരാജ്യം, ധർമ്മരാജ്യം, സർവ്വോദയസമൂഹം തുടങ്ങിയ വിവിധ നാമങ്ങളിൽ രാഷ്ട്രപിതാവ് പ്രസ്തുതാവസ്ഥയെ വിശേഷിപ്പിച്ചിട്ടുണ്ട്.

### 1. ആദർശസമൂഹത്തിൻെറ ആവശ്യകത

സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം മുതലായവ മനുഷ്യൻെറ മൗലികാവശ്യങ്ങളും അവകാശങ്ങളുമാണ്. ഇവ നിഷേധിക്കപ്പെടുന്ന വ്യവസ്ഥിതികൾക്കമദ്ധ്യേ ജീവിക്കേണ്ടിവരുമ്പോഴാണ് ഭാവനാസമ്പന്നർ സമത്വസുന്ദരങ്ങളായ ആദർശസമൂഹങ്ങളെക്കുറിച്ച് സ്വപ്നങ്ങൾ നെയ്തെടുക്കുകയും അവയുടെ യാഥാർത്ഥ്യവത്കരണത്തിനായി യത്നിക്കുകയും ചെയ്യുകയെന്ന് ചരിത്രം നമ്മെ അനുസ്മരിപ്പിക്കുന്നു. ക്രിസ്തുവിൻെറ 'ദൈവരാജ്യവും', വി. യോഹന്നാൻെറ 'പുതിയ ആകാശവും പുതിയ ഭൂമിയും' വി. അഗസ്റ്റിൻെറ 'ദൈവനഗരവും' വി. തോമസ് മൂറിൻെറ 'യൂട്ടോപിയായും' ഇതിന് ഉത്തമ തെളിവുകളാണ്. താൻ അധിവസിക്കുന്ന സമൂഹം സാമ്പത്തികവും, രാഷ്ട്രീയവും, സാംസ്കാരികവുമായ ബഹുവിധ അനീതികളാൽ വികൃതമായിരിക്കുകയാണെന്നും ഇതിനൊരറുതി വരുത്തേണ്ടതു് അത്യാവശ്യമാണെന്നും ബോധ്യപ്പെട്ടപ്പോഴാണ് ഗാന്ധിജിയും ഒരു ആദർശസമൂഹത്തെക്കുറിച്ച്, രാഷ്ട്രരഹിതമായ ഒരു നവ്യവ്യവസ്ഥയെപ്പററി ചിന്തിച്ചതു്. വാല്മീകിയുടെ 'രാമായണ'ത്തിലെ വിവരണാനുസാരമുള്ള 'രാവണരാജ്യ'ത്തുണ്ടായിരുന്ന അതേ സ്ഥിതികളാണ് ഭാരതത്തിലുള്ളതെന്ന് മനസ്സിലാക്കിയ ഗാന്ധിജി[61] തത്സ്ഥാനത്തു് 'രാമരാജ്യം' സ്ഥാപിക്കുവാൻ പ്രതിജ്ഞാബദ്ധനായി. രാവണരാജ്യം സകലവിധ തിന്മകളേയും അക്രമങ്ങ

---

60 Quoted V. P. Varma, *The Political Philosophy of Mahatma Gandhi and Sarvodaya*, p. 259.

61 *The Collected Works of Mahatma Gandhi*, Vol. XVIII, p. 453.

www.malankaralibrary.com



ളേയുമാണ് പ്രദ്യോതിപ്പിക്കുന്നത്; രാമരാജ്യമാകട്ടെ ശാന്തിയുടേയും സന്തോഷത്തിന്റേയും പരിപൂർണ്ണ സ്വാതന്ത്ര്യത്തിന്റേയും സുവർണ്ണകാലത്തേയും. ശ്രീരാമസദൃശനായ ഒരു രാജാവ് ഗാന്ധിജിയുടെ ആദർശസമൂഹത്തിലുണ്ടായിരിക്കുകയില്ലെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമത്രെ. കായികബലംവഴി രാവണനെ ഉന്മൂലനം ചെയ്യണമെങ്കിൽ നാമും ദശശീർഷരും ദ്വിദശഹസ്തരുമാകണം.[62] അതു് ഒട്ടും പ്രായോഗികമല്ല. അതിനാൽ ബ്രഹ്മചര്യവും സത്യാഗ്രഹവും വഴി ആ ആദർശസമൂഹം കെട്ടിപ്പടുക്കുകയെന്നതു് തന്റെ ആത്യന്തിക ലക്ഷ്യമായി ഗാന്ധിജി സ്വീകരിച്ചു.

താൻ വിഭാവനംചെയ്യുന്ന ആദർശസമൂഹം ആദ്യമായി യാഥാർത്ഥ്യമായിത്തീരുക ആർഷഭാരതത്തിലായിരിക്കുമെന്നു് ഗാന്ധിജിക്കു തോന്നി. അതിലദ്ദേഹം അടിയുറച്ചു വിശ്വസിക്കുകയും ചെയ്തു. തന്നിമിത്തം ഭാരതീയ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണു്, പ്രധാനമായും ഭാരതീയരെ മുൻനിർത്തിയാണു് അദ്ദേഹം ആദർശസമൂഹത്തെ അവതരിപ്പിക്കുക. അതിന്റെ അത്യഗാധതയിലേക്കാഴ്ന്നിറങ്ങി വിശദാംശങ്ങളും വിശകലനം ചെയ്യുവാൻ ഗാന്ധിജി ഒരുമ്പെട്ടില്ല. ഉദാഹരണത്തിനു് അദ്ദേഹം എഴുതുന്നു, ''ആദർശസമൂഹത്തിൽ ഒരു ഭരണകൂടം ഉണ്ടായിരിക്കുമൊ എന്നതു സംബന്ധിച്ചു് തല പുകഞ്ഞാലോചിക്കേണ്ട കാര്യമില്ല.''[63] പ്രസ്തുത സമൂഹത്തിന്റെ സർവ്വവശങ്ങളും തീരുമാനിക്കേണ്ടതു് സ്വതന്ത്രഭാരതത്തിലെ പൗരന്മാരാണെന്നു് അദ്ദേഹം കരുതിയതുകൊണ്ടോ,[64] പ്ലേറ്റോ അരിസ്റ്റോട്ടിൽ മക്കിയവല്ലി, റൂസ്സോ തുടങ്ങിയവരെപ്പോലെ വ്യവസ്ഥാപിതമായ രാഷ്ട്രീയമീമാംസകനായിരുന്നില്ല അദ്ദേഹം എന്നതുകൊണ്ടോ ആകാം അവയെക്കുറിച്ചു് അദ്ദേഹം സവിസ്തരം പ്രതിപാദിച്ചിട്ടില്ലാത്തതു്. എങ്കിലും തന്റെ ആദർശത്തെക്കുറിച്ചു് ഗാന്ധിജിക്കു് വ്യക്തമായ ചില ധാരണകളും രൂപരേഖകളുമുണ്ടായിരുന്നു.

ഗാന്ധിജിയുടെ ആദർശസമൂഹം ക്ഷിപ്രസാദ്ധ്യമായ ഒരു കാര്യമല്ല. സുദീർഘമായ ഒരു ആദ്ധ്യാത്മീക ധാർമ്മികപരിശീലനവും രൂപീകരണവും അതിന്റെ സാക്ഷാത്ക്കരണത്തിനാവശ്യമാണു്. ത്രിവിധ ഘട്ടങ്ങളിലൂടെ കടന്നുവേണം ആ ലക്ഷ്യം പ്രാപിക്കാനെന്നു് രാഷ്ട്രപിതാവു് ഉദ്ബോധിപ്പിക്കുന്നു.

a) ആസന്നമായ സ്വരാജ് (Immediat Swaraj)

സ്വരാജിന്റെ മൂലാർത്ഥം സ്വയംഭരണം എന്നാണു്.[65] സ്വരാജിന്റെ അർത്ഥം ഗാന്ധിജി തന്നെ ഇപ്രകാരം വിശദീകരിക്കുന്നു:

62 *Ibid*. p. 386.
63 *Harijan*, 15–9–1946, p. 309.
64 Dhirendra Mohan Datta, *The Philosophy of Mahatma Gandhi*, The University of Wisconsin Press, 1953, p. 141.
65 *The Collected Works of Mahatma Gandhi*, Vol. XLV, p. 263

www.malankaralibrary.com



''കായികാദ്ധ്വാനം വഴി രാഷ്ട്രസേവനം ചെയ്തിട്ടുള്ളവരും വോട്ടർമാരുടെ പട്ടികയിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ പ്രായപൂർത്തി വന്ന ബഹുഭൂരിഭാഗം ജനത്തിൻേറയും—അവർ പുരുഷന്മാരോ സ്ത്രീകളോ ഭാരതത്തിൽ ജനിച്ചവരോ ഇവിടെ സ്ഥിരതാമസമാക്കിയിട്ടുള്ളവരോ ആകട്ടെ—സമ്മതത്തോടെ നിലവിൽ വരുന്ന ഭാരത ഗവണ്മെൻറാണ് അത്'''.[66] പാശ്ചാത്യ ജനാധിപത്യസംവിധാന സദൃശമായിരിക്കും സ്വരാജിലെ ഭരണക്രമം. അതിൻെറ മുഖമുദ്രയായിരിക്കും സമ്പൂർണ്ണ സ്വാതന്ത്ര്യം. പരിപൂർണ്ണമായ സ്വാതന്ത്ര്യം കൊണ്ട് താൻ എന്താണ് അർത്ഥമാക്കുന്നതെന്ന് ഗാന്ധിജി ഇപ്രകാരം വിശദീകരിക്കുന്നു. ഇന്ത്യയിലെ മുതലാളിത്തവും ഇംഗ്ലണ്ടിലെ രാജത്വവുംചേന്ന് ദുഷിച്ച ഭരണരീതിയുടെ ഉച്ചാടനവും, സാമൂഹ്യമായും സാമ്പത്തികമായും തകന്നിരിക്കുന്ന ജനങ്ങളെ ഉദ്ധരിക്കാൻതക്ക ചൈതന്യപൂർണ്ണവും ബോധപൂർവ്വവുമായ ജനാധിപത്യത്തിൻെറ സ്ഥാപനവും.[67] ഈദൃശ സ്വാതന്ത്ര്യസമ്പാദനം ഒരിക്കലും ഇതര രാജ്യങ്ങളുടെ താല്പര്യങ്ങൾക്ക് ഹാനികരമാവുകയില്ല. ഗാന്ധിജി പറയുന്നു: മററു രാഷ്ട്രങ്ങളെ തരംതാഴ്ത്താനെന്നവണ്ണം അവരുടെ സ്വാതന്ത്ര്യത്തെ അതിക്രമിച്ചുകൊണ്ടോ ചൂഷണം ചെയ്തുകൊണ്ടോ അല്ല നമ്മുടെ രാജ്യത്തിൻെറ സ്വാതന്ത്ര്യം നാം കാംക്ഷിക്കുന്നത്.[68]

ഈ സ്വാതന്ത്ര്യം കൈവരിക്കേണ്ടതും സംരക്ഷിക്കേണ്ടതും കായികശക്തിയാലോ ആയുധബലത്താലോ അല്ല, ആദ്ധ്യാത്മികവും ധാർമ്മികവുമായ കഴിവുകൾ കൊണ്ടാണ്. രാഷ്ട്രീയ സ്വാതന്ത്ര്യം അതിൽത്തന്നെ ഒരന്ത്യമല്ല. കൂടുതൽ ഉദാത്തമായ ആത്മീയ സ്വാതന്ത്ര്യത്തിനുള്ള ഒരുക്കം മാത്രം. സ്വാതന്ത്ര്യസമ്പാദനത്തിന് സ്നേഹത്തിലും കഠിനാദ്ധ്വാനത്തിലും അധിഷ്ഠിതമായ ഷഡ്മാർഗ്ഗങ്ങൾ ഗാന്ധിജി നിർദ്ദേശിച്ചിരിക്കുന്നു.[69] അവ യഥാക്രമം ചക്കയിലൂടെ പ്രതിഫലിക്കുന്ന സത്യാഗ്രഹം, ഗ്രാമവ്യവസായങ്ങളുടെ വളച്ച്, തൊഴിലധിഷ്ഠിതമായ പ്രാഥമിക വിദ്യാഭ്യാസം, അയിത്തോച്ചാടനം, സമുദായികൈക്യം, അക്രമരഹിതമായ തൊഴിൽ സംവിധാനം എന്നിവയാണ്.

ഭാരതം യഥാർത്ഥത്തിൽ സ്വതന്ത്രയാണോ എന്നറിയാൻ ത്രിവിധ നിബന്ധനകൾ രാഷ്ട്രപിതാവ് നിർദ്ദേശിക്കുന്നു: 1) ബ്രിട്ടീഷ് സാമ്രാജ്യത്തിൽ നിന്നുള്ള വേർപാട്, 2) സ്വാതന്ത്ര്യസമ്പാദനാ

66 Cited by V. P. Varma, *The Political Philosophy of Mahatma Gandhi and Sarvodaya*, p. 244.
67 *The Collected Works of Mahatama Gandhi*, Vol.XLVI, p.5
68 Dr. K. G. Saiyidain, *Significance of Gandhi as a Man and a Thinker*, New Delhi, 1970, p. 15.
69 V. P. Varma, *The Political Philosophy of Mahatma Gandhi and Sarvodaya*, p. 267

www.malankaralibrary.com



നന്തരവും ഇംഗ്ലീഷുകാക്ക് നിരായുധരും സുരക്ഷിതരുമായി ഇവിടെ ജീവിക്കാവുന്ന സാഹചര്യം, 3) ഭരണാധികാരികൾ ജനസേവകന്മാരായിത്തീരുന്ന അവസ്ഥ.[70] ഇത്രയും നിലവിൽ വന്നാൽ നാം സ്വാതന്ത്ര്യം നേടിക്കഴിഞ്ഞുവെന്നാണർത്ഥം.

ആദർശസമൂഹവും സ്വരാജും തമ്മിലുള്ള ഒരു സുപ്രധാന വ്യത്യാസത്തെക്കുറിച്ച് ഗാന്ധിജി ഒരിക്കൽ ഇപ്രകാരമെഴുതി: ആദർശസമൂഹത്തിൽ റെയിൽപാളങ്ങൾ, ആശുപത്രികൾ, യന്ത്രങ്ങൾ, കരസേന, നാവികസേന, നിയമങ്ങൾ, കോടതികൾ മുതലായവ ഒന്നും ഉണ്ടാവുകയില്ല.[71] എന്നാൽ സ്വരാജിൽ ഇവയെല്ലാം പ്രവർത്തിക്കുന്നതാണ്. പക്ഷെ ഇവയുടെ പ്രവർത്തനശൈലിയിൽ സമൂലമായ പരിവർത്തനങ്ങൾ സംഭവിക്കുമെന്നതാണ് ഗാന്ധിജിയുടെ കണക്കുകൂട്ടൽ. ഉദാഹരണത്തിന് നിയമകോടതികൾ അന്ന് ജനോദ്ധാരണമാദ്ധ്യമങ്ങളും പട്ടാളക്കാർ അന്ന് രക്ഷാനടപടികൾ മാത്രം ചെയ്യുന്നവരുമാകും.

സ്വരാജിലെ ഭരണസംവിധാനം

സ്വരാജിൻെറ മുഖ്യസവിശേഷത അധികാരവികേന്ദ്രീകരണമായിരിക്കും. അധികാരം ഒരു വ്യക്തിയിലോ ഏതാനും വ്യക്തികളിലോ മാത്രം നിക്ഷിപ്തമാകുവാൻ പാടില്ല. സാമൂഹ്യമായും സാമ്പത്തികമായും സ്വയംപര്യാപ്തത നേടിയ സ്വതന്ത്രഘടകങ്ങളായ ഗ്രാമങ്ങളുടെ, പഞ്ചായത്തുകളുടെ, കൂട്ടായ്മ ആയിരിക്കും സ്വതന്ത്ര ഇന്ത്യ. അതിനെ ഗാന്ധിജി പഞ്ചായത്ത്‌രാജ് എന്നു വിളിച്ചു. ഗവണ്മെൻറിൻെറ നിയമങ്ങളേക്കാൾ മനസ്സാക്ഷിയുടെ നിശ്വസനങ്ങൾക്കാണ് അദ്ദേഹം മുൻഗണന നല്കിയത്. മനുഷ്യൻ അവൻ നിർമ്മിക്കുന്ന സംഘടനകൾക്കെല്ലാം അതീതനാണെന്നും അതിനാൽ മനസ്സാക്ഷിയുടെ നിയമങ്ങൾക്കെതിരെ നീങ്ങുന്ന ഗവണ്മെൻറിൻെറ കല്പനകൾ അനുസരിക്കരുതെന്നുമാത്രമല്ല, അവക്കെതിരെ സന്ധിയില്ലാതെ സമരം ചെയ്യണമെന്നും ഗാന്ധിജി ഉദ്ബോധിപ്പിക്കുന്നു.[72]

ഭരണകർത്താക്കളുടെ സ്വഭാവശുദ്ധിയും സേവനസന്നദ്ധതയും സ്വരാജിൻെറ പ്രത്യേകതയാണ്. ജനങ്ങൾ അധികാരികളെ തെരഞ്ഞെടുക്കുമ്പോൾ സ്ഥാനാർത്ഥികളുടെ സ്വഭാവത്തിനാണ് പ്രാധാന്യം കല്പിക്കേണ്ടത്. സമ്പത്തോ കുടുംബപ്രൗഢിയോ ഉള്ളതുകൊണ്ടുമാത്രം ഒരാൾക്കു വോട്ടു ചെയ്യാനോ ദരിദ്രനായിയെന്ന ഏക കാരണത്താൽ ഒരാൾക്ക് വോട്ടു ചെയ്യാതിരിക്കുവാനോ ഇടയാകരുത്.

70 *The Collected Works of Mahatma Gandhi*, Vol. XLVII, p. 209
71 V. P. Varma, *The Political Philosophy of Mahatma Gandhi and Sarvodaya*, p. 254
72 Cfr. *Young India*, 20–8–1919; 4–8–1920, p.3; *The Collected Works of Mahatma Gandhi*, Vol. X, p. 249

www.malankaralibrary.com



അധികാരക്കസേരകളെ അലങ്കരിക്കുന്ന ഭൂരിപക്ഷം ന്യൂനപക്ഷത്തെ അവഗണിക്കാൻ പാടില്ല. ഭരണകർത്താക്കളും ഭരണീയരും തമ്മിൽ ആരോഗ്യപരമായ ധാരണ പുലർത്തണം. ഭരണാധികാരികളുടെ തെററുകൾ ചൂണ്ടിക്കാണിക്കാൻ പ്രജകൾക്കും അവരുടെ അഭിപ്രായങ്ങൾ മാനിക്കുവാൻ അധികാരികൾക്കും അവകാശവും ചുമതലയുമുണ്ട്. അയോഗ്യരായ ഭരണാധികാരികളെ ഏതുസമയത്തും സ്ഥാനഭ്രഷ്ടരാക്കുവാൻ ജനങ്ങൾക്ക് കഴിയുന്ന ഒരു സംവിധാനമുണ്ടായിരിക്കും സ്വരാജിൽ.

ഗാന്ധിജി വിഭാവനം ചെയ്യുന്ന സ്വരാജിലെ ഭരണകർത്താക്കൾ അവരുടെ അധികാരം ജനസേവനോപാധിയായി വിനിയോഗിക്കും. അക്രമത്തിനും അനീതിക്കും അതീതരായി, ദേശീയവസ്ത്രമായ ഖാദിധാരികളായി, ഔദ്യോഗിക ജോലികൾക്കുപുറമെ അനുദിനം കായികാദ്ധ്വാനവുംകൂടിചെയ്ത് മാതൃകാപരമായി അവർ ജീവിക്കും. 'എളിയജീവിതവും ഉന്നതമായ ചിന്തയും' അതാണവരുടെ മുദ്രാവാക്യം.[73] പോലീസധികാരികൾ ജനസേവകരും ജയിലറകൾ സത്സ്വഭാവ രൂപീകരണാർത്ഥമുള്ള ആശുപത്രികളുമായി പരിണമിക്കും.

പഞ്ചായത്ത്‌രാജിലെ ഓരോ ഗ്രാമവും അതിനാവശ്യമായ ഭക്ഷണപദാർത്ഥങ്ങൾ ഉൽപാദിപ്പിക്കും. അതിനായി ഓരോ ഗ്രാമവാസിയും അദ്ധ്വാനിക്കണം. ബൗദ്ധികജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർകൂടി കുറച്ചുസമയമെങ്കിലും ഓരോ ദിവസവും കൈത്തൊഴിലുകളിലേർപ്പെടണം. പണിയെടുക്കാതെ ഭക്ഷിക്കുന്നവരെ മോഷ്ടാക്കളായി ഗാന്ധിജി കരുതി. ബൗദ്ധികമായ ഭക്ഷണം ശാരീരികമായ ഭക്ഷണത്തിന് പകരംനില്ക്കാത്തതുപോലെ ബൗദ്ധികമായ അദ്ധ്വാനം കായികാദ്ധ്വാനത്തിന് പകരംനില്ക്കുന്നില്ല.

സാമ്പത്തികവും സാമൂഹ്യവുമായ സമത്വം സ്വരാജിന്റെ മറെറാരു സവിശേഷതയായിരിക്കും. ജാതിയുടേയോ നിറത്തിന്റേയോ ധനത്തിന്റേയോ അടിസ്ഥാനത്തിലുള്ള തരംതിരിവുകൾക്ക് അതിൽ സ്ഥാനമുണ്ടായിരിക്കുകയില്ല. എല്ലാവരും ലൗകിക വസ്തുക്കൾ ഒരേ അളവിൽ കൈവശം വയ്ക്കുന്ന ഒരു സ്ഥിതിവിശേഷമല്ല സാമ്പത്തികസമത്വം എന്നതുകൊണ്ട് ഗാന്ധിജി ഉദ്ദേശിച്ചത്. അത് പ്രായോഗികമല്ലെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. തല ചായ്ക്കുവാൻ ഒരു വീട്, നാണം മറയ്ക്കാൻ അത്യാവശ്യം വേണ്ട വസ്ത്രം (ഖാദി), ആരോഗ്യത്തിന് അത്യന്താപേക്ഷിതമായ ഭക്ഷണം തുടങ്ങിയ അത്യാവശ്യകാര്യങ്ങൾ ഏവർക്കും ലഭ്യമാകുന്ന ഒരവസ്ഥ

---

73 V. P. Varma, *The political Philosophy of Mahatma Gandhi and Sarvodaya*, p. 280

www.malankaralibrary.com



യെന്നേ അതിനർത്ഥമുള്ളു.[74] ഓരോരുത്തർക്കും അവനവന്റെ ആവശ്യത്തിനനുസരിച്ചും ഓരോരുത്തനിൽനിന്നും അവനവന്റെ കഴിവനുസരിച്ചും—ഇതാണു് ഗാന്ധിജിയെ ആകർഷിച്ച ആപ്തവാക്യം.

b) അഹിംസാധിഷ്ഠിത സമൂഹം

ആദർശസമൂഹപ്രാപ്തിയിലെ ദ്വിതീയ ഘട്ടമാണിതു്. ഏകാധിപത്യപ്രവണതകളൊന്നുമില്ലാത്ത അക്രമരാഹിത്യബോധമുള്ള അധികാരികളും പൗരന്മാരുമാണു് ഈ ഘട്ടത്തിന്റെ മുഖമുദ്ര. അഹിംസാസിദ്ധാന്തത്തെ മുറുകെ പിടിക്കുന്ന ഒരു ജനതതിയെ വാർത്തെടുക്കുമ്പോൾ മാത്രമാണു് ഈ സ്ഥിതിവിശേഷം സംജാതമാവുക. കോടതികളും പട്ടാളവുമെല്ലാം അന്നും നിലനില്ക്കുമെങ്കിലും അവയുടെ ലക്ഷ്യം ജനസേവനമായിരിക്കും.

ഈ ഘട്ടത്തിന്റെ രണ്ടു സവിശേഷതകളായിരിക്കും അന്തർദേശീയതയും ലോകസംഘടനയും. ഇതര രാജ്യങ്ങളെ അവഗണിക്കുവാനോ വെറുക്കുവാനോ മാത്രം സങ്കുചിതമായിരുന്നില്ല ഗാന്ധിജിയുടെ ദേശസ്നേഹം. ഭാരതത്തിന്റെ സ്വാതന്ത്ര്യത്തോടൊപ്പം അസ്വതന്ത്രങ്ങളായ മററു രാജ്യങ്ങളുടേയും ഉന്നമനം അദ്ദേഹം ലക്ഷ്യം വച്ചിരുന്നു. ഇപ്രകാരം അന്തർദേശീയതയുടെ ഒരു പ്രമുഖ വക്താവായി മാത്രമേ നമുക്കദ്ദേഹത്തെ കാണുവാൻ കഴിയൂ. ഈ അർത്ഥത്തിൽ അദ്ദേഹം മാനവകുടുംബത്തിന്റെ മുഴുവൻ പൗരനും പോരാളിയുമാണു്. അഖിലലോകവും സ്വാതന്ത്ര്യം കൈവരിക്കാൻ പോകുന്നതിന്റെ നാന്ദിയും പ്രചോദനഹേതുവുമാണു് ഭാരതസ്വാതന്ത്ര്യപ്രാപ്തി. എന്തുകൊണ്ടെന്നാൽ ഇന്ത്യ നല്കുന്ന സത്യത്തിന്റേയും അഹിംസയുടേയും വിരോചിതമാതൃക ഇതര രാജ്യങ്ങളേയും സ്വാതന്ത്ര്യത്തിന്റെ മധുചഷകപാനത്തിനു പ്രേരിപ്പിക്കും.[75]

ഗാന്ധിജിയുടെ അന്തർദേശീയതാബോധത്തിൽനിന്നുരുത്തിരിഞ്ഞതാണു് ലോകസംഘടന എന്ന ആശയം. പരസ്പരധാരണയും ബഹുമാനവും പുലർത്തുന്ന എല്ലാ രാഷ്ട്രങ്ങളുടേയും കൂട്ടായ്മയാണു് ഇതു്. സമസ്തരാജ്യങ്ങളും പരസ്പരം കലഹിക്കാതെ യുദ്ധം ചെയ്യാതെ സ്നേഹിച്ചും സഹകരിച്ചും കഴിയുമ്പോൾ ഈ ആദർശം സാക്ഷാത്കൃതമാകും.

പ്രബുദ്ധമായ അരാജകത്വം (Enlightened Anarchy)

ദ്വിതീയ തൃതീയ ഘട്ടങ്ങൾക്കിടയ്ക്കുള്ള പരിണാമദശയെയാണു് ഈ പദം സൂചിപ്പിക്കുന്നതു്. അധികാരത്തെ വെല്ലുവിളിക്കുകയും നിയമങ്ങളെ തൃണവത്ഗണിക്കുകയും ക്രമസമാധാനം വലി

74 *Harijan*, 18–8–1940, p.253

75 V. P. Varma, *The Political Philosophy of Mahatma Gandhi and Sarvodaya*, p. 21

www.malankaralibrary.com



ച്ചെറിയുകയും ചെയ്യുന്ന നാഥനില്ലാക്കളരിയെന്നാണ് പാശ്ചാത്യർ അരാജകത്വം എന്നതുകൊണ്ട് മനസ്സിലാക്കുക. പക്ഷെ,ഇതിന് കടകവിരുദ്ധമാണ് ഗാന്ധിജിയുടെ വിവക്ഷ. ''ഏറ്റവും കുറച്ച് അധികാരം പ്രയോഗിക്കുന്ന ഭരണകൂടമാണ് ശ്രേഷ്ഠം'' എന്ന തോറോയുടെ പ്രസ്താവന ഗാന്ധിജിയെ വളരെയേറെ സ്വാധീനിച്ചു. ആദ്ധ്യാത്മികമായും ധാർമ്മികമായും പക്വതയാർജ്ജിച്ച മനുഷ്യന്, ആത്മനിയന്ത്രണം അഭ്യസിച്ചിട്ടുള്ള മനുഷ്യന്, സ്വാഭാവികമായി തന്നെ എപ്പോഴും നന്മ മാത്രം ചെയ്യുവാൻ പഠിച്ച മനുഷ്യന് നിയമത്തിന്റെ ആവശ്യമില്ല. അത്തരം വ്യക്തികളുടെ സമൂഹത്തിൽ ''ഓരോരുത്തനും തന്നെയാണ് അവനവന്റെ അധികാരി''. 'തന്റെ അയൽവാസിക്ക് യാതൊരു ശല്യവുമില്ലാത്തരീതിയിൽ അവൻ സ്വയം ഭരിക്കുന്നു.''[76] ഇതിന് അടിസ്ഥാനപരമായി വേണ്ടത് ഓരോ വ്യക്തിയേയും സത്യാഗ്രഹിയാക്കിത്തീർക്കുകയാണ്. എല്ലാവരും തങ്ങളുടെ അധമാഭിലാഷങ്ങളെ നിയന്ത്രിച്ച് സ്വന്തം കഴിവുകൾ സമൂഹത്തിന്റെ നന്മയ്ക്കായി തിരിച്ചുവിടുമ്പോൾ പ്രബുദ്ധമായ അരാജകത്വം എന്നത് യാഥാർത്ഥ്യമാകും. ഈ അരാജകത്വം കരഗതമാകുക രക്തരൂക്ഷിതവിപ്ലവത്തിലൂടെയല്ല, ആദ്ധ്യാത്മികവും ധാർമ്മികവുമായ രൂപീകരണത്തിലൂടെയത്രെ.

c) രാമരാജ്യം (ആദർശസമൂഹം)

എല്ലാ മനുഷ്യരിലും അന്തർലീനമായിട്ടുള്ള ആദ്ധ്യാത്മികവും ധാർമ്മികവും ബൗദ്ധികവുമായ കഴിവുകൾ പരിപൂർണ്ണവികാസം പ്രാപിക്കുമ്പോഴാണ് ഗാന്ധിജി വിഭാവനംചെയ്ത ക്ഷേമരാഷ്ട്രം അഥവാ ആദർശസമൂഹം സംജാതമാവുക. അതിനാൽ വെറും രാഷ്ട്രീയപരമോ സാമ്പത്തികമോ ആയ ഒരു അവസ്ഥയല്ലത്. നീതിയുടേയും സത്യത്തിന്റേയും സമത്വത്തിന്റേയും മൂർത്തിമത്ഭാവമായ ശ്രീരാമന്റെ[77] രാജ്യത്തിന്റെ മറെറാരു പതിപ്പായിരിക്കും ഈ നവ്യരാമരാജ്യം, പൂർണ്ണമായും ധാർമ്മികശക്തിയിലധിഷ്ഠിതമായജനങ്ങളുടെ സർവ്വാധികാരമെന്ന് അതിനെ വിശദീകരിക്കാം.[78] ഗാന്ധിജി എഴുതുന്നു: എന്തിനേറെ, രാമരാജ്യത്തിൽ ഒരു പട്ടിക്കുപോലും അതിന്റെ ഓഹരി സിദ്ധിക്കും.[79] ഈശ്വരവിശ്വാസം, ധാർമ്മികബോധം, സത്യാഗ്രഹിത്വം മുതലായവ ആദർശസമൂഹാംഗങ്ങളുടെ സ്വഭാവവിശേഷങ്ങളായിരിക്കും. പ്രബുദ്ധമായ അരാജകത്വത്തിന്റെ ഉദാത്തമായ പ്രത്യക്ഷീകരണമായിരിക്കും ആദർശസമൂഹം.

---

76 Dhirendra Mohan Datta, *The Philosophy of Mahatma Gandhi*, p. 139
77 *The Collected Works of Mahatma Gandhi*, Vol.XLVI, p. 166
78. Cfr. *Ibid.* Vol. X, p. 405, Ramachandran and Mahadevan (eds), *Gandhi His Relavance for Our Times*, Bombay, 1967, p. 312.
79 *The Collected Works of Mahatma Gandhi*, Vol. XLV, p. 287.

www.malankaralibrary.com



ഗാന്ധിജിയുടെ സങ്കല്പത്തിലുള്ള പ്രസ്തുത സമൂഹം രാഷ്ട്രരഹിതമായിരിക്കും. അതിൽ ഒരു ഗവൺമെൻറിൻെറ ആവശ്യമുണ്ടാകയില്ല. എന്തെന്നാൽ പരപ്രേരണയോ ബാഹ്യസമ്മർദ്ദങ്ങളോ കൂടാതെതന്നെ ആത്മനിയന്ത്രണത്തിലൂടെ നന്മമാത്രം ചെയ്യുന്നവരായിരിക്കും അന്നുണ്ടാവുക. ജനങ്ങൾതന്നെ ഭരണാധികാരികളാകുമ്പോൾ ചൂഷണവും കാപട്യവും താനേ പമ്പകടക്കും. എല്ലാവരും എല്ലാവരുടേയും ഉപകാരികളും ജനസേവകരുമായിരിക്കും. വ്യക്തി സമൂഹത്തിനും സമൂഹം വ്യക്തിക്കുംവേണ്ടി ജീവിക്കും.

എല്ലാവരും സ്നേഹത്തിലും ആത്മസഹനത്തിലും വിശ്വസിക്കുന്നവരാകയാൽ ആദർശസമൂഹത്തിൽ കുടുംബകലഹങ്ങളും വർഗ്ഗസംഘട്ടനങ്ങളും ഉണ്ടാവുകയില്ല. തന്നിമിത്തം കോടതികളും അഭിഭാഷകരും ജയിലറകളും പോലീസുകാരും അപ്രത്യക്ഷമാകും. ആദർശസമൂഹാംഗങ്ങളെല്ലാവരും സഹനസമരമുറ അഭ്യസിച്ചവരാണെന്നും അവർ ജീവാർപ്പണത്തിന് സദാ തയ്യാറാണെന്നും അറിയാവുന്നതുകൊണ്ടും സാർവ്വദേശീയബോധത്തിൻെറ പ്രചാരത നിമിത്തവും പുറമെനിന്നുള്ള ആക്രമണങ്ങൾ ഉണ്ടാവുകയില്ല. അതിനാൽ അതിർത്തിസൈന്യത്തിൻേറയും യുദ്ധസന്നാഹങ്ങളുടേയും ആവശ്യകത ഉദിക്കുന്നില്ല. ആവശ്യത്തിൽ കൂടുതൽ സാധനങ്ങൾ ആരും കൈവശം വയ്ക്കാത്തതിനാൽ ദാരിദ്ര്യമെന്ന രൂക്ഷപ്രശ്നം ആദർശസമൂഹത്തെ ക്ലേശിപ്പിക്കുകയില്ല. കൈത്തൊഴിലുകൾക്കും കുടിൽവ്യവസായങ്ങൾക്കും മാത്രം പ്രാധാന്യംകല്പിയ്ക്കുന്ന പ്രസ്തുത സമൂഹത്തിൽ അന്തരീക്ഷമലിനീകരണം തുടങ്ങിയ വ്യവസായവത്കരണത്തിൻെറ ദൂഷ്യഫലങ്ങളൊന്നുമുണ്ടായിരിക്കുകയില്ല. ഇതു് രോഗങ്ങളുടെ എണ്ണം സാരമായി കുറയ്ക്കുകയും ഡോക്ടർമാരുടെ ആവശ്യകത ഇല്ലാതാക്കുകയും ചെയ്യും. ചുരുക്കത്തിൽ ആധിയും വ്യാധിയുമില്ലാത്ത സൗഭാഗ്യപൂർണ്ണവും സമത്വസുന്ദരവുമായ ഒരു സ്ഥിതിവിശേഷമായിരിക്കും അതു്.[80] ഇങ്ങനെ നോക്കുമ്പോൾ ഗാന്ധിജിയുടെ ആദർശസമൂഹം സ്വർഗ്ഗത്തിൻെറതന്നെ ഒരു മുൻചിത്രീകരണവും മുന്നാസ്വാദനവുമാണെന്നു പറയാം.

## 2. രാമരാജ്യം വെറും ഒരു സ്വപ്നമോ?

ഗാന്ധിജി വിഭാവനം ചെയ്ത ആദർശസമൂഹം എന്നെങ്കിലും യാഥാർത്ഥ്യവത്കരിക്കപ്പെടുമോ എന്ന ചോദ്യം പ്രസക്തമാണു്. ക്ഷേമരാഷ്ട്രത്തിലെ വിശദാംശങ്ങളെ ആവിഷ്കരിക്കുന്നതിൽ എല്ലായിടത്തും ഐകരൂപ്യം പാലിക്കാൻ രാഷ്ട്രപിതാവിനു കഴിഞ്ഞി

---

80 ഡോ. എൻ.പി. പിള്ള, ഗാന്ധിമാർഗ്ഗവും രാമരാജ്യവും, തിരുവനന്തപുരം, 1978, p. 42-45

www.malankaralibrary.com



ട്ടില്ല എന്നതു് ശരിതന്നെ[81] എങ്കിലും ആദർശസമൂഹസങ്കല്പത്തെ വെറും ഒരു പകൽക്കിനാവായി അവഗണിക്കാമോ?

തൻെറ എഴുത്തുകളിൽ പരസ്പരവിരുദ്ധങ്ങളെന്നു തോന്നിക്കുന്നവയിൽപ്പോലും മൗലികമായ ആശയൈക്യമുണ്ടെന്നു് ഗാന്ധിജി അവകാശപ്പെടുന്നു. ഓരോ മനുഷ്യനും ദൈവികാംശസംവാഹകനാകയാൽ ആദ്ധ്യാത്മികവും ധാർമ്മികവുമായി ഉത്തരോത്തരം അഭിവൃദ്ധിപ്പെടാൻ ഏവർക്കും സാദ്ധ്യമാണെന്നു് അദ്ദേഹം ദൃഢമായി വിശ്വസിച്ചു. പ്രസ്തുതാഭിവൃദ്ധിയുടെ പരമകാഷ്ഠയല്ലാതെ മററൊന്നുമല്ല ഗാന്ധിജിയുടെ സങ്കല്പത്തിലുള്ള രാമരാജ്യം. ആകയാൽ ഓരോ വ്യക്തിയേയും, സത്യാഗ്രഹിയായിവാർത്തെടുക്കുകയാണു് ആദർശസമൂഹസ്ഥാപനത്തിനത്യാവശ്യം. ഇതറിയാമായിരുന്നതുകൊണ്ടാണു് സ്വരാജ്യലബ്ധിയേക്കാൾ കൂടുതൽ പ്രാധാന്യം സഹനസമരമുറാഭ്യാസത്തിനും അഹിംസാസിദ്ധാന്തപ്രചാരത്തിനും ഗാന്ധിജി നൽകിയതു്. ആകയാൽ ആദർശസമൂഹം കെട്ടിപ്പടുക്കുവാനായി ഓരോ വ്യക്തിയും പരിശ്രമിക്കുക പാഴ്വേലയോ അവിവേകമോ അല്ല, പ്രത്യുത മനുഷ്യോചിതവും ബുദ്ധിപൂർവ്വവുമാണു്. ഇത്തരത്തിൽ പരിശ്രമിച്ചവരുടെ മകുടോദാഹരണങ്ങളായി അശോകൻ, അബൂബക്കർ, ഒമർ എന്നിവരെ ഗാന്ധിജി ചൂണ്ടിക്കാണിക്കുന്നു.

രാമരാജ്യം ഒരു ആദർശമാണു്, ലക്ഷ്യമാണു്. ''ഏതൊരു ലക്ഷ്യത്തിൻേറയും ദൗത്യം വ്യക്തികളെ ലക്ഷ്യപ്രാപ്തിക്കായി യത്നിക്കാൻ പ്രേരിപ്പിക്കുകയാണു്. അതിനായി എത്രമാത്രം പരിശ്രമിക്കാമോ അത്രയും ലക്ഷ്യം യാഥാർത്ഥ്യമായിത്തീരും. പൂർണ്ണമായും യാഥാർത്ഥ്യവത്ക്കരിക്കപ്പെടുന്ന ആദർശം ആദർശമല്ലതന്നെ.''[82] ആദർശസമൂഹത്തെ സംബന്ധിച്ചും ഇതു് അന്വർത്ഥമാണു്. ഈ ആദർശസാക്ഷാത്കാരത്തിനായി യത്നിക്കുമ്പോഴെല്ലാം ആ ലക്ഷ്യത്തിലേക്കു് നാം ഉപര്യുപരി അടുക്കുകയാണു്. അതിനാൽ ഈ പരിശ്രമം തന്നെ ഫലപ്രദമാണു്, മഹത്തരവും. മനുഷ്യൻ അവൻെറ മൃഗീയവാസനകൾക്കു് വിധേയനായി കഴിയുന്നിടത്തോളം കാലം ഈ ആദർശസമൂഹം പൂർണ്ണമായി സ്ഥാപിക്കുക അസാദ്ധ്യമാണെന്നു് ഗാന്ധിജി തന്നെ സമ്മതിച്ചിട്ടുണ്ടു്.[83] ഇതു് ക്ഷേമരാഷ്ട്രശില്പികളെ നിരുത്സാഹപ്പെടുത്തുവാനല്ല, പിന്നെയോ പ്രസ്തുത ലക്ഷ്യത്തിലേക്കു് തീർത്ഥാടനം നടത്തുന്നവർക്കു് ആശയും ആവേശവും പകരുവാനാണു്. ചുരുക്കത്തിൽ ഗാന്ധിജി വിഭാവനം ചെയ്യുന്ന ആദർശസമൂഹം മനുഷ്യനെ അലസതയിലേക്കോ അന്ധമായ

81 Ramachandran and Mahadevan (eds), *Gandhi-His Relevance for Our Time*, p. 311

82 *Ibid.* p.312

83 *Idem*

www.malankaralibrary.com



ആത്മസംതൃപ്തിയിലേക്കോ നയിക്കുന്ന വെറും ഒരു പകൽക്കിനാവ ല്ല. അവിരാമപരിശ്രമത്തിന് അവനെ നിർബ്ബന്ധിക്കുന്ന അക്ഷയ ചൈതന്യസ്രോതസ്സാണ്, പടിപടിയായുള്ള സാക്ഷാത്ക്കാരം പ്രതീക്ഷിച്ചു കഴിയുന്ന, ജീവിതഗന്ധിയായ, പ്രായോഗികമാക്കാവുന്ന ഒരു ആദർശമാണ്.

## 4. ഗാന്ധിജിയുടെ രാമരാജ്യവും ക്രിസ്തുവിൻെറ ദൈവരാജ്യവും

ഗാന്ധിജി വിഭാവനംചെയ്ത ക്ഷേമരാഷ്ട്രവും ക്രിസ്തു പ്രസംഗിച്ച ദൈവരാജ്യവും തമ്മിൽ അത്ഭുതാവഹമായ സാധർമ്മ്യങ്ങൾ കാണുന്നു. ഗാന്ധിജിയുടെ ആദർശസമൂഹത്തിൻെറ സർവ്വസവിശേഷതകളും അവയുടെ പൂർണ്ണതയിൽ സമ്മേളിച്ചിരിക്കുന്ന, യാഥാർത്ഥ്യമായിത്തീരുന്ന അവസ്ഥയാണ് പുതിയനിയമം ഉദ്ഘോഷിക്കുന്ന ദൈവരാജ്യം. ഈ ദൈവരാജ്യം രാഷ്ട്രീയമീമാംസകരും ദാർശനികരും ഉദ്ബോധിപ്പിച്ചിട്ടുള്ള ഏതൊരു ക്ഷേമരാഷ്ട്രത്തേക്കാളും മഹത്തരമാണ്.

ക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെടുന്ന ദൈവത്തിൻെറ പിതൃത്വവും സർവ്വാധീശത്വവും അംഗീകരിക്കുകയും അവിടുത്തെ കല്പനകൾ പാലിക്കുകയും എല്ലാവരും ക്രിസ്തുവിൽ ഏകശരീരാവയവങ്ങളും[84] സഹോദരീസഹോദരന്മാരുമാണെന്ന ധാരണയിൽ അപരനിൽ ക്രിസ്തുവിനെ ദർശിച്ചുകൊണ്ട്, മനഃസാക്ഷിയുടെ സ്വരമനുസരിച്ച്, സ്നേഹഗീതമാലപിച്ച്, സേവനത്തിൻെറ ദീപശിഖയുമേന്തി ഐക്യത്തിൽ വർത്തിക്കുകയും ചെയ്യുന്നവരുടെ സമൂഹമാണ് ക്രിസ്തു പ്രഘോഷിച്ച ദൈവരാജ്യം. പണത്തിൻെറയോ പ്രതാപത്തിൻെറയോ വർണ്ണത്തിൻെറയോ ജാതിയുടേയോ അടിസ്ഥാനത്തിൽ ആരും ആരുടേയുംമേൽ ആധിപത്യം പുലർത്തുകയോ അപരൻെറ അവകാശങ്ങൾ നിഷേധിക്കുകയോ ചെയ്യാത്ത, അക്രമവും അനീതിയുമില്ലാത്ത, സ്നേഹം മുഖമുദ്രയും സേവനം ജീവിതശൈലിയുമായുള്ളവരുടെ ഒരു സമൂഹമായിരിക്കുമെതു്. യഥാർത്ഥമായ ദൈവസ്നേഹത്തിൽനിന്ന് ഉദ്ഭൂതമാകുന്ന പരസ്നേഹചൈതന്യത്താൽ ജ്വലിക്കുന്ന സുമാനസരുടെ പറുദീസയാണ് പ്രസ്തുത ദൈവരാജ്യം.

ആദിമക്രിസ്തീയ സമൂഹത്തെ സംബന്ധിച്ച് ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളിൽ കാണുന്ന വിവരണം ഈ ദൈവരാജ്യത്തിൻെറ മുൻചിത്രീകരണമായി കരുതാം. ''വിശ്വാസം സ്വീകരിച്ച എല്ലാവരും ഒരു സമൂഹമായി. എല്ലാം അവർ പൊതുവായി അനുഭവിച്ചു. അവർ സമ്പാദ്യങ്ങളും വസ്തുക്കളും വിററ് ഓരോരുത്തരുടേയും

84 Cfr. റോമ. 12:4–5

www.malankaralibrary.com



ആവശ്യാനുസരണം വിതരണംചെയ്തു.''[85] ''വിശ്വാസികളുടെ സമൂഹം ഒരേ ഹൃദയത്തോടും ഒരേ ആത്മാവോടുംകൂടെ വ്യാപരിച്ചു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമാണെന്നു പറഞ്ഞില്ല.... ദാരിദ്ര്യദുഃഖ മനുഭവിക്കുന്നവരാരും അവരുടെ ഇടയിലില്ലായിരുന്നു.''[86]

ദൈവാഭിമുഖ്യവും മതാത്മകത്വവും ദൈവരാജ്യത്തിന്റേയും രാമരാജ്യത്തിന്റേയും പൊതുസവിശേഷതകളാണ്. രണ്ടിന്റേയും ആരംഭകാരണവും പരമലക്ഷ്യവും ദൈവമാണ്. മനുഷ്യന്റെ അന്തസ്സാണ് രണ്ടിന്റേയും കേന്ദ്രബിന്ദു. വ്യക്തികളുടെ ജീവിതശൈലി നിഷ്കർഷിക്കുന്നതിൽ ക്രിസ്തുവും ഗാന്ധിജിയും ഒരേ അഭിപ്രായക്കാരാണ്. ഇരുവരും ഊന്നിപ്പറയുന്നത് സ്നേഹത്തിന്റെ പ്രമാണവും സേവനസന്നദ്ധതയുമത്രെ. മനുഷ്യരെല്ലാം തുല്യരാണെന്നും തന്നിമിത്തം സമൂഹത്തിന്റെ മുഖമുദ്ര സാഹോദര്യമായിരിക്കണമെന്നും ക്രിസ്തുവും [87] ഗാന്ധിജിയും ഒരുപോലെ അനുശാസിക്കുന്നു. ഈ സാഹോദര്യത്തിന്റെ അടിസ്ഥാനം ഗാന്ധിജിയുടെ വീക്ഷണത്തിൽ അദ്വൈതസിദ്ധാന്തം ഉദ്ഘോഷിക്കുന്ന ജീവന്റെ അടിസ്ഥാനപരമായ ഐക്യവും ക്രിസ്തുവിന്റെ വീക്ഷണത്തിൽ തന്നിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ പിതൃത്വവുമാണ്. ഗാന്ധിയൻചിന്തകളുടെ മുഖ്യസ്രോതസ്സ് ഹൈന്ദവപാരമ്പര്യങ്ങളായിരുന്നുവെങ്കിൽ ക്രിസ്തീയാദർശങ്ങളുടേത് ക്രിസ്തുവിന് സ്വപിതാവുമായുണ്ടായിരുന്ന വൈയക്തികബന്ധവും അതു സംബന്ധിച്ച വെളിപാടുകളുമാണ്.

ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ഗാന്ധിജിയുടെ ത്യാഗോജ്ജ്വലമായ ജീവിതം പ്രശംസാർഹവും അദ്ദേഹത്തിന്റെ ബഹുഭൂരിഭാഗം പ്രബോധനങ്ങൾ സ്വീകാര്യങ്ങളുമാണ്. അദ്ദേഹത്തിന്റെ സദുദ്യമങ്ങളെ ദൈവരാജ്യത്തിലേക്കുള്ള തയ്യാറെടുപ്പുകളും അന്വേഷണങ്ങളുമായാണ് ക്രിസ്ത്യാനികൾ പരിഗണിക്കുക. ചുരുക്കത്തിൽ ഗാന്ധിജി വിഭാവനംചെയ്ത ആദർശസമൂഹത്തിന്റെ പൂർണ്ണതയും പൂർത്തീകരണവുമാണ് ക്രിസ്തു പ്രസംഗിച്ച ദൈവരാജ്യമെന്ന് മനസ്സിലാക്കാൻ ക്രൈസ്തവർക്ക് പ്രയാസമില്ല.

---

85 നടപടി 2:44–45
86 നടപടി 4:32–35
87 യോഹ. 13:35

www.malankaralibrary.com

# V

# സാമ്പത്തികശാസ്ത്രം

www.malankaralibrary.com

# സാമ്പത്തികശാസ്ത്രം

ധനാർജ്ജനവും വിതരണവുമാണ് ധനതത്ത്വശാസ്ത്രത്തിലെ പ്രധാന പ്രതിപാദ്യം. കുറഞ്ഞ അദ്ധ്വാനത്തിലൂടെ കൂടുതൽ ധനം സമ്പാദിക്കുവാനുള്ള മാർഗ്ഗങ്ങളാണതു നിർദ്ദേശിക്കുക. ആ നിർദ്ദേശങ്ങളിൽ ഭൗതികാതീതമായ മൂല്യങ്ങൾക്ക് പ്രായേണ സ്ഥാനം ലഭിക്കാറില്ല. ധനതത്ത്വശാസ്ത്രത്തിനു നിർവ്വചനം നൽകാൻ ശ്രമിച്ചവർ മിക്കവരും വെറുമൊരു ഭൗതികയാഥാർത്ഥ്യമെന്നനിലയിൽ മാത്രമാണ് മനുഷ്യനെ കണക്കാക്കിയിട്ടുള്ളത്. ഭൗതികനും സ്വാർത്ഥനുമായ മനുഷ്യന്റെ ഒടുങ്ങാത്ത ആഗ്രഹങ്ങൾ സംതൃപ്തമാക്കുവാൻ ധനതത്ത്വശാസ്ത്രജ്ഞന്മാർ കാണുന്ന ഒരേ ഒരു മാർഗ്ഗം വൻതോതിലുള്ള ഉൽപാദനവും വിതരണവുമാണ്. വലിയ വലിയ യന്ത്രങ്ങളുപയോഗിച്ച് ഏററം ചുരുങ്ങിയ സമയംകൊണ്ട് വളരെയധികം ഉല്പാദിപ്പിക്കുക. അങ്ങനെ വളരെയധികം അദ്ധ്വാനവും അർത്ഥവും ലാഭിക്കുവാൻ സാധിക്കും. ഇപ്രകാരമുള്ള ഉത്പാദനംവഴി മനുഷ്യനു യഥാർത്ഥമായ സംതൃപ്തിയും സൗഭാഗ്യവും പുരോഗതിയും കൈവരുന്നുണ്ടോ? ഇതിനുത്തരം നല്കുക തങ്ങളുടെ കടമയല്ലെന്നുപറഞ്ഞ് പ്രൊഫഷണൽ ധനതത്ത്വശാസ്ത്രജ്ഞന്മാർ ഒഴിഞ്ഞുമാറും. ഇവിടെയാണ് മനുഷ്യസ്നേഹിയും ധാർമ്മികമൂല്യങ്ങളിൽ അടിപതറാത്ത വിശ്വാസവുമുള്ള ധനതത്ത്വശാസ്ത്രജ്ഞനായ ഗാന്ധിജി രംഗപ്രവേശം ചെയ്യുക. ധാർമ്മികജീവിയായ മനുഷ്യന്റെ യഥാർത്ഥ പുരോഗതി ധാർമ്മികമായിരിക്കണം എന്നദ്ദേഹം വിശ്വസിച്ചു. ആയതിനാൽ മനുഷ്യന്റെ പുരോഗതിയ്ക്കുതകണമെങ്കിൽ അർത്ഥശാസ്ത്രവും അവശ്യം ധാർമ്മികമായേ പററൂ. അയിത്തം കൽപ്പിച്ച് അകററിനിറുത്തിയിരുന്ന സദാചാരത്തേയും ധാർമ്മികതയേയും അർത്ഥശാസ്ത്രത്തിന്റെ പടിമുററത്തേയ്ക്കാനയിക്കുവാൻ ഗാന്ധിജിയിലെ ധനതത്ത്വശാസ്ത്രജ്ഞൻ പരിശ്രമിച്ചു.

ഭാരതജനതയുടെ യഥാർത്ഥമായ സാമ്പത്തികോന്നമനത്തിനുതകുന്ന പദ്ധതികളും പരിപാടികളും ഗാന്ധിജി ആവിഷ്കരിച്ചു. ഖാദിയ്ക്ക് ഊന്നൽ നൽകികൊണ്ടുള്ള ഗ്രാമീണ സമ്പദ്ഘടന ഗാന്ധിയൻ ധനതത്ത്വശാസ്ത്രത്തിന്റെ മുഖമുദ്രയാണ്. വ്യവസായവത്ക്കരണത്തിന്റെ ഭീകരവിനകളെ മുൻകൂട്ടിക്കണ്ട ആ ക്രാന്തദർശി അതിനൊരിക്കലും അനുകൂലിയായിരുന്നില്ല. രക്തരഹിതമായ മാർഗ്ഗങ്ങളിലൂടെ സ്ഥിതിസമത്വവും സാമ്പത്തിക പുരോഗതിയും കൈവരിക്കാനാണദ്ദേഹം ഉദ്യമിച്ചത്. അതിനായി നിർദ്ദേശിച്ച കർമ്മപാതയായിരുന്നു ട്രസ്റ്റീഷിപ്പ് സമ്പ്രദായം. മുതലാളി തൊഴി

www.malankaralibrary.com



ലാളി ബന്ധങ്ങൾ സംബന്ധിച്ചും, ഇരുകൂട്ടരും അവശ്യം അനുഷ്ഠിക്കേണ്ട കടമകളെക്കുറിച്ചും വ്യക്തമായ ചില ധാരണകൾ അദ്ദേഹത്തിനുണ്ടായിരുന്നു. കടമകളുടെ ഭാഗമായ അവകാശങ്ങളെ വിസ്മരിക്കുവാൻ ഗാന്ധിജി തയ്യാറായില്ല. അക്കാരണത്താൽ ന്യായമായ തൊഴിൽസമരങ്ങളെ അദ്ദേഹം അനുകൂലിച്ചു. അദ്ധ്വാനത്തിന്റെ മാഹാത്മ്യം നന്നായി മനസ്സിലാക്കിയ അദ്ദേഹം 'ആഹാരാർത്ഥ അദ്ധ്വാന'ത്തിന്റെ പ്രവാചകനായിരുന്നു. രാഷ്ട്രപിതാവിന്റെ സാമ്പത്തികാദർശങ്ങൾ പലതും നിർദ്ദേശകതത്ത്വങ്ങളുടെ രൂപത്തിൽ ഭാരത ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## A. ഗാന്ധിജി ഒരു ധനതത്ത്വശാസ്ത്രജ്ഞൻ

'ധനതത്ത്വശാസ്ത്രം' എന്ന പദത്തിനു നാമിന്നു നൽകുന്ന നിയതമായ അർത്ഥത്തിൽ ഗാന്ധിജിക്ക് പ്രസ്തുത ശാസ്ത്രശാഖയെക്കുറിച്ച് അധികമൊന്നും അറിഞ്ഞുകൂടായിരുന്നു. തന്റെ അജ്ഞത വളരെ വ്യക്തമായി അദ്ദേഹം അംഗീകരിക്കുന്നുണ്ട്. 1916 ഡിസംബർ 20–ാം തീയതി അലഹബാദിലെ മുയിർക്കോളേജ് ഇക്കണോമിക് സൊസൈററിയിൽ നടത്തിയ പ്രഭാഷണത്തിൽ ആ വസ്തുത ഗാന്ധിജി തുറന്നു പറഞ്ഞു: ''സത്യസന്ധമായി പറഞ്ഞാൽ ധനതത്ത്വശാസ്ത്രത്തെക്കുറിച്ച്, നിങ്ങൾക്കതെക്കുറിച്ചറിയാവുന്നതുപോലെ, എനിക്കൊന്നുമറിഞ്ഞുകൂടാ....ധനതത്ത്വശാസ്ത്രത്തിൽ പ്രഗത്ഭരായ മാർഷൽ, ആഡംസ്മിത്ത്, മിൽ തുടങ്ങിയവരുടെ ഗ്രന്ഥങ്ങളൊന്നും ഞാൻ വായിച്ചിട്ടേയില്ല....''[1]

യഥാർത്ഥമായ സാമ്പത്തിക പുരോഗതിക്കു വിലങ്ങുതടിയായിപ്പോലും ചിലർ ഗാന്ധിജിയെ കണക്കാക്കുന്നുണ്ട്. പാശ്ചാത്യ രീതികളോടുള്ള അദ്ദേഹത്തിന്റെ എതിർപ്പ് ഇന്ത്യയെ പഴമയിലേക്കു വലിച്ചിഴയ്ക്കുമെന്ന് അവർ ഭയപ്പെടുന്നു. അക്കൂട്ടരിൽ ഒരാളാണ് പ്രൊഫ. ആർതർ ലേവീസ്.[2] ഭാരതീയ സമ്പദ്ഘടനയുടെ ശാസ്ത്രീയമായ വിശകലനത്തിനൊന്നും ഗാന്ധിജി മുതിരുന്നില്ല. പുതിയ സാമ്പത്തിക തത്ത്വങ്ങളും നിയമങ്ങളുമൊന്നും അദ്ദേഹത്തിന്റെ വക സംഭാവനയായി ലഭിച്ചിട്ടുമില്ല. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം മുഖ്യപ്രശ്നം ഭാരതജനതയുടെ ദാരിദ്ര്യമായിരുന്നു. അതിന് അദ്ദേഹം നിർദ്ദേശിച്ച പ്രതിവിധിയാകട്ടെ സാമ്പത്തികമെന്നതിനേക്കാൾ ധാർമ്മികവും മതപരവും. മനുഷ്യനിലെ ധാർമ്മികത അംഗീകരിക്കാത്തവർ ദാരിദ്ര്യപ്രശ്നത്തിന് ഗാന്ധിജി നിർദ്ദേശിച്ച പ്രതിവിധി ഒരു ധനതത്ത്വശാസ്ത്രജ്ഞന്റേതായി അംഗീകരിക്കുന്നില്ല. സാമ്പത്തികശാസ്ത്രത്തിന്റെ പരിധികൾക്കതീതമാണ്

1 K. Vasudevan, *Gandhian Economics*, Bombay: Bharatiya Vidya Bhavan, 1967, p.6.

2 *Ibid.* pp.1–2.

www.malankaralibrary.com



ധാർമ്മികതയെന്നാണവരുടെ നിലപാട്.[3] ആ സ്ഥിതിക്ക് അക്കൂട്ടരുടെ ദൃഷ്ടിയിൽ ഗാന്ധിജി ധനതത്ത്വശാസ്ത്രജ്ഞനെന്നതിനേക്കാരം ഒരു ധാർമ്മികോപദേഷ്ടാവാണ്.

സാമ്പത്തികശാസ്ത്രത്തിൻെറ ലക്ഷ്യം സംബന്ധിച്ച ധാരണപ്പിശകുകളും ഗാന്ധിജിയെ ബാധിക്കാറുണ്ട്. സമൂഹത്തിൽ മേധാവിത്വം വഹിക്കാൻപോന്നവിധം സാമ്പത്തികശാസ്ത്രം, സ്ഥിതിവിവരക്കണക്ക്, പ്ലാനിങ് ഇവയിൽ കുറെ പ്രഗൽഭരെ സൃഷ്ടിച്ചു വിടുകയാണ് ചിലരെ സംബന്ധിച്ചിടത്തോളം ധനതത്ത്വശാസ്ത്രത്തിൻെറ കർത്തവ്യം.[4] ഈ മാനദണ്ഡം വച്ചുനോക്കിയാൽ ഗാന്ധിയൻ സാമ്പത്തികവീക്ഷണങ്ങരം ധനതത്ത്വശാസ്ത്രത്തിൻെറ ഭാഗമാകുന്നേയില്ല. ഗാന്ധിജി ഒരു ധനതത്ത്വശാസ്ത്രജ്ഞനും.

ശാസ്ത്രീയ സാമ്പത്തിക കാര്യങ്ങളിലുള്ള തൻെറ അജ്ഞത അംഗീകരിക്കുന്നതോടൊപ്പംതന്നെ തൻെറ സാമ്പത്തിക വീക്ഷണങ്ങളുടെ സാധുതയും ഗാന്ധിജി സ്ഥാപിക്കുന്നുണ്ട്..... "ചില കാര്യങ്ങളുടെ യാഥാർത്ഥ്യം സംബന്ധിച്ച് മററാരുടെയും സാക്ഷ്യമോ തെളിവോ ആവശ്യമില്ലാത്ത സന്ദർഭങ്ങരം നമ്മുടെ ജീവിതത്തിലുണ്ടാകും. നമ്മുടെ ഉള്ളിൽ നിന്നും ഒരു ചെറിയ സ്വരം നമ്മോട് മന്ത്രിക്കും 'നിങ്ങരം ശരിയായ പാതയിലാണ്, ഇടത്തോട്ടോ വലത്തോട്ടോ തിരിയരുത്, തുടങ്ങിയ നേർവഴിയിലൂടെത്തന്നെ മുന്നേറുക' എന്ന് എൻെറ നിലപാട് ഇതാണ്."[5] തൻെറ അമൂല്യമായ ജീവിതാനുഭവങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ ആശയാഭിപ്രായങ്ങളാണ് ഗാന്ധിജിയുടേത്. അവയുടെ സത്യാവസ്ഥയ്ക്കും യഥാർത്ഥ്യത്തിനും തെളിവു നൽകുന്നത്, അദ്ദേഹം പറയുന്നതുപോലെ, സ്വന്തം മനസ്സാക്ഷിയാണ്. അതിലുപരിയായ സാക്ഷ്യമൊ അംഗീകാരമൊ ഒന്നും അദ്ദേഹത്തിനാവശ്യമില്ല. ഇന്ത്യൻ സമ്പദ്ഘടനയെക്കുറിച്ചുള്ള ഗാന്ധിജിയുടെ അഭിപ്രായങ്ങളുടെ ഉത്ഭവകേന്ദ്രം അദ്ദേഹത്തിൻെറ മനഃസ്സാക്ഷിയും അനുഭവങ്ങളുമാണ്. ആ അഭിപ്രായങ്ങരം ശരിയാണെന്നു സമ്മതിയ്ക്കാമെങ്കിൽ ഗാന്ധിജിയും ഒരു നലംതികഞ്ഞ ധനതത്ത്വശാസ്ത്രജ്ഞനാണ്; സംശയമില്ല.

ജനക്ഷേമകാരിയായ ഒരു ശാസ്ത്രം എന്ന നിലയിൽ ധനതത്ത്വശാസ്ത്രത്തിനു നിർവ്വചനം നല്കിയ ആൽഫ്രഡ് മാർഷൽ (1842–1924) 'ധനതത്ത്വശാസ്ത്രത്തിൻെറ തത്ത്വങ്ങരം' എന്ന ഗ്രന്ഥത്തിൽ പ്രമുഖ ധനതത്ത്വശാസ്ത്രജ്ഞന്മാരുടെ പൊതുവായ സ്വഭാവരീതിയെക്കുറിച്ചു പറയുന്നുണ്ട്: "ആധുനിക ധനതത്ത്വശാസ്ത്രത്തിൻെറ

3 *Ibid.* pp. 3–4.
4 *Ibid.* p.6.
5 *Idem.* p.6.

www.malankaralibrary.com



സ്ഥാപകരെല്ലാംതന്നെ മൃദുലവും സഹതാപവും നിറഞ്ഞ പ്രകൃതിയോടു കൂടിയവരും, മനുഷ്യവർഗ്ഗത്തോട് ആവേശം കാണിച്ചവരുമായിരുന്നു. സ്വാർത്ഥപരമായ രീതിയിലല്ല സമ്പത്തിനെ അവർ വീക്ഷിച്ചത്. ജനങ്ങളുടെയിടയിലുള്ള അതിന്റെ വിപുലമായ വിതരണത്തിലാണ് അവർ കൂടുതൽ ശ്രദ്ധ ചെലുത്തിയത്.[6] ഈ ഗുണവിശേഷങ്ങൾ ഗാന്ധിജിയിലും കളിയാടിയിരുന്നു, ഒരു പക്ഷെ മററുള്ളവരെക്കാൾ വളരെ കൂടുതലായി. തികഞ്ഞ മനുഷ്യസ്നേഹിയായിരുന്ന ഗാന്ധിജി. ആരും ഈ പ്രസ്താവനയെ ചോദ്യം ചെയ്യുമെന്ന് തോന്നുന്നില്ല. സമ്പദ്സമാഹരണത്തെക്കാൾ ഗാന്ധിജി കൂടുതൽ പ്രാധാന്യം നൽകിയത് അതിന്റെ ശരിയായ വിതരണത്തിലും വിനിയോഗത്തിലുമായിരുന്നു. ആ സ്ഥിതിക്ക് മഹാന്മാരായ ധനതത്വശാസ്ത്രജ്ഞന്മാരെപ്പോലെ ഗാന്ധിജിയും ഉന്നതശീർഷനായ ഒരു ധനതത്ത്വശാസ്ത്രജ്ഞനാണെന്നു നമുക്കു നിസ്സംശയം പറയാം.

ഭാരതീയ സമ്പദ്ഘടനയുടെ ശാസ്ത്രീയവിശകലനത്തിനു ഗാന്ധിജി മുതിരുന്നില്ല; ശരിതന്നെ. ഭാരതജനതയുടെ ദാരിദ്ര്യ പ്രശ്നത്തിന് അദ്ദേഹം നിർദ്ദേശിക്കുന്ന പ്രതിവിധി ധർമ്മാധിഷ്ഠിതവുമാണ്. ഇതുരണ്ടും ഒരു ധനതത്ത്വശാസ്ത്രജ്ഞൻ എന്ന പദവിയിൽ നിന്നും അദ്ദേഹത്തെ പിടിച്ചു താഴെയിറക്കുവാൻ പററിയ വൈകല്യങ്ങളല്ല. കണക്കുകൊണ്ട് കസർത്തു നടത്തി വലിയ പ്ലാനിങ്ങിനൊന്നും മുതിരാതെ വളരെ പ്രായോഗികമായ പ്രശ്നപരിഹാര പദ്ധതികൾ നിർദ്ദേശിക്കുകയാണ് അദ്ദേഹം ചെയ്തത്. സാമ്പത്തിക പ്രശ്നത്തിനുള്ള പരിഹാരം തീർച്ചയായും സാമ്പത്തികം തന്നെയായിരിക്കണം. അതിൽ ധാർമ്മികത കൂടിച്ചേർന്നിരിക്കുന്നു എന്ന കാരണത്താൽ അതു് സാമ്പത്തികപരിഹാരമാവാതിരിക്കുന്നില്ല; അതിന്റെ വിധാതാവ് ഒരു സാമ്പത്തികവിദഗ്ദ്ധനും.

ധനതത്ത്വശാസ്ത്രത്തിന്റെ ലക്ഷ്യം സംബന്ധിച്ച് ധാരണപ്പിശകുണ്ടെന്നു കണ്ടല്ലോ. വിൽഹെം റോപ്ക് എന്ന ഗ്രന്ഥകാരന്റെ വീക്ഷണത്തിൽ അതിന്റെ ശരിയായ ദൗത്യം; "........പൊതുജനതാല്പര്യങ്ങൾക്കും വികാരങ്ങൾക്കുമിടയിൽ യഥാർത്ഥ വസ്തുതകൾ ശബ്ദിപ്പിക്കണം. അരുചികരമെങ്കിലും, അസ്വീകാര്യമെങ്കിലും വസ്തുതകളുടെ കാര്യകാരണബന്ധങ്ങൾ വെളിപ്പെടുത്തണം. ഓരോന്നിനും അതിന്റേതായ ശരിയായ സ്ഥാനം നൽകണം. മിഥ്യാഭിലാഷങ്ങൾക്കും ആവേശങ്ങൾക്കുമെതിരെ മുന്നറിയിപ്പു നല്കണം."[7] ഭാരതജനതയുടെ അഭ്യുന്നതി ആഗ്രഹിച്ച ഗാന്ധിജി നി

---

6 *Ibid* pp.6-7.

7 *Ibid.* p.5.

www.malankaralibrary.com



വ്യൂഹിച്ചതും ഇതേ സംഗതിതന്നെയാണ്. എതിർപ്പുകൾ കണക്കാക്കാതെതന്നെ പലരുടേയും അപ്രീതി നേടിക്കൊണ്ടുകൂടി, തന്റെ സാമ്പത്തികവീക്ഷണങ്ങൾ അദ്ദേഹം അറിയിച്ചു. അതിൽ നേർവഴി ഉണ്ടായിരുന്നു, മുന്നറിയിപ്പുകളുണ്ടായിരുന്നു.

## 1. ഗാന്ധിയൻ ധനതത്ത്വശാസ്ത്രത്തിന്റെ പ്രത്യേകതകൾ

ഗാന്ധിയൻ ചിന്താധാരകളുടെ അടിസ്ഥാനം അദ്ദേഹത്തിന്റെ മനുഷ്യദർശനമാണ്. മനുഷ്യന്റെ ആത്യന്തികമായ നന്മയിൽ അദ്ദേഹം വിശ്വസിച്ചിരുന്നു. മനുഷ്യൻ പ്രധാനമായും ധാർമ്മികനാണ്. ധാർമ്മികമനുഷ്യന്റെ ക്ഷേമത്തിനുവേണ്ടി യത്നിക്കുന്ന ധനതത്ത്വശാസ്ത്രം അവശ്യം ധാർമ്മികമായിരിക്കണം. ധാർമ്മികമല്ലാത്ത സമ്പദ്ഘടനയും സംസ്കാരങ്ങളുമെല്ലാം നിലംപതിക്കുമെന്ന് റോം, ഗ്രീസ്, ഈജിപ്ത് തുടങ്ങിയ പുരാതനസംസ്കാരങ്ങളുടെ ചരിത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് ഗാന്ധിജി സമർത്ഥിക്കുന്നു.[8] ഭൗതികപുരോഗതി ഒപ്പം ധാർമ്മികപുരോഗതികൂടി ആയിരിക്കണമെന്ന് അദ്ദേഹം ആശിച്ചു.[9] ക്രിസ്തുവിനെ അക്കാലഘട്ടത്തിലെ ഏററം വലിയ ധനതത്ത്വശാസ്ത്രജ്ഞനായി ഗാന്ധിജി ചിത്രീകരിച്ചു.[10] ധനതത്ത്വശാസ്ത്രം ഒരു ധാർമ്മികശാസ്ത്രമാണ് ഗാന്ധിജിയുടെ ദൃഷ്ടിയിൽ: ''സാക്ഷാൽ ധർമ്മശാസ്ത്രമെല്ലാം നല്ല ധനശാസ്ത്രവും കൂടിയായിരിക്കണമെന്നതുപോലെതന്നെ സമ്പദ്വ്യവസ്ഥ ഒരിക്കലും അത്യുന്നതമായ ധാർമ്മികമാനദണ്ഡത്തിനെതിരായിരിക്കയുമില്ല. ധനദേവതയെ പൂജിക്കാനുപദേശിക്കുന്നതും, ബലഹീനരെ ചൂഷണംചെയ്തു സമ്പത്തു കൂട്ടിവെയ്ക്കുവാൻ ബലവാനെ സഹായിക്കുന്നതുമായ അർത്ഥശാസ്ത്രം ഭയാനകമായ ഒരു ശാസ്ത്രാഭാസമാണ്. അത് മരണത്തിനു കളമൊരുക്കുന്നു. നേരെമറിച്ച്, ശരിയായ സമ്പദ്വ്യവസ്ഥ സാമൂഹികനീതിക്കുവേണ്ടി നിലകൊള്ളുന്നു; ഏററവും ശക്തിഹീനരുൾപ്പെടെ സകലരുടെയും നന്മയെ ഒന്നുപോലെ അത് പുരോഗമിപ്പിക്കുന്നു. മാന്യമായ ജീവിതത്തിന് അത് അനുപേക്ഷണീയവുമാണ്.''[11] മനുഷ്യന്റെ ധാർമ്മികോന്നമനത്തിനു സഹായിക്കാത്ത ധനതത്ത്വശാസ്ത്രം അധാർമ്മികവും പാപകരവുമാണെന്നദ്ദേഹം കരുതി. ''........ഒരു വ്യക്തിയുടേയോ ഒരു ജനതയുടേയോ ധാർമ്മികക്ഷേമത്തെ വ്രണപ്പെടുത്തുന്ന സമ്പദ്വ്യവസ്ഥ നീതിവിരുദ്ധവും, തന്മൂലം പാപകരവുമാകുന്നു....''[12] അപ്രകാരമുള്ള ഒരു ധനത

---

8 M.K.Gandhi, *My Theory of Trusteeship*, Bombay: Bharatiya Vidya Bhavan, 1970, p. 1.
9 *Idem.*
10 *Ibid.*p. 10.
11 M.K. Gandhi, *Harijan*, 9-10-1937; (അർത്ഥശാസ്ത്രം, p.11)
12 M.K.Gandhi, *Young India*, 13-10-1921;(അ.ശാ. p.3)

www.malankaralibrary.com



ത്തശാസ്ത്രത്തിന്റെ അടിസ്ഥാനം ചൂഷണമായിരിക്കും.[13] ചൂഷണമാകട്ടെ ഹിംസയും.[14] മററു ധനതത്ത്വശാസ്ത്രജ്ഞന്മാരിൽ നിന്നെല്ലാം ഗാന്ധിജിയെ വേർതിരിച്ചുനിറുത്തുന്ന ഘടകം ഈ ധാർമ്മികവീക്ഷണമാണ്.

സമ്പത്തിനെ ദൈവമായി പ്രതിഷ്ഠിക്കുന്ന പ്രവണത ഗാന്ധിജിയ്ക്കില്ല. സമ്പദ്‌വർദ്ധനയോടൊപ്പം മനുഷ്യനു സുഖവും സംതൃപ്തിയും കൈവരുമെന്നും ഗാന്ധിജി കരുതുന്നില്ല. സംതൃപ്തി മനസ്സിന്റെ അവസ്ഥയാണ്. എത്രലഭിച്ചാലും 'പോരാ' എന്നതായിരിക്കും മനസ്സിന്റെ സാധാരണസ്ഥിതി. മനുഷ്യന്റെ ആവശ്യങ്ങൾക്കനുസൃതമായി ഉത്പാദനം വർദ്ധിപ്പിക്കണമെന്ന് മററു ധനതത്ത്വശാസ്ത്രജ്ഞന്മാർ ആവശ്യപ്പെട്ടപ്പോൾ ഗാന്ധിജി നിർദ്ദേശിക്കുക ആവശ്യങ്ങളെ നിയന്ത്രിക്കുവാനാണ്. ആഗ്രഹങ്ങൾ വർദ്ധിപ്പിച്ച് അവയെല്ലാം നിറവേററുവാനായി സമ്പാദിക്കുമ്പോൾ ഒരുവൻ വാസ്തവത്തിൽ അപരിഗ്രഹം എന്ന പുണ്യത്തിനെതിരായി പ്രവർത്തിക്കുകയാണ്. അവൻ ചെറിയൊരു മോഷ്ടാവായി മാറുന്നു, ആ സന്ദർഭത്തിൽ. മററുള്ളവരുടെ ജീവിതത്തിനാവശ്യമായതായിരിക്കാം ഒരുവൻ ഇപ്രകാരം അപഹരിച്ചെടുക്കുന്നത്.[15]

ഗാന്ധിയൻ ധനതത്ത്വശാസ്ത്രത്തിന്റെ മറെറാരു മുഖമുദ്ര അതിന്റെ ഗ്രാമീണോന്മുഖതയത്രെ. ഗ്രാമങ്ങളുടെ ശൃംഖലയായ ഭാരതത്തിന്റെ ഉന്നമനം ഗ്രാമോദ്ധാരണത്തിലൂടെ മാത്രമേ ഫലമണിയൂ എന്ന് അദ്ദേഹം മനസ്സിലാക്കി. വിവിധങ്ങളായ രാജ്യങ്ങൾക്ക് വ്യത്യസ്തങ്ങളായ സാമ്പത്തികസമീപനങ്ങളാണാവശ്യം. ഒരു രാജ്യത്തിന്റെ സാമ്പത്തികനയം അപ്പാടെ മറെറാന്നിനനുകരിക്കാൻ സാദ്ധ്യമല്ല. ഇംഗ്ലണ്ടിന്റെ സാമ്പത്തികനയമായിരിക്കരുത് ജർമ്മനിയുടേത്. ഇവരണ്ടിന്റേതുമായിരിക്കരുത് ഇന്ത്യയുടേത്. ദേശം, ജനത, കാലാവസ്ഥ, സംസ്കാരം എന്നിവ തികച്ചും വിഭിന്നമാണിവിടെ. ധനതത്ത്വശാസ്ത്രത്തിന്റെ നിയമങ്ങൾ ഒന്നും ശാശ്വതമോ, സാർവ്വത്രികമോ അല്ല എന്ന വസ്തുത ഗാന്ധിജി മനസ്സിലാക്കിയിരുന്നു.[16] പാശ്ചാത്യധനതത്ത്വശാസ്ത്രജ്ഞന്മാരെ അന്ധമായി വിശ്വസിക്കാതെയും അനുഗമിക്കാതെയും ഗ്രാമീണ, ചെറുകിട, കുടിൽവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സാമ്പത്തിക നയമാണ് ഗാന്ധിജി നിർദ്ദേശിച്ചത്.

---

13 V.P. Varma, *Political Philosophy of Mahatma Gandhi and Sarvodaya,* Agra: Lakshmi Narain Agarwal, 1972, p.123.
14 M.K. Gandhi, *Harijan,* 4-11-1939;(അ.ശാ. p.1)
15 M.K. Gandhi, *My Theory of Trusteeship,* pp. 8-9.
16 M.K. Gandhi, *The Gospel of Swadeshi,* Bombay: Bharatiya Vidya Bahavan, 1967, pp. 45-46.

www.malankaralibrary.com



## 2. ഗ്രാമവികസനം

പുരാതനകാലങ്ങളിൽ ഭാരതത്തിന്റെ പ്രശസ്തി ലോകത്തെമ്പാടും പരന്നത് കുടിൽവ്യവസായങ്ങളിലൂടെയായിരുന്നു. ഡാക്കാമസ്ലിനും, കാഷ്മീർ കംബളങ്ങളും ലോകപ്രശസ്തങ്ങളായിരുന്നു. ബ്രിട്ടീഷ് ആധിപത്യം ഇന്ത്യൻമണ്ണിൽ വേരുറച്ചതോടെ ഈ കുടിൽ വ്യവസായങ്ങളുടെ വളർച്ച മുരടിച്ചു. ശുശ്രൂഷിക്കാനാളില്ലാതെ, പ്രതികൂലസാഹചര്യങ്ങൾക്കടിപ്പെട്ട് കാലക്രമത്തിൽ അവ നാമമാത്രമായി അങ്ങുമിങ്ങും അവശേഷിച്ചു. ഈ കുടിൽവ്യവസായങ്ങളെ ആശ്രയിച്ച് ഉപജീവനം നടത്തിയിരുന്ന ജനങ്ങൾ കഷ്ടത്തിലായി. ദാരിദ്ര്യവും അതിന്റെ സഹചാരികളും ഗ്രാമങ്ങളിൽ പടർന്നുപിടിക്കാൻ തുടങ്ങി. വ്യവസായവത്ക്കരണത്തിന്റെ മാസ്മരവലയത്തിൽപ്പെട്ട് ജനങ്ങൾ ഗ്രാമങ്ങൾ വിട്ട് നഗരത്തിലേയ്ക്കോടി. അവിടെ അവർ ധാർമ്മികമായും, മാനസ്സികമായും ശാരീരികമായും തകർന്നു.

ഇന്ത്യൻഗ്രാമങ്ങളുടെ ശോച്യാവസ്ഥയ്ക്കു കാരണം ബ്രിട്ടീഷുകാരുടെയും ഇന്ത്യൻ നഗരങ്ങളുടെയും ചൂഷണമനോഭാവമായിരുന്നുവെന്നു ഗാന്ധിജി കുററപ്പെടുത്തുന്നു. അവരുടെ അനീതിയ്ക്ക് ദൈവത്തിനുമുമ്പിൽ അവർ മറുപടി നൽകേണ്ടിവരുമെന്ന് അദ്ദേഹം മുന്നറിയിപ്പു നൽകി....''മുകളിലൊരുദൈവമുണ്ടെങ്കിൽ ലോകചരിത്രത്തിൽത്തന്നെ ഒരുപക്ഷേ, താരതമ്യം ചെയ്യാൻ സാദ്ധ്യമല്ലാത്തരീതിയിൽ മനുഷ്യവർഗ്ഗത്തോടു ചെയ്തിരിക്കുന്ന ഈ പാതകത്തിന് (ചൂഷണത്തിന്) ഇംഗ്ലണ്ടും ഇന്ത്യൻ നഗരവാസികളും മറുപടിനൽകേണ്ടിവരും എന്ന കാര്യത്തിന് എനിക്കൊരു സംശയവുമില്ല.''[17] ഇന്ത്യൻ നഗരങ്ങൾ ഗാന്ധിജിയുടെ ദൃഷ്ടിയിൽ ചൂഷണപ്രതീകങ്ങളായിരുന്നു. ഗ്രാമീണ ഇന്ത്യയുടെ ജീവരക്തം വലിച്ചൂററിയെടുക്കുന്നതിൽ അവ ബ്രിട്ടീഷുകാരെ സഹായിച്ചു. ''....ബ്രിട്ടീഷുകാർ ഇന്ത്യയെ നഗരങ്ങൾ മുഖേനയാണ് ചൂഷണം ചെയ്തിട്ടുള്ളത്. നഗരങ്ങളാകട്ടെ ഗ്രാമങ്ങളെ ചൂഷണം ചെയ്തു. നഗരങ്ങളിലെ മണിമന്ദിരങ്ങൾ പണിതീട്ടുള്ളതു് ഗ്രാമങ്ങളുടെ രക്തമാകുന്ന സിമൻറുകൊണ്ടാണ്. ഇന്നു നഗരങ്ങളുടെ ധമനികളെ വീർപ്പിച്ചുകൊണ്ടിരിക്കുന്ന രക്തം ഗ്രാമങ്ങളിലെ രക്തവാഹിനികളിൽക്കൂടി വീണ്ടും ഒഴുകണമെന്നാണ് എന്റെ ആഗ്രഹം.''[18] ഈ ആഗ്രഹനിവൃത്തിയ്ക്കായി ഖാദിയിൽ അടിസ്ഥിതമായ ഗ്രാമീണ സമ്പദ്‌വ്യവസ്ഥിതി ഗാന്ധിജി നിർദ്ദേശിച്ചു.

ഗ്രാമങ്ങളുടെ ശൃംഖലയായ ഭാരതത്തിന്റെ രാഷ്ട്രീയ സാമ്പത്തിക വിമോചനം അർത്ഥപൂർണ്ണവും ഫലവത്തുമാകണമെങ്കിൽ

---

17 V. P. Varma, *Op.Cit.*, p.133.

18 M.K. Gandhi, *Harijan*, 23-6-1946; (അ ശാ. pp.124–125)

www.malankaralibrary.com



ഇന്ത്യൻഗ്രാമങ്ങൾ അവശ്യം സ്വയംപര്യാപ്തമാകണമെന്ന് ഗാന്ധിജി മനസ്സിലാക്കി. ഇന്ത്യയുടെഭാവി ഇന്ത്യൻ ഗ്രാമങ്ങളുടെ വളർച്ചയെ ആശ്രയിച്ചിരിക്കുന്നു എന്നറിയാമായിരുന്ന അദ്ദേഹം പറഞ്ഞു: ''ഗ്രാമം നശിക്കുകയാണെങ്കിൽ ഇന്ത്യയും നശിക്കുമെന്നു പറയേണ്ടിയിരിക്കുന്നു. പിന്നെ ഇന്ത്യ ഇന്ത്യയായിരിക്കുകയില്ല, ലോകത്തിനായുള്ള ഇന്ത്യയുടെ ദൗത്യം നഷ്ടപ്പെടുകയും ചെയ്യും.... ''[19] വൻവ്യവസായ സംരംഭങ്ങളിലൂടെ ഇന്ത്യൻ ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കാമെന്നു വ്യാമോഹിച്ച സ്വപ്നജീവിയായിരുന്നില്ല ഗാന്ധിജി. കാരണം ഇന്ത്യൻ ഗ്രാമങ്ങളെയും അവയിലെ നിവാസികളെയും അദ്ദേഹം നല്ലവണ്ണം അടുത്തറിഞ്ഞു. ദരിദ്രന്മാർക്കെവിടെ വൻവ്യവസായങ്ങൾക്കുള്ള ഭീമമായ മൂലധനം? നിരക്ഷരകുക്ഷികളും അനാരോഗ്യവാന്മാരും അലസരുമായ അവക്ക് ആധുനിക യന്ത്രങ്ങൾ നന്നായി കൈകാര്യം ചെയ്യുവാൻ സാധിക്കുമോ? അവയ്ക്കെല്ലാമുപരിയായി വ്യവസായവത്ക്കരണവും അതിന്റെ അനുഗാമിയായ യാന്ത്രികസംസ്കാരവും മനുഷ്യനു വരുത്തിവയ്ക്കുന്ന വൻവിനകൾ കണ്ടു് ഗാന്ധിജി ഭയപ്പെട്ടു. അവയിൽനിന്നെല്ലാം ആർഷഭാരതത്തെ രക്ഷിയ്ക്കാനാഗ്രഹിച്ച ഗാന്ധിജി ഗ്രാമീണ വ്യവസായങ്ങളിലടിസ്ഥിതമായ ഗ്രാമീണ സമ്പദ്‌വ്യവസ്ഥ ഇന്ത്യയ്ക്കായി നിർദ്ദേശിച്ചു.

വർഗ്ഗസമരത്തിന്റെ ചുവന്ന വിത്തുകൾ ആർഷഭാരതമണ്ണിൽ വിതയ്ക്കുവാൻ ഗാന്ധിജി ആഗ്രഹിച്ചില്ല. വ്യാവസായിക സമ്പദ് വ്യവസ്ഥയിൽ മുതലാളി—തൊഴിലാളി പ്രസ്ഥാനങ്ങളും അവയോടനുബന്ധിച്ചുള്ള പ്രശ്നങ്ങളും അനിവാര്യമാണു്. ഭാരതഭൂമിയിൽ ബോൾഷെവിസം നടപ്പായിക്കാണുവാൻ ആഗ്രഹിക്കാതിരുന്ന ഗാന്ധിജി അഹിംസയിൽ അടിസ്ഥാനമുറപ്പിച്ച, ചെറുകിട വ്യവസായങ്ങളിലൂന്നൽകൊടുത്തുകൊണ്ടുള്ള ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ പ്രോത്സാഹിപ്പിച്ചു. അവയിലൂടെ പൊതുജനക്ഷേമം കൈവരുത്താമെന്നു് ഗാന്ധിജി വിശ്വസിച്ചു.[20]

ഇന്നത്തെ ഭൂരിപക്ഷദാരിദ്ര്യത്തിന്റെ മുഖ്യകാരണം സമ്പദ്ക്ഷാമമല്ല, അതിന്റെ കേന്ദ്രീകരണമാണു്. ധനവാൻ കൂടുതൽ ധനവാനാകുന്നു. ദരിദ്രൻ കൂടുതൽ ദരിദ്രനും. വ്യാവസായിക സമ്പദ് വ്യവസ്ഥ ഈ പ്രതിഭാസത്തെ കൂടുതൽ ദൃഢപ്പെടുത്തുകയത്രെ ചെയ്യുന്നതു്. ഇന്ത്യയുടെ ഇന്നത്തെ സ്ഥിതി നമ്മെ പഠിപ്പിക്കുന്ന വാസ്തവം അതാണു്. ഏതാനും ചില കുടുംബങ്ങളിലായി സ്വത്തു കേന്ദ്രീകരിയ്ക്കപ്പെട്ടിരിക്കുന്നു.[21] ദേശസാൽക്കരണം യഥാർത്ഥ പ്രശ്നപരി

19 *Ibid.*, 29-8-1936;(അ.ശാ. p. 114)

20 V.P. Varma, *Op.Cit*, p. 134

21 മേദിനസന്ദേശം–1980, p. 4; (K.C.B.C. Commission for Labour.)

www.malankaralibrary.com



ഹാരമാകുകയില്ല. ചെറുകിട ഗ്രാമീണവ്യവസായങ്ങൾ ഈ തിന്മ ഒഴിവാക്കും. കാരണം രാഷ്ട്രത്തിന്റെ സമ്പത്ത് എല്ലാതലങ്ങളിലേക്കും വ്യാപിക്കും.

വ്യാവസായിക സമ്പദ്‌വ്യവസ്ഥയിൽ ഉപഭോക്താവു് ചൂഷണം ചെയ്യപ്പെടുകയാണ്. യന്ത്രങ്ങൾ സൃഷ്ടിച്ചുവിടുന്നവ ഉപയോഗിക്കുവാൻ അവൻ നിർബന്ധിതനാകുന്നു. അവന്റെ ആവശ്യത്തിനും അഭിരുചിക്കും ചേർന്നവ അവനു ലഭിച്ചെന്നുവരില്ല. നയനഹാരികളായ പരസ്യങ്ങൾവഴി അവൻ വഞ്ചിക്കപ്പെടുന്നു. ഇടത്തട്ടുകാരുടെ ചൂഷണം ഇവയെല്ലാം പുറമെയും. ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ ഉപഭോക്താവിനു് ആവശ്യമുള്ളവ മാത്രമേ ഉൽപാദിപ്പിക്കപ്പെടുകയുള്ളു. പരസ്യങ്ങളിലൂടെയുള്ള കബളിപ്പിക്കലോ ഇടത്തട്ടുകാരുടെ ചൂഷണമോ അവിടെയുണ്ടാകുകയില്ല. ഇക്കാരണങ്ങളാൽ അവ ഉപഭോക്താവിനെ കൂടുതൽ തൃപ്തനാക്കും.

## B. ഖാദി

മഹാത്മഗാന്ധിയുടെ വീക്ഷണത്തിലുള്ള ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ കേന്ദ്രബിന്ദു ഖാദിയാണ്. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിലെ സൂര്യനാണതു്. ''ഗ്രാമീണ വ്യാവസായിക സൗരയൂഥത്തിലെ സൂര്യൻ ഖാദിയാകുന്നു. ഗ്രഹങ്ങളായിട്ടു് പറയാവുന്നതു് ഖാദിയിൽനിന്നു കിട്ടുന്ന ചൂടിനും, സംരക്ഷണത്തിനും പകരമായി അതിനെ പിന്താങ്ങാൻ കഴിവുള്ള വിവിധ വ്യവസായങ്ങളെയാണ്''.[22] ഖാദിയെക്കുറിച്ചു പറയുമ്പോൾ ഗാന്ധിജി വികാരാധീനനാകാറുണ്ട്. അതേക്കുറിച്ചു സ്ഥാനത്തും അസ്ഥാനത്തും പ്രസംഗിക്കുന്നതിനും എഴുതുന്നതിനും അദ്ദേഹത്തിനു യാതൊരു സങ്കോചവുമുണ്ടായിരുന്നില്ല. ഇന്ത്യൻ സ്വാതന്ത്ര്യം, ദേശീയത, സ്വയംപര്യാപ്തത തുടങ്ങിയവയുടെയെല്ലാം പ്രതീകമായിരുന്നു അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഖാദി.

ബ്രിട്ടീഷ് വ്യവസായികളായ ചാക്യാന്മാരെ തോല്പിക്കുവാൻവേണ്ടി തുടങ്ങിയ തുള്ളൽ പരിപാടിയായിരുന്നില്ല ഖാദി പ്രസ്ഥാനം. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ അതിന്റെ മേന്മയും പ്രായോഗികതയും കണ്ടറിഞ്ഞശേഷമാണ് പരസ്യമായി അതു് രംഗത്തു കൊണ്ടുവന്നതു്. 1908—ൽ ഖാദിയെപ്പററിയുള്ള ആശയം ഗാന്ധിജിയുടെ മനസ്സിലുദിച്ചു. 1908—ൽ പ്രസിദ്ധീകരിച്ച 'ഹിന്ദ് സ്വരാജ്'' എന്ന പുസ്തകത്തിൽ ഇന്ത്യൻ ജനതയുടെ നിർദ്ധനത നീക്കാൻ ചക്കയും കൈത്തറിയും ഗാന്ധിജി നിർദ്ദേശിച്ചു. ഈ ആശയം നിരന്തരമായ പരീക്ഷണങ്ങൾക്കദ്ദേഹം വിധേയമാക്കി.

---

22 M.K. Gandhi, *Harijan*, 16-11-1934;(അ.ശാ. p. 209)

www.malankaralibrary.com



1918-ൽ മാത്രമാണ് ഖാദിപ്രസ്ഥാനം പരസ്യമായി രംഗപ്രവേശം ചെയ്തത്.[23] ഇതിനിടയിൽ വളരെയധികം സാഹസികമായ അന്വേഷണങ്ങളും അഭ്യസനങ്ങളും ഗാന്ധിജിയും കൂട്ടരും നടത്തിയിരുന്നു.[24]

സമ്പദ്സമാജ്ജനം സാമ്പത്തികശാസ്ത്രലക്ഷ്യമല്ലെന്നു പ്രഖ്യാപിച്ച ഗാന്ധിജി ദാരിദ്ര്യവ്രതത്തിന്റെ പ്രവാചകനായിച്ചമഞ്ഞില്ല. ഭാരതത്തിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യത്തെക്കാൾ അദ്ദേഹത്തെ അലട്ടിയിരുന്ന പ്രശ്നം ഭാരതീയരുടെ ദാരിദ്ര്യമായിരുന്നു. 'ഗരീബി ഹഠാവോ' പോലുള്ള മുദ്രാവാക്യങ്ങൾ വിളിച്ചുപറഞ്ഞ് ദരിദ്രന്റെ ദാരിദ്ര്യത്തിന്റെ പേരിൽ മുതലക്കണ്ണീരൊഴുക്കി, നന്മ ആശംസിച്ചു കടന്നുപോകാൻ അദ്ദേഹം തയ്യാറായില്ല. ദരിദ്രന്റെ കണ്ണുനീരുപോലും അധികാരത്തിനുള്ള ചൂഷണോപാധിയാക്കുന്ന ആധുനിക രാഷ്ട്രീയക്കാരന്റെമുന്നോടിയായിരുന്നില്ല ഗാന്ധിജി. അതുകൊണ്ട് പ്രശ്നത്തെ സധൈര്യം, ശുഭാപ്തി വിശ്വാസത്തോടെ നേരിടുവാൻ തീരുമാനിച്ചു. പ്രസംഗത്തെക്കാളേറെ പ്രവൃത്തിയ്ക്കും സ്ഥാനം നൽകി. എല്ലാം അടിച്ചുനിരത്തി കൃത്രിമമായ സ്ഥിതിസമത്വം സ്ഥാപിച്ച് ലൗകിക പറുദീസ സൃഷ്ടിക്കാമെന്ന് ആർക്കും വാക്കു കൊടുത്തില്ല. സ്വയം രക്ഷപ്പെടുവാനുള്ള മാർഗ്ഗം നിർദ്ദേശിച്ചുകൊടുത്തു എല്ലാവർക്കുമായി; അതും സന്മനസ്സുള്ള എല്ലാവർക്കും. ആ മാർഗ്ഗമായിരുന്നു ഖാദി. ഖാദിസാമ്പത്തിക പ്രമേയത്തിന്റെ സാധുതയും നിലനിൽപും ചോദ്യംചെയ്തവരോട് വ്യക്തമായ ഭാഷയിൽ മറുപടികൊടുത്തു, ഖാദി ഒന്നുമാത്രമാണ് യഥാർത്ഥമായ സാമ്പത്തികപ്രമേയമെന്ന്. ''ഇന്ത്യയിലെ ഓരോ ഗ്രാമത്തിലേയും പതിനാറുവയസ്സുകഴിഞ്ഞ ശരീരശക്തിയുള്ള ഓരോ വ്യക്തിക്കും, ആണായാലും പെണ്ണായാലും, തന്റെ വയലിലോ കുടിലിലോ തൊഴിൽശാലയിലെങ്കിലുമോ വേലയും മതിയായ കൂലിയും ഉണ്ടാക്കിക്കൊടുക്കുവാൻ ഉതകുന്ന കുറേക്കൂടി നല്ലൊരു വ്യവസ്ഥിതി ഉണ്ടാകുന്ന ഒരു കാലം —അങ്ങനെ ഒരു കാലം എന്നെങ്കിലുമുണ്ടാവുമെങ്കിൽ—വരുന്നതു വരെ അഥവാ വേണ്ടവണ്ണം ക്രമീകൃതമായ ഒരു ജീവിതത്തിന് ആവശ്യവും അർഹവുമായ അത്യാവശ്യ സുഖസൗകര്യങ്ങൾ ഗ്രാമീണർക്ക് കിട്ടത്തക്കവണ്ണം ഗ്രാമങ്ങളുടെ സ്ഥാനത്തു വേണ്ടുവോളം നഗരങ്ങൾ നിർമ്മിക്കപ്പെടുന്നതുവരെ ദശലക്ഷക്കണക്കിനു ഗ്രാമീണരെ മുൻനിർത്തി ചിന്തിക്കുമ്പോൾ ഖാദിയാണ് ഒരേ ഒരു സാമ്പത്തികപ്രമേയം.''[25]

---

23 K. Vasudevan, *Op.Cit*; p. 32.

24 M.K. Gandhi, അർത്ഥശാസ്ത്രം (തിരുവനന്തപുരം, ഗാന്ധിസ്മാരക നിധി, കേരളശാഖ, 1962), pp. 128-133.

25 M.K. Gandhi, *Harijan*, 20-6-1936;(അ.ശാ., pp.222-223)

www.malankaralibrary.com



## 1. ഖാദിപ്രസ്ഥാനം

കൈത്തറികളിലുള്ള വസ്ത്രനിർമ്മാണവും അതിന്റെ ഉപയോഗവുമാണ്, ചുരുക്കിപ്പറഞ്ഞാൽ ഖാദിപ്രസ്ഥാനം. പല ഘട്ടങ്ങൾ കടന്നുവരേണ്ട ഒരുപരിപാടിയാണത്. പരുത്തിക്കൃഷിമുതൽ ഖാദിയുടെ ഉപയോഗംവരെ. പരുത്തിക്കൃഷി, പഞ്ഞിശേഖരണം, പഞ്ഞികടയൽ, പഞ്ഞിത്തിരി ഉണ്ടാക്കൽ, നൂൽനൂൽക്കൽ, നെയ്ത്ത് തുടങ്ങിയ പണികളെല്ലാം ഇവയിൽപ്പെടും. പല ഘട്ടങ്ങൾ ഉണ്ടെങ്കിലും ഇവയൊന്നുംതന്നെ വലിയ സാങ്കേതിക വൈദഗ്ദ്ധ്യമോ മൂലധന നിക്ഷേപമോ ആവശ്യപ്പെടുന്നില്ല. സങ്കീർണ്ണമായ വൻതുകകളുടെ യന്ത്രസംവിധാനങ്ങളും ഇവയ്ക്കാവശ്യമില്ല. ബ്രിട്ടീഷുകാരുടെ വരവിനു മുമ്പുവരെ ഖാദിയിലൂടെ വസ്ത്രത്തിന്റെ കാര്യത്തിൽ ഇന്ത്യ സ്വയംപര്യാപ്തമായിരുന്നു. പിന്നീട് മാഞ്ചെസ്റ്ററിന്റെ മാർക്കറ്റായിത്തീർന്നു നമ്മുടെ മാതൃരാജ്യം. നമ്മുടെ പൂർവ്വസ്ഥിതിയിലേക്ക തിരിച്ചു ചെല്ലുന്നതിനുള്ള ഒരു ഭഗീരഥപ്രയത്നമാണ് ഗാന്ധിജിയുടെ ഖാദി പ്രസ്ഥാനം.

## 2. ഖാദിയുടെ തത്ത്വം

ഗാന്ധിജിയുടെ ജീവിതത്തിലെ നിയാമക തത്ത്വങ്ങളിലൊന്നായ അഹിംസയുടെ സാമ്പത്തിക രംഗത്തുള്ള പ്രയോഗമാണ് വാസ്തവത്തിൽ ഖാദി. ദ്രോഹിക്കാതിരുന്നാൽപ്പോരാ നന്മചെയ്യുകയും കൂടിവേണമല്ലോ യഥാർത്ഥ അഹിംസക്കാരൻ. ആരുടേയും ജീവൻ ഹനിക്കുന്നില്ല എന്ന ഒറ്റക്കാരണത്താൽ ഒരാൾ അഹിംസാതത്ത്വചാരിയാകണമെന്നില്ല. വ്യവസായ സാമ്പത്തിക രംഗങ്ങളിൽ സ്വാർത്ഥതയും ചൂഷണവും വെച്ചുപുലർത്തുന്നവൻ ഹിംസാവാദിയാണ്. ഇന്നത്തെ നമ്മുടെ സകല വ്യവസായങ്ങളുടേയും ബിസിനസ്സുകളുടേയും അടിത്തറ ഹിംസയാണ്. കഴിയുന്നത്ര ലാഭം ഉണ്ടാക്കുക. അതെങ്ങനെയായാലും വേണ്ടതില്ല എന്നാണ് മനുഷ്യരുടെ ഭാവം. ഈ സാഹചര്യത്തിലാണ് ഖാദി നക്ഷത്രം പുതിയ സന്ദേശവുമായി ഉദിച്ചുയരുന്നത്. ''ഖാദിയിലടങ്ങിയിരിക്കുന്ന തത്ത്വം ഭൂമിയിലുള്ള ഓരോ മനുഷ്യജീവിയോടുമുള്ള അനുഭാവമാണ്. നമ്മുടെ സഹജീവികൾക്ക് ഉപദ്രവകരമായ സകലതും പരിത്യജിക്കുക എന്നതാണ് അതിനർത്ഥം.'' 26 ഏതെങ്കിലും വിദേശമാർക്കറ്റ് മുന്നിൽ കണ്ടുകൊണ്ട് അവിടുത്തെ ജനങ്ങളുടെ ദാരിദ്ര്യത്തിൽനിന്നും മുതലെടുപ്പു നടത്താനല്ല നാം ഖാദി ഉല്പാദിപ്പിക്കുക. വില്പന രണ്ടാമത്തെ ലക്ഷ്യമേ ആകുന്നുള്ളു. ആദ്യം ഓരോ ഗ്രാമവും വസ്ത്രത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തമാകണം. അതിനുശേഷം വില്പനയുടെ കാര്യം അന്വേഷിച്ചാൽ മതി. അഹിംസാധിഷ്ഠിതമായ ഖാദിയെ വേണ്ടപോലെ മനസ്സിലാക്കാതെ ജനങ്ങൾ

26 M.K. Gandhi, *Young India*, 22-9-1927;(അ.ശാ. p. 185)

www.malankaralibrary.com



അതുപേക്ഷിച്ചതുകൊണ്ടുകൂടിയാണ് സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ വർഗ്ഗീയ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടതെന്ന് ഗാന്ധിജി ആരോപിക്കുന്നു.[27]

## 3. ഖാദിയുടെ ലക്ഷ്യങ്ങൾ

രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക, ധാർമ്മികമൂല്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് ഖാദി പ്രസ്ഥാനത്തിന് ഗാന്ധിജി ആരംഭം കുറിച്ചത്. ശാശ്വതവും ബലിഷ്ഠവുമായ രാഷ്ട്രീയസ്വാതന്ത്ര്യം നമുക്കുണ്ടാകണമെങ്കിൽ രാഷ്ട്രം സാമ്പത്തികസുസ്ഥിതി കൈവരിക്കണമെന്ന് ഗാന്ധിജി മനസ്സിലാക്കി. സാമ്പത്തികപുരോഗതി അവശ്യം ധാർമ്മികപുരോഗതികൂടി ആകണമായിരുന്നു ഗാന്ധിജിക്ക്. തൊഴിലിനു മാന്യതനല്കുന്ന, ദരിദ്രരെ മാനിക്കുകയും അവരുടെ പ്രശ്നങ്ങൾ വേണ്ടവിധം മനസ്സിലാക്കുകയും ചെയ്യുന്ന ഒരു തലമുറ ഇവിടെ രൂപംകൊള്ളണമെന്ന് അദ്ദേഹമാഗ്രഹിച്ചു. ഇവയെല്ലാം സാധിച്ചെടുക്കുവാൻ പററിയ ഉപാധിയായി അദ്ദേഹം കണ്ടുപിടിച്ച മാന്ത്രികദണ്ഡായിരുന്നു ഖാദി. സ്വരാജ് നേടിയെടുക്കണമെങ്കിൽ ഖാദി സാർവ്വത്രികമായിത്തീരണമെന്ന് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു.[28]

ഭാരതഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കുക എന്നതാണ് ഖാദിയുടെ സുപ്രധാനലക്ഷ്യം. പ്രത്യേകിച്ചും മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം എന്നിവയിൽ. ''ഓരോ ഗ്രാമത്തേയും ആഹാരത്തിന്റെയും വസ്ത്രത്തിന്റെയും കാര്യത്തിൽ സ്വയം പര്യാപ്തമാക്കുക എന്നുള്ളതാണ് ഖദറിന്റെ കാതലായ വസ്തുത.''[29] ഈ അടിസ്ഥാനാവശ്യങ്ങൾ നിറവേററാൻ സാധിച്ചെങ്കിലേ മനുഷ്യനു മനുഷ്യോചിതമായി ജീവിക്കുവാനും പുരോഗമിക്കുവാനും സാധിക്കൂ. കൃഷീവലന്മാരായ ഭാരതീയർ ഏതാണ്ട് നാലുമാസത്തിനു തുല്യമായ സമയം പ്രത്യേകജോലിയൊന്നും കൂടാതെ അലസമായി ചിലവഴിക്കുവാൻ നിർബ്ബന്ധിതരായിത്തീരുന്നുണ്ട്.[30] അവർക്ക് യാതൊരുനന്മയും ഇതുണ്ടാക്കുന്നില്ലന്നുമാത്രമല്ല സാമ്പത്തികമായും ധാർമ്മികമായും അവരെ അതു നശിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം നഷ്ടപ്പെടുത്തുന്നസമയം നൂൽനൂൽക്കുന്നതിനായി ഉപയോഗിക്കുവാൻ ഗാന്ധിജി ആവശ്യപ്പെടുന്നു. ഇതുവഴി ലഭിക്കുന്ന വരുമാനം തീരെ നിസ്സാരമെന്നുതോന്നാമെങ്കിലും ഒന്നും ഇല്ലാതിരിക്കുന്നതിനേക്കാൾ മെച്ചമാണെന്നുള്ളതിനു സംശയമില്ല. ഓരോരുത്തരെ സംബന്ധി

---

27 M.K. Gandhi, *Harijan,* 21-12-1947; (അ.ശാ. p.261)
28 M.K. Gandhi, *Young India,* 22–9-1921;(അ.ശാ. p. 149)
29 M.K. Gandhi, *Ibid.* 17-7-1924; (അ.ശാ. p. 158)
30 *Ibid.* 22-10-1925;(അ.ശാ. p. 157)

www.malankaralibrary.com



ച്ചം ഇതിനു വലിയ മുതൽമുടക്കോ, കായികക്ലേശമോ ഇല്ല. അല്പം സമനസുമാത്രംമതി. അവക്കു വലുതായ നേട്ടങ്ങളും ഉണ്ടാകും. "ഒരു കുടിൽവ്യവസായമില്ലെങ്കിൽ ഇൻഡ്യൻ കൃഷിക്കാരൻ നാശഗർത്തത്തിൽ ആണ്ടുപോകും. ഭൂമിയിലെ ആദായംകൊണ്ടു അയാൾക്കു തന്നെത്താൻ പുലർത്തുക സാദ്ധ്യമല്ല. ഒരനുബന്ധവ്യവസായം അയാൾക്ക് ആവശ്യമാണ്. അതിൽ ഏററവും സുകരവും ചെലവുകുറഞ്ഞതും ഉത്തമവും നൂൽനൂല്പാണ്."[31]

## 4. ഖാദിയുടെ മേന്മകൾ

ഗാന്ധിജിയുടെ ദൃഷ്ടിയിൽ ഖാദിയ്ക്കു പല മേന്മകളുണ്ട്. തൊഴിലില്ലാത്ത അനേകായിരങ്ങൾക്കു തൊഴിൽ നൽകുന്നു. കുടുംബങ്ങളിലെ ദാരിദ്ര്യാന്ധകാരത്തെ ആട്ടിപ്പായിക്കുന്നു. സാമ്പത്തിക നേട്ടങ്ങളോടൊപ്പം ധാർമ്മികരാഷ്ട്രീയതലങ്ങളിലും ഖാദിയ്ക്കു വളരെയേറെ നേട്ടങ്ങളുണ്ട്.

### a) സാമ്പത്തികം

ഖാദിയിലൂടെ സ്വരാജിലേയ്ക്കു മാർച്ചു ചെയ്യുടുക്കുക എന്നതായിരുന്നു ഗാന്ധിജിയുടെ ലക്ഷ്യം. എല്ലാവരും അല്പസമയമെങ്കിലും നൂൽനൂൽക്കുകയും ഇന്ത്യക്കാവശ്യമായ തുണി ഇവിടെത്തന്നെ ഉത്പാദിപ്പിക്കുകയും ചെയ്യുമ്പോൾ ഇന്ത്യ വസ്ത്രത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തമാകും. സാധാരണക്കാരുടെ പ്രതിശീർഷവരുമാനം വർദ്ധിക്കുന്നതിന് ഇതിടയാക്കും. ഈ പ്രതിശീർഷവരുമാനവർദ്ധന കണക്കിലുള്ള കളിയായിരിക്കുകയില്ല, പ്രത്യുത തികച്ചും വസ്തുനിഷ്ഠമാണ്. കാരണം, സമ്പത്ത് ഒരിടത്തു കേന്ദ്രീകരിക്കാതെ ജനലക്ഷങ്ങൾക്കിടയിൽ വ്യാപിക്കുന്നു. അപ്പോൾ ജനങ്ങളുടെ സാമ്പത്തികനിലവാരം പൊതുവിൽ ഉയരുന്നതിനിടയാകും.

### b) ധാർമ്മികം

സാമ്പത്തികോന്നമനം ധാർമ്മികോന്നമനം കൂടിയായിരിക്കണം എന്നു ശഠിച്ച ഗാന്ധിജിയുടെ ചിന്താരീതിയ്ക്കു തികച്ചും അനുയോജ്യമായിരുന്നു ഖാദി. അതിൽ അധാർമ്മികത ഒട്ടുമില്ല. മാത്രമല്ല സദാചാരനിഷ്ഠയും ധാർമ്മികതയും ഇതു വളർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു. അഹിംസാധിഷ്ഠിതമായ ഒരു ജീവിതശൈലിയാണ് ഖാദി പ്രതിനിധാനം ചെയ്യുക.[32] ജനങ്ങളിലുള്ള അലസതനീക്കി അവരെ പ്രവർത്തനതല്പരരും കർമ്മനിരതരുമാക്കുന്നു. അലസതയിൽനിന്നും വിമുക്തമാകുന്നവൻ അനവധി തിന്മകളിൽ

31 *Ibid*. 10-12-1929;(അ.ശാ. p. 134)
32 M.K. Gandhi, *Harijan*, 21-12-1947;(അ.ശാ. p. 261)

www.malankaralibrary.com



നിന്നും വിമുക്തമാവുകയാണല്ലൊ ചെയ്യുന്നത്. അലസൻെറ തല ച്ചോറു സാത്താൻെറ പണിപ്പുരയാണെന്നുള്ള ആംഗ്ലേയ പഴഞ്ചൊല്ല് സ്മർത്ഥവ്യമാണ്.

നൂൽനൂല്പിലും നെയ്ത്തിലും ഏർപ്പെട്ടിരിക്കുന്ന ആളുകളിൽ ഭൂരിപക്ഷവും സ്ത്രീകളാണ്, സ്ത്രീകളുടെ പ്രവർത്തനമേഖല പ്രധാനമായും ഗാർഹികരംഗമാണല്ലോ. ഗൃഹാന്തരീക്ഷത്തിനുവെളിയിൽ കടക്കാതെതന്നെ കൂടുതൽ സമ്പാദിക്കുന്നതിനും ഗൃഹപരിപാലനം നടത്തുന്നതിനും സാധിക്കും. ഫാക്ടറികളിലും വലിയ വ്യവസായശാലകളിലും മററും ജോലി ചെയ്യുന്ന സ്ത്രീകൾ പലപ്പോഴും ധാർമ്മികച്യുതിയുടെ വക്കിലൂടെയാണ് സഞ്ചരിക്കുക. അതിൽനിന്നും അവരെ രക്ഷിക്കുവാൻ ഖാദിയ്ക്കു കഴിയുമെന്ന് ഗാന്ധി സ്ഥാപിച്ചു.[33] ''നമുക്കു വന്നുചേരുന്ന അലസതയെ അതു ദൂരീകരിക്കും. മനസ്സിനു സ്ഥിരതയുണ്ടാക്കും. എന്നുതന്നെയല്ല, ലക്ഷക്കണക്കിനാളുകൾ അതിനെ പുണ്യകർമ്മമായി സ്വീകരിക്കുമ്പോൾ നമ്മെ ഈശ്വരോന്മുഖരാക്കുമെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു.''[34] ബ്രഹ്മചര്യപാലനത്തിനുള്ള നല്ല ഉപാധിയായും ഖാദിയെ ഗാന്ധിജി നിർദ്ദേശിക്കുന്നുണ്ട്. ശബ്ദരഹിതമായ ചക്രം ശ്രദ്ധാപൂർവ്വം ചലിപ്പിക്കുന്നതുവഴിയായി വികാരങ്ങൾ നിയന്ത്രിക്കാമെന്നും സ്വഭാവദാർഢ്യം നേടിയെടുക്കാമെന്നും ജീവിതാനുഭവസാക്ഷ്യത്തിൽനിന്നും മഹാത്മാവ് സ്ഥാപിക്കുന്നുണ്ട്.[35] ഇൻഡ്യൻ സമുദായത്തിലെ വലിയൊരു തിന്മയാണ് യാചകന്മാർ. ആരോഗ്യമുള്ളവർപോലും പലപ്പോഴും ഇതൊരു ജീവിതമാർഗ്ഗമായി കണക്കാക്കുന്നു. ഇവയ്ക്കെല്ലാം ഖാദി ഒരു പരിഹാരമാകുമെന്നും ഗാന്ധിജി വിശ്വസിച്ചു.

c) രാഷ്ട്രീയം

ഖാദിയുടെ രാഷ്ട്രീയ മേന്മകളും ശ്രദ്ധാർഹങ്ങളാണ്. വിദേശവസ്തുക്കൾക്കെതിരായുള്ള ഒരു രാഷ്ട്രീയ സമരായുധമെന്ന നിലയിലാണ് പലരും ഖാദിപ്രസ്ഥാനത്തെ വീക്ഷിച്ചത്. അതു കുറെയെല്ലാം ശരിയുമായിരുന്നു. ഇന്ത്യയുടെ രാഷ്ട്രീയവിമോചനത്തിനുള്ള ഒരുമാദ്ധ്യമമായി ഖാദിയെ ഗാന്ധിജി കണക്കാക്കി. ഇവിടെനിന്നും അസംസ്കൃതപദാർത്ഥങ്ങൾ കുറഞ്ഞവിലയ്ക്കു വാങ്ങിക്കൊണ്ടുപോയി സംസ്കരിച്ചെടുത്ത് ഉൽപന്നങ്ങളാക്കിമാററി തിരികെ ഇവിടെ കൊണ്ടുവരികയും അവയിലൂടെ ഇവിടുത്തെ ജനങ്ങളെ ചൂഷണം ചെയ്യുകയും ചെയ്യുന്ന രാഷ്ട്രീയസാമ്പത്തികനയത്തെ ഗാന്ധിജി നഖശിഖാന്തം എതിർത്തു. നമ്മെ രാഷ്ട്രീയാടിമത്തത്തിലേയ്ക്കു നയിച്ചതുതന്നെ ഇപ്രകാരമുള്ള കച്ചവട നയമായിരുന്നു.

33 M.K. Gandhi, *Young India*, 16-2-1921;(അ.ശാ. p. 143)
34 *Ibid*. 22-9-1921; (അ.ശാ. p. 150)
35 *Ibid*. 27-5-1926;(അ.ശാ pp. 171-172)

www.malankaralibrary.com



അതിനാൽ വൻശക്തിയായ ബ്രിട്ടീഷുകാക്കെതിരെ സുശക്തമായ ഒരു സാമ്പത്തിക ഉപരോധം നടപ്പാക്കണമെന്നു് മഹാത്മാവു മനസ്സിലാക്കി. അതിനുള്ള ഏറ്റവും പറ്റിയ ലളിതവും അതേസമയം വ്യാപകവുമായ മാർഗ്ഗം ഖാദിയായിരുന്നു. ഖാദിയിലൂടെ ഭാരതജനത ആത്മശിക്ഷണവും സഹകരണബോധവും, അഹിംസാചിന്തയും കൈവരിച്ചുകഴിയുമ്പോൾ മുട്ടുമടക്കാത്ത ഗവണ്മെൻറിനെതിരെ നിയമലംഘനപ്രസ്ഥാനം ആരംഭിക്കാമെന്നു് ഗാന്ധിജി ആശിച്ചു.[36]

സ്വാതന്ത്ര്യസമ്പാദനത്തിനുശേഷവും ഖാദി ആവശ്യമാണു്. നമ്മുടെ മാതൃഭൂമിയുടെ ഗതകാലമാഹാത്മ്യത്തെക്കുറിച്ചനുസ്മരിക്കുവാനും അവ നിലനിത്തുവാനും നമുക്കു കഴിയണമെങ്കിൽ ഖാദിയിലടിസ്ഥിതമായ ഒരു രാഷ്ട്രീയസാമ്പത്തികവീക്ഷണം അവശ്യം നമുക്കുണ്ടായേ പററൂ.

ഖാദിയുടെ മേന്മയെക്കുറിച്ചു പറയുന്ന ഗാന്ധിജി വിദേശവസ്ത്രോപയോഗം അധാർമ്മികമാണെന്നു് പറയുന്നു. അതു് അനേകം പേരെ ഇവിടെ ദരിദ്രരാക്കി. ''വിദേശ വസ്ത്രത്തോടുള്ള നമ്മുടെ പ്രേമമാണു് ചക്കയെ അതിൻെറ മാന്യമായ സ്ഥാനത്തുനിന്നും പുറന്തള്ളിയതു്. അതുകൊണ്ടു് വിദേശവസ്ത്രം ധരിക്കുന്നതു് പാപമായി ഞാൻ കരുതുന്നു.''[37] ഇറക്കുമതിചെയ്ത നേത്ത വസ്ത്രങ്ങളുടെ ഉപയോഗം പലരേയും സദാചാരവിരുദ്ധപ്രവത്തനങ്ങളിലേയ്ക്കു നയിച്ചിട്ടുണ്ടെന്നു് അദ്ദേഹം പറയുന്നു. ''പാശ്ചാത്യരാജ്യങ്ങളിൽ നിന്നോ വിദൂര പൗരസ്ത്യരാജ്യങ്ങളിൽ നിന്നോ നാം ഇറക്കുമതി ചെയ്തിട്ടുള്ള നേത്ത്തുണിത്തരങ്ങൾ നമ്മുടെ ലക്ഷോപലക്ഷം സഹോദരീസഹോദരന്മാരുടെ മരണത്തിനും ആയിരക്കണക്കിനു പ്രിയ സഹോദരിമാരുടെ സദാചാരവിരുദ്ധജീവിതത്തിനും ഇടയാക്കിയിട്ടുണ്ടെന്നുള്ളതു് അക്ഷരംപ്രതി ശരിയാണു്....''[38]

ഇന്ത്യൻ കാലാവസ്ഥകൾക്കു് ഏററവും ചേന്ന വസ്ത്രം ഖാദിയാണെന്നു് ഗാന്ധിജി വാദിക്കുന്നു, അദ്ദേഹത്തിൻെറ ഖാദിപ്രചരണോത്സുകതയിൽ[39] ആരും ഇതു് ചോദ്യംചെയ്തു കേട്ടിട്ടില്ല.

## 5. മററു ഗ്രാമീണ വ്യവസായങ്ങൾ

ഖാദിയുടെ പ്രവാചകനും പ്രചാരകനുമായിത്തീന്ന ഗാന്ധിജി മററു ഗ്രാമീണവ്യവസായങ്ങളെ പരിത്യജിച്ചില്ല. ഖാദിക്കു് അമിതപ്രാധാന്യം നല്കിയപ്പോൾ പലരും ധരിച്ചതു് മററു ഗ്രാമീണവ്യവസായങ്ങൾ പരിത്യജിച്ചു് പ്രായേണ വരുമാനം കുറഞ്ഞ ഖാദി

---

36 *Ibid* 22-9-1921;(അ.ശാ. P. 150)
37 *Ibid* 13-10-1921;(അ.ശാ. p. 152)
38 *Ibid*: 11-8-1921;(അ.ശാ. p. 147)
39 *Ibid.* 6-7-1921;(അ.ശാ. p. 145)

www.malankaralibrary.com



യുല്പാദനം എല്ലാവരും ആരംഭിക്കണമെന്നാണ് ഗാന്ധിജി ആവശ്യപ്പെടുന്നതെന്ന്. മഹാകവി രവീന്ദ്രനാഥടാഗോർപോലും ഈ വിധത്തിലാണ് ഗാന്ധിജിയെ മനസ്സിലാക്കിയത്.[40] ഈ ധാരണ ദൂരീകരിക്കാൻ പല അവസരങ്ങളിലും ഗാന്ധിജി ശ്രമിക്കുന്നുണ്ട്.[41]

ഖാദിയെ ഗ്രാമീണവ്യാവസായികസൗരയൂഥത്തിലെ സൂര്യനായി ചിത്രീകരിച്ചിരിക്കുന്നതിൽനിന്നും മററു ഗ്രാമീണ വ്യവസായങ്ങളെ നിഷേധിച്ചില്ല എന്നു കാണുവാൻ കഴിയും. ഖാദിക്കു കൂടുതലായ പ്രാധാന്യം നൽകി എന്നേയുള്ളു. മാത്രമല്ല ഖാദിയുടെ പുനരുദ്ധാരണത്തോടെ തളർന്നുറങ്ങിക്കിടക്കുന്ന മററു ഗ്രാമീണ വ്യവസായങ്ങളും ഉണർന്നുവളർന്ന് പുഷ്ടിപ്രാപിക്കുമെന്നദ്ദേഹം വിശ്വസിച്ചു.[42]

## 6. വിമർശനങ്ങൾ

ഗാന്ധിയൻ സമ്പദ്‌വ്യവസ്ഥ രൂക്ഷമായ വിമർശനങ്ങൾക്കും പരിഹാസങ്ങൾക്കും വിധേയമായി. പാശ്ചാത്യ ആശയഗതികളെ പാടേ അവഗണിച്ചതു് അവിടങ്ങളിലെ സാമ്പത്തിക വിശാരദന്മാരിൽ പലർക്കും രസിച്ചില്ല.

ഗ്രാമങ്ങളിലേക്കു മടങ്ങിപ്പോകുക (Back to the village) എന്ന മുദ്രാവാക്യം പഴമയിലേക്കു മടങ്ങിപ്പോകുവാനുള്ള ബുദ്ധിശൂന്യമായ ആഹ്വാനമായി പലരും കരുതി. ഭാരതത്തെ വീണ്ടും കാളവണ്ടിയുഗത്തിലേക്കു ഗാന്ധിജി നയിക്കുന്നുവെന്ന ആരോപണം ഉയർന്നുവന്നു. ഖാദിപോലുള്ള ഗ്രാമീണവ്യവസായങ്ങളുടെ പുനരുദ്ധാരണപരിശ്രമങ്ങളുടെ സ്രോതസ്സ് ബ്രിട്ടീഷുകാരോടുള്ള വിദ്വേഷവും വെറുപ്പുമാണെന്നതായിരുന്നു ചിലരുടെ ഭാഷ്യം. സമയാർത്ഥായുസ്സുകളുടെ നഷ്ടമാക്കൽപ്രസ്ഥാനമായി ഖാദിയേയും ഗ്രാമീണവ്യവസായങ്ങളേയും ചിലർ കണക്കാക്കി. അവയിൽ പ്രതീക്ഷയ്ക്കു വകയില്ലെന്നതായിരുന്നു അവരുടെ നിഗമനം.[43]

ഭാരതഗ്രാമങ്ങളെക്കുറിച്ച് വിമർശകർക്കുള്ള അജ്ഞത വെളിവാക്കുന്നവയാണ് അവരുടെ അഭിപ്രായങ്ങൾ എന്നതായിരുന്നു ഗാന്ധിജിക്കു നൽകുവാനുള്ള മറുപടി. വിമർശകരെക്കാൾ കൂടുതലായിരുന്നു അഭിനന്ദനാശംസകൾ നേർന്ന അനുഭാവികൾ. പിന്നീടു പലരും ഗാന്ധിയുടെ ഗ്രാമീണസമ്പദ്‌വ്യവസ്ഥയെ പിന്താങ്ങാൻ തയ്യാറായി, നാഗരികസംസ്കാരത്തിന്റെ ദുർമുഖം കണ്ടു ഭയചകിതരാ

40 *Ibid.* 5-11-1925;(അ.ശാ, p.167)
41 *Ibid.* 21-10-1926;(അ.ശാ. p.177)
42 *Ibid* 21-5-1925;(അ.ശാ. p. 163)
43 K.Vasudevan, *Op.cit,* p.32

www.malankaralibrary.com



യപ്പോഠം. J. M. Murray, G. D. H. Cole എന്നിവർ ഖാദിയെയും ഗ്രാമീണസമ്പദ്‌വ്യവസ്ഥയെയും അനുകൂലിച്ചവരും അംഗീകരിച്ചവരുമാണ്.[44]

നിരവധിയായ വിമർശനങ്ങഠംക്കിടയിലും ചക്കയിലുള്ള വിശ്വാസം ഗാന്ധിജി കൈവെടിഞ്ഞില്ല. അതിൽ അനുഭവപ്പെട്ട പരാജയങ്ങഠം അദ്ദേഹത്തെ നിരാശനാക്കിയുമില്ല. ഈശ്വരനിലും, മനുഷ്യനിലും അടിയുറച്ചുവിശ്വസിക്കുന്നതുപോലെ ചക്കയിലും ദൃഢമായി വിശ്വസിക്കുന്നുവെന്ന് അദ്ദേഹം സധൈര്യം പ്രഖ്യാപിച്ചു.[45] തന്നെയുമല്ല ഇന്ത്യയിലെ ദരിദ്രനാരായണന്മാരുടെ ആഗ്രഹാവശ്യങ്ങളുടെ പരിപൂർണ്ണതയ്ക്കായുള്ള കാമധേനുവായി ചക്കയെത്തന്നെ നിർദ്ദേശിച്ചുകൊടുത്തു.[46]

## C. വ്യാവസായിക സമ്പദ്‌വ്യവസ്ഥ

ശാസ്ത്രവും സാങ്കേതികവിദ്യയും സമ്മേളിച്ച് നവംനവങ്ങളായ യന്ത്രങ്ങഠംക്ക ജന്മമേകി. ഈ പുതിയ സൃഷ്ടികളുടെ ആവിർഭാവത്തിൽ ശാസ്ത്രവ്യാവസായികലോകങ്ങഠം സന്തോഷിച്ചു. അതേസമയം അവയിൽ അപകടം കണ്ടെത്തിയ ക്രാന്തദർശികളുമുണ്ടായിരുന്നു. ടോഠംസ്റ്റോയ്, ഗാന്ധി എന്നിവരെപ്പോലുള്ള അക്കൂട്ടരുടെ എണ്ണം വളരെ പരിമിതമായിരുന്നു എന്നുമാത്രം. യന്ത്രവത്ക്കരണത്തിന്റെയും അതുവഴിയുള്ള വ്യവസായവത്ക്കരണത്തിന്റെയും ആജന്മശത്രുവായിരുന്നു ഗാന്ധിജി എന്നു പറഞ്ഞാൽ അതിൽ അതിശയോക്തി ഉണ്ടാവില്ല. ഈ എതിർപ്പ് വെറും വികാരപരമോ പ്രതികാരരാഷ്ട്രീയപ്രേരിതമോ ആയിരുന്നില്ല എന്ന വസ്തുത നാം പ്രത്യേകം അനുസ്മരിക്കണം.

ഗാന്ധിയൻ വിശ്വാസസംഹിതകളുടെ മൂലക്കല്ലാണ് അഹിംസയെന്നു പറയാം. ആ ആദർശത്തിനു നിരക്കാത്തതാണ് യന്ത്രവത്കൃതവ്യവസായങ്ങഠം. അവയുടെ വിജയം, ചൂഷണം ചെയ്യുന്നതിലുള്ള വിജയം ആണ്.[47] ചൂഷണമാണതിന്റെ മാർഗ്ഗരേഖ. ചൂഷണം—അത് ഏതുതലത്തിലായാലും ഹിംസയാണ്. യന്ത്രസമ്പദ്‌വ്യവസ്ഥിതിയെ എതിർക്കാനുള്ള ആദ്യകാരണം ഇതാണ്.

യന്ത്രങ്ങഠം മനുഷ്യന്റെ മാഹാത്മ്യം നിരസിക്കുന്നു, പലപ്പോഴും. യന്ത്രത്തെ നയിക്കേണ്ട മനുഷ്യൻ യന്ത്രത്തിന്റെ ഭാഗമായി മാറുന്നു. മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തിൽ വിശ്വസിക്കുകയും

44 *Ibid.*, pp. 22-23
45 M.K. Gandhi, *Young India*, 15-9-1927; (അ.ശാ. p. 183)
46 *Ibid.* 16-2-1921; (അ.ശാ. p. 143)
47 K. Vasudevan, *Op. Cit*, p. 18

www.malankaralibrary.com



അതിനുവേണ്ടി അടരാടുകയുംചെയ്ത ഗാന്ധിജിയ്ക്ക് ഈ അവസ്ഥാവിശേഷം അംഗീകരിക്കാനായില്ല. അക്കാരണത്താൽ യന്ത്രങ്ങളെ ശക്തിയുക്തം എതിർത്തു.

വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയുടെ പേരിലും ഗാന്ധിജി യന്ത്രങ്ങളെ എതിർത്തു.[48] യന്ത്രങ്ങൾ മനുഷ്യാദ്ധ്വാനം ഒഴിവാക്കുന്നു എന്ന് അതിന്റെ പ്രചാരകന്മാർ പറഞ്ഞേക്കും. ഒരു പരിധിവരെ അതു ശരിയുമാണ്. പക്ഷെ, അനേകരെ അവരുടെ ജീവസന്ധാരണമാർഗ്ഗത്തിൽനിന്നും തുരത്തെറിഞ്ഞിട്ട് അവരെ അലസതയിലേയ്ക്കും ദാരിദ്ര്യത്തിലേയ്ക്കും തള്ളിവിടുന്നതു് എത്രമാത്രം ധാർമ്മികമാണ്? ആവശ്യത്തിനു മനുഷ്യശക്തി ഇല്ലാത്ത രാജ്യങ്ങളിൽ യന്ത്രവത്ക്കരണത്തിന് ന്യായീകരണമുണ്ട്. അനേകായിരങ്ങൾ തൊഴിൽരഹിതരായിട്ടുള്ള ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്തിൽ അതു് അധാർമ്മികമാണ്. ഇക്കാരണത്താൽ അസ്വീകാര്യവും.

സ്വത്തിന്റെ കേന്ദ്രീകരണമാണ് അതിന്റെ മറ്റൊരു തിന്മ. യന്ത്രങ്ങൾ വലിയതോതിൽ ഉല്പാദിപ്പിക്കും, താരതമ്യേന കുറഞ്ഞ ചെലവിൽ. ഇതു് കുത്തകകളുടെ ഉത്ഭവത്തിനു കാരണമായിത്തീരും. രാഷ്ട്രത്തിലെ സമ്പത്തു് ഏതാനും ചിലരുടെ കൈപ്പിടിയിലമരും.[49] ഈ ന്യൂനപക്ഷം അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്കൊത്തു് ഭൂരിഭാഗത്തെ നയിക്കും. ഗാന്ധിജിയുടെ വീക്ഷണത്തിൽ ''ഈ ന്യൂനപക്ഷത്തിന്റെ പ്രവർത്തനശക്തി മനുഷ്യത്വമോ സഹജീവിസ്നേഹമോ അല്ല. അത്യാർത്തിയും ദുരാശയുമാണ്.''[50] ഈ സാമ്പത്തീകനയം സാത്താന്റേതാണ്. അതിനെതിരായിട്ടാണ് സമ്പത്തു് ജനങ്ങൾക്കിടയിൽ വിതരണംചെയ്യാൻ പ്രേരിപ്പിക്കുന്ന ദൈവികധനതത്ത്വശാസ്ത്രം—ചർക്കയുടെ സമ്പദ്‌വ്യവസ്ഥ—അദ്ദേഹം പ്രചരിപ്പിച്ചതു്.[51]

യന്ത്രങ്ങളെയും വ്യവസായവത്ക്കരണത്തേയും എതിർത്ത ഗാന്ധി ആധുനികനല്ല എന്ന് ആരോപിച്ചാൽ അതിൽ അത്ഭുതപ്പെടാനില്ല. പ്രാകൃതയുഗത്തിലേയ്ക്ക് മടങ്ങാനാണോ അദ്ദേഹത്തിന്റെ ഭാവം എന്ന് പലരും സംശയിച്ചു. അദ്ദേഹത്തിന്റെ ആദ്യകാല സമീപനത്തിൽനിന്നും ഇപ്രകാരമൊരു സംശയം ഉണ്ടാകാനുള്ള സാദ്ധ്യതകളുമുണ്ടായിരുന്നു. എന്നാൽ നാൽപ്പതുകളിലേയ്ക്ക് കടന്നപ്പോൾ യന്ത്രവത്ക്കരണത്തോടുള്ള തന്റെ യഥാർത്ഥമായ സമീപനം ഗാന്ധിജി അർത്ഥശങ്കയ്ക്കിടംനല്കാതെ വ്യക്തമാക്കി. ''എന്റെ ശരീ

48 *Ibid.* p. 20
49 V.P. Varma *Op. Cit.*,p. 130
50 M. K. Gandhi, അർത്ഥശാസ്ത്രം, p.265
51 M.K. Gandhi, *Man V Machine,* Baratiya Vidya Bhavan, 1966, p. 34

www.malankaralibrary.com



രം തന്നെ, അസാധാരണമാംവണ്ണം പേലവമായി നിർമ്മിക്കപ്പെട്ടിട്ടുള്ള ഒരു യന്ത്രവിശേഷമാണ്. നൂൽനൂല്ക്കുന്ന ചക്രവും ഒരു യന്ത്രമാണ്, അപ്രകാരംതന്നെ ഓരോ പല്ലുകുത്തിപോലും. കേവലം യന്ത്രസാമഗ്രികളോടല്ല എന്റെ എതിർപ്പ്. യന്ത്രസാമഗ്രികൾ മനുഷ്യാദ്ധ്വാനത്തെ ലാഭിപ്പിക്കുന്നുവെന്നു സങ്കല്പിക്കുന്ന മതിഭ്രമത്തോടാണ്. അദ്ധ്വാനം ലാഭിക്കുന്ന ഒടുവിൽ അനേകായിരംപേർ തൊഴിലില്ലാതായി, വിശന്ന്, തെരുവുനീളെ കിടന്നുമരിക്കുന്നു. മനുഷ്യവർഗ്ഗത്തിൽ ഒരു വിഭാഗത്തിനു മാത്രമല്ല, സകലമാനംപേർക്കും ജോലിയും ജീവിതമാർഗ്ഗവും ഉണ്ടാക്കിക്കൊടുക്കണമെന്നതാണ് എന്റെ ആഗ്രഹം....''[52] ഈ നിലപാടിൽനിന്നും അല്പംകൂടി മുന്നോട്ടുപോകുവാൻ അദ്ദേഹം തയ്യാറായി. സ്വതന്ത്ര ഇൻഡ്യയിൽ വൻകിട–ചെറുകിട വ്യവസായങ്ങൾക്ക് സ്ഥാനമുണ്ടായിരിക്കുന്നുവെന്നദ്ദേഹം മനസ്സിലാക്കി. സിംഗർ തയ്യൽമെഷീന്റെ ഉദാഹരണം ചൂണ്ടിക്കാണിച്ചുകൊണ്ടാണ് വ്യവസായശാലകളുടെ സാംഗത്യം അദ്ദേഹം അംഗീകരിക്കുന്നത്. പക്ഷേ പ്രധാനപ്പെട്ട വ്യവസായങ്ങൾ ദേശസാൽക്കരിക്കണമെന്ന് അദ്ദേഹത്തിന് നിർബ്ബന്ധമുണ്ടായിരുന്നു. കാരണം സമ്പത്തു വ്യക്തികളുടെ കൈകളിൽ അടിഞ്ഞുകൂടാൻ പാടില്ല. അവിടെയും അദ്ദേഹത്തിന്റെ മുഖ്യ ചിന്താവിഷയം മനുഷ്യൻതന്നെയായിരുന്നു.[53]

## D. ഗാന്ധിജിയും ഇസങ്ങളും

മനുഷ്യരെല്ലാവരും ഒന്നുപോലെ ജീവിക്കുന്ന സമ്പൂർണ്ണസ്ഥിതിസമത്വത്തിന്റെ സുന്ദരസ്വപ്നങ്ങൾ ജനപദങ്ങൾ കാണാറുണ്ട്. അവയെക്കുറിച്ചവർ ഐതിഹ്യങ്ങൾ ചമയ്ക്കും. കാരണം സ്ഥിതിസമത്വം അപ്രായോഗികമാണെന്നവർ മനസ്സിലാക്കുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് വദ്ധിച്ചുവന്നപ്പോൾ സ്ഥിതിസമത്വം വാഗ്ദാനം ചെയ്തുകൊണ്ട് കടന്നുവന്ന രണ്ടു പ്രമുഖ സിദ്ധാന്തങ്ങൾ—സോഷ്യലിസവും കമ്മ്യൂണിസവും. ഭാരതജനതയ്ക്കിടയിൽ നിലനിന്നിരുന്ന കടുത്ത അസമത്വങ്ങൾ ഇല്ലായ്മചെയ്യുവാൻ ഈ മാർഗ്ഗങ്ങളിലൊന്നും സ്വീകരിക്കുവാൻ ഗാന്ധിജി തയ്യാറായില്ല. പകരം ട്രസ്റ്റിഷിപ്പ് ആശയം മുന്നോട്ടുവെയ്ക്കുകയാണുണ്ടായത്.

### 1. സോഷ്യലിസവും കമ്മ്യൂണിസവും

ബലവാൻ ബലഹീനനെ ചൂഷണം ചെയ്ത് കൂടുതൽ ബലവാനാകുന്നു, ഇതാണ് ലോകഗതി. ഈ ദുഷിച്ച വ്യവസ്ഥിതിയിൽ നിന്നും ബലഹീനരായ ഭൂരിപക്ഷത്തെ മോചിപ്പിക്കുവാൻ ആഗ്രഹിച്ച മനുഷ്യസ്നേഹികളുടെ മനസ്സിൽ ഉരുത്തിരിഞ്ഞ ആശയസിദ്ധാന്ത

52 M. K. Gandhi, അർത്ഥശാസ്ത്രം, p. 264
53 V.P. Varma, *Op. cit.*, p. 131 (foot note 24)

www.malankaralibrary.com



ങ്ങളാണ് സോഷ്യലിസവും കമ്മ്യൂണിസവും. അവയുടെ ലക്ഷ്യം വളരെ ഉദാത്തമായിരുന്നു. ഉന്നതമായ ആ ലക്ഷ്യം ആരെയും ആകർഷിക്കും. സ്ഥിതിസമത്വം എല്ലാവരും ആഗ്രഹിക്കുകയും അഭിലഷിക്കുകയുംചെയ്യുന്ന എന്നതുതന്നെ അതിന് കാരണം. ഈ സാമൂഹ്യ സിദ്ധാന്തങ്ങളുടെ ലക്ഷ്യം സംബന്ധിച്ച് ഗാന്ധിജിയ്ക്ക് യാതൊരു പരാതിയുമില്ല. അദ്ദേഹംതന്നെയും നേടുവാൻ ആഗ്രഹിക്കുന്നതും ഉന്നംവെയ്ക്കുന്നതുമായിരുന്നു ആ ലക്ഷ്യം. ഒരേ ലക്ഷ്യത്തിലേയ്ക്ക് മുന്നേറുന്നവർ ഒന്നിച്ച്മുന്നേറുക സാധാരണമാണ്, സ്വാഭാവികമാണ്. ഇതിനൊരപവാദമായിരുന്നു ഗാന്ധിജി. സോഷ്യലിസ്റ്റ്, കമ്മ്യൂണിസ്റ്റാശയവാദികളുടെ സഹയാത്രികനാകാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. ലക്ഷ്യം സംബന്ധിച്ച് അഭിപ്രായൈക്യം ഉണ്ടായിരുന്നവെങ്കിലും അതു് നേടുന്നതിനുള്ള മാർഗ്ഗങ്ങൾ ഏതുവയായിരിക്കണം എന്ന കാര്യത്തിൽ കാര്യമായ അഭിപ്രായഭിന്നതയുണ്ടായി.

ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിയ്ക്കുന്നു എന്നുള്ള ന്യായവാദം ഗാന്ധിജിയ്ക്ക് സ്വീകാര്യമായിരുന്നില്ല. വിശുദ്ധിയുടെ ഉന്നതസോപാനങ്ങളിലേയ്ക്ക് തിന്മയുടെ പാതയിലൂടെ കടന്ന് കയറിച്ചെല്ലാമെന്ന് വ്യാമോഹിച്ചില്ല അദ്ദേഹം. ലക്ഷ്യംപോലെ മാർഗ്ഗവും ശുദ്ധമായിരിക്കണം എന്ന കാര്യത്തിൽ കടുത്തനിർബ്ബന്ധമുണ്ടായിരുന്നു ഗാന്ധിജിയ്ക്ക്. എത്ര നല്ലകാര്യത്തിനായാലും മനുഷ്യന്റെ മൗലികാവകാശങ്ങൾ നിഷേധിച്ചുകൊണ്ടു് അക്രമത്തിന്റെ മാർഗ്ഗത്തിലൂടെ അതു് നേടുന്നതു് ഗാന്ധിജി എതിർത്തിരുന്നു.

''ശാശ്വതമായ എന്തെങ്കിലും പരിഷ്കാരം നടപ്പിൽവരുത്തുന്നതിന് അക്രമം ഉപായമായി സ്വീകരിക്കുന്നതു സംബന്ധിച്ചാണ് എനിക്ക് സോഷ്യലിസ്റ്റുകളോടും മററും എതിർപ്പുള്ളതു്.''[54] വീണ്ടും അദ്ദേഹം പറയുന്നു: ''ഈ സോഷ്യലിസം സ്ഫടികംപോലെ ശുദ്ധമാണ് ആകയാൽ അതു് പ്രാപിക്കുവാനുള്ള മാർഗ്ഗവും ശുദ്ധമായിരിക്കേണ്ടതാണ്. അശുദ്ധമാർഗ്ഗത്തിന് അശുദ്ധ പരിണാമമാണുള്ളതു്. രാജാവിന്റെ തല കൊയ്താൽ രാജാവും കൃഷിക്കാരനും തുല്യരാവുകയില്ല. ഈ തലകൊയ്ത്തുകൊണ്ടു് തൊഴിലുടമയേയും തൊഴിലാളിയേയും തുല്യരാക്കാൻ സാധിക്കുകയില്ല. അസത്യത്തിലൂടെ സത്യത്തിൽ എത്തിച്ചേരുകയില്ല, സത്യസന്ധമായ പെരുമാററം കൊണ്ടേ സത്യത്തിൽ എത്താൻ കഴിയൂ....''[55] വർഗ്ഗസമരത്തിന്റെ ഭാഷയും ഗാന്ധിജിക്ക് സ്വീകാര്യമായിരുന്നില്ല. കാരണം, വർഗ്ഗസമരത്തിലൂടെ നാം കാര്യമായി ഒന്നുംതന്നെനേടുന്നില്ല. പ്രത്യുത ഇപ്പോഴുള്ള മുതലാളിവർഗ്ഗത്തെ നീക്കിയിട്ടു് അതിന്റെ സ്ഥാനത്തു് പുതിയ ഒന്നിനെ സ്ഥാപിക്കും. സമ്പത്തും മൂലധനവും ഏതു് വ്യവ

54 M.K. Gandhi, *Harijan,* 1-6-1947;(അ.ശാ. p. 458)
55 *Ibid*· 13-7-1947;(അ.ശാ. pp. 459-460)

www.malankaralibrary.com



സ്ഥിതിയിലും ആവശ്യമാണ്. ഗാന്ധിജിയുടെ അഭിപ്രായത്തിൽ വർഗ്ഗസമരത്തിനു പ്രേരിപ്പിക്കുന്നതിനുപകരം സ്വന്തം മാന്യതയും അന്തസ്സും ഗ്രഹിക്കുവാൻ തൊഴിലാളികളെ സഹായിക്കുകയാണ് ചെയ്യേണ്ടതു്. അതുവഴി അവർ ചൂഷണത്തെ അക്രമരഹിതമായ രീതികളിലൂടെ ഫലപ്രദമായി നേരിടുവാൻ പ്രാപ്തരാകും.[56]

തെററായ മനുഷ്യദർശനത്തിൽ അടിസ്ഥാനമുറപ്പിച്ചിരിക്കുന്നതുകൊണ്ടാണ് സോഷ്യലിസവും കമ്മ്യൂണിസവും അക്രമപ്രോത്സാഹികളായതെന്നു് ഗാന്ധിജി കണ്ടെത്തി. ''പാശ്ചാത്യരുടെ സോഷ്യലിസത്തിൻെറയും കമ്മ്യൂണിസത്തിൻെറയും അടിസ്ഥാനം നമ്മുടെ ആശയങ്ങളിൽനിന്നും മൗലികമായി വ്യത്യാസപ്പെട്ട ചില ആശയങ്ങളാണ്. അവയിലൊന്നു്, മനുഷ്യപ്രകൃതി അവശ്യം സ്വാർത്ഥപരമാണെന്ന വിശ്വാസമത്രെ. ഞാൻ അതിനോടു് യോജിക്കുന്നില്ല....''[57] എല്ലാ മനുഷ്യരും അടിസ്ഥാനപരമായി നല്ലവരാണെന്നു് ദൃഢമായി വിശ്വസിച്ച ഗാന്ധിജിക്കു് മനുഷ്യനിലെ നന്മയെ തട്ടിയുണർത്തി നന്മയിലൂടെ തിന്മയെ തോൽപിക്കാൻ സാധിക്കും എന്നുറപ്പുണ്ടായിരുന്നു. അതുകൊണ്ടു് മനുഷ്യനെ സംബന്ധിച്ച ദോഷൈകവീക്ഷണം കൈവെടിഞ്ഞശേഷം അവൻെറ നന്മയിൽ വിശ്വാസമർപ്പിച്ചുകൊണ്ടു് അവനെ മാനസാന്തരപ്പെടുത്തി സ്ഥിതിസമത്വം കൈവരുത്തുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു. വ്യക്തികളുടെ മാനസാന്തരത്തിലൂടെ മാത്രമേ സോഷ്യലിസം വിജയിക്കു എന്നദ്ദേഹത്തിനു ബോദ്ധ്യമുണ്ടായിരുന്നു. ''മാനസാന്തരപ്പെടുന്ന ആദ്യത്തെ ആളോടൊപ്പം സോഷ്യലിസം ആരംഭിക്കുന്നു. അത്തരം ഒരാൾ ഉണ്ടായാൽ മതി, നിങ്ങൾക്കു് ആ ഒന്നിനോടു് പൂജ്യങ്ങൾ ചേർക്കാം. ആദ്യത്തെ പൂജ്യം ചേർക്കുമ്പോൾ തുക പത്താകും. പിന്നെ ചേർക്കുന്ന ഓരോ പൂജ്യവും മുൻസംഖ്യയെ പത്തിരട്ടിയായി വർദ്ധിപ്പിക്കും. എന്നാൽ തുടങ്ങുന്ന സംഖ്യ പൂജ്യമാണെങ്കിൽ അതിൻെറ ഗുണനഫലവും പൂജ്യമായിരിക്കും. തുടക്കമിടാൻ ആരുമില്ലെങ്കിലത്തെ കഥയും ഇതുതന്നെയെന്നു സാരം. പൂജ്യങ്ങൾ പകർത്താൻ ചെലവാക്കുന്ന സമയവും കടലാസും അത്രത്തോളം വ്യർത്ഥം.''[58] സഹോദരസ്നേഹബന്ധത്തിൻെറ ധാർമ്മികത സമൂഹത്തിലേക്കു് വ്യാപിപ്പിച്ചാൽ അതു് സോഷ്യലിസമായി, ഗാന്ധിയൻ ദൃഷ്ടിയിൽ.[59]

ശ്രീബുദ്ധൻെറയും വർദ്ധമാനമഹാവീരൻെറയും ജന്മനാട്ടിൽ, വർഗ്ഗസമരത്തിനു പ്രസക്തിയില്ല എന്നു് വിശ്വസിച്ച, ഗാന്ധിജി. സർവ്വസംഗപരിത്യാഗികളായ ഋഷീന്ദ്രന്മാരുടെ കർമ്മഭൂമിയിൽ മനു

56 *Ibid.* 11-10-1945; (അ.ശാ. pp. 455-456)
57 M.K. Gandhi, *Amrit Bazar Patrika*, 2-8-1934; (അ.ശാ pp. 450-451)
58 M.K. Gahdhi, *Harijan*, 13-7-1947; (അ.ശാ. p. 459)
59 V. P. Varma, *Op. Cit.*, p. 139

www.malankaralibrary.com



ഷ്യവിദ്വേഷത്തിന്റെ വിഷവിത്തുകൾ വളർത്തേന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. വർഗ്ഗസമരം ഇന്ത്യയുടെ ആത്മസത്തയ്ക്കെതിരാണ്.[60] അല്ലായിരുന്നുവെങ്കിൽ പണ്ടേ 1917—കൾ[60a] നടക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ് ഇന്നു നമ്മുടെ ജന്മഭൂമിയിൽ. കൽക്കട്ടാതീസ്സിസിന്റേയും[61] നക്സൽബാരി പ്രസ്ഥാനത്തിന്റെയും പരാജയങ്ങൾ ഗാന്ധിജിയുടെ വാക്കുകളെ കൂടുതൽ സ്ഥിരീകരിക്കുന്നുണ്ട്.

ഒരുവന്റെ വസ്തുവകകൾ പിടിച്ചുപറിച്ചെടുത്ത് അപരന്റെ ദാരിദ്ര്യം നീക്കുക ഒന്നാമനോടു ചെയ്യുന്ന അപരാധമാണ്. അസ്തേയമെന്ന പുണ്യത്തിനെതിരായി നാമപ്പോൾ പ്രവർത്തിക്കുന്നു. കൃഷിഭൂമിയുടെ യഥാർത്ഥ ഉടമ കർഷകനാണെന്നു പ്രഖ്യാപിക്കുവാൻ ഗാന്ധിജി ധൈര്യം കാണിച്ചു. ജമീന്ദാരന്മാരിൽനിന്നും വസ്തുക്കൾ പിടിച്ചെടുക്കുന്നതിനു താൻ കൂട്ടു നില്ക്കുകയില്ലെന്നു അതേസമയം തന്നെ അദ്ദേഹം പറഞ്ഞു. സമ്പത്തിന്റെ ഉടമയെ മാനസാന്തരപ്പെടുത്തി അവനെ സമൂഹത്തിന്റെ ട്രസ്റ്റി ആക്കുവാനാണ് ഗാന്ധിജിയുടെ പരിശ്രമം. അങ്ങനെ രക്തരഹിതമായ മാർഗ്ഗത്തിലൂടെ തന്നെ സ്ഥിതിസമത്വം കൈവരിക്കാമെന്ന് അദ്ദേഹം ആശിച്ചു. ആ ആശയെ താങ്ങിനിർത്തുന്നതാണ് ഗാന്ധിജിയുടെ ട്രസ്റ്റിഷിപ്പ് തത്വം.

## 2. ട്രസ്റ്റിഷിപ്പ്

മനുഷ്യർ വിവിധ തരക്കാരാണ്. കഴിവുകൾ കുറഞ്ഞവരും കൂടിയവരും സമൂഹത്തിലുണ്ട്. കഴിവുള്ളവൻ ഇല്ലാത്തവനെ ചൂഷണം ചെയ്യുകയല്ല സാധാരണയായി കുടുംബങ്ങളിൽ നടക്കുക. അവിടെ എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നു. കഴിവു കൂടിയവൻ കഴിവു കുറഞ്ഞവനെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ഈ രീതി ഗാർഹികമണ്ഡലംകൊണ്ടവസാനിപ്പിക്കരുതെന്നായിരുന്നു ഗാന്ധിജിയുടെ ആഗ്രഹം. ആ മനോഭാവവും തദ്ജന്യമായ പ്രവർത്തനങ്ങളും സമൂഹത്തിലേക്ക് കടന്നുവരുമ്പോൾ അതൊരു സമത്വസുന്ദരമായ ലൗകിക പറുദീസയായിത്തീരും. തന്റെ ട്രസ്റ്റിഷിപ്പ് സമ്പ്രദായം അതിനു വഴിയൊരുക്കുമെന്നാശിച്ചു ഗാന്ധിജി.

---

60 M.K. Gandhi, *Amrit Bazar Patrika*, 2-8-1934.

60a ലെനിന്റെ നേതൃത്വത്തിലുള്ള റഷ്യൻ വിപ്ലവം (അ.ശാ. p. 452)

61 1948—ൽ കൽക്കട്ടയിൽ കൂടിയ കമ്യൂണിസ്റ്റ് പാർട്ടിയുടെ പോളിററ് ബ്യൂറോയിൽ സ. ബി. ടി. രണദിവെ അവതരിപ്പിച്ചതും ബ്യൂറോ അംഗീകരിച്ചതുമായ പ്രമേയമാണ് കൽക്കട്ടാതീസിസ്. ഇന്ത്യയിലെ തൊഴിലാളികളുടേയും, ദരിദ്രവിഭാഗങ്ങളുടേയും വിമോചനത്തിന് സായുധസമരം സ്വീകാര്യമാണെന്നായിരുന്നു അതിന്റെ ഉള്ളടക്കം. (Cfr. N.E. Balaram, *A Short History of the Communist Party of India*, Trivandrum: Prabath Book House, 1967, pp. 50-51)

www.malankaralibrary.com



പാരമ്പര്യാവകാശംവഴിയോ, വ്യവസായം, കച്ചവടം എന്നിവ മുഖേനയോ ഒരാറം ധാരാളം സ്വത്തിൻെറ അവകാശിയാണെങ്കിൽ അവ മുഴവൻ തൻേറതെന്നു് അയാറം കരുതരുതു്. തൻെറ മാന്യവും മിതവുമായ ജീവിതത്തിനാവശ്യമായതു് നീക്കിവെച്ച ശേഷം ബാക്കിസ്വത്തു് സമൂഹത്തിൻെറ ക്ഷേമത്തിനായി അയാറം വിനിയോഗിക്കണം. അയാളുടെ ജീവിതാവശ്യങ്ങറം മററു ജനങ്ങളുടേതിനേക്കാറം കൂടിയവയായിരിക്കരുതു്. അങ്ങനെ അയാറം സ്വയം സമൂഹത്തിൻെറ ട്രസ്റ്റി ആയി മാറുന്നു. ട്രസ്റ്റിഷിപ്പിനെ സംബന്ധിച്ച ഗാന്ധിജിയുടെ ആശയം ഇതാണു്.[62]

സമ്പത്തും സന്മനസ്സും ഉള്ള ആക്കം ട്രസ്റ്റിയാകാം. ട്രസ്റ്റിഷിപ്പു് ആരുടെമേലും അടിച്ചേല്പിക്കപ്പെടുന്ന ഒരു വ്യവസ്ഥിതിയല്ല. ആളുകറം സ്വമേധയാ മുമ്പോട്ടു വരണം. ട്രസ്റ്റി ഒരു പ്രകാരത്തിലും സമൂഹത്തിലെ മററംഗങ്ങളേക്കാറം ശ്രേഷ്ഠനല്ല. എല്ലാവരും തുല്യർ. അവർ പരസ്പരം സഹായിക്കുന്നു. നിയമപരമായ മററു് ട്രസ്റ്റികളെപ്പോലെ തങ്ങറം ചെയ്യുന്ന സേവനത്തിനു് ഒരു തുക കമ്മീഷനായി ലഭിക്കുവാൻ ട്രസ്റ്റികറംക്കവകാശമുണ്ടു്. അതു് എത്രമാത്രമുണ്ടെന്നു് ഗവൺമെൻറ് തീരുമാനിക്കും. ട്രസ്റ്റിഷിപ്പ് ഒരിക്കലും ഒരു പാരമ്പര്യ പിൻതുടർച്ചയായിരിക്കുകയില്ല. ''ട്രസ്റ്റിയുടെ പിൻതുടർച്ചാവകാശി സമൂഹമല്ലാതെ മററാരുമല്ല.''[63] അതേസമയം തൻെറ പിൻഗാമിയെ നാമനിർദ്ദേശം ചെയ്യുവാൻ ട്രസ്റ്റിക്കു് അധികാരമുണ്ടെന്നും അദ്ദേഹം പറയുന്നു.[64] അനുയോജ്യരാണെന്നു് തെളിയിച്ചാൽ അദ്ദേഹത്തിൻെറ മക്കറംതന്നെ പിൻഗാമികളായിത്തീരാം.

1946–ൽ രാഷ്ട്ര നിയന്ത്രിതമായ ട്രസ്റ്റിഷിപ്പിൻെറ ഫോർമുലകറംക്കു് ഗാന്ധിജി രൂപം നൽകി. അവ:[65]

(1) ഇന്നു് നിലനില്ക്കുന്ന മുതലാളി വ്യവസ്ഥിതിയെ രൂപപ്പെടുത്തി സ്ഥിതിസമത്വമുള്ള ഒരു വ്യവസ്ഥിതി സൃഷ്ടിച്ചെടുക്കുവാനുള്ള ഉപാധി ട്രസ്റ്റിഷിപ്പ് പ്രദാനം ചെയ്യുന്നു. മുതലാളിത്തത്തിനു് അതിൽ സ്ഥാനമില്ല. സ്വയം മാനസാന്തരപ്പെടുന്നതിനുള്ള ഒരവസരം ഇന്നത്തെ സമ്പന്നവർഗ്ഗത്തിനു് അതു നൽകുന്നു, അടിസ്ഥാനപരമായി മനുഷ്യപ്രകൃതി നന്മയാണു് എന്ന വിശ്വാസമാണു് ഇതിനു പിന്നിലുള്ളതു്.

---

62 M.K. Gandhi, *My Theory of Trusteeship*. p. 64

63 V.P. Varma, *Op. cit.*, p. 128

64 M. K. Gandhi, *Harijan*, 23-2-1947. (അ.ശാ. p. 466)

65 V.P. Varma *Op. cit.*, p. 129

www.malankaralibrary.com



(2) സമൂഹത്തിന്റെ ക്ഷേമത്തിനു് അത്യാവശ്യമെന്നുകണ്ടു് അതു് അനുവദിക്കുന്നതിൽക്കൂടുതലായി യാതൊരുവിധ സ്വകാര്യസ്വത്തവകാശവും ട്രസ്റ്റിഷിപ്പ് അംഗീകരിക്കുന്നില്ല;

(3) സ്വത്തവകാശവും അതിന്റെ വിനിയോഗവും സംബന്ധിച്ച് നിയമപരമായ നിയന്ത്രണങ്ങൾ അതു് ഒഴിവാക്കുന്നില്ല.

(4) സ്വാർത്ഥപരമായ കാര്യങ്ങളുടെ സംതൃപ്തിക്കായി സമ്പത്തു് കൈവശം വച്ചുകൊണ്ടിരിക്കുവാനോ വിനിയോഗിക്കുവാനോ സമൂഹത്തിന്റെ താത്പര്യങ്ങൾ അവഗണിക്കുവാനോ രാഷ്ട്ര നിയന്ത്രിതമായ ട്രസ്റ്റിഷിപ്പിൽ ആരെയും അനുവദിക്കുകയില്ല.

(5) മാന്യമായ ജീവിതത്തിനാവശ്യമായ കുറഞ്ഞകൂലി എത്രയെന്നു് നിർണ്ണയിക്കണമെന്നു് നാമിപ്പോൾ പറയുന്നുണ്ടു്. അതോടൊപ്പം സമൂഹത്തിൽ ഒരാൾക്കു് അനുവദിക്കപ്പെടാവുന്ന ഏറ്റവും ഉയർന്ന വരുമാനവും എത്രയെന്നു് നിശ്ചയിക്കണം. ഇവ തമ്മിലുള്ള അന്തരം ബുദ്ധിപൂർവ്വകവും സമാനമായതും (equitable) കാലാകാലങ്ങളിൽ ആവശ്യാനുസരണം മാറിക്കൊണ്ടിരിക്കുന്നതുമായിരിക്കണം. ഈ മാറ്റങ്ങളുടെ ലക്ഷ്യം അവ തമ്മിലുള്ള അന്തരം തീർത്തും ഇല്ലാതാക്കുക എന്നതാണു്.

(6) ഈ സാമ്പത്തിക വ്യവസ്ഥയിൽ ഉല്പാദനം നിയന്ത്രിക്കുന്നതു് സാമൂഹ്യാവശ്യമാണു്. അല്ലാതെ വ്യക്തിയുടെ അത്യാർത്തിയല്ല.

ജനങ്ങളുടെ സഹകരണം, ഈ ആശയങ്ങളിലുള്ള അടിയുറച്ച വിശ്വാസം എന്നിവയെ ആശ്രയിച്ചാണു് ഈ സിദ്ധാന്തത്തിന്റെ വിജയവുംപരാജയവും അടങ്ങിയിരിക്കുന്നതെന്നു് ഗാന്ധിജി മനസ്സിലാക്കിയിരുന്നു. തങ്ങളുടെ സമ്പാദ്യങ്ങൾ പൊതുജനസേവനത്തിനുള്ള ട്രസ്റ്റുകളാക്കാൻ വല്ല മുതലാളിയും തയ്യാറാകുമോ? അക്കാര്യത്തിൽ ഗാന്ധിജി ആശയുററവനാണു്. മനുഷ്യഹൃദയങ്ങളെ സ്വാധീനിച്ചാൽ അവയെല്ലാം നിറവേറുമെന്നു് അദ്ദേഹത്തിനു് ബോദ്ധ്യമുണ്ടായിരുന്നു. കാലതാമസത്തിന്റെ മുടന്തൻ ന്യായം പറഞ്ഞു് ശീഘ്രഗതിയിൽ സ്ഥിതിസമത്വം നടപ്പാക്കാൻ സായുധ സമരങ്ങളിലേക്കു് നീങ്ങരുതെന്നു് അദ്ദേഹം അഭ്യർത്ഥിച്ചു. അഹിംസാധിഷ്ഠിത മാർഗ്ഗങ്ങളായ നിസ്സഹകരണത്തിലൂടെയും, സത്യാഗ്രഹത്തിലൂടെയും സിവിൽ നിയമലംഘനങ്ങളിലൂടെയും ധനവാന്മാരെ സ്വാധീനിക്കുവാനാണു് അദ്ദേഹം നിർദ്ദേശിച്ചതു്.[66] അക്രമമാർഗ്ഗങ്ങളിലൂടെ ട്രസ്റ്റിഷിപ്പ് നടപ്പാക്കിയാൽ സമ്പാദിക്കുവാൻ കഴിവുററ കരങ്ങളെ സമൂഹത്തിനു് നഷ്ടപ്പെടുമെന്നു് അദ്ദേഹം മുന്നറിയിപ്പ്

66 M.K. Gandhi, *Harijan*, 25-8-1940; (അ.ശാ. pp. 463)

www.malankaralibrary.com



നൽകി.[67] വളരെ വേഗം കൈപ്പിടിയിലൊതുക്കാവുന്ന ഒരു വസ്തുതയല്ല ട്രസ്റ്റിഷിപ്പിലൂടെയുള്ള സ്ഥിതിസമത്വം എന്ന വാസ്തവം ഒരിക്കലും ഗാന്ധിജി നിഷേധിച്ചില്ല. ''എന്റെ ട്രസ്റ്റിഷിപ്പ് സിദ്ധാന്തം പലരുടേയും ആക്ഷേപത്തിന് വിധേയമായിട്ടുണ്ടെങ്കിലും ഞാൻ അതിനെ മുറുകെപ്പിടിക്കുകതന്നെ ചെയ്യുന്നു. അതു് ദുഷ്പ്രാപ്യമാണെന്നുള്ളതു് പരമാർത്ഥമാണ്. അഹിംസാസിദ്ധാന്തവും അപ്രകാരംതന്നെ.''[68]

വിമർശനങ്ങൾ

ട്രസ്റ്റിഷിപ്പ് ആശയത്തിന്റെ പേരിൽ ഗാന്ധിജി വളരെയധികം വിമർശിക്കപ്പെട്ടു. പലപ്പോഴും അതിരൂക്ഷമായിത്തന്നെ. പലരും അദ്ദേഹത്തിന്റെ ആശയം വേണ്ടത്ര ഗ്രഹിക്കുവാൻ സാധിച്ചില്ല, അർദ്ധസത്യം അസത്യത്തേക്കാൾ അപകടം ചെയ്യുന്നതുപോലെ അല്പമറിവിനെ ആശ്രയിച്ച് അരുതാത്ത നിഗമനങ്ങളിലേക്ക് പലരും എത്തിച്ചേർന്നു.

സമ്പന്നവർഗ്ഗത്തെ സംരക്ഷിക്കുവാനായി ഉണ്ടാക്കിവിട്ട പുകമറ മാത്രമാണ് ട്രസ്റ്റിഷിപ്പ് എന്നതായിരുന്നു ആരോപണങ്ങളിൽ പ്രധാനം. കുത്തകമുതലാളിമാരും നാട്ടുപ്രമാണികളുമായി സൗഹാർദം സൃഷ്ടിക്കുന്നതിനുള്ള ഒരുപാധിയായിട്ടാണ് ഈ തത്ത്വത്തെ അവർ ദർശിച്ചതു്. ബൂഷ്വാവ്യവസ്ഥിതിയെ നിലനിർത്തിക്കൊണ്ടുപോകുന്നതിന് പര്യാപ്തമായിരുന്നു ഈ സിദ്ധാന്തം എന്നവർ അനുമാനിച്ചു. കാരണം, ദരിദ്രരുടെ മേലുള്ള സമ്പന്നരുടെ ആധിപത്യം കുറേക്കൂടി ശക്തിപ്പെടുത്താൻ ട്രസ്റ്റിഷിപ്പ് ആശയങ്ങൾ അവസരങ്ങൾ നൽകിയെന്നാണ് വിമർശനക്കാരുടെ വാദഗതി.[69]

സ്വത്തും അധികാരങ്ങളും ചിലരിൽത്തന്നെ ഉറപ്പിച്ചുനിറുത്തുന്നതിന് ഉപയോഗിച്ച ഒരു കുറുക്കുവഴിയായി ചിലർ ട്രസ്റ്റിഷിപ്പിനെ വ്യാഖ്യാനിച്ചു. അങ്ങനെ സ്ഥിതിസമത്വത്തിന്റെ ലേബലിൽ ഗാന്ധിജി അനീതിയ്ക്കു കൂട്ടുനില്ക്കുകയായിരുന്നുവെന്ന് അവർ ആരോപിക്കുന്നു. മറ്റു് അവകാശികളുടെ അവകാശവാദത്തെപ്പോലും ഒരു പരിധിവരെ മാററിനിറുത്താൻ ഇതുപകരിച്ചിരുന്നുവെന്ന് പറയപ്പെടുന്നു.[70]

നിയമപരമായി നിയമിക്കപ്പെടുന്ന ട്രസ്റ്റികളിൽ പലരും കള്ളത്തരങ്ങൾ കാണിക്കുന്നവരാണ്. അവരെപ്പോലെതന്നെയാ

67 *Idem;* M. K. Gandhi, *My Theory on Trusteeship*. p. 72

68 M.K. Gandhi, അർത്ഥശാസ്ത്രം, p 466

69 കെ.ജി. മിശ്രുവാല. ഗാന്ധിയും മാർക്സും, തിരുവനന്തപുരം: ഗാന്ധിസ്മാരകനിധി, കേരളശാഖ, 1971 p. 95

70 *Ibid.* p. 94

www.malankaralibrary.com



ണ് ഗാന്ധിജിയുടെ ട്രസ്റ്റിയും എന്ന് പലരും കരുതി. അക്കാരണ ത്താൽ 'ട്രസ്റ്റി' എന്ന പദംതന്നെ പലരും അവജ്ഞയോടും സംശയ ത്തോടുംകൂടിയാണ് വീക്ഷിച്ചിരുന്നത്.[71] ആ സംശയങ്ങൾ ഗാ ന്ധിയൻ സിദ്ധാന്തത്തിന്മേലും വന്നുഭവിച്ചു.

സമൂഹത്തിലെ അസമത്വം അധികനാൾ നിലനിറുത്തി ക്കൊണ്ടുപോവുക അസാദ്ധ്യമാണെന്ന് ധനികന്മാർക്ക് ഗാന്ധിജി മുന്നറിയിപ്പു നൽകി. തങ്ങളുടെ സമ്പത്തിൻെറ ട്രസ്റ്റികളായി മാറു വാൻ അവർ സന്നദ്ധരാകുന്നില്ലെങ്കിൽ വർഗ്ഗസമരത്തിൻെറ ദുരന്തഫ ലങ്ങൾ അവർ അനുഭവിക്കേണ്ടിവരുമെന്ന് അവരെ അനുസ്മരിപ്പി ച്ചു. രണ്ടിലൊന്ന് അവർതന്നെ തീരുമാനിക്കണം. ഒന്നുകിൽ വർഗ്ഗസമരത്തെ നേരിടുക അല്ലെങ്കിൽ ട്രസ്റ്റികളായിത്തീർന്നുകൊണ്ട് സമൂഹത്തിൻെറ നന്മയ്ക്കായി പ്രവർത്തിക്കുക.[72] വർഗ്ഗസമരസിദ്ധാന്ത ത്തെ എതിർത്തെങ്കിലും അതിൻെറ അസ്തിത്വത്തെ നിഷേധിക്കു വാൻപോന്ന അന്ധത ഗാന്ധിജിയ്ക്കില്ലായിരുന്നു.[73] ആ വലിയ വി പത്ത് ഒഴിവാക്കുവാനാണ് ട്രസ്റ്റിഷിപ്പ്സമ്പ്രദായം (സിദ്ധാന്തം) അദ്ദേഹം മുമ്പോട്ടുവെച്ചത്.

## E. മുതലാളി-തൊഴിലാളി ബന്ധങ്ങൾ

തൊഴിൽരംഗം അസ്വസ്ഥമാണ്, ലോകത്തെമ്പാടും. പ്ര ത്യേകിച്ച് ഇന്ത്യപോലുള്ള വികസ്വര-അവികസിത രാജ്യങ്ങളിൽ. വർഗ്ഗസമരസിദ്ധാന്തം ഈ അസ്വസ്ഥതകളെ പാലൂട്ടി വളർത്തുന്നു. പരസ്പരം വിഴുങ്ങാൻ അവസരം പാർത്തിരിക്കുന്ന രണ്ട് ക്രൂരമൃഗങ്ങളേ പ്പോലെ മുതലാളിയും തൊഴിലാളിയും നിലകൊള്ളുകയാണ്. അ വർക്കിടയിൽ മാനുഷികഗുണവിശേഷങ്ങൾ ഒന്നുംതന്നെയില്ല ചി ലരുടെ ദൃഷ്ടിയിൽ. വെറും സാമ്പത്തിക ബന്ധം മാത്രം. അപരനെ നശിപ്പിച്ച് കീഴ്പ്പെടുത്തുന്നതിലാണ് ഒരുവൻെറ വിജയം അട ങ്ങിയിരിക്കുന്നത്. പരസ്പരം വിദ്വേഷത്തിൻെറ തത്ത്വശാസ്ത്രം നീക്കിക്കളഞ്ഞ് മാനുഷിക ബന്ധങ്ങളുടെ ഒരു തത്ത്വശാസ്ത്രം മുതലാ ളി തൊഴിലാളി ബന്ധങ്ങളിൽ സ്ഥാപിക്കുവാൻ ഗാന്ധിജി പരി ശ്രമിച്ചു. അദ്ദേഹം പറഞ്ഞു: ''ഇന്നു മുതലാളി തൊഴിലാളിയെ ഭയ പ്പെടുന്നു, തൊഴിലാളിയാകട്ടെ മുതലാളിയെ അവജ്ഞയോടെ വീ ക്ഷിക്കുന്നു. ഇപ്രകാരമുള്ള ബന്ധംമാററി അതിൻെറ സ്ഥാനത്ത് അവർ തമ്മിൽ പരസ്പരവിശ്വാസവും ബഹുമാനവുംഉള്ള ഒരു ബന്ധം സ്ഥാപിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.''[74] പരസ്പരം നന്നായി

71 *Idem*

72 M.K. Gandhi, *My Theory of........*, pp. 89-90

73 M. K. Gandhi, *Harijan*, 16-10-1945; (അ.ശാ. p. 455)

74 M.K. Gandhi, *To My Countrymen*, Bombay: Bharatiya Vidya Bhavan, 1972, pp. 64-65

www.malankaralibrary.com



പ്രവർത്തിക്കുകയും പ്രതിപ്രവർത്തിക്കുകയും ചെയ്യുന്നതിലൂടെമാത്രമെ നല്ല സ്നേഹബന്ധങ്ങൾ ജന്മമെടുക്കുകയും വളരുകയും ചെയ്യുകയുള്ളു.

## 1. മുതലാളിയുടെ കടമകൾ

തൊഴിലാളികളെ വെറും കൂലിക്കാരായി കണക്കാക്കുവാനാണ് പല മുതലാളിമാർക്കും താത്പര്യം. അത് തൊഴിലാളികളുടെ ആത്മാഭിമാനത്തെ ക്ഷതപ്പെടുത്തുന്നു. ഗാന്ധിജി മുതലാളിമാരോട് ആവശ്യപ്പെടുന്നത് തൊഴിലാളികളെ മക്കളായോ രക്തബന്ധമുള്ള സഹോദരന്മാരായോ വീക്ഷിക്കുവാനത്രെ. മുതലാളിമാരുടെ ലക്ഷ്യം പരമാവധി ലാഭം എന്നതിനേക്കാൾ തന്റെ കീഴിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമമായിരിക്കണം. തനിക്കുള്ള സമ്പത്ത് തോന്നിയതുപോലെ വിനിയോഗിക്കാമെന്നയാൾ കരുതരുത്. വാസ്തവത്തിൽ തൊഴിലാളിയുടെ വിയർപ്പിന്റെ ഫലമാണ് സമ്പത്ത്. ആ സമ്പത്ത് തൊഴിലാളിയുടെ സർവ്വതോന്മുഖമായ ഉന്നമനത്തിനും ഐശ്വര്യാഭിവൃദ്ധിക്കുമായി മുതലാളി ചെലവഴിക്കണം. സമ്പത്തിന്റെ ഒരു ട്രസ്റ്റിയായി സ്വയം കരുതിക്കൊണ്ടുവേണം അയാൾ പ്രവർത്തിക്കുവാൻ. തൊഴിലാളിയുടെ സംതൃപ്തിയും ക്ഷേമവും തന്റെ വരുമാനം വർദ്ധിപ്പിക്കുകയല്ലാതെ കുറയ്ക്കുകയില്ലെന്നുള്ള സത്യം അയാൾ നന്നായി ഗ്രഹിക്കണം. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ച് മനസ്സിലാക്കി അതു നല്കുന്ന സൂചനകൾ ഗ്രഹിച്ച് പ്രവർത്തിക്കാത്തപക്ഷം ബോൾഷെവിസത്തിന്റെയും വർഗ്ഗസമരത്തിന്റെയും കരാളഹസ്തങ്ങളിൽ അയാൾ കുരുങ്ങും, ഗാന്ധിജി മുന്നറിയിപ്പു നൽകി. ഉത്പാദനവും വിതരണവും സ്വാർത്ഥതാത്പര്യസംരക്ഷണാർത്ഥമായിരിക്കരുത്. സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ആവശ്യാനുസരണമായിരിക്കണം. പൊതുജനത്തിനുവേണ്ടി ആവശ്യമായ ത്യാഗങ്ങൾ അനുഷ്ഠിക്കുവാനും അയാൾ സന്നദ്ധനായിരിക്കണം.[75]

## 2. തൊഴിലാളികളുടെ കടമകൾ

തൊഴിലാളികൾ ഇന്ന് അവകാശസമരങ്ങളുടെ പ്രതീകങ്ങളാണ്. അവകാശസമരപരമ്പരകൾക്കിടയിൽ തങ്ങളുടെ കടമകൾ അവർ അതിവേഗം വിസ്മരിക്കുന്നു. ഒററവാക്കിൽപ്പറഞ്ഞാൽ തൊഴിലാളികൾക്ക് ഒരേ ഒരു കടമയേ ഉള്ളു.—കൂലിക്കുചിതമായ രീതിയിൽ ആത്മാർത്ഥമായി അദ്ധ്വാനിക്കുക. മിക്കവരുടേയും ആഗ്രഹം കുറഞ്ഞ അദ്ധ്വാനവും കൂടിയ കൂലിയുമാണ്. ഇതാണ് പ്രശ്നങ്ങളുടെയെല്ലാം പ്രധാനകാരണം.

---

75 M.K. Gandhi, *Capital and Labour*, Bombay: Bharatiya Vidya Bhavan, 1970, pp. 49-52

www.malankaralibrary.com



മുതലാളിസമൂഹത്തിനു നൽകിയവയേക്കാൾ കൂടുതൽ നിർദ്ദേശങ്ങൾ തൊഴിലാളിസമൂഹത്തിനു ഗാന്ധിജി നൽകി. വർണ്ണാശ്രമധർമ്മങ്ങൾ ദുർവ്യാഖ്യാനം ചെയ്യപ്പെട്ടപ്പോൾ ജോലി ചെയ്യുക എന്നതു് അപമാനകരമായിത്തീർന്നു നമ്മുടെ നാട്ടിൽ, ആ അപകർഷതാബോധത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും അവിടെയുമിവിടെയും അവശേഷിക്കുന്നുണ്ടു്. ഗാന്ധിജി പ്രധാനമായും തൊഴിലാളികളോടാവശ്യപ്പെട്ടതു്, അവരുടെ അപകർഷതാബോധം അകററിക്കളയുവാനാണു്. അവർ അവരുടെ യഥാർത്ഥശക്തി മനസ്സിലാക്കണം. തൊഴിലിന്റെ മാഹാത്മ്യം അവർ അംഗീകരിക്കണം. അപ്പോൾ പല പ്രശ്നങ്ങളും അപ്രത്യക്ഷമാകും.[76]

ഗാന്ധിജിയുടെ ദൃഷ്ടിയിൽ പണത്തേക്കാൾ ശക്തമായ മൂലധനം തൊഴിൽ അഥവാ അദ്ധ്വാനമാണു്. സമ്പത്തു് വരികയും പോകുകയും ചെയ്യാം. എന്നാൽ അദ്ധ്വാനം അങ്ങനെയല്ല. തൊഴിലാളിക്കു കിട്ടുന്ന വേതനം അദ്ധ്വാനം എന്ന മൂലധനത്തിനു ലഭിക്കുന്ന പലിശമാത്രമാണു്. ഒരു വണ്ടിനിറയെ രൂപയുമായി ഒരുവൻ സഹാറായിൽ ചെന്നുപെട്ടാൽ അവനു് അതുകൊണ്ടു് യാതൊന്നും നേടാൻ കഴിയുകയില്ല. അദ്ധ്വാനമില്ലെങ്കിൽ യാതൊരുവിധസമ്പത്തും ഉണ്ടാകുന്നില്ല. ഭൂമി വന്ധ്യയായിരിക്കും. പഞ്ഞിയിൽ നിന്നും വസ്ത്രങ്ങൾ ഉണ്ടാകില്ല. ഇതാണു് അദ്ധ്വാനത്തിന്റെ ആവശ്യകത, തൊഴിലിന്റെ മാഹാത്മ്യം.

തൊഴിലാളികൾ യൂണിയനുണ്ടാക്കണമെന്നു് ഗാന്ധിജി നിർദ്ദേശിച്ചു, പക്ഷെ വേണ്ടവിധം കൈകാര്യം ചെയ്തില്ലെങ്കിൽ അവരെ അതു നശിപ്പിക്കും എന്നു് തുടക്കത്തിലെതന്നെ മുന്നറിയിപ്പും നല്കി. തൊഴിലാളികൾ സമൂഹക്ഷേമത്തിന്റെ ട്രസ്റ്റികളായിരിക്കണം. അക്രമരാഹിത്യവും അഹിംസയും അവരുടെ ജീവിതശൈലിയായി മാറണം. ഉഗ്രവിഷമുള്ള സർപ്പത്തിൽനിന്നെന്നപോലെ മദ്യപാനത്തിൽനിന്നു് അവർ ഓടിയകലണം. സ്ത്രീത്വത്തെ മാനിക്കുന്നവരും സ്ത്രീകളെ ബഹുമാനിക്കുന്നവരും ആയിരിക്കണം അവർ. ആത്മനിയന്ത്രണം പാലിച്ചുകൊണ്ടു് ധാർമ്മികമായി ജീവിക്കണം. സത്യം, അഹിംസ, ബ്രഹ്മചര്യം എന്നിവയിൽ അവർ പിന്നോക്കമായിരിക്കരുതു്.[77] ഇവയെല്ലാംപുറമേ ജീവിതകടമകൾ ഭംഗിയായും ആത്മാർത്ഥമായും അവർ നിർവ്വഹിക്കേണ്ടിയിരിക്കുന്നു. തൊഴിലാളികളുടെ അഭിവൃദ്ധിയും ക്ഷേമവും സാമ്പത്തികംമാത്രമായിരുന്നാൽപ്പോര എന്നു് വിശ്വസിച്ചവനാണു് ഗാന്ധിജി. വിശ്രമസമയം ഫലപ്രദമായി ചിലവഴിക്കാൻ അദ്ദേഹം അവരോടാവശ്യപ്പെട്ടു. ചീട്ടുകളിച്ചും, സൊറപറഞ്ഞും പാഴാക്കുന്ന സമയം സ്വന്തം

76 *Ibid.* pp. 65-67
77 *Ibid.* pp. 22-24

www.malankaralibrary.com



ഭവന വൃത്തിയായി സൂക്ഷിക്കുവാനും, കുട്ടികളെ പഠിപ്പിക്കുവാനും അവർക്ക് ചിലവഴിക്കാം. അവർക്കുതന്നെ കൂടുതൽ പഠിക്കുന്നതിനും ഈ സമയം വിനിയോഗിക്കാവുന്നതാണ്.[78] ഈവക ഉപദേശങ്ങൾ നൽകിയെങ്കിലും തൊഴിൽസമരങ്ങളുടെ ആവശ്യം ഗാന്ധജി നിഷേധിച്ചില്ല.

## 3. തൊഴിൽ സമരങ്ങൾ

ഇന്നു പലരും ശ്രദ്ധിക്കാത്ത ഒരു വസ്തുതയാണ് തൊഴിൽ സമരങ്ങൾ. അത്രമാത്രം അത് സർവ്വസാധാരണമായിക്കഴിഞ്ഞിരിക്കുന്നു. എന്തിനും ഏതിനും സമരം. മറെറല്ലാ മാർഗ്ഗങ്ങളും അടയുമ്പോഴേ സമരമാർഗ്ഗം അവലംബിക്കാവൂ എന്നതായിരുന്നു ഗാന്ധിജിയുടെ നിർദ്ദേശം. മാത്രമല്ല സമരം ഒരിക്കലും അക്രമാസക്തമാകരുത്. ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നില്ല എന്ന തത്ത്വവും അഹിംസയുടേയും അക്രമരാഹിത്യത്തിൻേറയും ആദർശങ്ങളും ഈ രംഗത്തും ഗാന്ധിജി കൈവിടുന്നില്ല.

തൊഴിൽസമരങ്ങൾ വിജയപ്രദങ്ങളാക്കുവാൻ ചില മാർഗ്ഗരേഖകൾ ഗാന്ധിജി നിർദ്ദേശിക്കുന്നുണ്ട്. തൊഴിലാളികളും അവരുടെ നേതൃത്വവും തമ്മിൽ സുദൃഢമായ ബന്ധമുണ്ടായിരിക്കണം, ഒന്നാമതായിത്തന്നെ. സമരകാലത്തു് യൂണിയനെ ആശ്രയിച്ച് ജീവിക്കുവാൻ തൊഴിലാളികൾ മുതിരരുത്. മറെറന്തെങ്കിലും തൊഴിൽ ചെയ്ത് സത്യസന്ധമായി ജീവിക്കുവാൻ ശ്രമിക്കണം. അല്ലെങ്കിൽ സമരം അതിവേഗം പൊളിയും സാമ്പത്തികകാരണങ്ങളാൽ.[79]

ന്യായമായ കാരണങ്ങളുള്ളപ്പോൾ മാത്രമെ സമരത്തിനു മുതിരാവൂ. തൊഴിലാളികളിൽ നല്ലൊരു വിഭാഗം സമരത്തിന് അനുകൂലമായിരിക്കണം. അതിൽനിന്നു് പിൻമാറി നില്ക്കുന്നവരുടെ നേരെ യാതൊരുവിധ ബലപ്രയോഗവും ഉണ്ടാകരുത്.[80]

സമരപരിപാടികളിലൂടെ തൊഴിലാളികൾ രാഷ്ട്രീയക്കാരുടെ ചട്ടുകങ്ങളാകുന്ന തെററായ നടപടിയെ ഗാന്ധിജി അപലപിച്ചു. സമരക്കാർ സമരം ചെയ്യേണ്ടതു സമ്പത്തു പിടിച്ചെടുക്കുവാൻ വേണ്ടിയായിരിക്കരുത്. പ്രത്യുത അതു് മരവിപ്പിക്കുവാൻ വേണ്ടിയായിരിക്കണം.[81] അല്ലാത്തപക്ഷം ആദ്യത്തെ മുതലാളി നശിക്കുകയും അവൻെറ സ്ഥാനത്തു് കൂടുതൽ ക്രൂരനായ മറെറാരുവൻ കടന്നു വരികയും ചെയ്യും.

78 *Ibid.* pp. 20-21
79 *Ibid*. pp. 3-4
80 K. Vasudevan, *Op. cit.*, pp 46-47
81 M.K. Gandhi, *Capital and Labour*, pp. 59-60

www.malankaralibrary.com



അനുഭാവസമരങ്ങളോട് ഗാന്ധിജിക്ക് അനുഭാവമുണ്ടായിരുന്നില്ല. തോട്ടികളും മററും സമരം നടത്തരുതെന്നദ്ദേഹം അഭ്യർത്ഥിച്ചു. കാരണം അതു് ജനജീവിതം ആകപ്പാടെ താറുമാറാക്കും.

മുതലാളിയും തൊഴിലാളിയും തമ്മിൽ പരിപൂർണ്ണമായ സ്ഥിതിസമത്വം ഉണ്ടാവില്ലെന്നു് ഗാന്ധിജി മനസ്സിലാക്കിയിരുന്നു. സാമ്പത്തികമായ ഏററക്കുറച്ചിലുകൾക്കിടയിലും ശത്രുതയും അസൂയയും കൈവെടിഞ്ഞു് സന്തോഷത്തിലും സൗഹൃദത്തിലും അവക്ക് ജീവിക്കുകയും ഒത്തൊരുമിച്ചു് പ്രവർത്തിക്കുകയും ചെയ്യാം. ഇതായിരുന്നു അദ്ദേഹത്തിന്റെ നിലപാടു്.[82] മുതലാളിയും തൊഴിലാളിയും തമ്മിലുള്ള സത്ബന്ധങ്ങൾ രാഷ്ട്രത്തിനു പൊതുവെ ഉപകാരപ്രദമായിരിക്കണമെന്നു് കണ്ടറിഞ്ഞ മഹാത്മാവു്, അവരോടാവശ്യപ്പെട്ടു, അവർക്കിടയിൽ ഒരു കുടുംബബന്ധം നിലനിർത്തുവാൻ.[83]

## F. ആഹാരാർത്ഥാദ്ധ്വാനം

തൊഴിലിന്റെ മാഹാത്മ്യത്തെ വളരെയധികം പുകഴ്ത്തിപ്പറഞ്ഞ മഹാത്മാവാണു് ഗാന്ധിജി. ഒരു തൊഴിലാളിയായി അറിയപ്പെടുന്നതിൽ അദ്ദേഹം അഭിമാനം കൊണ്ടു. ''നിങ്ങൾക്കറിയാവുന്നതുപോലെ ഞാനൊരു തൊഴിലാളിയാണു്. തുപ്പുകാരൻ, നെയ്ത്തുകാരൻ, നൂൽ നൂൽപ്പുകാരൻ എന്നിങ്ങനെയൊക്കെ എന്നെത്തന്നെ വിളിക്കുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഈവക കാര്യങ്ങൾ എനിക്കറിയാമെന്നകാര്യത്തിൽ എനിക്കൊരു ലജ്ജയും തോന്നുന്നില്ല....''.[84] അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നാമെല്ലാവരും തൊഴിലാളികളായിരിക്കണം. നമ്മുടെ ആഹാരത്തിനുള്ള വക നമ്മുടെതന്നെ കൈകൊണ്ടു് അദ്ധ്വാനിച്ചുണ്ടാക്കിവേണം ഭക്ഷിക്കുവാൻ. ആ സിദ്ധാന്തമാണു് ''ആഹാരത്തിനുവേണ്ടിയുള്ള അദ്ധ്വാനം'' എന്ന പേരിലറിയപ്പെടുന്നതു്.

'Bread labour' എന്ന ഇംഗ്ലീഷ് പദമാണു് ഇതിനാധാരം. റഷ്യൻ എഴുത്തുകാരനായ P. M. Bondareff ഇതു് ആദ്യമായി ഉപയോഗിച്ചു. പിന്നീടു് റസ്കിൻ, ടോൾസ്റ്റോയ്, തുടങ്ങിയ ചിന്തകരിലൂടെ ഈ പദത്തിനു് വളരെ അധികം പ്രചാരം സിദ്ധിച്ചു. "What Shall We Do Then'' എന്ന പുസ്തകത്തിൽ തൊഴിലിനെക്കുറിച്ചു ടോൾസ്റ്റോയ് പ്രതിപാദിക്കുന്നുണ്ടു്. ഏവരും കായികാദ്ധ്വാനം ചെയ്യുക എന്നതു് ഒരു സാർവ്വത്രികനിയമമായിട്ടാണു് ടോൾസ്റ്റോയ് കാണു

82 *Idid.* pp. 49-50

83 *Ibid.* p. 32 foot Note 1

84 *Ibid.* p. 38

www.malankaralibrary.com



ന്നതു്.[85] ഈ ഒരു നിയമത്തിനു മാത്രമെ സാമൂഹ്യവ്യവസ്ഥിതിയിലുള്ള അസമത്വങ്ങൾക്കു പരിഹാരം കാണ്മാൻ സാധിക്കുകയുള്ളൂ. ടോൾസ്റ്റോയ് പറയുന്നു: ഓരോരുത്തരും അവരവരുടെ ജീവിത സന്ധാരണത്തിനു് ആവശ്യമായതു് ഉൽപ്പാദിപ്പിക്കണം. മറ്റൊരാളുടെ അദ്ധ്വാനത്തെ ചൂഷണം ചെയ്യുവാൻ നമുക്കു് യാതൊരുവകാശവുമില്ല.[86] ടോൾസ്റ്റോയിയുടെ ആശയങ്ങൾ ഗാന്ധിജിയെ വളരെയധികം സ്വാധീനിച്ചു.

Ruskin–ന്റെ 'Unto This Last' വായിച്ചപ്പോൾ പ്രധാനമായും മൂന്നു് ആശയങ്ങൾ ഗാന്ധിജിയെ സ്വാധീനിച്ചു. (1) വ്യക്തിയുടെ സ്വന്തം നന്മ സമുദായത്തിന്റെ നന്മയിൽ അടങ്ങിയിരിക്കുന്നു. (2) തങ്ങളുടെ തൊഴിൽകൊണ്ടു് ഉപജീവിക്കുവാൻ എല്ലാവർക്കും തുല്യാവകാശമുള്ളതുകൊണ്ടു് ക്ഷുരകന്റെ തൊഴിൽ വക്കീലിന്റെ തൊഴിലിനെപ്പോലെതന്നെ വിലയുള്ളതാണു്. (3) ദേഹാദ്ധ്വാനം ചെയ്തുകൊണ്ടുള്ള ഒരു ജീവിതം, അതായതു് കർഷകന്റെയും കൈവേലക്കാരന്റെയും ജീവിതം, ആണു് ഏറ്റവും ഉത്തമം.[87] താൻ കണ്ടെത്തുന്ന സത്യങ്ങൾ പ്രചരിപ്പിക്കുന്നതിൽ ഉത്സുകനും ശ്രദ്ധാലുവുമായിരുന്ന ഗാന്ധിജി ആഹാരത്തിനു വേണ്ടിയുള്ള അദ്ധ്വാന സിദ്ധാന്തത്തിന്റെ പ്രവാചകനും പ്രചാരകനുമായി മാറി. മതപരവും, സാമ്പത്തികവും, ധാർമ്മികവുമായ കാരണങ്ങളാൽ എല്ലാവരും കായികാദ്ധ്വാനം ചെയ്യണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു.

## 1. ആവശ്യകത

### a) മതപരം

ആഹാരത്തിനുവേണ്ടിയുള്ള അദ്ധ്വാനം മതപരമായ ജീവിതനിയമമായി ഗാന്ധിജി കാണുന്നു. ഏതു് മതത്തിന്റെ പഠനങ്ങൾ എടുത്തുനോക്കിയാലും അതിൽ മനുഷ്യൻ കർമ്മം ചെയ്യേണ്ടതിന്റെ ആവശ്യകത എടുത്തു് പറഞ്ഞിരിക്കുന്നതു് കാണുവാൻ സാധിക്കും. വർദ്ധിച്ചു പെരുകി ഭൂമിയെ കീഴടക്കുവാനുള്ള കൽപ്പനയും നൽകിയാണു് മനുഷ്യനെ ദൈവം സൃഷ്ടിച്ചതു്. (ഉത്പത്തി, 1:28) നീ നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ടു് ഭക്ഷിക്കണമെന്നു് (ഉത്പത്തി 3:19) ദൈവം ആദിമാതാപിതാക്കന്മാരോടു കല്പിച്ചപ്പോൾ അദ്ധ്വാനിക്കുവാനുള്ള ആഹ്വാനം വീണ്ടും മനുഷ്യനു നല്കി. സ്വയം ജോലിചെയ്തു് ആഹാരം നേടുവാനായി ദൈവം മനുഷ്യനെ

---

85 V.P. Varma, *Op. cit.*, p. 332

86 *Idem.*

87 എം. കെ. ഗാന്ധി, എന്റെ സത്യാന്വേഷണപരീക്ഷകൾ (വിവ. കെ. മാധവൻ) കോഴിക്കോടു്: മാതൃഭൂമി, 1969, p. 437

www.malankaralibrary.com



യിരിക്കുന്നു എന്നെനിക്ക് തോന്നുന്നു. ഒരു ക്ഷുരകനോ, ചെരുപ്പു കുത്തിയോ കോളേജിൽ ചേർന്നാൽ അവൻെറ ക്ഷുരകപ്രവൃത്തിയോ ചെരുപ്പുണ്ടാക്കുന്ന ജോലിയോ ഉപേക്ഷിക്കേണ്ടതില്ല. ഒരു ക്ഷുരകൻെറ തൊഴിൽ വൈദ്യവൃത്തിയേപ്പോലെ നല്ലതാണെന്ന് ഞാൻ കരുതുന്നു.''[95]

ഏതൊരു തൊഴിലും കുലമഹിമയുള്ളതാണ്. ജാതിധർമ്മം ഓരോരുത്തരും ചെയ്യണമെന്ന് ഗാന്ധിജി പറയുന്നു. കാരണം അതിനായി അവൻ യാതൊന്നും മുടക്കേണ്ടതില്ല: ഇങ്ങനെ, ഒരു അദ്ധ്യാപകനും, ഡോക്ടറും അവരവരുടെ വർണ്ണാശ്രമധർമ്മം നിർവ്വഹിക്കുന്നുവെങ്കിൽ തൊഴിൽരംഗത്തു് സാമൂഹ്യസമത്വം കൈവരിക്കുവാൻ നമുക്കു സാധിക്കും. ഒരു തൊഴിലും ആരെയും തരംതാഴ്ത്തുകയില്ല. ആരും മററൊരാളുടെ അടിമ ആയിരിക്കുകയുമില്ല. ഒരു തോട്ടിയ്ക്കും ഡോക്ടർക്കും തുല്യസ്ഥാനമാണുണ്ടാവുക. സമൂഹത്തിൻെറ എല്ലാവിധ പുരോഗമനപരമായ പരിപാടികളിലും അവനു് പങ്കുണ്ടായിരിക്കും.

## d) ആരോഗ്യസംരക്ഷണം

ആവശ്യത്തിനു് വ്യായാമം ചെയ്തെങ്കിലേ ആരോഗ്യം നന്നായി പരിരക്ഷിക്കുവാൻ നമുക്കു കഴിയൂ—ഗാന്ധിജി പറയുന്നു: നമ്മിൽ പലരും ദേഹാദ്ധ്വാനം ചെയ്യാത്തതുകൊണ്ടു് ആരോഗ്യം സംരക്ഷിക്കുന്നതിനുവേണ്ടി പ്രത്യേകം വ്യായാമം ചെയ്യേണ്ടിവരുന്നു. ദിനംതോറും പ്രഭാതംമുതൽ പ്രദോഷംവരെ വയലിൽ കൃഷി ചെയ്യുന്ന ഒരു കർഷകനു് മാംസപേശികൾക്കു് ബലവും അയവും വരുത്തുന്ന വ്യായാമവും പ്രാണായാമവും ചെയ്യേണ്ട ആവശ്യമില്ല. അവൻ മററു് ആരോഗ്യനിയമങ്ങൾകൂടി ക്രമമായി പാലിക്കുമെങ്കിൽ രോഗഗ്രസ്തനാവുകയില്ല.[96]

ആരോഗ്യം കാത്തുസൂക്ഷിക്കേണ്ടതു് ഓരോരുത്തരുടെയും ആവശ്യമാണ്. ഗാന്ധിജി ചോദിക്കുന്നു, ആരോഗ്യകരമായ ജീവിതത്തിനു് വ്യായാമം ആവശ്യമാണെങ്കിൽ ഈ വ്യായാമം നമുക്കു് എന്തുകൊണ്ടു് ഉല്പാദനക്ഷമമായ തൊഴിലിലൂടെ സാധിച്ചുകൂടാ?

## e) സേവനം

തൊഴിലിൻെറ മറെറാരു പ്രത്യേകത സേവനമാണ്. ചെയ്യേണ്ട തൊഴിൽ എല്ലാവരും ചെയ്യുമ്പോൾ അതു പരസ്പരസേവനമാകുന്നു. ഗാന്ധിജിയുടെ അഭിപ്രായത്തിൽ 'മടിയനായിരിക്കുന്ന ഒരു വ്യക്തി എപ്പോഴും അവൻെറ അയല്ക്കാരനു് ഒരു ഭാരമായിരിക്കും.'

---

95 M.K. Gandhi, ഗാർഹികജീവിതം, p. 347
96 *Ibid*, p. 340

www.malankaralibrary.com



മനുഷ്യൻ പരസ്പരം സഹായിച്ചുകൊണ്ട് ജീവിക്കുവാനാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ''മനുഷ്യശരീരം നമുക്ക് നൽകപ്പെട്ടിരിക്കുന്നത്, അതുകൊണ്ട് മനുഷ്യരെയും അങ്ങനെ പ്രകൃതി മുഴുവനെയും സേവിക്കുന്നതിനുവേണ്ടിയാണ്''.[97] അദ്ധ്വാനിക്കാതെ ആരെങ്കിലും ഭക്ഷിക്കുന്നുവെങ്കിൽ മോഷ്ടിക്കപ്പെട്ട ഭക്ഷണമാണ് അയാൾ കഴിക്കുന്നത് എന്ന് ഗാന്ധിജി പറയുന്നു.[98] അതിനാൽ എല്ലാവരും അവന്റെ അപ്പത്തിനും ഭക്ഷണത്തിനുംവേണ്ടി സ്വയം അദ്ധ്വാനിക്കേണ്ടിയിരിക്കുന്നു.[99] ഒരു കുടുംബത്തിലെ അംഗങ്ങളെല്ലാം ഇപ്രകാരം തൊഴിൽ ചെയ്യുന്നുവെങ്കിൽ അന്നന്നപ്പത്തിനും, അവശ്യാവശ്യമായ വസ്ത്രത്തിനും അവർക്ക് ദാരിദ്ര്യമുണ്ടാവില്ല. ഓരോരുത്തനും അവനവന്റെ അപ്പത്തിനുവേണ്ടി യത്നിക്കുന്നുവെങ്കിൽ ആവശ്യത്തിന് ഭക്ഷണവും വിശ്രമസമയവും ഉണ്ടാവും. അപ്പോൾ ജനസംഖ്യാവർദ്ധനവിനെക്കുറിച്ചുള്ള പരാതികളോ, രോഗങ്ങളോ, മറ്റ് ജീവിതപ്രശ്നങ്ങളോ ഉണ്ടായിരിക്കുകയില്ല.

ആഹാരത്തിനുവേണ്ടിയുള്ള ബുദ്ധിപൂർവ്വകമായ യത്നം സാമൂഹ്യസേവനത്തിന്റെ ഏറ്റവും ഉൽകൃഷ്ടമായ രൂപമാണ്. അതിനാൽ ഭക്ഷണത്തിനുവേണ്ടിയുള്ള അത്തരം പ്രയത്നം സാമൂഹ്യസേവനത്തിൽനിന്നും ഒട്ടും വിഭിന്നമല്ല.[100]

f) അഹിംസ

അഹിംസാസിദ്ധാന്തമായും ഇതിന് ബന്ധമുണ്ട്. ഒരൊറ്റ നിമിഷം വൃഥാ കളയുന്നവൻ അത്രത്തോളം തന്റെ അയല്ക്കാർക്ക് ഭാരമായിത്തീരുന്നു. അപ്രകാരം ചെയ്യുന്നത് അഹിംസയുടെ ആദ്യപാഠത്തിന്റെതന്നെ ലംഘനമാണ്. അയല്ക്കാരനോട് തികച്ചും സമീകൃതവും വിശിഷ്ടവുമായ പരിഗണനയുണ്ടായിരിക്കുകയെന്നല്ലാതെ മറ്റൊന്നുമല്ല അഹിംസ. അലസനായ മനുഷ്യൻ ഈ പ്രാഥമിക പരിഗണനപോലും കാണിക്കാത്തവനാണ്.[101] അതിനാൽ ഗാന്ധിജി പറയുന്നു, 'പരമാർത്ഥമായ ഏതെങ്കിലും വഴിക്ക് തന്റെ ഭക്ഷണത്തിനുവേണ്ടി അദ്ധ്വാനിക്കാത്ത ആരോഗ്യവാനായ ഒരാൾക്ക് സൗജന്യമായി ഭക്ഷണംകൊടുക്കാൻ എന്റെ അഹിംസാസിദ്ധാന്തം എന്നെ അനുവദിക്കുന്നില്ല. എനിക്ക് അധികാരമുണ്ടായിരുന്നുവെങ്കിൽ എല്ലാ സൗജന്യഭക്ഷണശാലകളും ഞാൻ നിർത്തുമായിരുന്നു'.[102]

97 Thekkinedath, *Love of Neighbour in Mahatma Gandhi,* Alwaye: Pontifical Institute of Theology and Philosophy, 1973, p. 186
98 *Idem.*
99 M.K. Gandhi, *Harijan,* 7-8-1947
100 *Idem. Harijan,* 1-6-1935;(ഗാ.ജീ. p.351
101 *Idem. Young India,* 11-4-1926;(ഗാ.ജീ. p. 350)
102 *Idem. Young India,* 13-8-1925; (ഗാ.ജീ. p. 349

www.malankaralibrary.com



ഒരാരം ജോലിചെയ്യാൻ മടികാണിച്ചാൽ അയാൾക്ക് അംഗവൈകല്യമില്ലെങ്കിൽ ഭക്ഷണം കൊടുക്കാതെ പറഞ്ഞയയ്ക്കുവാനാണ് ഗാന്ധിജി പറയുന്നത്.

## 2. ശാരീരികവും ബുദ്ധിപരവുമായ പ്രയത്നം

ഗാന്ധിജി വിഭാവനം ചെയ്യുന്ന ശാരീരികപ്രയത്നത്തിൽ ബുദ്ധിപരമായ പ്രയത്നം ഉൾപ്പെടുന്നില്ല. ഗാന്ധിജിയുടെ അഭിപ്രായത്തിൽ ആരും ശാരീരികമായ പ്രയത്നത്തിൽ വിമുഖനായിക്കൂടാ. ശരീരത്തിൻെറ ആവശ്യങ്ങൾ ശരീരം നിറവേററണം.

ഇതുകൊണ്ട് ബുദ്ധിപരമായ ജോലി അപ്രധാനമാണെന്നു് ഗാന്ധിജി കരുതുന്നില്ല. ''ബുദ്ധിപരമായ ജോലി പ്രാധാന്യമുള്ളതാണ്. ജീവിതത്തിൽ അതിനു് സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. എന്നാൽ ഞാൻ ഊന്നിപ്പറയുന്നത് കായികാദ്ധ്വാനത്തിൻെറ ആവശ്യകതയെക്കുറിച്ചാണ്. ആ ബാദ്ധ്യതയിൽനിന്നും ഒരു മനുഷ്യനും സ്വതന്ത്രനായിരിക്കുവാൻ പാടില്ലന്നാണ് ഞാൻ വാദിക്കുന്നത്.''[103] എന്നാൽ ഒരിക്കലും ശാരീരികമായ അദ്ധ്വാനത്തിനു പകരം ബുദ്ധിപരമായ പ്രയത്നംകൊണ്ട് തൃപ്തിപ്പെടരുത് ''മാനസികം മാത്രമായ അദ്ധ്വാനം ആത്മാവിനുവേണ്ടി മാത്രമുള്ളതാണ്. അതിൽ ത്തന്നെയാണ് അതിൻെറ തൃപ്തി. അതിനു് കൂലി ഒരിക്കലും ആവശ്യപ്പെടരുത്. ആദർശാത്മകമായ ആ അവസ്ഥയിൽ ഡോക്ടർമാരും വക്കീലന്മാരും മററും സ്വന്തം ലാഭത്തിനല്ല, സമുദായത്തിൻെറ നന്മയ്ക്കുവേണ്ടിമാത്രം പ്രവർത്തിക്കും.''[104]

# G. വിലയിരുത്തൽ

ചിന്നിച്ചിതറിക്കിടക്കുന്ന ഗാന്ധിയൻ ധനതത്ത്വചിന്താമണികൾ കോർത്തിണക്കിയാൽ അതു് ഭാസുരമായൊരു നവ്യാദർശമാലയാകും. പലർക്കും അതു പ്രകാശം പ്രദാനം ചെയ്യും. ധർമ്മത്തിൻെറയും നീതിയുടെയും പാതയിലൂടെഅവരെ നയിക്കും. ഗാന്ധിയൻ ധനതത്ത്വചിന്തകളും ആധുനിക മാർപാപ്പാമാരുടെ സാമൂഹ്യ ചാക്രികലേഖനങ്ങളും തമ്മിൽ അനല്പമായ സാധർമ്മ്യമുണ്ട്. രണ്ടു കൂട്ടരുടെയും ചിന്താപഥങ്ങൾ ഒരേ ദിശയിലേയ്ക്കുള്ളവയായിരുന്നു. മാത്രമല്ല ലക്ഷ്യത്തിൻെറ കാര്യത്തിൽ അവർക്കിടയിൽ അഭിപ്രായൈക്യം ഉണ്ടായിരുന്നു. അതായത് മനുഷ്യൻെറ ആത്യന്തികമായ മുക്തി. അതുപോലെ അവരുടെ ആശയങ്ങളെ നിയന്ത്രിച്ചിരുന്ന രണ്ടു സുപ്രധാനഘടകങ്ങളായിരുന്നു ധാർമ്മികതയും, മനുഷ്യശ്രേഷ്ഠതയിലുള്ള അടിയുറച്ച വിശ്വാസവും. ഗ്രാമീണസമ്പദ്

103 *Harijan*, 22-2-'47; (ഗാ.ജീ. pp 353-54)

104 *Harijan*, 29-5-'35; (ഗാ.ജീ. p 351)

www.malankaralibrary.com



വ്യവസ്ഥയുടെ പ്രവാചകനാകാനും വ്യവസായവത്ക്കരണത്തെ എതിക്കാനും ഗാന്ധിജിയെ പ്രേരിപ്പിച്ചതു് ഇവയാണു്. മുതലാളി തൊഴിലാളി ബന്ധങ്ങൾക്കു് മാർഗ്ഗരേഖ നിർദ്ദേശിച്ചപ്പോഴും ഈ അടിസ്ഥാനങ്ങളിൽനിന്നും ഇളകാൻ അദ്ദേഹം തയ്യാറായില്ല. ഇന്ത്യൻസമൂഹം അധമമെന്നുവിധിച്ചിരുന്ന തൊഴിലിനു മാഹാത്മ്യം ഉണ്ടെന്നുദ്ഘോഷിക്കുവാൻ അതദ്ദേഹത്തെ ശക്തനാക്കി. അതിന്റെ പിൻതുടർച്ചയായിരുന്ന ആഹാരത്തിനുവേണ്ടിയുള്ള അദ്ധ്വാന സിദ്ധാന്തം.

ധാർമ്മികതയുടെ കാവൽഭടനായി നിലകൊള്ളുന്ന ഒരു മനുഷ്യനെയത്രെ ഗാന്ധിയൻ ധനതത്ത്വാശയങ്ങൾ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുക. ധർമ്മം സംരക്ഷിക്കുവാൻ നമ്മുടെ നൂററാണ്ടിൽ കടന്നുവന്ന അവതാരപുരുഷനായിരുന്ന അദ്ദേഹം എന്നാണു് ചിലരുടെ പക്ഷം. ധർമ്മത്തിനു് ഗ്ലാനിയും, അധർമ്മത്തിനു് അഭ്യുന്നതിയും സംഭവിക്കുമ്പോൾ, സാധുക്കളുടെ സംരക്ഷണത്തിനും, ദുഷ്ടന്മാരുടെ വിനാശത്തിനും ധർമ്മസംസ്ഥാപനത്തിനുമായാണല്ലോ അവതാരങ്ങൾ നടക്കുക.[105] രാഷ്ട്രീയസാമ്പത്തികമണ്ഡലങ്ങൾ അധർമ്മത്തിന്റെയും അനീതിയുടെയും കേളീരംഗമായപ്പോൾ അവിടങ്ങളിൽ ഒരു ശുദ്ധികലശം നടത്താനുള്ള തന്ത്രിയായി കടന്നുവന്നു ഗാന്ധിജി. ധർമ്മം പുലർത്താനും, 'സാധുക്കളെ' സംരക്ഷിക്കുവാനും അദ്ദേഹം അക്ഷീണം യത്നിച്ചു. സാമ്പത്തികപുരോഗതി അവശ്യം ധാർമ്മികപുരോഗതികൂടിയായിരിക്കണമെന്നു് ആവശ്യപ്പെടാൻ അദ്ദേഹത്തിനു ധൈര്യമുണ്ടായി. ധാർമ്മികതയെ പുറത്താക്കിനിറുത്തുന്ന ധനതത്ത്വശാസ്ത്രങ്ങളെ അദ്ദേഹം ചോദ്യം ചെയ്തു. 1931-ൽ പ്രസിദ്ധീകൃതമായ 'ക്വാദ്രാജേസ്സിമോ ആന്നോ' എന്ന ചാക്രികലേഖനത്തിൽ ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് അസന്നിഗ്ദ്ധമായ ഭാഷയിൽത്തന്നെ പറഞ്ഞു, ''സമ്പദ്ശാസ്ത്രവും ധാർമ്മികതയും അഭേദ്യമായി ബന്ധപ്പെട്ടുനിൽക്കുന്നുവെന്നു്: ''സാമ്പത്തികനിയമങ്ങളുടെയെല്ലാം ലക്ഷ്യം ദൈവംതന്നെയാണു്'' (*Q. A. 42–43).[106] 'മനുഷ്യരക്ഷകൻ' എന്ന ചാക്രികലേഖനത്തിൽ ജോൺപോൾ രണ്ടാമൻ പാപ്പാ പറയുന്നു, 'ധാർമ്മികതയുടെ വികസനം ശാസ്ത്രസാങ്കേതിക വികസനങ്ങൾക്കൊപ്പം വന്നെത്തുന്നില്ല എന്നു്.'[107]

---

105 ഗീത 4:7-8

106 Thomas Vellilamthadam, *Man and Social Problems*, Kottayam Oriental Institute of Religious Studies, India, 1977, pp 19-20

107 ജോൺ പോൾ II, മനുഷ്യരക്ഷകൻ (വിവ. ജെ.പി. തോട്ടിൽ) കോട്ടയം: കെ.സി.ബി.സി. മാദ്ധ്യമക്കമ്മീഷൻ, 1979, p. 54

* Q. A.=Quadragesimo Anno, 1931

www.malankaralibrary.com



ഗാന്ധിയൻ അർത്ഥശാസ്ത്രത്തിന് രൂപവും ഭാവവും പകന്ന മറെറാരു ഘടകം മനുഷ്യൻെറ ശ്രേഷ്ഠതയിലുള്ള അടിയുറച്ച വിശ്വാസമായിരുന്നു. മനുഷ്യൻ അടിസ്ഥാനപരമായി നല്ലവനാണ്. അതിഭൗതികമായ ലക്ഷ്യങ്ങളിൽ അവൻ ചെന്നുചേരണം. ആ മനുഷ്യനെ ലൗകികതയുടെ തൂണുകളിൽ വ്യാമോഹച്ചരടുകൾകൊണ്ടു ബന്ധിച്ചുനിറുത്തുക കടുത്ത അനീതിയാണ്. മനുഷ്യൻ വസ്തുവല്ല, വ്യക്തിയാണ്. സ്വാർത്ഥതാത്പര്യലബ്ധിക്കായി ആരും അപരനെ വിനിയോഗിച്ചുകൂടാ. സഹോദരതുല്യം മററവനെ കണക്കാക്കുകയും അംഗീകരിക്കുകയും വേണം. മനുഷ്യദർശനത്തിൻെറ കാര്യത്തിൽ പാശ്ചാത്യ ധനതത്ത്വശാസ്ത്രജ്ഞന്മാരിൽനിന്നും ഗാന്ധിജി തികച്ചും ഒററപ്പെട്ടു നിൽക്കുന്നു. ഇക്കാര്യത്തിൽ അദ്ദേഹത്തിന് ആശ്രയവും പിൻതുണയും നല്കുന്നതു് മതങ്ങളും മതനേതാക്കന്മാരുമാണ്, പ്രത്യേകിച്ചും ക്രിസ്തുമതം. 'Mater et Magistra' (19), 'Gaudium et Spes'(3), Pius xii —ൻെറ 4—1—57—ലെ പ്രസംഗം എന്നിവയെല്ലാം മനുഷ്യവ്യക്തിയുടെ ശ്രേഷ്ഠതയും പ്രാധാന്യവും ഊന്നിപ്പറയുന്നവയത്രെ. മനുഷ്യൻെറ വിലയെക്കുറിച്ചും, മഹനീയതയെക്കുറിച്ചുമുള്ള ''അതിശയമാണ്'' സുവിശേഷം, സദ്വാർത്ത എന്ന്[108] 'മനുഷ്യരക്ഷകൻ' എന്ന ചാക്രികലേഖനത്തിൽ ജോൺ പോൾമാർപാപ്പാ പറയുന്നു.

ആദ്യമൊക്കെ പരിഹാസവിഷയമായിരുന്ന ഗ്രാമീണ സമ്പദ്‌വ്യവസ്ഥാസിദ്ധാന്തം ഇന്ന് അർത്ഥപൂർണ്ണമായിക്കൊണ്ടിരിക്കുകയാണ്, പഞ്ചവത്സരപദ്ധതികൾ പലതുകഴിഞ്ഞു. പ്ലാനിംഗ് വിദഗ്ദ്ധന്മാർ പല നേട്ടങ്ങളും അവകാശപ്പെടുന്നുണ്ട്, കണക്കുകൾ നിരത്തിവച്ചുകൊണ്ട്. എന്നാൽ ഭാരതജനത ഇന്നും ദാരിദ്ര്യവിമുക്തമാണെന്നവർപോലും അവകാശപ്പെടുകയില്ല. വസ്ത്രത്തിൻെറ കാര്യത്തിലും അങ്ങനെതന്നെ. തൊഴിലില്ലായ്മ എന്ന ഭീകരയാഥാർത്ഥ്യം കൂടുതൽ കൂടുതൽ അസ്വാസ്ഥ്യജനകമാംവിധം വളർന്നുവളർന്നു വരികയാണ്. ഗാന്ധിയൻ ധനതത്ത്വസിദ്ധാന്തങ്ങളോട് യോജിക്കാൻ സാധിക്കാതിരുന്ന ജവഹർലാൽ നെഹ്രുപോലും അവസാനകാലഘട്ടത്തിൽ അവയുടെ സാംഗത്യത്തെക്കുറിച്ച് ചിന്തിക്കുവാൻ നിർബ്ബന്ധിതനായി. 1963 ഡിസംബർ 11—ാം തീയതി ലോകസഭയിൽ നടത്തിയ പ്രസംഗത്തിൽ അനേകായിരങ്ങളുടെ ദയനീയസ്ഥിതിയെക്കുറിച്ചദ്ദേഹം പരാമർശിച്ചു. അവയ്ക്കൊരു പരിഹാരമാർഗ്ഗം കണ്ടുപിടിക്കണമെന്നു പറഞ്ഞശേഷം അദ്ദേഹം തുടർന്നു, ''മഹാത്മാഗാന്ധിയുടെ സമീപനത്തെക്കുറിച്ച് ഞാൻ കൂടുതൽ കൂടുതൽ ചിന്തിക്കുവാൻ തുടങ്ങുകയാണ്''.[109]

---

108 *Ibid*. p. 38

109 K. Vasudevan, *Op. cit.*, p. 1

www.malankaralibrary.com



വ്യവസായാവത്ക്കരണം ഇന്ത്യയുടെമാത്രമല്ല സർവ്വരാഷ്ട്രങ്ങളുടെയും മുൻപിൽ പ്രശ്നമായിത്തീർന്നിരിക്കുകയാണ്. ഭസ്മാസുരനു വരമരുളിയ പരമശിവനെപ്പോലെയാണുമനുഷ്യനിന്ന്. അവൻെറ തന്നെ കണ്ടുപിടുത്തങ്ങൾ അവനെ ഭയപ്പെടുത്തുകയും ശ്വാസം മുട്ടിക്കുകയും ചെയ്യുന്നു. വായുവും ജലവും മലീമസമാക്കുന്നതിൽ വൻകിട ഫാക്ടറികൾക്കുള്ളപങ്ക് കുറച്ചൊന്നുമല്ല. അണുയത്തിവിടുന്ന ഭീഷണികൾമനുഷ്യകുലത്തിനുമുഴുവൻ ദുരന്തം വരുത്തി വെയ്ക്കും.

സ്ഥിതിസമത്വം എന്ന സുന്ദരസ്വപ്നം സാക്ഷാത്കരിക്കുവാൻ ഹിംസയുടെ പാത സ്വീകരിച്ചില്ല ഗാന്ധിജി. പരിപൂർണ്ണമായ സമത്വത്തിനുവേണ്ടി സ്വകാര്യസ്വത്തവകാശം നിഷേധിച്ചാൽ ഗുണത്തേക്കാൾ ദോഷമേ ഉണ്ടാകുകയുള്ളു എന്നദ്ദേഹം വിശ്വസിച്ചു. അതേസമയം സ്വത്തു തങ്ങളുടേതുമാത്രമാണെന്നുള്ള ചിന്തയോടെ, തങ്ങൾക്കിഷ്ടമുള്ള പ്രകാരം അതു ദുർവിനിയോഗം ചെയ്യാമെന്ന് ആരും കരുതരുത്. ഭൂമി മുഴുവൻ ദൈവത്തിൻേറതാണ്. എല്ലാ മനുഷ്യരും അതിൽ തുല്യാവകാശികളുമാണ്. സ്വത്തുടമകൾ ചെയ്യേണ്ടതു് തങ്ങൾ മററുള്ളവരുടെ സ്വത്തിൻെറ സൂക്ഷിപ്പുകാർ എന്ന നിലയിൽ പ്രവർത്തിക്കുകയത്രെ. അതായതു് ട്രസ്റ്റികളായിത്തീരുക. ട്രസ്റ്റിഷിപ്പ് സിദ്ധാന്തത്തിലൂടെ അതിരുകടന്ന വ്യക്തിസ്വാതന്ത്ര്യത്തിൻെറയും, കർക്കശമായ കമ്മ്യൂണിസത്തിൻെറയും ദൂഷ്യഫലങ്ങളെ ഗാന്ധിജി ഒഴിവാക്കി. രാഷ്ട്രനിയന്ത്രിതമായ ആധുനികസോഷ്യലിസപാത ഗാന്ധിജിയ്ക്കജ്ഞാതമായിരുന്നുവെന്നുതോന്നുന്നു. സ്വകാര്യസ്വത്തവകാശം അനുവദിക്കുന്നതോടൊപ്പം കൂടുതൽ കൂടുതൽ ആളുകളെ സ്വത്തുടമകളാക്കുവാനുള്ള ശ്രമവും നടത്തണം. രാഷ്ട്രത്തിന് അതിന് സാധിക്കും, നിയമനിർമ്മാണങ്ങളിലൂടെ. ഇതു നടത്താൻ രാഷ്ട്രത്തിനു കടമയുണ്ടു്. സ്വകാര്യസ്വത്തവകാശം, അതിൻെറ വിനിയോഗം എന്നിവ സംബന്ധിച്ചുള്ള സാമൂഹ്യചാക്രികലേഖനങ്ങളുടെ നിലപാടും മറെറാന്നല്ല.[110] 1891–ൽ പുറത്തിറങ്ങിയ 'റേരും നൊവാരും' സ്വകാര്യസ്വത്തവകാശത്തിനുവേണ്ടി നിലകൊണ്ടു. അതേസമയം അതിൻെറ വിനിയോഗം സംബന്ധിച്ചു പറയുകയാണ്, സമ്പാദ്യങ്ങൾ തൻേറതുമാത്രമാണെന്ന് ആരും കരുതരുത്. മററുള്ളവർക്ക് ആവശ്യമായി വരുമ്പോൾ അവരുമായി അവ പങ്കുവെയ്ക്കാവുന്നവിധത്തിൽ അതു് പൊതുവായി കണക്കാക്കപ്പെടണം. (*RN,19) 'ജനങ്ങളുടെ പുരോഗതി' എന്ന ചാക്രികലേഖനത്തിൽ പോൾ ആറാമൻ മാർപ്പാപ്പാ വ്യക്തമാക്കി, ''സ്വകാര്യസ്വത്തവകാശം നിരുപാധികമായ ഒരവകാശമല്ല'' എന്ന് (*P.P.23), സമൂഹ

110 Thomas Vellilamthadam, *Op. cit.*, pp. 46-52

* R. N,= Rerum Novarum, 1891

* P. P. Populorum Progressio, 1967

www.malankaralibrary.com



ത്തിൻെറ അടിസ്ഥാനപരമായ ആവശ്യങ്ങളും സ്വകാര്യസ്വാതന്ത്ര്യവകാശവും തമ്മിൽ ഏററുമുട്ടൽ ഉണ്ടാകുമ്പോൾ ആദ്യത്തേതിനായിരിക്കും മുൻഗണന.

തൊഴിൽരംഗത്തുള്ള ഗാന്ധിജിയുടെ സേവനം അതുല്യമാണ്. മുതലാളിമാർക്കും തൊഴിലാളികൾക്കും അദ്ദേഹം നല്കുന്ന നിർദ്ദേശങ്ങൾ ഒരു ധാർമ്മികോപദേഷ്ടാവിൻെറ നിലയിൽ നിന്നുകൊണ്ടുള്ളതാണ്. അദ്ദേഹം ഇരുകൂട്ടരോടും നടത്തുന്ന അഭ്യർത്ഥനകളുടെ അതേ മാറെറാലികൾതന്നെ ചാക്രികലേഖനങ്ങളിലും നാം കണ്ടുമുട്ടുന്നുണ്ട്. തൊഴിലാളികളുടെ വ്യക്തിമാഹാത്മ്യം അംഗീകരിക്കുവാൻ 'റേരും നൊവാരും' ആവശ്യപ്പെടുന്നു, (R. N. 16). അതോടൊപ്പം ആത്മാർത്ഥതയോടെ അദ്ധ്വാനിക്കുവാൻ തൊഴിലാളിയോടും ആവശ്യപ്പെടുന്നുണ്ട്. സമ്പൂർണ്ണമായ സ്ഥിതിസമത്വം അപ്രാപ്യമാണെന്നുള്ള വസ്തുതയും അവ അംഗീകരിക്കുന്നു. (R. N. 14, P. T.* 87, G. S.* 29).

ആഹാരത്തിനുവേണ്ടി എല്ലാവരും കഠിനാദ്ധ്വാനം ചെയ്യണമെന്നുള്ള ഗാന്ധിയൻനിർദ്ദേശം പലർക്കും അസ്വീകാര്യമായി തോന്നിയേക്കാം. സുഖമായി ജീവിക്കുന്നതിനുള്ളവക ശമ്പളമായി ലഭിക്കുന്നവൻ എന്തിനു കായികാദ്ധ്വാനം ചെയ്യണം എന്നു ചോദിക്കുന്നവർ കാണും. അവരോടെല്ലാം വ്യക്തമായ രീതിയിൽത്തന്നെ അദ്ദേഹം മറുപടി നൽകുന്നു: 'ശരീരത്തിൻെറ ആവശ്യങ്ങൾ ശരീരം കൊണ്ടു് നിറവേററണം'. തൊഴിലിൻെറ മഹത്വം ഉയർത്തിക്കാണിക്കുവാനുള്ള അദ്ദേഹത്തിൻെറ പരിശ്രമം തികച്ചും ശ്ലാഘനീയമാണ്. തൊഴിലിൻെറ മാഹാത്മ്യത്തെക്കുറിച്ച് കുറേക്കൂടി ഗാഢമായ ഒരു അവബോധം ക്രൈസ്തവചിന്താധാര നമുക്ക് നല്കുന്നുണ്ട്. സൃഷ്ടികർത്താവായ ദൈവവുമായുള്ള സഹകരണമാണതു്. അദ്ധ്വാനിക്കുന്നവൻ സൃഷ്ടികർമ്മം തുടരുന്നു; ചെറിയൊരു സ്രഷ്ടാവായി അവൻ തീരുന്നു. (P. P. 27) മനുഷ്യനെ അവൻെറ ആത്യന്തിക ലക്ഷ്യത്തിലേയ്ക്കെത്തിക്കുന്നതിനു തൊഴിലിനു കഴിയും. അവനതു് ആദ്ധ്യാത്മിക പരിപൂർണ്ണത നേടിക്കൊടുക്കുന്നു. മററുള്ളവർക്കും രക്ഷാകരവേലയുടെ ഫലങ്ങൾ അവൻവഴി ലഭിക്കുന്നു. (M.M. 259,* Gs. 34)

അദ്ധ്വാനിക്കാതെ ആഹാരം കഴിക്കുവാനാഗ്രഹിക്കുന്നവർ തീർച്ചയായും ഗാന്ധിജിയുടെ വാക്കുകൾ ശ്രദ്ധിക്കണം. സമൂഹത്തിലെ ഇത്തിക്കണ്ണികളാകാതെ ജീവിക്കുവാൻ അവർ ബാദ്ധ്യസ്ഥരാണ്. അദ്ധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ എന്നാണ് പൗലോസ് ശ്ലീഹ ആവശ്യപ്പെടുന്നതു് (2തെസ.3,10). അലസത വ്യക്തിയെ നശിപ്പിക്കും: സമൂഹത്തെയും രാഷ്ട്രത്തെയും. തകർന്നടിഞ്ഞ നാഗരികത

* G. S.=Gaudium et Spes, 1965
* P. T.=Pacemuih Terris, 1963.
* M. M.=Materet Magistra, 1961.

www.malankaralibrary.com



ളുടെ കഥ നമ്മോടു പറയുന്ന സത്യം മറെറാന്നല്ല. തൊഴിലിൻെറ മാഹാത്മ്യം അതിൻെറ തരഭേദം ആശ്രയിച്ചായിരിക്കരുത്. അതു് എപ്രകാരം ചെയ്യപ്പെടുന്നു എന്നതിനെ ആശ്രയിച്ചായിരിക്കണം. വക്കീലിൻെറയും ക്ഷുരകൻെറയും തൊഴിലിനു സമമായ മാന്യത കൈവരുമ്പോഴാ മാത്രമെ തൊഴിലിൻെറ മഹത്വം ജനപദങ്ങൾ വേണ്ടതുപോലെ മനസ്സിലാക്കിയിരിക്കുന്നു എന്നു് പറയാനാവൂ.

ഇന്ത്യൻജനതയിൽ സിംഹഭാഗവും കർഷകരാണു്. കൃഷിക്കു് ഊന്നൽ നല്കിക്കൊണ്ടുള്ള സാമ്പത്തികവ്യവസ്ഥിതിക്കു് ഗാന്ധിജി വേണ്ട പ്രാധാന്യം നല്കിയെന്നു തോന്നുന്നില്ല. ഖാദിക്കു നല്കിയതിൻെറ പകുതി ശ്രദ്ധപോലും കൃഷിയുടെ കാര്യത്തിൽ ചെലുത്തിയോ എന്നു് സംശയിക്കണം. ജന്മി കുടിയാൻബന്ധവും ഗോസംരക്ഷണവും ജൈവവളനിർമ്മാണവുമായി ആ രംഗം അവസാനിപ്പിക്കുകയാണദ്ദേഹം ചെയ്തതു്. കൃഷിയുടെ കാര്യത്തിലുള്ള തൻെറ അറിവു വളരെ തുച്ഛമാണെന്നു് അദ്ദേഹംതന്നെ സമ്മതിക്കുന്നുണ്ടു് എന്ന വസ്തുത ഒരുപക്ഷേ ഈ ന്യൂനതയ്ക്കൊരു വിശദീകരണമായേക്കാം[111].

മററുപല കാര്യങ്ങളിലുമെന്നപോലെ ഗാന്ധിജിയുടെ സാമ്പത്തികസിദ്ധാന്തങ്ങളും ഇന്ത്യൻമണ്ണിൽ വേണ്ടത്ര വേരോടിയില്ല. ആ ആദർശവൃക്ഷത്തിനു് ജലസേചനം നടത്താൻ അധികമാരുമുണ്ടായിരുന്നില്ല എന്നതാണു ദയനീയ വസ്തുത. പ്രസിദ്ധധനതത്വശാസ്ത്രജ്ഞനായ Roplee പറയുന്നു. ''ഗാന്ധിജിയുടെ മാനുഷികവിജ്ഞാനത്തേക്കാൾ ഭൗതിക സോഷ്യലിസത്തെ ഇന്ത്യ അനുധാവനം ചെയ്യുന്നു എന്നുള്ളതു് വളരെ ശോചനീയമാണു്[112]. മനുഷ്യൻെറ വിലയിടിഞ്ഞുകൊണ്ടിരിക്കുന്ന ആധുനിക വ്യവസായിക സമ്പത്ഘ്വ്യവസ്ഥയിൽ, വർഗ്ഗസമരത്തിൻെറ ശംഖൊലി മുഴങ്ങുന്ന ഇന്നത്തെ ലോകത്തിൽ, ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവു് വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഗാന്ധിയൻ വ്യവസ്ഥിതി കൂടുതൽ പ്രകാശമാനമായിക്കൊണ്ടിരിക്കുകയാണു്. തൊഴിലില്ലായ്മയും ദാരിദ്ര്യവും ഒത്തുചേർന്നു് ശ്വാസം മുട്ടിക്കുന്ന അനേകായിരങ്ങൾ ഇന്നു് നമ്മുടെ നാട്ടിലുണ്ടു്. സമത്വത്തിനും, സ്വാതന്ത്ര്യത്തിനും സാഹോദര്യത്തിനും വേണ്ടി പടവാൾ ഉയർത്തി തെരുവിലിറങ്ങാതെ അവരെ തടഞ്ഞുനിറുത്താൻ ഗാന്ധിയൻ സമ്പദ്‌വ്യവസ്ഥയ്ക്കേ ഇന്നു കഴിയൂ. സ്വത്തുടമകൾക്കു് ഗാന്ധിജി നൽകിയ മുന്നറിയിപ്പു് ഇന്ത്യൻ ധനതത്വശാസ്ത്രജ്ഞരോടു് ആവർത്തിക്കുകയാണു്: ഒന്നുകിൽ ഗാന്ധിയൻ ധനതത്വചിന്തകൾ സ്വീകരിച്ചു നടപ്പിലാക്കുക, അല്ലെങ്കിൽ അതിരൂക്ഷമായ ഒരു വിപ്ലവം നേരിടുവാൻ തയ്യാറാകുക'.

111 M.K. Gandhi, അർത്ഥശാസ്ത്രം, p. 67
112 K. Vasudevan, *Op*. cit, p. 1

www.malankaralibrary.com

# VI

# ഗാന്ധിജിയുടെ പ്രസക്തി

www.malankaralibrary.com

# ഗാന്ധിജിയുടെ പ്രസക്തി

## A. ആധുനികലോകത്തിൽ

ലോകജീവിതമാകുന്ന നാടകത്തിൽ നന്നായി അഭിനയിച്ച് വിജയിക്കുന്ന നടീനടന്മാരുടെ ജീവിതം അനുകരണയോഗ്യമാണ്. തങ്ങൾ ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിട്ട് തങ്ങളുടേയും, തങ്ങൾക്കൊപ്പമുള്ളവരുടേയും ജീവിതങ്ങളെ അവർ ധന്യമാക്കി. അവരുടെ ജീവിതം ഒരു കാലഘട്ടംകൊണ്ട് അവസാനിക്കുന്നില്ല. അവർ ജീവിച്ച് പ്രവർത്തിച്ച സ്ഥലപരിമിതികളിലും അവരുടെ സ്വാധീനം ഒതുക്കിനിർത്താൻ നമുക്കാവില്ല. അവരുടെ ജീവിതം ഒരു തുറന്നപുസ്തകമാണ്. കടന്നുവരുന്ന എല്ലാത്തലമുറകൾക്കും, എല്ലാദേശങ്ങളിലുമുള്ളവർക്കുമത് വായിക്കാം; ആവേശം ഉൾക്കൊള്ളാം. ഈ നൂററാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ഭാരതജനതയുടെ ദീപമായി വർത്തിച്ച മഹാത്മാഗാന്ധിയുടെ ജീവിതം അത്തരം ചുരുക്കം ചില ജീവിതമാതൃകകളിലൊന്നാണ്.

പഴമയുടെ പര്യായമായി ഗാന്ധിജിയെ ചിത്രീകരിക്കുന്നവരുണ്ട്. ഗാന്ധിയൻ ആശയങ്ങളും ആദർശസംഹിതകളും മനുഷ്യപുരോഗതിക്കു വിലങ്ങുതടിയായി അവർ കാണുന്നു. അവ ഒഴിവാക്കിക്കൊണ്ടുള്ള അവരുടെ പുരോഗമനമാകട്ടെ അനേകം നൂതനപ്രശ്നങ്ങൾ സൃഷ്ടിച്ചുവിടുകയാണുചെയ്യുന്നത്. ആധുനികരെന്നവകാശപ്പെടുന്ന ഇന്നത്തെ ലോകം അസ്വസ്ഥതകളുടെ ഭാണ്ഡവും ചുമന്നുനില്ക്കുകയാണ് ദോഷൈകദൃക്കുകൾ അവയെ പെരുപ്പിച്ചുകാണിച്ചു മനുഷ്യരെയാകമാനം ഭയപ്പെടുത്തുന്നു. ഏതു നിഷ്പക്ഷമതിയും സമ്മതിക്കും ഇന്നത്തെ ലോകത്തിൽ നിരവധി പ്രശ്നങ്ങളുണ്ട് എന്ന വസ്തുത. യുദ്ധഭീഷണികൾ, വ്യക്തികൾക്കും രാഷ്ട്രങ്ങൾക്കുമിടയിലുള്ള ചൂഷണം, ജല—അന്തരീക്ഷ മലിനീകരണഭീതി, തകരുന്ന വ്യക്തിത്വങ്ങൾ, പൊളിയുന്ന കുടുംബബന്ധങ്ങൾ, ധാർമ്മികാധഃപതനം ഈശ്വരനിഷേധം എന്നിങ്ങനെ പോകുന്നു പ്രശ്നങ്ങളുടെ ആ ലിസ്റ്റ്. ആധുനികസമൂഹത്തെയാകമാനം ബാധിച്ചിരിക്കുന്ന ഈ രോഗങ്ങൾക്കെല്ലാം പ്രതിവിധി നിർദ്ദേശിക്കുവാൻ ഗാന്ധിജിക്ക് ഈ നൂററാണ്ടിൽ സാധിച്ചു. പക്ഷേ, അവ പരീക്ഷിച്ചുനോക്കുവാൻ മനുഷ്യർ മടിക്കുന്നു. അപ്രായോഗികമെന്ന പേരിൽ പലതും തള്ളിക്കളയുന്നു.

ഈശ്വരവിശ്വാസം, മനുഷ്യസ്നേഹം ധാർമ്മികജീവിതം—ഇവ മൂന്നുമാണ് ഇന്നത്തെ ലോകത്തെ ഗ്രസിച്ചിരിക്കുന്ന രോഗങ്ങൾക്ക ഗാന്ധിജി നിർദ്ദേശിക്കുന്ന മരുന്നുകൾ. ഇവ സ്വീകരിക്കുവാൻ

www.malankaralibrary.com



നാം തയ്യാറാകുന്നപക്ഷം, ഇന്നിന്റെ പ്രശ്നങ്ങളെ വിജയകരമായി നേരിടുവാൻ നമുക്കു സാധിക്കും. നമുക്കിന്നനുഭവപ്പെടുന്ന പ്രശ്നങ്ങൾ നിലനില്ക്കുന്നിടത്തോളംകാലം ഗാന്ധിജിക്കും അദ്ദേഹത്തിന്റെ ആശയങ്ങൾക്കും പ്രസക്തിയുണ്ടായിരിക്കും. അതായത്, ലോകാവസാനംവരെ.

ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി അഭേദ്യമായി ബന്ധപ്പെട്ടുനില്ക്കുന്ന ഒരു ചരിത്രമാണ് ഗാന്ധിജിയുടേത്. ഇൻന്ത്യയുടെ സ്വാതന്ത്ര്യസമരം ലോകചരിത്രത്തിൽ അനന്യമായ ഒരു സ്ഥാനം നേടിക്കഴിഞ്ഞിരിക്കുന്നു. രക്തപ്പുഴയൊഴുക്കാതെ, അഹിംസയുടെ മാർഗ്ഗത്തിലൂടെ നേടിയെടുത്ത ആ സ്വാതന്ത്ര്യം ആയുധബലമില്ലാത്ത അനീതിയ്ക്കിരയായിട്ടുള്ള, വിധേയമായിക്കൊണ്ടിരിക്കുന്ന രാഷ്ട്രങ്ങൾക്കും ജനപദങ്ങൾക്കും നല്ലൊരു മാതൃകയാണ്. ഗാന്ധിജിയുടെ അഹിംസാമാർഗ്ഗം അപ്രായോഗികമാണെന്നു വാദിക്കുന്നവർക്കുള്ള നല്ല തിരിച്ചടിയാണ് മാർട്ടിൻലൂതർകിംഗ് ജൂണിയറുടേത്. 1955—56—കളിൽ അദ്ദേഹം നടത്തിയ ബസ്സ് ബോയിക്കോട്ട സമരം ഗാന്ധിയൻ മാതൃകയിലായിരുന്നു. നീഗ്രോകളുടെ അവകാശങ്ങൾ നേടിയെടുക്കാൻ ഗാന്ധിയൻ മാർഗ്ഗമാണ് മാർട്ടിൻലൂതർകിംഗ് അവലംബിച്ചത്. അഹിംസയുടെ ആ മാർഗ്ഗം ഇന്നും പ്രസക്തമാണ്. അനീതിക്കും ചൂഷണത്തിനുമെതിരായുപയോഗിക്കാവുന്ന മൂർച്ചയേറിയവാൾ എന്നനിലയിൽ.

ശാസ്ത്രവും സാങ്കേതിക വിദ്യയുമാകുന്ന കുതിരകൾ അതിവേഗം മുന്നോട്ടുനയിക്കുകയാണ് സാംസ്കാരികരഥത്തെ. സാരഥിയായ മനുഷ്യന്റെ നിയന്ത്രണത്തിൽനിന്നും അതീതമായിപ്പായുകയാണാശകടം. അതിനുള്ളിലെ മനുഷ്യജീവികൾ മരണവെപ്രാളം കൂട്ടുകയാണ്. അനിയന്ത്രിതമായ ഈ പോക്കിനെക്കുറിച്ചും അതു വരുത്തിവെയ്ക്കാവുന്ന വിനകളെക്കുറിച്ചും കാലേക്കൂട്ടിത്തന്നെ ഗാന്ധിജി പ്രവചിച്ചിരുന്നതാണ്. അതോടൊപ്പം അവയ്ക്കുള്ള പരിഹാരവും നിർദ്ദേശിച്ചിരുന്നു. ആ പ്രവചനങ്ങൾ ഇന്നു സാർത്ഥകമായിരിക്കുകയാണ് അപ്പോൾ അദ്ദേഹം നിർദ്ദേശിച്ച പ്രതിവിധികൾ പ്രസക്തങ്ങളായിരുന്നു. ഭൗതികതയെ ആരാധിക്കുന്നതിനുപകരം ഒരു ധാർമ്മികസംസ്കാരം രൂപീകരിച്ചെടുക്കുവാനാണ് അദ്ദേഹം ആവശ്യപ്പെട്ടത്. സത്യന്വേഷണതൃഷ്ണയും. ജീവിതലാളിത്യവും. ആത്മീയശാരീരികാവശ്യങ്ങളുടെ സമന്വയവും അതിനാവശ്യമത്രെ.

ആധുനികൻ ഭയപ്പെടുന്ന മറ്റൊരു പ്രതിഭാസമാണ് അനിയന്ത്രിതമായ യന്ത്രവത്കൃത വ്യവസായവത്ക്കരണം. അതു പലപ്പോഴും മനുഷ്യന്റെ ജീവിതമാർഗ്ഗം അടച്ചുകളയും. യന്ത്രത്തോടൊപ്പം ജീവിക്കുന്നവൻ നിർജീവമായ ആ യന്ത്രത്തിന്റെ ഭാഗമായിത്തീരും. 'കരകരാ' ശബ്ദം പുറപ്പെടുവിക്കുന്ന ഭീമാകാരമായ യന്ത്രങ്ങൾ അവ

www.malankaralibrary.com



നിൽ അസ്തിത്വാത്മകമായൊരു ഭയം ജനിപ്പിക്കുന്നു. ഇതിനേക്കാളുപരിയായി അവ വമിക്കുന്ന വിഷപ്പുക ജീവൻെറ ഇന്ധനമായ ശുദ്ധവായു മലീമസമാക്കുകയാണ് അതോടൊപ്പം ശുദ്ധജലവും. ശുദ്ധജലം പലയിടങ്ങളിലും 'economic Commodity' ആയിത്തീർന്നിട്ടുണ്ട്. താമസിയാതെതന്നെ ശുദ്ധവായുവിനും ആ സ്ഥിതി വന്നു ചേരും, ഈ പ്രവണത തുടർന്നുപോയാൽ. ഇതിനെല്ലാം പ്രതിവിധിയായി ഗാന്ധിജി നിർദ്ദേശിച്ചത് ഗ്രാമീണ ചെറുകിട കുടിൽവ്യവസായങ്ങളാണ്. അവ വഴി വ്യക്തിത്വങ്ങൾ വളരുന്നു, ധാർമ്മികത പുലരുന്നു. വ്യവസായവത്കരണം ഉയർത്തിവിടുന്ന ഭീഷണികൾ ഒന്നും ഇല്ലതാനും.

ഭൗതികപുരോഗതി റോക്കററിൻെറ വേഗത്തിൽ മനുഷ്യൻ കൈവരിക്കുമ്പോൾ അവൻെറ ധാർമ്മികത ഒച്ചിനെപ്പോലെ ഇഴഞ്ഞിഴഞ്ഞു നീങ്ങുകയാണ്. ഈ സ്ഥിതിവിശേഷം ഉയർത്തിവിടുന്ന പ്രശ്നങ്ങൾ ഗുരുതരം തന്നെ. ധാർമ്മികത ഒരു ബലഹീനതയായിപ്പോലും കരുതുന്നവരുണ്ടാകാം, പ്രത്യേകിച്ചും പൊതുജീവിതവേദികളിൽ. വ്യക്തിജീവിതത്തിൽ സന്മാർഗ്ഗനിരതരും സദാചാരനിഷ്ഠയുമുള്ളവരും മററും ഭരണരംഗത്തു വരുമ്പോൾ നിർധാർമ്മികരായി വർത്തിക്കുന്നു, പലപ്പോഴും. പ്രത്യേകിച്ചും രാഷ്ട്രീയക്കാർ.[1] ഇവിടെയും ഗാന്ധിജിയുടെ സംഭാവന ശാശ്വതമൂല്യമുള്ളതാണ്. ധാർമ്മികതയെ ജീവശ്വാസത്തിനുതുല്യം കരുതിയ അദ്ദേഹം ജീവിതത്തിൻെറ ഒരു വേദിയിൽനിന്നും അതിനെ പുറംതള്ളിയില്ല. മതമില്ലാത്ത രാഷ്ട്രീയം അർത്ഥശൂന്യമാണെന്നു[2] ഉറക്കെ പ്രസ്താവിക്കുവാനും അതു പ്രായോഗികമാക്കുവാനും അദ്ദേഹത്തിനു സാധിച്ചു. വ്യക്തികൾക്കെന്നപ്പോലെ സമൂഹങ്ങൾക്കും രാഷ്ട്രങ്ങൾക്കും ധാർമ്മികത അനിവാര്യമാണെന്നദ്ദേഹം മനസ്സിലാക്കി. കാരണം, സാർവ്വത്രികമായ ഒരു ധാർമ്മികനിയമമുണ്ട്. എല്ലാവരും അതംഗീകരിച്ചേ പററൂ.[3] അന്താരാഷ്ട്രപ്രശ്നങ്ങൾ പലതും ഉയിർക്കൊള്ളുന്നതും പരിഹാരംകാണാതെ അവശേഷിക്കുന്നതും ധാർമ്മികതയുടെ അഭാവം ഒന്നുകൊണ്ടുമാത്രമാണ്.

രണ്ടു ലോകമഹായുദ്ധങ്ങൾക്കു ദൃക്സാക്ഷിയായ ഒരു നൂററാണ്ടാണു നമ്മുടേതു്. അവ വരുത്തിക്കൂട്ടിയ വിനാശങ്ങൾ മനുഷ്യമനസ്സാക്ഷിയെ മരവിപ്പിക്കുന്നവയായിരുന്നു. എന്നിട്ടും ഇന്നും പലപ്പോഴും പ്രശ്നപരിഹാരങ്ങൾക്കായി തോക്കുകൾ ഗർജ്ജിക്കുന്നുണ്ട്. ഡയോക്ലീഷൻെറ വാൾപോലെ യുദ്ധഭീഷണി പല ജനതകൾക്കുമേലും

1 Aldous Huxley, *'Non Violence Choice and Masterspirits, CA* Sheppord,p. 57

2 *To the Students,* p. 192

3 Paul F. power, *Gandhi on World Affairs,* p. 3ff.

www.malankaralibrary.com



ങ്ങിനിൽക്കുന്നു. പുതിയതും കൂടുതൽ വിനാശകരവുമായ ആയുധങ്ങൾ സംഭരിക്കുന്നതിൽ ദരിദ്രരാഷ്ട്രങ്ങൾപോലും വ്യഗ്രചിത്തരാണ്. എല്ലാവർക്കും ആവശ്യം സമാധാനമാണ്. അതിനായിട്ടാണുപോലും അവരെല്ലാം ആയുധങ്ങൾ നിർമ്മിക്കുന്നതും സംഭരിക്കുന്നതും. ശത്രുവിന്റെ വംശവിച്ഛേദനത്തോടുകൂടിമാത്രമേ സമാധാനം സംജാതമാകൂ എന്നവർ ധരിച്ചുവശായിരിക്കുന്നു. ശാശ്വതമായ സമാധാനം അവർ ആഗ്രഹിക്കുന്നുവെങ്കിൽ, ഗാന്ധിജി പറയുന്നു, പ്രശ്നങ്ങൾ നേരിൽപ്പറഞ്ഞുതീർക്കാനുള്ള സന്നദ്ധതയും ചങ്കുറപ്പും രാഷ്ട്രനേതാക്കന്മാർക്കുണ്ടാവണം. നേരിൽപ്പറഞ്ഞു രമ്യതയിലെത്താൻ ഇരുകൂട്ടർക്കും സാധിക്കാതെ വരുന്നുവെങ്കിൽ മൂന്നാമതൊരുവന്റെ മദ്ധ്യസ്ഥതയിൽ പ്രശ്നപരിഹാരം കണ്ടെത്തുവാനുള്ള വിശാലമനസ്കതയും അവർ നേടണം. അനേകരുടെ ജീവൻ ബലികൊടുത്തുകൊണ്ട് നേടിയെടുക്കുന്ന ചെറിയ നേട്ടത്തേക്കാൾ എത്രയോ മഹത്തരമാണ് അൽപം ത്യാഗം. ഇവയൊക്കെ വെറും ആശകൾ ആയി അവസാനിക്കേണ്ടവയല്ല. സന്നദ്ധതയുണ്ടെങ്കിൽ ഏതു രാഷ്ട്രത്തിനും ഇതു സാധിക്കും. വൻശക്തികൾക്ക തങ്ങളുടെ ചിന്താസ്വാതന്ത്ര്യം അടിയറവു വെയ്ക്കാതിരുന്നാൽ മതി.

പാശ്ചാത്യ സാമ്രാജ്യമോഹം, ഫാസിസം, കമ്യൂണിസം എന്നിവയാണ് ലോകസമാധാനത്തിനുള്ള ഭീഷണികൾ, ഗാന്ധിജിയുടെ വീക്ഷണത്തിൽ.[4] ഫാസിസം ഒരു പരിധിവരെ അപ്രത്യക്ഷമായിട്ടുണ്ടെങ്കിലും മററു രണ്ടു ഭീഷണികളും ഇന്നും സജീവമായിത്തന്നെ നിലനിൽക്കുകയാണ്. ഒരു രാജ്യം മറെറാന്നിന്റെ പരമാധികാരവും സ്വാതന്ത്ര്യവും മാനിക്കണം. അല്ലെങ്കിൽ സമാധാനമെന്നതു് വെറും മരീചികയായി മാറും.

എല്ലാവരും അതിയായി അഭിലഷിക്കുന്ന സമാധാനമെന്ന അമൂല്യസ്വത്തു് നേടിയെടുക്കുവാൻ വ്യക്തമായ ചില പദ്ധതികൾ ഗാന്ധിജി നിർദ്ദേശിക്കുന്നുണ്ട്. ആദ്യമായി രാഷ്ട്രങ്ങളെല്ലാം സ്വതന്ത്രങ്ങളായിരിക്കണം. രാഷ്ട്രങ്ങൾ തമ്മിലുള്ള അന്തരം ആവുന്നത്ര ഇല്ലാതാക്കണം. പ്രശ്നപരിഹാരത്തിനായി അക്രമത്തിന്റെ ഭാഷ സംസാരിയ്ക്കുവാൻ ആരും മുതിരരുതു്. ആവശ്യമെന്നുവന്നാൽ മൂന്നാംകക്ഷിയുടെ സേവനം ആവശ്യപ്പെടുക. ഇപ്രകാരം സംജാതമാകുന്നസമാധാനം നിലനിറുത്താനും പോഷിപ്പിക്കുവാനും അധികാരമുള്ള ഒരു ഭരണയന്ത്രം വേണം. അതിനുള്ള ഉപാധികളാണ് ലോകരാഷ്ട്രവും അന്തർദേശീയ പോലീസ് സൈന്യവും.[5] ഐക്യരാഷ്ട്രസംഘടന ഈ ആദർശത്തിലേയ്ക്കു് ഇതേവരെ എത്തിച്ചേർന്നിട്ടില്ലതന്നെ.

---

4 Paul. F. Power, *Op. cit*, p. 54.
5 *Ibid.*, p. 54

www.malankaralibrary.com



ഒരു വിദ്യാഭ്യാസ വിചക്ഷണൻ എന്ന നിലയിലും ഗാന്ധിജിയുടെ പ്രസക്തി ഇന്നത്തെ ലോകത്തിൽ കൂടിവരികയാണ്. പല പരീക്ഷണങ്ങളിലൂടെ വിജയമെന്നു തെളിഞ്ഞ ഒരു വിദ്യാഭ്യാസ പദ്ധതിയായിരുന്നു അടിസ്ഥാനവിദ്യാഭ്യാസം. ഭാരതമണ്ണിൽ അതു വേണ്ടത്ര പ്രചരിച്ചില്ല. വിഭവശേഷി കുറവുള്ള അവികസിത, വികസ്വരരാജ്യങ്ങൾക്കു സ്വീകാര്യമായ ഒരു പദ്ധതിയായി UNESCO ഇതംഗീകരിച്ചിട്ടുണ്ട്.[6]

ഭൗതികശാസ്ത്രങ്ങളുടെ പുരോഗതിയിൽ മനുഷ്യന്റെ മൂല്യം ഇടിഞ്ഞു. അവൻ വസ്തുവായി തരംതാണു; വസ്തുക്കളെപ്പോലെ കണക്കാക്കപ്പെടുവാനും ഉപയോഗിക്കപ്പെടുവാനും തുടങ്ങി. വ്യക്തിത്വത്തിന്റേയും വ്യക്തിബന്ധങ്ങളുടേയും തകർച്ചക്കിതു കാരണമായി. ഇതിന്റെ പ്രതിഫലനമായിരുന്നു പല സാമൂഹ്യപ്രശ്നങ്ങളും, ഹിപ്പിയിസംപോലുള്ള പ്രതിഭാസങ്ങളും. മൂല്യബോധം നഷ്ടപ്പെട്ടവനായ മനുഷ്യനു് അവന്റെ യഥാർത്ഥമൂല്യം മനസ്സിലാക്കിക്കൊടുക്കുവാൻ ഗാന്ധിജി പരിശ്രമിച്ചു. അനന്തതയിൽ വിലയം പ്രാപിക്കേണ്ടവനാണു് മനുഷ്യൻ എന്ന യാഥാർത്ഥ്യം ഗ്രഹിച്ച ഗാന്ധിജി മനുഷ്യവ്യക്തിത്വത്തെ മാനിക്കുകയും വിലമതിക്കുകയും ചെയ്തു. പരമാത്മന്റെ ഭാഗമാണു് മനുഷ്യൻ എന്നു വിശ്വസിച്ചതുകൊണ്ടു് മനുഷ്യസേവനം ദൈവസേവനം തന്നെയായിരുന്നു അദ്ദേഹത്തിനു്. ഇന്നും പലയിടത്തും പലപ്പോഴും മനുഷ്യത്വം ചവിട്ടിമെതിക്കപ്പെടുന്നുണ്ടു്. പല മനുഷ്യരും തങ്ങളുടെ തന്നെ മൂല്യം എന്തെന്നു വേണ്ടവിധം ഗ്രഹിക്കുന്നില്ല. അവർക്കെല്ലാം ഗാന്ധിജി എന്ന മനുഷ്യസ്നേഹി മാർഗ്ഗദീപമാണു്.

ശാസ്ത്രത്തിന്റെ ഊന്നുവടിയിൽ ചാരിനിന്നുകൊണ്ടു് പലരും ഈശ്വരവിശ്വാസത്തേയും മതാചാരങ്ങളേയും അവഗണിക്കാറുണ്ടു് ഇക്കാലത്തു്. അവർക്കും ഗാന്ധിജി മാർഗ്ഗദീപമായിരിക്കും. കാരണം, ദൈവത്തിൽ വിശ്വസിക്കാതെ ഒരുനിമിഷംപോലും ജീവിക്കുക അസാദ്ധ്യമാണെന്നനുഭവപ്പെട്ടവനാണു് ഗാന്ധിജി. ഈശ്വരവിശ്വാസം നശിപ്പിക്കുന്ന ആധുനിക വിദ്യാഭ്യാസരീതികളെ അദ്ദേഹം അപലപിച്ചു. മനുഷ്യന്റെ, മാനവസമൂഹത്തിന്റെയാകെ ക്ഷേമത്തിനും ഐശ്വര്യത്തിനും, ഈശ്വരവിശ്വാസവും മതാചാരങ്ങളും കൂടിയേ തീരൂ. ഈ സത്യം എവിടെയും ആരുടെ മുമ്പിലും തുറന്നുപറയുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു. ഈശ്വരവിശ്വാസവും മതജീവിതവുമെല്ലാം തികച്ചും 'സ്വകാര്യ'മെന്നുപറഞ്ഞു് അവ അവഗണിക്കുന്നവർക്കു് എന്നുമൊരു വെല്ലുവിളിയായിരിക്കും അദ്ദേഹത്തിന്റെ ജീവിതം.

6 *Ibid.*, p. 97.

www.malankaralibrary.com



നിരവധി ജീവിതപ്രശ്നങ്ങളെ നേരിട്ട അനുഭവസമ്പന്നനാണ് ഗാന്ധിജി. നീറുന്ന പ്രശ്നങ്ങൾക്കിടയിൽ മനശ്ശാന്തി കൈവിടാതെ അദ്ദേഹം മുന്നേറി. പരാജയങ്ങളുടെ മുമ്പിൽ വിധിയെ പഴിയ്ക്കുവാൻ തുനിഞ്ഞില്ല. വൈരുദ്ധ്യങ്ങളും വൈപരീത്യങ്ങളും കണ്ട് നിരാശനാവുകയോ, ദോഷൈകവീക്ഷണം രൂപീകരിക്കുകയോ ചെയ്തില്ല. ഏററവും വലിയ ദുഷ്ടനിൽപ്പോലും നന്മയുടെ കണികകൾ കണ്ടെത്തി അതംഗീകരിക്കുവാനും പ്രോത്സാഹിപ്പിക്കുവാനുമാണദ്ദേഹം തയ്യാറായത്. ഇത് എല്ലാക്കാലത്തും എല്ലാദേശത്തുമുള്ള ജനങ്ങൾക്ക നല്ലൊരു മാതൃകയാണ്. അതായത്, തിന്മ ഒരു യാഥാർത്ഥ്യമായി അംഗീകരിക്കുന്നതോടൊപ്പം നന്മ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

മഹത്ത്വത്തിലേയ്ക്കുള്ള പാത ആധുനികമനുഷ്യനെ പഠിപ്പിച്ചുവെന്നതിലാണ് മഹാത്മാവിൻെറ ഏററം വലിയ പ്രസക്തി നാം കാണേണ്ടത്. അസാധാരണമായ കഴിവുകളുടെ ഉടമയൊന്നുമായിരുന്നില്ല മോഹൻദാസ് കരംചന്ദ് ഗാന്ധി. ആ സാധാരണക്കാരൻ എങ്ങനെ മഹാത്മാഗാന്ധിയായി എന്ന കാര്യം നാം അവധാനപൂർവ്വം പഠിക്കണം. മഹത്ത്വത്തിൻെറ പാത ഏവർക്കുമായി തുറന്നു കിടക്കുകയാണ്. ഇടുങ്ങിയതും ഞെരുക്കമുള്ളതുമായ ആ പാതയിലൂടെ കാലിടറാതെ കരളുറപ്പോടെ നടന്നുമുന്നേറുന്നവർ ചുരുങ്ങും. ഒററദിവസംകൊണ്ട് മഹാനായവനല്ല ഗാന്ധിജി. മഹാനാവുക എന്ന ലക്ഷ്യവുമില്ലായിരുന്നു അദ്ദേഹത്തിനു്. ജീവിതം വിലയേറിയതാണെന്ന് മനസ്സിലാക്കി. മനുഷ്യസ്നേഹത്തിലും, ഈശ്വരവിശ്വാസത്തിലുംകൂടിയേ അതിൻെറ അർത്ഥം പൂർണ്ണമായും സാക്ഷാത്ക്കരിക്കാനൊക്കൂ എന്നദ്ദേഹം ഗ്രഹിച്ചു. ധാർമ്മികമായ മുന്നേററം അതിനാവശ്യവുമായിരുന്നു. സ്വന്തം തെററുകളിൽ കടിച്ചുതൂങ്ങി അവ ന്യായീകരിക്കുവാൻ അദ്ദേഹം ഒരിയ്ക്കലും തുനിഞ്ഞില്ല. തെററ് അംഗീകരിയ്ക്കുവാൻ തയാറായി. അവ തിരുത്തി. മാത്രമല്ല പരിഹാരവും ചെയ്തിരുന്നു. അങ്ങനെ സത്യത്തിൻെറയും സന്മാർഗ്ഗത്തിൻെറയും പാതയിലൂടെ മുന്നേറി അത്ഭുതാവഹമായ ഔന്നത്യത്തിൽ എത്തിച്ചേർന്നു. ഗാന്ധിജി ഇന്നു നമ്മോടു പറയുന്നുണ്ട്: 'നിങ്ങൾക്കും ഈ പദവിയിലെത്താം. ജീവനേക്കാൾ വിലയുള്ള ചില ആദർശങ്ങൾ നിങ്ങൾക്കുണ്ടായിരിക്കട്ടെ. അവയുടെ പ്രാപ്തിയ്ക്കായി നിരന്തരം നിങ്ങൾ പരിശ്രമിക്കൂ, വേണ്ടിവന്നാൽ ജീവനും ഹോമിച്ചുകൊണ്ട്. അപ്പോൾ നിങ്ങൾ മഹത്ത്വത്തിൻെറ കിരീടം അണിയിക്കപ്പെടും'.

## B. ഭാരതത്തിൽ

പോർബന്തറിൽ കേവലം ഒരു സാധാരണക്കാരനായി ജനിച്ചുവളർന്ന മോഹൻദാസ് കരംചന്ദ് ഗാന്ധി ഭാരതത്തിൻെറ രാഷ്ട്ര

www.malankaralibrary.com



പിതാവും ഏഷ്യയുടെ പ്രകാശവും, ലോകത്തിന്റെ മഹാത്മാവുമായിത്തീൎന്നു. ഗാന്ധിജിയെ ഇപ്രകാരം അതുല്യനും സൎവ്വാദരണീയനുമാക്കിത്തീൎത്തതു് അദ്ദേഹത്തിന്റെ വ്യക്തിവൈഭവമാണു്. അവൎണ്ണനീയവും അവാച്യവുമായ ആ വ്യക്തിത്വത്തിന്റെ അന്തഃസത്ത അദ്ദേഹത്തിന്റെ ജീവിതാന്ത്യംവരെ നീണ്ടുനിന്ന സത്യാന്വേഷണവും, അനുഭവങ്ങളിൽനിന്നും പഠനങ്ങളിൽനിന്നും ഉരുത്തിരിഞ്ഞ ബോദ്ധ്യങ്ങളിലധിഷ്ഠിതമായ പ്രവൎത്തനവും ജീവിതവുമാണു്. ഭാരതമക്കളുടെ സാമൂഹ്യസാമ്പത്തിക, സാംസ്കാരിക രാഷ്ട്രീയാടിമത്തങ്ങളിൽ നിന്നുള്ള സമഗ്രവിമോചനവും, സൎവ്വസാഹോദര്യവും, സാമൂഹ്യസാമ്പത്തിക സമത്വവും ഉള്ള സമത്വസുന്ദരമായ സ്വരാജിന്റെ സ്ഥാപനവുമായിരുന്നു ഗാന്ധിജിയുടെ ലക്ഷ്യം. ഇതിനു് വിഘാതമായി നില്ക്കുന്ന പ്രശ്നങ്ങളെ വിശകലനം ചെയ്തു് മനസ്സിലാക്കി, പ്രായോഗികമായ പരിഹാരമാൎഗ്ഗങ്ങൾ അദ്ദേഹം നിർദ്ദേശിച്ചു. ചിലരുടെ ദൃഷ്ടിയിൽ അവ അപ്രായോഗികങ്ങളായ ആദർശങ്ങൾ മാത്രം! എന്നാൽ ഏതാനും ചിന്തകന്മാരും രാഷ്ട്രമീമാംസകരും അവയെ തികച്ചും പ്രായോഗികവും ശാശ്വതവുമായി കരുതുന്നു. ഗാന്ധിജിയുടെ ജീവിതവും പ്രവൎത്തനവും ഈ നിലപാടിനെ അരക്കിട്ടുറപ്പിക്കുന്നു. എന്നാൽ, ആ മഹാത്മാവിന്റെ അനുയായികളെന്നു് അഭിമാനിക്കുന്നവർ അദ്ദേഹത്തിന്റെ ആശയങ്ങൾക്കും ആദർശങ്ങൾക്കും അനുസൃതമായ ഭാരത സൃഷ്ടിക്കു വേണ്ടി പരിശ്രമിക്കുന്നുണ്ടോ എന്ന ചോദ്യം പ്രസക്തമാണു്.

സത്യസാക്ഷാത്ക്കാരത്തിനുവേണ്ടിയുള്ള നിരന്തരമായ ഒരു പ്രയാണമായിരുന്നു ഗാന്ധിജിയുടെ ജീവിതം. അവിരാമവും അനുസ്യൂതവുമായ അന്വേഷണഫലമായി അദ്ദേഹം മനസ്സിലാക്കി സത്യം ദൈവമാണെന്നും, ദൈവം സത്യമാണെന്നും. സനാതനവും സംപൂൎണ്ണവുമായ ഈ സത്യസാക്ഷാത്ക്കാരമായിരിക്കണം ഓരോ മനുഷ്യന്റേയും ജീവിതലക്ഷ്യം. അതിനുള്ള മാൎഗ്ഗം സൎവ്വാശ്ലേഷിയായ സ്നേഹം അഥവാ അഹിംസയും.

വ്യക്തിയുടേയും സമൂഹത്തിന്റേയും രാഷ്ട്രത്തിന്റേയും അടിസ്ഥാനവും ആത്യന്തികലക്ഷ്യവും ഈ സത്യമായിരിക്കണം. സത്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ വ്യക്തികൾക്കും സമൂഹങ്ങൾക്കും രാഷ്ട്രങ്ങൾക്കും മാത്രമേ ശാശ്വതമായ വിജയവും പുരോഗമനവും ഉണ്ടാകുകയുള്ളു. 'സത്യമേവജയതേ' എന്നാണല്ലോ ആപ്തവാക്യം. എന്നാലിന്നു് സത്യത്തിനും സ്നേഹത്തിനും അനുദിനജീവിതത്തിലുള്ള പ്രസക്തി എന്താണു്? അധികാരത്തിനും, സുഖത്തിനും, സന്തോഷത്തിനും, സമ്പത്തിനുംവേണ്ടി സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ സത്യത്തേയും സ്നേഹത്തേയും വെറും പ്രതിബന്ധങ്ങളായി കരുതുകയല്ലേ പലരും? രാഷ്ട്രീയത്തിൽ അനുദിനം

www.malankaralibrary.com



ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലുമാററങ്ങളും, അനുനിമിഷം അനിയന്ത്രിതമായിക്കൊണ്ടിരിക്കുന്ന വിലവർദ്ധനവും, നിത്യേന നടക്കുന്ന നരഹത്യകളും, ക്രൂരമായ കവർച്ചകളും കൊള്ളകളും, കൊള്ളിവയ്പുകളുമെല്ലാം ഭാരതത്തെ ഇന്ന് മലീമസമാക്കുകയാണ്. ഈ സന്ദർഭത്തിൽ യഥാർത്ഥ ഗാന്ധിയൻ അനുയായികൾ സടകുടഞ്ഞെണീററ് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ഗാന്ധിജിയുടെ മതവീക്ഷണം ഇന്ന് വളരെ പ്രസക്തമാണ്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ മതങ്ങളെല്ലാം തുല്യമാണ്. അവ മനുഷ്യനെ ഈശ്വരസാക്ഷാത്ക്കാരത്തിനു സഹായിക്കുന്നു. ഈ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന മാർഗ്ഗങ്ങളെല്ലാം തുല്യമായതുകൊണ്ട് മതത്തിൻെറ പേരിൽ ഉച്ചനീചത്വങ്ങൾ വച്ചുപുലർത്തുവാൻ ഗാന്ധിജി അനുവദിച്ചിരുന്നില്ല. എല്ലാവരും പരസ്പരം സഹിഷ്ണതയോടെ പ്രവർത്തിക്കുവാനാണ് ഗാന്ധിജി ആഹ്വാനം ചെയ്തത്. ഭാരതത്തെ ഒരു മതേതര രാഷ്ട്രമായിട്ട് കാണുവാൻ ഗാന്ധിജി ആഗ്രഹിച്ചു. ഒരു രാഷ്ട്രം മതേതരമായിത്തീരുന്നത് ഒരു മതത്തോടും പ്രത്യേക പ്രതിപത്തിയോ, വിപ്രതിപത്തിയോ കാണിക്കാതെ, എല്ലാവർക്കും തുല്യാവകാശങ്ങളും തുല്യാവസരങ്ങളും നൽകിക്കൊണ്ട് അവരവർക്കിഷ്ടമുള്ള മതത്തിൽവിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യാവുന്ന സ്വാതന്ത്ര്യമുണ്ടാകുമ്പോഴാണ്. ഇന്ത്യൻ ഭരണഘടനയിൽത്തന്നെ ഭാരതത്തെ ഒരു മതേതരരാഷ്ട്രമായി പ്രഖ്യാപിച്ചിരിക്കുന്നു. എന്നാൽ ഇന്നു നമ്മുടെ രാഷ്ട്രം ഈ ആദർശത്തിൽ നിന്നു എത്രയോ അകലെയാണ്. ഹിമാചൽപ്രദേശ്, അരുണാചൽപ്രദേശ്, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നടക്കുന്ന ക്രൂരമായ മതമർദ്ദനത്തെ നമുക്ക് തീരെ അവഗണിക്കാമോ? 'മതസ്വാതന്ത്ര്യബിൽ' എന്ന പേരിൽ ലോകസഭയിൽ അവതരിപ്പിച്ച ത്യാഗി ബില്ലിൻെറ പിന്നിലെ ചേതോവികാരം എന്താണ്? അരാജകത്വവാദികളുടെ നേർക്ക് ഭരണകൂടം കണ്ണടയ്ക്കുന്നത് എന്തുകൊണ്ട്? പട്ടികജാതിക്കാർക്ക് പ്രത്യേകം ആനുകൂല്യങ്ങൾ നല്കുന്ന ഗവൺമെൻറ് ഒരു പട്ടികജാതിക്കാരൻ മതംമാറി എന്നതിൻെറ പേരിൽ അവനു തൊഴിലവസരങ്ങളും ആനുകൂല്യങ്ങളും നിരസിക്കുന്നത് മതേതരരാഷ്ട്രത്തിനു യോജിച്ചതോ? ആരാധനാസ്ഥലങ്ങളുടെ നേർക്ക് വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ആക്രമണവും എന്താണ് സൂചിപ്പിക്കുന്നത്?

ആത്മസാക്ഷാത്ക്കാരത്തിനായി അക്ഷീണം പ്രയത്നിച്ച ഗാന്ധിജി രാഷ്ട്രീയ രംഗത്തിലേക്കും നവമായൊരു വീക്ഷണവുമായി കടന്നുവന്നു. മതത്തേയും ധാർമ്മികതയേയും രാഷ്ട്രീയത്തിൽനിന്നും വേർപെടുത്തി ദർശിച്ചിരുന്ന സാഹചര്യത്തിൽ ഇവയെല്ലാം അന്യോന്യം അഭേദ്യം ബന്ധപ്പെട്ടവയാണെന്നും, അവ

www.malankaralibrary.com



പരസ്പരപൂരകങ്ങളാണെന്നും അദ്ദേഹം വ്യക്തമാക്കി. മതവും ധാർമ്മികതയുമില്ലാത്ത രാഷ്ട്രീയത്തെ നിർജ്ജീവമായ ശവത്തോടാണ് ഗാന്ധിജി സദൃശ്യപ്പെടുത്തിയതു്. രാഷ്ട്രീയത്തിൻെറ ജീവനാണ് മതവും ധാർമ്മികതയും. ഇതു് മനസ്സിലാക്കിയ ഗാന്ധിജി രാഷ്ട്രീയത്തിനു് നവമായ ഒരു രൂപവും ഭാവവും നൽകി. രാഷ്ട്രീയത്തിൻെറ ലക്ഷ്യം മനുഷ്യൻെറ നന്മയാണ്, സമത്വസമൃണ്ണമായ ഒരു സമൂഹത്തിൻെറ ആവിർഭാവമാണ്. ഇതിനുള്ള പ്രതിബന്ധങ്ങളെ അവശ്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള മാർഗ്ഗം സ്നേഹത്തിലധിഷ്ഠിതമായ സത്യാഗ്രഹമാണ്. അഹിംസാമാർഗ്ഗത്തിലൂടെയും, സത്യത്തിനുവേണ്ടിയുള്ള സഹനത്തിലൂടെയും എതിരാളിയുടെ മാനസാന്തരം നേടിയെടുത്തുകൊണ്ടു് സ്വരാജ്യം സർവ്വോദയായും കരസ്ഥമാക്കുക എന്നതായിരുന്നു ഗാന്ധിജിയുടെ ലക്ഷ്യം.

ഗാന്ധിജിയുടെ ഈ രീതിയിലുള്ള രാഷ്ട്രീയവീക്ഷണം എന്നുമെന്നും പ്രസക്തമാണ്. രാഷ്ട്രീയത്തിൻെറ ലക്ഷ്യം ജനസേവനമായിരിക്കണം. എന്നാൽ ഇന്നത്തെ ഇൻഡ്യയിലെ രാഷ്ട്രീയ ഗതിവിഗതികൾ—കൂറുമാററവും അധികാരമോഹവും സ്വജനപക്ഷപാതവും, അഴിമതിയുമെല്ലാം—ജനനന്മയെയാണോ ലക്ഷ്യം വയ്ക്കുന്നതു്? ഇന്നു് രാഷ്ട്രീയത്തിൽ മതത്തിനും ധാർമ്മികതയ്ക്കും ഉള്ള സ്ഥാനം എന്താണ്? ഗാന്ധിജിയുടെ ധാർമ്മികായുധമായ സത്യാഗ്രഹത്തെ ഇന്നു് ആ പേരിനുപോലും ആക്ഷേപകരമായ വിധത്തിൽ കളങ്കപ്പെടുത്തിയിരിക്കുകയല്ലേ? സത്യസാക്ഷാത്ക്കാരത്തിനുള്ള സാധനയായ സത്യാഗ്രഹം ഹിംസാത്മകരീതിയിലൂടെ സ്വാർത്ഥതാല്പര്യസംരക്ഷണത്തിനുള്ള അധാർമ്മിക ആയുധമായല്ലെ പലപ്പോഴും ഉപയോഗിക്കപ്പെടുക?

ഗാന്ധിയൻ ആശയാദർശങ്ങളെ അമൂല്യമാക്കുന്നതു് അവയുടെ പിന്നിലെ മനുഷ്യദർശനമാണ്. ഗാന്ധിജി വ്യക്തിയുടെ മാഹാത്മ്യം മനസ്സിലാക്കി. വ്യക്തി,പരമയാഥാർത്ഥ്യത്തിൻെറ ഒരു സ്ഫുലിംഗം ആണ്. അവനിൽ അടിസ്ഥാനപരമായിയുള്ളതു് നന്മയും. അതുകൊണ്ടു് മനുഷ്യരെല്ലാം തുല്യർ. ഈ സമത്വം സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ മതമണ്ഡലങ്ങളിലെല്ലാം സാക്ഷാത്കരിക്കപ്പെടണം. ഈ ലക്ഷ്യമാണ് അദ്ദേഹം സർവ്വോദയയിലൂടെയും സ്വരാജിലൂടെയും ഉന്നംവച്ചതു്. സർവ്വോദയയിലൂടെ മനുഷ്യവംശം മുഴുവൻെറയും ഉന്നമനവും ഉയർച്ചയും ആണ് കരഗതമാകേണ്ടതു്. സ്വരാജിലൂടെ ഓരോരുത്തരും സ്വയം ഭരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് സാധിക്കേണ്ടതു്. അവിടെ ഗവണ്മെൻറിൻെറ ആവശ്യമില്ല. അതുകൊണ്ടു് മനുഷ്യനു് ആവശ്യമായിരിക്കുന്നതു സ്വാസ്ഥിത്വസംരക്ഷണത്തിനുവേണ്ടിയുള്ള സമരമല്ല പ്രത്യുത, സഹജീവികൾക്ക് സമത്വവുംസ്വാ

www.malankaralibrary.com



ന്ത്ര്യവും സാഹോദര്യവും സമ്പാദിച്ചുകൊടുക്കുന്നതിനുവേണ്ട സേവനമനോഭാവമാണ്. ഗാന്ധിജി ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയാണ് സമൂഹത്തെ ജീർണ്ണിപ്പിക്കുന്ന സാമൂഹ്യതിന്മകളായ വർണ്ണവർഗ്ഗമതസംഘട്ടനങ്ങൾ, സ്ത്രീകളുടെ അടിമത്തം, മദ്യമയക്കുമരുന്നുകളുടെ ഉപയോഗം, അയിത്തം തുടങ്ങിയവയ്ക്കെതിരായി ആജീവനാന്തം പോരാടിയത്. അജ്ഞതയ്ക്കും തൊഴിലില്ലായ്മയ്ക്കുമെതിരായ, സമഗ്രമനുഷ്യന്റെ സമഗ്രവികാസത്തെ സഹായിക്കുന്ന, സ്വഭാവരൂപവല്ക്കരണപ്രേരകമായ അടിസ്ഥാനവിദ്യാഭ്യാസത്തിനു രൂപം നല്കിയതു്. പക്ഷേ, ഗാന്ധിജി വിഭാവനം ചെയ്തതായ സർവ്വോദയായും സ്വരാജ്യം ഇന്ന് യാഥാർത്ഥ്യവല്ക്കരിക്കപ്പെടാത്ത വെറും സ്വപ്നങ്ങൾ മാത്രം. കാരണം ഇന്ന് മനുഷ്യൻ മനുഷ്യന്റെ മാഹാത്മ്യം മനസ്സിലാക്കിക്കൊണ്ട് അഭ്യുന്നതിക്കായി പരിശ്രമിക്കുന്നില്ല. പകരം ജാതിയുടേയും മതത്തിന്റേയും പേരിൽ സംഘട്ടനങ്ങളും, സ്വാർത്ഥതാല്പര്യസംരക്ഷണവുമാണ് നിലനില്ക്കുന്നതു്. ഗാന്ധിജി നിർദ്ദേശിച്ചതായ മദ്യമയക്കുമരുന്നുകളുടെ നിരോധനത്തിനായി ഗവണ്മെൻറ് പരിശ്രമിക്കുന്നുണ്ടെന്നതു് പ്രശംസാർഹമാണ്. എന്നാൽ അതിനു് അവലംബിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ എത്രമാത്രം കാര്യക്ഷമങ്ങളാണെന്നുകൂടി പരിശോധിക്കുക പ്രയോജനകരമായിരിക്കും. അതുപോലെ ഗാന്ധിജി വിഭാവനം ചെയ്തതായ വിദ്യാഭ്യാസപദ്ധതി ഭേദഗതിയോടെയെങ്കിലും ചില മേഖലകളിൽ നടപ്പിൽ വരുത്തുന്നതിനായി പരിശ്രമിക്കുന്നുണ്ടെന്നതും യഥാർത്ഥബോധത്തോടെയുള്ള ഒരു ചുവടുവയ്പ്പാണ്. സ്ത്രീസമത്വത്തിനായി വാദിച്ച ഗാന്ധിജിയുടെ ആദർശങ്ങൾ ഇന്നും ഒരു പരിധിവരെ മൺമറഞ്ഞുകിടക്കുകയാണ്.

ജനസംഖ്യാനിയന്ത്രണത്തിന്റെ ആവശ്യത്തെപ്പററി ബോദ്ധ്യമുണ്ടായിരുന്ന ഗാന്ധിജി, അതിനുപാധിയായി പ്രകൃതിവിരുദ്ധവും, മനുഷ്യാന്തസ്സിനു് നിരക്കാത്തതുമായ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനെ ശക്തമായി എതിർത്തിരുന്നു എന്ന വസ്തുത നാം വിസ്മരിച്ചുകൂടാ.

സമഗ്രമനുഷ്യന്റെ സമഗ്രവികാസത്തിനായി പ്രയത്നിച്ച മഹാത്മജി, ഭാരതത്തിലെ സാമ്പത്തികാസമത്വങ്ങൾക്കും പരാധീനതകൾക്കും പരിഹാരം കണ്ടെത്തുവാൻ ആഗ്രഹിച്ചു. അതിനു് അദ്ദേഹം നിർദ്ദേശിച്ച മാർഗ്ഗങ്ങളാണ്, ഖാദിയിലൂടെയുള്ള ഗ്രാമവികസനം, ആഹാരാത്ഥാദ്ധ്വാനം, ട്രസ്റ്റിഷിപ്പ് തുടങ്ങിയവ. ഒരു പക്ഷേ ഖാദിയോടുള്ള ഗാന്ധിജിയുടെ പിടിവാശി നമുക്ക് അസ്വീകാര്യമായിത്തോന്നാം. എന്നാൽ ആഹാരാത്ഥാദ്ധ്വാനം, ട്രസ്റ്റിഷിപ്പ് തുടങ്ങിയ മോഹനവും കാര്യക്ഷമവുമായ ആദർശങ്ങൾ ഭാരതജനത സ്വാംശീകരിച്ച് പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നിരുന്നുവെങ്കിൽ നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മയും ദാരിദ്ര്യവും ഇന്നത്തെ

www.malankaralibrary.com



അത്രയും രൂക്ഷമാവുകയില്ലായിരുന്നു. പലരും ഇന്നും തൊഴിലിന്റെ മാഹാത്മ്യം വേണ്ടത്ര മനസ്സിലാക്കാതെ, അതിനെ അന്തസ്സുള്ളവ, അന്തസ്സില്ലാത്തവ എന്നിങ്ങനെ തരംതിരിച്ച് അന്ധമായ അഭിമാന സംരക്ഷകരായി കഴിയുകയാണ്. അദ്ധ്വാനിക്കാതെ ഭക്ഷണം കഴിക്കുന്നവൻ അപരന്റെ അദ്ധ്വാനഫലത്തെ ചൂഷണം ചെയ്യുകയാണെന്ന വസ്തുത എല്ലാവരും ഗ്രഹിക്കുവാൻ തയ്യാറാകണം. ധനവാന്മാർ സ്വത്തുക്കളുടെ കാര്യവിചാരകരും സംരക്ഷകരുമാണ്. സഹജീവികളുടെ ആവശ്യം മനസ്സിലാക്കി അവരെ സഹായിക്കുകയെന്നത്, ധനവാന്മാരുടെ അനിഷേദ്ധ്യമായ കടമയാണെന്ന് ഗാന്ധിജി ട്രസ്റ്റിഷിപ്പ് സിദ്ധാന്തത്തിലൂടെ നിർദ്ദേശിക്കുന്നു. എന്നാലിന്ന് ഗാന്ധിജിയുടെ നാട്ടിലെ സമ്പന്നന്മാർ കൂടുതൽ സമ്പന്നന്മാരായും ദരിദ്രന്മാർ കൂതടുൽ ദാരിദ്രന്മാരായും തീർന്നുകൊണ്ടിരിക്കുന്നു. ഗാന്ധിജി വിഭാവനം ചെയ്തതായ മാനസാന്തരം ഓരോ ഭാരതീയനിലും സംഭവിച്ചെങ്കിലേ സ്ഥായിയായ പരിവർത്തനം നമ്മുടെ രാഷ്ട്രത്തിൽ സംജാതമാകൂ.

ഉന്നതവും ഉദാത്തവുമായ മനുഷ്യദർശനത്തിലധിഷ്ഠിതമായ ഗാന്ധിജിയുടെ ജീവിതവീക്ഷണവും, ഭാരതജനതയുടെ സമഗ്രവിമോചനത്തിനായുള്ള നിർമ്മാണപ്രവർത്തനപരിപാടികളും നിത്യനൂതനങ്ങളാണ്, കർമ്മോത്സുകങ്ങളാണ്. ഭാരതമക്കളുടെ ഉന്നമനത്തിനായി ജീവൻപോലും ബലികഴിക്കാൻ തയ്യാറായ ആ മനുഷ്യസ്നേഹിയുടെ ജീവിതമാതൃക നമുക്ക് എന്നും പ്രചോദകമായിരിക്കും, മാർഗ്ഗദീപമായിരിക്കും.

## C. ക്രൈസ്തവജീവിതത്തിൽ

മതം ദൈവ—മനുഷ്യബന്ധമാണ്. ജീവിതത്തിന്റെ ഓരോ വേദിയേയും അതു് സ്പർശിക്കുന്നു; അല്ല, അതു് ജീവിതംതന്നെയാണ്. ആകയാൽ ഒരു പ്രത്യേകസ്ഥലത്തേയ്ക്കോ, സമയത്തേയ്ക്കോ മതത്തെ പരിമിതപ്പെടുത്തുക സാദ്ധ്യമല്ല. ക്രിസ്തുവിൽ ചരിക്കുകയും, ക്രിസ്തുവിനെ അനുഗമിക്കുകയും, ക്രിസ്തുവിനും, ക്രിസ്തുവിന്റെ മൂല്യങ്ങൾക്കും സാക്ഷ്യംവഹിച്ചുകൊണ്ട് സ്വജീവിതത്തിൽ ക്രിസ്തുവിനെ അവതരിപ്പിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥക്രിസ്ത്യാനി. ക്രിസ്തീയമായ ജീവിതം നയിക്കുമ്പോഴാണ് ക്രൈസ്തവനാമധാരികൾ യഥാർത്ഥത്തിൽ ക്രൈസ്തവരാകുക. ജീവിതവ്യാപാരങ്ങളിൽ നിന്ന് വ്യതിരിക്തമോ, ഏതാനും ദേവാലയാനുഷ്ഠാനങ്ങളിൽമാത്രം ഒതുങ്ങിനിൽക്കുന്നതോ അല്ല ക്രിസ്തുമതം. എന്നാൽ, കൂദാശകൾ സ്വീകരിക്കുകയും, തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്താൽമതി ക്രിസ്ത്യാനികളാകുവാൻ എന്ന് ചിന്തിക്കുന്നവരും അതനുസരിച്ച് ജീവിക്കുന്നവരും ഇന്ന് കുറവല്ല. ക്രിസ്തീയവിശ്വാസങ്ങൾക്കും, ആദർശങ്ങൾക്കും അനുയോജ്യമായ, അവ പ്രാവർത്തികമാക്കിക്കൊ

www.malankaralibrary.com



ണ്ടുള്ള ഒരു ജീവിതശൈലി എപ്രകാരം രൂപപ്പെടുത്തിയെടുക്കാമെന്ന് ഇത്തരക്കാരെ ഉൽബോധിപ്പിക്കുകയാണ് ഗാന്ധിജിയുടെ മതജീവിതം.

അടിയുറച്ച ഈശ്വരവിശ്വാസവും, ധാർമ്മികബോധവുമായിരുന്നു ഗാന്ധിയൻ ദർശനങ്ങളുടെയെല്ലാം അടിസ്ഥാനശിലകളും ശക്തികേന്ദ്രങ്ങളും. അദ്ദേഹം എഴുതുന്നു, ''എന്റെ രാഷ്ട്രീയം, ധാർമ്മികത, ആദ്ധ്യാത്മികത, മതം എന്നിവയിൽനിന്ന് വിഭാജ്യമല്ല.''[7] ഗാന്ധിജിയുടെ രാഷ്ട്രീയ—സാമൂഹിക—സാമ്പത്തിക ചിന്തകളിലെല്ലാം അദ്ദേഹത്തിന്റെ മതവീക്ഷണങ്ങളുടെ സർവ്വവ്യാപകത്വമുണ്ട്. ഗാന്ധിജി രാഷ്ട്രീയസ്വാതന്ത്ര്യസമ്പാദനത്തിന് അശ്രാന്തം ശ്രമിച്ചതു തന്നെ അത്യുന്നതമായ ആദ്ധ്യാത്മികസ്വാതന്ത്ര്യലബ്ധിക്കുള്ള ഉപാധിയായി അതിനെ പരിഗണിച്ചതുകൊണ്ടാണ്.[8] ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്കും മാനുഷികമൂല്യങ്ങൾക്കും വേണ്ടി പ്രതിഷ്ഠിതമാണ് ക്രൈസ്തവജീവിതം. താൻ ഏതു് വിശ്വാസങ്ങൾക്ക് സ്വയം അർപ്പിച്ചുവോ, അവയുടെ മാററുകൂട്ടുന്നവയും, അവയെ പരിപോഷിപ്പിക്കുന്നവയുമാകണം ക്രിസ്ത്യാനിയുടെ വിചാരവും, വാക്കും, പ്രവൃത്തിയും. മതം ജീവിതശൈലിയായിത്തീരുമ്പോൾ, ജീവിതം മുഴുവൻ മതാത്മകമായിത്തീരുമ്പോൾ, മാത്രമേ ഒരുവൻ യഥാർത്ഥത്തിൽ ക്രൈസ്തവനാകുന്നുള്ളുവെന്ന് ഗാന്ധിജി സ്വജീവിതംവഴി പഠിപ്പിക്കുകയാണ്.

മനുഷ്യന്റെ യഥാർത്ഥമഹത്ത്വവും, ബഹുമുഖസാദ്ധ്യതകളും അടുത്തറിഞ്ഞ അപൂർവ്വം ലോകോത്തരമനുഷ്യസ്നേഹികളിൽ ഒരുവനാണ് ഗാന്ധിജി. അദ്ദേഹം ഒരു അദ്വൈതസിദ്ധാന്തിയായിരുന്നു. എല്ലാ മനുഷ്യരിലും ഈശ്വരാംശം കുടികൊള്ളുന്നതിനാൽ അവരെല്ലാം ജാതിമതവർഗ്ഗവർണ്ണഭേദമെന്യേ തുല്യരാണെന്ന് അദ്ദേഹം വിശ്വസിച്ചു്, ഉദ്ബോധിപ്പിച്ചു. പ്രസ്തുത വിശ്വാസമാണ് അക്രമത്തിനും, അനീതിക്കും എതിരെ പ്രതിഷേധിക്കുവാനും സത്യസാക്ഷാൽക്കാരത്തിനും, ധർമ്മസ്ഥാപനത്തിനുമായി സ്വജീവൻ ഹോമിക്കുവാനും ഗാന്ധിജിയെ പ്രേരിപ്പിച്ചതും, നിർബന്ധിച്ചതും. മനുഷ്യരെല്ലാവരും ദൈവത്തിന്റെ ഛായയിലും, സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണെന്നും,[9] തൽക്കാരണത്താൽ എല്ലാവരും ഒരേ സ്നേഹപിതാവിന്റെ പുത്രീപുത്രന്മാരാണെന്നും വിശ്വസിക്കുന്നുണ്ട് ക്രൈസ്തവർ. ''നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക''[10] എന്ന പ്രമാണവും അവനു് നൽകപ്പെട്ടിട്ടുണ്ട്. മനുഷ്യ

7 *The Collected Works of Mahatma Gandhi*, Vol. XXXXVIII, p. 50
8 Dhirendra Mohan Datta, *The Philosophy of Mahatma Gandhi*, p. 135
9 ഉല്പ. 1:27
10 Cfr. മത്താ. 19:19; ഗലാ. 5:14; 1യോഹ. 3:17–18;4;11

www.malankaralibrary.com



നെ മനുഷ്യനായി കണ്ടുകൊണ്ട് അവൻെറ അവകാശങ്ങൾ അനുവദിച്ചുകൊടുക്കുവാനും അഭിവൃദ്ധിക്കായി അദ്ധ്വാനിക്കുവാനുമുള്ള ക്രൈസ്തവരുടെ ബാധ്യസ്ഥത വളരെ ഗൗരവാവഹമാണ്. ഗാന്ധിജിയുടെ ജീവിതമാതൃക ഈ കടമയെക്കുറിച്ച് അവരെ സദാ അനുസ്മരിപ്പിക്കുകയാണ്.

ദൈവസ്നേഹവും, പരസ്നേഹവും മതവിശ്വാസത്തിൻെറ അവിഭാജ്യഘടകങ്ങളാണ്. ദൈവവിശ്വാസത്തിൻെറ തെളിവായി കുറെ പ്രാർത്ഥനകൾ ചൊല്ലിക്കൂട്ടിയാൽ മതിയാവില്ലെന്ന് ഗാന്ധിജിയ്ക്ക് അറിയാമായിരുന്നു. ദൈവത്തിൽ വിശ്വസിക്കുന്നവൻ മനുഷ്യകുലത്തിലും വിശ്വസിക്കണം. ദൈവത്തെ സ്നേഹിക്കുന്നവൻ നരവംശത്തേയും സ്നേഹിക്കണം. സഹോദരൻെറ നന്മയ്ക്കുവേണ്ടി ഒരാൾ എന്തുമാത്രം സഹിക്കുന്നുണ്ട് എന്നതിനെ ആശ്രയിച്ചിരിക്കുന്നു അയാളുടെ മഹത്ത്വവും ദൈവസ്നേഹത്തിൻെറ ആഴവും. ഈശ്വരോന്മുഖതയും മനുഷ്യസേവനോദ്യുക്തതയും അവിച്ഛിന്നമായി ബന്ധപ്പെട്ടിരുന്നു ഗാന്ധിജിയുടെ വ്യക്തിത്വത്തിലും, പ്രവർത്തനത്തിലും. ദൈവസ്നേഹത്തിൻേറയും, പരസ്നേഹത്തിൻേറയും അനുപേക്ഷണീയതയും അവിഭാജ്യതയും സംബന്ധിച്ച് വ്യക്തവും, ശക്തവുമായ ആഹ്വാനവും, നിർദ്ദേശവും ലഭിച്ചിട്ടുള്ളവരാണ് ക്രൈസ്തവർ. ''കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാതെ, അദൃശ്യനായ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുന്നവൻ നുണയനാണ്''.[11] ''പ്രവൃത്തിയില്ലാത്ത വിശ്വാസം ഫലശൂന്യമാകുന്നു''.[12] ''നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ''[13] തുടങ്ങിയ വി. ഗ്രന്ഥവാക്യങ്ങൾ ദൈവത്തേയും മററു മനുഷ്യരേയും സ്നേഹിക്കുവാൻ ക്രൈസ്തവരെ നിർബ്ബന്ധിക്കുന്നവയാണ്. സഹോദരന്മാരെ സ്നേഹിച്ചുകൊണ്ടല്ലാതെ ദൈവത്തെ സ്നേഹിക്കുക ആർക്കും സാദ്ധ്യമല്ല. വിവിധ ദുരിതങ്ങളാൽ വലയുന്നവരുടെ നേരെ കണ്ണടയ്ക്കുന്നവർക്ക് യഥാർത്ഥദൈവസ്നേഹമില്ലെന്നുവേണം പറയുവാൻ. മററുള്ളവരുടെ ജീവിതപ്രശ്നങ്ങൾക്കു മദ്ധ്യേ നിസ്സംഗരായി നോക്കിനില്ക്കാൻ ക്രൈസ്തവർക്ക് സാദ്ധ്യമല്ല. സഹോദരനു ചെയ്യുന്ന സേവനം ക്രിസ്തുവിനുതന്നെ ചെയ്യുന്നതായി അവിടുന്ന് പരിഗണിക്കുന്നതാണെന്ന് വിശുദ്ധഗ്രന്ഥത്തിൽ നാം വായിക്കുന്നു. ''ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണുചെയ്തത്.[14]'' ഈ അർത്ഥത്തിൽ പരസ്നേഹപ്രവൃത്തികൾ ദൈവത്തോടുള്ള പ്രാർത്ഥനയും ആരാധനയുമായിത്തീരുന്നു. സ്വസ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് പഠിപ്പിക്കു

11 1 യോഹ. 4:20
12 യാക്കോ. 2:20; cfr. യാക്കോ. 2:17; ഗലാ. 5:6
13 യോഹ. 13:34
14 മത്താ. 25:40

www.malankaralibrary.com



കയും[15] സ്വന്തം ജീവിതത്തിൽ അതു് പ്രാവർത്തികമാക്കുകയും ചെയ്ത ക്രിസ്തുവാണു് ക്രൈസ്തവൻെറ ഗുരുവും നാഥനും.[16] ക്രിസ്തീയാദർശങ്ങൾ വിശ്വാസത്തിലെന്നതുപോലെ പ്രവൃത്തിയിലും പകർത്തിക്കാണിച്ച ഗാന്ധിജി ക്രിസ്തുവിനെ യഥാർത്ഥത്തിൽ അനുകരിക്കുവാൻ ക്രൈസ്തവർക്കു് പ്രചോദനം നൽകുന്നുണ്ടു്. പ്രാർത്ഥനകൾ ഉരുവിടുന്നതുകൊണ്ടുമാത്രം തൃപ്തരാകാതെ അവ ഉൾക്കൊള്ളുന്ന പരസ്നേഹതത്ത്വങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ അദ്ദേഹം സ്വമാതൃകയിലൂടെ ആഹ്വാനം ചെയ്യുകയാണു്.

ഗാന്ധിജിയുടെ ആദർശസമ്പൂർണ്ണവും, ത്യാഗസുരഭിലവുമായ ജീവിതത്തിൽ ആകൃഷ്ടരായ ചില പാശ്ചാത്യ ഗ്രന്ഥകാരന്മാർ ക്രിസ്തുവിനുശേഷം ഉണ്ടായിട്ടുള്ള ഏറ്റവും നല്ല ക്രൈസ്തവനെന്നു് അക്രൈസ്തവനായ അദ്ദേഹത്തെ വിശേഷിപ്പിച്ചിട്ടുണ്ടു്. 'പാശ്ചാത്യർ വിസ്മരിച്ച ക്രിസ്തുവിനെ അവരെ അനുസ്മരിപ്പിച്ചതു് ഗാന്ധിജിയാണെന്നു്'' റോമയിൻ റോളണ്ടു് അഭിപ്രായപ്പെടുന്നു. പ്രായോഗിക ജീവിതത്തിൽ ക്രിസ്തുവിനു സാക്ഷ്യംവഹിക്കുന്ന ക്രൈസ്തവനെ മുക്തകണ്ഠം പ്രശംസിക്കാൻ ഗാന്ധിജി മടിച്ചില്ല.[17] എന്നാൽ ഒരു കൈയിൽ ഇറച്ചിപ്പാത്രവും, മറേറതിൽ മദ്യക്കുപ്പിയുമായി ക്രിസ്മസ് ആഘോഷിച്ചിരുന്ന ക്രിസ്ത്യാനികളെപ്പററി അദ്ദേഹത്തിനു പുച്ഛമായിരുന്നു. ഗാന്ധിജി ഒരിക്കൽ പറഞ്ഞു. ''ഞാൻ ക്രിസ്തുവിനെ സ്നേഹിക്കുന്നു, എന്നാൽ ക്രിസ്ത്യാനിയെ വെറുക്കുന്നു.'' യാന്ത്രികമായ കുറെ ആചാരാനുഷ്ഠാനങ്ങളിൽ മാത്രം മതജീവിതത്തെ ഒതുക്കിനിർത്തിയ യഹൂദപ്രമാണികളെ 'വെള്ളയടിച്ച കുഴിമാടങ്ങളേ'[18] 'കപടഭക്തരേ' എന്നെല്ലാം വിശേഷിപ്പിച്ച ക്രിസ്തുവിൻെറ സ്മരണ ഈ പ്രസ്താവന നമ്മിൽ ഉണർത്തുന്നു.

അക്രമരാഹിത്യം അഥവാ, അഹിംസ ഗാന്ധിയൻ പ്രവർത്തനശൈലിയുടെ കേന്ദ്രബിന്ദുവും മുഖ്യസവിശേഷതയുമാണു്. ഇംഗ്ലീഷുകാരുടെ പ്രകോപനപരമായ പെരുമാററവും മൃഗീയമായ മർദ്ദനമുറകളും ക്ഷമാപൂർവ്വം ശാന്തഗംഭീരനായി അദ്ദേഹം സഹിച്ചു. ശത്രുക്കളെ സ്നേഹിക്കുവാനും, അന്യരുടെ കുററങ്ങൾ ക്ഷമിക്കുവാനും പഠിപ്പിച്ച ക്രിസ്തുവിനെ ഗാന്ധിജിയെപ്പോലെ അക്ഷരാർത്ഥത്തിൽ തന്നെ അനുകരിച്ചിട്ടുള്ളവർ ചുരുക്കമാണു്. ''നിൻെറ ഇടത്തെ ചെകിട്ടത്തടിക്കുന്നവനു് വലത്തേതുംകൂടി കാണിച്ചുകൊടുക്കുക''[19] എന്ന ക്രിസ്തുസൂക്തം അദ്ദേഹം അന്വർത്ഥമാക്കി. ക്രിസ്തു നല്കിയ

15 യോഹ. 15:13
16 യോഹ. 13:13–14
17 Cfr. *The Collected Works of Mahatma Gandhi*, Vol. XII, p. 168
18 മത്താ. 23:13–15, 23, 25, 27, 29
19 മത്താ. 5:39

www.malankaralibrary.com



ജീവിതനിയമം സ്നേഹത്തിൻേറതാണ്. ക്രിസ്തു ആവശ്യപ്പെടുന്നതു് അജിതവും, നിസ്വാർത്ഥവുമായ സ്നേഹമാണ്. ശത്രുക്കളെകൂടി ഉൾക്കൊള്ളുന്നതാണ് പ്രസ്തുത സ്നേഹവലയം. വിദ്വേഷസമേതം ഈശ്വരാരാധനയ്ക്കു ചെല്ലരുതെന്നും മററുള്ളവരോട് പൊറുക്കാതെ സ്വന്തം തെററുകൾ ക്ഷമിക്കുവാൻ ദൈവത്തോടു നിരർത്ഥകമായി പ്രാർത്ഥിക്കരുതെന്നും ക്രിസ്തു പ്രത്യേകം മുന്നറിയിപ്പു നൽകിയിട്ടുണ്ട്.[20] പതിവായി തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്ന ചില ക്രൈസ്തവർ ശത്രുതയിലും, വിദ്വേഷത്തിലും ജീവിക്കുന്നുവെന്നതു് വാസ്തവത്തിൽ ഒരു വിരോധാഭാസം തന്നെ. ക്രിസ്തുവിൻെറ പ്രബോധനവും ഗാന്ധിജിയുടെ ജീവിതമാതൃകയും ക്രൈസ്തവരെ ഉദ്ബോധിപ്പിക്കുകയാണ് അക്രമത്തെ സഹനംകൊണ്ടും, ശത്രുവിനെ സ്നേഹംകൊണ്ടും നേരിടുവാൻ.

നേതാവിൻെറ ആദർശങ്ങൾ സ്വാംശീകരിച്ച്ജീവിതത്തിൽ പകർത്തുകയാണ് ഒരു യഥാർത്ഥ അനുയായിയുടെ ലക്ഷ്യം. ക്രൂശിതനായ ക്രിസ്തുവിൻെറ അനുയായിയും ക്രൂശിതനാകേണ്ടിവന്നേക്കാം.[21] പ്രതിസന്ധികളെ ആത്മധൈര്യത്തോടെ തരണം ചെയ്യുന്നവരാണ് വിജയത്തിലെത്തുക. ഗാന്ധിജി നടന്നുനീങ്ങിയതും കല്ലും മുള്ളും നിറഞ്ഞ പാതയിലൂടെയായിരുന്നു. പ്രാർത്ഥന, ആത്മസംയമനകൃത്യങ്ങൾ തുടങ്ങിയവയിൽനിന്നാണ് അദ്ദേഹം ശക്തി സമ്പാദിച്ചതു്. പരിഷ്ക്കാരത്തിൻേറയും, സമയക്കുറവിൻേറയും പേരിൽ മതാനുഷ്ഠാനങ്ങളിൽ വീഴ്ചവരുത്തുന്ന ക്രൈസ്തവർക്ക് ഗാന്ധിജിയുടെ ആദ്ധ്യാത്മികത ഒരു ചോദ്യചിഹ്നംതന്നെയാണ്. ക്രിസ്തുശിഷ്യന്മാർ സഹിക്കേണ്ടിവരുമെന്നുള്ള ക്രിസ്തുവിൻെറ പ്രവചനം അപ്പസ്തോലന്മാരുടേയും, ആദിമക്രിസ്ത്യാനികളുടേയും ജീവിതത്തിൽ അന്വർത്ഥമായപ്പോൾ, അവർ ദിവ്യബലിയിൽ ശക്തിയും, സങ്കേതവും കണ്ടെത്തി. ആത്മസഹനത്തിൻെറ വീരോചിതമാതൃകയായ ഗാന്ധിജിയുടെ ജീവിതം ഇന്നു് ക്രൈസ്തവരെ ആവേശഭരിതരാക്കേണ്ടതാണ്.

ഗാന്ധിജിയുടെ അപൂർവ്വഗ്രന്ഥശേഖരണങ്ങളിൽ അതുല്യസ്ഥാനമലങ്കരിച്ച വിശുദ്ധബൈബിൾ. ഭയ ഭക്തിബഹുമാനങ്ങളോടെ അനുദിനം അദ്ദേഹം അതു പാരായണംചെയ്തു. ''ഏതുവഴിക്ക് തിരിയണമെന്നറിയാതെ ക്ലേശിച്ച പല സന്ദർഭങ്ങളിലും ഞാൻ വിശുദ്ധഗ്രന്ഥത്തിലേയ്ക്കു് പ്രത്യേകിച്ച് പുതിയനിയമത്തിലേയ്ക്കു് തിരിയുകയും, അതിൽനിന്നു് ശക്തിസംഭരിക്കുകയും ചെയ്തു.''[22] ഗാന്ധിജിയുടെ ഈ പ്രസ്താവന വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ ഒരു ജീ

20 മത്താ. 5:24; 6:14–15.

21 മത്താ. 10:16–25; 24:9; യോഹ. 15:20; 16:20

22 *The Collected Works of Mahatma Gandhi,* Vol. XVI, p. 496

www.malankaralibrary.com



വിതം നയിക്കുവാൻ, ജീവിതപ്രശ്നങ്ങളിൽ ആശ്വാസവും, പരിഹാരവും വി.ഗ്രന്ഥത്തിൽനിന്നും സ്വീകരിക്കുവാൻ ക്രൈസ്തവരെ പ്രേരിപ്പിക്കുന്നു, ആഹ്വാനം ചെയ്യുന്നു.

മിഷൻ പ്രവർത്തനങ്ങളുടെ നേർക്ക് ഗാന്ധിജി പ്രകടിപ്പിച്ച നിസ്സഹകരണമനോഭാവം ക്രിസ്ത്യാനികളെ ആത്മപരിശോധനയ്ക്ക് പ്രേരിപ്പിക്കേണ്ടതാണ്. പ്രേഷിതരംഗങ്ങളിൽ ക്രിസ്ത്വാനുഭവം നിസ്വാർത്ഥമായി പങ്കുവെയ്ക്കുന്നതിനുപകരം പാവപ്പെട്ടവരെ പ്രലോഭിപ്പിച്ച് ജ്ഞാനസ്നാനപ്പെടുത്തുന്നതിനുള്ള നീക്കത്തെ അപഹാസ്യമായി ഗാന്ധിജി കരുതി. സഭയുടെ ആശ്രിതരായി വളർന്നുവരുന്നവർ പലരും പിന്നീട് സഭാവിരോധികളായി മാറുന്നതും ക്രൈസ്തവർ ഗൗരവാവഹമായി പരിഗണിക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവ സ്ഥാപനങ്ങൾ ക്രിസ്തുവിന്റെ സന്ദേശവും, ചൈതന്യവും പ്രസരിപ്പിക്കുന്നതിൽ പരാജയപ്പെടുന്നതാണ് ഇതിനുള്ള മൗലികകാരണം. ക്രൈസ്തവർ നടത്തുന്ന സ്ഥാപനങ്ങളും, സംഘടിപ്പിക്കുന്ന ഓരോ പ്രസ്ഥാനവും ക്രിസ്തീയമൂല്യങ്ങളും, മാനുഷികമൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്നതും ഉത്തമ പൗരന്മാരെ വാർത്തെടുക്കുന്നതിന് ഉപകരിക്കുന്നതുമാകണം. ക്രിസ്തീയസ്നേഹത്തിന്റെ സാക്ഷ്യങ്ങളായിത്തീരണം അവ ഓരോന്നും. ക്രിസ്തീയ സ്ഥാപനങ്ങൾക്ക് നിദാനമായി വർത്തിക്കേണ്ടത് സ്ഥാപിത താൽപ്പര്യങ്ങളും, ഭൗതികനേട്ടങ്ങളുമായിരിക്കരുത്; പിന്നേയൊ, ദൈവികാദർശങ്ങളും, മാനുഷികമൂല്യങ്ങളുമായിരിക്കണം.

ദരിദ്രരിലും, അധഃകൃതരിലും 'ഹരിജന'ങ്ങളെ ദർശിച്ച ഗാന്ധിജി സാമ്പത്തികമായ ഉച്ചനീചത്വങ്ങൾക്കെതിരെ സന്ധിയില്ലാസമരംചെയ്തു. ഉള്ളവനും, ഇല്ലാത്തവനും തമ്മിലുള്ള വിടവ് നികത്താൻ തൊഴിലാളിവർഗ്ഗത്തിന്റെ ഉന്നമനം നേടിയെടുക്കാൻ തന്റെ വാഗ്‌വൈഭവവും, തൂലികാശേഷിയും അദ്ദേഹം ഉപയോഗപ്പെടുത്തി. തൊഴിലാളികൾക്ക് അവരർഹിക്കുന്നവേതനം[23] യഥാസമയം നൽകണമെന്നും, സാമ്പത്തികാടിസ്ഥാനത്തിലുള്ള തരംതിരിവുകൾ ഒഴിവാക്കണമെന്നും[24] വി.ഗ്രന്ഥം അനുശാസിക്കുന്നുണ്ട്. പീഡിതരുടേയും, പാവപ്പെട്ടവരുടേയും വിമോചകനായി[25] അവതരിച്ച ക്രിസ്തുവിന്റെ തുടർച്ചയായ സഭ അവളുടെ പ്രവാചകദൗത്യം പലപ്പോഴും വിസ്മരിക്കുന്നു. സാമൂഹ്യനീതിക്കുവേണ്ടി വാദിക്കുന്നതിൽ സഭ അവസരത്തിനൊത്ത് ഉയരുന്നില്ലെന്നുള്ളത് എവിടേയും മുഴങ്ങി കേൾക്കുന്ന ഒരാരോപണമാണ്. ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരെ അവഗണിച്ചുകൊണ്ട് ധനികരും ഉന്നതസ്ഥാനീയരുമായവരോട് ആരാധനാമനസ്ഥിതിപുലർത്തുന്ന പതിവ് ഇന്ന് സഭാ

23 യാക്കോ. 5:4
24 യാക്കോ. 2:14 cfr. ലേവ്യ. 19:15–18; ആവ. 1:17; ആമോ. 5:11–15.
25 ലൂക്ക. 4:18–19

www.malankaralibrary.com



വേദിയിൽ നിലനിൽക്കുന്നുണ്ടെങ്കിൽ അതു് തീർത്തും അക്രൈസ്തവമാണെന്നു് പറയേണ്ടിയിരിക്കുന്നു. സമ്പൂർണ്ണമനുഷ്യന്റെ സമഗ്രവിമോചനാർത്ഥം പ്രവർത്തിച്ച ക്രിസ്തുവിന്റെ അനുയായികൾ അശരണരുടേയും, ആലംബഹീനരുടേയും തോഴരും തണലുമായിത്തീരണം. ഹരിജനങ്ങളുടെ അനിഷേധ്യനേതാവായ ഗാന്ധിജിയുടെ ജീവിതമാതൃക ഇക്കാര്യത്തിൽ ക്രൈസ്തവർക്കു് ആവേശം പകരുന്നതാണു്.

ക്രൈസ്തവേതരമതങ്ങളോടു് ആരോഗ്യപരമായ ബന്ധം പുലർത്തുവാൻ ഗാന്ധിജിയുടെ മതദർശനം ക്രിസ്ത്യാനികളെ സഹായിക്കും. മററു മതവിഭാഗങ്ങളുടെ നേരെ അവഗണനയും, പുച്ഛവുംവച്ചു പുലർത്തുക മാനുഷികമോ, ക്രൈസ്തവോചിതമോ അല്ല. ക്രിസ്തുമതത്തിന്റെ അനുപമവ്യക്തിത്വം ബലികഴിക്കാതെതന്നെ ഇതരമതങ്ങളിലെ നല്ല വശങ്ങൾ അംഗീകരിക്കുകയും മററു മതാനുയായികളുമായി സൗഹാർദ്ദത്തിൽ വർത്തിക്കുകയുമാണു് പക്വതയാർജ്ജിച്ച ക്രൈസ്തവർ ചെയ്യേണ്ടതു്. മതഭ്രാന്തു് വെടിയുന്നതിനും, ഹൃദയവിശാലതയിൽ നിന്നുയിർക്കൊള്ളുന്ന മതസഹിഷ്ണുത പാലിക്കുന്നതിനും, രാഷ്ട്രപിതാവു് ഏവരെയും ആഹ്വാനം ചെയ്യുന്നു.

'നിങ്ങൾ പരസ്പരം സ്നേഹിക്കുന്നതുവഴി നിങ്ങൾ എന്റെ ശിഷ്യരെന്നു് ലോകം അറിയട്ടെ.''[26] ചേരിതിരിവുകളും, കിടമത്സരങ്ങളുംകൊണ്ടു് മുഖരിതമായ ക്രിസ്തീയാന്തരീക്ഷത്തിൽ ക്രിസ്തുവിന്റെ ഈ പ്രമാണം പലപ്പോഴും അവഗണിക്കപ്പെടുകയാണു്. ക്രിസ്തുവിനേയും അവിടുത്തെ പ്രബോധനങ്ങളേയും സർവ്വാത്മനാ സ്വീകരിച്ച ഗാന്ധിജി ക്രിസ്തുമതം സ്വീകരിക്കാതിരുന്നതിന്റെ മുഖ്യകാരണം നാമമാത്ര ക്രൈസ്തവരുടെ ദുർമാതൃകയായിരുന്നുവെന്നു് ന്യായമായും ഊഹിക്കാം. ഈ വസ്തുത സമൂലമായ ഒരാത്മപരിശോധനയ്ക്കും ജീവിതനവീകരണത്തിനും ക്രൈസ്തവർക്കു് പ്രേരണ നല്കുന്നു.

സത്യാന്വേഷണ തപസ്യയായിരുന്നു ഗാന്ധിജിയുടെ ജീവിതം. ഗാന്ധിജി അന്വേഷിച്ച സത്യം കണ്ടെത്തിയവരാണു് ക്രിസ്ത്യാനികൾ. ആ പരമസത്യം ക്രിസ്തുവാണു്. ''ഞാനാകുന്നു വഴിയും സത്യവും ജീവനും.''[27] സനാതനസത്യവും, ലോകത്തിന്റെ പ്രകാശവുമായ ക്രിസ്തുവിൽ വിശ്വസിച്ചു് അവിടുത്തെ ആദർശങ്ങൾക്കനുസരണം ജീവിച്ചു് സത്യത്തിന്റെ സാക്ഷിയും, ലോകത്തിന്റെ ദീപവുമാകുമ്പോഴാണു് ക്രൈസ്തവന്റെ ജീവിതം ധന്യമാകുക. സത്യത്തിലേക്കു്, ശ്രേഷ്ഠതയിലേക്കു് പ്രയാണം ചെയ്യുന്ന സഹൃദയരുടെ പാദങ്ങൾക്കു് ഗാന്ധിയുടെ ജീവിതം മാർഗ്ഗദീപവും, ജീവിതത്തിനു് പ്രചോദനവുമായിരിക്കും.

---

26 യോഹ. 13:35

27 യോഹ. 14:6

www.malankaralibrary.com

# അനുബന്ധം

## A. ഗാന്ധിജിയുടെ ജീവിതത്തിലെ അവിസ്മരണീയങ്ങളായ ചില വർഷങ്ങൾ[1]

1869 ഗുജറാത്തിലെ പോർബന്തറിൽ ജനിച്ചു. (ഒക്ടോബർ 2)

1886 കസ്തൂർബായെ വിവാഹം കഴിച്ചു.

1887 അഹമ്മദാബാദിൽനിന്നും മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി.

1888 മദ്യം, സ്ത്രീ, മാംസം എന്നീ മൂന്നും സ്പർശിക്കപോലും ഇല്ല എന്നു് പ്രതിജ്ഞ ചെയ്തശേഷം നിയമപഠനാർത്ഥം ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടു.

1891 നിയമപരീക്ഷ പാസ്സായി, ഇന്ത്യയിലേക്കു മടങ്ങി.

1893 തെക്കേ ആഫ്രിക്കയ്ക്കു് കപ്പൽ കയറി.

1894 വർണ്ണവിവേചനത്തിനെതിരെ പോരാടുവാൻ നേററാൾ ഇന്ത്യൻ കോൺഗ്രസ്സ്'' രൂപീകരിച്ചു.

1906 ആജീവനാന്തം ബ്രഹ്മചര്യവ്രതം അനുഷ്ഠിക്കും എന്നു പ്രതിജ്ഞ ചെയ്തു.

തെക്കെ ആഫ്രിക്കയിൽ സത്യാഗ്രഹസമരമുറ സമാരംഭിച്ചു.

1915 ഇന്ത്യയിൽ തിരിച്ചെത്തി.
സബർമതിയിൽ സത്യാഗ്രഹാശ്രമം സ്ഥാപിച്ചു.

1918 'ഖേഡാ സത്യാഗ്രഹം' ഉദ്ഘാടനം ചെയ്തു.

1919 സത്യാഗ്രഹപ്രതിജ്ഞയിൽ ഒപ്പുവെച്ചു.

1920 'അഹിംസാ–നിസ്സഹകരണ' പ്രസ്ഥാനം ഉദ്ഘാടനം ചെയ്തു. ജീവിതകാലം മുഴുവൻ ഖാദി മാത്രമേ ധരിക്കുകയുള്ളു എന്നു് പ്രതിജ്ഞ ചെയ്തു.

---

1 For detailed chronology, K. P. Goswami, *Mahatma Gandhi, A Chronology* (Delhi: Publications Division, Ministry of Information and Broadcasting, Government of India, 1971)

www.malankaralibrary.com



1921 ''ഞങ്ങൾക്കുവേണ്ടതു് സ്വരാജ്. ഞങ്ങളുടെ സ്വരാജ് ഒരു രാമരാജ്യം'. സ്വദേശിപ്രസ്ഥാനത്തെ വിജയിപ്പിക്കാൻ ആഹ്വാനം നൽകി.

1925 വൈക്കം സത്യാഗ്രഹത്തോടനുബന്ധിച്ച് വൈക്കത്തു ചേർന്ന പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്തു.

1930 സ്വാതന്ത്ര്യപ്രതിജ്ഞ.

സിവിൽ നിയമലംഘന പദ്ധതി അനുവർത്തിക്കാൻ അഖിലേന്ത്യാ കോൺഗ്രസ് കമ്മററി തീരുമാനിച്ചു.

ഉപ്പുനിയമലംഘനാർത്ഥം 'ദണ്ഡിയാത്ര' നടത്തി. ഉപ്പുസത്യാഗ്രഹം.

1931 ലണ്ടനിൽ നടന്ന വട്ടമേശ സമ്മേളനത്തിൽ സംബന്ധിച്ചു.

1934 കോൺഗ്രസ്സിൽനിന്നു് രാജിവെച്ചു.

1937 ക്ഷേത്രപ്രവേശന പ്രഖ്യാപനത്തെക്കുറിച്ചും തീണ്ടലിനും തൊടീലിനുമെതിരായ പ്രസ്ഥാനങ്ങളെക്കുറിച്ചും തിരുവനന്തപുരത്തു് പ്രസംഗിച്ചു.

1940 വൈസ്രോയിയുമായി കൂടിയാലോചന നടത്താൻ കോൺഗ്രസ്സ് പ്രവർത്തകസമിതി ഗാന്ധിജിയെ അധികാരപ്പെടുത്തി. വ്യക്തിസത്യാഗ്രഹ സമരമുറ സമാരംഭിച്ചു.

1942 ''ക്വിററ് ഇന്ത്യാ'' പ്രതിജ്ഞ.

1944 കസ്തൂർബാഗാന്ധിയുടെ മരണം (അഗഖാൻ പാലസ്, ഫെബ്രുവരി, 22)

1946 നവോഖാലി ലഹള

1947 പുതുതായി നിയമിതനായ വൈസ്രോയി മൗണ്ട് ബാററൺ പ്രഭുവുമായുള്ള കൂടിക്കാഴ്ച. ഇന്ത്യ വിഭജിക്കുന്നതിനെക്കുറിച്ച് ജിന്നയുമായി സംഭാഷണം നടത്തി. ഇന്ത്യൻ സ്വാതന്ത്ര്യബില്ലിനു് രാജകീയാനുമതി ലഭിച്ചു. ഓഗസ്റ്റ് 14—ാം തീയതി രാത്രിയിൽ നെഹ്റു പറഞ്ഞ വാക്കുകൾ, ''ലോകം നിദ്രയിൽ മുഴുകിയിരിക്കുന്ന ഈ അർദ്ധരാത്രിയിൽ ഇന്ത്യ സ്വാതന്ത്ര്യത്തിലേക്കും നവചൈതന്യത്തിലേക്കും ഉണരുകയാണു്,'' സാർത്ഥകമായി.

1948 നാഥുറാം വിനായക് ഗോഡ്സേയുടെ വെടിയുണ്ടകൾ ആ പുണ്യപുരുഷൻെറ ജീവിതത്തെ അവസാനിപ്പിച്ചു (ജനുവരി, 30)

www.malankaralibrary.com



ആ ദാരുണസംഭവം നെഹ്രുവിൻെറ വികാരനിർഭരമായ വാക്കുകളിൽ: ''സുഹൃത്തുക്കളേ, സഹപ്രവർത്തകരേ, ഇതുവരെ നമുക്ക വെളിച്ചം തന്നിരുന്ന ആ മഹാദീപം അണഞ്ഞു. എല്ലായിടത്തും അന്ധകാരമാണ്. എന്താണ് നിങ്ങളോട് പറയേണ്ടതെന്നോ എങ്ങനെയാണ പറയേണ്ടതെന്നോ എനിക്ക നിശ്ചയമില്ല. നമ്മുടെ പ്രിയപ്പെട്ട നേതാവ്, നമ്മുടെ ബാപ്പു, നമ്മുടെ രാഷ്ട്രപിതാവ് കാലഗതി അടഞ്ഞു........ ആ മഹാദീപം അണഞ്ഞുവെന്ന് ഞാൻ പറഞ്ഞുവെങ്കിലും ഒരു പ്രകാരത്തിൽ അങ്ങനെ പറയുന്നത് ശരിയല്ല. നമ്മുടെ നാട്ടിൽ ജ്വലിച്ചുകൊണ്ടിരുന്ന ആ ദീപം ഒരു സാധാരണദീപമായിരുന്നില്ല. ഈ നാട്ടിന് കുറെക്കാലമായി വെളിച്ചം നല്കിയിരുന്ന ആ ദിവ്യജ്യോതിസ് മേലിലും വളരെക്കാലം നമ്മുടെ നാട്ടിന് വെളിച്ചം നൽകിക്കൊണ്ടിരിക്കും. ഒരായിരം കൊല്ലം കഴിഞ്ഞതിനുശേഷവും ആ വെളിച്ചം ഈ നാട്ടിൽ കാണും. ലോകത്തിൽ മുഴുവൻ അത് കാണാറാവും. എണ്ണമില്ലാത്ത ആളുകറംക്ക് അത് ആശ്വാസം കൊടുത്തുകൊണ്ടിരിക്കും. ഇന്നത്തെ പ്രശ്നങ്ങളിലേയ്ക്കുമാത്രമല്ല അത് വെളിച്ചം വീശിയിരുന്നത്. ജീവപ്രധാനവും അനശ്വരവുമായ സത്യത്തിൻെറ പ്രതീകമായിരുന്നു അത്. നമ്മുടെ തെററുകറം തിരുത്തിയും നേർവഴി നമുക്ക് ചൂണ്ടിക്കാണിച്ചും ഈ പുണ്യഭൂമിയെ അത് സ്വാതന്ത്ര്യത്തിലേയ്ക്കാനയിച്ചു.''[2]

1948 ജനവരി 31–ന് ഇന്ത്യയുടെ നഷ്ടപ്പെട്ട ആ നേതാവിൻെറ ചിതയ്ക്ക് രാജ്ഘട്ടിൽ തീകൊളുത്തി. ആ പുണ്യശ്ലോകൻെറ പൂജ്യസ്മരണകളുയർത്തുന്ന രാജ്ഘട്ടിലെ സമാധിപീഠത്തിൽ അർത്ഥവത്തായ ഒരു ശിലാസനമുണ്ട്. സ്വതന്ത്രഇന്ത്യയെക്കുറിച്ചുള്ള ഗാന്ധിജിയുടെ ദർശനം അതിൽ ഇങ്ങനെ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു:[3] ''ശ്രേഷ്ഠമായ, ഉന്നതമായ ഒരു ലോകം കെട്ടിപ്പടുക്കുവാൻ ഇന്ത്യ ബലിയായി സ്വയം അർപ്പിക്കേണ്ടിയിരിക്കുന്നു. ഇതിന് ഇന്ത്യ പ്രാപ്തയാകണമെങ്കിൽ അവറം സ്വാതന്ത്ര്യവും ശക്തിയും ആർജ്ജിക്കേണ്ടിയിരിക്കുന്നു. ലോകോന്നമനത്തിനുവേണ്ടി സ്വയാർപ്പണം നടത്തുന്ന ഇന്ത്യയാണ് ഞാൻ വിഭാവനം ചെയ്യുന്ന സ്വതന്ത്രഭാരതം. പരിശുദ്ധനായ ഒരു വ്യക്തി സ്വന്തം കുടുംബത്തിൻെറ ഉന്നമനത്തിനുവേണ്ടി ആത്മാർപ്പണം നടത്തുന്നു. നല്ല കുടുംബം ഗ്രാമത്തിനുവേണ്ടിയും, ഗ്രാമം ജില്ലയ്ക്കുവേണ്ടിയും, ജില്ല പ്രവിശ്യയ്ക്കുവേണ്ടിയും, പ്രവിശ്യ രാഷ്ട്രത്തിനുവേണ്ടിയും, രാഷ്ട്രം എല്ലാവർക്കും വേണ്ടിയും സ്വയം അർപ്പിക്കുന്നു. ഇങ്ങനെ ഭൂമിയിൽ 'ഖുദായിരാജ്', ദൈവരാജ്യം സംസ്ഥാപിതമാകണം. ഇതാണെൻെറ അഭിലാഷം''.

2 Larry Collins and Dominique Lapierre), 'The Second Crucifixion; *Freedom of midight* (New Delhi: Vikas Publishing House Pvt Ltd., 1976)p. 444.

3 *Ibid.*, p. 460.

www.malankaralibrary.com



## B. ഗാന്ധിജി അനുഷ്ഠിച്ച ഉപവാസങ്ങൾ[1]

1913 ഒരാഴ്ച നീണ്ടു നിന്ന പ്രായശ്ചിത്ത ഉപവാസം (ഫീനിക്സ്).

1914 രണ്ടാഴ്ചത്തെ പരിഹാര ഉപവാസം (ഫീനിക്സ്).

1918 മാർച്ച്, 12: അഹമ്മദാബാദ് സമരങ്ങൾക്ക പിന്തുണ പ്രഖ്യാപിച്ചുകൊണ്ടനുഷ്ഠിച്ച മൂന്നു ദിവസത്തെ ഉപവാസം (അഹമ്മദാബാദ്).

1919 ഏപ്രിൽ, 13: മൂന്നു ദിവസത്തെ പരിഹാര ഉപവാസം (സബർമതി).

1921 നവംബർ, 9—13: വെയിത്സിലെ രാജകുമാരന്റെ സന്ദർശനാവസരത്തിൽ നടന്ന രക്തച്ചൊരിച്ചിലിനും ലഹളകൾക്കും ശേഷം നടത്തിയ ഉപവാസം.

1922 ഫെബ്രുവരി: ചൗരിചൗരാ സംഭവത്തോടനുബന്ധിച്ച് അനുഷ്ഠിച്ച അഞ്ചുദിവസത്തെ ഉപവാസം (ബർഡോളി).

1924 സെപ്റ്റംബർ, 18: ഹിന്ദു—മുസ്ലീം ലഹളകൾക്ക പ്രായശ്ചിത്തമായും ഐക്യത്തിനു വേണ്ടിയുള്ള അപേക്ഷയായും അനുഷ്ഠിച്ച 21 ദിവസം നീണ്ടുനിന്ന ഉപവാസം.

1925 നവംബർ, 24: സബർമതി ആശ്രമത്തിലെ അന്തേവാസികളുടെ ധാർമ്മികാധഃപതനത്തിനു പരിഹാരമായി ഏഴു ദിവസത്തെ ഉപവാസം (സബർമതി).

1932 സെപ്റ്റംബർ, 20—26: മക്ഡൊണാൾഡിന്റെ സാമുദായിക പ്രാതിനിധ്യത്തെസ്സംബന്ധിച്ചുള്ള തീരുമാനത്തിൽ പ്രതിഷേധിച്ച് മരണംവരെ ഉപവസിക്കാൻ നിശ്ചയിച്ചു. യർവാദ ജയിലിൽ സെപ്റ്റംബർ 20നു് ആരംഭിച്ച ഉപവാസം അഞ്ചു ദിവസത്തെ ചർച്ചകളുടേയും ഒത്തുതീർപ്പിന്റെയും വെളിച്ചത്തിൽ അവസാനിപ്പിച്ചു.

1932 ഡിസംബർ, 22: അപ്പാസാഹിബ്ബ് പത്‌വർദ്ധനും ഗാന്ധിജിയും കൂടിച്ചേർന്നു് അനുഷ്ഠിച്ച രണ്ടു ദിവസത്തെ ഉപവാസം. ശുചീകരണ പ്രവർത്തനങ്ങൾക്ക ജയിലിൽ ആളെ നിയമിക്കണം എന്ന അപ്പാസാഹിബ്ബിന്റെ അഭ്യർത്ഥന യർവാദാ ജയിലധികൃതർ നിഷേധിച്ചതിനെ തുടർന്നാണീ ഉപവാസം.

---

1 For details, ref. Goswami, *Op. cit.* D. G. Thendulkar, *Gandhiji, His Life and Works*, 1944.

www.malankaralibrary.com



1933 മേയ്, 8: സ്വയം വിശുദ്ധീകരണത്തിനും ഹരിജൻ പ്രശ്നത്തിൽ സഹപ്രവത്തകർ ജാഗ്രത പാലിക്കുന്നതിനുംവേണ്ടി അനുഷ്ഠിച്ച 21 ദിവസത്തെ ഉപവാസം. യർവാദാ ജയിലിൽവെച്ച് ആരംഭിച്ച ഈ ഉപവാസം പൂനായിലെ പർനാകുതിയിൽ വെച്ച് മേയ് 29—ാംനു- അവസാനിപ്പിച്ചു.

1933 ആഗസ്റ്റ്, 20—23: ഹരിജനങ്ങൾക്കുവേണ്ടി പ്രവത്തിക്കുവാൻ ജയിലധികൃതർ അനുമതി നല്കാതിരുന്നതിൽ പ്രതിഷേധിച്ച് അനുഷ്ഠിച്ച ഉപവാസം (യർവാദാജയിൽ).

1934 ആഗസ്റ്റ്, 7: ഹരിജനോദ്ധാരണത്തിനെതിരായി പ്രവത്തിച്ചിരുന്ന ഒരാളെ ഒരു സാമൂഹ്യ പരിഷ്കത്താവ് ആക്രമിച്ചു. പ്രതിയോഗികൾ പരസ്പരം അസഹിഷ്ണുക്കളായി വത്തിക്കുന്നതിനു പരിഹാരമായി ഗാന്ധിജി അനുഷ്ഠിച്ച ഒരാഴ്ചത്തെ ഉപവാസം (വർദ്ധാജയിൽ).

1939 മാർച്ച്, 3: രാജ്കോട്ടിലെ ഭരണാധികാരിയുടെ മനപരിവത്തനത്തിനുവേണ്ടിയനുഷ്ഠിച്ച അഞ്ചു ദിവസത്തെ ഉപവാസം (ആഗാഖാൻ കൊട്ടാരം).

1943 ഫെബ്രുവരി, 10: ഗവണ്മെൻറ് നീതി നിഷേധിച്ചപ്പോൾ, നീതി ലഭിക്കുവാൻ ദൈവത്തോട് അഭ്യത്ഥിച്ചുകൊണ്ടനുഷ്ഠിച്ച മൂന്നാഴ്ചത്തെ ഉപവാസം (ആഗാഖാൻകൊട്ടാരം).

1947 സെപ്റ്റംബർ, 1: ഹിന്ദു—മുസ്ലീം മൈത്രിക്കുവേണ്ടിയനുഷ്ഠിച്ച നാലു ദിവസത്തെ ഉപവാസം (കൽക്കട്ടെ).

1948 ജനുവരി, 13—18. സാമുദായിക സമാധാനത്തിനും, സാഹോദര്യത്തിനും ഐക്യത്തിനുംവേണ്ടിയനുഷ്ഠിച്ച ഉപവാസം (ഡൽഹി).

www.malankaralibrary.com

# വിഷയസൂചി


അക്രമരാഹിത്യം—21, 59; അജ്ഞാതദേവൻ—15. അജ്ഞേയവാദികം—98.

അടിസ്ഥാനപുണ്യങ്ങൾ—100; അപരിഗ്രഹം—100, 104; അസ്തേയം—100, 103, അഹിംസ—100. നിർഭയത്വം—107. ബ്രഹ്മചര്യം—100, 105. സത്യം—101. അടിസ്ഥാനപുണ്യങ്ങളും ക്രൈസ്തവമതവും—107.

അടിസ്ഥാന വിദ്യാഭ്യാസം—75, 77, 205. നിർവ്വചനം—71. മിനിമം പ്ലാൻ—76. മേന്മയും ലക്ഷ്യങ്ങളും—68. വിമർശനങ്ങൾ—80. വിലയിരുത്തൽ—81. സവിശേഷത—75.

അയിത്തം—57; ഉത്ഭവം—64; സാമൂഹ്യപാപം—55; അയിത്തോച്ചാടനം—64; മാർഗ്ഗങ്ങൾ—66; ഉപവാസവും സത്യാഗ്രഹവും—65, 66.

അരവിന്ദൻ, ശ്രീ—54. അരാജകത്വം, പ്രബുദ്ധമായ—169. അരിസ്റ്റോട്ടിൽ—145. ആൽഡസ് ഹക്സിലി—141 അശോകൻ—152. അസ്തേയം—102. ജൈനമതത്തിൽ—103; വാച്യാർത്ഥം—103.

അഹിംസ—24, 26, 30, 100, 123, 136, 173, 191, 214; ഭാവാത്മകാർത്ഥം—100, 136; വാച്യാർത്ഥം -100, 124, 136; അഹിംസാസിദ്ധാന്തം: പ്രസക്തി ഇന്ന്—130; പ്രായോഗികതലത്തിൽ—124; അഹിംസാസിദ്ധാന്തവും ക്രിസ്തുമതവും—130; അഹിംസാപാലനം—128; അഹിംസയും ഭയവും—127; അഹിംസാധിഷ്ഠിതമാർഗ്ഗം—111; അഹിംസാധിഷ്ഠിത സമൂഹം—149; അഹിംസാലംഘനം—101; അഹിംസാശക്തി—128; സവിശേഷത—136; അഹിംസയും സത്യവും—121; അഹിംസയാകുന്ന ഹിംസ—125.

ആഗസ്തീനോസ് വി.—22. ആത്മസാക്ഷാത്കാരം, മനുഷ്യന്റെ ലക്ഷ്യം—21. ആദ്ധ്യാത്മിക ഹ്യൂമനിസം—54. ആദർശസമൂഹം—150, ആവശ്യകത—144; ആദർശസമൂഹവും സ്വരാജ്യം: വ്യത്യാസം—147 ആധുനിക വിദ്യാഭ്യാസം, വികലതകൾ—71. ആര്യസമാജം—26. ആഹാരാത്ഥാദ്ധ്വാനം—182, 106; ആവശ്യകത—187; മതങ്ങളിൽ—187.

ഈശ്വരനിഷേധം—201; ഈശ്വരവിശ്വാസം—69, 201; ഈശ്വരദർശനം—16; ഈശ്വരസാക്ഷാത്കാരം—21, 22, 93.

കമ്യൂണിസം—175, 204. കർമ്മനിയമം—136. കർമ്മമാർഗ്ഗം—21. കർമ്മയോഗം—28, 98. കാന്റ്—51. കാറൽമാർക്സ്—111. 'കൽക്കട്ടാ തീസിസ്'—178. കാരുണ്യവധം—126, 131. 'ക്വാഡ്രജെസിമോ ആന്നോ'—193. ക്രിസ്തു—27; ക്രിസ്തു ജഗദ്ഗുരു—25; ക്രിസ്തീയ ഉപവി—34. ക്രിസ്തുമതം—31.

ഖാദി—165; ഖാദിയുടെ തത്ത്വം—167; ഖാദിപ്രസ്ഥാനം—167; ഖാദിയുടെ മേന്മകൾ: ധാർമ്മികം—169; രാഷ്ട്രീയം—170; സാമ്പത്തികം—169; ഖാദിയുടെ ലക്ഷ്യങ്ങൾ—168. 'ഖിലാഫത്ത് പ്രസ്ഥാനം'—55. ഖുറാൻ—117.

www.malankaralibrary.com



ഗാന്ധി, മോഹൻദാസ് കരംചന്ദ്—205; ഗാന്ധിജി—15, 16; അദ്വൈതസിദ്ധാന്തി—212; ക്രിസ്തുമത വിമർശകൻ—35; ധന തത്ത്വശാസ്ത്രജ്ഞൻ—158; പാശ്ചാത്യ സംസ്കാര വിമർശകൻ—88; രാഷ്ട്രപിതാവ്—118; വിദ്യാഭ്യാസവിചക്ഷണൻ—205. ഗാന്ധിജിയുടെ ധാർമ്മികദർശനം—93; ആദ്ധ്യാത്മികത—25; രാഷ്ട്രീയദർശനം—117; ഗാന്ധിജിയും ഇസങ്ങളും—175; ഗാന്ധിജിയും മതങ്ങളും—23. ഗാന്ധിജിയുടെ പ്രസക്തി: ആധുനിക ലോകത്തിൽ—201; ക്രൈസ്തവ ജീവിതത്തിൽ—211; ഭാരതത്തിൽ—206. ഗാന്ധിയൻ രാഷ്ട്രീയം—212; അടിസ്ഥാനം—118; ആമുഖം—117, പ്രയോഗത്തിൽ—120, മതവും ധാർമ്മികതയും—119; മുഖ്യാശയങ്ങൾ—121; സമത്വവും നീതിയും—121; സ്വാതന്ത്ര്യം—121. 'ഗരീബി ഹഠാവോ'—166. ഗിരി പ്രഭാഷണം—26, 133; സ്വാധീനം—32. ഗിരി ഗീത—89. ഗീത—117. ഗോഖലെ—117.

'ജനങ്ങളുടെ പുരോഗതി'—195. ജിന്നൻ—123. ജീവൻ: ദൈവദാനം—131; സമൂഹത്തിന്റെ—60; ജീവന്റെ ഏകതാഭാവം—50. ജീവൻമുക്തി—22, ജോൺ പോൾ രണ്ടാമൻ പാപ്പാ—193. ജൈനമതം—30. ജ്ഞാനമാർഗ്ഗം—21.

ടാഗോർ—54, 140. ടോൾസ്റ്റോയ്—26, 117, 125, 133, 173, 186. 'ട്രസ്റ്റി'—28; ട്രസ്റ്റിഷിപ്പ്—28, 157, 175, 178, 179, 210; ഫോർമുല—179.

തൊഴിൽ: അന്തസ്സ്—190; ആരോഗ്യസംരക്ഷണമാർഗ്ഗം—190; ഈശ്വരാരാധന—189; മാഹാത്മ്യം—189; സമരങ്ങൾ—185; സേവനം—190. തൊഴിലും അഹിംസയും—191. തൊഴിലില്ലായ്മ—71, 82. തൊഴിലില്ലായ്മ വേതനം—82. തൊഴിലാളിയുടെ കടമകൾ—183. തോമസ് മെർട്ടൻ, ഫാ—5. തോറോ-117, 123, 133.

ധർമ്മരാജ്യം—144. ധർമ്മശാസ്ത്രം—93. ധവാൻ ജി. എൻ —144. ധാർമ്മികാധഃപതനം—20. ധാർമ്മികജീവിതം—201. ധാർമ്മികനിയമം—94; ഗാന്ധിജിയുടെ വീക്ഷണത്തിൽ-96. ധാർമ്മികപ്രവൃത്തി—95. ധാർമ്മികമനുഷ്യൻ—94. ധാർമ്മികമതം—119. ധാർമ്മികവീക്ഷണം—93, ധാർമ്മിക സ്രോതസ്സ്—94. ധാർമ്മികസംസ്കാരം—85. അടിസ്ഥാനതത്ത്വങ്ങൾ—86. ധാർമ്മികാധിഷ്ഠിതമാർഗ്ഗം—110.

ദൈവം—17. ദൈവം: 'ധർമ്മം' ആണ്—20, 21; പ്രപഞ്ചനിയമം—20; നിയമവും നിയമദാതാവും—20; സത്യമാണ്—18, 19. ദൈവമനുഷ്യർ—47. ദൈവരാജ്യവും രാമരാജ്യവും—153 ദൈവവിശ്വാസം—18. ദൈവികത്വം യേശുവിന്റെ—35. ദൈവാസ്തിത്വം216, 18. 'ദൈവനഗം'—144.

നാഗരികത—85. നാസിസം—122. നിത്യജീവൻ—23. നിർഭയത്വം—107. നിയമലംഘനം—139. നിരീശ്വരവാദികൾ—98. നിവർത്തനസമരം—123,133. നിഷ്ക്കാമകർമ്മം—28, 98. നിസ്സഹകരണപ്രസ്ഥാനം—129, 139.

ഫാസിസം—122. 204. ബഹുദേവതാരാധന—15. ബഹുദേവതാവിശ്വാസം—15. ബുദ്ധൻ—27. ബുദ്ധമതം—29. ബൈബിൾ—117. ബോൾഷെവിസം—87. ബ്രഹ്മാവ്—15. ബ്രഹ്മചര്യം—105. ഗാന്ധിയൻ നിർവ്വചനം—105, മൂലാർത്ഥം—105; സാധാരണാർത്ഥം—105. ബ്രഹ്മസമാജം—26. ഭക്തിമാർഗ്ഗം—21. ഭഗവത്ഗീത—27. ഭാഷാപഠനം—77. ഭ്രൂണഹത്യ—131.

www.malankaralibrary.com



മതം—15, 24, 57. മതം അന്തസത്ത—15; പ്രാകൃതമനുഷ്യന്റെ—15; ലക്ഷ്യം—40; ഗാന്ധിജിയുടെ വീക്ഷണത്തിൽ—16. മതാചാര്യന്മാർ—15. മതത്തിന്റെ ജീവചൈതന്യം, സ്നേഹം—25. മതജീവിതം—24. മതദർശനം—15. മതേതരരാഷ്ട്രം, ഭാരതം—208. മതവും ധാർമ്മികതയും—97. മതപഠനം—78. മതപരിവർത്തനം—37, 40 മതഭ്രാന്ത്—25. മതഭ്രാന്തർ—23. മതമർദ്ദനം—208. മതവിദ്യാഭ്യാസം—97. മതവിരോധികരം—23. മതവും വ്യക്തി ജീവിതവും—57. 'മതസ്വാതന്ത്ര്യബില്‍'—208. മതസൗഹാർദ്ദം—60.

മദ്യം: ദൂഷ്യഫലങ്ങൾ—62; നാശകാരി—62; ശാപം—62. മദ്യനിരോധനം—62; നിയമംമൂലം—63; പ്രശ്നങ്ങൾ—64. മനുഷ്യൻ—47; അത്ഭുതപ്രതിഭാസം—58; ദൈവികസ്ഫുലിംഗം—58; ചരിത്രം സൃഷ്ടിക്കുന്നു—58; പരിണാമ ഉല്പന്നം—46; സാമൂഹ്യജീവി—56. മനുഷ്യദർശനം—45. 'മനുഷ്യരക്ഷകൻ'—193, 194. മനുഷ്യസ്നേഹം—201; മാനുഷികപ്രവൃത്തി—95. മാർക്സ്, മനുഷ്യവീക്ഷണം—112. മിഷൻപ്രവർത്തനം—36, 216. മിശ്രഭോജനം—66. മിശ്രവിവാഹം—66. മുഹമ്മദ്—27. മൃഗബലി—126. മക്കിയ വല്ലി—145.

രാമരാജ്യം—144, 150, 152; സ്വപ്നമോ?—151. രാമരാജ്യവും ദൈവരാജ്യവും—153. രാജാറാം മോഹൻറോയ്—26. റസ്കിൻ—26, 117, 133. 186. റൂസ്സോ—145. 'റോരും നൊവാരും'—195, 196. റോപ്ലി—197. റോമയിൻ റോളണ്ട്—138, 214.

വിദ്യാഭ്യാസം—67; അർത്ഥം—67; ഇന്നത്തെ—67; ഈശ്വരവിശ്വാസം—69; ക്രൈസ്തവദൗത്യം—83. ലക്ഷ്യങ്ങൾ—68, 83: സത്യാഗ്രഹിരൂപീകരണം—70, സാമൂഹ്യസേവനം—69; സ്വഭാവരൂപവല്ക്കരണം—68; ഹരിജന സേവനം—70. വിദ്യാഭ്യാസസ്ഥാപനങ്ങൾ—83; വിദ്യാഭ്യാസം, ഇന്നത്തെ, ദൂഷ്യവശങ്ങൾ—67.

വിശ്വദേവതാവിശ്വസം—15. വിശ്വദേവതാരാധന—15. വിവേകാനന്ദ സ്വാമികൾ—26. വ്യക്തിയും ധാർമ്മികതയും—93. വ്യക്തിമാഹത്മ്യം—45. വ്യക്തിയും സമൂഹവും—64.

സത്യം—18, 101. സത്യം, ദൈവം—19, 20, 30, 101. സത്യവും സ്നേഹവും—103. സത്യമേവ ജയതേ—103, 207.

സത്യാഗ്രഹം—132; അർത്ഥം—132; എന്ത്?—132; ഒരഹിംസാത്മകപ്രസ്ഥാനം—132; പരോല്പത്തി—132; പ്രസക്തി—141; പ്രയോഗത്തിൽ—138; വളർച്ച—134. സത്യാഗ്രഹം, അടിസ്ഥാനതത്ത്വങ്ങൾ. അഹിംസ—136; കർമ്മ നിയമം—136; ജീവന്റെ അടിസ്ഥാനപരമായ ഐക്യം—135; മനുഷ്യനി ലെ അടിസ്ഥാനനന്മ—137. സത്യമേവജയതേ—138; സഹനസിദ്ധാന്തം. സത്യാഗ്രഹവും ക്രൈസ്തവദർശനവും—143. സത്യാഗ്രഹസ്രോതസ്സ്—133. സത്യാഗ്രഹവും നിവർത്തന സമരവും—132. സത്യാഗ്രഹം സാർവ്വത്രികത—142. സത്യാഗ്രഹി—70. 'സത്യാഗ്രഹി ആദർശം'—48. സത്യാഗ്രഹിരൂപീകരണം—70.

സംസ്കാരം—85; അർത്ഥം—85; ആധുനിക—85; ധാർമ്മിക മനുഷ്യന്റെ—85; വിലയിരുത്തൽ—89.

സ്വാതന്ത്ര്യം—121, 144; സ്വാതന്ത്ര്യസമ്പാദനം; മാർഗ്ഗങ്ങൾ—122; ഷഡ് മാർഗ്ഗങ്ങൾ—146.

www.malankaralibrary.com



സതി–61, 70. സമത്വം–144. സമത്വവും നീതിയും–121; സമഭാവം–27. സർവ്വമതപ്രാർത്ഥന–61. സർവ്വോദയം–54. സർവ്വോദയസമൂഹം–144. സഹനസമരസിദ്ധാന്തം–129, 137. സഹോദരസേവനം, ദൈവാരാധന–93.

സാമ്പത്തികശാസ്ത്രം–157. സാർവ്വത്രികസ്നേഹം–26. സാമൂഹ്യമനസ്സാക്ഷി–51. സാമൂഹ്യപ്രശ്നങ്ങൾക്കെതിരെ–60. സമൂഹ്യസേവനം–69. സാഹോദര്യം–144. സുവിശേഷപ്രഘോഷണം–30. സൊറാസ്റ്റർ–27. സോഫോക്ലിസ്–58. സോഷ്യലിസം–175; സോഷ്യലിസം, ഗാന്ധിയൻ ദൃഷ്ടിയിൽ–177. സ്നേഹം–27; സ്നേഹം, ക്രിസ്തുമതത്തിന്റെ അന്തസത്ത–33. സ്യാദ്വാദം–31. സ്ലാട്ടസ്, ജനറൽ–52.

'ഹിന്ദുധർമ്മം'–16; ഹിന്ദുമതം–27; ഹിന്ദുമത തത്ത്വങ്ങൾ–27; ഹിന്ദ് സ്വരാജ്–165; 'ഹരിജൻ'-66; 'ഹരിജനങ്ങൾ'–216; ഹിംസ; നിർവ്വചനം–123; ഉദാഹരണങ്ങൾ–123; ഹ്യൂമനിസം; ആദ്ധ്യാത്മിക–51; ഭൗതികാധിഷ്ഠിത–54; ഹെർഡർ–53.

www.malankaralibrary.com

# SELECTED BIBLIOGRAPHY

## A. Writings of M. K. Gandhi

*All are Equal in the Eyes of God* (Ahmedabad: 1964).

*All Religions are True* (Bombay: 1962).

*An Autobiography* or *The Story of My Experiments with Truth* (Ahmedabad: Navajivan, repr. 1969).

*Art of Living* (Bombay: Bharatiya Vidya Bhavan, 1961).

*Ashram Observations in Action* (Ahmedabad: Navajivan, 1959).

*Basic Education* (Ahmedabad: 1956).

*Basic Elements of True Labour Movement* (Nagpur: 1969).

*Birth Control: the right way and the wrong way* (Ahmedabad: 1959).

*Birth Control vs Self Control* (Lahore: 1941).

*Bread Labour* (Ahmedabad: 1962).

*Caste must go and the Sin of Untouchability* (Ahmedabad: 1964).

*Capital and Labour* (Bombay: Pearl Publications, 1962).

*Cent per Cent Swadeshi or the Economics of Village Industries* (Ahmedabad: Navajivan, 1948).

*Character and Nation Building* (Ahmedabad: Navajivan, 1959).

*Charkha Shastra* (Sabarmati: 1924).

*Christian Missions* (Ahmedabad: 1957).

*Communal Unity* (Ahmedabad: Navajivan, 1949).

*Communism and Communists* (Ahmedabad: 1959).

*Conquest of Self* (Bombay: 1943).

*Constructive Programme, Its Meaning and Place* (Ahmedabad: Navajivan, 1961).

*Daridra—Narayan* (Karachi: 1946).

*Democracy: Real and Deceptive* (Ahmedabad: 1961).

*Diet and Diet—reform* (Ahmedabad: 1958).

*Discourses on the Gita* (Ahmedabad: Navajivan 1960).

*Drink, Drugs and Gambling* (Ahmedabad: 1962)

www.malankaralibrary.com



*Economics of Khadi* (Ahmedabad: 1941).
*Economics and Industrial Life and Relation*, Vols. 3, (Ahmedabad:. 1957).
*Educational Philosophy of Mahatma Gandhi*, Ed. Patel. M. S., (Ahmedabad: Navajivan, 1953).
*Ethical Religion* (Madras: 1930).
*Ethics of Fasting* (Lahore: 1944).
*Fasting in Satyagraha* (Ahmedabad: 1965).
*Fellowship of Faiths and Unity of Religions* (Madras: 1948).
*From Yeravda Mandir* (Ahmedabad: Navajivan, 1957).
*Gita–My Mother* (Bombay: Pearl Publishers, 1965).
*God is Truth* (Bombay: 1957).
*Harijan* (Ahmedabad: 1933—1940; 1942; 1946—1948).
*Health, Wealth and Happiness*, (New Delhi: 1950).
*Hind Swaraj or Indian Home Rule* (Ahmedabad: Navajivan, 1962).
*Hindu Dharma* (Ahmedabad: 1950).
*I Ask Every Briton* (London:1943).
*Idea of Rural University* (Wardha: Hindustani Talimi Sangh, 1954).
*India's Case for Swaraj*: writings and Speeches, 1931—32. (Bombay: Waman P. Kabadi, 1932).
*Industrialize and Perish* (Ahmedabad: 1966).
*In Search of the Supreme*, Vols. 3 (Ahmedabad: Navajivan, 1963).
*Khadi (Hand-Spun Cloth) Why and How?* (Ahmedabad: 1955).
*Man Vs Machine* (Bombay: Bharatiya Vidya Bhavan, 1966).
*Modern Vs Ancient Civilization* (Bombay: Bharatiya Vidya Bhavan 1970).
*My Philosophy of Life* (Bombay: Pearl Publications, 1961).
*My Picture of Free India* (Bombay: Pearl Publications, 1965).
*My Religion* (Ahmedabad: Navajivan, 1965).
*My Socialism* (Ahmedabad: Navajivan, 1959).
*My Theory of Trusteeship* (Bombay: Bharatiya Vidya Bhavan, 1970).
*My Views on Education* (Bombay: Bharatiya Vidya Bhavan, 1970).
*Non-Violence in Peace and War* (Ahmedabad: part I, 1945; Part II, 1949).
*None–High: None Low*, (Bombay: 1965).
*Panchayat Raj* (Ahmedabad: Navajivan, 1959).
*Prayer* (Ahmedabad: 1977).

www.malankaralibrary.com



*Rebuilding our Villages* (Ahmedabad: Navajivan, 1956).

*Ruskin's Unto this Last:* A Paraphrase (Ahmedabad: Navajivan, 1951).

*Sarvodaya—The welfare of All* (Ahmedabad:Navajivan, 1954).

*Satyagraha; Non—Violent Resistance* (Ahmedabad: Navajivan, 1951).

*Self-Restraint Vs Self-Indulgence* (Ahmedabad: Navajivan, 1947).

*Service Before Self* (Bombay: Bharatiya Vidya Bhavan, 1971).

*Socialism of My Conception* (Bombay: Bharatiya Vidya Bhavan, 1957).

*The Collected Works of Mahatma Gandhi,* Vols. 1-72, (New Delhi: The Publication Division of the Govt. of India, 1958—1978).

*The Good Life* (New Delhi: Indian Printing works, 1950).

*The Gospel of Renunciation* (Ahmedabad: 1951).

*The Law of Love* (Bombay: Bhaartiya Vidya Bhavan, 1967).

*The Message of Jesus Christ* (Bombay: Bharatiya Vidya Bhavan, 1963).

*The Removal of Untouchability* (Ahmedabad: 1954).

*The Role of Women* (Bombay: Bharatiya Vidya Bhavan, 1964).

*The Science of Satyagraha* (Bombay: Bharatiya Vidya Bhavan, 1957).

*The Selected Works of Mahatma Gandhi,* Vols 6, Ed. Shriman Narayan (Ahmedabad: Navajivan).

*The Supreme Power* (Bombay: 1963).

*The Teaching of the Gita* (Bombay: Bharatiya Vidya Bhaaan, 1962).

*To Ashram Sisters* (Ahmedabad: 1952)

*To My Countrymen* (Bombay: Bharatiya Vidya Bhavan, 1972).

*To the Students* (Ahmedabad: Navajivan, 1949).

*To the Women* (Karachi: Anand T. Hingorani, 1945).

*Towards New Education* (Ahmedabad: Navajivan, 1953).

*Towards Non-Violent Socialism* (Ahmedabad:Navajivan, 1962).

*Varnashramadharma* (Ahmedabad: 1962).

*What Jesus Means to Me* (Ahmedabad: 1959).

*Worker and Employer* (Nagpur: 1964).

*Young India* (Madras: 1919-1922, 1924-1926, 1927, 1927-1928, 1935).

www.malankaralibrary.com



അടിസ്ഥാനവിദ്യാഭ്യാസം, വിവ. എസ്. വി. കൃഷ്ണവാര്യർ (കോട്ടയം: എൻ. ബി. എസ്., 1958).

അർത്ഥശാസ്ത്രം, Ed. കെ. എസ്. ലക്ഷ്മണപ്പണിക്കർ; വിവ. എൻ. കെ. ദാമോദരൻ (തിരുവനന്തപുരം: ഗാന്ധിസ്മാരകനിധി, 1962).

അനാസക്തിയോഗം എന്ന ഭഗവത്ഗീതാവ്യാഖ്യാനം, വിവ. അമ്പാടി ഇക്കാവമ്മ (കോഴിക്കോട്: മാതൃഭൂമി, 1967).

എന്റെ ജീവിതകഥ, Comp. ഭരതൻ കുമാരപ്പ; വിവ. കെ. ററി. ഗോപാലകൃഷ്ണൻ (കണ്ണൂർ: റജി. പബ്ളിഷേർസ്, 1956).

എന്റെ സത്യാന്വേഷണപരീക്ഷകൾ, വിവ. കെ. മാധവൻ (കോഴിക്കോട്: മാതൃഭൂമി, 1969).

എല്ലാ മനുഷ്യരും സഹോദരന്മാർ, Comp. കൃഷ്ണാകൃപാലിനി, വിവ. കുററിപ്പുഴ കൃഷ്ണപിള്ള (കോട്ടയം: എൻ. ബി. എസ്, 1964).

ഗാന്ധിജിയുടെ ആത്മകഥ, Comp. ഭരതൻകുമാരപ്പ, വിവ. കെ. രാമചന്ദ്രൻനായർ (തിരുവനന്തപുരം: കേരള ഗാന്ധിസ്മാരകനിധി, 1967).

ഗാന്ധിജിയുടെ വിദ്യാർത്ഥിജീവിതം, Comp. അശോക്, വിവ. എൻ. വി. കൃഷ്ണവാര്യർ (കോഴിക്കോട്: മാതൃഭൂമി, 1956).

ഗാന്ധിജിയുടെ വീക്ഷണങ്ങൾ, Comp. പി. എ. ജോസഫ് (ഞാറയ്ക്കൽ: എവർഗ്രീൻ പബ്ളി., 1964).

ഗാർഹികജീവിതം, Ed. സി. ഉത്തമക്കുറുപ്പ്, വിവ. മിസ്സിസ് സൂസൻ ജോസഫ് (തിരുവനന്തപുരം: ഗാന്ധിസ്മാരകനിധി, 1961).

ഗോഖലെ എന്റെ രാഷ്ട്രീയഗുരു, വിവ. എസ്. വി. കൃഷ്ണവാര്യർ (കോട്ടയം: എൻ. ബി. എസ്., 1962).

തത്ത്വചിന്തയും മതവും, Ed. കൈനിക്കര എം. കുമാരപിള്ള, വിവ. കെ. രാമചന്ദ്രൻനായർ (തിരുവനന്തപുരം: ഗാന്ധിസ്മാരകനിധി, 1961).

തിരഞ്ഞെടുത്ത കത്തുകൾ, Ed. പി. ശിവരാമ അയ്യർ, വിവ. കെ. എസ്. നാരായണപിള്ള (തിരുവനന്തപുരം: ഗാന്ധിസ്മാരകനിധി, 1962).

രാഷ്ട്രതന്ത്രം, Ed. വി. കെ. സുകുമാരൻനായർ, വിവ. വി. സി. ചാക്കോ (തിരുവനന്തപുരം: ഗാന്ധിസ്മാരകനിധി, 1962).

വിദ്യാർത്ഥികളോട്, വിവ. പ്രൊഫ. സി. ഐ. രാമൻനായർ (തൃശ്ശൂർ: കറൻറ്ബുക്സ്)

വിദ്യാഭ്യാസം, Ed. ഡോ. എൻ. പി. പിള്ള, വിവ. ഒ. എം. അനുജൻ (തിരുവനന്തപുരം: ഗാന്ധിസ്മാരകനിധി, 1962).

സാമൂഹ്യജീവിതം Ed. ജി. കുമാരപിള്ള, വിവ. എ. പി. വാസുനമ്പീശൻ (തിരുവനന്തപുരം: ഗാന്ധിസ്മാരകനിധി, 1962).

www.malankaralibrary.com



## B. Works on Gandhi

Agarwal S. N., *Gandhian Constitution for Free India* (Allahabad: 1946).

Agarwal S. N., *Gandhian Plan of Economic Development for India* (Bombay : Padma Publications, 1944).

Agarwala A. N., *Gandhism: A Socialistic Approach* (Allahabad: Kitab Mahal, 1944).

Alexander, Horace, *Resisting Evil without Arms* (London : Friends Peace Committee, 1959).

Ambedkar B. R., *Mr. Gandhi and the Emancipation of the Untouchables* (Bombay : 1943).

Andrews C. F., *Mahatma Gandhi at Work* (London : 1931).

Andrews C. F., *Mahtma Gandhi's Ideas, including selections from his writings* (London : Allen & Unwin, 1949).

Aryanayakam, Asha Devi, *Gandhi : The Teacher* (Bombay : 1966).

Asaf Ali, *Constructive Non-cooperation* (Madras : Ganesh & Co., 1924).

Avinashilingam T. S., *Gandhi's Experiments in Education,* (Delhi : Publications Division, 1960).

Badley B. T., *Mahtma Gandhi in the Light of Christ's Teachings,* Madras : 1931).

Bandyopadhyaya N. C., *Gandhism in Theory and Practice,* (Madras : Genesh & Co., 1923).

Barr. F. Mary, *Mahatma Gandhi : His Life and Teachings,* (Allahabad : Radhakrishnalal, 1934).

Bell R. G., *Alternative to War* (London : James Clerke, 1959).

Benoy, Gopal Ray, *Gandhian Ethics* (Ahmedabad : 1950).

Bernays, Robert, *The Naked Fakir* (London : Victor Gollancz, 1931).

Bose, Nirmal Kumar, *Gandhi in Indian Politics* (Bombay : 1967).

Bose, Nirmal Kumar, *Gandhiji : The Man and His Mission* (Bombay : 1966).

www.malankaralibrary.com



Bose R. N., *Gandhian Technique and Tradition in Industrial Relations*(All India Institute of Social Welfare, etc. 1956).

Brick S. P., *Gandhi against Machievellism: Non-violence in politics* (Bombay : 1966).

Brown D. M., *The White Umbrella : Indian Political Thought from Manu to Gandhi* (Barkely : 1958).

Chakravarthy A., *Mahatma Gandhi and the Modern World* (Culcutta : Book House, 1945).

Chandiwalla B., *At the Feet of Bapu* (Ahmedabad: Navajivan, 1959).

Chattarjee B. L., *Gandhiji Champion of the Protetariat*, (Culcutta Prakashani, 1944).

Collins L. and Lapierre D., *Freedom at Midnight* (New Delhi : Vikas Publishing House Pvt. Ltd., 1976).

Datta D. M., *The Philosophy of Mahatma Gandhi* (Madison: Wisconsin University, 1953).

Desai, Mahadev, *Gandhi in Indian villages* (Madras : 1927).

Desai,Mahadev,*Gospel of Selfless Action* or *the Gita according to Gandhi*(Ahmedabad : Navajivn, 1956).

Desai,Mahadev,*Righteous Struggle*( Ahmedabad: Navajivan,1951).

Desai, Mahadev, *Day to-Day with Gandhi* Vols. 1—8, Hement Kumar G. N. (Varnasi:Sarvaseva Sangh Prakashan,1968-73).

Desai Morarji, *Gandhian Concepts* (Bombay :1956).

Deshpande M. S., *Light of India : Message of the Mahatma*, (Bombay : Witco Publishing House, 1958).

Dhebar U. N., *Gandhi - A practical Idealist* (Bombay : Bharatiya Vidya Bhavan, 1964).

Dhebar U. N., *Lectures on Gandhian Philosophy* (Annamalai, 1964).

Diwakar R. R., *Gandhi : A Practical Philosopher* (Bombay : 1964)

Diwakar R. R., *Gandhi : The Spiritual Seeker* (Bombay : 1964).

Diwakar R. R., *Gandhiji's Basic Ideas and Some Modern Problems*, (Bombay : 1963).

www.malankaralibrary.com



Diwakar R. R., *Gandhiji's Life, Thought and Philosophy* (Bombay : 1963).

Diwakar R. R., *Is not Gandhi the Answer?* (Bombay: 1966)

Diwakar R. R., *Satyagraha: The Pathway to Peace* (Patna: Pustak Bhandar, 1950).

Erikson E. H., *Gandhi's Truth, On the Origins of Milliant Non-violence* (London: Faber and Faber Ltd., 1970).

Fischer, Louis, *Gandhi: His Life and Message for the World* (New York: The New American Library, 1954).

Fischer, Louis, *Life of Mahatma Gandhi,* Vols. 2, (Bombay: Bharathiya Vidya Bhavan, 1953).

Fulop-Miller R., *Gandhi: The Holy Man,* (London: G. P. Putnam & Sons, 1931).

Fulop-Miller R., *Lenin and Gandhi* (London, Labour publishing Co., 1927).

*Gandhi Darshan* (A Centenary Souvenir) (Bombay: 1970).

Gauba K. L., *Assassination of Mahatma Gandhi* (Bombay: Jaico Pub House, 1969).

George S. J. *Gandhi's Challenge to Christianity*(Ahmedabad:1947)

Goswami K. P. *Mahatma Gandhi: A Chronology* (New Delhi: Ministry of Information & Broadcasting, 1971).

Government of India, *Gandian Outlook and Techniques,* (New Delhi: Education Minrstry, 1953).

Government of India, *Homage to Mahatma Gandhi* (New Delhi: 1948).

Government of India, *The Collected Works of Mahatma Gandhi* Vols. 1-72 (Delhi: Publications Division, 1958-78).

Hogg Dorothy, *The Moral Challenge of Gandhi* (Allahabad: Kitab Mahal, 1946).

Holmes J. H. (Rev.), *Gandhi, the Modern Christ* (Triplicane: M. Ramaswamy & Co.)

Holmes J. H. (Rev.), *What Gandhi is Teaching the World* (New York: The Community Church, 1942).

www.malankaralibrary.com



Hoyland,John S., *Cross Moves East: A Study in the Significance of Gandhi's Satyagrahas* (London: George Allen & Unwin, 1931).

Jayaprakash, Narayan, *Socialism, Sarvodaya and Democracy,* (Bombay: 1964).

Jones E. Stanley, *Mahatma Gandhi: An Interpretation,* (London: Hodder & Sloughton, 1948).

Khanna R. N., (Comp.),*Gandhi : Saint or Sinner through Western Eyes* (Lahore: Allied Indian Publishers, 1941).

Kripalini J. B., *Gandhian Thought* (New Delhi: Gandhi Smaraka Nidhi, 1961).

Krishnamurti Y. G., *Neo-Gandhism* (Bombay: Nalanda Publications, 1954).

Kumarappa J. C., *Gandhian Way of Life* (Wardha: A. I. V. I. A., 1952), (Ahmedabad: 1945).

Mahadev, Prasad, *Social Philosophy of Mahatma Gandh* (Gorakhpur: Vishwavidyalaya Prakashan, 1958).

Mahadevan T. K. *Truth and Non-Violence*(UNESCO Symposium, 1970).

Mahadevan T. M. P. (Ed.), *Relevance of Mahatma Gandhi to the World of Thought* (University of Madras: 1969).

Manshardt C. (Ed.), *Mahatma and the Missionary* (Chicago: 1949).

Mashruwala K. G., *Gandhi and Marx* (Ahmedabad: Navajivan, 1956).

Mathur J. S. (Ed.), *Economic Thought of Mahatma Gandhi* (Allahabad: Chaitanya Publishing House, 1962).

Mathur, Vishwanatha Shai, *Gandhiji ,as an Educationist* (Delhi: Metropolitan Book Co., 1951).

Maurer Herrymen, *Great Soul: The Growth of Gandhi,* (New York: Country life, Press, 1948).

Maurice M. S., *Ethics of Passive Resistance* (1931)

Mazumdar B. H., *Gandhian Concept of State* (Calcutta: M. C. Sarkar & Sons, 1957).

Menon, V. Lakshmi, *Ruskin and Gandhi* (Benares: 1965).

www.malankaralibrary.com



Merton, Thomas, *Gandhi on Non-Violence* (New York: 1965).

Miller W. R., *Non-Violence: A Christian Interpretation*, (London: 1964).

Minz, Nirmal, *Mahatma Gandhi and Hindu-Christian Dialogue* (Madras:C. L. S., 1970).

Munshi K. M., *Gandhi's Philosophy in Life and Action* (Bombay: 1965).

Muzumdar, Haridas T., *Mahatma Gandhi: A Prophetic Voice* (Ahmedabad: 1963).

Nag, Kalidas, *Tolstoy and Gandhi* (Patna: Pustak Bhanda, 1950).

Nair, C. Sankaran, *Gandhi and Anarchy* (Madras: Tagore & Co., 1923).

Nikam N. A., *Gandhi's Discovery of Religion* (Bombay :Bharatiya Vidya Bhavan, 1963).

Polak, Millie Graham, *Mr. Gandhi: The Man*, 2nd Ed. (Bombay: Vora & Co. 1950).

Power,Paul F., *Gandhian World Affairs* (London: Allen & Unwin, 1961).

Prasad, Rajendra, *Legacy of Gandhiji* (Agra: Shivalel Agarwala, 1962).

Pritam, Singh, *Gandhi's Constructive Programme* (Lahore:Paramount Publications, 1944).

Pyarelal, *A Nation Builder at Work* (Ahmedabad: Navajivan, 1952).

Pyarelal, *Gandhian Techniques in the Modern World* (Ahmedabad: Navajivan, 1953).

Radhakrishnan S. (Ed.), *Mahatma Gandhi: Essays and Reflections on His Life and Works*(London: Allen & Unwin,1949).

Radhakrishnan S. (Ed.), *Mahatma Gandhi: 100 years*(New Delhi: Published under the auspices of Natoinal Committee for Gandhi Centenary, 1968).

Rajagopalachari C., *Gandhiji's Teachings and Philosophy*(Bombay: 1963).

www.malankaralibrary.com



Ramachandran G. & Mahadevan T. K. (Ed.), *Gandhi: His Relevance for Our Times* (Bombay: Bharatiya Vidya Bhavan, 1967).

Rao, U S. Mohan, *The Message of Mahatma Gandhi,*(New Delhi; 1968).

Raj, Binoy Gopal, *Gandhian Ethics* (Ahmedabad: Navajeevan, 1968).

Rolland,Romain, *Mahatma Gandhi:A Study of Indian Nationalism,* (Madras: Ganeson, 1923).

Rolland, Romain, *Mahatma Gandhi: The man who become one with the Universal Being* (New York: Century Co., 1924).

Santhanam K., *Gospel of Gandhi* (Bombay: Bharatiya Vidya-bhavan, 1967).

Shan C. G., *Marxism, Gandhism, Stalinism* (Bombay:1946).

Sharp, Gene, *Gandhi Faces the Storm* (Ahmedabad: Navajeevan, 1960).

Sheean, Vincent, *Mahatma Gandhi: A Great Life in Brief* (New York: Alfred A. Knopf Inc., 1955).

Shukla G., *Gandhi's View of Life* (Bombay; Bharatiya Vidya Bhavan, 1968).

Thekkinedath J., *Love of Neighbour in Mahatma Gandhi*(Alwaye: Pontifical Institute of Theology and Philosophy, 1973).

Varma U. P., *The Political Philosophy of Mahatma Gandhi and Sarvodaya* (Agra: L. N. Agarwal, 1959).

Vasudevan K., *Gandhian Economics,* Fr. P. Cartry Endowment Lectures 1963-64, (Bombay: Bharathiya Vidya Bhavan, 1967),

Venkatarangaiya M., *Gandhiji's Gospel of Satyagraha* (Bombay: 1966).

Wellock, Wilfred, *Gandhi as a Social Revolutionary,* (Varanasi: Akhil Bharat Sarvaseva Sangh Prakashan, 1953).

Winrlow J. C. & Verrier E., *Gandhi: The Dawn of Indian Freedom* (London: Fleming H. Revell Co., 1931).

www.malankaralibrary.com



അഹ്ലുവാലിയ ബി. കെ. (ed.), ഗാന്ധി: പല കാഴ്ചപ്പാടിലൂടെ, വിവ. ലീലാദേവി (കോന്നി: വീനസ്പ്രസ്, 1969).

ആചാര്യ കൃപാലിനി, ഗാന്ധിമാർഗ്ഗം, വിവ. മുട്ടങ്ങൽ കുമാരൻ, (കോഴിക്കോട്: മാതൃഭൂമി, 1953).

എലവുംകുടി ആൻറണി. ഫാ., ഗാന്ധിജിയുടെ ജീവിതശൈലി, (കൊച്ചിൻ: വിയാനി പ്രിൻറിംഗ്സ്, 1980).

കേരള സംസ്ഥാന ഗാന്ധി ശതാബ്ദി കമ്മററി, ഗാന്ധി—ജീവിതവും ആദർശങ്ങളും: ചില പാഠ്യക്കുറിപ്പുകൾ Vols. 2 (തിരുവനന്തപുരം: ഗാന്ധിശതാബ്ദി കമ്മററി, 1969).

കേശവമേനോൻ കെ. പി., രാഷ്ട്രപിതാവ്, വാല്യം. 1 (കോഴിക്കോട്: മാതൃഭൂമി, 1968).

കൈനിക്കര എം. കുമാരപിള്ള, ഗാന്ധിവിചാരവീചികൾ (കോട്ടയം: എൻ. ബി. എസ്, 1970).

ഘനശ്യാമദ്ദാസ് ബിർള, ബാപ്പു, വിവ. പി. സുഭദ്ര അമ്മ (കോട്ടയം: എൻ. ബി. എസ്., 1964).

തങ്കം. കെ., വെളിച്ചമേ നയിച്ചാലും (കോട്ടയം: എൻ. ബി. എസ്., 1970).

ദിവാകരൻ, ഗാന്ധിജിയും കേരളവും (കോട്ടയം; ഡി. സി. ബുക്സ്, 1978).

നാരായൻ ദേശായി, മഹാത്മജിയുടെ മടിയിൽ, വിവ. ടി. എസ്. എൽ. വി. ശർമ്മ (തിരുവനന്തപുരം: കേരള ഗാന്ധിസ്മാരക നിധി, 1972).

പരമേശ്വരൻനായർ പി. കെ., മഹാത്മാഗാന്ധി, (കോട്ടയം: എൻ. ബി. എസ്., 1968).

ഭീമൻനായർ കെ., ഗാന്ധിജി നവഖാലിയിൽ, (തിരുവനന്തപുരം: കേരള ഗാന്ധിസ്മാരകനിധി, 1972).

മഗൻഭായിപ്രഭുദാസ് ദേശായി, രാജാറാംമോഹൻറായ് മുതൽ ഗാന്ധിജിവരെ, വിവ. എസ്. വി. കൃഷ്ണവാര്യർ (തൃശ്ശൂർ: കറൻറ് ബുക്സ്, 1964).

മശ്രുവാല കെ. ജി., ഗാന്ധിയും മാർക്സും, വിവ. കെ. എസ്. നാരായണപിള്ള (തിരുവനന്തപുരം: കേരള ഗാന്ധിസ്മാരക നിധി, 1967).

www.malankaralibrary.com



മാലി, ഗാന്ധിചരിതം (ജീവചരിത്രം), കോട്ടയം: എൻ. ബി. എസ്., 1969).

മുറെജെർത്രൂ ഡ്, ഗാന്ധിജി: അദ്ദേഹത്തിൻെറ ജീവിതകഥ, വിവ. സി. പി. ശർമ്മ (കോട്ടയം: എൻ. ബി. എസ്., 1969).

രാധാകൃഷ്ണൻ ഡോ. എസ്., മഹാത്മാഗാന്ധി, വിവ. എ. പി. വാസുനമ്പീശൻ (കോഴിക്കോട്: മാതൃഭൂമി, 1956).

മഹാത്മാഗാന്ധി: 100 വർഷങ്ങൾ (കോട്ടയം: എൻ. ബി. എസ്., 1969).

രാജേന്ദ്രപ്രസാദ് ഡോ., ഗാന്ധിപാദങ്ങളിൽ, വിവ. ചൊവ്വര പരമേശ്വരൻ (കോഴിക്കോട്: മാതൃഭൂമി, 1969).

ലൂയിഫിഷർ, ഒരാഴ്ച ഗാന്ധിയുടെ കൂടെ, വിവ. എ. മാധവൻ (തൃശ്ശൂർ: മംഗളോദയം, 1958).

വിനോബഭാവേ, ഗാന്ധിജിയും കമ്മ്യൂണിസവും, വിവ. എൻ. പി. സുകുമാരൻ (തിരുവനന്തപുരം: കേരള ഗാന്ധിസ്മാരകനിധി, 1973).

സുകുമാർ അഴീക്കോട്, മഹാത്മാവിൻെറ മാർഗ്ഗം, (കോട്ടയം: എൻ. ബി. എസ്., 1968).

സി. ജെ. സ്മാരക പ്രസംഗസമിതി (Eds.), മഹാത്മാഗാന്ധി: ഒരു പഠനം (കോട്ടയം: എൻ. ബി. എസ്., 1973).

www.malankaralibrary.com

# Oriental Institute of Religious Studies, India Publications

Governing Board:

**Dr. Xavier Koodapuzha (President)**
**Dr. Mathew Vellanickal**
**Dr. Geevarghese Chediyath**

പൗരസ്ത്യനാടായ ഭാരതത്തിൽ ഇരുപത്തു നൂററാണ്ടു നിലനിന്ന ഇവിടത്തെ പൗരസ്ത്യസഭയുടെ പരിശീലനകേന്ദ്രത്തിൽനിന്നുള്ള പ്രസിദ്ധീകരണമാണിതു്. അടിസ്ഥാനപരമായി ദൈവശാസ്ത്രവീക്ഷണമുള്ള ഗ്രന്ഥങ്ങളായിരിക്കും ഈ പരമ്പരയിൽ പ്രധാനമായും പെടുക. ദൈവശാസ്ത്രരംഗത്തു് വ്യക്തമായ ഒരു വീക്ഷണം കൺമുമ്പിൽ കണ്ടുകൊണ്ടാണു് ഈ പദ്ധതിക്കു് രൂപംകൊടുത്തിട്ടുള്ളതു്. തത്വശാസ്ത്ര—ദൈവശാസ്ത്രാദിമേഖലകളിൽ പാശ്ചാത്യവീക്ഷണങ്ങളുടെ അതിപ്രസരം മൂലം സ്വന്തമായൊരു ചിന്താശൈലി വളർത്തിയെടുക്കുന്നതിനു് ബുദ്ധിമുട്ടുന്ന ഈ പൗരസ്ത്യനാട്ടിൽ ഇപ്രകാരമൊരു പ്രസിദ്ധീകരണ പദ്ധതിക്കു് പ്രത്യേക സ്ഥാനമുണ്ടല്ലോ. മനുഷ്യജീവിതത്തിന്റെ അഗാധതലങ്ങളിലേക്കു് ഇറങ്ങിച്ചെന്നു് ജീവിതമൂല്യങ്ങളെ അന്വേഷിച്ചു് കണ്ടെത്തി ജീവസർവ്വസ്വമായി സ്വീകരിച്ച ഋഷിവര്യന്മാർ സമ്പന്നമാക്കിയ ഭാരതത്തിന്റെ ആദ്ധ്യാത്മികവീക്ഷണം സുവിശേഷത്തിനു് അന്യമല്ലെന്നും മഹത്തായൊരു ജീവിതവീക്ഷണം വളർത്തിയെടുക്കുവാൻ ഏററവും ഉതകുന്ന ഒരു പശ്ചാത്തലമാണെന്നുമുള്ള ആഴമായ അവബോധമാണു് ഈ ഗ്രന്ഥപരമ്പരയുടെ പിന്നിലെ പ്രേരകശക്തി. ഈ പരമ്പരയിലെ നാല്പത്തിയഞ്ചാമത്തെ ഗ്രന്ഥമായ ''ശ്രേഷ്ഠതയിലേക്കു്'' സഹൃദയസമക്ഷം സമർപ്പിക്കുന്നതിൽ ഞങ്ങൾക്കു് അതിയായ സന്തോഷമുണ്ടു്.

www.malankaralibrary.com

## Oriental Institute of Religious Studies, India

## BOOKS PUBLISHED

26 Dr. Thomas Vellilamthadam, Tomorrow's Society: Marcuse and Freud On Civilization. February 1978. pp. 212, Rs. 16.00

28 Dr. Joseph Koikakudy, ഗർഭഛിദ്രം: ഒരു ധാർമ്മികപ്രശ്നം. January 1979, pp. 122, Rs. 5.00

30 Fr. Varghese Pathikulangara, Indo—Chaldean Liturgy. January 1979. pp. 112, Rs. 5.00

31 Dr. Placid J. Podipara, The Rise and Decline of the Indian Church of the Thomas Christians. July 1979. pp. 70, Rs. 6.00

33 നാദശില്പം—പതിനൊന്നു ബൈബിൾ നാടകങ്ങൾ. January 1980. pp. 175, Rs. 5.00

35 Dr. Jacob Vellian, കുർബ്ബാന ഒരു പഠനം. January 1980 pp. 248, Rs. 8.00

36 Fr. Varkey J. Vithayathil C. Ss. R, The Origin and Progress of the Syro-Malabar Hierarchy. February 1980, pp 162, Rs. 18.00

38 Dr. Xavier Koodapuzha, ഭാരതസഭാചരിത്രം. September 1980, pp. 630, Rs. 24.00

39 Dr. Thomas Vellilamthadam (ed); Despair, Hope and Bliss. September 1980. pp. 154, Rs. 9.00

40. Dr. Geevarghese Chediyath, Christology of Mar Babai the Great (In Print)

41 Geo Thadikatt, പാഞ്ചജന്യം (ബൈബിൾ ഏകാങ്കങ്ങൾ). December 1980. pp. 112, Rs. 4.50

42 Dr. Charles Paingott, ആരാധനാവത്സരം. December 1980, pp. 180 Rs. 8.00

43 Dr. Geevarghese Chediyath, സഭാപിതാക്കന്മാർ. December 1980 pp. 280, Rs. 16.00

44 Dr. Mar George Punnakottil, പുതിയനിയമത്തിന് ഒരു ആമുഖം. (in print)

45 Fr. Daniel Mangalath, ശ്രേഷ്ഠതയിലേക്ക്. January 1981. pp. Rs. 12.00